# വിശ്വദീപം

മഹാകാവ്യം

പുത്തൻകാവു മാത്തൻ തരകൻ.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

# VISWADEEPAM

MAHAKAVYAM

(MALAYALAM)

By

PUTHENCAVU MATTHAN THARAKAN

PRINTED AT THE

KALAMANDIRAM PRESS,

PATHANAMTHITTA.

Cover Designer:

ARTIST K. J. MATHEW,

MALAYALAMANORAMA.

First Edition,

January 1965.

Copies 1000

Price Re 10.

Copy Right:

Smt. MARIAMMA MATTHAN THARAKAN.

Publishers:

ASIAN BOOK STALL,

PATHANAMTHITTA

KERALA STATE.

To

**Dr. Sarvappally Radhakrishnan**

FRIEND AND PHILOSOPHER OF MANKIND

THIS VISWADEEPAM

an epic on the life and teachings of

JESUS CHRIST

is

by kind permission

most respectfully

DEDICATED

# വിശ്വദീപം

## മഹാകാവ്യം

ഗ്രന്ഥകർത്താ:

പുത്തൻകാവ്യ് മാത്തൻ തരകൻ

പ്രസാധകന്മാർ:

ഏഷ്യൻ ബുക്‌സ്റ്റോറം,

പത്തനംതിട്ട.

അച്ചടി:

കലാമന്ദിരം പ്രസ്സ്,

പത്തനംതിട്ട.

വില രൂപാ 10

ഒന്നാംപതിപ്പ്
കോപ്പി ആയിരം
പകർപ്പവകാശം
ശ്രീമതി മറിയാമ്മ മാത്തൻതരകന്
1965 ജനുവരി
സാമ്പത്തികസഹായം
കേരള
സാഹിത്യ അക്കാദമി

ഗ്രന്ഥകർത്താവിൻെറ
മുദ്രയില്ലാത്ത പുസ്തകം
വ്യാജമാകുന്നു.

# ഗ്രന്ഥകർത്താവിൻെറ കൃതികൾ.

| | |
|---|---|
| പ്രഥമപ്രളയം | കാവ്യങ്ങൾ |
| ഹേരോദാവ് | ,, |
| കൈരളീലീല | ,, |
| ഉദയതാരം | ,, |
| വികാരമുകുരം | ,, |
| വേദാന്തമുരളി | ,, |
| സ്തുലേംകുമാരി | ,, |
| ബാഷ്പധാര | ,, |
| മഴപെയ്യിച്ച മഹാറാണി | ,, |
| പരുമലപ്പെരുന്നാൾ | ,, |
| ശബരിമലസ്തോത്രം | ,, |
| ജീവിതമാധുരി | ,, |
| ഉദ്യാനപാലകൻ | ,, |
| പുഷ്പബാണവിലാസം | ,, |
| ക്രൈസ്തവഗാനമഞ്ജരി | സംഗീതം |
| ക്ഷേത്രമാഹാത്മ്യഗീതങ്ങൾ | ,, |
| സംഗീതകൗതുകം | ,, |
| ദിവ്യനക്ഷത്രം | നാടകം |
| ഉയത്തെഴുന്നേൽപ്പ് | ,, |
| പ്രസംഗമാല | ഉപന്യാസങ്ങൾ |
| ശാസ്ത്രരംഗം | ,, |
| പ്രകൃതിസാമ്രാജ്യം | ,, |
| സാഹിത്യവേദി | നിരൂപണം |
| സാഹിത്യസോപാനം | ,, |

| | |
|---|---|
| ടാർസൻ (ഒന്നാംഭാഗം) | നോവൽ |
| ടാർസൻ (രണ്ടാംഭാഗം) | ,, |
| ടാർസൻ (മൂന്നാംഭാഗം) | ,, |
| ഉണരാത്ത മനുഷ്യൻ | ,, |
| പ്രതികാരം | ,, |
| ദുരന്ത ചുംബനം | ,, |
| ചിത്രാലയം | ,, |
| ജീവാമൃതം | ,, |
| മധുബാലിക | ,, |
| ഭാനുമതി | ,, |
| പ്രേമഗീതം | ,, |
| പൌരുഷകടാക്ഷം | കഥകൾ |

# അവതാരിക.

**ശ്രീ: പുത്തേഴത്തു രാമമേനോൻ.**

1964 സെപ്തമ്പർ 12-ാംനു- കേരള സാഹിത്യ അക്കാദമിയിൽനിന്നു തന്റെ ഷഷ്ടിപൂർത്തിസംബന്ധിച്ചു് അനുമോദനങ്ങളും പാരിതോഷികങ്ങളുംലഭിച്ച പ്രസിദ്ധ കവിയും സാഹിത്യകാരനുമായ പ്രൊഫ: പുത്തൻകാവു മാത്തൻതരകൻ എം. എ. - യുടെ ചിരകാല പ്രയത്നത്തിന്റെ ഫലമാണു് "വിശ്വദീപം" എന്ന എത്രയും അർത്ഥവത്തായ പേരോടുകൂടി പുറത്തുവരുന്ന ഈ അപൂർവ്വ മഹാകാവ്യം. ലോകത്തിനു മുഴുവനും സ്നേഹത്തിന്റെയും സേവനത്തിന്റെയും വെളിച്ചം നല്കുന്ന ശ്രീ ക്രിസ്തുദേവന്റെ സമഗ്രവും സംപുഷ്ടവുമായ ദിവ്യചരിത്രമാണീ മഹാകാവ്യത്തിലെ ഇതിവൃത്തം. ഈ പശ്ചാത്തലത്തിൽ ഗ്രന്ഥകാരനോ, ഗ്രന്ഥവിഷയമോ ഔപചാരികമായ ഒരു അവതരണത്തെ ആവശ്യപ്പെടുന്നില്ലെന്നതു നിരാക്ഷേപമാണു്. വിശ്വദർശനത്തിനു സഹായികമായ "വിശ്വദീപ"ത്തിന്റെ മുമ്പിൽ ഒരു തീപ്പെട്ടിക്കോലുരച്ചു കാണിക്കേണ്ട കാര്യമെന്തിരിക്കുന്നു? ഒരു മൂന്നു പന്തീരാണ്ടിലധികംകാലമായി സാഹിത്യലോകത്തിലും, സാംസ്കാരിക രംഗത്തിലും കോളജുകളിലെ അദ്ധ്യാപന തലങ്ങളിലും പ്രവർത്തിച്ചു പ്രശസ്തിയും, പ്രഗത്ഭതയും നേടിയ

പ്രബുദ്ധനായഗ്രന്ഥകർത്താവാണു ശ്രീ: തരകൻ. അനേകം സൽഗ്രന്ഥങ്ങളുടെ പ്രണേതാവായ അദ്ദേഹത്തിൻെറ ഈ മഹാകാവ്യത്തിന്നു്, ഈയ്യുള്ളവൻ ഒരു അവതാരിക എഴുതുന്നതിനെ ന്യായീകരിക്കുവാൻ, അദ്ദേഹവും ഞാനും തമ്മിൽ ഒരു മുപ്പതു കൊല്ലത്തെ മൈത്രീബന്ധമുണ്ടെന്നുള്ളതല്ലാതെ മറെറാരു കാരണവും കാണുന്നില്ല. വളരെ ക്ലേശിച്ചും ബുദ്ധിമുട്ടുകൾ സഹിച്ചും, യാതനകൾ അനുഭവിച്ചും സ്വ പ്രയത്നംകൊണ്ടുമാത്രം, ഇന്നത്തെ അസൂയാവഹമായ മഹനീയ സ്ഥാനത്തെത്തിയിരിക്കുന്ന എൻെറ മാന്യമിത്രം, പലതുകൊണ്ടും അനുകരണീയനും അഭിനന്ദനീയനുമായ ഒരു ആദർശ പുരുഷനാകുന്നു. പാട്ടുപാടിയും, ഹാർമോണിയം വായിച്ചും, നാടകങ്ങളിൽ അഭിനയിച്ചും, സനിമാ പാട്ടുകൾ രചിച്ചും പാടിയും, സ്വന്തം പ്രയത്നം കൊണ്ടു പഠിച്ചു വളന്നും, പ്രവത്തിച്ചുയന്നും ഒരു മഹാ കലാലയത്തിൻെറ പ്രിൻസിപ്പാൾ സ്ഥാനത്തെത്തിയ ഈ എം. എ. – ക്കാരൻെറ വ്യക്തിമാഹാത്മ്യവും, ആത്മവിശ്വാസവും, പ്രവൃത്തി നിരതത്വവും, ആക്കും ആശയും, ആവേശവും നൽകുന്ന ഒരു ഇതിഹാസംതന്നെയാകുന്നു. പൊന്നിനു പൂവിൻെറ വാസനയുംക്രുടി ഉണ്ടായാലെന്നപോലെ, അദ്ദേഹത്തിൻെറ ജന്മസിദ്ധമായ സ്വഭാവശുദ്ധിയും, ധമ്മനിഷ്ഠയും പെരുമാററ ഗുണവും അദ്ദേഹത്തെ സവ്വാദരണീയനും, സകലരുടേയും സ്നേഹഭാജനവും ആക്കിട്ടുള്ളതാകുന്നു. അങ്ങനെയുള്ള വ്യക്തികൾ ഇക്കാലത്തു വളരെ വിരളമാകുന്നു. അസാമാന്യനും അനുഗ്രഹീതനുമായ എൻെറ ഈ പഴയ സ്നേഹിതൻെറ സ്നേഹാദരങ്ങളാൽ അന്ധതയാന്നതെങ്കിലും, ഉദാരമായആവശ്യത്തെ

സാധിപ്പിക്കുന്നതു് ഒരു കൎത്തവ്യമാണെന്നു നിനച്ചു മാത്രമാണു ഞാനീ ഗ്രന്ഥത്തിനു് അവതാരിക എഴുതുക എന്ന സാഹസത്തിന്നു്–, അതിൽ ഞാൻ ആനന്ദിക്കയും അഭിമാനപ്പെടുകയും ചെയ്യുന്നു എങ്കിലും—അവസാനക്കയ്യായി സമ്മതിച്ചതു്.

വാസനയും, വ്യുല്പത്തിയും, പരിശ്രമശീലവും തികഞ്ഞവൎക്കു മാത്രമെ മഹാകാവ്യരചന സാധ്യമാകയുള്ളു. ഗാനങ്ങളെക്കൊണ്ടും, ഗീതകങ്ങളെക്കൊണ്ടുംമാത്രം തൃപ്തിപ്പെടുകയും, അതിനങ്ങേപ്പുറത്തേക്കു നോക്കുവാൻ ധൈൎയ്യപ്പെടാതിരിക്കയും, സ്വന്തം അപ്രാപ്തിയേയും അലസതയേയും അങ്ങനെ മൂടിവെക്കുകയും ചെയ്യുന്നവർ ആത്മരക്ഷയ്ക്കുവേണ്ടിയാവണം, മഹാകാവ്യങ്ങളുടെ നേരെ പരിഹാസച്ചിരി ചിരിക്കുന്നതു്. അവർ അധികം ഉയരത്തിലൊ, ദൂരത്തിലൊ പറക്കാനുള്ള പക്ഷബലമില്ലാത്ത പക്ഷികളെപ്പോലെയാകുന്നു. ചന്ദ്രനും നക്ഷത്രങ്ങളുമെന്നപോലുള്ള വ്യത്യാസമുണ്ടു മഹാകാവ്യ കൎത്താക്കന്മാരായ കവികളും, തെക്കുവിളക്കുപോലെ അല്പാല്പമായി പ്രകാശിക്കുന്ന നക്ഷത്രക്കവികളും, തമ്മിൽ. വൎണ്ണനകൾക്കു വേണ്ടി കഥയെ കൊല്ലുന്നു, എന്നും ആ വൎണ്ണനകളോ വെറും കൃത്രിമങ്ങൾ എന്നും മഹാകാവ്യങ്ങളെക്കുറിച്ചു് അഭിപ്രായപ്പെടുന്ന നിരൂപണക്കാർ മഹാകാവ്യത്തിൻെറ ഉദ്ദേശമേ മനസ്സിലാകാത്തവരാണു്. കഥയുടെ വൈചിത്ര്യമോ പാത്രങ്ങളുടെ സ്വഭാവസംസ്കരണമോ നാടകീയതയോ ഒന്നുമല്ല, മഹാകാവ്യം ഉദ്ദേശിക്കുന്നതു്. പഠിപ്പും പഴക്കവും, പരിചയവും സിദ്ധിച്ച കവികളുടെ മനോ

ധൎമ്മത്തിന്റെയും, ഭാവനാവികാസത്തിന്റെയും വൎണ്ണനാസാമൎത്ഥ്യത്തിന്റെയും പരിശോധനയ്ക്കുള്ള ഒരു കാവ്യപ്രദർശനമാണു മഹാകാവ്യം. കഥ, അതിൽ ആശയങ്ങളെയും ഉൽപ്രേക്ഷാദി അലങ്കാരങ്ങളേയും എടുത്തുഞാത്താനുള്ള ഒരു അഴക്കോൽ മാത്രമാണു്. ഏതു വസ്തുവിനെയും, കാഴ്ചയേയും, അനുഭവത്തെയും, എത്രമാത്രം വൈചിത്ര്യത്തോടും വൈവിധ്യത്തോടും അലങ്കാരസമൃദ്ധിയോടുംകൂടി വൎണ്ണിക്കാൻ സാധിക്കുമെന്നറിയിക്കാനുള്ളതാണു മഹാകാവ്യം. അതോടുകൂടി കഥാഗുണവും മററും ഉണ്ടായാൽ നന്നെങ്കിലും, അതല്ല അതിലെമുഖ്യോദ്ദേശം. അങ്ങനെ മഹാകാവ്യനിൎമ്മിതികൊണ്ടു കവനസാമൎത്ഥ്യം സ്ഥാപിക്കപ്പെട്ടതിനുശേഷമാണു് സാഹിത്യരചനയിലെ ഒടുവിലത്തെ പതനമായ നാടകനിർമ്മാണത്തിനു തുനിയുക. അങ്ങിനെയാണു് "നാടകാന്തം കവിത്വം" വന്നുചേരുന്നതു്. നാടകത്തിൽ, കഥ, രംഗം, സ്വഭാവം, സംഭവം, പാത്രസൃഷ്ടിമുതലായവയ്ക്കാണുതാനും പ്രാധാന്യം. അതുകൊണ്ടു മഹാകാവ്യം എന്നുകേട്ടു പുരികം ചുളിക്കുന്നതിനു് അൎത്ഥമില്ല. കൂടാതെ പ്രസ്തുത വിശ്വദീപമഹാകാവ്യം അത്തരം മഹാകാവ്യങ്ങളിൽനിന്നു വ്യത്യസ്തവുമാണു്. അതു മിക്കവാറും 'രാമായണ മഹാകാവ്യത്തേപ്പോലെ, മഹാകാവ്യത്തിന്റെ എല്ലാ സാങ്കേതികലക്ഷണങ്ങളും, അതോടൊപ്പംതന്നെ മററെല്ലാ വൈശിഷ്ട്യങ്ങളും ഉൾക്കൊള്ളുന്ന ഒരു കാവ്യമാകുന്നു. ശ്രീരാമനു പകരം ശ്രീയേശുവാണു് അതിലെ കഥാനായകൻ എന്നു മാത്രം. മറെറാരു വിശേഷംകൂടിയുണ്ടു് വിശ്വദീപത്തിനു്. മഹാകാവ്യമെന്നു കേൾക്കുമ്പോൾ സംസ്കൃത

വൃത്തത്തിൽ ഒട്ടേറെ സർഗ്ഗങ്ങളും ശ്ലോകങ്ങളുമുള്ള ഒരു കൃതിയെന്നാണു ധരിക്കുക. എന്നാൽ വിശദദീപത്തിൽ അങ്ങനെയുള്ള സർഗ്ഗവിഭാഗമില്ലെന്നു മാത്രമല്ല, അതു മുഴുവനും ദ്രാവിഡവൃത്തങ്ങളിലാണു നിബന്ധിക്കപ്പെട്ടിരിക്കുന്നതും.

ഒരു കാലത്തു മലയാളത്തിലും പണ്ടത്തെ തരത്തിലുള്ള മഹാകാവ്യങ്ങൾ വളരെ ഉണ്ടായിട്ടുണ്ട്, സർവലക്ഷണ സമന്വിതങ്ങളായവ. ദ്രാവിഡവൃത്തത്തിലുള്ള ഒരു മഹാകാവ്യമാണ് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ. കവിതയുടെ കൂമ്പടഞ്ഞു, കാലം കഴിഞ്ഞു, എന്നൊക്കെപ്പറയുന്നവരുമുണ്ടെങ്കിലും കവിതകളുണ്ടാകുന്നതിനു കണക്കില്ല. കൂട്ടത്തിൽ പുതിയ മഹാകാവ്യങ്ങളും (പണ്ടത്തെ രീതിയിൽ തന്നെ) പുറത്തുവരുന്നുണ്ട്. മനുഷ്യരുടെ അഭിരുചിക്ക്, ഏതുകാലത്തിലും കാര്യത്തിലും ഐകരൂപ്യം ഉണ്ടായിട്ടില്ല. അതുണ്ടാകാവുന്നതുമല്ല. കൂടാതെ പരിശ്രമംകൊണ്ടും, "തപസ്സ്വാധ്യായനിരതത്വം" കൊണ്ടും പല സിദ്ധികളും സമ്പാദിക്കയും സാഹിത്യത്തിലെ സകല രംഗങ്ങളിലും—നോവൽ ഉൾപ്പെടെ—പ്രവർത്തിച്ചു വിജയം വരിക്കയും ചെയ്തിട്ടുള്ള ഒരാളുടെ ചിരകാല പ്രയത്നത്തിന്റെ പരിപക്വ ഫലമാണീവിശിഷ്ടമായ മഹാകാവ്യം.

ക്രൈസ്തവകഥകളെയൊ, ക്രിസ്തുവിൻെറ ജീവചരിത്രത്തെയൊ അടിസ്ഥാനപ്പെടുത്തിയുള്ള ചില മഹാകാവ്യങ്ങൾ—ശ്രീയേശുവിജയം—ഇസ്രയേൽഭവം, വേദവിഹാരം,

മിശിഹാ ഭക്തിലഹരി—മലയാളത്തിലുണ്ടു്. പണ്ടത്തെ ചില "ഉമ്മാപർവ്വം", മുപ്പത്തിനാലുവൃത്തം തുടങ്ങിയ കൃതികളുമുണ്ടു്. അവ അതതു ഗ്രന്ഥകർത്താക്കന്മാരുടെ ആശയവും, ആവശ്യവും അനുസരിച്ചുള്ള നല്ല സാഹിത്യ കൃതികളുമാകുന്നു. എന്നാൽ അവയൊന്നും ക്രിസ്തുദേവന്റെ ജീവചരിത്ര കഥയുടെ മഹാകാവ്യങ്ങളല്ല. അങ്ങനെ ഒരു കൃതി — വാത്മീകിയുടെ രാമായണത്തെപ്പോലെ ക്രിസ്തുവിൻെറ ചരിത്രം മാത്രം വിഷയമായി ഒരു മഹാകാവ്യം ഇദംപ്രഥമമായിട്ടാണു മലയാളത്തിലുണ്ടാകുന്നതെന്ന സംഗതി ഈ പുത്തൻ കൃതിയുടെ മാററു കൂട്ടുന്നുണ്ടു്. ലോകസാഹിത്യത്തിൽതന്നെയും, ഇത്രയും വിപുലവും, വിമോഹനവുമായ ഒരു ക്രിസ്തുചരിത്ര കാവ്യം ഉണ്ടായിട്ടില്ലെന്നു തോന്നുന്നു—ക്രിസ്തുദേവനെക്കുറിച്ചുള്ള അനർഘ ഗ്രന്ഥങ്ങൾ പാശ്ചാത്യസാഹിത്യങ്ങളിൽ ധാരാളമുണ്ടെങ്കിലും മിൽട്ടൻെറ പറുദീസാ നഷ്ടവും, പറുദീസാ വീണ്ടെടുക്കലും ലോകോത്തരങ്ങളായ മഹാകാവ്യഗ്രന്ഥങ്ങളാണെങ്കിലും അതിനെ "ക്രിസ്തുചരിതം" എന്നു പറയാൻ വയ്യാ. ആ മഹാകവിയുടെ വിമോഹനമായ ഭാവന സങ്കൽപ്പിച്ച ഒരു ചിത്രമാണതിലെ കഥാവസ്തു, ഒടുവിൽവെച്ചു, ലോകരക്ഷകനായ ക്രിസ്തുഭഗവാൻെറ ചരിത്രവും, ആവശ്യാർത്ഥം ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും. പാശ്ചാത്യ ഭാഷകളിലുള്ള ശ്രീ ക്രിസ്തുചരിത്ര ഗ്രന്ഥങ്ങളെക്കുറിച്ചു് ഈ ഘട്ടത്തിൽ സ്പർശിക്കണമെന്നു തോന്നുന്നില്ല. ലോകസാഹിത്യങ്ങൾ മുഴുവൻ പരിശോധിച്ചാലും പദ്യരൂപത്തിൽ, ക്രിസ്തുദേവൻെറ ജീവചരിത്രം സംബന്ധിച്ചു് രചിക്കപ്പെട്ടിട്ടുള്ള

ഏററവും വലിയ ഗ്രന്ഥം ഈ വിശപദീപം തന്നെയായിരിക്കുമെന്നു തോന്നുന്നു.

ശ്രീ: തരകൻ ഇതുപോലെയുള്ള ഒരു ബൃഹത് ഗ്രന്ഥം രചിക്കുവാൻ നിയതിയാൽ നിയമിതനായിട്ടുള്ള ഒരു കവിവര്യനാണെന്നു വിചാരിക്കാവുന്നതാണു്. അദ്ദേഹത്തിൻെറ പ്രഥമകൃതി "ക്രൈസ്തവഗാനമഞ്ജരി" എന്നൊരു സംഗീത ഗ്രന്ഥമാകുന്നു. ചെങ്ങന്നൂർ ഹൈസ്കൂളിൽ എട്ടാംക്ലാസ്സിൽ പഠിക്കുന്ന കാലത്തു രചിച്ചതാണു് ആ മനോഹര കൃതി. "മുളകണ്ടാൽ വിളവറിയാം" എന്നു് ആ പുസ്തകം നോക്കിയാൽ പറയാൻ സാധിക്കുന്നതാണു്. സാഹിത്യവാസനയും, സംഗീത വാസനയും, ക്രിസ്തുഭഗവാനിലുള്ള ഭക്തിയും, ആദ്ധ്യാത്മിക ചിന്തകളോടുള്ള ആദരാനുഭവങ്ങളും എല്ലാം ആ കൊച്ചു കൃതി വിളംബരപ്പെടുത്തുന്നുണ്ടു്. ഖണ്ഡകാവ്യങ്ങളിൽ ഒന്നാമത്തേതു് "പരുമലപ്പെരുനാൾ" എന്ന ഒരു തുള്ളൽ കൃതിയാണു്. പിന്നത്തേതായ "പ്രഥമപ്രളയം" വള്ളത്തോൾ മുതലായവർ മുക്തകണ്ഠം പ്രശംസിച്ചിട്ടുള്ളതാണു്. അന്നും, തരകൻ ഒരു വിദ്യാർത്ഥിതന്നെയായിരുന്നു. വളരുന്ന ഒരു കവിയുടെ ആദ്യഭാവങ്ങൾ അതിൽ ധാരാളം കാണാമായിരുന്നു. സമസ്ത കേരള സാഹിത്യപരിഷത്തിൻ്റെ ചതുർത്ഥസമ്മേളനത്തിൽ അവതരിപ്പിച്ച കവിതയാണു് 'ഹേരോദാവു്'. അങ്ങനെ ശ്രീ തരകൻെറ ഓരോ കൃതികളേയും പിന്തുടരുന്നതും പരിശോധിക്കുന്നതും, വളരെ രസകരവും, അദ്ദേഹത്തിൻെറ കവിഭാവനയുടെയും,

ആവിഷ്ക്കരണ ഭംഗിയുടെയും വളർച്ചയെ നോക്കിക്കൊണ്ട് ന്നതു വളരെ സുഖകരവുമാണെങ്കിലും, ആ നീണ്ട യാത്ര യിലെ കാഴ്ചകളെയും, അനുഭൂതികളെയും ഇവിടെ വിസ്ത രിക്കേണ്ട ആവശ്യമില്ലെന്നു കരുതുന്നു. എങ്കിലും ആ കൃതികളുടെ പരിശോധന, പ്രസ്പഷ്ടമാക്കുന്ന രണ്ടുനാലു കാര്യങ്ങളുണ്ടു്; ശ്രീ: തരകൻെറ കാണക്കാണെ വികസി ച്ചും, വിശുദ്ധിപ്പെട്ടും വന്നിരുന്ന കവിഭാവന, അദ്ദേഹ ത്തിൻെറ നിരന്തരവും നിരതിശയവുമായ പരിശ്രമസ്വ ഭാവം, വേദപുസ്തകത്തിലെ കഥകളോടുള്ള അലിഞ്ഞുചേ രൽ, അതോടുകൂടി വികസിക്കുന്ന വീക്ഷണവിലാസം, എ ന്നു തുടങ്ങിയവ. വരാൻപോകുന്ന വിശാദീപം എന്ന ഭ ഗീരഥ പ്രയത്നത്തിൻെറ മുഖരേഖയെ നമുക്കു് ആ കൃതി കളിൽക്കൂടി ദർശിക്കാവുന്നതാണു്. അങ്ങനെ കയറി ക്കയറി പരിഭാഷയായ 'ജീവിതമാധുരി'യിൽ എത്തു മ്പോൾ ശ്രീ: തരകൻെറ ജീവിതത്തോടൊപ്പം തന്നെ, അദ്ദേഹത്തിൻെറ കവിതയും മധുരമായി തീന്നിരുന്നു. ഉമർഖയ്യാമിൻെറ അനവധി തർജ്ജമകൾ മലയാളത്തി ലുണ്ടെങ്കിലും, ഈ ജീവിതമാധുരിയുടെ മാധുര്യം, അവ യ്യൊന്നുമില്ലെന്നു് തീൎത്തുപറയാവുന്നതാണു്. കണ്ണശ്ശ ക്കവിതകളുടെ പ്രസാദമയമെങ്കിലും, പ്രയാസമേറിയ വൃത്ത ങ്ങളാണു ഈ കൃതിയിൽ ശ്രീ: തരകൻ സ്വീകരിച്ചു വിജ യിച്ചിട്ടുള്ളതെന്നതു്, അതിൻെറ ഒരു പ്രത്യേകതയാകു ന്നു. കാളിദാസൻ, ടാഗോർ മുതലായ മഹാകവികളുടെ ചില കൃതികളും, അദ്ദേഹം വിവൎത്തനം ചെയ്തി ട്ടുണ്ടു്. ഇതുവരെ പറഞ്ഞതു തരകൻെറ കവിതകളെ

കുറിച്ചാണു്. എന്നാൽ അവയെക്കാൾ ഒട്ടും താഴെ യല്ല, അദ്ദേഹത്തിൻെറ ഗദ്യകൃതികൾ. അവയെക്കുറിച്ചധികം വിവരിക്കുന്നതു് ഇവിടെ സംഗതമല്ലെന്നു കരുതുന്നു. ഗദ്യവും പദ്യവും അദ്ദേഹത്തിനു് ഒരുപോലെ സ്വാധീനമായിരുന്നു. അദ്ദേഹംതന്നെ ഒരിക്കൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ, കവിതകൾ പ്രസിദ്ധപ്പെടുത്തി സാമ്പത്തികനഷ്ടം സംഭവിക്കുമ്പോൾ, അതു നികത്താനായി കഥകളും നോവലുകളും മററു ഗദ്യകൃതികളുമെഴുതി ബദ്ധപ്പാടുകൾ തീക്കാറാണത്രെ പതിവു്. അസാധാരണമായ സംഗീത വാസനയാൽ അനുഗ്രഹീതനായ തരകൻ നാടക രചനയുടെ കാര്യത്തിലും, ഒട്ടും പിന്നോക്കമായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലോ. ബൈബിളിലെ ഇതിവൃത്തങ്ങളെ അവലംബിച്ചു് എഴുതീട്ടുള്ളവയും ഏതു രംഗത്തിലും വിജയിച്ചിട്ടുള്ളവയുമായ പല നാടകങ്ങളുമുണ്ടു് അദ്ദേഹത്തിൻെറ വകയായിട്ടു്.

ഇതിനിടയ്ക്കൊക്കെ, ആലോചനയിലും, എഴുത്തിലും കുറേശ്ശയായി രൂപംകൊണ്ടും, വളൎന്നും വന്നതാണു് ഈ "വിശ്വദീപം" എന്ന മഹാകാവ്യം. അതായതു് അതിന്നു കുററി തറച്ച ദിനംമുതൽ അതിൻെറ പാല്വ കാച്ചൽ ഇന്നു നടത്തുന്ന ദിനംവരെയുള്ള കാലത്തെക്കുറിച്ചു ചിന്തിച്ചാൽ, ശ്രീ. തരകൻെറ ആ മഹാസൗധത്തിൻെറ പണി അവസാനിച്ചതു വളരെ വർഷങ്ങൾ കൊണ്ടാണെന്നു കാണാവുന്നതാണു്. പൌരാണിക മഹാകാവ്യങ്ങളിലെ കഥാകഥനരീതിയും, നാടകീയമായ പ്രതിപാദന സമ്പ്രദായവും, ആധുനികമായ ചിന്താഗ

തിയും എല്ലാം ചേൎന്നും, രാമായണത്തെ കൺമുമ്പിൽ വെച്ചുകൊണ്ടു കാണ്ഡങ്ങളായി തിരിച്ചിട്ടുള്ളതുമാണു്, വിശ്വദീപ മഹാകാവ്യം. രാമായണത്തിലെ ആറിന്നു പകരം, ഉദയകാണ്ഡം, ബാലകാണ്ഡം, യോഗ കാണ്ഡം, കൎമ്മകാണ്ഡം, ത്യാഗകാണ്ഡം എന്നി ങ്ങനെ അഞ്ചുകാണ്ഡങ്ങളാണു വിശ്വദീപത്തിൽ. ഒടു വിലത്തെ നാലുകാണ്ഡങ്ങൾ ബൈബിളിലെ പുതിയനിയ മത്തിലെ നാലു സുവിശേഷങ്ങളിലെ ശ്രീയേശുമിശിഹാ യുടെ ചരിത്രം ഉൾക്കൊള്ളുമ്പോൾ, ഉദയകാണ്ഡം എന്ന ആദ്യകാണ്ഡത്തിൽ സൃഷ്ടിമുതൽ ക്രിസ്തുവിൻെറ അവ താരം വരെയ്ക്കുള്ള ചരിത്രത്തെയാണു സംഗ്രഹിച്ചിരിക്കു ന്നതു്. ഓരോ കാണ്ഡത്തിലും പ്രസക്തങ്ങളായ ആധു നിക കഥകളും, ചിന്തകളും അലങ്കാരാദികളും ധാരാളം എടുകലൎന്നിട്ടുണ്ടു്. അഞ്ചു കാണ്ഡങ്ങളിലായി നൂററിയ റുപത്തൊൻപതു വിഷയങ്ങളുള്ള ഒട്ടാകെ പതിനയ്യായി രത്തി ഇരുനൂററിയറുപതു വരികളാണുള്ളതു്. (കൃഷ്ണ ഗാഥയിൽ എല്ലാംകൂടി പതിന്നാലായിരത്തിൽ ചില്വാ നമേയുള്ളു.) എഴുത്തഛൻെറ ഭാരതത്തിൽ ഒട്ടാകെ ഇരു പത്തിമൂവായിരത്തോളം വരികൾ കാണ്മേക്കും. അതു കൊണ്ടു കൃഷ്ണഗാഥയേക്കാൾ വലിയതും, വലിപ്പത്തിൽ ഭാരതത്തെക്കാൾ താഴെനില്ക്കുന്നതുമായ ഒരു മഹാകാവ്യം തന്നെയാണു് മാത്തൻതരകൻെറ വിശ്വദീപം. വരി യുടെ എണ്ണംകൊണ്ടല്ല കവിതയുടെ മഹത്വം നിൎണ്ണയി ക്കുക. എങ്കിലും കവിയുടെ ശ്രദ്ധയും സന്നദ്ധതയും, പ്രയത്നവും, പ്രതിജ്ഞയും അതുകൊണ്ടുതന്നെ വേണം അളക്കുവാൻ. ചുമതലപ്പെട്ട പല ജോലികളും എടുത്തു

കൊണ്ടുവരുമ്പോൾ, പത്തുനാല്പതു ചില്ലറ കൃതികൾ രചിച്ചുകൊണ്ടിരിക്കെ, അതിന്നിടയിൽ ഇത്രയും ബൃഹത്തായ ഒരു മഹാകാവ്യവും നിർമ്മിച്ചുതീർച്ചയായും അഭിനന്ദനീയമായ ഒരു മഹാകാര്യംതന്നെയാണ്.

വസ്തുനിർദ്ദേശത്തോടുകൂടിയാണു വിശ്വദീപാരംഭം. നാദബ്രഹ്മം, ശബ്ദമയം പ്രപഞ്ചം എന്നു തുടങ്ങിയ ഹൈന്ദവസിദ്ധാന്തങ്ങളുടെ ധ്വനിയോ, പ്രതിധ്വനിയോ "ബൈബിളിലെ" ആദിയിൽ വചനമുണ്ടായി, വചനം ദൈവമായിരുന്നു" എന്നുള്ള പ്രകരണത്തെ സ്വീകരിച്ചുകൊണ്ടാണു കാവ്യാരംഭം

അർക്കാദിഗ്രഹങ്ങളും താരകങ്ങളും മിന്നും
ആനന്ദപ്രദമായ ലോകത്തിനങ്ങേപ്പുറം

*　　*　　*　　*　　*

സർവ്വസൌഭാഗ്യരമ്യ സാമ്രാജ്യമതിലാദ്യ-
മവ്യയമഹനീയ വാക്ബ്രഹ്മമുൽഭാസിച്ചു"

ഇങ്ങനെ വചനസ്വരൂപനായ ദൈവത്തെ സ്മരിച്ചുകൊണ്ടു, ലോകസൃഷ്ടി, പാപാഗമം, ക്രിസ്തുവിൻെറ വംശാവലി എന്നിവയെ സംക്ഷിപ്തമായി വിവരിക്കുന്നു. അതിനുശേഷം, ക്രിസ്തുദേവൻെറ ചരിത്രത്തിലേക്കു പ്രവേശിക്കുന്നു, പിന്നീട് ആ തിരു അവതാരത്തിനുള്ള കാരണപശ്ചാത്തലങ്ങളെ വർണ്ണിക്കുന്നു. "ഞാൻ ലോകത്തിൻെറ വെളിച്ചമാകുന്നു" എന്ന തിരുവാക്യത്തിൽ നിന്നാണു, കവിക്കു വിശ്വദീപം എന്ന ഗ്രന്ഥനാമത്തിൻെറ പ്രചോദനമുണ്ടായതു്. ക്രിസ്തുവിൻെറ ജനനം

മുതല്ക്കുള്ള എല്ലാ സംഭവങ്ങളും, ഭംഗിയായും, ദീഘമായും വർണ്ണിക്കപ്പെട്ടിട്ടുണ്ട്. അവിടെയെല്ലാം, നമുക്കു കവിയുടെ അസാമാന്യമായ ബൈബിൾകഥാപരിചയം കാണാം. അവയെ സ്പർശിക്കാൻ പുറപ്പെട്ടാൽ ഈ അവതാരികതന്നെയും മഹാകാവ്യത്തെക്കാൾ വലുതായിപ്പോകും. അതുകൊണ്ട് അതിനു വെമ്പൽകൊള്ളുന്ന മനസ്സിനെ, ബലംപ്രയോഗിച്ചുതന്നെതടഞ്ഞുനിർത്തേണ്ടിവന്നിരിക്കുന്നു

മഹാകാവ്യം, വർണ്ണനപ്രധാനവുമാണെന്നു നിർവ്വിവാദമാണ്. കഥാകഥനത്തിൽ കവി സനിഷ്ക്കഷം പാലിച്ചുപോന്നിട്ടുള്ള സത്യസന്ധതയേയും, സാധുതയേയും ഒട്ടും കൈവെടിയാതെത്തന്നെ, അതിമനോഹരങ്ങളും, അലങ്കാര സംപുഷ്ടങ്ങളുമായ വർണ്ണനകളുടെ ആവരണങ്ങളാൽ അവയ്ക്കെല്ലാം അസാമാന്യമായ ആകഷകത്വവും അത്ഭുതകരമായ ഓജസ്സും നൽകീട്ടുള്ളതാകുന്നു. മഹാകാവ്യകാരന്മാരുടെ വർണ്ണനമുറകളെ, അങ്ങിനെ ചെയ്യുന്നു എന്നു വായനക്കാക്കു തോന്നാത്ത വിധത്തിൽ സരസമായും സമഞ്ജസമായും ഈ മഹാഗ്രന്ഥത്തിൽ യഥാസ്ഥാനങ്ങളിൽ നിർല്ലോഭം വാരി വിതറീട്ടുള്ളതാകുന്നു. കവിയുടെ ഭാവനാവിലാസവും, ഭാഷാസ്വാധീനവും, കാവ്യശാസ്ത്രവ്യുല്പത്തിയും, അവിടെ കാണാവുന്നതാണു. അതിസുന്ദരവും, അതിദീർഘവുമായ ഒരു വർണ്ണയുണ്ട് ശ്രീ ക്രിസ്തുഭഗവാൻെറ. എടുത്തുചേക്കുകയാണെങ്കിൽ അതങ്ങനെതന്നെ ചേർക്കണം. ഗ്രന്ഥവിസ്താരംഭയന്നു് അതിനു തുനിയുന്നില്ല. ഇത്രയും മനോഹരവും, മംഗളകരവും, ചമൽക്കാര സംപുഷ്ടവുമായ ക്രിസ്തുഭഗ

വാൻെറ ഒരു വൎണ്ണന മറെറങ്ങും ലോകസാഹിത്യത്തിൽ പോലും കാണാവുന്നതല്ല. നിരങ്കുശമായും, അനർഗള മായും പ്രവഹിക്കുന്ന ചില വൎണ്ണനകൾ വായിക്കുമ്പോൾ കൃഷ്ണഗാഥാകൎത്താവിനെ ആരും പെട്ടെന്ന് ഓൎമ്മിച്ചു പോകുന്നതാണു്, ശൃംഗാരരസം, താരതമ്യേന, വളരെ കുറവാണു വിശ്വദീപത്തിലെങ്കിലും.

പറഞ്ഞാൽ അവസാനിക്കാത്ത മഹിമകളുമുണ്ടു് ഈ മഹാകാവ്യത്തിന്നു. എന്നാൽ, ഒരു അവതാരിക യിൽ എത്രതന്നെ അതൊക്കെവിസ്തരിക്കാൻ സാധിക്കും. അഥവാ, പ്രസിദ്ധനായ ഒരു കവിവൎയ്യനായ തരകൻെറ മഹത്തായ ഈ മഹാകാവ്യത്തിന്ന് ഒരു അവതാരിക തന്നെ എന്തിന്? കയ്യിലെടുത്താൽ അവസാനംവരെ എത്രദിവസം കൊണ്ടായാലും വായിച്ചുതീൎക്കാനുള്ള വ്രത മെടുക്കുന്നവരായിരിക്കും വിശ്വാസികളായ വായനക്കാ ക്കാരെല്ലാം. കാവ്യത്തിൻെറ വൈപുല്യം, കവിയുടെ ഭാവനാശക്തി, കല്പനാവൈഭവം, ഔചിത്യദീക്ഷ, നിരീ ക്ഷണ പാടവം, ശാസ്ത്രജ്ഞാനവിശാലത, തത്വചിന്ത, വേദാന്തദർശനം, ഈശ്വരഭക്തി, മതവിശ്വാസം, കാവ്യ ശാസ്ത്രസാരജ്ഞത, വിഷയ വിശദീകരണപാടവം മുത ലായ അനേകങ്ങളും, അനല്പങ്ങളുമായ അപൂൎവ്വ സിദ്ധി കളാൽ രാമായണത്തെയും കൃഷ്ണഗാഥയേയും ഹിന്തുക്കൾ എന്നപോലെ ക്രിസ്തുമതവിശ്വാസികളൊക്കെയും സാ ഹിത്യാസ്വാദകരായ സഹൃദയലോകം മുഴവനും ആദരാ ഹ്ലാദപൂൎവ്വം നിത്യപാരായണത്തിനുതന്നെ സ്വീകരിക്കുന്ന ഒരു മഹാകാവ്യമാകുന്ന ശ്രീ. പുത്തൻകാവു മാത്തൻതര

കൻെറ ഈ വിശിഷ്ട കൃതി. വിശ്വദീപമെന്ന അതിന്റെ അത്ഥവത്തായ പേരിനെ അനുഭവപ്പെടുത്തുമാറു് അതു് കേരളത്തിൽ അങ്ങനിന്നു് ഇങ്ങോളം വിലസുമാറാകട്ടെ എന്നു പ്രാത്ഥിച്ചുകൊണ്ടും, ഈ ദീപം തെളിയിച്ചു കൊണ്ടു മുമ്പേ നടക്കാൻ എനിക്കു സിദ്ധിച്ച ഭാഗ്യ ത്തിൽ അഭിമാനപ്പെട്ടുകൊണ്ടും, അതിനെന്നെ സ്വീക രിച്ച ശ്രീ. മാത്തൻതരകനോടുള്ള എൻെറ കൃതജ്ഞ തയെ രേഖപ്പെടുത്തിക്കൊണ്ടും ഞാൻ ഇതാ വിശ്വദീ പത്തെ സഹൃദയ സമക്ഷത്തിൽ കൊളുത്തിവെച്ചിരി ക്കുന്നു.

*തൃശ്ശിവപേരൂർ,*
*18—9—1964*

# മുഖവുര.

"ആദിയിൽ വചനമുണ്ടായിരുന്നു; വചനം ദൈവത്തോടുകൂടി ആയിരുന്നു; വചനം ദൈവമായിരുന്നു." എന്നിങ്ങനെ സുവിശേഷകനായ യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്ന വാക്യം വചനത്തിൻെറ അലൗകികമായ മഹിമാതിശയത്തെ വെളിപ്പെടുത്തുകയാണു് ചെയ്യുന്നതു്. വചനം, ജീവൻ, വെളിച്ചം എന്നിങ്ങനെ മൂന്നു പദങ്ങൾ ദൈവത്തിൻെറ പൎയ്യായങ്ങളായി വേദപുസ്തകത്തിൽ നിൎദ്ദേശിച്ചിട്ടുണ്ടു്. ഹൈന്ദവ വേദങ്ങളും ഈശ്വരൻ വചനസ്വരൂപനാണെന്നു് സമ്മതിക്കുന്നു. "തൈത്തരീയോപനിഷത്തിൻെറ ഒന്നാം അദ്ധ്യായത്തിലെ നാലാം മന്ത്രം വചനസ്വരൂപനായ ഈശ്വരനോടുള്ള ഒരു പ്രാൎത്ഥനയാണു്. കവിതയുടെ പ്രത്യേകസ്വഭാവമനുസരിച്ചു് പുരാണകൎത്താക്കൾ വചനത്തിനു് ദേവീരൂപമാണു് നല്കിയിരിക്കുന്നതു്. ഋഗ്വേദം എട്ടാം മണ്ഡലത്തിലും കൃഷ്ണയജുൎവേദ സംഹിതയുടെ മൂന്നാം അദ്ധ്യായത്തിലും, സരസ്വതീ രഹസ്യോപനിഷത്തിലും, ബ്രഹ്മവൈവൎത്ത പുരാണത്തിലും, വചനത്തെ ദേവിയായി സങ്കല്പിച്ചുകൊണ്ടുള്ള സ്തുതികളും പ്രാൎത്ഥനകളും കാണു

ന്നുണ്ടു്. വെളിപ്പാട്ടുപുസ്തകം പത്തൊൻപതാം അദ്ധ്യായം പതിമൂന്നാം വാക്യത്തിലും, എബ്രായലേഖനം നാലാം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തിലും യോഹന്നാൻ എഴുതിയ ഒന്നാംലേഖനം ഒന്നാം അദ്ധ്യായം ഒന്നാം വാക്യത്തിലും വചനംതന്നെയാണു് ദൈവമെന്നു വ്യക്തമാക്കിയിട്ടുണ്ടു്. ഇതുകൊണ്ടെല്ലാം വചനത്തിൻെറ ദിവ്യത്വമാണല്ലൊ സ്പഷ്ടമാകുന്നതു്.

വചനം സാഹിത്യശാസ്ത്രത്തിലേക്കു കടക്കുമ്പോൾ അതു് ഗദ്യമെന്നും പദ്യമെന്നും രണ്ടുശാഖകളായി പിരിയുന്നു. ഇവയിൽ ഭാരതത്തെ സംബന്ധിച്ചെടത്തോളം മതവിഷയകങ്ങളായ ഗ്രന്ഥങ്ങളോടു കൂടുതൽ ബന്ധമുള്ളതു് പദ്യത്തിനാണു്. മനുഷ്യഹൃദയങ്ങളെ ഉണർത്തുന്നതിനും, ഉയർത്തുന്നതിനും, വികസിപ്പിക്കുന്നതിനും, വിശുദ്ധീകരിക്കുന്നതിനും ഗദ്യത്തിനുള്ളതിനേക്കാൾ കൂടുതൽ ശക്തി പദ്യത്തിനുണ്ടെന്നാണു് ഈ വസ്തുത തെളിയിക്കുന്നതു്. ലിപിയുടെ ആവിർഭാവത്തിനു മുമ്പു തന്നെ വേദങ്ങളും ഉപനിഷത്തുക്കളും ഭാരതീയർ ഉച്ചരിക്കുകയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുവന്നതു് അവ ഛന്ദോനിബദ്ധങ്ങളായതു കൊണ്ടുതന്നെയാണു്. പുരാണങ്ങളും, ആഗമതന്ത്രങ്ങളും രാമായണവും പദ്യരൂപത്തിൽ തന്നെയാണല്ലോ രചിക്കപ്പെട്ടിട്ടുള്ളതു്

മനുഷ്യൻ ദൈവത്തോടു കൂടുതൽ അടുക്കുമ്പോഴും അവൻെറ ശോകഹർഷാദിവികാരങ്ങൾ അവയുടെ ആത്യന്തികാവസ്ഥയെ പ്രാപിക്കുമ്പോഴും അവൻെറ ഹൃദയം

പദ്യമയമായിത്തീരുമെന്നുള്ളതിനു വാത്മീകിരാമായണം മാത്രമല്ല ബൈബിളും സാക്ഷ്യംവഹിക്കുന്നുണ്ട്. ബൈബിളിലെ ഉല്പത്തിപ്പുസ്തകം, പുറപ്പാടുപുസ്തകം, സംഖ്യാപുസ്തകം, ആവത്തനപുസ്തകം, യോശുവായുടെ പുസ്തകം, ന്യായാധിപതിമാരുടെ പുസ്തകം, ഒന്നു ശമുവേൽ, രണ്ടു ശമുവേൽ, ദിനവൃത്താന്തം, യോനായുടെ പുസ്തകം, ഹബക്കുക്കിൻെറ പുസ്തകം എന്നിവയിലെ പല അദ്ധ്യായങ്ങളും വാക്യങ്ങളും മൂലകൃതിയിൽ പദ്യങ്ങളായിത്തന്നെ രചിക്കപ്പെട്ടതുകൊണ്ടായിരിക്കണം ആ ഭാഗങ്ങൾ ഹിന്ദി ബൈബിളിലും സംസ്കൃതബൈബിളിലും പദ്യങ്ങളായി പരിഭാഷപ്പെടുത്തിയിരിക്കുന്നതു്. ഇവ കൂടാതെ ബൈബിളിന്റെ പഴയനിയമത്തിലുള്ള ഇയ്യോബ്,സങ്കീത്തനം, സദൃശവാക്യങ്ങൾ, ഉത്തമഗീതം, വിലാപഗീതം, എന്നീ ഗ്രന്ഥങ്ങൾ മുഴുവൻതന്നെയും, മൂലകൃതിയിലും, ഹിന്ദിയിലും സംസ്കൃതത്തിലും ആദ്യവസാനം പദ്യങ്ങൾ തന്നെയാണു്. പുതിയനിയമത്തിലാകട്ടെ വി: മത്തായി, വി: മർക്കോസ്, വിശുദ്ധ ലൂക്കോസ്, വിശുദ്ധ യോഹന്നാൻ എന്നീ സുവിശേഷങ്ങളിലും സംസ്കൃത ബൈബിളിൽ പദ്യരൂപത്തിലുള്ള അനേകം വാക്യങ്ങളാണു് ചേർത്തിരിക്കുന്നതു്. പുതിയനിയമത്തിലുള്ള അപ്പോസ്തോല പ്രവൃത്തികൾ, റോമാലേഖനം, കോരിന്ത്യക്കെഴുതിയ ലേഖനം, എബ്രായക്കാർക്കെഴുതിയ ലേഖനം, പത്രോസിൻെറ ഒന്നും രണ്ടും ലേഖനങ്ങൾ, യൂദായുടെ ലേഖനം, യോഹന്നാൻെറ ലേഖനം എന്നീ ഗ്രന്ഥങ്ങളിലെല്ലാം പല വാക്യങ്ങൾക്കും സംസ്കൃതബൈബിളിൽ പദ്യരൂപമാണു് കൊടുത്തിരിക്കുന്നതു്.

ഞാനിത്രയും ഇവിടെ പറഞ്ഞതു് ക്രൈസ്തവ മത ഗ്രന്ഥ ങ്ങൾക്കും പദ്യശാഖയോടു ബന്ധമുണ്ടെന്നു കാണിക്കാനാണു്.

രാമായണാദി ഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ നിന്നു ഹിന്ദിയിലേക്കും, തമിഴിലേക്കും, മലയാളത്തിലേക്കും കടന്നുവന്നതു് പദ്യരൂപത്തിൽതന്നെയാണു്. ഹിന്ദിയിലെ രാമചരിത മാനസം, തമിഴിലെ കമ്പരാമായണം, മലയാളത്തിലെ അദ്ധ്യാത്മരാമായണം, ഭാരതം, ഭാഗവതം, കൃഷ്ണഗാഥ എന്നീ മതഗ്രന്ഥങ്ങളെല്ലാം മഹാകാവ്യങ്ങളുടെയും പാട്ടുകളുടെയും രൂപങ്ങളിൽ രചിക്കപ്പെട്ടിട്ടുള്ള കൃതികളാണു്. ഭാരതത്തിൽ രചിക്കപ്പെട്ടിട്ടുള്ള ബുദ്ധമതഗ്രന്ഥങ്ങളും മഹാകാവ്യങ്ങളാണു്. എന്നാൽ ക്രൈസ്തവലോകത്തിന്റെ മതഗ്രന്ഥമായ ബൈബിൾ മാത്രം അതിൻെറ മൗലികരൂപത്തിൽനിന്നും ഭിന്നമായി എല്ലാ ഭാഷകളിലും സംസ്കൃതം, ഹിന്ദി എന്നിവയൊഴിച്ചു് ആദ്യവസാനം ഗദ്യരൂപത്തിലാണു് വിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നതു്. ലോകത്തിലുള്ള മററു ഭാഷകളിലെ മതഗ്രന്ഥങ്ങളുടെ രൂപം എന്തുതന്നെ ആയിരുന്നാലും കേരളത്തിനു് മതഗ്രന്ഥങ്ങളുമായിട്ടുള്ള ബന്ധം പദ്യത്തിൻെറ വഴിക്കാണെന്നുള്ളതു് വിസ്മരിക്കത്തക്കതല്ല. ആ നിലയ്ക്കു ബൈബിളും കേരളീയർക്കു വേണ്ടി പദ്യരൂപത്തിൽ രചിക്കപ്പെടണമെന്നാണു് എൻെറ അഭിപ്രായം.

എനിക്കുതന്നെ വേദപുസ്തകത്തിലെ കഥകളോടു കൂടുതൽ താല്പര്യം ജനിച്ചുതുടങ്ങിയതു് ബാല്യത്തിൽ

എന്റെ പിതാവ് എന്നെ പാടിക്കേൾപ്പിച്ചിട്ടുള്ള വേദചരിതം മുപ്പത്തിനാലുവൃത്തം, ഇന്ദ്രസ്യയോത്ഭവം, ശീതങ്കൻ തുള്ളൽ മുതലായ കാവ്യങ്ങളിൽനിന്നാണു്. ഞാൻ ചെങ്ങന്നൂർ ഹൈസ്ക്കൂളിൽ താഴത്തെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന കാലത്തു് എന്റെ അഭിവന്ദ്യഗുരുനാഥനും സുപ്രസിദ്ധ പ്രസംഗകനും, സംഗീതജ്ഞനുമായ വിദ്വാൻ സി. ഐ. ഗോപാലപിള്ള എം. എ. രാമായണം ഇരുപത്തിനാലുവൃത്തം തുടങ്ങിയ കൃതികൾ മധുരമായി പാടി പഠിപ്പിച്ചതുകൊണ്ടാണു് ഹൈന്ദവ മതഗ്രന്ഥങ്ങളോടും എനിക്കു പ്രതിപത്തി ജനിച്ചുതുടങ്ങിയതു്. അങ്ങനെ ബാല്യംമുതൽക്കേ കാവ്യങ്ങളോടു എനിക്കുണ്ടായ താല്പര്യംകൊണ്ടു് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനിടയ്ക്കു രാമായണം, ഭാരതം, കൃഷ്ണഗാഥ എന്നീ കൃതികളെല്ലാം ഞാൻ വായിച്ചു പഠിക്കുകയും അതോടുകൂടി രാമായണാദി ഗ്രന്ഥങ്ങളുടെരീതിയിൽ ശ്രീയേശുക്രിസ്തുവിന്റെ ജീവചരിത്രം മുഴുവൻ എഴുതണമെന്നുള്ള ആഗ്രഹം എന്നിൽ അങ്കുരിക്കുകയും ചെയ്തു.

1926 ഡിസംബർ 19-ാംനു- ഞായറാഴ്ചയാണു് ഞാൻ ശ്രീയേശുചരിതം എന്ന പേരിൽ ഈ കാവ്യം എഴുതുവാൻ ആരംഭിച്ചതു്. "അഹം ജഗതോ ജ്യോതിഃ" എന്നു് ക്രിസ്തുനാഥൻ തന്നെ കല്പിച്ചതായി വിശുദ്ധ യോഹന്നാന്റെ സുവിശേഷം എട്ടാം അദ്ധ്യായം പന്ത്രണ്ടാം വാകൃത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ചാണു് ഞാൻ ഈ കൃതിക്കു് "വിശ്വദീപം" എന്നുള്ള നാമധേയം നൽകിയതു്. ഭജനഗാന രചയിതാവായ ദാവീദ് ദൈവത്തോടു പ്രാർത്ഥിക്കുമ്പോൾ "നിന്റെ പ്രകാ

ശത്തിൽ ഞങ്ങറം പ്രകാശം കാണുന്നു" എന്നു പറയുന്നു. യെശയ്യാ ദീർഘദർശിയുടെ പുസ്തകത്തിലും, മലാഖിയുടെ പുസ്തകത്തിലും ദൈവത്തിൻെറ പ്രകാശത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് ശ്രീയേശുചരിത പ്രകാശിതമായ ഈ കൃതിക്ക് വിശ്വദീപം എന്ന പേരു അനത്ഥമല്ലെന്നുള്ള എൻെറ വിശ്വാസത്തിന് കഴിഞ്ഞ മുപ്പത്തിയെ വർഷത്തിനിടയ്ക്ക് യാതൊരു കുലുക്കവും വന്നിട്ടില്ല. വിശ്വദീപ രചന ഏതെല്ലാം രീതിയിൽ വേണമെന്നൊ എന്നത്തേക്ക് അവസാനിപ്പിക്കുമെന്നൊ തീരുമാനിക്കാതെയാണ് ഞാനീ മഹാസംരംഭത്തിൽ ഏർപ്പെട്ടതു്. ഹൈന്ദവ മതഗ്രന്ഥങ്ങളെല്ലാം രചിച്ചിട്ടുള്ളതു് സർവ്വസംഗ പരിത്യാഗികളും ഈശ്വരധ്യാനനിരതന്മാരുമായ മഹായോഗികളാണ്. വാത്മീകിയും, വ്യാസനും വനാന്തരങ്ങളിൽ ഈശ്വരനെ ധ്യാനത്തിൽ കണ്ടുകൊണ്ടാണ് അവരുടെ കൃതികറം രചിച്ചിട്ടുള്ളതു്. രാമായണവും, ഭാരതവും എത്രകാലംകൊണ്ടാണ് അവർ രചിച്ചുതീർത്തതെന്ന് ആരും പറഞ്ഞിട്ടില്ല. എങ്കിലും താപസവൃത്തിയിലും കാവ്യരചനയിലും മാത്രം വ്യാപൃതരായിരുന്നതുകൊണ്ട് അവരുടെ മഹാകാവ്യങ്ങറം വളരെ വേഗം എഴുതിത്തീർത്തിരിക്കണമെന്നാണ് എൻെറ വിശ്വാസം. തുളസീദാസൻെറ രാമചരിതമാനസം പത്തു വർഷംകൊണ്ടാണ് എഴുതിത്തീർത്തതെന്നു കാണുന്നു. അതു് 1574-ൽ അയോദ്ധ്യയിൽവച്ച് എഴുതാൻ ആരംഭിക്കുകയും 1584-ൽ ബനാറസ്സിൽവച്ച് പൂർത്തിയാക്കുകയും ചെയ്തു. തുഞ്ചത്തുരാമാനുജൻ എഴുത്തച്ഛൻ ഈശ്വരാരാധന നടത്തിയും ശിഷ്യന്മാരേ പഠിപ്പിച്ചും കാലം

നയിച്ചിരുന്നതിനാൽ രാമായണാദിഗ്രന്ഥങ്ങളുടെ രചനയിൽ വളരെയധികംകാലതാമസം നേരിട്ടിരിക്കുകയില്ല. ഞാനാകട്ടെ കേവലം ലൗകികനായി പാപകർമ്മങ്ങളിൽനിന്നും തെററിയൊഴിയാതെ പ്രാപഞ്ചിക മായയിൽ മുഴുകി ജീവിക്കുന്ന ഒരു സാധാരണക്കാരൻ മാത്രമാണു്. അതുകൊണ്ടു് വിശ്വദീപമെന്ന ഈ വിശുദ്ധഗ്രന്ഥം എഴുതിത്തീർക്കുക എന്ന ലക്ഷ്യത്തിലെത്താൻ എനിക്കു് സുദീർഘമായ തീർത്ഥയാത്രതന്നെ നടത്തേണ്ടിവന്നു. ഇടയ്ക്കിടയ്ക്കു സഞ്ചരിക്കേണ്ട മാർഗ്ഗംവിട്ടു ഞാൻ വളരെദ്ദൂരം മാറിപ്പോയിട്ടുണ്ടു്. ചില സന്ദർഭങ്ങളിൽ ലക്ഷ്യം വിസ്മരിച്ചു്, സാംസാരികവനാന്തരങ്ങളിൽ ചുററിത്തിരിഞ്ഞിട്ടുമുണ്ടു്. എങ്കിലും എൻെറ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനിടയ്ക്കു് എൻെറ കവിതാവാസനയ്ക്കു ശക്തിയും വിസ്തൃതിയും ഗ്രന്ഥരചനയ്ക്കു പ്രോത്സാഹനവും നൽകിയ എൻെറ ഗുരുനാഥന്മാരായ കോന്നിയൂർ എസ്. ഗോവിന്ദപ്പിള്ള, പരേതനായ സി. ആർ. കൃഷ്ണപിള്ള തുടങ്ങിയവരുടെ അദൃശ്യങ്ങളായ കൃപാകടാക്ഷങ്ങളും അർഹതയോ, അധികാരമോ ഇല്ലാതിരുന്നിട്ടും അടങ്ങാത്ത ആഗ്രഹംകൊണ്ടു് ആരുടെ അപദാനങ്ങളെ കീർത്തിച്ചുകൊണ്ടു് ഈ കാവ്യം രചിക്കുവാൻ ഞാൻ ആരംഭിച്ചുവോ ആ കാരുണ്യവാനായ ശ്രീയേശുനാഥൻെറ അളവററ അനുഗ്രഹങ്ങളും എൻെറ സുദീർഘമായ തീർത്ഥയാത്രയിൽ എന്നോടുകൂടി ഉണ്ടായിരുന്നു എന്നു് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

ഈ കാവ്യത്തിനു് ഒരു പൂർണ്ണരൂപം കൊടുക്കുവാൻ ഏകദേശം ഇരുപതിൽപ്പരം വർഷം വേണ്ടിവന്നെ

ങ്കിലും ഈ കാലഘട്ടമെല്ലാം അലസമായി കഴിക്കുന്നതിന് എനിക്കിടയായില്ലാ എന്നുള്ള ചിന്ത എന്നെ ആശ്വസിപ്പിക്കുന്നുണ്ട്. അദ്ധ്യാപനം, അദ്ധ്യയനം, ഗ്രന്ഥരചന, രാഷ്ട്രീയസാമുദായിക പ്രവർത്തനം എന്നിങ്ങനെ നാനാമുഖങ്ങളായ ജോലികളിൽ ഞാൻ വ്യാപൃതനായിരുന്നു. ഇരുപതിൽപ്പരം വർഷങ്ങൾകൊണ്ട് ഞാൻ വിശ്വദീപത്തിന്റെ പണി പൂർത്തിയാക്കിയെങ്കിലും അതിന്റെ ആകപ്പാടെയുള്ള രൂപം അല്പം അസംസ്കൃതമായിരുന്നുവെന്നുവേണം പറയുവാൻ. കാവ്യത്തിന്റെ പ്രസിദ്ധീകരണം എന്നെ സംബന്ധിച്ചേടത്തോളം അസാധ്യമായി തോന്നിയിരുന്നതിനാലും ഇതിന്റെ പ്രസിദ്ധീകരണം ഏറ്റെടുക്കുവാൻ പുസ്തകപ്രസാധകന്മാരും മുദ്രാലയാധികൃതരുമായ ക്രൈസ്തവരെ കണ്ടുകിട്ടാൻ സാധ്യമല്ലാതെ വന്നിരുന്നതിനാലും ഈ കൃതിയുടെ പല ഭാഗങ്ങൾ പത്രദ്വാരാ പ്രസിദ്ധപ്പെടുത്തുവാൻ ഞാൻ തീരുമാനിച്ചു. 1937 ഓഗസ്റ്റ് 28-ാംനു-യിലെ മലബാർ മെയിലിൽ (എറണാകുളം) വിശ്വദീപത്തിന്റെ ആദ്യഭാഗം ഞാൻ പ്രസിദ്ധപ്പെടുത്തി. അതിനെത്തുടർന്ന് ഉദയകാണ്ഡവും ബാലകാണ്ഡവും യോഗകാണ്ഡത്തിലെ ഏതാനും വരികളും മലബാർ മെയിലിൽതന്നെ ഞാൻ പ്രസിദ്ധപ്പെടുത്തി. പിന്നീടുള്ള ഭാഗങ്ങൾ തിരുത്തി പകർത്തി അയയ്ക്കുന്നതിന് എനിക്കു സമയം ലഭിക്കാതിരുന്നതിനാൽ ആ പ്രസിദ്ധീകരണം അങ്ങനെ നിന്നു. എന്റെ മഹാകാവ്യത്തിന് ആദ്യമായി സൂര്യപ്രകാശം ലഭിക്കുന്നതിനിടയാക്കിയ മെയിൽപ്പത്രനായകന്മാരെ എനിക്കു മറക്കാൻ സാധ്യമല്ല. ഏതാനുംകാലം കഴിഞ്ഞു് വിശ്വദീപത്തി

ന്റെ പ്രാരംഭ ഭാഗം മുതൽ പൂവ്വവൽ പരിഷ്കരിച്ച് എന്റെ ആത്മസുഹൃത്തായ ശ്രീ. എൻ. എം. ഏബ്രഹാം കോട്ടയത്തുനിന്നും പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന ചർച്ചുവീക്കിലിയിൽ ഞാൻ പ്രസിദ്ധപ്പെടുത്തി. ആ പ്രസിദ്ധീകരണം കർമ്മകാണ്ഡത്തിന്റെ അവസാനഭാഗംവരെ നീണ്ടുനിന്നു. സമയക്കുറവുകൊണ്ടും കൃത്യാന്തരബാഹുല്യം കൊണ്ടും വിശദദീപത്തിന്റെ ശേഷം ഭാഗങ്ങൾ പരിശോധിച്ച് പരിഷ്ക്കരിച്ച് പത്രത്തിൽ കൊടുക്കുവാൻ എനിക്ക് സാധിക്കാതെവന്നു. എങ്കിലും കാവ്യത്തിന്റെ ഭൂരിഭാഗവും പത്രത്തിൽ പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചതുകൊണ്ട് കാവ്യം എഴുതിവച്ചിരുന്ന നോട്ടുപുസ്തകങ്ങൾ സൂക്ഷിക്കുക എന്ന ഭാരം അല്പം ലഘൂകരിക്കാൻ ഇടവന്നു. പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന ഭാഗങ്ങൾ ഒട്ടും നഷ്ടപ്പെടുത്താതെ വെട്ടിയെടുത്ത് നോട്ടുബുക്കിൽ ഒട്ടിച്ച് സൂക്ഷിച്ചുവയ്ക്കുന്നതിനും എനിക്കു സാധിച്ചു.

'വിശദദീപം' പുസ്തകരൂപത്തിൽ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുകയെന്ന ഭാരം ആരു വഹിക്കും എന്ന ചിന്ത എന്നെ വളരെയധികം വിഷമിപ്പിച്ചുകൊണ്ടിരുന്നു. ഗ്രന്ഥരചനയും മുദ്രണവും വിതരണവും ഒരു വ്യവസായമായി കൊണ്ടുപോകുന്നതിന് എനിക്കുണ്ടായിരുന്ന അപ്രാപ്തിമൂലം സ്വന്തം ചെലവിൽ ഞാൻ അച്ചടിപ്പിച്ച ഗ്രന്ഥങ്ങളെല്ലാംതന്നെ എന്നെ പലപ്പോഴും ഒരു കടക്കാരനാക്കിത്തീർക്കുകയാണ് ചെയ്തതു്. അതുകൊണ്ട് വിശദദീപം മറെറാരു പ്രസ്സിൽകൊടുത്തു് സ്വ-

ന്നം ചെലവിൽ അച്ചടിപ്പിക്കേണ്ടാ എന്നു ഞാൻ തീരുമാനിച്ചു. അറുന്നൂറോളം പുറങ്ങൾവരുന്ന ഒരു മഹാകാവ്യം അച്ചടിക്കുന്നതിനുവേണ്ടിവരുന്ന കടലാസിന്റെ വിലയും അച്ചടിക്കൂലിയും മററും കണക്കാക്കിയപ്പോൾ സ്വന്തമായി ഒരു പ്രസ്സ് സ്ഥാപിച്ച് അതിൽ വിശ്വദീപം അച്ചടിക്കുകയാണ് നല്ലതെന്നു് എനിക്കുതോന്നി. അതനുസരിച്ച് 1945-ൽ "കലാമന്ദിരം" എന്നപേരിൽ വളരെ ചെറിയതോതിൽ ഞാൻ ഒരു അച്ചുക്കൂടം സ്ഥാപിച്ചു. ഈ സ്ഥാപനം അതിന്റെ ശൈശവ നിലയിൽ നിന്നും യൗവനദശയിലേക്കു പ്രവേശിക്കുന്നതു വരെ ഞാൻ വിശ്വദീപം അച്ചടിക്കുന്നതിനു മുതിർന്നില്ല. 1962-ൽ വിശ്വദീപത്തിന്റെ അച്ചടി ഞാൻ ആരംഭിച്ചു. കാവ്യത്തിന്റെ രചനപൂർത്തിയാക്കാൻ നേരിട്ട കാലതാമസം പോലെതന്നെ മുദ്രണത്തിനും അപ്രതീക്ഷിതമായ കാലതാമസംവന്നു: പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനുള്ള മുദ്രണം ആരംഭിച്ചപ്പോൾ ഓരോവരിയും പലആവർത്തി വായിക്കണമെന്നും കൂടുതൽ കൂടുതൽ തിരുത്തണമെന്നും എനിക്കുതോന്നി. ഈ കാര്യത്തിൽ പക്വമതിയും ഒരു തികഞ്ഞ സംസ്കൃതഭാഷാപണ്ഡിതനുമായ ശ്രീ: പി കെ. കുഞ്ഞുരാമൻ എന്നെ വളരെയധികം സഹായിച്ചിട്ടുണ്ടെന്നുള്ള വസ്തുത കൃതജ്ഞതാപുരസരം ഈ അവസരത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു. പ്രൂഫിൽതന്നെ നാലും അഞ്ചും പ്രാവശ്യം തിരുത്തലുകൾ നടത്തിയാണ് ഞാൻ ഈ കാവ്യത്തിനു് അന്തിമരൂപം കൊടുത്തതു്. അതിനാൽ 1962-ൽ ആരംഭിച്ച അച്ചടി അവസാനിച്ചതു് 1964 നവംബറിലാണ്. പുസ്തകത്തിന്റെ അവസാനത്തെപുറം

അച്ചടിച്ചു കഴിഞ്ഞപ്പോഴം എനിക്കുണ്ടായ സന്തോഷവും സംതൃപ്തിയും അവാച്യമായിരുന്നു.

വിശദദീപം മഹാകാവ്യത്തിൻെറ അച്ചടിയിൽ എനിക്കു നേരിട്ട സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനു് കേരള സാഹിത്യ അക്കാദമി ചെയ്ത ധനസഹായം അവിസ്മരണീയമാണു്. അതിനു് അക്കാദമിയോടു പൊതുവെയും അതിൻെറ നിർവാഹകസമിതി അംഗങ്ങളോടു പ്രത്യേകിച്ചും എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. കാവ്യത്തിൻെറ മുദ്രണം പുരോഗമിച്ചുകൊണ്ടിരുന്നപ്പോഴം ആരായിരിക്കണം ഈ കൃതി അവതരിപ്പിക്കേണ്ടതെന്നുള്ള ചിന്ത എന്നിൽ കടന്നുകൂടി. പെട്ടെന്നു് എനിക്കു തോന്നിയതു് കേരള സാഹിത്യ അക്കാദമിയുടെ അദ്ധ്യക്ഷനും ഞാൻ വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മഹദ്വ്യക്തിയുമായ ശ്രീ: പുത്തേഴത്തു രാമമേനോൻെറ നാമധേയമാണു്. ഭോജരാജ പ്രഭൃതികളെപ്പോലെ സാഹിത്യകാരന്മാരെയും കവികളെയും പ്രോത്സാഹിപ്പിക്കുക എന്നുള്ളതു് അദ്ദേഹത്തിൻെറ അകൃത്രിമമായ ഒരു ജീവിതനിയമമാണു്. എന്നോടുള്ള അമിതമായ വാത്സല്യത്താൽ അദ്ദേഹം എന്നെയും എൻെറ കാവ്യത്തെയും വളരെയധികം പ്രശംസിച്ചു സുദീർഘമായ ഒരവതാരികയാണു് എഴുതിയിരിക്കുന്നതു്. അദ്ദേഹത്തോടുള്ള എൻെറ കൃതജ്ഞത അനന്തവും അകളങ്കവുമാണു്. കൂടാതെ എൻെറ മഹാകാവ്യരചനയിൽ അകമഴിഞ്ഞു് ആനന്ദിക്കുകയും അഭിനന്ദനവചസ്സുകഠംകൊണ്ടു് എന്നെ അനുഗ്രഹിക്കുകയും ചെയ്തിട്ടുള്ള സവ്വശ്രീ: എൻ. ഗോപാല

പിള്ള, ശൂരനാട്ടുകുഞ്ഞൻപിള്ള വന്ദ്യ ദിവ്യശ്രീ: ഫാദർ സി. കെ. മററം എന്നിവരോടും എൻെറ ഷഷ്ടിപൂത്തി സ്മാരകമായി സഹപ്രവത്തകന്മാരും, സ്നേഹിതന്മാരും, ശിഷ്യഗണങ്ങളുംകൂടി എനിക്കു സമർപ്പിച്ച താരകോപഹാരത്തിലൂടെ വിശ്വദീപത്തിൻെറ മഹിമകളെ കീത്തിച്ച സവ്വശ്രീ: പി. കെ. ബി. നായർ, പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻ, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ മുതലായവരോടും ഈ കൃതിയുടെ പൂവ്ഭാഗങ്ങളെ ആസ്പദമാക്കി പത്രദ്വാരാ ദീർഘമായ ഒരാസ്വാദനം എഴുതി പ്രസിദ്ധീകരിച്ച ശ്രീ: ഡാനിയേൽ കണിയാങ്കടയോടും എനിക്കുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്താതിരിക്കുവാൻ നിവ്വാഹമില്ല.

ലോകാചാൎയ്യനും, ലോകരക്ഷകനുമായ ശ്രീയേശുനാഥൻെറ മഹച്ചരിതത്തെ വഹിക്കുന്ന ഈ മഹാകാവ്യം തത്വജ്ഞാന സാമ്രാജ്യാജ്യാധിപതിയും മനുഷ്യസമുദായ ദിവ്യസുഹൃത്തുമായ രാഷ്ട്രപതി ഡോക്ടർ എസ്. രാധാകൃഷ്ണൻെറ മഹനീയപാദങ്ങളിൽ സമപ്പിക്കുന്നതിനു സാധിച്ചതു് ഒരു മഹാഭാഗ്യവും അഭിമാനവുമായി ഞാൻ കരുതുന്നു. അതിനുള്ള അനുവാദം സദയം നൽകിയ ആ മഹാത്മാവിന്റെ ആയുരാരോഗ്യസൗഭാഗ്യാദികൾക്കുവേണ്ടി കൃതജ്ഞതാപൂവ്വം ഈശ്വരനോടു പ്രാത്ഥിച്ചുകൊള്ളുന്നു. ഈ കൃതിയുടെ പ്രസിദ്ധീകരണം സംബന്ധിച്ചും സമർപ്പണം സംബന്ധിച്ചും എനിക്കു വേണ്ടപ്രചോദനവും സഹായവുംചെയ്തുതന്ന ഇൻഡ്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് പ്രോഗ്രാം ഓഫീസ്സറായ

ശ്രീ: ചെറിയാൻ തോമസ്സിനോടുള്ള എൻെറ കടപ്പാടും ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഈ മഹാകാവ്യത്തിൻെറ രചനയിൽ വിശുദ്ധ വേദപുസ്തകത്തിലെ നാലു സുവിശേഷങ്ങളെ കൂടാതെ ചരിത്രകാരന്മാരായ ഫറാർ, ജിയോവാനിപപ്പിനി, ബേസിൽ മാത്യൂസ്, പാറേറഴ്സൻ സ്മിത്തു് എന്നിവരുടെ ക്രിസ്തനാഥചരിത്രങ്ങൾ എനിക്കു് ആധാരമായിട്ടുണ്ടു്. അതോടുകൂടി ആൽബേർട്ടു് ഷ്വയിസ്റ്റർ, സ്ട്രൗാൻസ്, ജെ. എച്ചു്. ഇൻഗ്രഹാം, ആൽഫ്രഡ് എൻഡേഴ്സൺ, റവ: ജോൺ ഫീററ്വുഡ്, ഹൾട്ടൺ ഓഴ്സർ മുതലായവർ യേശുക്രിസ്തുവിനെക്കുറിച്ചു് എഴുതിയിട്ടുള്ള ചരിത്രങ്ങളും ഞാൻ നോക്കാതിരുന്നിട്ടില്ല.

എൻെറ ജോലികളുടെ വൈവിധ്യംകൊണ്ടും ആധിക്യംകൊണ്ടും എൻെറ ബുദ്ധിയേയും ശ്രദ്ധയേയും മനസ്സിനേയും ഈ കൃതിയിലേക്കു് തുടർച്ചയായി കേന്ദ്രീകരിക്കുന്നതിനു എനിക്കു സാധിച്ചിട്ടില്ല. പലതും പല ഘട്ടങ്ങളിലായി എഴുതുകയും അച്ചടിപ്പിക്കുകയും തിരുത്തുകയുമൊക്കെ ചെയ്കതിനാൽ പാകപ്പിഴകളൊ ബന്ധവിച്ഛേദങ്ങളോ ആവത്തനങ്ങളോ ഈ കൃതിയിൽ വന്നുപോയിട്ടുണ്ടാകാം. അതുപോലെ അച്ചടിത്തെററുകളും. ഈ വൈകല്യങ്ങളെല്ലാംപരിഹരിച്ചുള്ള ഒരു പ്രസിദ്ധീകരണം അടുത്തുതന്നെ ഉണ്ടാകാൻ ദൈവം അനുഗ്രഹിക്കുമെന്നാണു് എൻെറ വിശ്വാസം. എൻെറ ജീവിതത്തിലെ ഏററവും വലിയ ഒരാഗ്രഹമാണു് 'വിശ്വദീപ'

പ്രസിദ്ധീകരണംകൊണ്ടു ഞാൻ സാധിക്കുന്നതു്. ബൈബിളിലെ പഴയനിയമവും, സുവിശേഷങ്ങൾക്കു ശേഷമുള്ള ഭാഗവും കാവ്യരൂപത്തിൽ പ്രസിദ്ധീകരിക്കണമെന്നു് എനിക്കാഗ്രഹമുണ്ടു്. താമസിയാതെ ആ ചുമതലയും നിവ്വഹിക്കുവാൻ സാധിക്കുമെന്നാണു് എന്റെ പ്രതീക്ഷ. എൻെറ ഈദൃശ സംരംഭങ്ങൾക്കു വേണ്ട പ്രോത്സാഹനങ്ങൾ നൽകുകയും ഞാനിപ്പോൾപ്രസിദ്ധീകരിക്കുന്ന ഈ വിശ്വദീപം മഹാകാവ്യം സദയം സ്വീകരിച്ചു് എന്നെ അനുഗ്രഹിക്കുകയുംചെയ്യണമെന്നു് കേരളീയരായ എല്ലാവരോടും അപേക്ഷിച്ചുകൊണ്ടു് ഈ മുഖവുരയ്ക്കു തല്ക്കാലം ഞാൻ വിരാമമിട്ടുകൊള്ളുന്നു.

പത്തനംതിട്ട,
4-2-1965. ഗ്രന്ഥകർത്താ.

# വിഷയാനുക്രമണിക

## ഉദയകാണ്ഡം

1. ലോകസൃഷ്ടി 1
2. പാപാഗമം 2
3. ക്രിസ്തുവിൻെറ വംശാവലി 3
4. അന്നത്തെ രാഷ്ട്രീയസ്ഥിതി 6
5. പുരോഹിതനായ സഖറിയാ 9
6. ആശീർവാദം 11
7. ഒരു സന്ദർശനം 14
8. നാമലേഖനം 17
9. അജപാല മൈതാനം 21
10. സ്വർഗ്ഗീയസേനാഗാനം 23
11. അജപാല യാത്ര 25
12. ദൈവപുത്ര ദർശനം 27
13. അജപാല പൂജ 29
14. പുൽക്കൂട്ടിലെ രാജകുമാരൻ 31
15. ആ രാത്രി 34
16. അന്നത്തെ പ്രഭാതം 36
17. പരിച്ഛേദന 39
18. ദേവാലയസമർപ്പണം 40
19. ശിമയോൻെറ സ്തോത്രം 41
20. വിദ്വൽ സന്ദർശനം 44
21. എജിപ്തിലേക്കുള്ള പലായനം 54
22. ശിശുഹത്യ 59
23. ഹേറോദേസിൻെറ മരണം 62

## ബാലകാണ്ഡം


1. നസ്രേത്ത് 65
2. മിശിഹായുടെ ബാല്യം 68
3. രാഷ്ട്രീയവിപ്ലവം 73
4. യഹൂദന്മാരുടെ പെരുനാളുകൾ 81
5. പന്ത്രണ്ടാം വയസ്സിൽ 85
6. ജറുശലേം 90
7. ദേവാലയത്തിൽ 98
8. പിതൃഭവനം 105
9. തക്ഷകശാല 109
10. ഗിരിപീഠം 112


## യോഗകാണ്ഡം


1. വിഗ്രഹ നിഷ്കാസനം 117
2. യഹൂദ ചരിതം 122
3. പ്രവാചകന്മാർ 130
4. മരുഭൂമിയിലെ താപസവര്യൻ 132
5. വിപ്ലവനാദം 135
6. സലിലസംസ്കാരം 138
7. പരീക്ഷ 141
8. ശിഷ്യസമ്പാദനം 145
9. കഫർന്നാഹൂം 151


## കർമ്മകാണ്ഡം


1. കാനായിലെ കല്യാണം 157
2. ദേവാലയ ശുദ്ധീകരണം 161

| | | |
|---|---|---|
| 3. | നിക്കോദിമോസ് | 166 |
| 4. | യോഹന്നാന്റെ ബന്ധനം | 169 |
| 5. | ജീവജലം | 171 |
| 6. | സ്വജന പരിത്യക്തൻ | 183 |
| 7. | രാജപുരുഷപുത്രസംരക്ഷണം | 185 |
| 8. | ഭൂതോച്ചാടനം | 187 |
| 9. | നാനാരോഗശാന്തി | 190 |
| 10. | വിശ്രമഭംഗം | 191 |
| 11. | മത്സ്യഗ്രഹണം | 192 |
| 12. | ഗിരിഗീത | 196 |
| 13. | കുഷ്ഠരോഗനിവാരണം | 212 |
| 14. | ശതാധിപഭൃത്യൻ | 214 |
| 15. | നയിൻപട്ടണത്തിൽ | 217 |
| 16. | വിധവാസുതവിമോചനം | 218 |
| 17. | ബന്ധനസ്ഥനായ മഹായോഗി | 221 |
| 18. | മഗ്ദലനമറിയം | 226 |
| 19. | ഗലീലയിൽ | 235 |
| 20. | നൗകാരോഹണം | 241 |
| 21. | ബീജാവാപകദൃഷ്ടാന്തം | 243 |
| 22. | ശ്യാമാകദൃഷ്ടാന്തം | 246 |
| 23. | കടുകുമണി | 247 |
| 24. | പുളിച്ചമാവ് | 247 |
| 25. | ശ്യാമാകദൃഷ്ടാന്തസാരം | 248 |
| 26. | ഗുപ്തവിത്തദൃഷ്ടാന്തം | 249 |
| 27. | ഉത്തമമൗക്തികദൃഷ്ടാന്തം | 249 |
| 28. | മത്സ്യവിവേചനദൃഷ്ടാന്തം | 249 |
| 29. | തോണിയാത്ര | 250 |
| 30. | ചണ്ഡവാതനിവാരണം | 252 |
| 31. | ഭൂതനിഷ്കാസനം | 2 5 |
| 32. | പക്ഷാഘാതിയുടെ സുഖപ്രാപ്തി | 261 |

| | | |
|---|---|---|
| 33. | മഹാവിരുന്ന് | 263 |
| 34. | യായിറോസിന്റെ പുത്രി | 266 |
| 35. | രക്തസ്രാവനിരോധനം | 269 |
| 36. | നേത്രദാനം | 271 |
| 37. | മൂകതാപരിഹാരം | 272 |
| 38. | യരുശലേംസന്ദർശനം | 272 |
| 39. | ശിഷ്യോപദേശം | 273 |
| 40. | ബേഥെസ്ദായിലെ അത്ഭുതം | 279 |
| 41. | ജന്മദിന സമ്മാനം | 285 |
| 42. | പഞ്ചപൂപം | 296 |
| 43. | സമുദ്രസഞ്ചാരം | 298 |
| 44. | വാദപ്രതിവാദം | 302 |
| 45. | ശാബത | 307 |
| 46. | ശോഷിത ഹസ്തന്റെ സുഖപ്രാപ്തി | 309 |
| 47. | കൈകഴുകൽ | 312 |
| 48. | പ്രാർത്ഥന | 315 |
| 49. | അന്ധന്റെ സൗഖ്യപ്രാപ്തി | 316 |
| 50. | അടയാളം | 320 |
| 51. | സംഘട്ടദിനം | 322 |
| 52. | ഭൂതബാധിതയുടെ സൗഖ്യപ്രാപ്തി | 331 |
| 53. | ബധിരന്റെ സൗഖ്യപ്രാപ്തി | 333 |
| 54. | സപ്തപൂപം | 334 |
| 55. | അന്ധന്റെ സൗഖ്യപ്രാപ്തി | 339 |
| 56. | അഭിപ്രായങ്ങൾ | 340 |
| 57. | മറുരൂപം | 343 |
| 58. | ഭൂതബാധിതനായ ബാലൻ | 349 |
| 59. | പ്രാർത്ഥനയും വിശ്വാസവും | 352 |
| 60. | സ്ഥാനമത്സരം | 354 |
| 61. | ഉപദേശം | 355 |
| 62. | താലന്തുകൾ | 358 |

63. കരം പിരിവ് 356
64. വിരുന്നു കാലം 360
65. പരാജിതമായ ബന്ധനശ്രമം 368
66. അപരാധിനി 370
67. കണ്ണുതെളിഞ്ഞ യുവാവ് 392
68. ഗലീലയോടു യാത്ര പറയുന്നു. 399
69. കുഷ്ഠരോഗികളുടെ സുഖപ്രാപ്തി 403
60. കുബ്ജയുടെ സുഖപ്രാപ്തി 405
71. രാജാവിന്റെ കല്യാണവിരുന്ന് 406
72. തോട്ടത്തിന്റെ ഉടമസ്ഥനും പുത്രന്മാരും 409
73. ധനവാനും ലാസറും 412
74. നല്ല ശമറിയാക്കാരൻ 415
75. മുടിയനായ പുത്രൻ 417
76. സ്വർഗ്ഗരാജ്യാഗമനം 430
77. മാർത്തയും മറിയയും 433
78. സമർപ്പണ വിരുന്ന് 436
79. വിവാഹവും നിത്യജീവനും 438
80. മുമ്പന്മാരും പിമ്പന്മാരും 441
81. ലാസറിനെ ഉയർപ്പിക്കുന്നത് 443
82. യറിഹോവും ബഥനിയും 447
83. സക്കായിയുടെ പരിവർത്തനം 449


## ത്യാഗകാണ്ഡം


1. യേശുവിന്റെ യരുശലേം പ്രവേശം 453
2. ശപ്തവൃക്ഷം 460
3. ശത്രുവലയം 461
4. കർത്തവ്യം 465
5. പരകാലവ്യവസ്ഥിതി 466

| | | |
|---|---|---|
| 6. | മുഖ്യകല്പന | 468 |
| 7. | വിധവയുടെ രണ്ടു കാശ് | 470 |
| 8. | യരുശലേം ദേവാലയം | 471 |
| 9. | ഒലിവുമലയിൽ | 472 |
| 10. | പത്തു കന്യകമാർ | 474 |
| 11. | പുനരാഗമനസൂചന | 476 |
| 12. | യൂദാ | 479 |
| 13. | തിരുവത്താഴം | 483 |
| 14. | പാദക്ഷാളനം | 486 |
| 15. | വാങ്ങി ഭക്ഷിപ്പിൻ | 488 |
| 16. | ഗത്സെമൻ | 492 |
| 17. | ദുഃഖത്തിന്റെ പാനപാത്രം | 493 |
| 18. | വിയർപ്പും രക്തവും | 495 |
| 19. | വഞ്ചകന്റെ ചുംബനം | 498 |
| 20. | നിങ്ങൾ ആരെ അന്വേഷിക്കുന്നു | 500 |
| 21. | കർണ്ണച്ഛേദനം | 501 |
| 22. | ബന്ധനസ്ഥർ | 501 |
| 23. | അന്നാസിന്റെ കൊട്ടാരത്തിൽ | 502 |
| 24. | വിസ്താരം | 504 |
| 25 | പത്രോസിന്റെ നിരസനം | 505 |
| 26. | കോഴി കൂവുന്നു | 508 |
| 27. | കേപ്പാസിന്റെ കപ്പായം | 508 |
| 28. | മർദ്ദനം | 512 |
| 29. | പീലാത്തോസിന്റെ മുമ്പിൽ | 514 |
| 30. | ശുഭ്രവസ്ത്രം | 518 |
| 31. | വിട്ടയയ്ക്കരുത് | 519 |
| 32. | ഈ മനുഷ്യനിൽ കുററമില്ല | 523 |
| 33. | മുൾക്കിരീടം | 524 |
| 34. | പരികല്പകദിനം | 526 |

| | | |
|---|---|---|
| 35. | കാൽവറി | 533 |
| 36. | ക്രൂശാരോപണം | 535 |
| 37. | അന്ധകാരം | 538 |
| 38. | മരണം | 541 |
| 39. | രക്തവും വെള്ളവും | 543 |
| 40. | സംസ്കാരം | 544 |
| 41. | അവൻ ഇവിടെ ഇല്ല | 545 |
| 42. | എമ്മവൂസ് | 548 |
| 43. | നിങ്ങൾക്ക സമാധാനം | 551 |
| 44. | സ്വർഗ്ഗാരോഹണം | 552 |

# വിശ്വദീപം

## മഹാകാവ്യം

## ഉദയകാണ്ഡം

### ലോകസൃഷ്ടി

അർക്കാദിഗ്രഹങ്ങളും താരകങ്ങളും മിന്നു–
മാനന്ദപ്രദമായ ലോകത്തിനങ്ങേപ്പുറം,

സ്ഥലകാലവും ദ്രവ്യസഞ്ചയങ്ങളും ചേർന്ന
വിലസും വിശാലമാം വിശ്വത്തിനങ്ങേപ്പുറം,

ലോകലോചനങ്ങൾക്കു കാണുവാൻ കഴിയാതെ
ലോകത്തിൻ തൂലികയ്ക്കു കുറിപ്പാൻ കെല്പില്ലാതെ

വിജയിക്കുന്നു സർവ്വമോഹന ദിവ്യരാജ്യം
വിലയംപ്രാപിക്കാത്ത സ്വർഗ്ഗീയ മഹാരാജ്യം

സമസ്തലോകങ്ങളുമേതിൽനിന്നുളവായി
സമസ്തലോകങ്ങളുമേതിൽ ചെന്നണയുന്നു

സർവസൗഭാഗ്യരമ്യസാമ്രാജ്യമതിലാദ്യ–
മവ്യയ മഹനീയ വാഗ്ബ്രഹ്മമുൽഭാസിച്ചു.

വാക്കിനാലുളവായി വാനവുമവനിയും
വാരിധികളും സൂര്യ്യ ചന്ദ്ര നക്ഷത്രങ്ങളും.

വാക്കിനാലുളവായി വിഹംഗകുലങ്ങളും
വ്യാഘ്രപഞ്ചാസ്യ വൃകപ്രമുഖ മൃഗങ്ങളും

വാക്കിനാലുളവായി പുഷ്പിത തരുലതാ-
വർഗ്ഗവും നാനാവിധ യാദസ്സഞ്ചയങ്ങളും

സർവേശനിർല്ലീനമായിരുന്ന "വാക്കെ"ന്നല്ല
സർവേശനായിത്തന്നെ കർമ്മങ്ങളനുഷ്ഠിച്ചു.

നന്നായിനിരീക്ഷിച്ചാനീശ്വരൻ, നിജസൃഷ്ടി-
വൃന്ദത്തെ,യെല്ലാമേററം നന്നെന്നു സന്തോഷിച്ചു.

തന്നോടുകൂടിത്തന്റെ സൃഷ്ടിയെക്കൊണ്ടാടുവാൻ
തന്നെപ്പോലൊരാൾ വേണമെന്നുള്ള ചിന്താമൂലം

പാപത്തിൻ കരിനിഴലേതുമേ സ്പർശിക്കാത്ത
പാരിടത്തിങ്കൽനിന്നുമീശ്വരൻ മണ്ണെടുത്തു,

മർത്ത്യനെ മനഞ്ഞാത്മാവ,ത്ഭുതതരപ്രജ്ഞ,
ചൈതന്യം മനസ്സെന്നീശക്തികളെല്ലാമേകി.

പേരവന്നരുളിനാ"ആദ"മെന്ന,വനൊരു
ഭാര്യ്യയെ സൃഷ്ടിച്ചേകി, "ഹവ്വ"യെന്നഭിധാനം.

## പാപാഗമം

വിശ്വസൗന്ദര്യ്യസാരമൊക്കെയുമിണങ്ങിയ
വിശ്വമോഹിനിയായ ഹവ്വയുമൊന്നിച്ചാദാം

നിത്യസുന്ദരാരാമമാകും "ഏദ"നിലീശ—
ഭക്തനായ്, സദാനന്ദ യുക്തനായ്, വസിക്കവെ,

ഭക്ഷിച്ചുകൂടെന്നജൻ കല്പിച്ച തരുഫലം
ഭക്ഷിച്ചു ശാപംപൂണ്ടു വിതച്ചാൻ പാപം പാരിൽ

കാലക്രമത്താൽ ഹവ്വാ സവിത്രീപദംപൂണ്ടു
കായേനും ഹാബേലും ഭൂജാതരായ് തൽപ്പുത്രരായ്.

കൃഷിയിൽ "കായേ"നജപാലനത്തിങ്കൽ "ഹാബേൽ"
കഴിച്ചാരിരുവരും ജീവിതം പവിത്രരായ്.

ഒരുനാൾ വയലിൽവച്ചുണ്ടായ വാഗ്വാദത്തിൽ
കരുണാഹീനം കായേൻ വധിച്ചാൻ ഹാബേലിനെ

പവിത്രൻ ഹാബേലിന്റെ രക്തത്തിൻ പ്രരോദനം
ശ്രവിച്ചാനീശൻ, ശിക്ഷിച്ചയച്ചാൻ കായേൻതന്നെ.

## ക്രിസ്തുവിന്റെ വംശാവലി

പുത്ര നഷ്ടത്താലേററം ദുഃഖിച്ച ഹവ്വായിക്കു
"ശേത്തെ"ന്ന സൽപ്പുത്രനെ നൽകിനാൻ ജഗദീശൻ

സത്തമാഗ്ര്യനാം ശേത്തിൻ സൽകുടുംബത്തിൽവന്നു
ജാതനായ് സദാചാരനിഷ്ഠനാം ഭക്തൻ "നോഹ"

ആദിമാനുഷനാകുമാദാമിൻ ജന്മം മുതൽ
മേദിനിയേഴായിരത്തഞ്ഞൂറുവർഷം കണ്ടു.

സംഖ്യാതീതമായ് മർത്ത്യരൂഴിയിലപ്പോഴേക്കും
സംഖ്യാതീതമായ്ത്തീർന്നു പാപത്തിൻ വഴികളും

മാനവവർഗ്ഗത്തിന്റെ തിന്മതൻ ദുർഗ്ഗന്ധമാ-
വാനവലോകത്തിലും വ്യാപിക്കാനാരംഭിക്കെ,

ഉഗ്രമാം ജലവേഗംകൊണ്ടു മർത്ത്യരെയെല്ലാം
നിഗ്രഹംചെയ്യാൻ സർവകാരണൻ ജഗല്പതി.

നോഹയും കുടുംബവും മാത്രമേ ശേഷിച്ചുള്ളു.
സംഹാരപരമായോരാപ്രളയത്തിൽ നിന്നും.

പാവനചരിത്രനാം നോഹതൻ സുതന്മാരിൽ
ഭാവുകം തിങ്ങും ശേമിൻ വംശപാരമ്പര്യത്തിൽ

ജാതനായ് വിശ്വാസികൾക്കൊക്കെയുംപിതാവായ് സം-
പൂതജീവിതനിഷ്ഠ "നബ്രഹാ"മെന്ന ഭക്തൻ,

നാകേശനരുൾചെയ്യുമാജ്ഞയ്ക്കു വിധേയനായ്
പാകശീലനബ്രഹാമോരോരോ ദിക്കിൽ വാണു.

ത്യാഗിയാമാ വിശുദ്ധൻ സന്തതമാരാധിച്ചു
യാഗപീഠങ്ങൾ നിർമ്മിച്ചീശ്വര പദാംഭോജം

പുണ്യവാനബ്രഹത്തിൻ കാലത്തും ജനക്കൂട്ടം
പാർത്തിരുന്നിടങ്ങളിൽ ഘോരമാമഘം തിങ്ങി.

ആകയാലമ്മട്ടുള്ള "സോദോമും" "ഗോമോറ"യു-
മഗ്നിവർഷത്താലീശനാദ്യന്തം നശിപ്പിച്ചു

സർവേശ്വരത്തിനാലുത്തമനബ്രാമിന്നു
"സാറ"യാം സ്വപത്നിയി"ലിസ്സഹാക്കു"ളവായി

പ്രായത്തിൻ തികവിങ്കൽ താതനിർദ്ദേശംപോലെ
ജായയായ് സ്വീകരിച്ചാനിസ്സാക്ക "റിബേക്ക"യെ.

വന്ധ്യയാണവളെന്നു കണ്ടപ്പോ"ളിസ്സാക്കേ"റ്റം
സന്തപിച്ചഭ്യർത്ഥിച്ചു, സൽഫലം ദൈവത്തോടായ്

കനിഞ്ഞാൻ ജഗദീശനാ വധൂവരന്മാരിൽ
ജനിച്ചു സുതന്മാരാ"യേശാവു" "യാക്കോബി"വർ

യാക്കോബു "യഹൂദയ്ക്കും" സോദരൻ "രൂബൻ"തൊട്ടു-
മക്കൾക്കും ജനകനായ് നേടിനാൻദൈവപ്രീതി.

"പാരസ്സെ" ന്നൊരു സുതൻ ജാതനായ് "യഹൂദ"യ്ക്കു
പാരസ്സിൻ തനൂജനായ് ജനിച്ചാൻ "ഹെസ്രോ"നാഖ്യൻ

"ഹെസ്രോ"നിൻ സന്താനമാ"യാരാമു"മാരാമിൻെറ
സൽസൂനുവാ"യമ്മീനാദാബു"മദ്ദേഹത്തിൻെറ

പുത്രനായ് "നഹശോനും" തൽപ്പുണ്യപുരുഷൻെറ
പൗത്രനായ് "ബോവസ്സെ"ന്ന മാന്യനുമുളവായി.

ബോവസ്സിൻ തനൂജനാ "യോബേദ്ദ"മോബേദിൻെറ
പുത്രനായ് "യിശ്ശായി"യും ധാത്രിയിൽ ജാതരായി.

യഹൂദ്യാനാട്ടിൽ "ബേതൽഹേ"മെന്ന നഗരത്തിൽ
യിശ്ശായി നിവസിച്ചാൻ ദയിതാ സമേതനായ്.

ഖ്യാതനാമദ്ദേഹത്തിൻ കനിഷ്ഠതനൂജനായ്
ജാതനായ് ജഗദീശവത്സലൻ "ദാവീദാ"ഖ്യൻ

ബാല്യത്തിൽപ്പിതാവിൻെറ മേഷസഞ്ചയങ്ങളെ-
പ്പാലിക്കാൻ പഞ്ചാസ്യാദി കാനന മൃഗങ്ങളെ

തച്ചുനിഗ്രഹിച്ചതും, മല്ലനാം ഗോല്യാത്തിനെ
തഞ്ചത്തിൽ കവിണക്കല്ലേറിനാൽ വധിച്ചതും

സർവേശ പ്രജാവൃന്ദമാകിയ "യിസ്രയേല്യ-"
സംഘത്തെ ശത്രുക്കളിൽനിന്നു സംരക്ഷിച്ചതും

ദൈവത്തിൻജനങ്ങളാൽ ഭ്രപാഭിഷിക്തനായി
ദൈവത്തിൻജനങ്ങൾക്കായ് ജീവിതമർപ്പിച്ചതും

ദൈവാനുകൂല്യത്താലും വീര്യശൗര്യങ്ങളാലും
സാർവ്വഭൗമനായതുമീവന്ദ്യൻ "ദാവീദ"ത്രേ.

ദാവീദിൻ തനയനായ് സർവ വേദാന്തസാര-
ദിവ്യരത്നങ്ങൾക്കെല്ലാം ശോഭനകേദാരമായ്

ജനിച്ചാൻ സർവ്വലോകവിഖ്യാതൻ സോളമാഖ്യൻ
വിനയെന്നിയെ തന്നിൽ ചേർന്ന ഭൂപാലസ്ഥാനം

സർവേശാരാധനയ്ക്കു സോളമൻ പണിയിച്ചു
സദ്രത്നഖചിതമാമുത്തുംഗദേവാലയം.

സർവ്വഭൂപാലന്മാർക്കും സംഗ്രാമധീരന്മാർക്കും
സർവ്വശാസ്ത്രജ്ഞന്മാർക്കും സൽകവിമുഖ്യന്മാർക്കും

സന്തതാരാധ്യനായ "സോളമൻ" തന്റെ വംശ—
തന്തുവിലന്ത്യത്തിങ്കൽ വന്ദ്യനാം "ജോസഫു"ണ്ടായ്

## അന്നത്തെ രാഷ്ട്രീയസ്ഥിതി

ഗ്രേക്കരും യഹൂദരും റോമ്യരുമക്കാലത്തി-
ലുൽക്കട പ്രാബല്യത്തെ പ്രാപിച്ചു ക്രമത്തിനാൽ

സംസ്കൃതചിത്തന്മാരെന്നഭിമാനിച്ചു ഗ്രേക്കർ
സർവാധികാരംപൂണ്ടോരെന്നായി റോം നാട്ടുകാർ

മതത്തിൻ തത്വങ്ങൾക്കും ന്യായപ്രമാണങ്ങൾക്കു-
മധികാരികൾ തങ്ങളെന്നോതി യഹൂദന്മാർ

ഭിന്നവർഗ്ഗങ്ങൾ, ഭിന്നമതവുമാചാരവും
ഭിന്നനീതിയുംപൂണ്ടു ഭരിച്ചാരേവം ലോകം.

കരയിൽ കുത്തിക്കൊല്ലും ചോരന്മാർ നടമാടി
കടലിൽ ശിലാചിത്തർ കൊള്ളക്കാർ കളിയാടി

സാമാദിചതുരുപായങ്ങളുമനുഷ്ഠിച്ചു
റോമാക്കാർ പതുക്കവെ വിസ്തൃതമാക്കി രാജ്യം

തുണ്ടുതുണ്ടായിക്കണ്ട രാജ്യങ്ങളെല്ലാമേക-
വെൺകൊററക്കുടയ്ക്കുള്ളിലാക്കിനാരവർ മന്ദം

കൈസറാം ചക്രവർത്തി സർവലൗകികശാന്തി
കൊട്ടാരത്തിലും ചെറുകുടിലിങ്കലും ചേർത്തു.

ഗ്രീക്കുഭാഷയെ രാജഭാഷയാക്കിനാർ ഗ്രേക്കർ
ദിക്കുകൾതോറുമതിൻ പ്രാമാണ്യം പരത്തിനാർ.

വിഷ്ടപസ്രഷ്ടാവിന്റെ മന്ദിരം കാത്തു യൂദ-
രൊട്ടേറെ വർഷക്കാലം ഫലസ്തീൻ ഗിരികളിൽ.

പിന്നീടു സർവശക്തനവരെച്ചിതറിച്ചു
മന്നിലങ്ങിങ്ങായവർ മന്ദിരംതീർത്തുവാണു.

വ്യാപാരവിഷയത്തിൽ നൈപുണ്യം സമ്പാദിച്ചു
വമ്പെഴും കുബേരത്വം പെട്ടെന്നു കൈക്കലാക്കി.

സാമ്രാജ്യസീമയ്ക്കുള്ളിൽ നേടിനാർ പ്രാബല്യവും
സാമ്രാജ്യത്തിനുപുറത്തത്ഭുതസ്വാധീനവും

പ്രാമുഖ്യം സമാർജ്ജിച്ചോരിമ്മൂന്നുവർഗ്ഗക്കാരും
പ്രത്യേകം പ്രതീക്ഷിച്ചു ക്രിസ്തുവിൻ സമാഗമം

ജാത്യഭിമാനം, കലാഭക്തി, സാഹിതീബോധം
തത്വശാസ്ത്രവിജ്ഞാനം സൗന്ദര്യപൂജാശീലം

സൽക്കാവ്യസൃഷ്ടിക്കുള്ള കല്പനാശക്തി, വേണ്ടും
സംസ്കാരവിശേഷങ്ങളിവകയൊക്കെച്ചേർന്നു,

ക്ഷോണിയിൽ വിളങ്ങിനാർ ഗ്രീക്കുകാർ, പക്ഷേ മതം
കാണാത്തസംസ്കാരങ്ങൾ നിഷ്ഫലപ്രായമല്ലീ?

കാലക്രമത്തിൽ ഗ്രീസിൻ സുവർണ്ണകാലം നീങ്ങി
മെല്ലവേ നഷ്ടപ്പെട്ടു രാഷ്ട്രീയപ്രതാപവും

പാപത്തിൻ കറയേററ ജീവിതസുഖങ്ങളെ
പ്രാപിച്ചാർ മതബോധരീതിയും വിസ്മരിച്ചാർ

റോമ്യരോ ദിനംതോറും ശക്തിയിൽ, വിജയത്തിൽ
കാമ്യമാംപുരോഗതികൈക്കൊണ്ടു സംശോഭിച്ചു

എങ്കിലുമാക്കൂട്ടർതൻ ഗാർഹികജീവിതങ്ങൾ
പങ്കിലതരങ്ങളായ്ത്തീർന്നുകൊണ്ടിരുന്നതേ

ഹിംസ്രജന്തുക്കളേപ്പോലന്യോന്യം കൃപാഹീനം
ഹിംസിപ്പതവർക്കൊരു ലീലയായ്ക്കലാശിച്ചു.

റോമിലേ റോഡിൽക്കൂടി മൂന്നുപേർനടന്നെന്നാ-
ലാമനുഷ്യരിൽ രണ്ടുപേരടിമകളായി.

പ്രാമാണ്യമേറുമവരന്നേത്തു നാരിയേയും
കാമസംപൂർത്തിക്കായികൈകാര്യംചെയ്തിരുന്നു.

മതവും സർവേശനും പൊയ്പ്പോയി റോമിൽനിന്നും
പതുമയ്ക്കായിട്ടവരാശിക്കാനാരംഭിച്ചു.

യൂദരുമവരുടെ മതത്തിലതൃപ്തരായ്
നൂതനയുഗത്തിന്നു കാംക്ഷപൂണ്ടാവസിച്ചു.

വിശ്വമിമ്മട്ടിലെന്തെന്നോതുവാനാവില്ലാത്ത
വിഭ്രാന്ത വികാരത്തിന്നടിപ്പെട്ടുഴലവേ

വിശ്വകാരണൻ പള്ളികൊള്ളുന്ന കൊട്ടാരത്തിൽ
വിണ്ണവരെല്ലാവരും കാര്യമായ് സമ്മേളിച്ചു.

ഘോരമാമിരുട്ടിന്റെ മുഷ്ടിയിൽ ഞെരുങ്ങുന്ന
പാരിന്നു പരിചോടേ മോചനം നൽകീടുവാൻ

പ്രാതികൂല്യങ്ങൾകൂടാതൊന്നിച്ചു നിശ്ചയിച്ചു.
സത്വരം കൊളുത്തുവാൻ നിത്യമാം "വിശ്വദീപം"

## പുരോഹിതനായ സഖറിയാ

ശ്രീ"യഹൂദ്യ"യെന്നുള്ള നാമത്തോടവനിയിൽ
ശ്രീമത്താമൊരു രാജപത്തനമക്കാലത്തിൽ

യൂദന്മാർക്കഖിലവുമാരാധ്യസ്ഥാനമായി
മേദിനീതിലകംപോലുന്നിദ്രമുല്ലസിച്ചു.

മേഘമാർഗ്ഗത്തെപ്പോലുമതിലംഘിച്ചു, നേത്ര-
മോഹനതരങ്ങളാം സൗധസഞ്ചയങ്ങളും

ദേവമന്ദിരങ്ങളും, സൗരഭ്യമൊഴിയാത്ത
പൂവനങ്ങളും, രമ്യ ശീതളകൂപങ്ങളും

വീരതചേരും ധീരപൂരുഷന്മാരും, മഹാ-
ശൂരസൈനികന്മാരും, ഭക്തരാം യതീന്ദ്രരും

ഭൃംഗസഞ്ചയങ്ങൾക്കുംഭ്രാന്തിചേർക്കുമാറുള്ള
ഭാസുര മുഖാബ്ജങ്ങളൊത്തൊരംഗനകളും

ചേർന്നു സൽപ്പുകളെങ്ങും വീശിയ തൽപ്പുരത്തെ
മന്നവൻ ഹെരോദാഖ്യൻ ഭരിച്ചുവാഴും കാലം,

"അബിയാ"ക്കൂറിൽപ്പെട്ട വൈദികൻ "സ്കറിയാ"യെ
ന്നഭിധേയനാമൊരു സുജനാർച്ചിതവൃത്തൻ

അഹറോനാചാര്യൻ തൻ നന്ദിനിമാരിലൊരു
മഹിളാമണിയാളെ മംഗല്യം ചെയ്തുവാണു.

ബന്ധുരാംഗിയാമവൾ ശതവത്സരം ഹന്ത!
സന്താനമില്ലാതേററം ദുഃഖിച്ചു വിവശയായ്

അനപത്യാധി നീങ്ങാൻ സന്തതം തൽപ്രാണേശ-
നനഘൻ "യഹോവ" തൻതൃപ്പദമാരാധിച്ചു.

ഒരുനാൾ മഹാചാര്യൻ ദേവമന്ദിരത്തിലെ–
പ്പരിപാവനവേദിസാദരം സംപ്രാപിച്ചു,

ജനസഞ്ചയം ബഹിർഭാഗത്തു ദേവനാമം
ജപിച്ചു കരംകൂപ്പി നമ്രശീർഷരായ് നിൽക്കെ,

പൗരോഹിത്യാചാരാനുസാരമത്യന്തഭക്ത്യാ
പാവനധൂപാർച്ചനം നടത്തി വിധിപോലെ.

ധൂപവേദികയുടെ ദക്ഷിണഭാഗത്തപ്പോൾ
ധീമയങ്ങിടുമാറു ദർശിച്ചാനൊരുകാന്തി

സുപ്രഭപരത്തിയ ദേവദൂതന്റെ മുമ്പിൽ
സംഭ്രാന്തഹൃദയനായ് വൈദികൻ നിലകൊണ്ടു.

തദ്രംഗം കണ്ടു പാരമത്ഭുതപ്പെട്ടോതിനാൻ
ഗബ്രിയേലെന്ന നാകനായകമുഖ്യദൂതൻ.

"വേണ്ട, ഭീതനാവുകവേണ്ട നീ,നിന്നർത്ഥന
വേണ്ടപോൽ വിണ്ണിൻ നാഥൻ ശ്രവിച്ചുകഴിഞ്ഞുതേ.

നിൻകാന്തയേലീശ്വാ ഗർഭിണിയാകും നൂനം,
സങ്കടംതീരും നിനക്കുണ്ടാകും സുതൻ വേഗം.

"യോഹന്നാ"നെന്നു നാമംനൽകണമവന്നു നീ
യോഗമുണ്ടവന്നീശസമക്ഷം മഹാനാകാൻ.

മാതൃഗർഭത്തിൽവച്ചേ പൂരിതപവിത്രാത്മാ
മുന്തിരിച്ചാറോ മററു മദ്യമോ കുടിക്കില്ല.

യിസ്രായേൽപ്പുത്രന്മാരിലൊട്ടേറെപ്പേരെയവൻ
കർത്തൃസന്നിധിതന്നിൽ പ്രത്യാവർത്തിതരാക്കും;

താതമാനസങ്ങളെ സന്താനങ്ങളിലേക്കും
ധിക്കൃതമതികളെ നീതിബോധത്തിലേക്കും.

ഏലിയാവിൻ പ്രഭാവത്തോടൊത്തു ജനങ്ങളെ-
ച്ചാലവേ സജ്ജരാക്കും പ്രഭുവിന്നായിന്നൂനം"

വല്ലാത്തസംഭ്രമത്താൽ സ്വർഗ്ഗദൂതൻെറവാക്യം
തെല്ലുമേവിശ്വസിപ്പാൻ ശക്തനായില്ലയോഗി

"ഒരുനാളിലുംഭവിക്കാത്തൊരീക്കഥയെല്ലാ-
ക്കരുത്തുംനശിച്ചേറെ പ്രായവുംചെന്നിരിക്കും

നരരേക്കുറിച്ചേവം പറഞ്ഞുതുടങ്ങിയാൽ
കരളിൽ പരിതാപം മേൽക്കുമേൽ വളർത്തിടാം

മഴപെയ്യുമോ മേഘമില്ലാതെ,? വസിക്കുമോ
മരുഭൂമിയിൽ വല്ലമത്സ്യവു"?മെന്നാൻയോഗി

ആവിഷ്ടകോപംകഥിച്ചീടിനാൻ ദിവ്യദൂതൻ.
"ദേവലോകത്തിൽനിന്നു സാമ്പ്രതമാഗതൻ ഞാൻ

കളിയാടുവാൻ പുറപ്പെട്ട ബാലകനല്ല
പൊളിവാക്കുരച്ചെന്നു നീ നിനച്ചതുമൂലം

ഓമനക്കുമാരകൻ ജനിക്കും നാൾവരെയ്ക്കു-
മൂമനായ്ഭവിക്കും നീ" മറഞ്ഞാൻ ദൈവദൂതൻ.

## ആശീർവാദം

നീലവിണ്ടലത്തിൻെറ ഖണ്ഡംപോലുലകത്തിൻ
ലോലമോഹനശ്രീലലോചനമെന്നപോലെ

സന്തതം തൂവെണ്ണുരപ്പുഞ്ചിരിപ്പൂത്തുസൂന–
സഞ്ചയംതൂകിവാഴ്വൂഗലീലാജലാശയം.

തദ്വാരിനിധിയുടെ ഹൃദ്രമപദമേന്തി-
പ്രാന്തത്തിൽ വിളങ്ങുന്നു "സെബുലൻ" മഹീധരം

ആമഹീധരത്തിന്റെ സാനുവിൽ "നസ്രേത്തെ"ന്ന
കോമളസസ്യാവൃതശ്യാമളദേശം കാണാം.

മാനസം സർവ്വേശ്വരപാദപാദപത്തിന്റെ
മാൺപെഴും തണലാക്കി മാനവസ്തുതനായി,

സോളമാന്വയാംഭോധിജാതചന്ദ്രനാം ജോസ-
ഫല്ലലെന്നിയെ നിജവാഗ്ദത്തവധുവൊത്തു

വസിച്ചാൻ തദ്ദേശത്തിൽ നിർദ്ധനനെന്നാകിലും
വിശപ്പുപോക്കാനുള്ളവേലയിൽ നിരതനായ്.

ഒരുനാൾ നിശീഥത്തിലാപ്രതിശ്രുതയാകും
തരുണീമണി കേട്ട പാവനം ഗാനമേവം.

"നന്മയ്ക്കു കേദാരമാം കന്യകേ, വിജയിക്ക
കന്മഷരഹിതനാമീശ്വരൻ വാഴ്വൂ നിന്നിൽ

നീതന്നെ സാക്ഷാൽ ജഗദംബിക, കുലാംഗനാ-
വ്രാതത്തിൽ നിന്നെപ്പോലെ ധന്യയായ് വേറില്ലാരും"

കന്യകവിഭ്രമിച്ചാൾ, ബാലസൂര്യനെവെല്ലും
കാന്തിവീശിയണഞ്ഞെത്തി ഗബ്രിയേൽ പുരോഭുവി

ഓതിനാൻ വീണ്ടും ദൂതൻ "വേണ്ടല്ലോ ഭീതിതെല്ലും
സ്ഫീതകാരുണ്യവർഷം പൊഴിപ്പൂ നിന്മേലീശൻ

നിന്തിരുവടി ഗർഭവതിയായ് തീരും, ദിവ്യ-
സൗന്ദര്യസങ്കേതമാം പുത്രനും ഭൂജാതനാം

നൽകണമവന്നു "ശ്രീയേശു"വെന്നഭിധാനം
നാകനായകസുതനെന്നവനാഹൂതനാം.

താവക കുലകലശാബ്ധിചന്ദ്രനായ്, കീർത്തി-
ധാവള്യം പുരാ ധരാമണ്ഡലമെങ്ങും ചേർത്ത

ദാവീദാമരചന്റെ കാഞ്ചനസിംഹാസനം
ദൈവം നിൻകുമാരന്റെ പാദത്തിൽ സമർപ്പിക്കും

യാക്കോബിൻഗോത്രത്തിനു രാജാവായ്തീരും ദൃഢ-
മാക്കമനീയരൂപൻ ഭാവൽക്കപ്രിയാത്മജൻ.

തദീയസാമ്രാജ്യമൊ നിരന്തം നിരാതങ്കം
തദീയ ജയവൈജയന്തിക്കില്ലധോഗതി

പറഞ്ഞാൾ പികവാണി, "ഭർത്തൃസംഗമമെന്യേ
മതുവുമെനിക്കുണ്ടോ സന്താനസുഖപ്രാപ്തി"

പറഞ്ഞാൻ ദൂതൻവീണ്ടും "പരിശുദ്ധാത്മാവെഴു-
ന്നരുളും നിന്നിൽ ദൈവശക്തിയും നിഴൽവീശും

സന്ദേഹമെന്തിന്നു നിന്നമലോദരത്തിങ്കൽ
വന്നുദിക്കുന്ന പുത്രനീശാത്മസംഭൃതൻതാൻ.

പരിശുദ്ധാത്മാവിനാലന്തസ്സന്തതിയായി
പരിശോഭിപ്പൂ പടുവൃദ്ധയേലിശബേത്തും

മച്ചിയെന്നഖിലരും വിശ്വസിച്ചിരുന്നോൾക്കു
മാസമിന്നാറാണീശമഹിമയ്ക്കതിരുണ്ടോ?"

വല്ലായ്മയെല്ലാംനീക്കി നിർഭരം വിനീതയായ്
നല്ലാരിൻമുടിയാകും മറിയാം ചൊന്നാളേവം

"ചൊല്ലാളുംദൈവത്തിന്റെ ദാസിയാണടിയാൾ; നിൻ
ചൊല്ലുപോൽഭവിക്കട്ടെ"ദൂതനങ്ങദൃശ്യനായ്

മാമരുപ്രാന്തിതാമാറുന്നു കേദാരമായ്
മാരിപെയ്യുന്നു മേഘമില്ലാതെ മരുൽപ്പഥം

പാറമേൽ പരിശുദ്ധ പങ്കജം വളരുന്നു.
പാദപം പുഷ്പിക്കാതെ സൽഫലം കായിക്കുന്നു.

## ഒരു സന്ദർശനം

പൂർവ്വഭൂധരോപരിബാലഭാസ്കരൻ ശോണ-
പ്പൂമ്പട്ടു വിരിക്കവേ; വൃക്ഷങ്ങൾ പുഷ്പിക്കവേ;

ദിനലക്ഷ്മിയെക്കണ്ടു സാനന്ദം വിഹംഗമ-
സ്വനത്താൽ സരോജിനി സ്വാഗതമരുളവേ.

സർവ്വേശസുതോത്ഭവ സംപൂതോദരിയായ
ദിവ്യകന്യകാമണി "മറിയാം" പുറപ്പെട്ടു

സക്കറിയാവിൻപത്നിവാണിടും ഗൃഹംപുക്കു
സ്വസ്തിമന്ത്രസംഗീതം പൊഴിച്ചാൾ വിനീതയായ്

വാർതിങ്കൾപ്രഭകണ്ട പാൽക്കടലെന്നപോലെ
വാരിദകാന്തികണ്ട ബർഹിണമെന്നപോലെ

ഗർഭധാരണ ശരൽക്കാലസംഗമംകൊണ്ടു
യൗവനപ്രസൂനത്തെപ്പിന്നെയുംവിടർത്തിയ

വൃദ്ധയാമേലീശ്വാവാവല്ലരി നൃത്തംചെയ്തു
മുഗ്ദ്ധാധരോഷ്ഠപത്രമുരളീനാദംതൂകി.

"വനിതാവൃന്ദങ്ങളിൽ പ്രാപ്തമംഗലനീ, നിൻ-
കനകോദരത്തിലെപ്ഫലവും കൃതഭവ്യം.

വാനവകുലാധീശനന്ദനമാതാവിന്നീ
മാനവകുലസ്ത്രീയെത്തേടുവാൻ ഞാനെന്തുള്ളൂ?

വാഹിനിവാരാശിയെത്തേടിപ്പോകയല്ലാതെ
വാരാശിതേടാറുണ്ടോ വാഹിനീപ്രാന്തങ്ങളെ

പാവനാത്മികേ, പൂർണ്ണമാധുര്യംതുളുമ്പുന്ന
താവകകുശലോക്തിമന്ദാരമകരന്ദം

മാമക കണ്ണുങ്ങളിലാപതിച്ചപ്പോളാര്യേ
നിമ്മലൻ ഗർഭസ്ഥിതൻ സാനന്ദം നൃത്തംചെയ്തു.

വിശ്വരൂപനിൽപ്പരം വിശ്വാസമുറയ്ക്കയാൽ
വിശ്വവന്ദ്യയാമങ്ങു സൗഭാഗ്യവതിയായി.

നാകനായകൻ മുദാ കല്പിച്ച സൽക്കാര്യങ്ങൾ
നാരികൾ മണിയാകും നിന്നിൽ സംപൂർത്തിയാകും"

ഓതിനാൾ പ്രത്യുത്തരം ശ്രീമേരി—ദൈവത്തിൻെറ
മാതാവു, കാപട്യത്തെക്കാണാത്ത കപോതിക.

"കീർത്തയന്തിമമപ്രാണാ
മഹിമാനം സദാപ്രഭോഃ

മമാത്മാ ച പ്രഹൃഷ്ടോഭൂദ്
ഈശ്വരേ താരകേ മമ

സ്വദാസ്യാ ദീനതായാംസ
ദൃക്പാതം കൃതവാൻ യതഃ

പശ്യാദ്യാരഭ്യവക്ഷ്യന്തി
ധന്യാം മാം സാർവകാലികാഃ

മദർത്ഥം ഗുരുകർമ്മാണി
കൃതവാൻ സർവശക്തിമാൻ

നാമധേയഞ്ചയത്തസ്യ
തത്പവിത്രം സ്മൃതംകില.

തസ്മാദ്ഭീതാമനുഷ്യായേ
തേഷാമേവകൃതേസ്ഥിരാ

പുത്രപൗത്രാദിഭിർഭോഗ്യാ
കരുണാ തസ്യവർത്തതേ,

കർമ്മ വിക്രമസിദ്ധം സ
കൃതവാൻ സ്വീയബാഹുനാ

ഉദ്ധതാംശ്ചിത്തസങ്കല്പൈർ–
മനുഷ്യാൻ സ വികീർണ്ണവാൻ.

സകർത്തൃത്വവിശിഷ്ടാംശ്ച
കൃതവാ നാസനച്യുതാൻ

യേ ച നീചാ മനുഷ്യാംസ്താൻ
ചകാരോച്ചപദാന്വിതാൻ.

ക്ഷുധിതാൻ പൂരയാമാസ
സദ്രവ്യൈരുത്തമൈഃ പുനഃ

ധനിനസ്തു മനുഷ്യാൻ സ
രിക്തഹസ്താൻ വിസൃഷ്ടവാൻ

ഇസ്രായേലം സ്വദാസഞ്ചോ–
പാകാർഷീത് സ സഹായവത്

ദയാംസ്മർത്തും യഥാപ്രോക്താ-
സ്തേനാസ്മത് പൂർവപൂരുഷാഃ

അബ്രാഹാമേ ഫലിഷ്യന്തീം
തദ്വംശേ ച യുഗക്രമാത്"

വി: ലൂക്കോസ് 1: 46–56

മഹിമപ്പെടുത്തുന്നു മാമകദേഹിയിതാ
മഹിമാസനസ്ഥനാം മാമകപ്രഭുവിനെ

വിലയിക്കുന്നു മമ മാനസം വിണ്ണോരെല്ലാം
വണങ്ങും രാജരാജഹൃദയസമുദ്രത്തിൽ

പാലകനാമീശ്വരനോടുള്ള സമ്പർക്കത്താൽ
പ്രോല്ലസിച്ചീടുന്നിതാ മാമകാത്മാവിക്കാലം

കേവലമൊരുദാസിതന്നുടെ താഴ്മകണ്ടി-
ട്ടാവോളം കൃപാവർഷംതൂകിനാൻ തിരുവടി.

ധന്യയെന്നഖിലരും സന്തതം സ്തുതിച്ചീട-
മെന്നെ, ഹാ ശക്തനെന്നിൽ വൻകാര്യം നിക്ഷേപിച്ചു.

തന്തിരുവടിയുടെ ബന്ധുരനാമമെന്തും
സന്തതം പരിശുദ്ധമാശ്രിതകൃപാമൃതം

പരമേശ്വരനിതാ തൻഭുജവീര്യത്തിനാൽ
ദുരഹങ്കാരംപൂണ്ട മർത്ത്യരെച്ചിതറിച്ചു.

കട്ടിപ്പൊൻമുടിചൂടി വാണമന്നവന്മാരെ-
പ്പട്ടണനടുത്തട്ടിൽ ഭിക്ഷുക്കളായിത്തള്ളി

കിടപ്പാനിടംകിട്ടാഞ്ഞുഴന്ന ഭിക്ഷുക്കൾ തൻ
മുടിയിൽ കിരീടത്തെച്ചാർത്തുന്നു സർവ്വേശ്വരൻ.

ക്ഷുത്തിനാൽ വലഞ്ഞവക്കരുളീ പരിതൃപ്തി
വിത്താധിനാഥന്മാരെപ്പട്ടിണിക്കാരായ് വിട്ടു.

പൂർവ്വരാം പിതാക്കളോടോതിയപോലെ ദൈവം
പാരമാധിയിൽപ്പെട്ട ജനത്തെസ്സഹായിച്ചു."

ഒരുനൽത്തടത്തിങ്കലുണ്ടായലതായുഗ-
മൊരു സല്ലതികയിൽ പുഷ്പിച്ചമലർദ്വന്ദ്വം

ഇമ്മട്ടിലൊരുമിച്ചു വസിച്ചാർ മാസത്രയം
നിർമ്മലചരിതകളാരണ്ടു വധൂടികൾ.

## നാമലേഖനം

തൻധർമ്മപത്നി സാക്ഷാൽ കന്യക,മഴവില്ലിൻ
സത്തെടുത്തുണ്ടാക്കിയ മന്നിലെമേലത്തയ്യൽ

മധുപംതൊടാത്തൊരു കാനനസരോരുഹം
മനുഷ്യൻസ്പർശിക്കാത്ത സാഗരദിവ്യരത്നം

കാല്യകാലത്തെക്കട്ടിക്കനകപ്രഭാകര-
കാന്തിയെക്കൈക്കൊണ്ടൊരുത്തുമഞ്ഞിൻകണംപോലെ

സർവേശവരത്തിനാലാർന്ന ഗർഭസമ്പത്താ-
ലവ്യാജമനോഹരം ലാലസിപ്പതുകണ്ടു,

കന്മഷരഹിതനാം "യൂസഫൻ" ജഗദീശ
നിർമ്മലപദാംഭോജം നമിച്ചുകാലംപോക്കി.

സാർവഭൗമനാം കൈസർ നിശ്ചയിച്ചുറച്ചനാൾ
തൻ പ്രജാസഞ്ചയത്തിൻസംഖ്യ നിർണ്ണയിക്കുവാൻ

ശക്തനാമദ്ദേഹത്തിൻ കല്പന സാമ്രാജ്യത്തിൻ
സീമയോളവുംചെന്നു സുവ്യക്തമായ് മുഴങ്ങി.

കാററിനാലലയേലും സമുദ്രമെന്നപോലെ
തെറെറന്നുജനാവലി നാടൊട്ടുക്കിളകിനാർ

തിരിച്ചാരവരവർ ജനിച്ചദിക്കിലേക്കു-
ത്വരിതം പ്രജാവൃന്ദം വിസ്മൃതവർഗ്ഗഭേദം

തൻകുലപതിയൊത്തു ദാവീദിൻപുരംനോക്കി
മംഗളാത്മകാഗ്ര്യനാം യോസേപ്പും പുറപ്പെട്ടു.

കഴുതപ്പുറത്തു തൻകാന്തയെ, വിരിപ്പിന്മേൽ
കയററിപ്പതുക്കവെ നടന്നാൻ പ്രിയതമൻ

കണ്ടകാകീർണ്ണമായ കാട്ടുപാതകൾ, പാറ-
ക്കൂട്ടങ്ങൾ നിറഞ്ഞുള്ളൊരുത്തുംഗ പർവതങ്ങൾ.

മൂണ്ടിയവിരൽത്തട്ടം പുഴകൾ; തുഷാരത്തിൻ
കട്ടികൾപട്ടുത്തുള്ള സാനുക്കളിവയെല്ലാം

കാന്തൻെറകൈത്താങ്ങേററു സൂക്ഷിച്ചുകടന്നാളാ-
കാന്തയാൾ ഗർഭക്ലേശം ലേശവും കരുതാതെ

നാസറത്തിലെഗൃഹംവിട്ടു തെക്കോട്ടുമൂന്നു-
നാളുകൾ നടന്നേററം കുഴഞ്ഞയൗസേപ്പിന്നു

മാർഗ്ഗമദ്ധ്യത്തിൽ ചിലവെള്ളാട്ടിൻകുട്ടികളും
മായംവിട്ടോടക്കുഴലൂതിയോരിടയരും

മുത്തുദിപ്പിച്ചെന്നല്ല; തൻകുലജാതന്മാരെ
പ്പേർത്തുമോർമ്മിച്ചീടുവാൻ പ്രേരണകളും നൽകി

തൻപിതാമഹന്മാരിലേകനാം ദാവീദൊരു
താരിളംബാലനായി ബേതലേം മലകളിൽ

മേഷവൃന്ദത്തെപ്പോററിക്കുത്താടിനടന്നതും
മേഘനാദാദിമൃഗവർഗ്ഗത്തെ വധിച്ചതും

ഗോലിയാത്തിനെക്കല്ലാലെറിഞ്ഞുവീഴ്ത്തിയതും
ചേലിലാവിശുദ്ധൻെറ ചേതസ്സിൽ പൊന്തിവന്നു

തുമണമെഴും തൈലംനിറച്ച പാത്രവുമായ്
കോമളൻ ദാവീദിനെ രാജാവാക്കുവാൻ മന്ദം

പഞ്ഞിപോൽവെളുത്തേററം മൃദുവായ് ചമഞ്ഞുള്ള
പാവനശ്മശ്രുക്കളും താടിയുംമുടികളും

തെന്നലിൽപ്പറക്കവേ, ബേതലേം മലയേറി
വന്ദിതൻശമുവേലാമാചാര്യൻ നടന്നതും

മലതൻതാഴ്വാരത്തിൽ വെൺകതിർവീശിക്കൊണ്ടു
വിളങ്ങും കേദാരത്തിൽ പണ്ടുപണ്ടത്തെക്കാലം

തൻകുലത്തിങ്കൽത്തന്നെ ജനിച്ച "രൂഥാ"ഖ്യയാം
പെൺകൊടി മോവാബിലെക്കന്നകൾകൈവെടിഞ്ഞു്

വന്നുചേൎന്നതും, ബേതൽഹേമിലെക്കൃഷീവല-
സുന്ദരൻ ബോവാസിന്റെ സ്നേഹം സമ്പാദിച്ചതും

സുസ്മരണാക്ഷികളാൽക്കണ്ടുയൂസഫൻ മെല്ലെ
തന്മാന്യകാന്തയാളെസ്സാദരം സംരക്ഷിച്ചും

ഒരുമട്ടിൽച്ചെന്നെത്തി ബേത്ലഹേംപുരം തന്നിൽ
തിരക്കി വിശ്രമിപ്പാൻ പററിയനികേതനം.

പൊതുമന്ദിരങ്ങളും പൗരർതൻ ഗൃഹങ്ങളും
പേർവഴിച്ചാർത്തപ്പെടാനുള്ളോരാൽ നിറഞ്ഞുപോയ്

സന്ധ്യയാവോളംതേടിനടന്നാർ പാൎക്കാനിടം
സന്ധ്യയ്ക്കുലഭിച്ചതോ കേവലംഗോവിൻശാല.

കന്നുകാലികൾക്കുള്ള കച്ചിയും പച്ചപ്പുല്ലും
കൂട്ടിയിട്ടിരുന്നോരു കോണിലാസതീരത്നം

ദീർഘയാത്രയാലേററം ക്ഷീണിച്ചുകാന്തിമങ്ങി
ദേവദേവനെഹൃത്തിൽചിന്തിച്ചുവിശ്രമിച്ചു.

തത്രനിന്നല്പംദൂരെ"പ്പാരഡൈസെ"ന്നപേരി-
ലുത്തുംഗമായിനിന്നശൈലത്തിൻപീഠത്തിന്മേൽ

കുപ്രസിദ്ധനാം "ഹേരോദേസെ"ന്ന നൃവരന്റെ
കൊട്ടാരം ജീമൂതത്തിൻ വീഥിയെത്തൊട്ടുനിന്നു.

തൽപ്രാന്തത്തിങ്കൽ രമ്യഹൎമ്മ്യങ്ങളനേകങ്ങ-
ളുപ്പാർത്ഥിവാലയത്തിൻകുട്ടികൾപോലെമിന്നി.

ആയതിലോരോന്നിലുമന്നത്തെ നിശീഥത്തി-
ലാഹ്ളാദകളകളം മുഴങ്ങിപ്പൊങ്ങിക്കേട്ടു.

നൎത്തനമൊന്നിൽ, നാനാവാദ്യഘോഷങ്ങളൊന്നിൽ
നാടകമൊന്നിൽ പാട്ടുകച്ചേരിമറെറാന്നിങ്കൽ

വിഭവസമൃദ്ധമാം സൽക്കാരമൊന്നിൽ,വേശ
വനിതാകുലത്തിൻെറ ലീലകൾ മറെറാന്നിങ്കൽ

ലോകത്തിൻഗതി, ഹാഹാ, ഭൂസ്വർഗ്ഗംപാലിക്കേണ്ട
ശ്രീകരനുടെ ദിവ്യമാതാവാക്കാലിക്കൂട്ടിൽ.

ദീനയായ്‌വാഴുന്നുവെന്നുള്ള യാഥാർത്ഥ്യമന്നു
വാനവദൂതസംഘം മാത്രമേ ധരിച്ചുള്ളൂ.

## അജപാല മൈതാനം

അന്നത്തെരാവിൻെറമാഹാത്മ്യമോതുവാ-
നന്നത്തെപ്പൊന്നണിസ്സന്ധ്യയിങ്കൽ

വാരുണീമാനിനി നെററിയിൽ തൊട്ടൊരു
ചാരുവാം സിന്ദൂരപ്പൊട്ടുപോലെ.

പത്മരാഗാഞ്ചിതകാന്തിയെക്കൈക്കൊണ്ട
നിർമ്മലതാരമൊന്നുജ്ജ്വലിച്ചു.

ക്രൂരാതപത്താലിക്ഷോണിതപിപ്പിച്ച
സൂരൻതാനേതൊഹൃൽഭീതിമൂലം

പാടവംകൈവിട്ടു വാരിധിക്കുള്ളിലെ-
ക്കൂടാരംതന്നിലൊളിച്ചു ശീഘ്രം

ശീതംപൂരണ്ടൊരുഹേമന്തവാതത്തിൻ
ഗീതംമുഴങ്ങി മുരളിപോലെ.

താരകവൃന്ദമാം കൈരവത്താരുകൾ
തിങ്ങിനനാകമാം പൊയ്‌കതന്നിൽ

വാർതിങ്കളാകിനപുണ്യമരാളകം
വിസ്‌തൃപക്ഷംവിളങ്ങിനിന്നു

നീലാംബരാരാമപ്പാലൊളിപ്പൂവാം, നൽ-
പ്രാലേയം പാരിൽപ്പൊഴിഞ്ഞുപാരം.

ബേതലേംവിട്ടൊരുനാഴികദൂരെയായ്
പാദപപാളീപരീതമായി

നേരിയ പച്ചന്തൽകഞ്ചുകസഞ്ചയ-
ധാരികളായ നൽപ്പൂച്ചെടികൾ

കൌമുദിയാകിന വെണ്മയശയ്യയിൽ
നിർമ്മായനിദ്രയിലാണ്ടുമേവും

ചേതോഹരമായ മൈതാനമൊന്നതാ
ജാതോരുശോഭംതെളിഞ്ഞുകാണ്മൂ.

വാരാശിതന്നിലെപ്പച്ചത്തുരുത്തുപോൽ
പാരംലസിക്കുമാരമ്യഭൂവിൽ.

കാല്യകാലംമുതൽ കാട്ടിലും മേട്ടിലും
പുല്ലുമിലകളുംതേടിത്തേടി

ഓടിയും ചാടിയും നീളെനടക്കുമാ-
ക്കൌടില്യം പററാത്ത മേഷവൃന്ദം

വാനിൻെറ കോണിലായ് ക്കൂടിയ വെണ്മയ-
വാരിദഖണ്ഡങ്ങളെന്നപോലെ

സ്വീകൃതശാദകചർവ്വണലോലരായ്
സ്വാപത്തലോടലാലാടുവോരായ്

തങ്ങളിൽ തങ്ങളിൽ തട്ടിയും മുട്ടിയും
തിങ്ങിനസൗഖ്യത്തെപ്പൂണ്ടുവാഴ്‌വൂ.

അങ്ങവയ്ക്കേററമടുത്തു താനാറേഴ-
മംഗലശീലരാമാട്ടിടയർ

മേഷൗഘക്ഷേമാർത്ഥം സർവേശ്വരനേയും
മേനിതണുക്കായ് വാനഗ്നിയേയും

സേവിച്ചു പൂർവരാം പുണ്യവാന്മാരുടെ
പാവനവൃത്തംപറഞ്ഞിരിപ്പും.

## സ്വർഗ്ഗീയ സേനാഗാനം

പാതിയായ് ശർവരി വാനവദൂതന്മാർ
മാത്രമന്നാരെയൊ നോക്കിപ്പാർത്തു.

എന്തുനിന്നോ മലർത്തേന്മഴപെയ്യുന്ന
മംഗലനാദമൊന്നപ്പൊഴുതിൽ

ആട്ടിടയന്മാർ തൻ കാതിൽ കടക്കയായ്
കാട്ടിലെപ്പാട്ടിലാർവിഭ്രമിക്കാ?

കോകിലസന്ദോഹം കാലമറിയാതെ
രാഗവിസ്താരംനടത്തുകയോ

പാടവംകൂട്ടുന്നവൈണികരാരാനും
പാർശ്വസ്ഥലിതന്നിൽ പാർപ്പതുണ്ടോ?

പാലഞ്ചുംവാണിമാർ കണ്ണംതെളിക്കുവാൻ
പല്ലവിസാധകംചെയ്യുകയോ

ശ്രീകാളം ദേവാലയങ്ങളിൽനിന്നു മാ-
ത്തങ്കക്കുഴലുകളൂതുകയോ

വിണ്ണിലെച്ചേണുററവീണതൻ നാദമീ
മന്നിടംതന്നിൽപ്പകർത്തുകയോ

ഈവിധമാ മേഷപാലകരെല്ലാരും
താവിടുമാശ്ചര്യമാന്നു നിന്നാർ.

താദൃശദൈവികത്തേൻ തെളിവിസ്ഫാര-
നാദംവഹിക്കുന്നപൊൻകമ്പികൾ.

മാനുഷപാണിമൃദുവല്ലരീപല്ലവം
മീട്ടിയിട്ടുണ്ടാവില്ലേതുനാളും

ചൊല്ലുവാനാവതല്ലാത്തൊരു കൗതുക-
ത്തള്ളലാൽ ദ്യോവുമാനാദസാരം

മാറ്റൊലിയാകിന നിസ്സ്വനവാഹിനി-
മാർഗ്ഗമറിയിച്ചു വിശ്വമെങ്ങും

സന്തതാവർത്തനലോലമാം ഭൂഗോള-
കന്ദുകംപോലുമാവിണ്ണൊലിയാൽ.

അല്പനേരത്തേക്കനങ്ങാതെനിന്നുപോ-
യപ്പുറമെന്തോന്നുരച്ചിടേണ്ടു.

വാനിലെത്തേനൊലിനാദത്തെലാക്കാക്കി
വിഘാതർ വിദ്രുതംകൺകൾനീട്ടി

ഭാസുരദീർഘമരീചികളെമ്പാടും
പേശലമേഘത്തിൽ ചാർത്തിനിൽക്കും

കോട്ടമേശാത്തൊരു കാഞ്ചനച്ചാറണി-
മന്ധചലംകണ്ട വരംബരത്തിൽ

തങ്കമണിക്കിരീടങ്ങളണിഞ്ഞുള്ള
മംഗളരൂപരാം ക്രൂബേന്മാരും

വെൺചിറകേലുന്ന സേരാഫന്മാരുമാ-
വൃത്തത്തിൻമദ്ധ്യത്തിൽനിന്നുപാടി.

"ഈശ്വരായോർദ്ധ്വലോകേഷു-
ഭൂയാന്മാഹാത്മ്യകീർത്തനം

ശാന്തിർഭൂയാത് പൃഥിവ്യാഞ്ച
പ്രീതിപാത്രാണി മാനവാഃ

ലൂക്കോസ് 2. 14

"ശാശ്വതലോകൈകനാഥന്നു നിത്യവും
വിശ്രുതിമുററം വളർന്നീടട്ടെ.

ക്ഷോണിയിലൊക്കെയും ശാന്തിസമീരണൻ
ക്ഷീണമിയലാതെവീശീടട്ടെ

സംപ്രീതിയാകിന വെള്ളിയോടങ്ങളിൽ
സന്തതം ലോകം കളിച്ചീടട്ടെ."

പാവന സൗരഭം പാരംപരത്തുമീ-
മോഹനസൂക്തികളായപൂക്കൾ

വാരിച്ചിതറിത്തടിൽക്കൊടിപോലവേ
വാനവദൂതന്മാർ പോയ്മറഞ്ഞു

വേദാന്തവേദികളല്ലെങ്കിലെന്തു? തൽ-
ഗീതാർത്ഥമാട്ടിടയർ ഗ്രഹിച്ചു.

## അജപാലയാത്ര

യാതൊരുദിവ്യന്റെ ചിത്തം ചലിക്കുമ്പോൾ,
ഭൂതലംഭവ്യമാം ഭാനുബിംബം

വെണ്മണൽക്കാടൊരു വിസ്തൃതസാഗരം
വെണ്മതി കേവലം വെള്ളിത്താലം

പുഷ്ക്കരമണ്ഡലം പുല്ലണിമൈതാനം
പുഷ്പങ്ങളൊക്കെയും താരകങ്ങൾ

മഞ്ഞുനീർത്തുള്ളികൾതുവൈരക്കല്ലുകൾ
മത്സ്യാദിജീവികൾ പൈങ്കിളികൾ

ജീമൂതജാലങ്ങൾ കേദാരഭൂമികൾ
തൂമിന്നൽ മന്നിലെവല്ലരികൾ.

മാമരമൊക്കെയും മാനുഷജീവികൾ
വന്മല മാണിക്യരമ്യസൗധം.

അത്രയ്ക്കു മാഹാത്മ്യംചേരുന്ന ദൈവത്തിൻ
സ്വന്തകുമാരകൻ ബേതലേമിൽ

ജാതനായെന്നുള്ള വാർത്താപ്രവാഹത്തിൽ
സത്വരമാട്ടിടയന്മാർ പാഞ്ഞു.

മാർഗ്ഗമദ്ധ്യത്തിലെച്ചമ്പകോദ്യാനവും
മാകന്ദസുന്ദരത്തോപ്പുകളും

മല്ലികാവല്ലിയും മാലേയവൃക്ഷവു-
മുല്ലസിച്ചീടുന്ന സാനുക്കളും

പൊന്നശോകങ്ങളും കുങ്കുമപ്പൂക്കളും
ചിന്നിക്കിടക്കുമാരാമങ്ങളും

വെള്ളിക്കതിരൊളിപാളുന്ന കണ്ണാടി
വെള്ളമൊഴുകുമരുവികളും

പൂനിലാവാകിയ പാവാടചുററിയ
പത്രനതാംഗിമാർ നൃത്തമാടും

മണ്ഡലമാകുമൊലീവിൻ ദ്രുമാവലി
തിങ്ങിവിരാജിക്കും ശൈലങ്ങളും

ഓമൽപ്രകൃത്യംബപോററുമാമക്കൾ തൻ
ക്ഷേമദയാത്ര മുടക്കിയില്ല.

കുന്നും തടങ്ങളും നാലഞ്ചുകാൽവയ്പു-
കൊണ്ടവരെത്രയും പിന്നിലാക്കി.

## ദൈവപുത്രദർശനം

അപ്പൊഴതങ്ങൊരു ഭൂധരപീഠത്തിൽ
ചിൽപ്രഭാനിർഝരി ദൃശ്യമായി.

ഓരോരോദിക്കിലെക്കോലയും വാരിയും
മാറിപ്പുഴകിയ കാലിക്കൂട്ടിൽ

കച്ചിയും പുല്ലും കിടക്കും കൽത്തൊട്ടിയിൽ
സ്വച്ഛന്ദം പ്രാണേശോപാന്തഭൂവിൽ

പൂർണ്ണസുധാകര ബിംബോദയത്തിനാൽ
മിന്നും പൂർവ്വാമലശൈലംപോലെ

ലോകവിലോചനം ശീതളമാക്കുവാ-
നാഗതയായ ശരത്തുപോലെ

ശാന്തമായ് വാണൊരു ശ്രീമേരീദേവി തൻ
കാന്തമാമങ്കപ്പൂമെത്തതന്നിൽ,

തൂമന്ദംമായാത്ത കല്പകവല്ലിയൊ
താരിതരം ചിന്നിയ പൂവനമൊ?

മാഹാർഘ്യമാണ്ടൊരു ഗാരുഡരത്നമൊ
കാരുണ്യലാവണ്യസാഗരമൊ

സ്വർഗ്ഗീയസംഗീതസാരംപൊഴിക്കുന്ന
സൗവർണ്ണസംരാവഗ്രാഹിണിയൊ

ജീവിതയാത്രയിൽ നേർവഴി കാട്ടുന്ന
ഭാവുകദീപനികേതനമൊ?

ത്യാഗമാം കോമള കൗശേയകേതനം
തൂക്കിയ ഗാംഗേയത്തൂമരമൊ?

ശാശ്വതാനന്ദാബ്ജശോഭിതവാപിയൊ
വിശ്വംവിളക്കീടും പൊൻവിളക്കോ?

സ്നേഹമാം കസ്തൂരിത്തൂമണം വീശുന്ന
മോഹനവല്ലരീമന്ദിരമോ?

നിർവ്വേദകോകിലം വിശ്രമം തേടുന്ന
നിർജ്ജരമാകന്ദത്തേന്മരമൊ

മദ്ധ്യാഹ്നകാലത്തും മങ്ങലേശീടാത്ത
ശീതാംശുനീട്ടീടും രാമണിയൊ?

ത്രിത്വപ്രസൂനത്തിൽനിന്നിങ്ങുചാറിയ
തത്വമകരന്ദശീകരമോ?

സത്യമാം വേദത്തിൻ മുഖ്യമൂലാർത്ഥമോ?
നിത്യമാമായുസ്സിന്നാസ്പദമോ?

പാതകമാകിന പാവകജ്വാലയേ
പ്പോക്കീടും പാവന നിമ്നഗയൊ?

മാനുഷവേഷംധരിച്ചുള്ള ദൈവിക-
സൂനുവോ സുപ്രഭാ കന്ദളമോ?

ആരുതാനെന്തുതാനേതുതാനെന്നാക്ക-
മോതുവാനാവതല്ലാത്തമട്ടിൽ

ലോകവും നാകവുമൊന്നിച്ചുചേർന്നപോ-
ലാകമ്രഭാസ്സിൽക്കളിച്ചിടുന്ന

ദേവാധിനാഥനെ, ദൈവാത്മജാതനാം
ദിവ്യകുമാരനെക്കണ്ടു പാരം

ആനന്ദതുന്ദിലരായി നിന്നീടിനാ-
രാനമ്രഭാവരായ്ത്തീർന്നിടയർ.

നേത്രസാഫല്യം ലഭിച്ചോരാസൽപ്പുണ്യ-
പാത്രസന്ദോഹം കൃതാത്ഥരായി

ഏത്തടമെല്ലാം തുറന്നവരത്യന്തം
സ്തോത്രസുധാവർഷം തൂകിയേവം

## അജപാലപൂജ

താപസമാനസ വല്ലരീജാലത്തെ
താങ്ങിനിത്തീടും സുരദ്രുമമേ,

ചേതനാപാദപ പ്രാക്തനപാദമേ,
വ്യാധിതന്മാക്കു ദിവ്യൗഷധമേ,

സൽക്കർമ്മക്കാതലേ, വാനവമാനവ-
ധർമ്മങ്ങൾബിംബിക്കും ദർപ്പണമേ,

മന്നാകുംകേദാരം തന്നിലുദിച്ചൊരു
മഞ്ജുളമിന്നലിൻ പൊൽക്കതിരേ.

പാരിജാതത്തിൻ പരോക്ഷമാം സൗരഭം
പാരിൽ പരത്തുന്ന പൂമ്പൊടിയേ,

ദേഹ വിഹീനമാം ദേഹിക്കുദേഹമേ,
ദേഹങ്ങൾക്കൊക്കെയും ദേഹിയും നീ,

നേത്രവിഹീനക്കുദർശനശക്തിനീ
ശ്രോത്രവിഹീനക്കു നൽശ്രവസ്സും

മൂകതബാധിച്ചജീവികൾക്കുത്തുത-
വാക്സുധതൂകുന്ന ജിഹ്വയും നീ

നിർമ്മലാത്മാക്കൾക്കു നിർവൃതിരംഗമേ
ധാർമ്മികക്കുൽക്കൃഷ്ടനിക്ഷേപമേ

വിശ്വാസശീലരാം വിജ്ഞസമൂഹത്തി-
നാശ്വാസദായകമന്ദിരമേ,

പാമരമില്ലാത്ത പാമരക്കപ്പൽതൻ
ശ്രീമയതാരകമാരുതനെ

വേലചെയ്‌വോർക്കെല്ലാം കൂലിയായ്, ഭാവുക-
ജാലംവളർത്തും വരിഷ്ഠഭാസ്സേ,

പട്ടിണിപ്പാഴ്‌മണൽക്കാട്ടിൽ നടപ്പോർക്കു-
പട്ടണിനിർമ്മലപ്പൂങ്കുടനീ

ശാസ്ത്രകാരന്മാർക്കു സൽക്ഷമാശക്തി നീ,
യോഗികൾക്കേകാന്തഭ്രമിയും നീ

ദേശികന്മാർക്കെല്ലാം സാർത്ഥകവാണി നീ,
ദുർഗ്രഹവേദാന്തസാരവുംനീ

നീരം കരളുകളാറുമാറൂഴിയിൽ
ചാരുന്ന ചാരുവാം വർഷവും നീ

ഞങ്ങളും ഞങ്ങൾക്കിന്നുള്ളവ സർവ്വ
മങ്ങേക്കധീനം ജഗന്നിവാസ!"

പുഞ്ചിരിക്കൊണ്ടജപാലരെസ്സുർവേശൻ
സഞ്ചിതാനുഗ്രഹരാക്കിത്തീർത്തു.

തൻമൃദുപൊന്മയ പാദത്തിൽച്ചുംബന-
ത്തുമലരെമ്പാടും തൂകിത്തൂകി

കൂടെയണഞ്ഞെത്തിയ മേഷവൃന്ദങ്ങളൊ-
ത്താട്ടിടയന്മാർ തിരിച്ചുപോയി.

## പുൽക്കൂട്ടിലെ രാജകുമാരൻ

വിഷ്ടപനാഥകുമാരകൻ കേവലം
മാട്ടിൻതൊഴുത്തിൽ ഭൂജാതനായി

കട്ടിപ്പൊൻതൊട്ടിലിൽ താലോലമാടേണ്ടോൻ
കാട്ടുകല്ലിന്മേൽ കിടന്നുറങ്ങി.

പട്ടുതലേകും പുഴക്കളെ സൃഷ്ടിപ്പോൻ
പൊട്ടപ്പഴന്തുണിത്തുണ്ടണിഞ്ഞു.

വിശ്വവൃത്താന്തത്തിൻ മാഞ്ഞഭാഗങ്ങളെ
വായിപ്പാൻ കെല്പുള്ള ദിവ്യനെന്ന്യേ

മററാരറിയുന്നു സമ്പൽപ്രഭാവത്തിൻ
മാററവും മായേന്ദ്രജാലങ്ങളും.

ഇന്നുവിൺമണ്ഡലത്തട്ടോടുമല്ലിടും
മന്ദിരം നാളെപ്പൊടിപടലം.

കല്ലോളിവീശുന്ന പൊന്മുടിചൂടുവോൻ
നാളെപ്പെരുവഴിപ്പിച്ചക്കാരൻ.

പട്ടിൽപ്പൊതിയുന്ന പൂമേനി, വേഗം, മൺ
കട്ടയായ് മാറേണ്ടും മാംസഖണ്ഡം.

ഇങ്ങനെയുള്ളോരു സംസാരനാടക—
രംഗംപുതുക്കുവാൻ വന്ന ദേവൻ

കന്നാലിക്കൂട്ടിനെത്തന്നെ നരർക്കാദ്യം
കാട്ടിയതെത്രയുമർത്ഥഗർഭം.

ശുദ്ധിയും ധാവള്യവായ്പും കലരുന്ന
ദൃശ്യംജഗത്തിനു നൽകിടുന്ന

ഗോകുലമാളുന്ന സ്നേഹവും ത്യാഗവും
നാകലോകേശനെ പ്രീതനാക്കി.

സ്വന്തസന്താനങ്ങൾ പട്ടിണിയാകട്ടെ
സ്വന്തമെയ്യേററം ചടച്ചീടട്ടെ

കാര്യമറിയാതെ തൻപരിപാലകൻ
ക്രൂരനായ് താഡനമേകിടട്ടെ.

കത്തിയുമായിക്കശാപ്പുകാർ, തന്നുടെ
കണ്ഠമറുക്കാനൊരുങ്ങീടട്ടെ,

തൻമുലപ്പാലിനാലന്യരേപ്പോററുവാ-
നെന്നുമാജ്ജീവികൾ സന്നദ്ധങ്ങൾ.

ആരറിഞ്ഞീടുന്നു സർവേശലീല തൻ
സാരവും ശാശ്വതസൗന്ദര്യവും.

കോകിലപേലവകണ്ഠവിപഞ്ചിയിൽ
കാഞ്ചനക്കമ്പികൾ പാകുന്നതും

പുമ്മയൂരത്തിൻെറ മഞ്ജുളപിഞ്ജരത്തെ
പൊൽക്കസവിട്ടുവിളക്കുന്നതും

പൂമധുവുണ്ണുവാൻ മണ്ടുന്ന കാർവണ്ടിൻ
പത്രത്താൽ തംബുരുമീട്ടുന്നതും

നാനാനിറംപൂണ്ട ചേലയുടുപ്പിച്ചു
സൂനങ്ങളിൽ മണം പൂശുന്നതും

ആരുമേകാണാതവകളിൽ മാധുര്യം
ചേരും മരന്ദം നിറയ്ക്കുന്നതും

കുന്നിച്ചെന്നാപതിച്ചാലും കലുങ്ങുന്ന
കോമളവെണ്മണൽ തിട്ടകെട്ടി.

പാറയെത്തല്ലിത്തകക്കുവാൻ കെല്പെഴും
പാരാവാരത്തെത്തടുക്കുന്നതും

ആലസ്യകൂപത്തിൽ വീഴ്ത്താതെ ലോകക്കു
വേലയും ശാന്തിയുമേകീടുവാൻ

ആക്കമൊരാപത്തണയ്ക്കാതദൃശ്യമാ–
മച്ചുതണ്ടൊന്നിന്മേൽ കോർത്തിണക്കി

ഭൂഗോളമൊന്നായ്ക്കറക്കിയനുദിനം
രാവും പകലും ചമയ്ക്കുന്നതും

പാഴ്ച്ചെളിയ്ക്കുള്ളിലായ് മാലിന്യമേലാത്ത
പാഥോജജാലം വളർത്തുന്നതും

ശീതാംശുമണ്ഡലത്തുവെള്ളിച്ചെലത്തെ
ദൃശ്യ തടാകമായ് മാററുന്നതും

മിന്നാമിനുങ്ങിൻെറ മേനിയെ, രാത്രിയിൽ
പൊന്നുംപ്രദീപമായ് തീർക്കുന്നതും

പാപക്കറകൊണ്ടുമൂടിയ കണ്ണിന്നു
പാർക്കുവാനാവാത്ത തന്തുക്കളാൽ

താരകവൈഡൂര്യക്കോടികൾ കോർത്തുകോ–
ർത്താരോ മനോഹരമാലകെട്ടി

നീലാംബരമണിപ്പന്തലിൻ മച്ചിൽ, നൽ–
ത്തോരണം നീളവേ തൂക്കുന്നതും

ചിത്രശലഭത്തിൻ പത്രങ്ങളിൽ, പല-
ചിത്രങ്ങൾ ഭംഗ്യാവരയ്ക്കുന്നതും

പിഞ്ചുചിറകുകൾ വച്ചുപിടിപ്പിച്ചു
പക്ഷികളെ വാനിൽപ്പാറിപ്പതും

പൂങ്കോഴികൾക്കെഴും കണ്ഠനാളങ്ങളെ
പാവനകാഹളമാക്കുന്നതും

യാതൊരുഭാവനാശക്തനാം സ്രഷ്ടാവാ-
ണാത്തിരുമേനി ജഗത്സ്വരൂപൻ

ഗോക്കൾ കടിച്ചു മണപ്പിച്ചുതള്ളിയ
പുൽക്കൊടിമീതെ കിടന്നിട്ടവൻ.

## ആ രാത്രി

പാരത്രികാഭനാം രാജകുമാരകൻ
പാരിന്റെ പാലനഭാരമേല്ലാൻ

ഉദ്യോഗിച്ചോരാ നിശീഥിനിയെത്രയും
ശാന്തമനോജ്ഞയായ് ലാലസിച്ചു.

മന്ദസമീരണൻ കൗതുകാവിഷ്ടനായ്
മന്നിടനായകസ്തോത്രഗീതം

ചൂളത്തിൽമൂളിക്കൊണ്ടംഭോനിധിയുടെ
ലോലമാംമേനിയിലുമ്മവച്ചു.

ആശുഗൻ മന്ത്രിച്ച ദിവ്യസന്ദേശം കേ-
ട്ടാഴി മറന്നുപോയ് നിത്യനൃത്തം.

രാപ്പാടിപ്പക്ഷികൾ നിശ്ചല കല്ലോല-
തല്പത്തിൻമേലെ ചെന്നാവസിച്ചു.

നക്ഷത്രപാളികൾ ജാതകുതൂഹല-
മക്ഷികളെല്ലാം തുറന്നുനോക്കി,

ദേവകുമാരകൻ വാഴും തൊഴുത്തൊരു
സൗവർണ്ണസൗധമായ്ത്തീർന്നുവേഗം.

പ്രാഭാതികാഭ പരന്നതു കണ്ടിട്ട-
മ്മട്ടംവെടിഞ്ഞില്ലുഡുക്കളൊന്നും

"മാറുവിൻ, മാറുവിൻ, വാസരനാഥന്റെ
തേരൊലികേൾക്കുന്നു വാനിലെങ്ങും"

ഏവമുഷസ്സിന്റെദൂതനാം ഭാർഗ്ഗവൻ
വെമ്പലോടോതട്ടെ നൂറുവട്ടം

കോടിസൂര്യാഭ കലർന്നു വിളങ്ങീടും
കന്യാതനുജന്റെ മേനിനോക്കി

കണ്ണുമറിക്കാതെ നിശ്ചലരായ് നിന്നു
വിണ്ണാകംമച്ചിലാത്താരകങ്ങൾ

പൊന്നുണ്ണിത്തമ്പുരാൻ വാത്സല്യശ്രീയാളും
പൊൽക്കരത്തണ്ടുകളൊന്നുയർത്തി,

ഭചാരിവായ് മെല്ലെ വിടർത്തിയുഡുക്കളിൽ
പാരാതനുഗ്രഹമാരിതൂകി.

വാഞ്ഛിതമൊക്കെഫലിച്ചതുപോലവേ
വാനിടംവിട്ടവ പോയ്മറഞ്ഞു.

## അന്നത്തെ പ്രഭാതം

നേരിയ ശാർവരത്താഴ്‌വരകൈവിട്ടീ-
പ്പാരിലണഞ്ഞു വിഭാതലക്ഷ്മി,

തേരിന്റെവേഗം കുറച്ചുദിവാകരൻ
പൂർവ്വാചലത്തിലിറങ്ങിനിൽക്കേ,

തന്നുടെ മേനിതൻ കാന്തികെട്ടത്തുമൊ-
രുന്നത തേജോവിലാസം കണ്ടു,

നാണിച്ചു മൂർദ്ധാവു മേഘപ്പുതപ്പിന്റെ
കോണിനാൽച്ചേറ്റമറച്ചുപോയി

നൂതനകാന്തിയിലാറാടിമോദിക്കും
ശ്രീധരഭൂതലം മേലിലെങ്ങും

തന്മുഖംകാൺവാൻ തെല്ലും കൊതിക്കയി-
ല്ലെന്നു താനാദിത്യദേവനോർത്തു.

ഭൂവിന്റെ മാർവിലുറങ്ങിക്കിടന്നൊരു
ജീവികളെല്ലാമുണർന്നെണീററു.

പുഷ്പങ്ങളേയും തൂമഞ്ഞിൻമണി ചേർന്ന
ശഷ്പങ്ങളേയുമിളാവധൂടി

കാലിത്തൊഴുത്തിൽ വിളങ്ങും കുമാരന്റെ
ലോലപ്പൂമ്പാദത്തിൽ കാഴ്ചവച്ചു.

സൂരനാം സുന്ദരകാമുകനോടൊത്തു
സ്വൈരവിഹാരത്തിലേർപ്പെടാതെ

നിസ്വനായ്മേവും സുരേശ്വരനോടുള്ള
നിർമ്മലഭക്തിയാൽ ഭൂതധാത്രി

ചിത്രവിചിത്രവിഭൂഷകളൊക്കെയും
സത്വരംദൂരെപ്പരിത്യജിച്ചു.

ഭൂതവും ഭാവിയുമൊന്നിച്ചുകാണുന്ന
ധാതാവിൻ ഭാസുരനേത്രങ്ങളിൽ

പെട്ടെന്നു തന്നുടെ ഗർഹിതവൈരൂപ്യം
പെട്ടുപോമെന്നുള്ള ഭീതിമൂലം

നാനാപരാധനഖക്ഷതം പററിയ
നഗ്നമാം തന്നുടെ മെയ്യശേഷം

മൂടൽമഞ്ഞാകിന പട്ടിനാൽമൂടുവാൻ
മന്ദസമീരനോടഭ്യർത്ഥിച്ചാൾ

ദീനരിൽ കാരുണ്യവർഷം പൊഴിക്കുന്ന
മാനവനായകൻ തൽക്ഷണത്തിൽ

കാതരചിത്തയാം കാശ്യപീദേവിയിൽ
പ്രീതിയും ധൈര്യവും കൈവളർത്താൻ

ശീതളരശ്മികൾ വീശും മിഴിയെഴും
ശാന്തിയെ സത്വരം പ്രേരിപ്പിച്ചു.

ആ മുഗ്ദ്ധമേനിയാൾ മന്ദമുരുണ്ടെത്തും
ഭൂമിതൻ നിമ്നഭാഗത്തുനിന്നും

ജീവജാലങ്ങൾതൻ കൺമുമ്പിലൊക്കെയും
ദിവ്യസമാധാനപ്പൂപൊഴിച്ചു.

നല്ലമരതകക്കല്ലിനാൽ തീർത്തുള്ള
മൗലിയണിഞ്ഞു വിളങ്ങി വിശ്വം.

പാരിടമന്നത്തെ സുപ്രഭാതത്തിങ്കൽ
പാവന മോഹന സ്വർഗ്ഗമായി

പോരിൻ വിളികളും കാഹളനാദവും
ഭേരിമുഴക്കവുമെന്നുവേണ്ടാ,

ജീവികൾക്കാപത്തണയ്ക്കുമാറുള്ളോരു
ഭാവങ്ങളൊന്നുമന്നുണ്ടായില്ല.

ശല്യഖഡ്ഗാദിയുദ്ധായുധമൊക്കെയും
സൈന്യനികേതനഭിത്തിതോറും

കേവലം ചിത്രിതാലേഖ്യങ്ങളെന്നപോൽ
കൃത്യവിമുഖങ്ങളായ്ക്കിടന്നു.

പോർക്കളരക്തത്താൽ പങ്കിലമായില്ല
പാർത്ഥിവന്മാരുടെ സ്പന്ദനങ്ങൾ.

സർവ്വസൈന്യാധിപനന്തികത്തുണ്ടെന്ന
സത്യംധരിക്കയാൽ ധാത്രീശന്മാർ

പാരം ഭയാകുലമാനസരായ് വെറും
പാവകളെന്നപോൽ പാർത്തുജോഷം

സ്നേഹം വളർന്നതെ ജീവികൾക്കൊക്കെയും
മോഹമവകളെക്കൈവെടിഞ്ഞു.

ചോരണംചെയ്തോരു വസ്തുക്കളൊക്കെയും
ചോരന്മാർ ദൂരെവലിച്ചെറിഞ്ഞു.

അന്യനെ കൊല്ലുവാൻ കത്തിയെടുത്തവൻ
തന്നുറതന്നിൽ മറച്ചതിനെ.

രോഗക്കിടക്കകൾ കൈവിട്ടുസാനന്ദം
രോഗാർത്തന്മാരെല്ലാമാർത്തുപാടി.

മന്ദിതചേഷ്ടരായ് മൃത്യുവിൻ വക്ത്രത്തിൽ
വാണവരെല്ലാം വിമുക്തരായി.

പുൽക്കൂട്ടിൽനിന്നുമഭംഗമുയർന്നയ—
ന്നാകൃപാമൂർത്തിയാം സർവ്വശക്തൻ

പാർത്തിടും സൗഭാഗ്യപൂർണ്ണമാം സൗധത്തിൻ
പൂമുഖത്തോളവുംചെന്നുമുട്ടും,

നിശ്രേണിയൊന്നന്നു നിർമ്മിച്ചു ലോകർക്കായ്
നിർമ്മലരാകിയ ദൈവദൂതർ.

തദ്ദിവ്യനിശ്രേണീമൂലം ഭൂസ്വർഗ്ഗങ്ങൾ
നിത്യബന്ധത്തിലമർന്നിന്നി.

## പരിഛേദന

പൂർവ്വകാലികധർമ്മപരിപാടി
പ്രീതിപൂർവ്വകം പൂർത്തിയാക്കീടുവാൻ

നിത്യസൗഭാഗ്യ ശീതളരശ്മികൾ
നൃത്തമാടും സുരാലയം കൈവിട്ടു

പാരിലേക്കെഴുന്നള്ളിയ ലോകൈക-
കാരണൻ കരുണാമൃതസാഗരൻ,

ദുഷ്കൃതത്തിൽ ജനിച്ചു വളർന്നിടും
ധിക്കൃതാചാരരാകിയ മർത്ത്യർക്കു

ആത്മികാംഗിക മാനസ മാലിന്യ-
ഛേദനത്തിന്റെ മാതൃക കാട്ടുവാൻ

ആ യഹൂദപ്രമാണ വിധേയനായ്
കായവേദന തെല്ലുംഗണിക്കാതെ

അഷ്ടവാസരപ്രായപ്രവേശത്തിൽ
തുഷ്ടനായ് പരിഛേദാനുഭൂതനായ്

വിണ്ണിലേക്കുള്ള സോപാന പംക്തിയായ്
മന്നിലുന്നതിപൂണ്ടുവിളങ്ങിടും

കാൽവറിമലയിൽ ചൊരിയേണ്ടുന്ന
പാവനാരുണപ്പൂമലരെന്നപോൽ

വേദനായകൻ ശോണിതബിന്ദുക്കൾ
ബേതലേമിലും തെല്ലൊന്നു വർഷിച്ചു.

പശ്ചിമാംബര സാന്ധ്യ ശോണപ്രഭ
പൂർവ വാനിൽ പ്രതിക്ഷിപ്തമാംവിധം

ചിത്സ്വരൂപൻ തൻ ക്രൂശിലെച്ചെന്നിറം
കാലിക്കൂട്ടിൽ നിഴലിച്ചു കാണായി

പേശലാംഗൻ കുമാരകനട്ടിനം
"യേശു"വെന്നുള്ള നാമവും കൈക്കൊണ്ടു,

തോഷവർദ്ധനകാരണസന്മന്ത്രം
ദോഷനാശന ശാശ്വത സന്മന്ത്രം.

കൂരിരുട്ടിലെക്കാഞ്ചന താരകം
ഘോരമാം മരുഭൂവിലെപ്പൂമഴ

ദുഷ്ടമാനുഷ ഭീകര കാഹളം
ശിഷ്ടമാനുഷ മോദകഗീതകം

ആ മനോഹരനാമം ജയിക്കുന്നു
ഭൂമികക്കാത്മരക്ഷണവേദമായ്.

## ദേവാലയ സമർപ്പണം

പത്തുനാലുദിനംകൊണ്ടു സൗതിക-
ക്ലാന്തിയൊക്കെയും നീങ്ങിയ മേരിയാൾ

തന്നുടെ കുലധർമ്മമനുസരി-
ച്ചുന്നതപ്രഭനാകും കുമാരനെ

കാന്തനോടൊരുമിച്ചു ജറൂശലേം
ശാന്തിമന്ദിരംതന്നിൽ സമർപ്പിച്ചു.

ക്രിസ്തുദേവനെ ദർശിച്ചു നാകീയ-
നിത്യസൗഖ്യമനുഭവിച്ചീടുവാൻ

വൃദ്ധനാം "ശിമയോന"ന്നാപ്പള്ളിയിൽ
ബദ്ധകൗതുകം കാത്തിരുന്നീടിനാൻ.

കണ്ടു കോടി ദിവാകരസുപ്രഭ
കണ്ടു കോടി നിശാകരധാവള്യം

കണ്ടു താരകപൂർണ്ണമാമംബരം
കണ്ടു താരണിത്തേൻ കുളിർപ്പൂവനം.

കണ്ടു കല്യാണരൂപം ശ്രീ മേരിതൻ
തണ്ടലരിളം പാണിയിലാ സിദ്ധൻ

രണ്ടുകൈകളുംനീട്ടി ശിശുവിനെ-
ക്കൊണ്ടു ശിമ്യോൻ നിതാന്തഭക്താഗ്രിമൻ

ഭക്തിഭാരാവനമ്രശിരസ്കനായ്
സ്തോത്രവർഷംതുടങ്ങി മഹായമി.

## ശിമ്യോൻെറ സ്തോത്രം

നാദരൂപത്തിലാദിയിലംബര-
വീഥിയിൽ വിരാജിച്ച മഹാവിഭോ,

ഒന്നുമില്ലായ്മയിൽനിന്നുമീജഗ-
ത്തൊന്നടങ്കം ചമച്ച പരാപരാ

സൃഷ്ടികൾക്കധിനാഥനായ്, മർത്ത്യനെ
വിഷ്ടപത്തിൽപ്രതിഷ്ഠിച്ച സൽപ്രഭോ,

ഭക്തനാകിയ "ഹാനോക്കി"നുത്തമ-
മുക്തിനൽകിയ നായക, പാഹിമാം.

തോയവിപ്ലവം,ബ്രഹ്മാണ്ഡ വിസ്തൃത-
കായമൊക്കെയും മുക്കിയ വേളയിൽ

പാപഹീനനാം "നോഹ"യെ പ്രീതനായ്
പാലനംചെയ്ത പാവന, പാഹിമാം.

മോഹനാംബുദ ചാപമായ്ത്താരക-
മണ്ഡലത്തിൽത്തെളിഞ്ഞ ചിരന്തന,

സിദ്ധനാമബ്രഹാമിന്റെ ദൈവമേ,
ശുഭ്രമേഘ നികേതന, പാഹിമാം

പാവകപ്പെരുമാരിയിൽനിന്നുമാ-
പ്ലാവനാത്മകനാകിയലോത്തിനെ

സൗഹൃദാന്വിതം രക്ഷിച്ചു കാത്തൊരു
സൽകൃപാമൃതസാഗര, പാഹിമാം

മന്നിൽനിന്നു വിയന്മണ്ഡലത്തിലേ-
ക്കുന്നമിച്ച സൗവർണ്ണനിശ്രേണിതൻ

തുംഗഭംഗിയിൽ വന്നു യാക്കോബിനു
ദർശനം മുദാ നൽകിയ നിസ്തുല,

കൽത്തുറുങ്കിൽക്കിടന്ന യൗസേപ്പിനെ-
ക്കീർത്തനീയ ചരിത്രനായ്ക്കാണുവാൻ

"മിസ്രയീം"ദേശനായകനാക്കിയോ-
രാശ്രിതാവനലോലുപ, പാഹിമാം.

നീരൊഴുക്കിലകപ്പെട്ട മോശയെ-
ത്തീരമെത്തിച്ചു കാത്ത ദയാനിധേ,

വീതിഹോത്രസ്സ്വരൂപനായ്ക്കണ്ടക-
പാദപത്തിൽ പ്രകാശിച്ച നിർമ്മല,

ക്ഷുത്തൃഡാദികളാൽ മരുഭൂമിയിൽ
തപ്തരായ്വലഞ്ഞോരിസ്രയേല്യരേ

നിർമ്മലാംബുവും ദിവ്യമാം മന്നയും
നൽകിരക്ഷിച്ച ചിന്മയ, പാഹിമാം

വൻമണൽക്കാട്ടിലൊട്ടേറെ വത്സരം
വാണിരുന്നൊരാത്തന്നുടെ മക്കളെ

ശോണവാരിധിഭാഗിച്ചുണങ്ങിയ
മണ്ണിലൂടെനടത്തിയ സൽഗ്ഗുരോ,

മേഘവുമിടിയും തടിൽക്കൂട്ടവും
കാഹളത്തിൻെറ താരസ്വനവുമായ്

"സീന"യെന്ന മലയിലിറങ്ങിയ
വാനവേന്ദ്ര, നമോസ്തുതേ പാഹിമാം.

നിന്തിരുപദദാസനടിയനെ
നിന്തിരുദിവ്യ വാക്യാനുസാരമായ്

നിന്തിരുമഹാസാമ്രാജ്യം പൂകുവാൻ
ശാന്തിയോടു പറഞ്ഞയച്ചീടണം.

ഇസ്രയേലിൻെറ ദിവ്യ മഹത്വവും
മിശ്രജാതി കാണേണ്ടുന്ന കാന്തിയും

ചേർത്തൊരുക്കിയ താവക രക്ഷയെ-
പ്പാർത്തിടുന്നിതാമാമകനേത്രങ്ങൾ."

മേരിയും നിജകാന്തനും ശിമ്യോൻെറ
സാരമേറിയ വാക്കുകൾ കേൾക്കയാൽ

പാരമത്ഭുതാനന്ദ വിവശരായ്
പാവകളെന്നപോലവെ നിന്നുപോയ്

ധന്യരാമവരിൽപ്പരമാശിസ്സിൻ
സൂനവർഷംപൊഴിച്ചുരച്ചാൻ ശിമ്യോൻ

"വാനവാധിപതായേ, നരാന്വയ-
മാനസങ്ങൾ വെളിപ്പെട്ടുകാണ്മാനും

ഇസ്രായേലിലനേകർതൻ വീഴ്ചയ്ക്കും
ക്ലേശമേശാത്തതാമെഴുന്നേല്പിനും

നിന്ദ്യമായ നിഷേധചിഹ്നത്തിനും
വന്നെഴുന്നള്ളിയിദ്ദിവ്യ നന്ദനൻ

തവകീനമാം പ്രാണനിൽക്കൂടൊരു
വാൾകടക്കുവാൻ കാലവുമാസന്നം.”

കന്യകാമണി, മേരിയനന്തരം
തന്നുടയ കുമാരനേക്കൈയ്യേറ്റു

വിശ്വമൊക്കെജ്ജയിച്ചൊരു റാണിപോൽ
വീണ്ടും തൻതിരുപാർപ്പിടം പൂകിനാൾ

അന്നവിടെയാപ്പള്ളിയിൽബ്ഭക്തയായ്
“ഹന്നാ”യെന്നൊരുവൃദ്ധ വാണീടിനാൾ

ആശേർഗോത്രജനായ ഫനുവേൽ ത-
ന്നാത്മജയായ് ജനിച്ചൊരാ നാരിയാൾ

കർത്തൃനാമത്തെ വാഴ്ത്തിത്തദ് വൃത്താന്തം
കീർത്തിച്ചോതിനാൾ മർത്ത്യരോടൊക്കെയും

## വിദ്വൽ സന്ദർശനം

ശാശ്വതോദ്യൽപ്രകാശം പരത്തിടും
വിശ്വദീപം വിളങ്ങിയ വേളയിൽ

പൂർവവാനിലൊരുജ്ജ്വലതാരകം
പാർവണേന്ദുവിൻ കുട്ടിപോൽ ശോഭിച്ചു-

വിണ്ണിലങ്ങിങ്ങൊളിച്ച മരുവിയ
സ്വർണ്ണഗോളങ്ങളൊക്കയും തൽക്ഷണം

വന്നുകൂടിയതിൻ ചുററിലും നിന്നു
വന്ദനംചെയ്തു നൃത്തംതുടങ്ങിനാർ.

വിണ്ടലത്തിൽ നവീനമാമുത്സവം
കണ്ടു ഖേചര ശാസ്ത്രനിഷ്ണാതന്മാർ,

വൃദ്ധതയിലേക്കെത്തിയ രൂപവും
വെണ്മയേറിയ മീശയും കേശവും

"ശേമി"ൻ വംശപരമ്പരയ്ക്കുള്ളൊരു
ശീലവുമൊത്തു യോജിച്ച ശാന്തനായ്

"പമ്പിലിയ"യ്ക്കധിനായകനായ് വാണ
വൻപ്രതാപ നികേതനൻ "മെൽഷ്യവം",

"ഹാമി"നുള്ള കുലത്തിൽ ജനിച്ചതി-
കോമളാംഗനാം വീരതരുണനായ്

കൽദയരെബ്ഭരിച്ചു വിളങ്ങിയ
"കാസ്പറെ"ന്ന മഹീപാല മൗലിയും,

എത്തിയോപ്യയ്ക്കധിപതിയാകിയ
"ബൽത്തസാറെ"ന്ന ശ്യാമനൃപാലനും,

പൂർവദിക്കിൽത്തെളിഞ്ഞു വിളങ്ങിയ
ഭവ്യദായകമാകുമത്താരകം

ത്രിതപസാരാർത്ഥസൗധ കവാട സ-
ന്മുദ്രയെന്നുധരിച്ചു സഹർഷരായ്.

ഏതുദിക്കിലോ ഭൂതലം ഭാവിയിൽ-
കാത്തിടേണ്ടുമൊരോമൽക്കുമാരകൻ

ജാതനായിരിക്കുന്നുവെന്നാപ്പുരി-
പൂതചിത്തരവനിപർ ചിന്തിച്ചു.

ദീർഘയാത്രയ്ക്കു വേണ്ടുന്ന കോപ്പുക-
ളൊക്കെ ശേഖരിച്ചാ വിദ്വാന്മൗലികൾ

രാജധാനികൾ കൈവിട്ടു, ദിവ്യനാം
രാജപുത്രനെക്കാണുവാൻ യാത്രയായ്

മൂന്നുപേരും പരസ്പരം കാണാതെ
മുന്നമേയോജിച്ചൊന്നും കഥിക്കാതെ

ഒട്ടകങ്ങളിൽ യാത്രചെയ്തൊന്നിച്ചു
കൂടിനാരറേബ്യൻ മരുഭൂമിയിൽ.

വിസ്തൃതസികതാടവിയാം കടൽ
വേഗമങ്ങു കടന്നു "മൃതാബ്ധി"തൻ

തീരമെത്തിയൊലിവുമലയുടെ
താഴ്വരനോക്കി സഞ്ചരിച്ചാർ മന്ദം.

മാമലയുടെ പീഠത്തിലേറവെ,
മങ്ങി തീവ്രപ്രകാശത്താൽ കണ്ണുകൾ

വെള്ളിമഞ്ചത്തിലേതോ മഹാറാണി
പള്ളികൊള്ളും കണക്കൊരു പട്ടണം

കോട്ടയും തുംഗഗോപുരപംക്തിയും
കാട്ടിനില്പതു കാണായി ദൂരവെ.

യാത്രനിർത്തിക്കുറേനേരമത്ഭുത-
സ്തബ്ധരായ് നോക്കിനിന്നുപോയ് തൽപുരം

"ജർശലേം, മഹാജർശലേ"മെന്നോതി
പേശലാത്മകരാകിയ മന്നവർ.

ക്രൂരകർമ്മ സതത നിരതനായ്
ഹേരൊദാവെന്ന ഭീകരഭൂപതി

സത്യസൂര്യ്യമരീചി നിരോധിച്ച
സീയോനെന്ന ഗിരിയുടെ ശൃംഗത്തിൽ

പൊങ്ങിനിന്ന നികേതത്തിൻ മച്ചിന്മേൽ
തങ്ങിയ രത്നപീഠത്തിലക്കാലം

തന്നിലല്പ്പൊരു കേടുംവരുത്തിടാ-
തുന്നത പ്രതാപംപൂണ്ടു വാണതെ.

കാര്യ്യമൊക്കെ വിചാരിച്ചറിയുവാ-
നാര്യ്യരാം പൂർവ്വസൂരികളങ്ങെത്തി.

ദൂരദേശങ്ങളിൽ നിന്നു ഭ്രമിപ-
വീരർ മൂന്നുപേർ വന്നെന്നു കേൾക്കവേ,

ഹേരൊദേസിന്റെ നെഞ്ചിൽ, സന്ദേഹത്തിൻ
ഭേരി മെല്ലെത്തുടങ്ങി മുഴങ്ങുവാൻ

രാജകീയ ഭിഷഗ്വരവര്യ്യരും
രാജ്ഞിയും ജ്യോതിശ്ശാസ്ത്രപ്രവീണരും

ധർമ്മശിക്ഷക മുഖ്യരും, സേവക-
ധർമ്മമാചരിച്ചീടും പ്രഭുക്കളും

ഭൃത്യവർഗ്ഗവുമൊത്തെഴുന്നള്ളിനാൻ
പത്തെഴപതിലെത്തിയ ഹേരോദും

കണ്ടു പൗരസ്ത്യ വിദ്വന്മണികളെ
കാര്യ്യമാരാഞ്ഞു ഗുപ്തകാപട്യനായ്

സാദരം നൃപൻസൂരികളീവിധ-
മോതി ഹേരോദിൻ ചിത്തമറിയാതെ:

"വന്ദനം പ്രഭോ, ഞങ്ങൾക്കിന്നങ്ങയെ
വന്നുകാണുവാൻ സാധിച്ചതത്ഭുതം;

മങ്ങിയെങ്ങോ മറഞ്ഞുകിടക്കുന്ന
തുംഗവിജ്ഞാനസദ്രത്നകേദാരം

തേടിത്തേടി നടന്നു കുഴഞ്ഞല-
മാടലേന്തുന്ന മന്നവന്മാർ ഞങ്ങൾ.

പാർത്ഥിവേന്ദ്രനാമധേയ്ക്കും നാട്ടാർക്കും
സത്യമാം സുവിശേഷമുൽഘോഷിപ്പാൻ

ദൂരെനിന്നിങ്ങുവന്നെത്തി ഞങ്ങളുൾ-
ത്താരിലെന്തോ കിടന്നു പിടയ്ക്കയാൽ

യൂദനേതാവായ് വന്നുപിറന്ന, ഭൂ-
നാഥപുത്രനെ ഞങ്ങൾക്കു കാണണം,

തൽക്കുമാരന്റെ ജന്മനക്ഷത്രമീ
ദിക്കിനോടടുത്തിപ്പൊഴും ശോഭിപ്പൂ.

"നിത്യസത്യപ്രദീപം യഹൂദ തൻ
പത്തനത്തിങ്കലെത്തി പ്രകാശിക്കും"

പണ്ടു ദിവ്യമാം ഗ്രന്ഥത്തിലീവിധം
കണ്ടു വായിച്ചറിഞ്ഞവരാമിവർ

സത്വരം പുറപ്പെട്ടേറെ നിർജ്ജല-
സാഗരങ്ങൾ കടന്നുകടന്നൊരു-

രാത്രിയിങ്ക "ലരാബാ" ജലസ്ഥലത്തി-
ന്നന്തികത്തിങ്കൽ വിശ്രമമേൽക്കവേ,

പാതിരായ്ക്കുമുഷസ്സിനും മദ്ധ്യത്തിൽ
പാരമാപ്പുത്തുതാരകം ശോഭിച്ചു.

ഞങ്ങളേ വഴികാണിച്ചു കാണിച്ചു
നീങ്ങിനീങ്ങിഗ്ഗമിച്ചോരാ നക്ഷത്രം

നിന്നതാണൊരു ദിക്കിൽ, വഴിതെററി
നിന്ന ഞങ്ങളുമിങ്ങുവരുംവരെ.

സർവലോകപിതാവിൻ കുമാരക-
നവ്വി തന്നിലുദിച്ച നികേതത്തിൻ

മീതെ തന്നെയാണാപ്പുതുതാരകം
കാന്തിവീശിയതെന്നിവർ ചിന്തിപ്പു.

വാനിലെങ്ങുമിളക്കമുണ്ടാക്കുമാ-
റാനിലയനം തന്നിൽ ജനിച്ചവൻ

ധമ്മശിക്ഷക വർഗ്ഗങ്ങൾക്കൊക്കെയും
ധമ്മശിക്ഷകനായി വിളങ്ങിടും

ഭൂതലംകരുത്തുപോരുന്ന മന്നവ-
വ്രാതമൊക്കെയും തൽപ്പദം കുമ്പിടും.

ഇന്നു ലോകംഭരിക്കുന്ന കൈസറാം
മന്നവേന്ദ്രനെക്കാളുവനുന്നതൻ.

സൂര്യ്യബിംബമുദിക്കും ഗിരിമുതൽ
സൂര്യ്യബിംബമണയും കടൽവരെ

ദിവ്യനാമാക്കുമാരൻെറ സാമ്രാജ്യ-
മവ്യയം വിളങ്ങും ദൃഢം വിസ്തൃതം.

തുംഗമാം ജർശലേം ദേവഗേഹത്തിൽ
മംഗളാത്മകൻ പൂജകളർപ്പിക്കും.

ഹോമവഹ്നിയും ഹോതാവുമെന്നല്ല
ഹോമദ്രവ്യവുമമ്മഹാൻതന്നെയാം.

വിശ്വമെല്ലാം ജയിക്കുമൊരുജ്ജ്വല-
വിശ്വസൈനികനാണവനെങ്കിലും

ത്യാഗമാണാബ്ഭടൻെറ കൃപാണകം
താഴ്മയത്രേ തൻ സംഗ്രാമകഞ്ചുകം

തോൽവിയാണാനവീനയോദ്ധാവിൻെറ
തേജസ്സെങ്ങും പരത്തും ജയധ്വജം.

മൃത്യുവത്രേ തദീയമഹാജന്മം
നിത്യമാം യത്നമത്രേ തദ്വിശ്രമം

സ്നേഹമാകുന്ന ചെങ്കോൽ വഹിക്കുമാ-
ശാന്തിതന്നുടെ രാജകുമാരകൻ

ജാതനാകിയ മന്ദിരം ഞങ്ങൾക്കു
നേത്രഗോചരമാകാൻ തുണയ്ക്കണം"

സർവ്വശാസ്ത്ര പടുക്കളാമാറപ-
രേവമോതി വിനീതരായ് വാഴ്കവേ,

ഹേറോദേസിൻെറ ചിത്തമാമിന്ധനം
നീറി നാനാവിചാരാഗ്നിബാധയാൽ

"ആരവൻ സർവ്വഭൂപാല പൂജിതൻ?
ആരവൻ ധർമ്മശിക്ഷകർക്കഗ്രിമൻ?

താരകോദയ സൂചിത സംഭവൻ
താരകങ്ങൾ വണങ്ങും പ്രഭാകരൻ

മാമകകുലം മായിക്കുവാൻ വന്ന-
മായികൻെറ വൃത്താന്തം ഗ്രഹിക്കുവാൻ

മൽസമക്ഷത്തിൽ വന്നൊരീക്കുത്സിത-
മന്നവർക്കെന്തുശിക്ഷ ഞാൻ നൽകേണം

നാക്കുവേഗം മുറിച്ചെറിഞ്ഞീടട്ടോ
ഖഡ്ഗംകൊണ്ടിവരേ വധിച്ചീടട്ടോ

എന്തു സാഹസ വാക്യങ്ങളാണിവ-
രന്തികത്തിലിരുന്നു കഥിച്ചതു

പോട്ടെ, വേണ്ടയിപ്പോഴൊന്നു, മൊക്കയും
കാട്ടിടാം കാര്യമെല്ലാമറിഞ്ഞഥ

സത്വരം, നൃപനെന്നിവരോതിയ
സാധുവിൻ, ജനനസ്ഥലമാരായാം.

നേരശേഷംവെളിപ്പെട്ടന്നേരമീ-
ഹേറോദാരെന്നുലോകം ധരിച്ചീടും"

തീവിഴുങ്ങിയപോലേ മുഖത്തിങ്കൽ
ഭാവമോരോന്നു കാട്ടിയിതേവിധം

പേർത്തുമോർത്തുടനാചാര്യന്മാരെയും
ശാസ്ത്രിമാരെയും ചാരത്തുചേർത്തഥ

മന്നവൻ മിശിഹായുടെ സംഭവ-
മന്ദിരസ്ഥാനമേതെന്നു ചോദിച്ചു.

ഭീതികൊണ്ടുവിറച്ചൊരു വൃദ്ധനാം
ശാസ്ത്രി മന്ദമിവണ്ണമുരചെയ്തു.

"യിഹൂദീയ പ്രദേശസ്യ
തന്തു ഭോ ബൈതലേഹമ
യിഹൂദാനായകശ്രേണ്യാം
സ ക്ഷോദിഷ്ഠം കഥഞ്ചന

തത്ത ഏവ യതോ ഹേതോഃ
സ ഉദ്ഭേഷ്യതിനായകഃ
മൽപ്രജാവൃന്ദമിസ്രായേൽ
യേന സമ്പാലയിഷ്യതേ"

"ശ്രീ യഹൂദ്യതൻ ബേതലഹേമേ, നീ
സ്തോകമല്ലാ യഹൂദ്യാ പ്രഭുക്കളിൽ

മാമകീനരാ മിസ്രയേൽ മക്കളെ
മേയ്ക്കുവാനുള്ളോൻ നിന്നിൽനിന്നെത്തിടും."

ഏവം പൂർവ്വപ്രവാചക സംഘങ്ങൾ
നിർവികല്പമെഴുതിയിരിക്കയാൽ

ബേതലേം പത്തുതൊട്ടിലിൽ മുൻചൊന്ന
പൈതൽ ഭൂജാതനായി വസിച്ചീടാം."

ചേതസ്സിങ്കലുദിച്ച വികാരത്തെ-
ച്ചേതസ്സിൽത്തന്നെ ഭദ്രമായ് സൂക്ഷിച്ച

വൃദ്ധഭൂപാലകൻ പ്രത്യുത്തരം നൽകി
പൂർവപണ്ഡിതന്മാരോടന്നീവിധം.

"പോകുവിൻ നിങ്ങൾ ചെന്നു കുമാരനെ-
ശ്ശോകമെന്നിയേ വന്ദനംചെയ്താലും.

നാട്ടിലേക്കു തിരിച്ചുപോംവേളയിൽ
വീണ്ടുമീബ്ഭവനത്തിൽ വന്നീടണം.

വാർത്തയെല്ലാമുരയ്ക്കണം, ഞാനുമാ-
പ്പാർത്ഥിവേന്ദ്രനെ വന്ദിപ്പാനാശിപ്പൂ."

ഹേറോദേസിൻെറ കൊട്ടാരം കൈവിട്ടാ-
പ്പൗരസ്ത്യ നൃപർ നാട്ടിലിറങ്ങവെ

പുണ്യതാരകം ശോഭിച്ചു പിന്നെയും
വിണ്ണിൽ, നൽവഴി കാട്ടിക്കൊടുക്കുവാൻ

ദീപ്തികണ്ടവർ മുന്നോട്ടു യാത്ര ചെ-
യ്തെത്തി പാവനമാകും ഗോശാലയിൽ.

ഹേരോദേസിൻെറ സൗധത്തേക്കാൾ മനോ-
ഹാരകമായി മിന്നിയ പുൽക്കൂട്ടിൽ

സൂര്യബിംബ സുശോഭയും പാർവണ-
ശീതഭാനുവിൻ സൗന്ദര്യപൂരവും

വീശി വാണ ജഗജ്ജനയിത്രി തൻ
പേശലകരവല്ലിയാം തൊട്ടിലിൽ

പള്ളികൊള്ളും ശിശുവിനെക്കണ്ടവ-
രുള്ളഴിഞ്ഞു നമിച്ചു പുകഴ്ത്തിനാർ

"സച്ചിദാനന്ദരൂപാ നമോസ്തുതേ,
സച്ചരിത്ര, സുരേന്ദ്ര നമോസ്തുതേ,

വിശ്വകാരണഭൂത, നമോസ്തുതേ,.
വിശ്വരക്ഷക, നാഥ, നമോസ്തുതേ

സർവ ശോകവിനാശ, നമോസ്തുതേ
സർവലോക നിവാസ, നമോസ്തുതേ

സൂര്യകോടിപ്രകാശ, നമോസ്തുതേ
സൂര്യചന്ദ്രാദിവന്ദ്യ, നമോസ്തുതേ

സർവസംഭവ സാക്ഷിൻ, നമോസ്തുതേ
സർവ വിജ്ഞാനസത്മ, നമോസ്‌തുതേ

നിത്യ നിർമ്മലമൂർത്തേ, നമോസ്‌തുതേ
സത്യവേദാന്തവിത്തേ, നമോസ്‌തുതേ

ഭക്തവത്സല! ദേവ, നമോസ്‌തുതേ
മുക്തിദായകദേവ, നമോസ്‌തുതേ

കാരുണ്യാംബുനികേത, നമോസ്‌തുതേ
ലാവണ്യാംബുദവേശ്മ, നമോസ്‌തുതേ."

പൂർവ്വസൂരികളീവിധം വന്ദിച്ചു
ശ്രീ വിളങ്ങും കുമാരന്റെ പാദത്തിൽ

കുന്തുരുക്കവും മൂരും കനകവും
കാഴ്ചവച്ചു കൃതാർത്ഥത നേടിനാർ.

## ഐജിപ്തിലേക്കുള്ള പലായനം

മാനവാവനലോലനായ് ഭൂതലേ
മാനവാകൃതിപൂണ്ടെഴുന്നള്ളിയ

നാകനായക നന്ദനൻ തന്നുടെ
ശ്രീകരാമലപാദാംബുജങ്ങളിൽ

ദിവ്യമാമുപഹാരങ്ങളർപ്പിച്ചു
ഭവ്യശീലരാം സൂരികൾ മൂവരും

ഹേറോദേസിന്റെ കല്പന ലേശവും
സാരമാക്കാതെ മറ്റൊരുമാർഗ്ഗമായ്

വേദരൂപനാമീശ്വരൻ സ്വപ്നത്തി-
ലോതിയ തിരുവായ്മൊഴിയ്ക്കൊത്തപോൽ

സർവ്വ സൗഭാഗ്യ സമ്പൂർണ്ണചിത്തരായ്
സ്വന്തരാജ്യങ്ങൾ നോക്കിത്തിരിച്ചുപോയ്.

ബേതലേമന്നു രാത്രിയിൽ നിദ്രതൻ
സാന്ദതന്നിൽ മറഞ്ഞുകിടക്കവെ,

സ്വാപലീനനായ് വാണയൗസേപ്പിന്റെ
ശ്രോത്രംതന്നിൽമുഴങ്ങി വചസ്സേവം,

“നിദ്രവിട്ടെഴുന്നേൽക്കുക സത്വരം,
ക്ഷുദ്രശീലനാം ഹേരോദു നിഷ്ഠൂരം

നൽക്കുമാരനു നാശമണയ്ക്കുവാ-
നർഗ്ഗളരുന്നിലുറച്ചുകഴിഞ്ഞിതാ,

കുട്ടിയും നിജ മാതാവുമൊത്തുനീ
പെട്ടെന്നിജിപ്തിലേക്കു മണ്ടീടുക."

ദേവവാണിയിൽ സംഭ്രമം പൂണ്ടുട-
നാവിശ്രുതനെഴുന്നേറ്റു സാദരം

കാന്തയേയും ശിശുവിനെയുംകൂട്ടി
രാത്രിയിൽത്തന്നെ യാത്രപുറപ്പെട്ടു.

ഗ്രാമവീഥികടന്നവർ സത്വരം
മാമരങ്ങൾ നിറഞ്ഞ വനംപുക്കു,

ഉച്ചനേരത്തും ഘോരാന്ധകാരത്തെ
വച്ചുപോറ്റിടുമാക്കൊടുംകാനനം

നൂറുകോടിക്കറുത്ത ദുർഭൂതങ്ങൾ
പോരുചെയ്‌വാനൊരുങ്ങി നിൽക്കുംവിധം

ആ നിശയിലൊളിച്ചു ഗമിച്ചൊരാ-
മാനവർക്കഹൊ കാണായി ഭീകരം.

കണ്ണിൽനിന്നു മറഞ്ഞു വിഹായസ്സിൽ
മിന്നിമിന്നി പ്രകാശിച്ചു താരങ്ങൾ.

വാനവാധിപ നന്ദനൻ തന്നുടെ
തൂനഖത്തിൻ തെളിഞ്ഞ മരീചികൾ

അക്കൊടുംകാട്ടിലൂടെ നടന്നൊരു
സൽക്കുലത്തിനു നേർവഴി കാണിച്ചു.

ചാരു വിദ്യുൽപ്രദീപംകൊളുത്തി, വൻ
ഭൂരുഹങ്ങളിൽ മിന്നാമിനുങ്ങുകൾ.

മാതൃവക്ഷസ്സിൽ ചേർന്ന ഭുജങ്ങളാം
പൂതകൗശേയത്തൊട്ടിലിൽ മിന്നിയ

ക്രിസ്തുദേവനെക്കണ്ടു ഭുജംഗൗഘം
പത്തിപൊക്കി, ത്തുടങ്ങിനാർ, നർത്തനം

കേസരീന്ദ്രരും പുള്ളിപ്പുലികളും
ക്രൗര്യമേറും വൃകത്തിൻകുലങ്ങളും

കാട്ടുപോത്തും കിടിയും കരടിയും
കൂട്ടമായ്‌വന്നു വന്ദിച്ചിടയ്ക്കിടെ

മത്തവാരണം തുമ്പിക്കരംപൊക്കി
ഭക്തിയോടഭിവാദനം ചെയ്കയായ്

കൂമ്പിനിന്ന സുമങ്ങളും സുന്ദര-
കോരകങ്ങളും വർഷിച്ചു പുഞ്ചിരി

കാടുനീളെപ്പരന്നു പരിമളം
പാടിപ്പാടിപ്പറന്നു ഖഗാവലി

തേനൊലിപ്പഴം തിങ്ങിയ ഭൂരുഹം
താഴ്ത്തി ശാഖകളൊക്കെയും സാദരം.

കാട്ടിലൂടെ നടക്കും ജനങ്ങളെ-
ക്കൊള്ളചെയ്‌വാനൊളിച്ചു മരുവിയ

കള്ളന്മാരോടിവന്നാ ശിശുവിനെ-
ക്കണ്ടു കൈകൂപ്പിനിന്നുനതാംഗരായ്.

മാർഗ്ഗമദ്ധ്യത്തിലുണ്ടായിരുന്നൊരു
മുള്ളുകൾ മൃദുസൂനദളങ്ങളായ്

കല്ലുകൾക്കില്ല കാഠിന്യം, കാട്ടിലേ-
പ്പല്ലവങ്ങൾക്കാണെന്നുള്ള മട്ടായി.

ബേതൽഹേമിനും "ഹെബ്രോനും"മദ്ധ്യത്തിൽ
ചീർത്തു നിന്നൊരാക്കാനനമീവിധം

തെല്ലുമാപത്തുകൂടാതെ യൗസേപ്പും
വല്ലഭയും കടന്നു വത്സാന്വിതം.

പൂർവദിക്കിൽ ദിവാകരൻ മെല്ലവെ
പാദമൂന്നിത്തുടങ്ങിയ വേളയിൽ

വിസ്തൃതോച്ചണ്ഡമാം മണൽക്കാടിന്റെ
വക്കിലാദ്ദിവ്യയാത്രികർ വന്നെത്തി.

ഊഷഃരാദ്യാനച്ഛായയിൽപൈദാഹ-
ക്ലേശമെന്നിയേ ദൂരിതക്ഷീണരായ്

സൂര്യകാലം കഴിച്ചു വിശുദ്ധയാം
മേരിയും നിജകാന്തനും പൈതലും.

ശീതഭാനുവുദിച്ചു വിളങ്ങിയ
രാത്രിയിൽ വീണ്ടും യാത്രതുടങ്ങിനാർ.

മാർഗ്ഗമദ്ധ്യത്തിലങ്ങിങ്ങു നിന്നൊരു
പൊക്കമേറിയ പാറകൾ സാദരം

ആ വിദർഭ പ്രദേശത്തിൽ വെണ്മണൽ-
പ്പർവതങ്ങളടിയ്ക്കടി നിർമ്മിക്കും,

മുഷ്ക്കിയന്ന കൊടുങ്കാററിൽ നിന്നുമാ-
സൽക്കുടുംബത്തെക്കാത്തുസംരക്ഷിച്ചു.

ക്രിസ്തുവും നിജ മാതാപിതാക്കളു-
മിത്തരത്തിൽ പ്രയാണവിലീനരായ്

ക്രൂരനാകിയ ഹേരോദിൽ നിന്നതി-
ദൂരമെത്തി സമാശ്വസ്തചിത്തരായ്

കർമ്മസാക്ഷിതൻ കാരുണ്യകാന്തിയെ-
ക്കണ്ടു യാത്രതുടർന്നാരനന്തരം

മാമരുഭൂമിവിട്ടു, വന്നെത്തിനാർ
ശ്യാമവാഹിനിതീരപ്രദേശത്തിൽ

വീർത്തുപാരം വളഞ്ഞുള്ള കൊമ്പുക-
ളൊത്ത, കാറെതിർപ്പോത്തുകളങ്ങിനെ

ഭാരമേറും നുകങ്ങളും കണ്ഠത്തിൽ
പേറിക്കൊണ്ടു പതുക്കെപ്പതുക്കവേ

വിസ്തൃതമാം വയൽപ്രദേശങ്ങളിൽ
മുത്തിളക്കിക്കലപ്പവലിപ്പതും

വാഹിനീജലം ചെല്ലാത്തദിക്കിലെ
വട്ടമൊത്തകുളത്തിന്റെ ചുററിലും

കണ്ണുകെട്ടിക്കഴുത്തിലാത്തൊട്ടിതൻ
വണ്ണമുള്ളൊരു പാശവും ബന്ധിച്ചു

വെള്ളവും ചെളിക്കട്ടയും ചേർന്നുള്ള
വർത്തുളമാം കുളമ്പു ചാൽമാർഗ്ഗമായ്

നാളുംമുഴവൻ കറങ്ങും കഴുത,തൻ
നായകന്റെ കൃഷിസ്ഥലമൊക്കെയും

കൊച്ചുകുല്യകളാൽ നിറയ്ക്കുന്നതും
കണ്ടുകണ്ടാകുടുംബം ഗമിക്കവെ

ലീലനിർത്തിയെജിപ്തിലെപ്പിങ്ങ്ഗല-
ബാലരൊക്കയുമോടിയടുത്തെത്തി

പാവനാംഗിയാം മേരിതൻ പാണിയിൽ
ശ്രീവിതാറിത്തെളിഞ്ഞു തിളങ്ങിയ

പുണ്യകാഞ്ചനസൂനത്തെ ദർശിച്ചു
കണ്ണിമയ്ക്കാതെ നിൽക്കയായ് സാൽഭുതം

കണ്ടു ദൂരത്തു ജോസപ്പെജിപ്തിലെ
ക്കന്മതിൽകളും ക്ഷേത്രനിരകളും.

ഭാനുമാൻ പടിഞ്ഞാറോട്ടു ചായവേ
ഭാസുരാംഗനാം പൈതലുമൊന്നിച്ചു

മേരിയും നിജകാന്തനുമത്യന്തം
മോദപൂർവ്വം പുരിയിൽ പ്രവേശിച്ചു.

തൽപ്രദേശത്തിലാന്നപാഴ്ബിംബങ്ങ-
ളപ്പൊഴേ താഴെ വീണു തകർന്നുപോയ്

രോഗബാധിതരൊക്കെയും സത്വരം
രോഗമുക്തരായ്ക്കൈക്കൊണ്ടു കൗതുകം

ശാന്തിയാം മധുമാരിയാലീജിപ്തിൻ
കാന്തിവർദ്ധിച്ചു, സന്തുഷ്ടരായ് ജനം

ഭവ്യശീലരിലഗ്ര്യനാം യൂസഫ-
നാവിശാലപുരിയിലൊരേടത്തു

കൊച്ചുവീടൊന്നെടുത്തു കുടുംബത്തെ
തച്ചുവേലകൾകൊണ്ടു പുലർത്തിനാൻ.

## ശിശുഹത്യ

സത്വരം തിരിച്ചെത്തിടാമെന്നോതി-
പ്പുൽത്തൊഴുത്തുതിരക്കിപ്പുറപ്പെട്ടു

പണ്ഡിതന്മാരടുക്കലെത്തായ്കയാൽ
പാരമുൾത്തടക്ഷോഭാഭിഭൂതനായ്

ഹേരോദേസിൻ തലച്ചോറവല്ലാതെ
നീറിനീറിപ്പുകഞ്ഞു ഭയങ്കരം.

താർമഷി കോരിത്തേച്ചതുപോലെയാ—
ഭൂമിപൻെറ വദനം കറുത്തുപോയ്;

ക്രൂരചിന്തകളാകിയ ഭൂതങ്ങൾ
പോരിലേർപ്പെട്ട ഭൂപാലബുദ്ധിയിൽ

"വിശ്വവിശ്രുതനാകിയ ദാവീദിൻ
വംശവിണ്തലംതന്നിലുദിച്ചോരു

ബാലചന്ദ്രനെപ്പാടേ ഗ്രസിക്കുവാൻ
കാലമേതും കളയാതൊരുങ്ങണം.

കൂടയന്ത്രപ്രയോഗപ്പടുതയാൽ
കൈക്കലാക്കിക്കുഴപ്പം വരുത്താതെ

കൈസറിന്നു കരംകൊടുത്തെപ്പൊഴും
കാത്തുപോരുമീ ഭൂഭാഗം മേലിൽ ഞാൻ

കാലികൾക്കുള്ള ശാലയിൽ നിർദ്ധന—
ബാലനായിപ്പിറന്നവൻ തന്നുടെ

പാദസീമ്നി സമർപ്പിക്കണംപോലും;
മാനഭംഗമിതിൽപ്പരമെന്തഹൊ!

പൂർവസൂരികൾ പോയൊരുവേളയിൽ
സേവകന്മാരും കൂടെത്തിരിച്ചെങ്കിൽ

വൈരിയെക്കണ്ടു കാര്യമറിഞ്ഞുടൻ
പോരുമായിരുന്നെൻെറ സമക്ഷത്തിൽ;

എന്തുമാർഗ്ഗം തുടരേണ്ടു ഞാനിനി
ഹന്ത! വൈരിയെക്കൊന്നൊടുക്കീടുവാൻ?

പോയിരിക്കാം തൊഴുത്തുവിട്ടവ്വൃദ്ധ-
പ്രായരാകിയ മേരിയും യൗസേപ്പും

ഭാവിജീവിത സൗഭാഗ്യപ്രത്യാശ
സർവ്വവും നശിച്ചീടുമാറായിതോ.

ദീർഘദർശകരോതിയ വാക്യങ്ങ-
ളൊക്കെയും നിറവേറുമാറായിതോ.

മാമകാന്വയ സംരക്ഷയ്ക്കിന്നിയും
ഭീമമാം കൊലചെയ്യേ മതിയാവൂ”

ഏവമുള്ള വിചാരക്കൊടുങ്കാററി-
ലാവയോധിക ഭൂപാലജീമൂതം

നാദമൊന്നുമുഴക്കി, ശിശുവധോ-
ദ്യുക്തമായ് ഭടഖഡ്ഗവിദ്യുല്ലത.

രണ്ടുവത്സരപ്രായത്തിനുള്ളിലായ്
ബേത്‌ലഹേമിൽ വസിക്കുമാൺമക്കളെ

കാലനുക്കയച്ചീടുകിൽ, മേരിതൻ
ബാലനും തുലഞ്ഞീടുമെന്നോർത്തവർ

ആയുധങ്ങളെടുത്തു കുതിച്ചുപാ-
ഞ്ഞായുരന്തം നടത്തിത്തുടങ്ങിനാർ

വീട്ടിനുള്ളിലുമങ്കണത്തിങ്കലു-
മമ്മമാരുടെ മാർത്തടം തന്നിലും

തൊട്ടിലിലും പിതാക്കൾതൻ കയ്യിലും
പട്ടിളംപൂക്കളെന്നപോൽമേവിയ

ത്വിട്ടിയന്ന ശിശുക്കളെ നിർദ്ദയം
വെട്ടിവെട്ടി നുറുക്കിനാർ കിങ്കരർ,

അന്തിമേഘമടന്നു പതിച്ചപോൽ
ബേതലേംപുരമൊക്കെയും സത്വരം

നിർമ്മലാത്മകരാകിയ ബാലർ തൻ
ചെന്നിണത്താൽ നിറഞ്ഞു കവിഞ്ഞുതേ.

തണ്ടിൽനിന്നും മുറിച്ചിട്ട ശോണമാം
തണ്ടലർക്കുലമെന്നപോലെങ്ങുമേ

കഷ്ടമോമനക്കുഞ്ഞുങ്ങൾ വിഛിന്ന-
ഗാത്രരായിക്കിടന്നു പിടച്ചഹൊ.

ദീനദീനപ്രരോദനം വിണ്ടല-
ക്കോണിലും ചെന്നു കണ്ണുനീരുണ്ടാക്കി.

മാറിടത്തിലടിച്ചുമിടിച്ചുമുൾ-
ത്താരുടഞ്ഞ വധൂടിമാരൊക്കെയും

താഴെവീണുമുരുണ്ടും സ്വയംക്ഷണ-
മൂഴികൈവിടാനുദ്യമിച്ചീടിനാർ

ക്രൂരമാം ശിശുഹത്യ നടത്തിയ
ക്രൂരരാകിയ ഭൂപാലസേവകർ

ഭൂവശേഷം ജയിച്ചോരാഹ്ലാദത്തിൻ
ഭാവമാന്നു മദിച്ചു മടങ്ങിനാർ.

### ഹേരോദേസിന്റെ മരണം

തപ്തമാം ശോണിതംകൊണ്ടു തൻ ജീവിതം
ചിത്രീകരിക്കാൻ തുടങ്ങിയ ഭൂപതി,

സർവ്വവും തന്നെ നശിപ്പിക്കുമെന്നോർത്തു
സർവ്വത്ര സംശയ ദുർഭൂതഗ്രസ്തനായ്;

പ്രേമാർത്തനായ് സ്വയം വേളികഴിച്ചോരു
കോമളഗാത്രിയാം കാന്തയെത്തന്നെയും

തൻസുതന്മാരെയും ബന്ധുവർഗ്ഗത്തെയും
തന്നോടടുത്തുള്ള മിത്രവൃന്ദത്തെയും

വൈദികന്മാരെയും പണ്ഡിതന്മാരെയും
വേദാന്തവിജ്ഞരാം സന്യാസിമാരെയും

വെള്ളത്തിൽമുക്കിയും, കമ്പി പഴുപ്പിച്ചു
പൊള്ളിച്ചു,മാണികൾ നെഞ്ചിലിറക്കിയും

കാലും കരങ്ങളും വെട്ടിനുറുക്കിയു-
മഗ്നിയിലിട്ടു വലിച്ചു ദഹിപ്പിച്ചും

വൻ കൊലപാതകം ചെയ്തു തഴമ്പിച്ചു
വാർദ്ധകമാകിയ മുൾക്കാട്ടു പൂകിനാൻ.

അമ്മഹാപാപം പുതുക്കുവാൻ, പിന്നെയും
ചെമ്മഷിതേടിനാൻ ചെന്താർക്കുലങ്ങളിൽ

സുന്ദരലീലകളാടിയും, പുഞ്ചിരി-
ച്ചന്ദ്രിക നിർഭരം തൂകിയും, സന്തതം

മാധുര്യമോലും നിനാദം മുഴക്കിയും
ബേതലഹേമിൽ വസിച്ചു ശിശുക്കളെ

നിർദ്ദയംകൊല്ലിച്ചു പാരം കൃതാർത്ഥനായ്
നിത്യനിധന നിരതൻനൃപാധമൻ

ആ, രക്തമേഘം നിറഞ്ഞ വിഹായസ്സിൽ
ക്രൂരിതൾക്കൂട്ടം പടർപിടിക്കയായ്.

ആക്കംതിരിഞ്ഞുനോക്കാനരുതാതൊരു
രോഗക്കിടക്കയെപ്രാപിച്ചു ഹേരൊദേസ്

പട്ടിൽപ്പൊതിഞ്ഞൊരു പൂമേനിയാകവെ,
പൊട്ടി,ച്ചലം ചിന്നി നാററംപിടിച്ചുപോയ്

മെത്തപ്പുറത്തും കിടക്കവാനാവാതെ
ഗാത്രമശേഷം പുഴക്കളാൽ പൂർണ്ണമായ്

വാവിട്ടുകൂവിയും, മാർബിൾതറയ്ക്കുമേൽ
വല്ലാതുരുണ്ടും പിരണ്ടും ഞെരുങ്ങിയും

ശ്വാസംവലിച്ചുതുടങ്ങിനാൻ, ജീവനി–
ലാശ നശിച്ചു മഹീശ്വരൻ താന്തനായ്.

പാരിൻെറ പാവന സൌഭാഗ്യസൂര്യനെ
പാരാതെ പൊട്ടിച്ചു മണ്ണിൽപ്പുതയ്ക്കുവാൻ

സർവ്വായുധങ്ങളും സർവമാർഗ്ഗങ്ങളും
സാഹസിക്യത്തോടുതേടിയമന്നവൻ

നാസയും നാക്കും മുറിഞ്ഞു കണ്ണങ്ങളും
നേത്രവും പൊട്ടിത്തകർന്നു വിരൂപനായ്

മാംസമശേഷവും ചീഞ്ഞു ചീഞ്ഞസ്ഥിയായ്
ശേഷിച്ചവസാനശ്വാസവും കൈവിട്ടു.

മാറത്തടിച്ചില്ല നാരികൾ, കണ്ണുനീ-
രാരും ചൊരിഞ്ഞില്ല, നേർന്നില്ല നേർച്ചകൾ

ആ ഹിംസകൻ തൻെറ നാഡികളോരോന്നു-
മാഹന്ത ചേതന വിട്ടതോടൊപ്പമേ

ആരാജ്യ വാസികളാനന്ദ കാന്തിയി-
ലാറാടി വാരിദം നീങ്ങിയ വിണ്ണുപോൽ.

സ്വാതന്ത്ര്യസംവൃതമാരുതൻ വീശിനാൻ
സൽപ്രജാസഞ്ചയമുല്ലസിച്ചീടിനാർ.

— ഉദയകാണ്ഡം സമാപ്തം —

# വിശ്വദീപം

## മഹാകാവ്യം

## ബാലകാണ്ഡം

### നസ്രേത്ത്

ഹേരോദു യാതനാപൂർണ്ണമാം മൃത്യുവി-
ന്നാരാലിരയായ്ഭവിച്ചോരനന്തരം

ആ വിഷപ്പാമ്പിന്റെ സൂനുവാ"മർക്കലോ-
സാ"വിപുലാതലഭാഗം ഭരിക്കയായ്.

തദാത്ത നിർമ്മിച്ച ജോസഫനിസ്രയേൽ-
ദേശപ്രവേശസംരോധകകർമ്മതിൽ.

ആകയാൽ ജായയും പുത്രനുമൊത്തുടൻ
പൂകിനാൻ "നസ്രേത്തി"ലാ വിശുദ്ധാത്മകൻ.

മദ്ധ്യതരണ്യാഴി പശ്ചിമദിക്കിലും
യോർദ്ദാൻ തരങ്ഗിണി പൂർവ്വദിക്കിങ്കലും

ഭേരിമുഴക്കിയും കാഹളമൂതിയും
പാരം പുകഴ്ത്തും ഫലസ്തീന നാടിനെ

രണ്ടായ് പകുത്തുകൊണ്ടുല്ലസിക്കുന്നതേ
കണ്ടാലകം കുളിൎക്കുന്നൊരു താഴ്‌വര.

നീലിച്ച വാരാശിയേയും പയസ്വിനീ-
തീരത്തെയും ഘടിപ്പിച്ചുവിളങ്ങിടും,

മഞ്ജുളമാകുമാ,ത്താഴ്‌വര തന്നുടെ
മദ്ധ്യത്തിൽനിന്നും വടക്കോട്ടു പോവുകിൽ

കുന്നും തടങ്ങളും തിങ്ങിപ്രകാശിക്കു-
മുന്നതമാം "നസറേത്തി"ങ്കലെത്തിടാം

നിൎമ്മേഘമാകിയ കാലങ്ങളിൽ, തത്ര-
നിന്നു ദൂരത്തേക്കു നേത്രമയക്കുകിൽ

ധീരനായുള്ള "യോനാഥാനു"മൊക്കെയു-
ത്തേരുന്ന ശൌലും മരിച്ച "ഗിൽബോവ"യും

താബോർമഹീധ്രവും ഹെൎമ്മോനശൈലവും,
തുംഗപ്രതാപത്തിൽ നില്പതു കണ്ടിടാം

ഉച്ചണ്ഡമാകിന കാനനമദ്ധ്യത്തി-
ലാചാൎയ്യവൎയ്യൎക്കസൂരനാം മോശപോൽ,

ആട്ടിന്റെപറ്റം കിടക്കുന്നൊരാലതൻ
കൂട്ടത്തിലാപ്പുകംപൂണ്ട ദാവീദുപോൽ,

ബെദവീന കൂടാരമദ്ധ്യത്തിലേലിശാ-,
വാഖ്യനായീടുന്നപുണ്യവാനെന്നപോൽ

ത“ന്നനാത്തോത്തി”ലെ ശാന്തമാം മന്ദിരം
തന്നിൽ "യിരമ്യാ" പ്രവാചകനെന്നപോൽ,

"തെക്കോവ"യിങ്കൽത്തന്നൽവീശിനിന്നൊരാ
സൈക്കമോർക്കാവിന്നിടയി"ലാമോസു""പോൽ

പാഴ്ക്കുടിലൊന്നിലാഗ്രമത്തിൽ ശ്രീയേശു
പാർത്താൻവെറുംസാധു ബാലനെപ്പോലവേ,

വെള്ളപ്പിറാക്കളക്കൊച്ചു വീടിൻമീതെ
കള്ളംവെടിഞ്ഞെന്നുമന്തിയിൽ ചേക്കേറി

മുന്തിരിവല്ലികൾ ഭംഗ്യാ പടർന്നതി-
ബന്ധുരമാക്കിയാച്ചെറ്റക്കുടിലിനെ.

നീരസന്ന്യഗ്രോധനാഗരങ്ങ്ഗാദിയാം
ഭൂരുഹസംഘാവൃത സാന്ദ്രപ്രദേശവും,

ശ്യാമള ശ്രീപൂണ്ട കേദാരഭൂമിയും,
ശീതളദർപ്പണച്ചില്ലൊളിക്കുല്യയും,

തിങ്ങിവിളങ്ങുമന്നാട്ടിൽ ശരൽക്കാല-
മംഗളരൂപിണിയെത്തുന്ന വേളയിൽ,

പൂങ്കാവനങ്ങളിൽ സൗഗന്ധികാദിയാം
പുഷ്പങ്ങളെല്ലാം വിരിഞ്ഞു വീശും മണം.

ക്ഷാരവർണ്ണം പൂണ്ട കഞ്ചുകങ്ങൾകൊണ്ടു
ചാരുവാം ദേഹം മറച്ചു സന്തുഷ്ടരായ്,

ഗ്രാമീണ ഗാനങ്ങളാലപിച്ചാറിന്റെ
കോമളതീരത്തിലെത്തി പ്രസന്നരായ്,

ശോണാംബുജാസ്യരാം ഗോപാലബാലകർ
വേണൊഴം കേളികളാടി രസിച്ചിടും.

ഗോക്കളുമാടും, കിടാങ്ങളോടൊന്നിച്ചു
തിക്കിത്തിരക്കി മൈതാനങ്ങൾ പൂകിടും.

വീതികുറഞ്ഞ തെരുവീഥി തന്നുടെ
വക്കത്തുകാണും കിണററിന്റെ ചുററിലും

കുംഭവുമേന്തിയന്നാട്ടിലെക്കന്യമാ-
രംഭസ്സിനായിത്തടിച്ചുകൂടും മുദാ.

വേലിക്കിളികളും കൊച്ചു കുരുവിയും
വാലുകുലുക്കിക്കിളികളും തത്തയും

വെള്ളമൊഴുകും തടത്തിൽ നികന്നുള്ള
കല്ലുംപുറങ്ങളിൽ തുള്ളിനടന്നിടും.

കാട്ടിലെ പ്രാക്കൾ മരക്കൊമ്പുകൾ വിട്ടു
കൂട്ടമായ് വാനിൽപ്പറന്നു കളിച്ചിടും.

## മിശിഹായുടെ ബാല്യം

പേശലമാകിന ശൈശവം പിന്നിട്ടു
ക്ലേശംവിനാ ബാല്യകാലത്തിലെത്തിയ

ശ്രീയേശു നസ്രേത്തിനെത്തൻെറ വിജ്ഞാന-
ശാലയായ്ക്കണ്ടു സംതൃപ്തമനസ്കനായ്.

ഓരോന്നുമാരമ്യശീലനാം ബാലനു
സാരമേറും പാഠമായ്ത്തന്നെ തീർന്നതെ.

ആറാംവയസ്സിലബ് ബാലനന്നാട്ടിലെ
മാറാത്ത ചട്ടമനുസരിച്ചുണ്ടുള്ള

ഗ്രാമീണദേശികൻ തൻപദത്തിൽ മററു
കോമളബാലരൊത്തെത്തീ പഠിക്കുവാൻ

വെണ്മണൽപ്പുത്തൻ വിരിപ്പിൽ ഗുരുവിൻെറ
വീക്ഷണവീഥിയിൽ താണിരുന്നക്ഷരം

പേനയും വെള്ളക്കടലാസുമില്ലാതെ
മാനവനന്ദനനഭ്യസിച്ചീടിനാൻ

താതനാ"മബ്രഹാ"മൊത്തു യാഗത്തിനായ്
സാദരം സൽപുത്രനിസ്സാക്കപോയതും

സോദരന്മാരായ യാക്കോബുമേശാവും
തമ്മിൽ പിരിഞ്ഞതുമൊന്നിച്ചു ചേർന്നതും

ബാലനാം"യൗസേഫി"ന്നെസ്സഹജാതര-
ന്നാലോചിയാതെ കണ്ടന്യർക്കു വിററതും

ബന്യാം, സഹോദരന്മാരൊത്തു തുംഗമാം
കുന്നുമ്പുറംവഴി മന്ദംനടന്നതും

ജോസപ്പെജിപ്തിലെ മന്ത്രിയായ്ത്തീർന്നതും
ജ്യേഷ്ഠരെക്കണ്ടുള്ളിലാനന്ദമാർന്നതും

നീലനദിയുടെ തീരത്തു ഭൂപാല-
ബാലിക തന്നുടെ രമ്യമാം മേടയിൽ

മോശ വളർന്നതും, പിന്നീടവൻ പരം
ക്ലേശിച്ചു തന്റെ ജനത്തെ രക്ഷിച്ചതും

ശൈലവനങ്ങളിൽവച്ചു "സാംസൻ" ചെറു-
സിംഹവുമായിപ്പൊരുതു ജയിച്ചതും

ദേവാലയത്തിൽവച്ചീശ്വര ഭാരതി
ദിവ്യനാം ശാമുവേൽ ബാലൻ ശ്രവിച്ചതും

ദാവീദും യോനാഥാൻ താനും പരം സുഹൃൽ-
ഭാവത്തിലൊട്ടനാൾ വർത്തിച്ചിരുന്നതും

സിംഹത്തെയും ഗോലിയാത്തിനേയും ബല-
ശാലിയാം ദാവീദു നിഗ്രഹം ചെയ്തതും

നസ്രേത്തിലെഗ്ഗുരുവര്യനിൽനിന്നീശ-
നന്ദനൻ കേട്ടുപഠിച്ചാനനുദിനം.

കുട്ടികളോടൊത്തു കേളിയാടുമ്പോഴും
മേട്ടിൻപുറത്തു തനിച്ചുവാഴുമ്പോഴും

വീഥിയിൽക്കൂടി നടന്നുപോകുമ്പോഴും
കേദാരഭൂമിയിൽ ചെന്നുനിൽക്കുമ്പോഴും

കാണുന്നകാഴ്ചകളൊക്കെക്കുമാരനു
വേണുന്നവിജ്ഞാനമേകീ നിരന്തരം

അന്നൊരുനാളൊരു ബാലകൻ വൃക്ഷത്തിൽ
നിന്നുപതിച്ചൊരു പക്ഷിതൻ കുഞ്ഞിനെ

പെട്ടെന്നുചെന്നെടുത്തമ്മരത്തിൽവച്ചു
തുഷ്ടനായ്പ്പോവതു ശ്രീയേശു ദർശിച്ചു.

മററൊരുനാളൊരുനാണയം പൊയ്പ്പോയ
കററക്കരിങ്കുഴലാൾ തിരി കത്തിച്ചു

വീടശേഷം തൂത്തുതപ്പിനോക്കുന്നതും
വിശ്വൈകനാഥകുമാരകൻ വീക്ഷിച്ചു.

വേറൊരുനാളൊരുനാരി പൂപ്പത്തിനായ്
വേണ്ടുന്ന ധാന്യപ്പൊടിയളക്കുന്നതും

സൂക്ഷിച്ചുവച്ച പുളിച്ചമാവാപ്പൊടി-
യോടൊത്തു ചേർക്കുന്നതും യേശു കണ്ടുതേ.

കേദാരഭൂമിയിൽ വിത്തെറിഞ്ഞിട്ടഥ
കർഷകൻ തന്നുടെ വീടുപൂകുന്നതും

ക്ഷുത്താർന്ന പക്ഷികൾ വന്നു വയലിലെ
വിത്തുകൊത്തിക്കൊണ്ടു പാഞ്ഞുപോകുന്നതും

തൻവയൽകർഷിപ്പാൻ വന്നോൻ കലപ്പയിൽ
കൈവച്ചുതൻവേലസം പൂർത്തിചെയ്യാതെ

മാറിയൊഴിഞ്ഞതങ്ങു പൊയ്പ്പോക കാരണ-
മന്നിലംപാഴ്മരുഭൂമിയായ്ത്തീർന്നതും

നെല്ലുമുളച്ചിലനീണ്ടുവരുന്നതും
നല്ല കതിരുകൾ മിന്നിനിൽക്കുന്നതും

പാരംപ്രതാപത്തിൽ സോളമൻ മേനിയിൽ,
പുത്തനായ് ചാർത്തുന്ന വസ്ത്രങ്ങൾ കുമ്പിടും

മോടിയേറും വേഷഭൂഷകൾ പൈങ്കിളി
കൂട്ടവും പുഷ്പവും പൂണ്ടു ശോഭിപ്പതും

ശ്രീയേശുനായകൻ കണ്ടുകണ്ടേതുമേ
മായമില്ലാത്ത തൻബുദ്ധിയിൽ സൂക്ഷിച്ചു.

കണ്ടാൻ ശിലാഗഹ്വരംവിട്ടു ജംബുക-
ക്കൂട്ടം പുറത്തേക്കിറങ്ങിവരുന്നതും.

പക്ഷിക്കൂട്ടം കുറുക്കന്റെ ഗഹ്വര-
പംക്തിയുമുണ്ടെന്നറിഞ്ഞാൻ കുമാരകൻ.

പുൽമേട്ടിലന്നൊരു നാളജവൃന്ദത്തെ
പ്പാലിപ്പോൻ മേഷസംഘത്തെ വിളിക്കവെ

പെട്ടന്നവയെല്ലാമോടിയടുപ്പതും
ഒട്ടുംപരിചയമില്ലാത്തവൻ പിന്നെ

മേഷത്തെച്ചാരത്തുചേർക്കാൻ ശ്രമിക്കവേ
വേഗത്തിലായവ ദൂരത്തുപോവതും

വീക്ഷിച്ചു, ശ്രീയേശു നാല്ക്കാലികൾക്കുള്ള
മൈത്രിയിലാശ്ചര്യസ്തബ്ധനായ് നിന്നുപോയ്.

മേഷപന്മാരോടു ചോദിച്ചു തുക്കൾ തൻ
ഭേദങ്ങളൊക്കെ ഗ്രഹിച്ചു നരസുതൻ.

യോർദ്ദാനിൽനിന്നെഴുന്നള്ളും വിഭാതത്തിൻ
ശോണവർണ്ണംകണ്ടു കൗതുകാവിഷ്ടനായ്.

മാമരുഭൂവാമറേബ്യയിൽനിന്നുഷ്ണ–
മാരുതൻ വന്നിലതാഴെവീഴ്ത്തുന്നതും

കായ്ക്കാത്ത മുന്തിരിക്കൊമ്പുകളൊക്കെയും
കർഷകൻ വെട്ടിത്തറയിലിടുന്നതും

കാഴ്ചകളിമ്മട്ടു കണ്ടും പഠിച്ചുമാ-
ക്കന്യകാനന്ദനൻ ജീവിച്ചു നസ്രേത്തിൽ

മേച്ചിൽപ്പുറത്തുള്ള മേഷവൃന്ദങ്ങളും
സ്വച്ഛാംബുപൂർണ്ണമാം ദീർഘികാപാളിയും

സൗരഭംവീശുന്ന സൂനംവിരിച്ചിളം
മാരുതനേററുല്ലസിക്കുമാരാമവും

തുമധുതൂകുന്ന പക്വഫലങ്ങളാൽ
നമ്രങ്ങളായിച്ചമഞ്ഞ തരുക്കളും

നാനാവിഹംഗമനാദംമുഴക്കുന്ന
സാനുക്കളും മൃദുവല്ലീനികുഞ്ജവും

ശൈലഗണങ്ങളും മിന്നലും തെന്നലും
കാലമാററങ്ങളും കാർമേഘജാലവും

മേരീകുമാരന്റെ ദിവ്യമാം വേദാന്ത-
സാരസൽഗ്രന്ഥങ്ങളായിച്ചമഞ്ഞുതെ.

സ്വർണ്ണവും വെള്ളിയും കാണാതെ വിജ്ഞാന-
സമ്പത്തുമീശ്വരഭക്തിയും മേൽക്കുമേൽ

നേടിയെല്ലാവർക്കുമാരാധനീയനായ്
നിർമ്മലബാലൻ വളർന്നാൻ മനോഹരൻ.

പാചകവൃത്തിയും സീവനകൃത്യവു-
മാചരിച്ചാതങ്കലേശ വിഹീനയായ്

മാന്യനാം കാന്തനെസ്സാദരം സേവിച്ചു
മംഗലശീലയാം ശ്രീമേരി സന്തതം.

താതനും മാതാവുമോതുന്നതൊക്കെയും
പ്രീതനായ്ച്ചെയ്തു വളർന്നാൻ കുമാരകൻ.

## രാഷ്ട്രീയവിപ്ലവം

പന്ത്രണ്ടൊട്ടേററമടുത്ത വയസ്സിലാ-
പ്പാവനരൂപനാം ബാലകനെത്തവേ

രാഷ്ട്രീയ വിപ്ലവം പൊട്ടിപ്പുറപ്പെട്ടു
പട്ടണംതോറും; ജനങ്ങളസ്വസ്ഥരായ്.

"അക്കിലാവോസി"ന്റെ ദുർഭരണത്തിനാ-
ലക്കാലമാ യഹൂദന്മാർ സരോഷരായ്

കൈസർക്കപേക്ഷകൊടുത്താർ, ഹിരോദന്റെ
വംശമാം ചെന്നിണച്ചേററിൽ ജനിക്കുന്ന

മർത്ത്യകീടങ്ങളിലൊന്നിനേയും തത്ര
പാർത്ഥിവസ്ഥാനത്തിരുത്താതിരിക്കുവാൻ.

സാർവഭൗമൻ നിയോഗിക്കും പ്രഭുക്കളെ-
ക്കൈവണങ്ങാം തങ്ങളെന്നുമെന്നോതിനാർ

യൂദരന്നാശിച്ചപോലെ റോമാധിപൻ
സത്വരം തൻ പ്രാതിനിധ്യം വഹിക്കുവാൻ

കൽപ്പിച്ചയച്ചാൻ "കുറീനിയസ്സ്"ന്നുള്ള
കെൽപ്പെഴും പോരാളിവീരനാമേകനെ

ശാമര്യ്യയും യഹൂദ്യായും ഗലീലയും
രോമ്യസൈന്യാധിപൻ പാലിച്ചു ധീരനായ്.

പ്രത്യഗ്രമാം ഭരണത്തിൻ സമാരംഭ-
കൃത്യമായ് "സെൻസെസ്സ്"ടുക്കാനൊരുങ്ങിനാൻ.

തെല്ലുമാക്കർമ്മം സഹിച്ചില്ല നാട്ടുകാർ
ചൊല്ലാൻതുടങ്ങിനാർ കുററം തെരുതെരെ.

"മർത്ത്യരെയെണ്ണുന്നതെന്തൊരു പാതകം!
മർത്ത്യരെയെണ്ണിയാൽ കോപിക്കുമീശ്വരൻ.

ശപ്തനായ്ത്തീന്ന് ദാവീദുമുന്നംപ്രജാ—
സഞ്ചയ സംഖ്യയെടുത്തതു കാരണം.

വഞ്ചകരീ ജനസംഖ്യയെടുപ്പതു
വൻതരത്തിൽ കരം ചാർത്തുവനല്ലയോ?"

ശ്രീപൂണ്ടൊരാഗ്ഗലീലാജില്ലതന്നിലെ
ഗ്രാമത്തിലും നഗരത്തിലുമെന്നല്ല

മത്സ്യംപിടിക്കുന്ന സിന്ധുവിൻചുററിലും
മുന്തിരിത്തോപ്പിലും കേദാരഭൂവിലും

ചെമ്പുപണിക്കാരിരിക്കുന്ന ദിക്കിലും
ചർമ്മ കർമ്മങ്ങൾ നടത്തും കടയിലും

വൃക്ഷത്തണലിലുംക്കൂടിനിന്നുൽക്കൃഷ്ട-
രക്തംതിളയ്ക്കുന്ന ദേശാഭിമാനികൾ

റോമ്യരിൽ ശാപംപൊഴിച്ചും ശരോപമം
രുഷ്ടരായ് സ്വീകരിച്ച ക്രമപ്രക്രമം

"സെപ്പൊരീസെ"നുള്ള പട്ടണംതന്നിലാ-
വിപ്ലവകാരികൾക്കൊക്കെയും നാഥനായ്

“യൂദ”യെന്നേകൻ രണത്തിന്റെ നാന്ദിയായ്
കേതനം വാനിലുയർത്തിനാൻ നിർഭയം.

നാസരത്തെ,ൻദോർ, കഫർന്നഹോമെന്നല്ല
തീബെറിയാസ്,നയിൻ കാനാ തുടങ്ങിയ

ദേശങ്ങളിൽ നിന്നു സെപ്പൊരീസ് പട്ടണം
തന്നിലേക്കാളുകളെത്തി യുദ്ധത്തിനായ്.

“ഇല്ലാ “യഹോവ”യല്ലാതെ ഭൂപാലകൻ
ഇല്ലാ വണങ്ങില്ല ഞങ്ങളീക്കൈസറെ.

യൂദരൊരിക്കലും പാർക്കില്ല മറ്റൊരു
ജാതിതീർത്തുള്ള നുകത്തിന്റെ കീഴിലായ്.

സ്വാതന്ത്ര്യരത്നസമ്പത്തിനായ് ജീവിതം
സംത്യജിക്കാൻ ഞങ്ങൾ സന്നദ്ധരെപ്പൊഴും

സർവേശനോ, വരാനുള്ള“മശീഹ”യൊ
കല്പിച്ചിടും വാക്കു ഞങ്ങൾക്കു വേദമാം”

ഏവം വിളിച്ചുപറഞ്ഞുകൊണ്ടാളുക-
ളാപ്രദേശങ്ങൾ തകർത്തു നടക്കയായ്.

പത്തുസഹസ്രം ജനങ്ങളുമൊന്നിച്ചു
സത്വരം യൂദാതിരിച്ചു, ഗിരിവഴി

കുന്നു കയറിഗ്ഗലീലാ ജലാശയം
തന്നുടെ തീരത്തിലെത്തി ജനാവലി.

പത്തനാം“തീബെറിയാസെ”ന്നപട്ടണ-
മാത്തടാകത്തിന്റെ തീരത്തുരാജിച്ചു.

“ഹേരൊദേസന്തിപ്പാസി“ന്റെ വന്മാളിക
പാരംസമുജ്ജ്വലിച്ചാപ്പുരിമദ്ധ്യത്തിൽ

തപ്തരക്തം തിളയ്ക്കും പതിനായിരം
താരുണ്യമൂർത്തികളായ ഗലീലിയർ

ഗോപുരംകാത്ത യോദ്ധാക്കളേയും കൊന്നു
ഗർവിതഭാവരായ് തെല്ലുംമടിക്കാതെ

മന്നവൻതന്നുടെ ശസ്ത്രാസ്ത്രജാലങ്ങ-
ളൊന്നിച്ചുസൂക്ഷിച്ച തുംഗമാം ശാലയിൽ

ചാടിക്കടന്നു കരസ്ഥമാക്കീടിനാർ
ചാട്ടുളി, കുന്തം, പടച്ചട്ട തൊട്ടവ.

വീര്യമോടായുധവർഗ്ഗം ധരിച്ചുകൊ-
ണ്ടാരവംകൂട്ടിപ്പൊടിച്ചൂ നഭസ്ഥലം.

വിപ്ലവകാരികളാരെയും പോരിനു
വെല്ലുവിളിച്ചു പുളച്ചുസാഹങ്കാരം.

വാരിരാശിക്കു കിഴക്കായ് മഹീധര-
വക്ഷസ്സിൽ, മാമരച്ഛായാതലങ്ങളിൽ

സ്വൈരമായ്പ്പാർക്കുകയായിരുന്നക്കാല-
മാറായിരം പടയാളികൾ രോമ്യന്മാർ

"വാറസെ"ന്നാഖ്യപൂണ്ടേകനാക്കൂട്ടത്തിൽ
വാണാനവരുടെ സർവ്വാധിനാഥനായ്.

ക്രുദ്ധരാം ദേശാഭിമാനികളൊന്നിച്ചു
ക്രൂരനാം "വാറസ്സിൻ"സൈന്യത്തെ ലാക്കാക്കി

വമ്പിച്ചപർവതപംക്തികളെന്നപോൽ
മുമ്പോട്ടുരുണ്ടുരുണ്ടോടിയെത്തീ ജവം.

കല്ലോലജാലം കരിമ്പാറമേൽത്തട്ടി
വല്ലാതെ ചിന്നിച്ചിതറുന്നപോലവേ

രോമ്യരോടേററ യൂദാസിൻെറ ദേശീയ
ഭീമസൈന്യം വെറും ധൂളിയായ് തീൎന്നുപോയ്.

രാഷ്ട്രീയ വിപ്ലവകാരികൾ, കൈസറാം
രാജാധിരാജനേ മാനിച്ചിടായ്കയാൽ

പാരം കുപിതനായ് സെപ്പോരീസ്പട്ടണം
"വാറസ്സ്"വഹ്നിക്കിരയാക്കി സത്വരം

നാഴിക മൂന്നോളം വിട്ടുവിളങ്ങിയ
നസ്രേത്തിലും തൽപ്പുരത്തിൻെറ വാൎത്തകൾ

വേഗംപരക്കയാൽ ശൈലത്തിൻമേലേറി
നോക്കിനാരാളുകൾ സെപ്പോരീസ് പട്ടണം

തുല്യവയസ്കരോടൊന്നിച്ചു യേശുവും
തുംഗമാം ശൈലത്തെ പ്രാപിച്ചാനാനിശി.

സുന്ദരമാകുമാപ്പട്ടണത്തിൽ നിന്നും
ചന്ദ്രബിംബത്തിലേക്കേറുന്ന വഹ്നിയും

പട്ടണം ചുററിക്കറങ്ങിക്കരിമുകിൽ-
പ്പാളികണക്കു പറക്കുന്ന ധൂമവും

കണ്ടുകണ്ടേകദൈവത്തിൻ കുമാരക-
നിണ്ടലിയന്നുതൻ മന്ദിരം പൂകിനാൻ

കാണായിപിറേറന്നുഷസ്സിൽ, ദഹിച്ചൊരു
കാടെന്നപോലാപ്പുരം വെറും ചാമ്പലായ്.

വാറസ്സിൻ ക്രൗര്യമാത്തീയുടെ ചൂടിനാൽ
പൂർവ്വാധികം ദ്രവിച്ചെങ്ങും പരന്നതെ.

വിപ്ലവകേന്ദ്രമാം പട്ടണം തന്നിലെ
വാമാക്ഷിമാരെയും പൂരുഷന്മാരെയും

മാന്തളിർമേനികളായുള്ള ബാലികാ-
മാരെയും ബാലകന്മാരെയുമൊന്നായി

സാഗരംപോലേ പരന്നുള്ള നാൽക്കാലി
സംഘത്തെയെന്നപോൽ കാരുണ്യമെന്നിയേ

പാശത്താലന്യോന്യം ബന്ധിച്ചു രോമ്യരാം
പോരാളികൾ, കടൽത്തീരത്തിലെത്തിച്ചു.

കെട്ടപൊട്ടിച്ചാജ്ജനങ്ങളെയൊക്കെയും
കപ്പലിനുള്ളിൽ ഞെരുക്കിക്കയററിനാർ

പായ്കൾ വിടർത്തി നങ്കൂരവും പൊക്കിയാ-
പ്പാതകർ, നാവികർ കപ്പലോടിച്ചുപോയ്.

സെപ്പൊരീസ്പട്ടണം തന്നിലെ യൂദന്മാ-
രിപ്പാരിലങ്ങിങ്ങു വാണാർ ഭുജിഷ്യരായ്.

റോമലക്സാണ്ഡ്റിയാ തൊട്ടരാജ്യങ്ങളിൽ
ലോകസുഖങ്ങളശേഷമുപേക്ഷിച്ചു

തോട്ടത്തിൽ കൂലിക്കാരായ് വേലനോക്കിയും
തോണിതുഴഞ്ഞും കിണറുകൾവെട്ടിയും

തീയിലിട്ടിഷ്ടിക വേവിച്ചും പട്ടിണി-
ത്തീയിലെരിഞ്ഞും പുകഞ്ഞും വ്യഥിതരായ്

നാളുകൾ പോക്കിനാരുൽക്കൃഷ്ടജാതരാ-
മാളുകൾ വിശ്വത്തിലെങ്ങും വികീർണ്ണരായ്.

കാണുന്ന യൂദരെക്കൊല്ലുവാൻ പിന്നെയും
കാണിയും റോമാഭടന്മാർ മടിച്ചില്ല.

കീർത്തിയേറും ഫലസ്തീൻ നാട്ടിലൊക്കെയും
ക്രൂരമനസ്സരിലഗ്ര്യൻ "കുറീനിയസ്സ്"

നാനാതരത്തിൽക്കരം നടപ്പാക്കിനാൻ
മാനവജാതിയെപ്പട്ടിണിയാക്കിനാൻ.

ധാന്യക്കരം, നാണയക്കരം, ഗോക്കരം
മത്സ്യക്കരം ഭവനക്കരമെന്നല്ല

വെള്ളക്കരം, നഗരക്കരം, സഞ്ചാര-
വീഥിക്കരം, മുന്തിരിക്കരമിങ്ങനെ

നൂറുനൂറായിരമായ്ക്കരമാളുകൾ
നൽകേണമെന്നുള്ള ചട്ടങ്ങളുണ്ടായി.

ജീവിതഭാരം വളർന്നു ജനാവലി
ഭാവിയെപ്പററി പറഞ്ഞാർ പരസ്പരം

"നാമെന്തിനിങ്ങനെ ജീവിച്ചിരിക്കുന്നു
നാമെത്രനാളിവയൊക്കെസ്സഹിക്കണം."

പണ്ഡിതന്മാരാം വയോവൃദ്ധരീവക-
പ്രശ്നങ്ങൾക്കുത്തരമോതിനാരീവിധം.

"ദാനിയേലേശയ്യാതൊട്ട മഹാദീർഘ
ദർശിമാരോതിയിട്ടുണ്ടു പരിഹാരം.

വന്നിടും ദൈവകുമാരനീക്കാണുന്ന
ഭിന്നത തൽപ്പാദ വിന്യാസ നിസ്വനം

സീമയുമന്തവുമില്ലാത്ത സാമ്രാജ്യ-
മാമഹാനീക്ഷിതി തന്നിലുറപ്പിക്കും.

ക്ഷോണിയിലാർക്കുമാശാശ്വത രാജ്യത്തിൻ
കോണിനെപ്പോലും തൊട്ടിടുവാനാവില്ല.

വിഷ്ടപരാഷ്ട്രങ്ങളൊക്കെയതിൻ മുമ്പിൽ
മുട്ടുകുത്തി പ്രണമിച്ചിടും സന്തതം.

സ്വാതന്ത്ര്യസംപ്രാപ്തരായ് വരും യൂദന്മാർ
സന്തുഷ്ടിപൂകും ജനങ്ങളഖിലവും."

പ്രായമുള്ളോരുടെ വാക്യങ്ങളീവിധം
ബാലന്മാർ കേട്ടു കൈക്കൊണ്ടു മോദംപരം.

"ക്രിസ്തുരാജൻവരും ക്രിസ്തുരാജൻവരു–
മാർത്തികളൊക്കെയും സത്വരം നീങ്ങിടും

മുന്തിരിവല്ലിയിൽ നിത്യവുമക്കാലം
മുന്തിരിക്കായ്കൾ പഴുത്തുവിളങ്ങിടും

തുള്ളിടുമത്തിമരത്തിൽ ഫലം സദാ
തൂകിടുമീന്തൽപനകൾ സുധാരസം.

കൊയ്താലും കൊയ്താലും നൽക്കതിർക്കറ്റകൾ
കേദാരഭൂമിയിലെന്നും വിളഞ്ഞിടും

ക്രിസ്തുരാജൻവരും ക്രിസ്തുരാജൻവരു-
മാർത്തികളൊക്കെയും സത്വരം നീങ്ങിടും.

കാണുമാറാകണം ഞങ്ങൾക്ക വേഗമാ
ക്രിസ്തുവാം രാജാധിരാജകുമാരനെ."

കാണുമാറാകണമാദിവ്യൻ സ്ഥാപിക്കും
ചേണെഴും സാമ്രാജ്യം താമസമെന്നിയേ

കേൾക്കുമാറാകണം ഞങ്ങൾക്കാപ്പുണ്യവാൻ
ദിക്കെങ്ങും ചാലേമുഴക്കുന്ന കാഹളം!"

നസ്രേത്തിലെച്ചെറുപൈതങ്ങളിങ്ങനെ
വിശ്വസിച്ചാലപിച്ചോരു നൽപ്പാട്ടുകൾ

കേട്ടുകേട്ടാഴമാം ഹൃത്തട്ടിൽ സൂക്ഷിച്ചു
വിഷ്ടപനാഥാത്മജാതൻ വിനീതനായ്.

## യഹൂദന്മാരുടെ പെരുന്നാളുകൾ

പണ്ടു പണ്ടേ തൊട്ടു ശ്രുതജനാവലി-
ക്കുണ്ടായിരുന്നു പലവിധമുത്സവം.

ക്രൂരൻ ഫറോവിന്റെ ദുഷ്ടകർമ്മങ്ങൾക്കു
കൂത്തരങ്ങായ്ത്തീർന്നൊരീജിപ്തിലാപത്തു

ബാധിച്ചു താപം സഹിച്ചോരി"സ്രായേല്യ"
വർഗ്ഗത്തെയെത്രയും കാരുണ്യപൂർവകം

സർവേശ്വരൻ വിമോചിപ്പിച്ച സംഭവം
സാദരമോർമ്മപ്പെടുത്തുവാനുള്ളോരു

"നിസ്താരപർവം"മഹോത്സവ പംക്തിയി-
ലെത്രയും പാവനം, ലോകപ്രകീർത്തിതം.

നിശ്ചിതകർമ്മങ്ങളാചരിച്ചന്നാടു
ഭക്ഷിച്ചു യൂദർ പുളിപ്പററ കാദവം.

ജർശലേം പള്ളിയിലാപ്പുണ്യവേളയി-
ലേഷ്യയും യൂറോപ്പുമുത്തരാഫ്റിക്കയും

സംസ്കാരവർണ്ണാദി ഭേദം കരുതാതെ
സന്ധിച്ചു കുമ്പിട്ടു സർവേശസൽപ്പദം.

തീർത്ഥയാത്രക്കാരനേകസംഘങ്ങളായ്
പ്രാധാന്യമേലുമാട്ടിവേപ്യാൽസവത്തിനായ്

വത്സരംതോറും ഗമിപ്പതു കണ്ടു ക-
ണ്ടുത്സാഹമിമ്മാനുവേലിൽ പ്രവൃദ്ധമായ്.

"നിസ്താരപർവം" കഴിഞ്ഞാലണഞ്ഞിടും
കൊയ്ത്തിൻ മഹോത്സവമക്കാലമങ്ങുള്ള

ബാലകർ സംശുദ്ധവായുവേറ്റെത്രയും
ചേലെഴും കേദാരഭൂവിൽ കളിച്ചിടും.

പിന്നീടൊലിവിൻ പെരുന്നാളുവന്നിട്ടു-
മന്നാണ്ടു ചക്കിന്റെ ചുററുമായ്ഗർദ്ദഭം

കട്ടിക്കരിങ്കല്ലു കെട്ടിവലിച്ചുകൊ-
ണ്ടൊട്ടുനേരം നടന്നെണ്ണയാട്ടുന്നതും

ദ്രാക്ഷാഫലങ്ങളിറുത്തെടുത്താളുകൾ
രക്താഭമാം വീഞ്ഞുശേഖരിക്കുന്നതും.

ബാലനാം യേശുവും തൻ കളിത്തോഴരാം
ബാലരൊന്നിച്ചന്നു സന്തുഷ്ടചിത്തനായ്

പാടിയുമാടിയും മുന്തിരിത്തോപ്പിലും
മറ്റെഴും പൂവാർന്ന മററുതോട്ടത്തിലും

സഞ്ചരിച്ചോമനപ്പുൽക്കുടിൽ നിർമ്മിച്ചു
സഞ്ചിതകൗതുകം പോക്കിനാൻ വാസരം.

മുന്ന“മെബ്രായാ”ജനങ്ങളീജിപ്തു വി-
ട്ടൊന്നിച്ചു വെണ്മണൽക്കാട്ടിലലഞ്ഞതും

അങ്ങിങ്ങു പുൽക്കുടിൽ തീർത്തു വസിച്ചതു-
മിങ്ങനെ കൊണ്ടാടി മേരി തൻ നന്ദനൻ

ഹേമന്തകാലമധ്യത്തിലന്നാളൊരു
കോമള സായാഹ്നവേളയിൽ ബാലകൻ

താതമാതാക്കളോടൊത്തു “ദീപോത്സവം”
സ്ഫീതപ്രമോദസമന്വിതം കൊണ്ടാടി

റാന്തൽവിളക്കുകൾ കത്തിച്ചു, തൽഭവ-
നാന്തർഭാഗങ്ങളിലെങ്ങും പ്രതിഷ്ഠിച്ചു,

സാനന്ദമാലയംവിട്ടു മുററത്തെത്തി
നാനാവഴിക്കുകണ്ണോടിച്ചുബാലനു

നക്ഷത്രപൂർണ്ണമാമംബരവീഥിപോൽ
നഗ്നേത്രത്തുകാണായിതന്നത്തെ രാത്രിയിൽ

കത്തിച്ചപന്തങ്ങൾ കയ്യിൽപിടിച്ചുകൊ-
ണ്ടുത്തമരാം യുവലോകം സഹർഷരായ്

കൂട്ടമായ് രഥ്യയിലൂടെ നടപ്പതും
ക്രിസ്തുവിന്നുത്സാഹമുണ്ടാക്കി നിർഭരം.

രാത്രിയിൽ കത്തിച്ച ദീപശതങ്ങൾ തൻ
കാന്തസുരാഭമാം വീചികളൊക്കയും

കൈക്കലാക്കിക്കൊണ്ടു പിറേറന്നുഷസ്സിലാ-
ഭാസ്കരൻ പൂർവ്വദിങ്ങ് മന്ദിരംപൂകവെ

വമ്പിച്ച മർത്ത്യസമൂഹമീന്തപ്പന-
ക്കൊമ്പുകളേന്തി ക്രമക്കേടുകാട്ടാതെ

നന്ദിച്ചു കീർത്തനം പാടി യഹോവയെ
വന്ദിച്ചു നേർച്ചകളൊക്കെക്കഴിക്കുവാൻ

പ്രാർത്ഥനാഗേഹത്തിലേക്കു നടപ്പതു-
മുത്തമശീലൻ കുമാരകൻ ദർശിച്ചു.

കന്യാതനുജനോടൊത്താമഹോത്സവം
കൊണ്ടാടുവാൻ തന്റെ വീട്ടിൽ വന്നെത്തിയ

പേശലഗാത്രരാം ബാലകരോടന്നു
യൗസേപ്പു ദീപോത്സവാർത്ഥമോതീടിനാൻ

“വത്സരേ, കേൾപ്പിനിന്നീ പ്രദീപോത്സവ-
മുത്സാഹമോടു കൊണ്ടാടുവാൻ കാരണം

ഒന്നരന്തൂററാണ്ടിനപ്പുറം നീചരി-
ലൊന്നാമ"നന്തിയോക്കസ്സെ"ന്ന മന്നവൻ

പാരം പരിശുദ്ധമായ ജറൂശലേം-
പള്ളി"യും നാടും പിടിച്ചടക്കീടിനാൻ.

ക്രൂരനാമാക്ഷോണിപാലകൻ സ്പർശിക്ക-
കാരണം നഷ്ടമായ്പ്പള്ളിതൻ ഭാവുകം.

വർഷം കുറേക്കഴിഞ്ഞപ്പോൾ യഹൂദർക്കു
ഹർഷംജനിപ്പിക്കുമാറൊരു സൈനികൻ

"യൂദാസുമക്കാബിയസ്സെ"ന്ന പേരിനാ-
ലാദിക്കിലൊക്കെയും വിഖ്യാതനായവൻ,

വമ്പിച്ചസേനയെ സജ്ജീകരിച്ചു തൻ-
വൈരിയെത്തോൽപ്പിച്ചു കൊന്നൊടുക്കീടിനാൻ

സിംഹാസനം ജർശലേമിൽ പ്രതിഷ്ഠിച്ചു
സംശുദ്ധമാക്കി "യൂദാസു"ദേവാലയം.

തൽപ്പുണ്യകർമ്മസ്മൃതിക്കു "ദീപോൽസവ-
മിപ്പുരവാസികൾ ഘോഷിപ്പു സാദരം.

മുന്നം യഹൂദവർഗ്ഗത്തെയശേഷവും
മന്നിടത്തിൽനിന്നു പൂർണ്ണമായ് നീക്കുവാൻ.

കാപ്പുകെട്ടിപ്പുറപ്പെട്ട "ഹാമാ"നെന്ന
കുപ്രസിദ്ധൻ മന്ത്രിയേത്തന്റെ മന്നവൻ

സർവ്വസൗശീല്യ സമ്മോഹനസൗധമായ്
സർവം സഹയിൽ നിതാന്തം വിളങ്ങിയ

വന്ദ്യയാ"മെസ്ഥേർ"മഹാരാജ്ഞിതന്നുടെ
ധന്യാഭിലാഷത്തെ സർവഥാ മാനിച്ചു

തൂക്കമരത്തിൽ കയററി വധിച്ചതു-
മൂലംക്കാമ്പിലോത്ത്രുത്സവം സമാഘോഷിപ്പൂ”

ബാലനായ് ശ്രീയേശു നസ്രേത്തിൽ വാഴുന്ന–
കാലത്തിതേവിധമൊട്ടേറെയുത്സവം

കൊണ്ടാടിയെന്നല്ലവയ്ക്കുള്ള സാരവും
കൌതുകത്തോടു പഠിച്ചുള്ളിൽ സൂക്ഷിച്ചു.

## പന്ത്രണ്ടാം വയസ്സിൽ

സ്വത്ത്വവ്യമായിരുന്നു യഹൂദന്മാർക്കു
ദ്വാദശവത്സരപ്രായമെക്കാലവും

മന്നവനായ ഫറോവിൻ തനൂജതൻ
മന്ദിരം “മോസസ്സ്” കൈവിട്ടുപോന്നതും

വേദപ്രവാചകനായ് ശമുവേലിനെ
വേദാന്തവേദ്യസ്വരൂപൻ വിളിച്ചതും

ന്യായപീഠത്തിലിരുന്നുകൊണ്ടാദ്യമായ്
ന്യായമാ “സോളമ”ക്ഷ്മാപൻ വിധിച്ചതും

“യോശുവാ” തൻപരിഷ്ക്കാരത്തിനെത്രയും
യോജിച്ചൊരസ്ഥിവാരം പ്രതിഷ്ഠിച്ചതും

യൂദകുമാരൻ സ്വതന്ത്രനാകുന്നതും
വേദേതിഹാസം പഠിച്ചു തീർക്കുന്നതും

നിത്യവൃത്തിക്കുള്ളമാർഗ്ഗം വരിപ്പതും
ദ്വാദശ വർഷസംപൂർത്തിയിലാണുപോൽ.

ബാലനാം യേശുവും സുന്ദരമാകുമാ–
പ്രായത്തിലെത്തിനാൻ സന്താപമെന്നിയേ.

വന്നട്ടത്തക്കാലമാപ്പെസ്സഹായപ്രമാം
സുന്ദരപർവ്വം; ജനങ്ങൾ പ്രബുദ്ധരായ്.

നസ്രേത്തിലെത്തെരുവീഥിയിലെങ്ങുമേ
നാനാതരത്തിൽ മുഴങ്ങി കോലാഹലം

ജർസ്സലേം പള്ളിയിലേക്ക പോകാനുള്ള
ജിജ്ഞാസ വർദ്ധിച്ചു ബാലനാം യേശുവിൽ

പാത്രങ്ങളും കിടക്കാനുള്ള പായ്കളും
വസ്ത്രങ്ങളും പല ഭക്ഷ്യവസ്തുക്കളും

ശേഖരിച്ചൊന്നിച്ചു കെട്ടിയോസേപ്പുമാ-
മേരിയും യേശുവും യാത്രപുറപ്പെട്ടു,

നസ്രേത്തിലെ ഗ്രാമവീഥിചെന്നെത്തുന്ന
വിസ്തൃതമാം സമഭൂവിൻ നടുവിലായ്

കൂപമൊന്നുണ്ടായിരുന്നതിൻ ചുററിലും
കൂടി ജനങ്ങൾ കണക്കററ സത്വരം.

തങ്ങളിൽ തങ്ങളിലുള്ളഴിഞ്ഞവരും
മംഗളമോതുന്ന കോലാഹലങ്ങളും

സഞ്ചാരമദ്ധ്യേ കുടിക്കുവാനായ്ത്തുകൽ-
സഞ്ചിയിൽ വെള്ളം നിറയ്ക്കുന്ന ശബ്ദവും

ഒട്ടകത്തിൻെറ നിശ്വാസവും രാസഭ-
ക്കൂട്ടം കുളമ്പിട്ടടിക്കും നിനാദവും

തീർത്ഥയാത്രക്കാരെ യാത്രയയക്കുവാ-
നെത്തിയ ബന്ധുക്കൾ തൻ ശുഭാശംസയും

ഒന്നിച്ചുകൂടിക്കലന്നൊരയ്യായിരം
ദുന്ദുഭിപോലെ മുഴങ്ങി വിണ്ണിൽപരം.

ദേവാലയത്തിൽ പ്രതിഷ്ഠിക്കുവാനുള്ള
പാവനപ്പെട്ടിതങ്ങളെന്തിനോ കേഴവേ,

വീട്ടുകാരൊന്നിച്ചു ഭക്ത്യാപുറപ്പെട്ടു
പട്ടികളെല്ലാം വെറുതെ കുരയ്ക്കവെ

സന്തതം ചഞ്ചലിച്ചീടുന്നൊരൊട്ടക-
ച്ചുണ്ടിൽ നിന്നിററിററ വെള്ളമൊഴുകവെ

വെമ്പും കഴുതകൾ കൂട്ടമമറവെ
കമ്പുകളൂന്നിപ്പതുക്കപ്പതുക്കവെ,

വ്യാപാരനൗകാ സമൂഹം പ്രതികൂല
വാരിധി മന്ദം കടക്കുന്നപോലവെ

യാത്രപുറപ്പെട്ടു മൈതാനഭൂവെടി-
ഞ്ഞുത്തുംഗശൈലം കരേറി മഹാജനം.

വക്രമാം ശൈലമാർഗ്ഗത്തിലൂടീശ്വര-
സൽകുമാരൻ മുദാ സഞ്ചരിക്കുംവിധൌ

സാദരം ചോദിച്ചാൻ ചാരേ നടന്നൊരു
വേദജ്ഞനാം ഗുരുവര്യനോടീവിധം.

"ജെർസ്സലേം പള്ളിയിലേക്കു നാമിങ്ങനെ
സോൽസാഹം തീർത്ഥപ്രയാണം നടത്തുവാൻ

കാലമേതാണെന്നറിയുവതെങ്ങനെ?
കാര്യമോർത്തീടിൽ നാമെത്രയോ ദൂരസ്ഥർ"

ഓതിനാൻ ദേശികൻ "ധാന്യങ്ങളൊക്കയും
കൊയ്തെടുക്കേണ്ടുന്ന കാലമടുക്കവെ

പൂർണ്ണേന്ദുമണ്ഡലം ശോഷിച്ചു ശോഷിച്ചു
കൃഷ്ണപക്ഷത്തെ ക്ഷണിക്കാൻ തുടങ്ങവെ

ജർശലേംപള്ളിപ്പുരോഹിതന്മാരേററ-
മാശയോടാകാശദേശത്തെ നോക്കിട്ടും.

സൂര്യേന്ദു സംഗമദോഷം കഴിഞ്ഞിട്ടു
സുന്ദര ശുഭ്രമാം ചന്ദ്രകന്നിക്കല

വാനത്തിലന്തിക്കുവെള്ളി പൂശുമ്പൊഴാ
വൈദികന്മാർ സത്യസന്ധരാം ദൂതരെ

"വന്നിതാനിസ്താരപർവത്തിന്നുള്ളൊരു
വാസര"മെന്നോതാനെങ്ങുമയച്ചിട്ടും.

എങ്കിലൊ നമ്മുടെ പൂർവ്വികരീ വാർത്ത
ദിക്കുകൾതോറുമറിയിക്കുവാൻ പണ്ടു

ദേവാലയോപാന്തഭൂവിലെത്തുംഗമാം
പർവതപീഠത്തിൽത്തീയ്ക്കൂട്ടി വന്നതെ.

വൈദികന്മാരെത്തുടന്നു പിന്നന്യരും
സത്വരം ചുററിലുമുള്ള ശൈലങ്ങളിൽ

നിസ്താരപർവ വിജ്ഞാപനമാരുത-
മിത്രനെപ്പാരം ജ്വലിപ്പിച്ചു സാദരം.

ദൂരസ്ഥമായ "ദമസ്ക്കോസു"മീജിപ്തും
ബേർശേബാതൊട്ടുള്ള മററുദേശങ്ങളും

പെസ്സഹാവാസരമാസന്നമായെന്നു
നിസ്സംശയം ധരിച്ചാനന്ദമാർന്നിട്ടും

പക്ഷേശമേറിയാക്കാർക്കു നമ്മോടൊരു
പക്ഷമില്ലാതെ വരികയാൽ, പിന്നീടു

കാലമല്ലാത്തകാലത്തു കുന്നിൽ ശിഖി-
കത്തിച്ചു നമ്മെച്ചതിച്ചാർ പലകുറി.

തന്നിമിത്തം ദൂതരിന്നു ചെന്നെത്തുന്നു
സന്ദേശവുംകൊണ്ടു നാട്ടിലെല്ലാടവും"

നാനാവിശേഷങ്ങളേവം ഗ്രഹിച്ചേററ-
മാനന്ദപൂർവം കുമാരൻ നടന്നുപോയ്.

കാലം വസന്തം, വിശിഷ്ടം; ധാരാതലം
ലോലംബലോല പ്രസൂന പ്രശോഭിതം

തേനൊലിപ്പാട്ടുകൾ പാടിപ്പറവക-
ളാനഭോവീഥിയിൽ നിർമ്മിച്ചു മാലിക.

പാരം വളഞ്ഞും പുളഞ്ഞുമിഴഞ്ഞുള്ള
പാത, പാദങ്ങളാൽ സംക്ഷുബ്ധമാക്കവെ

കാണായി മൈതാനമൊന്നതിവിസ്തൃതം
കണ്ണിനും ഹൃത്തിനും കൗതുകദായകം.

ആദിയുമന്തവുമെങ്ങെന്നറിയാത്ത
രീതിയിൽ തൊട്ടുതൊട്ടേറെ നീളത്തിലായ്

തീററിയുമേന്തിച്ചെറുതാമെറുമ്പിന്റെ
പററമിഴഞ്ഞു ഗമിക്കുന്നപോലവേ

ലക്ഷോപലക്ഷം ജനങ്ങളുമൊട്ടക-
ലക്ഷവും ഗർദ്ദഭക്കൂട്ടവുമൊന്നിച്ചു

പാരം വിദൂരസ്ഥ ജർശലേം നാടിന്റെ
നേരേനടപ്പതു കണ്ടു കന്യാസുതൻ.

മന്ദംഗിരിച്ചരിവിങ്കലൂടീശ്വര-
നന്ദനൻ തൻ സഹയാത്രികന്മാരൊത്തു

താഴത്തിറങ്ങി മൈതാനത്തിലെത്തൃണ-
തല്പത്തിലല്പമാം വിശ്രമം തേടിനാൻ.

വീണ്ടും പ്രയാണം തുടൎന്നു തീൎത്ഥാടക-
വൃന്ദം സമീപിച്ചു ശാമൎയ്യഭൂധരം.

തൽസാനുവിൽ വന്നുകൂടി നാനാവഴി
തഞ്ചത്തിലദ്ധ്വഗ സാഗരവീചികൾ.

സന്ധ്യയായ് സർവരും തത്ര വസിക്കുവാ-
നത്തരവിട്ടു തീൎത്ഥാടക നായകൻ.

ശാമൎയ്യരോടുള്ള ഭീതിയാലദ്ധ്വഗ-
സംഘത്തിലുൾപ്പെട്ട യൂദരിലൊട്ടുപേർ

വേഗംപിരിഞ്ഞുപോയ് തത്ര വസിക്കാതെ
വേറെവഴിക്കു ജീവൻ പുലൎത്തീടുവാൻ.

ശക്തരായുള്ള ഗലീലിയന്മാരൊത്തു
മൎത്ത്യാത്മജൻ വസിച്ചാൻ ശൈലസാനുവിൽ.

നക്ഷത്രപൂൎണ്ണമാമംബരപ്പുറതലിൽ
തൽക്ഷണം ദൈവകുമാരൻ ശയിക്കയായ്.

കാടന്റെക്കുകലും മൂങ്ങതൻമൂളലും
കാട്ടിൽനിന്നെത്തിയ കാറ്റിന്റെ ചീറ്റലും

കല്യാണശീലനാം ശ്രീയേശുബാലനെ
തെല്ലുമുണൎത്തിയില്ലന്നത്തെ രാത്രിയിൽ.

## ജറൂസലേം

സാൎത്ഥവാഹൗഘ മദ്ധ്യത്തിലക്കാംസ്യക്ക-
ളെത്തവേ ഞെട്ടിയുണൎന്നു നിഖിലരും.

പായ്കൾ തുടങ്ങിയവസ്തുക്കൾ കുട്ടികൾ
പിന്നെയും രാസഭത്തിൻ പുറത്താക്കിനാർ.

ദക്ഷിണദിക്കിനെ നോക്കിപ്പുറപ്പെട്ടു
തൽക്ഷണം യേശുവും താതനംതായയും.

പാർശ്വഭാഗങ്ങൾ പുരോഹിതന്മാരുടെ
പച്ചനീരാളം കണക്കു ശോഭിക്കവേ

പൂമലക്കാവുകൾ പുഞ്ചിരി വർഷിച്ചു
പൂച്ചെണ്ടു പൊക്കിപ്പിടിച്ചു നിന്നീടവേ

മുന്നിലായ്പ്പൊക്കമിയന്ന ശമേറിയാ-
ക്കുന്നിൽപ്പെരുമ്പാമ്പുപോലെ കിടന്നൊരു

പാതയിലൂടേ നടന്നു തീർത്ഥാടക-
പംക്തി ശാമര്യർ തൻ പട്ടണം പൂകിനാർ

തത്ര യൂദാഭ്യാഗ സഞ്ചയത്തെക്കണ്ടു
വർദ്ധിച്ച കോപമന്നാട്ടുകാർക്കാകവേ

സത്യദൈവത്തിന്റെ മന്ദിരം ജർശലേം
പത്തനം തന്നിലല്ലായതു നില്പതു

ശാമര്യ ഭൂധര പീഠത്തിലാണെന്നു
സങ്കോചമേതുമേശാതവരോതിനാർ.

നിസ്താരപർവാദിഘോഷിക്കുവാനവ-
രൊത്തുശ്രമിക്കുകയായിരുന്നു തദാ.

ഭീതരായ്ത്തീരാതെ യൂദർ മുന്നോട്ടങ്ങു
യാത്രതുടരവേ മറ്റൊരു കുന്നിലായ്

മുറ്റുമുയർന്നൊരു പള്ളിയും തുംഗമാം
മന്ദിരപാളിയും ഗോപുരപംക്തിയും

ശക്തിയേറീടുന്ന കോട്ടയുമൊത്തൊരു
പത്തനം ലോചന ഗോചരീഭൂതമായ്.

സ്യന്ദനവൃന്ദവും റോമിലെഗ്ഘോടക-
സേനയുമാപ്പുരദ്വാരത്തിൽ ശോഭിച്ചു.

നിസ്തുലമാകുമാപ്പട്ടണം മുന്നമേ
നിർമ്മിച്ചതാണു ഹേരോദാഖ്യനാം നൃപൻ.

വിസ്തൃതമായ "സമേരിയാ" നാടിന്റെ
വിശ്രുതസദ്രാജധാനിയാമാപ്പുരം

പിന്നിട്ടു യാത്രികരങ്ങൊരു താഴ്‌വര
തന്നിലെപ്പാതയിൽ ചെന്നെത്തി സത്വരം

തൽപ്പദ്ധതിക്കെഴും പാർശ്വഭാഗങ്ങളിൽ
രക്ഷികൾപോലവേ നിന്നു ശൈലദ്വയം.

"ധന്യവാദാ"ഖ്യമാമൊന്നാ ദിനത്തിന്റെ
സന്ധ്യാംബരത്തെത്തലോടി പ്രശോഭിച്ചു.

"ശാപാഖ്യപൂണ്ടോരപരാവനീധരം
ശീർഷം വടക്കോട്ടു ചായിച്ചു നിന്നതെ.

രണ്ടുഭാഗത്തുമമ്മട്ടിൽ വിളങ്ങിയ
വിണ്ടലഭേദികളായ ശൈലങ്ങളാൽ

പാലിതമാം പാത തന്നിലൂടത്തീർത്ഥ-
പാന്ഥർച്ചെന്നെത്തി യഹൂദിയാസീമയിൽ.

തത്ര പരന്നു കിടന്ന മനോജ്ഞമാം
മൈതാനഭൂവും കടന്നു പിന്നീടവർ,

മൂന്നാം ദിനം പ്രഭാതത്തിൽ യഹൂദിയാ-
ക്കുന്നിലേക്കേറുവാൻ മെല്ലെത്തുടങ്ങിനാർ

ആ യഹൂദ്യായിലെക്കുന്നുകളോരോന്നു-
മാശ്ശു ചരിത്രപ്രധാനങ്ങളായ് മിന്നി.

ശാവൂൽ ജനിച്ചതും ഭൂപനായ്ത്തീന്നതും
ഗർവ്വിയന്നീടും ഫലസ്ത്യരോടേററതും

ഭയാനാഥനേകനാം ഭൃത്യനോടൊന്നിച്ച
മാനമായ് ശത്രുസംഘത്തെ വധിച്ചതും

പിന്നീട്ട ദാവീദ്ദ, തന്നോടെതിൎത്തൊരു
ഭൂന്നയശീലരെ മുററമോടിച്ചതും

പാരം പ്രസിദ്ധമാമാത്തുംഗ പർവത-
പംക്തിയിൽ വച്ചായിരുന്നെന്നു വിശ്രുതം.

ക്രുദ്ധനാ"മേശാവി"നെബ്ഭയപ്പെട്ട തൻ
സോദരനാകിയ "യാക്കോബു" സത്വരം

ജീവരക്ഷാൎത്ഥമായ്ച്ചെന്നു വസിച്ചതും
ജാതാധികൾമം നിദ്രയേപ്പൂണ്ടതും

മന്നിൽനിന്നംബരത്തോളമുയൎന്നോരെ
മാലാഖമാർ സഞ്ചരിക്കുന്ന നിഃശ്രേണി

സ്വപ്നത്തിലാവിഷ്ക്കരിച്ചതുമായുള്ള
ശൈലത്തെദർശിച്ച കന്യകാനന്ദനൻ.

കായംപരം ദൃഢമായിരുന്നെങ്കിലും
കണ്ടാൽ ഭയംതോന്നുമുത്തുംഗപർവതം

തെല്ലുകയറിക്കഴിഞ്ഞപ്പൊഴേക്കുമാ-
കല്യാണഗാത്രം നിതാന്തം തളർന്നുപോയ്.

എങ്കിലും മറവുള്ള പാന്ഥരോടൊന്നിച്ച
മംഗളശീലൻ തുടൎന്തു തീർത്ഥാടനം.

ഭൂധരത്തിൽ മഹാസ്ഥൂലമായുള്ളൊരു
ഭാഗത്തണഞ്ഞിട്ടുതെക്കോട്ടുനോക്കവേ

ജർശലേം പട്ടണഗോപുരഭിത്തികൾ
വർഷിച്ചു കൗതുകം ക്രിസ്തുവിൻ കൺകളിൽ.

കീർത്തിയേറും ഗലീലായിൽ നിന്നെത്തുന്ന
തീർത്ഥാടകർക്കൊരു വിശ്രമോച്ചസ്ഥലി

തുംഗമായീടുമൊലിവുമലയുടെ
ഭംഗിയേറും പിൻഭുവിൽ പ്രശോഭിച്ചു.

ആകയാൽ ഭക്തജനങ്ങളാക്ഷോണീധ്ര—
ശൃംഗത്തിലെത്താൻ തുടങ്ങീ പരിശ്രമം

പർവതാരോഹണക്ലേശം മറയ്ക്കുവാൻ
പുല്ലാംകുഴലൊരാൾ വായിച്ചു സുസ്വരം

വർദ്ധിതോത്സാഹമെല്ലാവരുമൊന്നിച്ചു
വിണ്ടലം പൊട്ടുമാറീവിധം പാടിനാർ.

പാവനനീതി പീഠോല്ലസദ്രംഗമേ
"ദിവ്യനഗരമേ, വെൽകനീ, വെൽകനീ

ദാവീദുരാജ സിംഹാസനസ്ഥാനമേ
ദിവ്യനഗരമേ വെൽകനീ വെൽകനീ

വീരചരിതയാം ജർശലമേ, തവ
വിസ്തൃതഗോപുരദ്വാരത്തിലിന്നിതാ

സാദരം ഞങ്ങളണയുന്നു ഭാവൽക്ക—
ശാന്തിക്കു പൂജിപ്പു ദേവപാദാംബുജം.

നിന്നിൽ വിളങ്ങട്ടെ നിത്യമാം സംതൃപ്തി
നിന്നിൽ വിളങ്ങട്ടെ നിത്യമാം നിർവൃതി.

ശ്രീപൂർണ്ണമാകട്ടെ സന്തതം, താവക
ഭൂപാലസൗധങ്ങളൊക്കയും നിർഭരം.

സമ്പന്നരാകട്ടെ നിന്നെ സ്നേഹിക്കുവോർ
സന്തുഷ്ടരാകട്ടെ നിന്നെ വന്ദിക്കുവോർ.

നിന്നുടെ നാഥനെത്തേടിയിതാ ഞങ്ങ-
ളൊന്നിച്ചണയുന്നു ഭാവുകം തേ സദാ."

പാട്ടിതുപാടിപ്പുതുക്കെപ്പുതുക്കെയൊ-
പ്പർവതമേറിനാൻ ശ്രീയേശുനാഥനും

പീഠത്തിലന്നു യാത്രക്കാരുറപ്പിച്ച
കൂടാരമൊന്നിനുള്ളിൽക്കൊച്ചുതമ്പുരാൻ

വിശ്രമിച്ചീടവേ തൃക്കണ്ണുകൾ ദ്രുതം
വിശ്രുതമാം ജർശലേമിൽപ്പറന്നെത്തി.

തങ്കക്കതിരവനാപ്പുണ്യപത്തനം
തങ്കരംകൊണ്ടു തലോടി മിനുക്കവേ

മന്നവനാകിയ ഹേറോദു തന്നുടെ
മാർബിൾക്കളിത്തറകണ്ടു ദേവാത്മജൻ;

അങ്ങൊരു കുന്നിലാമന്നവൻ തന്നുടെ
തുംഗമാംഹർമ്മ്യവും പ്രസാദപംക്തിയും.

പിത്തളത്തൊപ്പിയുമായസച്ചട്ടയും
പൂണ്ടു കാവൽ നിന്നു തത്ര റോമാഭടർ.

മംഗളരൂപനാം യേശുവിൻ നേത്രങ്ങ-
ളങ്ങൊന്നിലുംചെന്നുതങ്ങിയില്ലല്പവും.

വിഖ്യാതിയാർന്നോരൊലീവിൻമലയുടെ
നേർക്കു, നഗരമദ്ധ്യത്തിൽ, തൻ മുമ്പിലായ്

ശുദ്ധാതിശുദ്ധസ്ഥലത്തെ രക്ഷിച്ചുകൊ-
ണ്ടത്യന്ത കാന്തിയോടുത്തുംഗമായ് നിന്ന

കാഞ്ചനഛാദനം ക്രിസ്തുവിൻ മാനസം
സഞ്ചിതകൗതുകമാക്കി പ്രശോഭിച്ചു.

വിശ്വാഭിവന്ദ്യമാമാസ്ഥലം ശില്പികൾ
സ്പർശിച്ചിടാത്തുള്ള പാവനപ്രസ്തരം.

വിശ്വാസികൾക്കു പിതാവാകുമബ്രഹാം
വാത്സല്യമേറിടും തൻപ്രിയപുത്രനെ—

ശാന്തനാമിസ്സാക്കിനെ—ക്കൊണ്ടുപോയത—
പ്രസ്തരത്തിങ്കലേക്കല്ലീമഖത്തിനായ്

പണ്ടജ്ജലപ്രളയത്തിലാനോഹിന്റെ
പെട്ടകം വന്നണഞ്ഞുറച്ചതുമങ്ങുതാൻ.

പ്രാമുഖ്യമിമ്മട്ടിലാർജ്ജിച്ചൊരാപ്പുര—
പ്രാക്തനവൃത്താന്തമോർമ്മിച്ചു നിർമ്മലൻ.

മേഷയൂഥപാലനാം ദാവീദു, ഭൂപനായ്
വർഷങ്ങളായിരത്തഞ്ഞൂറിനും മുമ്പ്

ഘോരമാം യുദ്ധം നടത്തിയന്നാടിനെ—
പ്പാരം പണിപ്പെട്ടു മുറ്റും പിടിച്ചതും

"ശാന്തിനഗര"മെന്നർത്ഥം വരും, "യേറു-
ശാലെ"മെന്നുള്ള പേരന്നാട്ടിനിട്ടതും

തത്ര വിളങ്ങിയ പുണ്യമാം പാറമേൽ
പാർത്ഥിവൻ സോളമൻ പള്ളി നിർമ്മിച്ചതും

പിന്നീടെജിപ്തു പാലിച്ച ധൃഷ്ടാഗ്രിയ-
മന്നവന്മാരും നിനുവയ്യധീശരും

"ബാബിലോൺ" രാജ്യംഭരിച്ചനൃപാലരും
വമ്പിച്ചനാശമാനാടിന്നണച്ചതും

നിഷ്ഠ൦രചിത്തൻ "നെബുക്കദെനേസറാം"
വിഷ്ടപപാലകൻ സംസ്കാരഹീനനായ്

പാവനശ്രീദേവഗേഹമിടിച്ചതും
പാവങ്ങളാം യൂദരെക്കൊണ്ടുപോയതും

ഒട്ടേറെനാളാപ്പുരിപൂതമാകിന
പട്ടണം പാഴ്മരുഭൂവായ്ക്കിടന്നതും

പേർഷ്യക്കധീശനാം "സൈറസ്സ്" പിന്നെയാ-
"ബാബിലോൺ"രാജ്യം പിടിച്ചു ഭരിച്ചതും

പാർത്തട്ടിലങ്ങിങ്ങടിമകളായ് വാണ
യൂദർക്കഖിലവും മുക്തികൊടുത്തതും

ദേവാലയം പുതുതായ്പ്പണിഞ്ഞീടുവാ-
നാവീരഭൂപനവരോടുരച്ചതും

പാരം മനോജ്ഞമാം നവ്യപൂജാലയം
വൈരികൾ നിർദ്ദയം തട്ടിയെടുത്തതും

ക്ഷാമം, നിരോധനം, യുദ്ധമിത്യാദിയാ-
ലാമന്ദിരോപാന്തഭൂമിയശേഷവും

ക്രൂരരാമന്യനൃപന്മാരെതിർക്കയാൽ
താറുമാറായ്ക്കുറേക്കാലം കിടന്നതും

"യൂദാസുമക്കാബിയസ്സെ"ന്ന വിശ്രുത-
സ്വാതന്ത്ര്യസംഗരഗംഭീരപൂരുഷൻ

കാലങ്ങളൊട്ടുകഴിയവേ യൂദരെ-
പ്പാലിക്കുവാൻ ജന്മദേശം പിടിച്ചതും

നിന്ദ്യമാമാഭ്യന്തരഛിദ്രബാധയാൽ
പിന്നെയുമാ ജനം ഖിന്നരായ്ത്തീർന്നതും

വിപ്ലവമെല്ലാമൊതുക്കുവാൻ രോമ്യരാം
വീരോഗ്ര സൈനികർ കൂട്ടമായ് വന്നതും

അന്നുതുടങ്ങിയാപ്പട്ടണം റോമിൻെറ
വൻനുകത്തിൻകീഴിലായിച്ചമഞ്ഞതും

ബാലനാണെങ്കിലുമിമ്മാനവേലിൻെറ
ബുദ്ധിയിൽ മേൽക്കുമേൽ പൊന്തിവന്നു തദാ.

സന്ധ്യയായ് നേരം; ദിനേശനദൃശ്യനായ്
തീർത്ഥാടകാവലികൈക്കൊണ്ടു വിശ്രമം.

മാതാപിതാക്കളോടൊത്താലീവിൻമല-
മീതേ മഹേശനത്താഴവും ഭക്ഷിച്ചു.

കുന്നിൻചരിവുകൾതോറും ജ്വലിക്കുന്ന
വഹ്നിനാളങ്ങൾകണ്ടാനന്ദമേന്തിയും

പിറേറദ്ദിനത്തിൻ പ്രഭാതത്തെ നോക്കിയും
പാവനശീലനബ്ബാലനുറങ്ങിനാൻ

## ദേവാലയത്തിൽ

പർവതപീഠത്തിൽ നിദ്രാവശഗരായ്-
പ്പാർത്തജനാവലി നേരംപുലരവേ

ദൂരത്തുനിന്നും മുഴങ്ങിയോരാരവ-
മാരാൽ ശ്രവിച്ചുണർന്നോററ സന്തുഷ്ടരായ്.

മാതാപിതാക്കളോടൊന്നിച്ചു യേശുവും
മററുള്ള മർത്ത്യലക്ഷങ്ങളെപ്പോലവേ

പ്രസ്തരപൂർണ്ണമാം പാതയിൽക്കൂടിയാ-
ഭൂധരാധിത്യക കൈവിട്ടുയാത്രയായ്.

നിർജ്ജലമാകയാൽ കിദ്രോൻ നദീതടം
നിഷ്പ്രയാസം കടന്നന്നതമാകിന

പട്ടണം ചുററീക്കിടന്നൊരു ഭീമമാം
കോട്ടതൻ ഛായാതലത്തിൽ പ്രവേശിച്ചു.

വിസ്തൃതമാമൊരു ഗോപുരമാർഗ്ഗേണ
ബുദ്ധിമുട്ടിപ്രക്രമിച്ചോരുവേളയിൽ

വിശ്വാഭിവന്ദ്യൻ കുമാരകൻ കണ്ടതു–
വിഖ്യാതിപൂണ്ടൊരുജർശലേം നാടല്ല–

കാററിനാലംബരത്തോളമുയർന്നുള്ള
കല്ലോലസഞ്ചയം തിങ്ങിക്കറങ്ങിടും

നോക്കെത്തിടാതാദിമദ്ധ്യാന്തമേതെന്നു
നിർണ്ണയിക്കാവതല്ലാത്തൊരംഭോനിധി.

പത്തായിരം ജനസ്ഥാനങ്ങളൊന്നിച്ചു
പാശേനബന്ധിച്ചു കൊണ്ടുപോകുംവിധം

മുന്നോട്ടുനീങ്ങും ജനാവലിയോടൊത്തു
മന്ദംഗമിച്ചു നശ്രേയനാം ബാലനും;

നീരന്ധ്രമാം തെരുവീഥികളിൽക്കൂടി,
നിന്നും, ഞെരുങ്ങിനടന്നും പണിപ്പെട്ടു

പള്ളിപ്പറമ്പിൽക്കടന്നു നാനാജനം
പാക്കും വിശിലമാം ശാലയിൽ ചെന്നെത്തി.

ക്രസ്തുനാഥൻ തത്ര നിൽക്കവേ കേൾക്കായി
കണ്ണാംപൊടിക്കുന്ന തുംഗമാം നിസ്വനം

യാഗപീഠത്തിങ്കലർപ്പിക്കുവാനുള്ള
പൈയ്ക്കിടാങ്ങൾ പരത്തീടുമമർച്ചയും

മേൽക്കുമേൽപൊങ്ങുന്ന മേഘാരവങ്ങളും
പ്രാക്കളൊന്നിച്ചുയർത്തീടുംരുതങ്ങളും

കൂട്ടിമുട്ടിക്കാലുതട്ടിനിൽക്കും ജന-
ക്കൂട്ടം നടത്തുന്ന സംഭാഷണങ്ങളും

കൂടിക്കലർന്നന്തരീക്ഷത്തിൽ മേഘസം-
ഘട്ടനംപോലേ മുഴങ്ങി നിരന്തരം.

ചട്ടത്തിനൊത്തു ജോസപ്പുമൊരാടിന്റെ
കുട്ടിയെ വാങ്ങിക്കരത്തിലെടുത്തഥ

തൻപ്രിയപുത്രനുമായിപ്പലപല
കൽപ്പടിയേറിപ്പുരോഗമിച്ചീടവേ

പള്ളിതൻ "ശ്രീകോവിലം"ബരാധീശ്വര-
പുത്രന്റെ തൃക്കടെക്കൺകളിൽപ്പെട്ടതെ.

തൽപ്പുരിപാവനരംഗത്തിലെത്തുവാ-
നൊൻപതു ദിവ്യകവാടം പ്രശോഭിച്ചു.

തൽക്കവാടങ്ങളിലെട്ടെണ്ണവും തനി
ത്തങ്കവും വെള്ളിയുംകൊണ്ടഹോനിർമ്മിതം

ഒൻപതാമത്തെക്കവാടം കൊരിന്തിയ-
പ്പിത്തളകൊണ്ടു വിരചിതം മോഹനം.

"സുന്ദരഗോപുര"മെന്ന പേരാലതു
മന്നിടമെങ്ങും പ്രസിദ്ധി സമ്പാദിച്ചു.

പത്തിരുപത്തഞ്ചു വീരരാംമർത്ത്യർ തൻ
ശക്തിയാലുൽഘാടനീയമഗ്ഗോപുരം.

സാദരം വാതിലൊന്നിങ്കലൂടൻപ്പുക
സോപാനമാർഗ്ഗേണ യേശുവും ജോസഫും.

DHARMARAM COLLEGE LIBRARY, BANGALORE. 19707

സത്വരമാരോഹണംചെയ്തു ചെന്നെത്തി
ശ്രീ "മഹിളാലയ"മെന്നൊരു ശാലയിൽ.

അങ്ങുനിന്നപ്പുറമിസ്രയേൽ ജാതിക്കു
തങ്ങുവാനുള്ള വിശാലമാം ശാല താൻ.

ആയതിന്നപ്പുറത്തേറെ വിലപ്പെട്ടൊ-
രാഛാദനത്തിന്റെ തൊട്ടു പിറകിലായ്

"ശുദ്ധാതിശുദ്ധസ്ഥലം" പരിശോഭിച്ചു
ശുദ്ധി ജഗത്തിനഖിലവും നൽകുവാൻ.

ബാലനാമിമ്മാനുവേലമ്മഹിളാഖ്യ–
ശാലയിൽ താതന്റെ ചൊൽകേട്ടുനിന്നതെ.

വൈദികന്മാരുടെ പംക്തി നിലകൊണ്ട
ശുദ്ധാതിശുദ്ധസ്ഥലം പൂകി ജോസഫം.

വേദവിധിക്കൊത്തു വെട്ടിനാനാടിനെ
സാദരം ജോസപ്പു യാഗപീഠാന്തികെ.

ചാരത്തുനിന്ന പുരോഹിതൻ ഛാഗല-
ച്ചോര, തൻ കയ്യിലെ കോപ്പയിൽ സാദരം

ശേഖരിച്ചേൽപ്പിച്ചു മററപുരോഹിത-
മുഖ്യരെ യജ്ഞനിയമവിധേയനായ്.

യാഗപീഠത്തിന്റെ ചോട്ടിലാച്ചെന്നിണം
യാഗമന്ത്രം ചൊല്ലിയേകൻ തളിച്ചുതേ.

മാന്യപുരോഹിത ശുദ്ധീകൃതമായ
മേഷമാംസം സ്വീകരിച്ചു ജോസപ്പഥ

പാവനമാം യാഗശാലയിൽ നിന്നുതൻ
പുത്രൻ വിനീതനായ് നിന്നിടത്തേക്കുപോയ്

പട്ടണത്തിൽ കൊച്ചുവീടൊന്നെടുത്തതിൽ
പാർക്കുകയാരുന്നു മേരിയദ്ദിനം.

യേശുവും ജോസഫും ദേവാലയം വെടി–
ഞ്ഞാശു ചെന്നെത്തിനാർ മേരി തൻ സന്നിധൗ

തെല്ലും പുളിക്കാത്തപൂപവുമുണ്ടാക്കി
നല്ലപോൽ പാകപ്പെടുത്തിയാ മാംസവും

വെള്ളം കണക്കിന്നു ചേർത്തങ്ങൊരുക്കിനാൾ
വീഞ്ഞുമാനിസ്താരപർവ സദ്യാർത്ഥമായ്.

പുത്രനുമമ്മയും താതനും മററുള്ള
മിത്രങ്ങളും ഭക്തി ചെയ്‌വാൻ തുടങ്ങവേ

"ഇന്നത്തെ രാവിനെന്തിത്രമേൽ പ്രാധാന്യ"–
മെന്നീശനന്ദനൻ ചോദിച്ചു സാദരം.

പ്രീതനായ് സത്വരം യൂസഫനീവിധം
പ്രത്യുത്തരം നൽകി സൽഗുരുവെന്നപോൽ

"ദുഷ്ക്കാലവായ്പിനാൽ "പണ്ടുപണ്ടിസ്രയേൽ
മക്കൾ നടന്നുൽക്കടെക്ഷീണഗാത്രരായ്

വിശ്രുതിപൂണ്ടോരെജിപ്തു രാജ്യത്തെത്തി
വിശ്രാന്തിയും നിത്യവൃത്തിയും തേടിനാർ

പെട്ടന്നടിമകളാക്കിയക്കൂട്ടരെ
നിഷ്ഠുരചിത്തൻ ഫറോവെന്ന ഭൂമിപൻ

"മോശ"യാമാചാര്യനാ ദൈവമക്കൾക്കു
മോചനം നൽകിയവരെ നടത്തിനാൻ.

ചെങ്കടൽ രണ്ടായിപ്പകുത്തുകൊണ്ടാമുനി
സങ്കടംകൂടാതെ മർത്ത്യരെയൊക്കെയും

സീനായ് മരുഭൂവിലെത്തിച്ചു മോവാബം
തന്നിലെ ശൈലത്തിലേക്കു നയിച്ചുതേ.

പുണ്യവാനാം മോശ തത്ര നിര്യാതനായ്
പിന്നീടവർക്കു നേതാവായി "യോശുവാ"

ദിവ്യപ്രവാചകനാകുമദ്ദേഹമാ-
ദീനജനങ്ങളെയൊക്കയും മെല്ലവേ

യോർദ്ദാൻ സരിത്തും കടത്തി "ക്കനാനെ"ന്ന
ഭൂതിപ്രദായകമാം ദിക്കിലെത്തിച്ചു.

തത്ര സീയോനെന്ന കുന്നിന്നു മീതെയായ്
പാർത്ഥിവൻ ദാവീദു നിർമ്മിച്ചുജർശലേം.

സർവേശസന്താനവർഗ്ഗമാമിസ്രായേൽ
സാനന്ദമന്നു കൊണ്ടാടി സദ്യോത്സവം.

തൽസ്മാരകാർത്ഥമാണിന്നത്തെ രാത്രിയിൽ
നാമും കഴിപ്പതു "പെസ്സഹാ" സാദരം"

വൃത്താന്തമേവം പറഞ്ഞുകഴിയവേ
കീർത്തനം പാടിത്തുടങ്ങിനാരേവരും.

"സംസ്തുതമാകട്ടെ സർവേശരാഭിഖ്യ.
സൂര്യോദയംമുതൽ സന്ധ്യയാവോളവും

സർവജാതികൾക്കുമെന്നല്ല വാനത്തിനും
സന്തതം മീതെ യഹോവ വസിക്കുന്നു.

പാരിലും വിണ്ണിലുമുള്ള വസ്തുക്കളെ
കാരുണ്യവാൻ സമീക്ഷിപ്പു നതാസ്യനായ്

ധൂളിയിൽനിന്നെഴുന്നേല്പിച്ചിതേഴയെ
കുപ്പയിൽനിന്നുമുയർത്തി ദരിദ്രനെ.

മിസ്രേമിൽ നിന്നു മിസ്രേയലും, ജേയ്ക്കൂബിൻ
വംശം, വിജാതി മദ്ധ്യത്തിൽ നിന്നുംപുരാ

യാത്രപുറപ്പെട്ടു മുന്നോട്ടുപോകവെ,
യോർദ്ദാൻ തരംഗിണി പിൻവാങ്ങി സാദരം

കുഞ്ഞാടിനെപ്പോലെ ശൈലപോതങ്ങളും
മുട്ടാടിനെപ്പോലെ തുംഗശൈലങ്ങളും

തുള്ളിയെന്നല്ലയിബ്രഹ്മാണ്ഡവും പാര-
മുള്ളിൽ ഭയം പൂണ്ടു കമ്പിതമൂർത്തിയായ്.

നിർഝരമാക്കി യഹോവ, തീക്കല്ലിനെ
നിർമ്മലമാം വാപിയാക്കിനാൻ പാറയെ

സത്യമാം രക്ഷതൻ പാനപാത്രംവഹി-
ച്ചോതും യഹോവതൻ നാമം നിരന്തരം.

ഞാനെൻെറ നേർച്ചകളൊക്കെ യഹോവയ്ക്കു
മാനവസഞ്ചയം കാൺകെക്കഴിച്ചിടും.

ജേയ്ക്കൂബിൻ ദൈവമേ, നീ മമ ബന്ധന-
മൊക്കെയും ഭേദിച്ചു നൽക മേ മോചനം.

ദൈവമേ, താവകപ്രാകാരം തന്നിലും
ദിവ്യമാം ജർശമേലമേ നിൻ നടുവിലും

ഞാനെൻെറ നേർച്ചകളൊക്കെ, മടിക്കാതെ
മാനവസഞ്ചയം കാൺകെക്കഴിച്ചിടും

സ്തോത്രമിസ്രായേൽജനത്തിന്നധീശനു
സ്തോത്രം യാക്കോബിൻെറ ദൈവത്തിനെപ്പോഴും"

സങ്കീർത്തനാലാപനാനന്തരം ദൈവ-
സൂനുവും ജോസഫും കന്യകാമേരിയും

പൂപംമുറിച്ചജമാംസത്തൊടൊന്നിച്ചു
ഭക്ഷിച്ചു വീണ്ടുംകുടിച്ചു സംതൃപ്തരായ്

## പിതൃഭവനം

രണ്ടുനാൾ നിസ്താരപർവം മുടങ്ങാതെ
കൊണ്ടാടി, മൂന്നാംദിവസമുദിക്കവേ

നാനാമഹാജനശബ്ദകോലാഹലം
നിദ്രയിൽനിന്നുമുണർത്തി കുമാരനെ.

"കേദാരഭൂമിയിൽ ഗോതമ്പിനോടൊത്തു
കാട്ടുപുല്ലേറെപ്പടർന്നുപിടിച്ചിടാം

വേലികെട്ടായ്കയാൽ മുന്തിരിത്തോപ്പിലെ
വല്ലികളൊക്കെക്കരുങ്ങിക്കിടന്നിടാം.

നാട്ടിലടച്ചുകിടക്കും തൊഴിൽശാല
നഷ്ടത്തിലാകും തുറക്കാതിരിക്കുകിൽ"

ഉത്സവാഘോഷത്തിനെത്തിയോരീവിധ-
മുൾത്തട്ടിലോർത്തങ്ങൊരുങ്ങീപുരംവിടാൻ.

"പാതകളെല്ലാമറിഞ്ഞിടാം, സത്വരം
പ്രായമുള്ളോരുടെമുമ്പിൽ കടക്കണം

താവളസ്ഥാനത്തു ചെന്നിട്ടു നില്ക്കണം
താളത്തിനൊപ്പിച്ചു പാട്ടുകൾ പാടണം"

കുട്ടികളേവം വിചാരിച്ചു നിസ്സ്വനം
കൂട്ടിസ്സ്വതന്ത്രരായ് മണ്ടിത്തുടങ്ങിനാർ

നഗ്രേത്തിൽനിന്നുമങ്ങെത്തിയോരേവരും
നാട്ടിലേക്കേററം കൃതാർത്ഥരായ് യാത്രയായ്.

തോട്ടം തടങ്ങളും കുന്നും കടന്നൊരു
ദിക്കിലണഞ്ഞെത്തിനാർ ജോസഫും മേരിയും.

തത്ര വിശ്രാന്തിക്കൊരുങ്ങവേ, തേടിനാർ
പുത്രനെ,ക്കുട്ടികൾ നിൽക്കുമിടങ്ങളിൽ

പെട്ടെന്നൊരുഗ്രമാമസ്ത്രമുൾത്തട്ടതിൽ
തട്ടിത്തറച്ചപോൽ ഞെട്ടീ ജനിത്രിയാൾ

തൻപ്രിയവത്സനെക്കാണുവാൻ കണ്ണുകൾ
വെമ്പിപ്പുറത്തേക്കിറങ്ങുന്ന മട്ടിലായ്.

ആരോടു ചോദിക്കുമെങ്ങുപോയ് തേടിടു-
മാരാത്രിയെമ്മട്ടുമുന്നോട്ടു നീക്കിടും

ബാലകനെങ്ങായിരിക്കാം, ജറുശലേം
പട്ടണം തന്നിലലഞ്ഞുനടക്കയോ?

സമ്മാന്യരാകുമദ്ദമ്പതിമാരലം
സംഭ്രമിച്ചീവിധം ചിന്തിച്ചു മാഴ്കിനാർ.

കൂരിരുട്ടും ഘോര തസ്കരസംഘവും
കൂത്തടിക്കും കാട്ടുപാതയിൽക്കൂടവേ

പുത്രനെത്തേടിപ്പുറകോട്ടു പോവുകിൽ
പറ്റിടാം പാരം വിപത്തെന്നുമോർത്തവർ.

"പൊന്നുഷസ്സെത്രയും വേഗത്തിലെത്തണം
പൊന്നുംകുമാരനെക്കാണുമാറാകണം.

പുത്രവിയോഗദുഃഖത്താൽ മരിക്കാതെ
പാർത്തലം തന്നിൽ വസിക്കുമാറാകണം.

ഓമൽത്തനൂജന്റെ പീയൂഷഭാഷണം
താമസംകൂടാതെ കേൾക്കുമാറാകണം

തന്തിരു നിർമ്മല വക്ത്ര സരോരുഹ-
ബന്ധുരസൗരഭമേൽക്കുമാറാകണം."

മേരിയും ജോസഫുമീവിധം നിദ്രവി-
ട്ടോരോന്നു ചൊല്ലിക്കരഞ്ഞു വിഷണ്ണരായ്.

കാല്യനക്ഷത്രമുദിച്ചുയന്നംബര-
ക്കോട്ടിൽ പ്രകാശം പരത്തിത്തുടങ്ങവെ

കൂട്ടത്തിലുണ്ടായിരുന്ന ജനത്തൊട്ടു
പെട്ടെന്നുയാത്രപറഞ്ഞാവധൂവരർ

തെക്കോട്ടു ജർശലേം പട്ടണത്തിങ്കലേ-
ക്കുൾക്കമ്പമാർന്നു നടന്നു തിടുക്കമായ്.

ഓരോമരത്തിന്റെ ചോട്ടിലും, പൂവെഴു-
മാരാമഭൂവിലും വല്ലിക്കുടിലിലും

കാട്ടുപടർപ്പിലും സാന്ദ്രസ്ഥലിയിലും
തോടിന്റെവക്കിലുമാറ്റുതീരത്തിലും

ഓരോപദംപൊക്കിവയ്ക്കുന്നതോടൊപ്പ-
മോരോഞരമ്പും തളർന്നു തകരവേ

പുത്രനെത്തേടിയലഞ്ഞൊരു മട്ടിലാ-
ത്താതനും തായയും പ്രാപിച്ചു പട്ടണം.

നിസ്താരപർവംകഴിഞ്ഞു ജനാവലി
സ്വന്തദേശങ്ങളിലേക്കു ഗമിക്കവേ

വിജ്ഞാനതൃഷ്ണയാൽ തേടിനാൻ ശ്രീയേശു
വേദാന്തസാരജ്ഞരായ ജനങ്ങളെ

പട്ടണവീഥികളെല്ലാം കടന്നഥ
പള്ളിയിലാപ്പുറജാതികൾക്കുള്ളൊരു

മണ്ഡപംതന്നിൽ പ്രവേശിച്ചു ദർശിച്ചു
പൊണ്ണൂരാമാചാര്യസഞ്ചയത്തെത്തദാ.

തത്ര വേദാന്തം പഠിക്കും ജനത്തിന്റെ
മദ്ധ്യത്തിലീശാത്മജാതനും പൂകിനാൻ.

വാദപ്രതിവാദകോലാഹലാംബുധി-
വീചിയിലമ്മർത്ത്യപുത്രനൾപ്പെട്ടുപോയ്

സാൎത്ഥകപ്രശ്നങ്ങളോരോന്നുമദ്ദിവ്യ
വക്ത്റത്തിൽനിന്നും പുറത്തേക്കുവന്നതേ-

ക്രിസ്തുവാം ശിഷ്യന്റെ ചോദ്യത്തിനുത്തര-
മോതുവാനാവാതെ ശാസ്ത്രിമാർ നിന്നുപോയ്.

"ആരിവൻ വിജ്ഞാനമന്ദിരൻ വേദാന്ത
സാരാമൃതം പൊഴിച്ചീടും സുധാകരൻ

ആരിവനീപ്രപഞ്ചാസ്ഥിവാരത്തെയും
നേരിട്ടുകണ്ടവനെ"ന്നാരഖിലരും.

മൂന്നാംദിവസമുഷസ്സിലാത്താൎക്കിക-
മണ്ഡപത്തിൽ കേട്ടു പുത്തനാം നിസ്വനം.

"യേശൂ"വെന്നാരോ വിളിച്ചു, സഭാജനം
ശീർഷമുയൎത്തി സമീക്ഷിച്ചു ചുററിലും

പാവനശീലയാമമ്മതന്നാനനം
ദേവാത്മജൻ കണ്ടുനിന്നു നിഷ്ക്ഷുബ്ധനായ്.

"വത്സല, നീയെന്തിനേവമീ ഞങ്ങളെ
വല്ലാതെതാരാധിക്കൊടുംതീയിൽ വേവിച്ചു?

തെല്ലുമാശ്വാസമില്ലാതെ ഞങ്ങൾ പല-
കല്ലിലും മുള്ളിലും മുട്ടിത്തളൎന്നുപോയ്.

കണ്ണുനീരിപ്പൊഴും വററിയിട്ടില്ലെ"ന്നു
കല്യാണരൂപിണി ചൊന്നാൾ സഗദ്ഗദം

ഇമ്മാതുവേലുടനോതിനാനുത്തരം-
"മമ്മയെന്തിന്നങ്ങുമിങ്ങും തിരഞ്ഞുമാം

ഞാനെൻെറ താതൻെറ ദിവ്യമാം മന്ദിരം-
തന്നിലെന്നും വസിക്കേണ്ടവനല്ലയോ"?

പ്രത്യുത്തരം കേട്ട വിസ്മയസ്തബ്ധരായ്
മാതാപിതാക്കളൊതുങ്ങി നിന്നീടവേ

ശ്രീയേശുനായകൻ പെട്ടെന്നവരുടെ
സന്നിധിപൂകിനാൻ പാരം വിനീതനായ്.

## തക്ഷകശാല

ഉത്തരാശാമുഖം നോക്കിനടന്നേതു-
മാർത്തികൂടാതെ ജോസഫം കുടുംബവും.

നസ്രേത്തിലെത്തിപ്പതിവിൻപടിക്കുള്ള
കർമ്മങ്ങളാചരിച്ചാനനപായാധിപൻ

തക്ഷകശാലയിൽ ക്രിസ്തുവും പ്രത്യഹം
താതനോടൊന്നിച്ചു വേലചെയ്താൻ മുദാ.

പുത്തനാംസാധനം ചെയ്യിക്കുവാൻ, കേട്ടു-
പററിയസാധനം തെല്ലു പുതുക്കുവാൻ

ജോസഫം തൻ തൊഴിൽശാലയിൽ, മേഷപാ-
കർഷകരാദി ജനങ്ങൾ വന്നെത്തിനാർ.

ശില്പകർമ്മങ്ങളിൽ താതനും യേശുവു-
മേർപ്പെട്ടിരിക്കുന്ന വേളയിലാഗതർ,

നാട്ടിലും കാട്ടിലും സംഭവിക്കും പല-
കാര്യങ്ങൾ വർണ്ണിച്ചു പോക്കിനാർ വേളകൾ

കുന്നിൻപുറത്തജവൃന്ദത്തെ മേയിച്ചു-
കൊണ്ടുനിൽക്കുമ്പോൾ ഭയംതെല്ലുമെന്നിയേ

കൂട്ടവുംവിട്ടു ദൂരത്തുപാഞ്ഞോരജ-
ക്കുട്ടിയെക്കീറാൻ കുറുക്കൻ പിടിച്ചതും

വേണ്ടാത്തകാലത്തുപെയ്യുന്ന വൃഷ്ടിയാൽ
കണ്ടങ്ങളിൽവിത്തശേഷം നശിപ്പതും

നല്ലനിലത്തുപതിക്കുന്ന വിത്തുക-
ളെല്ലാം തഴച്ചു വളൎന്നുവരുന്നതും

പാതയ്ക്കരികിൽപ്പതിക്കുന്ന വിത്തുകൾ
പക്ഷികൾ കൊത്തിയെടുത്തു കൊറിപ്പതും

കല്ലിലും മുള്ളിലും വീഴുന്ന വിത്തുകൾ
വെള്ളംലഭിക്കാതുണങ്ങി നീറുന്നതും

മററും പലപലകാര്യങ്ങളങ്ങെഴും
മർത്ത്യരുരപ്പതുകേട്ടു കന്യാസുതൻ.

കാലങ്ങളീവിധംപോകെ ജോസപ്പൊരു
നാളിൽക്കിടക്കയിലായി രോഗത്തിനാൽ.

പുണ്യവാനാകുമാവൃദ്ധൻറെ ചേതന
പുണ്യലോകത്തിൽപ്പറന്നെത്തി മെല്ലവേ,

താതൻമരിക്കയാലമ്മയെപ്പോററേണ്ട
കൃത്യങ്ങളെല്ലാം നടത്തിയിമ്മാനവേൽ

പൂവനം തന്നിൽ പുതുതായ് വിരിയുന്ന
പൂവുപോലുള്ള കൗമാരം കടന്നഥ

മേരീകുമാരകനെത്തി, താരുണ്യമാ-
മാരമ്യശീതള സുന്ദര വാടിയിൽ

പ്രാവിൻ കഴുത്തുപോൽ ശുഭ്രാഭവീശുന്ന
യൗവ്വനം തുള്ളുന്ന നീർപ്പോളപോലവേ

വാനിൽച്ചിലപ്പോഠം തിളങ്ങിവിളങ്ങുന്ന
വാർമഴവില്ലുപോലായതാകർഷകം.

എങ്കിലുമോർക്കാതിരിക്കുന്ന വേളയി
ലാക്കുമാത്താരുണ്യമാപത്തണച്ചിടാം.

നീതിക്കുനേരേ നയനമുരുട്ടിയും
സത്യത്തെമർദ്ദിക്കുവാൻ മുഷ്ടിനീട്ടിയും

ധർമ്മത്തെസംഹരിപ്പാൻ പദംപൊക്കിയും
ശർമ്മത്തിൽ ദുർവാഗവിഷംപരം തൂകിയും

എത്രയോപേരുടെ നവ്യമാംയൗവനം
പാഴ്ത്തട്ടിനെന്തെന്തുതാപമണപ്പീല?

പക്ഷെ ജഗത്തിൻ പ്രദീപമായ് വന്നൊരു
പാപരഹിതനാം കന്യകാനന്ദനൻ

ലോകോപകാരത്തിനായ് നിജ താരുണ്യ
മാകെച്ചൊരിയുവാൻ സന്നദ്ധനായിതു.

കൊട്ടടി, മട്ടങ്ങൾ, ചിന്തേരു വാളുളി—
തൊട്ടുള്ള നാനാപണിക്കോപ്പുകൈക്കൊണ്ടു

സീരം, നുകം, തടിതൊട്ടുള്ള സാധന-
മോരോന്നുമുണ്ടാക്കി നാട്ടുകാർക്കേകിനാൻ

വേലയെന്നുള്ളതു മാനുഷർക്കുൾക്കള-
മാലകററം മന്ത്രമെന്നവൻ കാണിച്ചു.

"മേലാളരെന്നു നിനയ്ക്കുവോർ, യാതൊരു
വേലയും ചെയ്യാതെ വാണുസുഖിക്കണം

താണവരെന്നു മററുള്ളോർ കരുതിടും
മാനവർ വേർപ്പോട്ട വേലചെയ്തീടണം

സമ്പന്നരായവർ നിർദ്ധനന്മാരായ
മർത്ത്യർതൻ യത്നഫലം ഭുജിച്ചീടണം.

നട്ടെല്ലുപൊട്ടി പ്രയത്നിച്ചു ഭൂപരെ-
പ്പോറേറണ്ടതത്രേ ദരിദ്രർ തൻ കർത്തവ്യം.

ഭൂവിനെവിസ്മരിച്ചേകാന്തമായുള്ള
ഭൂധരസാനുവിൽ ശുദ്ധമായ്‌ച്ചെന്നെത്തി

കണ്ണുമടച്ചെന്നുമീശനെദ്ധ്യാനിച്ചു
വാണീടുവോർക്കാണു നിത്യമാം നിർവൃതി"

ഇത്തരം വാദങ്ങളൊക്കെയുമെത്രയ-
മർത്ഥമില്ലാത്തവയെന്നു കാണിക്കുവാൻ

കർത്തവ്യമെന്തെന്നറിഞ്ഞനുഷ്ഠിപ്പോരു
മർത്ത്യനത്രേ മർത്ത്യനെന്നുറപ്പിക്കുവാൻ

നിത്യവും തക്ഷകശാലയിൽച്ചെന്നുതൻ-
കൃത്യങ്ങളാചരിച്ചമ്മയെപ്പോററിനാൻ.

## ഗിരിപീഠം

നിത്യവും സാധിതകൃത്യസംതൃപ്തനായ്
സത്യശീലൻ യേശു സായാഹ്നവേളയിൽ

പ്രാന്തപ്രദേശത്തിലെഗ്ഗിരിപീഠത്തി-
ലെത്തി പ്രശാന്തിയിൽ കൈക്കൊണ്ടു വിശ്രമം.

കർമ്മനിരതനായ് നിത്യംചരിക്കുന്ന
കഞ്ജനീകാന്തന്റെ പൊൽക്കരമാലയിൽ,

ഉച്ചനീചാവസ്ഥകൾക്കുള്ള ഭേദങ്ങ-
ളുച്ചാടനംചെയ്തു സർവ രംഗത്തെയും

ഒന്നായ് നിനച്ചിരുൾ നീക്കി പ്രഭാഗണം
ചിന്നുന്നതാം സമദർശിസ്വഭാവവും

ഭാസുര താരക രത്നപ്രകാശത്തി-
ലീശ്വര സത്വഗുണത്തിൻതിളക്കവും

ശീതള പീയൂഷധാരയാലൂഴിത-
ന്നാതപമൊക്കെയും നീക്കി ശോഭിച്ചിടും.

വാരുററതിങ്കളിൽ സ്വർഗ്ഗീയകാരുണ്യ
വായ്പും സമീക്ഷിച്ചു സർവേശനന്ദനൻ.

ജീവിതമീവിധം മുന്നോട്ടുപോകവേ
ഭാവുകമന്ദിരനുച്ചയ്ക്കൊരുദിനം

താനേ നടന്നു പെരുവഴിവിട്ടൊരു
താഴ്‌വര തൻ തണൽപ്പന്തലിൽക്കൂടവേ

മന്ദം നടന്നു മനുഷ്യരില്ലാത്തൊരു
കുന്നിന്റെ തുംഗമാംപീഠത്തിലെത്തിനാൻ,

ശീതളമാരുതനാട്ടിവ്യക്രുപന്റെ
ശ്യാമളപ്പൂഞ്ചുരുൾക്കുന്തളരാജിയിൽ

നർത്തനംചെയ്താൻ, തദീയകവിൾത്തടം
ഭക്ത്യാ തലോടിത്തണുപ്പിച്ചു തൃപ്തനായ്.

തത്ര തൽപ്പർവതപീഠത്തിലേകാന്ത-
ശാന്തിയിൽ സൗരഭസാരാഭിഷിക്തനായ്

നിൽക്കവേ തന്നുടെ പൂർവ്വികന്മാരുടെ
ദീർഘചരിത്രചിത്രങ്ങൾ ദൃശ്യങ്ങളായ്.

ചെന്തലപ്പാവിട്ട കുന്നുകൾക്കപ്പുറ-
ത്താതുംഗഭാസ്സാൻ പാഞ്ഞൊഴുകീടുന്ന

യോർദ്ദാൻനദിയുടെ തീരത്തിയന്നൊരു
വിസ്തൃതമാകിയ കേദാരഭൂമിയും.

എബ്രായവർഗ്ഗത്തിനൊക്കെയും താതനാ-
മബ്രഹാം സർവേശഭക്തരിലഗ്രിമൻ

ഒട്ടേറെനൂററാണ്ടുകൾക്കുമുമ്പൊട്ടക-
ക്കൂട്ടവുമാടിന്റെ പററവുമൊന്നിച്ച്,

പോവതെങ്ങോട്ടെന്നു തെല്ലുമറിയാതെ,
സാവധാനം സഞ്ചരിച്ച ശൈലങ്ങളും

മൂല്യംകൊടുത്തു സഹോദരന്മാരോടു
വാങ്ങിച്ചബാലനാം യൗസേപ്പിനോടൊത്തു

വ്യാപാരസംഘങ്ങളീജിപ്തിലേക്കങ്ങു
മന്ദംകടന്ന ഗിരിവിദരങ്ങളും

പുണ്യവാനാകിയ മോശതൻ ദിവ്യമാം
പാദംപതിക്കയാൽ സംശുദ്ധമായൊരു

മോവാബ്യ,മാസ്സിലയാദെന്ന പർവത-
മാലയും, വക്രങ്ങളായ മാർഗ്ഗങ്ങളും

വഖ്യാതമായ "യറിഹോ" മഹാപുര-
മാക്രമിച്ചീടുവാൻ സേനാസമേതനായ്

യോശുവാ ജൈത്രപ്രയാണം നടത്തീയ
സാനുപ്രദേശവും കണ്ടു ശമ്മപ്രദൻ.

ശ്രീയേശുനാഥൻെറ പാദാന്തികത്തിലായ്
ശ്രീയെഴും താബോർമഹീധ്രംലസിച്ചുതെ.

തൽ പർവ്വതത്തിൻെറ പാർശ്വംമുതൽക്കുള്ള
രാജ്യങ്ങളേയും പ്രജാസഞ്ചയത്തെയും

പൗരുഷംതിങ്ങും "ദെബോറാ" മഹാരാജ്ഞി
പാലിച്ചുപോരുന്നകാലത്തൊരുദിനം

"സീസെരാ"ഭിഖ്യനാമേകൻ നവശതം
സ്യന്ദനത്തോടൊത്തു പോരിന്നടുക്കയും

"ബാരകാ"ഭിഖ്യനാം സേനാനി തൻപതി-
നായിരംപോരാളിവീരരെസ്സത്വരം

ശത്രുവിനോടെതിർത്തീടാനയക്കയും
സത്വരം "കീശോൻ" സരിത്തു വർദ്ധിക്കയും.

തേരുകളൊക്കെയും ചേററിലുറയ്ക്കയും,
ധീരയായുള്ള "ദെബോറാ" ജയിക്കയും

മററും പലപല സംഭവങ്ങൾ സ്മൃതി
മണ്ഡലത്തിൽ മനുവേലന്നുദിച്ചുതേ.

ക്രൂരരായുള്ളോരറബികളിസ്രായേൽ
ക്കൂട്ടത്തെ ദൂരെത്തടിച്ചുപായിച്ചതും.

സംഗ്രാമധീരൻ "ഗിദേയോനൊ"ട്ടിൽബൊവാ-
സാനുമാർ തൻ പദത്തിൽനിന്നപാഞ്ഞിടും,

വാഹിനിതന്നുടെ തീരത്തുവച്ചരി-
വൃന്ദത്തെ സംഗരംചെയ്തു തോല്പിച്ചതും.

വാരിധിമാർഗ്ഗം ഫലസ്ത്യജനം വന്നു
വീരനാം ശൌലിനെപ്പോരിലെതിർത്തതും

തൽപ്രിയ നന്ദനന്മാർ മൂന്നുപേരുമാ-
സമ്പ്രഹാരത്തിനിടയ്ക്കു മരിച്ചതും

ശത്രുവിൻ കയ്യിൽപ്പെടാതെ തൻവാളിനാൽ
ശാവുൽ സ്വയം വെട്ടി മൃത്യുവരിച്ചതും

"ബാലി"നെപ്പൂജിച്ചോരാചാര്യസംഘത്തോ—
ടേലിശാ ധാർമ്മികസംഗരംചെയ്തതും

കർമ്മൽമഹീധ്രപാദത്തിൽനിന്നാഹാബു-
ഭൂമിപൻ സ്യന്ദന ഘോടകപംക്തിയെ

വിസ്തൃതമാ"മെസ്ദ്രലോൺ" സമഭൂമിതൻ
മദ്ധ്യത്തിലൂടങ്ങു പായിച്ചുവിട്ടതും

ക്രിസ്തുവിൻ ബുദ്ധിയാം ശാലതന്നിൽച്ചല-
ച്ചിത്രങ്ങളെന്നപോൽ പ്രത്യക്ഷമായിതേ

ഭൂതവൃത്താന്തങ്ങളിമ്മട്ടു ദർശിച്ചു
ഭാവിക്കു രൂപംകൊടുത്താൻ മഹാമതി.

തന്തിരുമാഹാത്മ്യമേതുംധരിക്കാതെ
പാർത്തു നസ്രേത്തിലേ നാട്ടുകാരൊക്കയും.

—ബാലകാണ്ഡംസമാപ്തം—

# വിശ്വദീപം

## മഹാകാവ്യം

### യോഗകാണ്ഡം

#### വിഗ്രഹ നിഷ്കാസനം

ശ്രീയേശുമഹേശനു മുപ്പതു തിരുവയ-
സ്സായി, മാനസം നൂതനാശയപ്രദീപ്തമായ്

അക്കാലത്തൊരുദിനം വാനിടമരുണമാ-
മർക്ക രശ്മികൾ തട്ടിത്തിളങ്ങിത്തുടങ്ങവെ.

ശ്രീലമോഹനമാകും ഫലസ്തീൻരാജ്യത്തിന്റെ
കൂലത്തെ ലക്ഷ്യമാക്കി ഛേദിതകല്ലോലയായ്

റോമ്യസാമ്രാജ്യത്തിന്റെ കൊടിയുംപറപ്പിച്ചു
രമ്യമാം നൗകയൊന്നു പായുകയായിരുന്നു.

ഭൂരിതാരുണ്യംതഞ്ചും വല്ലഭയോടുചേർന്നും
ഭൂപതിക്കുചിതമാം വേഷഭൂഷകളാർന്നും

കപ്പലിൻമുകൾത്തട്ടിലൊരുവൻ നിലകൊണ്ടു
മുപ്പതിൽപ്പരമില്ലാവയസ്സാത്തതരുണനും.

"കൈസര്യാ"ഭിഖ്യമാകും നൗകാശയത്തിൽ മെല്ലെ
കപ്പൽ വന്നടുക്കുന്നു കാററിന്റെകാരുണ്യത്താൽ.

സാർഭൗമനാം "കൈസർ" "യൂദിയാ" ഭരിക്കുവാൻ
സർവ്വാധികാരച്ചീട്ടുംകൊടുത്തു നിയോഗിച്ചു

പൊന്തിയോസ്പ്പീലാത്തോസും "ക്ലോഡിയാ"ഭിഖ്യയാകും
കാന്തയും കപ്പൽവിട്ടു പാദങ്ങൾകരയ്ക്കൂന്നി.

പെട്ടെന്നു കൈക്കരുത്തു കൂടിയ കിങ്കരന്മാർ
പല്ലക്കിൽക്കയറ്റിയാ ദമ്പതിമാരെത്തദാ

മൂന്നാം റേഃരാജ്ഞ, തത്ര, പാറമേൽ പണിയിച്ചോ-
രുന്നത സൗധം തന്നിലെത്തിച്ചു സാഡംബരം

റോമിന്റെകീഴിൽപ്പെട്ട നാട്ടിലക്കാലമെങ്ങും
റോമ്യചക്രവർത്തി തൻ പ്രതിഛന്ദങ്ങൾ മിന്നി-

പ്രജകൾ സമസ്തവുമാ പ്രതിരൂപങ്ങളെ-
പ്പ്രണമിക്കേണമെന്ന ചട്ടവും നിലനിന്നു.

പുണ്യമാം ജറുസലേമാ നിയമത്തെത്തെല്ലും
ഗണ്യമാക്കാതെ തന്നെ സുധീരം ദിനംപോക്കി.

റോമ്യസാമ്രാജ്യത്തിന്റെ കീഴിൽ യൂദന്മാർമാത്രം
റോമ്യനായകപ്രതിഛായയെ നമിച്ചീല.

"ഈശ്വരനൊന്നുമാത്രമാത്തിരുവടിയുടെ
പേശലപാദാംഭോജം മാത്രമേ വണങ്ങാവൂ.

യാതൊരുബിംബത്തെയുമാരാധിക്കരുതാരും
വേദപ്രമാണമത്രേ ഞങ്ങൾക്കിതെ"ന്നാർ യൂദർ

"പീലാതൻ" കെസര്യയിൽ വന്നിറങ്ങിയപ്പോഴേ
പട്ടാളക്കാരോടേവം കൽപ്പിച്ചു സാഹങ്കാരം

"കൈസർ തൻ പ്രതിഛന്ദം നിങ്ങൾ താമസംവിനാ
കൊണ്ടുഃപോയ് പ്രതിഷ്ഠിപ്പിൻ ജർശലേംനഗരത്തിൽ"

പ്രതിമരണ്ടവും കൊണ്ടുതിരിച്ചു, പട്ടാളക്കാ-
രതിവേഗത്തിൽ തെല്ലുമാൎഗ്ഗരോധനമെന്യേ.

പാവനനഗരത്തിൻ പ്രാന്തത്തിൽച്ചെന്നു തക്കം
പാൎത്തു രാത്രിയിൽ പുരിക്കാരുറങ്ങുക പതുക്കവേ

ദിവ്യദേവാലയത്തിൻമുമ്പിൽ മുഖ്യമാംദിക്കിൽ
സാൎവഭൌമന്റെ നവ്യബിംബത്തെ പ്രതിഷ്ഠിച്ചാർ

പട്ടണംപരിത്യജിച്ചിറങ്ങി പീലാത്തോസിൻ
പട്ടാളം, പിന്നീടുള്ള വൃത്താന്തം കാത്തു വാണു.

പ്രാൎത്ഥിപ്പാനുഷസ്സിങ്കലെത്തിയ യഹൂദന്മാർ
പള്ളിതൻ മുമ്പിൽകണ്ടാർ കൈസറിൻപ്രതിരൂപം

പ്രതിഷേധത്തിൻ ശബ്ദമൊരുമിച്ചിരച്ചെങ്ങും
പരന്നു നഗരത്തിൽ കോപത്തിൻ കാററടിച്ചു.

അന്നാസും കയ്യാഫസും മററുള്ള നേതാക്കളു-
മൊന്നിച്ചുകൂടികാൎയ്യം തീരുമാനിച്ചുറച്ചു.

പത്തയ്യായിരം യഹൂദന്മാരേ നിയോഗിച്ചു
"പീലാത്തോസിനേക്കണ്ടു കാൎയ്യങ്ങൾ പറയുവാൻ

നാഴികയറുപത്തു നടന്നു മഹാജന-
മാഴിതൻതീരത്തിങ്കൽ ധീരരായ്ച്ചെന്നണഞ്ഞു.

രോമ്യാധിരാജ്യാധിപ പ്രാതിനിധ്യം വഹിക്കും
ശ്രീമാന്റെ കൊട്ടാരത്തിൻ ഗോപുരദ്വാരത്തിങ്കൽ

പൈദാഹ ശൈത്യാതപമെന്നിവഗണിക്കാതെ
യൂദന്മാർ സത്യഗ്രഹസമരമാരംഭിച്ചു.

നാലഞ്ചുനാളായിട്ടും ലേശവും ചലിച്ചില്ല
പീലാത്തൊസിന്റെ ദൃഢചിത്തസ്സാം മഹീരുഹം.

മാറിയില്ലെത്തും യൂദസംഘമാക്കൊട്ടാരത്തിൻ
ദ്വാരത്തിൽനിന്നുമാറുവാസരം തികഞ്ഞിട്ടും.

വല്ലാതെവിഷമിച്ചു പീലാതൻ സ്വസൈന്യത്തെ
വാളൂരിത്തയ്യാറായിനിൽക്കുവാനാജ്ഞാപിച്ചു.

സത്വരം രമ്യഹർമ്മ്യപ്പൂമുഖത്തിന്റെമച്ചിൽ
പ്രത്യക്ഷപ്പെട്ടാനാധികാരിക ഭാവോദ്ദീപ്തൻ.

വാരിധികണക്കണ്ടു പരന്നുകിടന്നൊരു
ധീരരാം യൂദരോടു ചോദിച്ചാനവനേവം.

"മാമക മനശ്ശാന്തി നശിപ്പിക്കുവാൻവന്ന
മാനവാധമന്മാരേ, നിങ്ങളെന്തിന്നായ് നില്പൂ?"

"കൈസർതാൻ ചക്രവർത്തിയെങ്കിലുമദ്ദേഹത്തിൻ
കൽപ്രതിമാവൃന്ദം വേഗംനീക്കണം നാട്ടിൽനിന്നും"

ഞെട്ടിപ്പോയ് പീലാത്തോസായൂദർ തൻ പ്രത്യുത്തരം.
കേട്ടപ്പോഴേക്കും, കണ്ണിൽക്രോധാഗ്നി തിങ്ങിപ്പൊങ്ങി.

"നിങ്ങളീക്കഥിക്കുവതെന്തൊരു രാജദ്രോഹം
നീതികെട്ടവർ നിങ്ങൾ പോകുവിൻ വേഗം ദൂരെ.

വല്ലാത്തവാശിനിങ്ങൾപിടിച്ചാൽ മമ സൈന്യം
വാളിന്റെമൂർച്ചയൊന്നു പരിശോധിച്ചെന്നാവാം.

രാജാവിൻ പ്രതിമയെത്തൻപ്രജാവൃന്ദമെല്ലാം
പൂജിച്ചിടേണം നിത്യമതുതാൻ പൗരധർമ്മം"

പീലാത്തോസുരച്ചതു കേട്ട ധീരനാമൊരു
പൗരൻ, തൻ തലപൊക്കിക്കഥിച്ചാനത്യുച്ചത്തിൽ

"നന്നത്രേ മൃതിഞങ്ങൾക്കടിമത്വത്തെക്കാളും
മന്നവൻ ദൈവത്തെക്കാൾ വന്ദ്യനെന്നാരോതീടും?

ഒന്നുകിൽ കൈസറിൻെറ വിഗ്രഹം കളയേണ-
മല്ലെങ്കിൽ വധിക്കേണമെന്നെയീ ക്ഷണംതന്നെ"

ധീരനാമാ യഹൂദൻ കിടന്നു വെറും മണ്ണിൽ
ക്രൂരനാംപീലാത്തോസിൻ ഖഡ്ഗത്തിന്നൂണാകുവാൻ

സത്വരം തത്ര നിന്ന യൂദവർഗ്ഗജരെല്ലാം
പൃഥ്വിയിൽ നെടുനീളെക്കമഴ്ന്നമട്ടിൽ വീണു.

പീലാത്തനമ്പരന്നു, കേവലമപൂർവമാം
പോരിൻെറ സമ്പ്രദായം കണ്ടു സംഭ്രമംപൂണ്ടു

"ഫലസ്തീൻനാട്ടിൽ കാലുവച്ചപ്പോൾതന്നേ, കൂട്ട-
ക്കൊലചെയ്യുതു ഭാവിക്കത്യന്തമാപൽക്കരം.

രക്തവർഷത്തിൻ ക്രൂരവൃത്താന്തം റോമിൽ ചെന്ന-
ങ്ങെത്തിയാൽ ചക്രവർത്തിക്കെന്തഭിപ്രായംതോന്നും.

ജോലിയും നഷ്ടപ്പെട്ടും ദീനനാം ഭിക്ഷുവായ് ഞാ-
നീലോകമെങ്ങും ചുററിനടക്കാനിടവരാം"

ഇമ്മട്ടു പല പല ചിന്തകൾക്കധീനനായ്
സമ്മതംനൽകി രാജവിഗ്രഹം നീക്കിക്കൊൾവാൻ.

ധീരരാം യൂദന്മാരോടാദ്യമായ് നടത്തിയ
പോരിലീവിധംതോററു കൈസറിൻപ്രതിനിധി

മാനമങ്ങഴിഞ്ഞാലും വാളിവെന്തെരിഞ്ഞാലും
സ്ഥാനപാലനമത്രേ ധമ്മമെന്നോർത്താനവൻ.

മന്നവ പ്രതിനിധിതന്നുടെ തനിസ്സ്ലീല-
മന്നുതൊട്ടുകക്കാമ്പിൽ ധരിച്ചു യഹൂദന്മാർ.

## യഹൂദചരിതം

ഭാഗ്യഭൂധരത്തിന്റെ ശൃംഗഭൂവിലും മഹാ-
ഭാഗ്യദോഷത്തിന്നാഴമേറിയ ഗുഹയിലും

ജീവിക്കാനിടവന്ന പൗരാണികന്മാരത്രെ
ജാതിയിൽ യഹൂദരെന്നോതുന്ന നരവർഗ്ഗം

തൽക്കുലത്തിന്റെ നീണ്ട ജീവിതദൃശ്യകാവ്യ-
രംഗങ്ങ"ളേദ"നിൽവച്ചാടുവാനാരംഭിച്ചു

സ്ഫാടികപ്രഭവീശും നിർമ്മലജലം നിത്യം
മോടിയിലൊഴുകുന്ന ശീതളതരംഗിണി

സന്തതം നാലുപാടും തലോടിത്താലോലിച്ച
ബന്ധുരതരമാമാ പ്രഥമ ദിവ്യാരാമം

നിർമ്മേഘ നീലാംബരത്തട്ടിന്റെ കീഴിൽ, മേഘ
നിർഘോഷ തടില്ലതാഭീതികളേശിടാതെ

പ്രത്യഗ്രവാസന്ത ശ്രീ വിതറിക്കൊണ്ടുമിന്നി
താതനാ"മാദാ"മിന്നും "ഹവ്വ"ക്കും സദനമായ്.

ലോകമാതാപിതാക്കളാമവർക്കാക്കാലത്തിൽ.
ശോകാദിദോഷമെല്ലാമജ്ഞാതമായിരുന്നു

"സ്നേഹിപ്പിൻ പരസ്പരം സ്നേഹിപ്പിൻ സ്രഷ്ടാവിനെ
സേവിച്ചുകൂടാ ജീവവൃക്ഷത്തിൻകനി നിങ്ങൾ"

സർവ്വശക്തനാമീശൻ സസ്നേഹം തനയരോ-
ടീവിധം കല്പിച്ചു തൻ കൊട്ടാരം പുക്ക വാണു

എങ്കിലും മായാമോഹബദ്ധരായ് വിലംഘിച്ചാർ
ശങ്കകൂടാതെ സർവ്വശക്തന്റെ ദിവ്യാജ്ഞയെ

ശിക്ഷിക്കപ്പെട്ടാർ; തോട്ടം വിട്ടു കാട്ടുകൾതോറും
ലക്ഷ്യമില്ലാതെ ചുററിനടന്നാർ രണ്ടുപേരും.

വിയർപ്പുമൊലിപ്പിച്ചു വേലചെയ്യണ"മാദാം"
വ്യഥയോടപത്യത്തെ പ്രസവിക്കേണം"ഹവ്വാ"

കാലമങ്ങിനെയായി യഹൂദജനത്തിൻെറ
കാലദോഷത്താൽതെററി തൽക്കുലഗുരുജനം

സഹജൻ സഹജനെപ്പിന്നിട്ടു നിഗ്രഹിച്ചു
സഹസാ, നരരക്തം ഭൂമിയെദ്ദൂഷിപ്പിച്ചു.

പാപസന്തതികളായ്ത്തീൎന്നുപോയ് യഹൂദന്മാർ
പാരെങ്ങുമവരുടെവർഗ്ഗവും പ്രവൃദ്ധമായ്.

രാക്ഷസന്മാരായ്ത്തീൎന്നു മനുഷ്യർ പല പല
ദുഷ്ടകർമ്മങ്ങൾചെയ്തു നരകം പാരിൽ തീർത്തു.

സഹിക്കവയ്യാതുള്ള കോപത്താൽ ധരിത്രിയെ
സലിലപ്രളയത്തിൽ മുക്കിനാൻ സൎവ്വേശ്വരൻ.

ജീവജാലങ്ങളെല്ലാം നശിച്ചു, നരരുടെ
ജാതിയും ജഗത്തിൽനിന്നൊന്നോടെ മറഞ്ഞുപോയ്.

നോഹയെന്നൊരുവനും തൽക്കുടുംബവും മാത്രം
ലോകത്തിലവശേഷിച്ചീശ്വരപ്രസാദത്താൽ.

കാടെങ്ങും വേട്ടയാടി നടന്ന കാലം നീങ്ങി
നാടെങ്ങുമജപാലസൽക്കർമ്മം പ്രചരിച്ചു.

സത്തമന്മാരായുള്ള ഗോകുലപാലന്മാർ തൻ
സംഘങ്ങളുണ്ടായ് യൂദവൎഗ്ഗത്തിലസംഖ്യമായ്

കൽദയാരാജ്യം മുതലീജിപ്ത്തുരാജ്യംവരെ
കൂപവും പുല്ലും കാടും തേടിനാർ ജനാവലി

സ്വന്തമെന്നോതാനൊരു രാജ്യവും വസതിയും
പത്തനങ്ങളുമില്ലാതായഹൂദന്മാർ മെല്ലെ

പുത്രരും പുത്ര പുത്ര പ്രപൗത്രകുലങ്ങളും
പുത്രിയും പുത്രീപുത്രി പ്രപൗത്രി ഗണങ്ങളും

പുത്രന്മാരുടെ ധർമ്മപത്നിമാർ പുത്രീകാന്തർ
ഭൃത്യന്മാരവരുടെ കുലത്തിലുൾപ്പെട്ടവർ

ബന്ധുമിത്രങ്ങളെന്നീ നാനാവകുപ്പിൽച്ചേർന്ന
മർത്ത്യരുമൊത്തു, പൂജയ്ക്കുള്ള വിഗ്രഹങ്ങളും

പാചകംചെയ്യാനുള്ള വിവിധപാത്രങ്ങളും
പായ്കളുംശേഖരിച്ചു സഞ്ചാരമാരംഭിച്ചു.

പനവൃക്ഷവും, കൊച്ചുകുളവും പച്ചപ്പുല്ലു
പടർന്ന തകിടിയും ചേർന്ന മൈതാനങ്ങളിൽ

പൈക്കളും, താടയാട്ടിക്കൂത്താടും കൂററന്മാരും
പൈക്കിടാങ്ങളും നാനാമേഷത്തിൻ വർഗ്ഗങ്ങളും

ഗോപുരംപോലെനീണ്ടുമൊട്ടകസ്സമൂഹവും
കൂട്ടമായ്ക്കുതിക്കുന്ന ഘോടകനിരകളും

ഒന്നിച്ചു കൂടാരങ്ങളടിച്ചു ചിലകാലം
കുന്നിക്കുമുത്സാഹം കൈക്കൊണ്ടു പാർത്തുവന്നതെ

ശീതള തരുച്ഛായാതലത്തിലവരുടെ
നേതാവാ“മബ്രാം”പുരുവിശ്രമസൗഖ്യംപൂണ്ടു

തൻകുലജാതന്മാർ തൻ കർമ്മാനുഷ്ഠാനം കണ്ടു
വാഴ്കയായിരുന്നന്നാൾ സംതൃപ്തി നശിക്കാതെ.

കന്നുകാലികളുടെ നീണ്ട നിസ്വനങ്ങളും
കന്നൽക്കണ്ണിമാരുടെ നർമ്മസല്ലാപങ്ങളും.

കുട്ടികളുടെ ലീലാ ലോല നിസ്വനങ്ങളും
കേട്ടുകേട്ടാക്കാലത്തിലദ്ദേഹമാഹ്ളാദിച്ചു.

രാവിന്റെ സൂക്ഷ്മഛായ ധാത്രിയിൽപ്പതിക്കവേ
പർവതപീഠത്തിന്മേൽ ശ്വേതാഗ്നിനാളംപോലെ

തെളിഞ്ഞു വികസിച്ച സാന്ധ്യതാരകസൂനം
കളങ്കം സ്പർശിക്കാത്ത കൺകളാൽ സമീക്ഷിച്ചു.

പുണ്യവാനദ്ദേഹത്തിൻ ശുഭ്രമാം മുഖരോമം
പൂനിലാവിന്റെ വസ്ത്രത്തൊങ്ങലെന്നതുപോലെ

മന്ദമാരുതനേററു നർത്തനം ചെയ്യുന്നതു
മാലാഖമാരും കണ്ടു രസിച്ചിട്ടുണ്ടാമേറെ.

സ്വർഗ്ഗീയ സന്ദേശങ്ങളറിയിക്കുവാനോരോ
സന്ദർഭം നോക്കിച്ചെന്നു നാകനായക ദൂതൻ

ഭക്തനാമദ്ദേഹത്തോടൊന്നിച്ചു സസന്തോഷം
ഭക്ഷിച്ചിരിക്കാം മാംസം കേവലം പാന്ഥനേപ്പോൽ.

തീർത്ഥസഞ്ചാരിക്കേഴംഭാവത്തിൽ ദൈവംതന്നെ
സാത്വികനാമബ്രാഹാം വസിച്ച കൂടാരത്തിൽ

മദ്ധ്യാഹ്നനേരത്തെത്തി ഭാവുകം തുളുമ്പുന്ന
വാർത്തകൾ പറഞ്ഞുകൊണ്ടിരുന്നിട്ടുണ്ടെന്നമാം.

വന്ദ്യനാമദ്ദേഹത്തിൻ ജീവിതകാലശേഷം
വമ്പിച്ച ഗോത്രത്തിന്റെ താതനായ് "യാക്കോബാ"ഖ്യൻ.

തൽസുതന്മാരോ സ്വന്തം സോദരൻ ജോസപ്പിനെ
തള്ളിയങ്ങടിമയായ് സാർത്ഥവാഹക്കു വിററാർ.

സർവേശ സഹായത്താലെജീപ്തിൻ സചിവനായ്
സൽഗുണ നികേതനൻ "യൂസഫൻ" വിഖ്യാതനായ്

തന്നുടെ വംശക്കാരെ ക്ഷണിച്ചാനെജിപ്തിലേ-
ക്കന്നു മന്ത്രീന്ദ്രൻ ഭ്രതസംഭവം ഗണിക്കാതെ.

ചിന്തിച്ചു യഹൂദന്മാരീജിപ്തു മഹാരാജ്യം
സ്വന്തമാണെന്നും ചെയ്യാമേതു കർമ്മവുമെന്നും.

ജനസംഖ്യയി,ലാടുമാടുകളൊത്തുചേർന്ന്
ധനത്തിൽ വർദ്ധിച്ചാരന്നീജിപ്തിൽ യഹൂദന്മാർ.

പ്രതാപം പെരുകവേ, പാപവും പ്രവൃദ്ധമായ്
പ്രസാദമില്ലാതായി ദൈവത്തിനാക്കൂട്ടരിൽ.

"ഫറോ"വെന്നൊരു ദുഷ്ടനീജിപ്തിൻ രാജാവായി
നിരന്ത ദുരിതങ്ങൾ യൂദന്മാർക്കരുളിനാൻ

കേവലമടിമകളായി ഭൃതന്മാരോരോ
കൂലിവേലകൾ ചെയ്തു വല്ലാതെ കഷ്ടപ്പെട്ടു.

വളരെക്കാലം ചെന്നശേഷമീജിപ്തുരാജ്യം
വെടിഞ്ഞാരവരെല്ലാമലഞ്ഞു മണൽക്കാട്ടിൽ

പകലുള്ളപ്പോൾ ധൂമസങ്കുലസ്തംഭം, പിന്നെ-
പ്പകലോൻ മറയുമ്പോൾ പാവകോജ്ജ്വലനാളം

പ്രത്യഹം മുന്നോട്ടേക്കു നയിച്ചു വിപത്തെന്യേ
സ്വന്തമാം നാടും വീടും കൈവിട്ട ജനങ്ങളെ

നാല്പതുവർഷമേവം കഴിഞ്ഞു, ദൈവത്തിന്റെ
ഹൃൽപ്പൂവിലുളവായി കാരുണ്യ മകരന്ദം.

മുന്തിരിക്കൊടികളും പച്ചപ്പുൽച്ചെടികളും
ബന്ധുര ഫല കുലാംലംകൃത ദ്രുമങ്ങളും

ക്ഷീര നിമ്നഗകളും മധുവാഹിനികളും
സൗരഭം പരത്തുന്ന സൂന സഞ്ചയങ്ങളും

നിറഞ്ഞ ഭൂഭാഗമൊന്നവൎക്ക നൽകാമെന്നു
പരമേശ്വരനവരോട കല്പിച്ചു മുദാ.

തത്ര ചെന്നെത്തും മുമ്പേ തളൎന്നു ജനക്കൂട്ടം
പൈദാഹാദികൾകൊണ്ടും ദീൎഘ സഞ്ചാരംകൊണ്ടും

വൎത്തകഗണത്തെയും മന്നായും സൎവേശ്വരൻ
വൎഷിച്ചു വാനിൽ നിന്നും, വിശപ്പു ശമിപ്പിക്കാൻ

മരുഭൂമിയിൽവച്ചു പാറമേൽനിന്നു വെള്ളം
വരണ്ട കണ്ഠങ്ങൾക്കായ് പ്രവഹിപ്പിച്ചു ദൈവം.

ഭക്ഷിച്ചും പാനംചെയ്തും ജനങ്ങൾ സംതൃപ്തരായ്
തൽക്ഷണം വിസ്മരിച്ചു കാരുണ്യസ്വരൂപനെ.

കാളക്കിടാവിൻ ബിംബം കാഞ്ചനംകൊണ്ടുണ്ടാക്കി-
ക്കുമ്പിട്ടാരഖിലരുമാ വിഗ്രഹത്തിൻ മുമ്പിൽ.

കല്ലിനു ജീവൻ നൽകാൻ കെല്പുള്ള ദൈവത്തിനെ,
കല്ലുകൾപോലും വീണു വണങ്ങും സൎവേശനെ

ജീവോത്സമാകും സാക്ഷാലീശനെ-വിഗണിച്ചു
കേവലം മൺകട്ടയെസ്സേവിച്ചു ജനങ്ങൾക്കായ്

നിൎവ്യാജം "സീനാ"യെന്ന ഭൂധരപീഠത്തിൽപ്പോയ്
ദിവ്യാചാൎയ്യനാം മോശ യാചിച്ചു ദൈവത്തോടായ്.

സദയം നൽകി പത്തു കല്പന, ജനത്തിന്റെ
ഹൃദയം പരിശുദ്ധമാക്കുവാനഖിലേശൻ.

മോശയദ്ദിവ്യാജ്ഞകൾ തൽക്കുലജാതൎക്കേകി
ക്ലേശമെന്നിയേ വീണ്ടുമവരേ നടത്തിച്ചു.

"വാഗ്ദത്ത നാട്ടിൽ" പക്ഷേ പൂകുവാൻ കഴിയാതെ
മാൎഗ്ഗമദ്ധ്യത്തിൽവച്ചു നിൎയ്യാതനായാൻ മോശ.

കാലങ്ങൾ കുറേച്ചെന്നവാറു "ജോശുവാ"തൊട്ടു
പാലകന്മാരുണ്ടായി യൂദരെബ്ഭരിക്കുവാൻ.

ചെന്നെത്തിയൊരുമട്ടിൽ ദിവ്യമാം കനാൻ നാട്ടി-
ലന്നരവർഗ്ഗം പൂർണ്ണസൗഖ്യ സംപ്രാപ്തിക്കായി.

കഷ്ടമാക്കൂട്ടർക്കെങ്ങും സ്വസ്ഥമായ്പ്പാർക്കാനുള്ള
മട്ടുകളൊന്നുംതന്നെ ദൃശ്യമായിരുന്നില്ല.

യൂദവർഗ്ഗത്തോടേററം വിരോധം മുഴക്കയാൽ
തദ്രാജ്യനിവാസികൾ സംഗരമാരംഭിച്ചു.

സംഗ്രാമവീരൻ "ശാവുൽ", യുദ്ധത്തിലെന്നപോലെ
സംഗീതത്തിലും കീർത്തിനേടിയോൻ "ദാവീദാ"ഖ്യൻ

പൊന്നിലും ജ്ഞാനത്തിലുമൊന്നുപോൽ സാർവഭൗമ-
സ്ഥാനമാണ്ടൊരു "ശലോമോനെ"ന്നീ വീരന്മാരാൽ

പാലിതന്മാരായ് യൂദരിടയ്ക്കാക്കാലങ്ങളിൽ
പാതയിൽ പതിക്കാതെ തെല്ലൊക്കെ വിജയിച്ചാർ

സോളമൻ പ്രസിദ്ധനായ്, തങ്കവും രത്നങ്ങളും
ശേഖരിക്കുവാൻ കപ്പലയച്ചാൻ വിദേശത്തിൽ

സ്വർണ്ണച്ചാക്കുകളുമായ് വന്നെത്തി "ശേബാരാജ്ഞി"
സോളമനൃപതിതൻ വിജ്ഞാനം ശ്രവിക്കുവാൻ.

കാന്തമാരുടെ സംഖ്യ വർദ്ധിച്ചു കൊട്ടാരത്തിൽ
കാലക്രമത്താലബ്ഭൂപാലന്റെ കീർത്തിമാഞ്ഞു.

സോളമ നിര്യാണത്തിൽ ഛിന്നഭിന്നമായീ രാജ്യം
സംപ്രഹാരാഗ്നിജ്വാല പടർന്നു ദേശമെങ്ങും

നാനാതരത്തിൽ ബിംബപൂജകൾ നടപ്പായി
നാനാതരത്തിലുള്ള പാപവും സംവർദ്ധിച്ചു

പിന്നെയും രാജാക്കന്മാരുണ്ടായി യഹൂദക്ക്
നിന്ദിച്ചാരവർ സർവ്വ ദീർഘദർശിമാരെയും.

ശലോമോൻ പണിയിച്ച ദിവ്യമാം ദേവാലയം
കല്ലിന്മേൽ കല്ലു ശേഷിക്കാതഹൊ തകർന്നുപോയ്.

"ബാബിലോണിയാ" തന്നിൽ ഭുജിഷ്യരായിത്തീർന്നു
പാപത്തിൽ മുഴുകിയ യഹൂദ ജനതതി.

മുക്തരായ്ച്ചിലരെല്ലാം തിരിച്ചു സ്വരാജ്യത്തി-
ലെത്തി ജർശലേംപള്ളി പുതുതായ് പണിയിച്ചു.

ഗ്രേക്കരും സിതിയരും പേർഷ്യരും പിൽക്കാലത്തിൽ
നിഷ്കൃപമാക്രമിച്ചു ജർശലേം മഹാപുരം

വടിവേറുമാപ്പുരമുറച്ചില്ലവിടെയു-
മൊടുവിലത്തു രോമ്യന്റകത്തിൻ കീഴിലായി.

ജ്ജാതരുമവരുടെ പുരവുമേവമന്യ-
ജാതിക്കു വിധേയമായ്ത്തീർന്നു ഭാഗ്യദോഷത്താൽ

സർവേശൻ തൃക്കൈകളാൽ നിർമ്മിച്ച നരവർഗ്ഗം
സർവേശൻ സർവാത്മനാ സ്നേഹിച്ച മഹാജനം

സർവ്വ പ്രാഭവങ്ങളും തികഞ്ഞ യൂദാന്വയം
സഞ്ചിത തേജോധനരാര്യവര്യവ്രജം

ഒരിക്കൽ സ്വതന്ത്രരായ് ജീവിച്ച ജനസംഘ-
മൊരിക്കൽ രാജസ്ഥാനം വഹിച്ച വീരവൃന്ദം

സ്വന്തകർമ്മത്താൽതന്നെ നിന്ദിതരായിത്തീർന്നു
സ്വന്തകർമ്മത്താൽതന്നെ മെലിഞ്ഞു മെലിഞ്ഞുപോയ്

കൃത്രിമ പ്രതാപത്തെപ്പുലർത്താനവരെല്ലാ-
മൊത്തൊരുമിച്ചു വീണ്ടും കഠിനാദ്ധ്വാനംചെയ്തു

## പ്രവാചകന്മാർ

പരമാത്മാവിൽ ജീവാത്മാവിനെ ലയിപ്പിക്കാൻ
പരമനീരന്ധ്രമാം വനത്തിൻ നടുക്കെത്തി

മാംസദാഹത്തെയെല്ലാമടക്കിത്തപം ചെയ്തു
മാമുനിപ്രവരന്മാർ ഭാരതവർഷത്തിലും

പാരജീവിതത്തിലെസ്സന്മാർഗ്ഗമുറയെല്ലാം
പാർത്ഥിവകുലത്തോടും തൊഴിലാളികളോടും

സുവ്യക്തമുൽബോധിപ്പിച്ചീടുവാൻ കരുത്തുള്ള
സുപ്രസിദ്ധരാം മതിശാലികൾ ചൈനായിലും

പ്രപഞ്ചക്കടലെല്ലാം മഥിച്ചു തത്വരത്ന-
പ്രകരം സമ്പാദിച്ചോർ ഗ്രീസെന്ന രാജ്യത്തിലും

രാഷ്ട്രീയ നിയമങ്ങൾ നിർമ്മിച്ച പണ്ഡിതന്മാർ
റോമിലുമുദിച്ചുയർന്നുല്ലസിച്ചതുപോലെ

വിശ്രുതചരിത്രരാം യൂദർക്കു സൽപ്രകാശം
വീശുവാൻ പ്രവാചകരപ്പപ്പോഴുളവായി.

മൂന്നുകാലങ്ങളെയുമൊന്നിച്ചു കണ്ണുകൾക്കു
മുന്നിൽ കണ്ടറിയുവാനവർക്കു കഴിഞ്ഞുതെ.

പട്ടണമദ്ധ്യത്തിലും പർവ്വത ഗുഹയിലും
കൊട്ടാരത്തിലും പള്ളിക്കുള്ളിലും ഗ്രാമത്തിലും

സാഗര തീരത്തിലും മണലാരണ്യത്തിലും
സന്തതം മുഴക്കിനാർ ധർമ്മ കാഹളധ്വാനം.

കൊലയ്ക്കും കൊടിയതാമഗ്നിക്കും മീതേ നിന്നു
കളങ്കംകൂട്ടാതവരീശനെ പ്രകീർത്തിച്ചു.

ദുരന്ത ദുരിതാബ്ധിപ്പരപ്പിൽപ്പതിച്ചോരേ–
ക്കരയ്ക്കു കയററുവാൻ കരങ്ങളവർ നീട്ടി.

പാപത്തെപ്പരിഗ്രഹിച്ചീടുവാൻ മുതിർന്നോക്കു
പാരമുൾഭയമേകി ഗംഭീരാട്ടഹാസത്താൽ.

മരവും കല്ലും സാക്ഷാലീശനെന്നുള്ളിലോർത്ത
നരരെക്കാണിച്ചുതെ സത്യദൈവത്തിൻ രൂപം.

വഞ്ചനാവിഷബാധപിടിച്ചു ജനങ്ങളെ
സഞ്ചിത സത്യസ്വാന്തരാക്കിനാരവർ മുദാ.

ക്രൗയ്യമാർന്നോരെപ്പാരം കരുണാശീലരാക്കി
മയ്യാദ വെടിഞ്ഞോർക്കു വിനയം വർദ്ധിപ്പിച്ചു.

കൊടുങ്കാററുപോലുള്ള നരരെശ്ശാന്തരാക്കി
കൊടിയ ദുഷ്ടന്മാരെശ്ശിഷ്ടത പഠിപ്പിച്ചു.

നരേന്ദ്രസമക്ഷത്തിൽ, കുബേരന്മാരുടെ മുമ്പിൽ
പുരോഹിതന്മാരുടെ താടിമീശയ്ക്കു കീഴിൽ

സധൈയ്യം നിന്നു ദിവ്യ സത്യത്തിൻ പെരുമ്പറ
സമസ്തലോകത്തിലും കേൾക്കുമാറുൽഘോഷിച്ചു.

അടിമത്വത്തിൽ വാണ നരക്കു സ്വാതന്ത്ര്യത്തെ
ക്കൊടുത്തു, രോഗികൾക്കു പാരമാശ്വാസം നൽകി.

രാജ്യമില്ലാത്ത മഹാ സാവ്വഭൗമന്മാരായും
സൈന്യങ്ങളില്ലാത്തൊരു സേനാധിപന്മാരായും

ശിഷ്യന്മാരില്ലാത്തൊരു ദിവ്യാചായ്യന്മാരായും
ശിഷ്ടന്മാരവരോരോ കാലത്തിൽ വിജയിച്ചു.

തൽപ്പുണ്യജനത്തിന്റെ നാദമേകാന്തനാദം.
കേൾപ്പോർ തൻ തലതാനേ വണങ്ങും ഭവ്യനാദം,

ബ്രഹ്മാണ്ഡ കോലാഹലമടക്കും മഹാനാദം
നിർമ്മലാർത്ഥങ്ങളേറെത്തിങ്ങിയ സൗരനാദം

പശ്ചാത്തപിക്കാൻ മർത്ത്യവർഗ്ഗത്തെ പ്രേരിപ്പിക്കും
പാവനനാദം, നിത്യരാജ്യത്തിൻ ജയനാദം

വിഖ്യാതിപെററ യൂദവംശത്തിൻ ചെവികളിൽ
കാകോളമായിട്ടല്ലാതിരുന്നില്ലൊരിക്കലും

മൂകന്മാരുടെ വാക്കായ്, സ്വന്തം കഷ്ടതകളെ
ലേഖനം ചെയ്‌വാൻപാടില്ലാത്തോർ തൻ കരങ്ങളായ്

വിശന്നു പൊരിയുന്ന മർത്ത്യർ തൻ മിത്രങ്ങളായ്
വിഗതധനന്മാർ തൻ സഹചാരികളായി

വാണൊരാ പ്രവാചകസംഘത്തെ വെറുത്തതെ
ക്ഷോണിപാചാര്യവിത്തനാഥന്മാരഖിലരും

## മരുഭൂമിയിലെ താപസവര്യൻ

മനുജകുല വരനമര നികരപരിപൂജിതൻ
മേരീകുമാരകൻ പാരം വിനീതനായ്

മഹിതജഗദധിപമൃദുപദയുഗളമോർമ്മിച്ചു
മാതാവിനൊടൊത്തു വാഴും ദശാന്തരെ

വികടതരമലരുമൊരു വിചല ജല രാശിപോൽ
വിഷ്ടപം വല്ലാതെ വിപ്ലവോദ്ധൂതമായ്

ദവരഹിതസിതജലദമഖിലവുമൊഴിഞ്ഞുപോയ്
രാഷ്ട്രീയ ഭ്രചക്രവാളം കറുത്തുപോയ്

ഭുവനതലമതികഠിന ദുരിത വനഭൂമിയായ്
ഭൂതിപ്രദീപം സമസ്തവും കെട്ടുപോയ്

സുമഹിമകളിയലുമൊരു മനുകുല പുരോഹിത-
സ്ഥാനങ്ങളൊക്കെയും ഗർഹണീയങ്ങളായ്

നിശിതതര നിയമനിര പരിചൊടു രചിച്ചിട്ടും
സംസത്തശേഷവും താറമാറായിതെ

നിഗമനിധി നിഖിലവരഗുണവസതി മോശതൻ
ന്യായപ്രമാണങ്ങളാചരിക്കാതഹൊ

കുടിലതര കൃതികളലമാചരിച്ചാളുകൾ
കൂട്ടമായ് ലോകത്തിനേകിനാർ ദുഷ്കീർത്തി

ശ്രവണപുടയുഗ കഠിന ഭേദനം ചെയ്യുന്ന
പാപാട്ടഹാസങ്ങളെത്താത്ത കാനനം

മദമധികമരുളുമൊരു കനികളിയലാത്തുള്ള
മാമരങ്ങൾ മാത്രമേലുന്ന കാനനം

പരിമൃദുലഹൃദയനില വരുവതിനു ഭക്തരാം
പാവങ്ങളൊക്കെത്തിരക്കുമാറായിതെ.

സമകളിരുപതുമതിനൊടൊരുദശവുമൊത്തുള്ള
സംഖ്യയ്ക്കുമുന്നം "യഹൂദിയാ" നാടതിൽ

വിമലഗുണ നില കലരു"മേലിശാബേത്തി"ൻെറ
നിർമ്മലസൂനുവായ് സ്വർഗ്ഗീയവാണിയാൽ

ധരയിലതികുതുകമൊടു മഹിതജനി കൈക്കൊണ്ട
ധീരനാം വൃദ്ധ പുരോഹിത നന്ദനൻ

കദനഹരനമലമതി മകുടമണി "യൂഹനോൻ"
കാന്താരഭൂവിങ്കലവ്വണ്ണമെത്തിനാൻ.

മലിനജനപദമതിൽ വസിക്കും ജനങ്ങളെ
മാന്യമാം ജീവിതവൃത്തിയിലാക്കുവാൻ

മധുരതരവചന മധുവർഷം പൊഴിക്കുവാൻ
മൗനം ധരിച്ചു തപസ്സും തുടങ്ങിനാൻ.

പകലിരവു നിഖിലപതിയുടെ ചരണസേവയാൽ
പാരത്രികജ്ഞാന സമ്പൂർണ്ണചിത്തനായ്.

പുകയുമതിനൊട്ടു കലരുമൗഷ്ണ്യവും ചേരാത്ത
പന്തത്തിനൊത്തേറമുജ്ജ്വലിച്ചാനവൻ.

പകലവനമൂഢം പതിയുമത്യുഗ്രതാപവും
പാരിച്ച ശൈത്യവും യോഗിക്കു തുല്യമായ്

മതിയിലൊരു നരനുമിഹ സുജ്ഞേയമാവാത്ത
വേദാന്തസാരം ഗ്രഹിച്ചാൻ മഹായമി

ധരണിയുടെ നയനകിരണങ്ങൾക്കഗോചര-
സ്സൗരികം നേരിട്ടു ദർശിച്ചു തുഷ്ടനായ്

നിജഹൃദയ സഹജനൊട്ടു ചെയ്തു സമ്പർക്കവും
തച്ചിന്തയോടായി സല്ലാപമൊക്കെയും

ക്ഷിതിധരവുമലകടലുമുച്ചത്തിലോതിടും
വാർത്തകൾക്കൊക്കെയുമർത്ഥം ഗ്രഹിക്കയായ്.

ഭഗണപരിലസിത ഗഗനത്തിന്റെ കീഴിലായ്
കേൾക്കുന്ന ഘോരജന്തുക്കൾ തൻ ഗർജ്ജനം

യതിവരനു മധുരതര മുരളി പൊഴിയും പതു-
ഗീതിയായ്ത്തന്നേ മുഴങ്ങി കർണ്ണങ്ങളിൽ.

നിജവദനമതികഠിന ദിനകര കരങ്ങളാൽ
തപ്തമാം പിത്തളയ്ക്കൊത്തപോൽ ശോഭിച്ചു.

കരിമുകിലുമടിപണിയുമതി നെടിയ കേശവും
നീരന്ധ്രമായുള്ള താടിയും മീശയും

ശരഭതനൂരുഹ രചിതമങ്കിയും ചേർന്നുള്ള
ശ്രീലമാം തദ്രൂപമാർക്കുമാരാധ്യമായ്

വിഗതഭയമവനുദിത പൈദാഹ ശാന്തിക്ക
വെട്ടുക്കിളികളും തേനും ഭുജിക്കയായ്.

## വിപ്ലവനാദം

ത്രിദിവപതിയുടെ ചരണഭജന പരിലോലനാ-
"മേശയാ" യോഗിതൻ വാണീവിലാസവും

സുജന കുലവിനുതശുഭ ചരിതമിയലും മഹാ-
"നേലിശാ"യിക്കുള്ള ജീവിതചര്യയും

പരിചിനൊടു കലരുമൊരുയമിതിലകനങ്ങനെ
പാരം പ്രശാന്തനായ്ക്കാട്ടിൽ വസിക്കവെ

കരളിനൊരു കരുണയുടെ കണികയുമിയന്നിടാ-
താഹന്ത "പീലാത"നെന്ന ദുഷ്ടാഗ്രിമൻ

മനുജരുടെ മൃദുല ഗളഖണ്ഡനംകൊണ്ടുതൻ
മാനംപരത്താൻ പണിപ്പെട്ടു നിർഭരം

കദനകരകൃതി പലതു ചെയ്തു "കയ്യാപ്പാസു"-
"മന്നാസു"മാചാര്യനാമം ദുഷിപ്പിച്ചു.

സുഗുണമണിമയമകുടമാളും ജനാവലി
സ്വാന്തശാന്തിക്കുള്ള മാർഗ്ഗമാരാഞ്ഞുതെ.

വിജനതയിലതുപൊഴുതിലൊരു മധുര ഗംഭീര-
വിപ്ലവനാദം പ്രതിധ്വനിച്ചുൽക്കടം.

മൃതസലിലനിധിയുടെ കരയ്ക്കും വിശുദ്ധമാം
യോർദ്ദാൻ തരംഗിണീകൂലദേശത്തിലും

പൊലിമപെട്ടമൊരു പുതിയ കാഹളം പോലവേ
പാരം മുഴങ്ങിപ്പുരക്കെപ്പുരന്നൊരു

മധുസദൃശവചനനിര കേട്ടുകേട്ടാളുകൾ
മന്ദേതരം ഗൃഹം വിട്ടുപുറപ്പെട്ടു

ഭവികകുലവര സദനമായ് വിളങ്ങീടുമാ–
ഭക്തയോഗീശന്റെ ചുററിലും കൂടിനാർ.

പരിശരൊടു വരനിഗമ നിഷ്ണാതരെന്നല്ല
പോരാളിവീരരും കാനനം പൂകിനാർ.

വിവിധതര നിനവുകളൊടാളുകളെത്തവേ
വീര്യംവിടാതെ കണ്ടോതിനാൻ താപസൻ

"സുഖജനക സുചിര ശുഭവർഷം പൊഴിച്ചിടും
സ്വർഗ്ഗരാജ്യം സമീപിച്ചുപോയ് ലോകരെ,

കരളിനൊരു പുതിയ തെളിവുടനയി വരുത്തുവിൻ
കാപട്യമെന്നിയേ പശ്ചാത്തപിക്കുവിൻ.

ജഗദധിപനുടെ സരണി സരഭസമൊരുക്കുവിൻ
ദുർഘട മാർഗ്ഗങ്ങളെല്ലാമടയ്ക്കുവിൻ.

വരുമരികിലിതിമനസിനിങ്ങളോർത്തിടുന്ന
മന്നവൻ ക്രൂരനാം ക്ഷേത്രികൻ താൻ ദൃഢം.

ഫലമരുളുവതിനു മടികാട്ടും ദ്രുമങ്ങളെ–
പ്പുരാതവൻ വെട്ടിയഗ്നിയിൽത്തള്ളിടും

പതിരഖിലമനലനിരയാക്കിക്കരിച്ചിടും
ഗോതമ്പു ശേഖരിച്ചീടും കളങ്ങളിൽ.

കൊടിയ വിഷധരനികരജാതരേ, വേഗത്തി-
ലോടുവിൻ, ഭാവികാമർഷത്തിൽ നിന്നുടൻ.

പരിചിനൊട്ട കരളിനൊരു മാററം വരുത്തുവാൻ
പോരും ഫലങ്ങൾ പുറപ്പെടുവിക്കുവിൻ

പരമമുനികുലതിലക “നബ്രഹാം” താതനായ്
വാഴുന്നു വിണ്ണിലെന്നോർത്തഹംബുദ്ധിയാൽ

പിഴകളലമനനിമിഷമാചരിച്ചൂഴിയിൽ
പാർക്കാനൊരുങ്ങേണ്ട വഞ്ചകസ്സംഘമേ,

ശ്രമരഹിതമജനിഹശിലോച്ചയത്തിൽനിന്നു-
മോമൽക്കുമാരകന്മാരെയുയർത്തിടാം.

പരുഷതരശിലകളുടെ മാളത്തിലാളുന്ന
പാമ്പിന്റെ വർഗ്ഗങ്ങളെപ്പോലെ ദുഷ്ടരാം

പരിശരുടെ സമുദയമെ, സാദൂകപ്യവർഗ്ഗമേ
പാറയേക്കാൾ നിങ്ങളേററം കട്ടത്തവർ.

നിയമമൊഴികളിലമരുമർത്ഥങ്ങൾ കൈവിട്ട
നിങ്ങൾ രസിക്കുന്ന വാക്കിന്റെ ഭംഗിയിൽ

കരകവിയുമതിമലിനദുസ്സ്വാർത്ഥസക്തിയാൽ,
കാഠിന്യമേന്തുന്നു നിങ്ങൾതന്നുൾത്തടം.

പശി കളയുവതിനു വഴി കാണാതെ തീക്ഷ്ണമാം
ക്ലേശത്തിനാലേറെ വാടിത്തളന്നവർ

ചുടുനയന ജലകണിക വർഷിച്ചു പൂപകം
യാചിക്കവേ നിങ്ങൾ നൽകുന്നു കല്ലുകൾ

നിലകവിയുമഘമനിശമാളുന്ന നിങ്ങളോ
നിഷ്പാപമർത്ത്യരെ കല്ലെറിഞ്ഞീടുന്നു.

കഠിനതര വനശിഖിയിലുൾപ്പെട്ടു പൊട്ടേണ്ട
കന്മയ ബിംബങ്ങൾ താൻ നിങ്ങളൊക്കെയും

തടിനിയുടെ തിരനിരകളെല്ലാം ശ്രമിക്കിലും
നിങ്ങൾക്കു സംശുദ്ധി ചേരില്ലതെല്ലുമേ.

നിജമഹിത കരതളിരിൽ മണ്ണെടുത്താദമെത്ത
നിർമ്മിച്ച സൽക്കലാവല്ലഭൻ സർവഗൻ

ഗിരികളുടെ മുകളിലതിരൂഢമായ് നിൽക്കുന്ന
പാറയാൽ തീർത്തിടും വേറേ ജനങ്ങളെ

തെളിവതുലമയിലുമൊരു യൂർദ്ദനിൽ താവക
ദേഹം പതിക്കുകിൽ പാപം ശമിച്ചിടാ.

തനുവിനതി വിമലതവരാം വാരിയാൽ,ക്കരൾ—
ത്തട്ടിന്നു സംശുദ്ധിയെമ്മട്ടു ചേർന്നിടും

കരുമനകളലമുയരുമാറു നിങ്ങൾ ചെയ്ത
കർമ്മത്തിനൊക്കെ പ്രതിവിധി ചെയ്യണം.

വസനയുഗസഹിതനൊരു വസനമുടനേകണം
വസ്ത്രമുടുക്കുവാനില്ലാത്ത മർത്ത്യനു

നിരവധികനിഫലസമിയലുന്നവൻ, ക്ഷുത്തിനാൽ
നീറുന്നവന്നതിൽ പാതി നൽകീടണം

വിഹിതകര സമുപചയധർമ്മം വെടിഞ്ഞഹോ
വാങ്ങൊലാ ശുൽക്കം ജനത്തോടു കൂടുതൽ.

ബലമൊടൊരുപൊഴുതുമൊരുകാര്യവും ചെയ്കൊലാ
വഞ്ചിച്ചു കോഴവാങ്ങാനൊരുങ്ങീടൊലാ.

## സലിലസംസ്കാരം

നിയമിയുടെ ഗുരുവചനഭേരികേട്ടേവരും
നിർമ്മായമാനസന്മാരായ്ബ്ഭവിക്കവൈ

തടിനിയുടെ സലിലമതുമൂലം ജനങ്ങളെ
സംസ്കാരസമ്പന്നരാക്കിനാൻ "യൂഹനോൻ".

ഇരുളിയലുമമല മലർവാടിയിൽ രാത്രിയിൽ
ശാരദശ്രീ ശശി വന്നിറങ്ങുംവിധം

സലിലധര കണിക കലരാതുള്ള വിസ്തൃത
നീലാംബരത്തിലാദിത്യൻ വരുംവിധം

മുകിലിന്റെ നെടുവിദര രംഗം വെടിഞ്ഞിളം-
മിന്നൽക്കൊടിക്കുറ പാറിയെത്തും വിധം

പരിമളല കമലനിര തെളിയുമൊരു പൊയ്കയിൽ
പാവന ഹംസമിറങ്ങിവരുംവിധം

സുജനതതിഗത കലുഷമാളുന്നൊരാസ്ഥല-
ത്താഗമിച്ചാൻ ക്രിസ്തുനാഥനും സാദരം

സകല ഗുരുനികരവരനായൊരാവന്ദ്യന്റെ
സന്മുഖം കാൺകവേ യൂഹനോനോതിനാൻ.

"കദന നിലകളക, നയനങ്ങൾ തുറക്കുവിൻ
കാണുവിൻ കാരുണ്യ ലാവണ്യ വിഗ്രഹം

ഇവനുടയപദയുഗളമേന്തും ചെരിപ്പിന്റെ
വാറഴിച്ചീടുവാൻ യോഗ്യനല്ലിന്നു ഞാൻ.

നദിയിലെഴമുദകമതിലാണു ഞാൻ നിങ്ങളെ
സ്നാനം കഴിപ്പതെന്നാകിലൊ കേൾക്കുവിൻ

തന്റെവിജിത ദിവസകര ശോഭനാമിമ്മഹാ-
നഗ്നിയിൽ നിങ്ങളെ സ്നാപനം ചെയ്തിടും

വിനയമൊടു മനുജവരനോതിനാനന്നേര-
"മെന്നെയും ശുദ്ധീകരിക്കണം വാരിയാൽ."

കമലഗതമുനിതിലകനുടെ നിരു കരങ്ങളും
ക്രിസ്തുവിൻ ശീർഷത്തിലർപ്പിച്ചു സാദരം

സലിലമഥ മഹിതതര ശിരസിവർഷിക്കയായ്
സർവശാരങ്കൽ സമർപ്പിതചിത്തനായ്.

പറവയുടെ കുലമഖിലമന്തികത്തേതുമെ
പാടാതെ മൌനംധരിച്ചു വസിച്ചിതെ.

തടിനിയുടെ കളകള നിനാദം നിലച്ചുപോയ്
തൽഗതി യോഗത്തിലാർന്നപോൽ നിന്നുപോയ്

സുരഭിവന പരിമളവഹൻ ശാന്തിപൂണ്ടുപോയ്
സൂരന്റെ രശ്മികൾക്കുഷ്ണമില്ലാതെയായ്

സിതജലദനിചയമുടനാരംഗമീതെയായ്
കൌശേയമേൽക്കട്ടിപോലവേ വന്നെത്തി

ദിവവിമല മരതക കവാടം തുറന്നു വെൺ-
പ്രാവായ്പ്പരാത്മാവു വന്നു താഴോട്ടുടൻ

മൃദുകനക കിരണനിരവീശി മേരീസുതൻ
മീതേ കറങ്ങിക്കറങ്ങിപ്പറന്നുതെ.

മുനിനിചയതിലകനുടെ മുന്നിലായ് നിന്നൊരു
മാനവപുത്രന്റെ ദിവ്യ കളേബരം

പരിസര ധരാതലം തന്നിലെല്ലാടവും
പാവനശ്രീ പരം വീശി പ്രശോഭിച്ചു.

ഗതിലയുടെനികടഭുവിസംഖ്യയില്ലാത്തമ-
ട്ടെത്തിയ മാനവരത്ഭുതം കൊള്ളവേ

"മമവിഹിതതനയ നിവനിവനിലിഹമാമകം
മാനസമേററം പ്രമോദിച്ചിടുന്നിതാ."

ഇതുവിധമൊരമലതരനിനദമതു യൂഹനോൻ
വിണ്ടലത്തിൽനിന്നു കേട്ടൊന്നു ഞെട്ടിനാൻ.

നിജസവിധ ഭുവി മരുവുമമ്മഹാ തേജസ്വി
നിശ്ചയം ശ്രീയേശുനായകൻ താനെന്നു

മുനിതിലകനകതളിരിലോർത്തു കൊണ്ടാടിനാൻ
മററുള്ളവർ ധരിക്കാതെ തൻ ഭാവുകം.

## പരീക്ഷ

ശീതള തരംഗിണീ കല്ലോല സുലാളിത-
സംപൂത ശരീരനാം ശ്രീയേശുവനന്തരം

കരയ്ക്കു കയറിനാൻ; സഹസ്ര കരങ്ങളാൽ
പരിചിൽ തലോടിനാൻ തൻ നെററിത്തടംസൂര്യ്യൻ.

വിദൂരഘണ്ടാനാദം പോലെ തൃക്കർണ്ണങ്ങളിൽ
വിധാതൃഗിരമേവം മുഴങ്ങീ മുടങ്ങാതെ.

"മൽപ്രിയതനയൻ നീ നിന്നിൽ ഞാൻ പ്രസാദിപ്പൂ"
മാനവ തനുജനീവാക്യത്തിൽ മുഴുകിനാൻ.

സൂര്യ്യനാൽപ്പൂമൊട്ടെന്നപോലവേ വികസിച്ചു
സത്വരം മന്ദവേല നിർമ്മല ഹൃദന്തരം.

ദൂരിത ദുരിതമാം സാമ്രാജ്യം ധരിത്രിയിൽ
ധീരമായ് പ്രതിഷ്ഠിക്കാൻ നിയുക്തൻ താനെന്നോർത്തു

തദർത്ഥം കൈക്കൊള്ളേണ്ട ശസ്ത്രങ്ങളൊരുക്കുവാൻ
തിരിച്ചു ക്രിസ്തുനാഥൻ വിജനസ്ഥലംനോക്കി.

നടന്നു നടന്നാരും ചെന്നുചേരാത്ത കുന്നിൻ
തടത്തിലന്തിനേരത്തെത്തിനാൻ ചിദാനന്ദൻ

കരിങ്കൽത്തറയ്ക്കുമേൽകിടന്നു നിശപോക്കി
നറുംപൂവിനേപ്പോലെ മൃദുലതനുവാർന്നോൻ

കാല്യത്തിലെഴുന്നേററു പിന്നെയും നടന്നൊരു
കാടിന്റെ നടുക്കെത്തിത്തപസ്സുമാരംഭിച്ചു.

കേട്ടില്ല സിംഹത്തിന്റെ ഗർജ്ജനം, വ്യാഘ്റത്തിന്റെ
കൂട്ടങ്ങളുടെത്തത്തിനില്ലതു ദർശിച്ചില്ല.

കാനനം കൊടുംകാററിലുലഞ്ഞിട്ടുണ്ടാമേററ-
മാനനം നോക്കിസ്സൂര്യൻ വർഷിച്ചിരിക്കാമഗ്നി

കരാളഭുജഗോഗ്ര സഞ്ചയം ഫണം പൊക്കി-
ക്കഠോരഫൂൽക്കാരങ്ങൾ മുഴക്കിനിന്നിരിക്കാം

വാനിടം നിശീഥത്തിൽ മഞ്ഞുനീർക്കണം തൂകി
മന്നിടം തണുപ്പിച്ചു മരവിപ്പിച്ചിരിക്കാം.

നിർവികാരനായ്ത്തന്റെ താതനാമീശ്വരന്റെ
ദിവ്യമാം രൂപം കണ്ടു നിർവൃതിപൂണ്ടു വാണ

ലോകൈക തപോധനൻ നിർമ്മലൻ, നിരാമയൻ
നിഷ്ക്കാമൻ നിരുപമൻ യാതൊന്നുമറിഞ്ഞില്ല.

മോശയും പ്രവാചകവര്യനാമേലിയാവും
മുന്നം വനതപംചെയ്തു രാപ്പകൽ കഴിച്ചപോൽ

നിർമ്മമൻ പരിത്യാഗ സമ്പന്നനിമ്മാനുവേൽ
നിർവികല്പനായ് യോഗനിദ്രയിൽ നിവസിച്ചു

കടന്നുപോയീദിനം നാല്പതു, മഹായമി
വെടിഞ്ഞു തപം കാര്യം ഫലിച്ചെന്നുറയ്ക്കയാൽ.

സാദരം മുമ്പിലെത്തി പൈദാഹശാന്തികളുള്ള
തന്ത്രങ്ങൾ പഠിപ്പിക്കാനേകനുജ്ജ്വല വാഗ്മി

മാലാഖ "ഹാഗാറി"ന്നു നിർമ്മല സലിലവു-
മേലിശസ്സുത്യുൽക്കൃഷ്ട ഭക്ഷ്യവും ദാനംചെയ്തു

വാനവദൂതനല്ല, പണ്ടുപണ്ടാദാമിന്റെ
മാനത്തെ നശിപ്പിച്ച സാത്താനാണഭ്യാഗതൻ.

നാൽപ്പത്തു ദിനമല്ലേ! ഭക്ഷണമുപേക്ഷിച്ചു
താപസച്ചര്യ്യപൂണ്ടതീശ്വരാത്മജൻ തത്ര

വല്ലാത്ത വിശപ്പിനാലാ യുവാവശനായ്
വാഴകയാവാമെന്നു സാത്താനോർത്തിരിക്കണം

ബാഹ്യേന്ദ്രിയങ്ങൾക്കുള്ള ദൗർബല്യംകൊണ്ടു പാരം
ദാഹവും വിശപ്പുമാ യോഗിക്കുമുണ്ടായേക്കാം.

ഇസ്രയേൽ, മരുഭൂവിൻ മദ്ധ്യത്തിൽ വസിച്ചപ്പോ-
ളീശ്വരൻ മന്നാകൊണ്ടാബ് ഭക്തനേപ്പോഷിപ്പിച്ചു.

മാനവാകാരംപൂണ്ട ക്രിസ്തുനാഥനോ ദൈവ-
മൊന്നുമേ കൊടുത്തില്ല കാട്ടിൽ ക്ഷുത്തടക്കുവാൻ.

പരീക്ഷ നരന്നല്ല നരനേ സൃഷ്ടിച്ചോനും
വരുമെന്നുലകത്തെപ്പഠിപ്പിക്കുവാനായി,

പരീക്ഷവരും, വന്നാലതിൽനിന്നതിധീരം
സുരക്ഷ നേടുന്നവൻ വീരനെന്നറിയിപ്പാൻ

പരമപിതാവു തൻ പുത്രനു യാതൊന്നുമേ
പശി തീർക്കുവാൻ നൽകിയില്ല യോഗാന്ത്യത്തിലും

"വല്ലതും കഴിക്കേണ്ടേ? ദേഹസംരക്ഷയ്ക്കായി
നാൽപ്പത്തു ദിനമങ്ങു ഭക്ഷണം വെറുത്തില്ലേ?

ആരുമില്ലങ്ങേയ്ക്കിന്നു ഭക്ഷണം നൽകീടാനെ-
ന്നോരേണ്ട, തിരക്കേണ്ടാ ബന്ധുക്കളുടെ ഗേഹം.

ദേവേശസുതനല്ലേ നീന്തിരുവടി, ചൊൽക,
പൂപങ്ങളാകുമിന്നീക്കല്ലുകളെ"ന്നാൻ സാത്താൻ

വേദശാസ്ത്രത്തിൽപ്പാരം പാണ്ഡിത്യമാണ്ടോൻ ക്രിസ്തു-
വോതിനാനപ്പോളൊരു ദിവ്യസാർത്ഥക വാക്യം.

"കേവലം പൂപംകൊണ്ടുമാത്രമല്ലഖിലേശ-
സ്വദവാക്യംകൊണ്ടുമല്ലീജീവിക്കേണ്ടതു നരൻ"

പിന്തിരിഞ്ഞില്ലാ സാത്താൻ ക്രിസ്തു തൻ മറുപടി
ശ്രോത്രത്തിൽ പതിഞ്ഞിട്ടും തദർത്ഥം ഗ്രഹിച്ചിട്ടും.

നടന്നാൻ ക്രിസ്തു, ചാരത്തുള്ള ദേവാലയത്തിൽ
കടന്നാനതിൻ മട്ടപ്പാവിന്മേൽ നിലകൊണ്ടാൻ.

അടുത്താൻ സാത്താ"നീശ നന്ദനനല്ലേ ഭവാൻ
ഝടിതി താഴത്തേക്കു ചാടുക മടിക്കാതെ

സഹസ്രാധികം ദൂതസഞ്ചയം തവ താത-
സവിധേ പാർക്കുന്നില്ലേ രക്ഷിക്കുമവർ നിന്നെ"

"വേണ്ട നീ നിൻ നാഥനാം ദൈവത്തെപ്പരീക്ഷിക്ക
വേണ്ട"യെന്നരുളിനാനുത്തരം ജഗല്പതി.

ഉദ്ദേശ്യം സാധിക്കാതെ പിന്തിരിഞ്ഞോടാനത്ര
ബുദ്ധിശൂന്യനല്ലാത്മവഞ്ചകനായ സാത്താൻ

വാനിടംമുട്ടിനിന്ന ഭൂധരമൊന്നിൻ മീതെ
മാനവസുതൻ ചെന്നുകയറി സർവ്വാധാരൻ.

ഒന്നിൽപ്പിഴച്ചാൽ മൂന്നിലെന്ന സൽപ്രമാണത്തിൽ
ചെന്നെത്തി സാത്താനുമാപ്പർവ്വത പീഠം തന്നിൽ.

ഭൂതലം മുഴവനും കൈ ചൂണ്ടിക്കാണിച്ചാനാ
ബ്ഭൂതനായകൻ സാത്താനെന്നിട്ടു കഥിക്കയായ്

"ഇക്കാണും ധരാതലമൊക്കെയുമെനിക്കുള്ള-
തിക്കാണും ചരാചരമൊക്കെയുമെന്നധീനം

മന്ദമെൻ കാലിലൊന്നു കുമ്പിട്ടാൽപ്പോരുമെല്ലാം
തന്നിടാം സത്യം സത്യം നീയെന്തു ചിന്തിക്കുന്നു."

വേദാന്തവേദ്യൻ, സാത്താനോതിയോരഹങ്കാര-
വാക്കുകൾ കേട്ടിട്ടേവം കല്പിച്ചു കുപിതനായ്

"പോവുക പിന്തിരിഞ്ഞു, താവകനാഥനാകും
ദൈവത്തിൻപദമെന്യേ വന്ദ്യമായ് മററെന്തുള്ളൂ?"

ഭംഗുരകണ്ഠനായി, നമ്രമൗലിയായ് സാത്താ-
നങ്ങൊരു മാത്രനിന്നു ചിന്തിച്ചാനെന്തോഹൃത്തിൽ

കാററത്തുപറക്കുന്ന പഞ്ഞിപോലനന്തരം
പാഞ്ഞുപോയ് പാതാളത്തിൽ വൃത്താന്തമോതാനവൻ

ഘോരമാം രണത്തിങ്കൽ വിജയക്കൊടി നാട്ടി
ധീരനായ് വിളങ്ങുന്ന ഭൂപനെപ്പോലെ നാഥൻ

ലോക സംസേവനാർത്ഥം സഞ്ചാരമാരംഭിച്ചു
ലോകർ തൻ ഹൃദയത്തിൽ ശാന്തിയും പ്രവേശിച്ചു.

## ശിഷ്യസമ്പാദനം

കശ്മല ഹൃദയനാം സൈതാനനരുളിയ
ദുർഘട പരീക്ഷകളൊക്കെയും ജയിക്കയാൽ

ദിവ്യമാം തേജസ്സിൻെറ കന്ദളമെങ്ങും വീശി
ഭവ്യരൂപനാം ക്രിസ്തു വെടിഞ്ഞു മരുഭൂമി.

മേഷവൃന്ദം നടന്നു തെളിഞ്ഞ വനാന്തര-
മാർഗ്ഗമായ്ത്തിരുവടി സത്വരമെഴുന്നള്ളി.

കരിങ്കൽക്കുന്നിൻനിര കൈവെടിഞ്ഞവിടന്നു
കമനീയമാം യോർദ്ദാൻ തടത്തിൽ പ്രവേശിച്ചു.

പൂർവോത്തരാശാമുഖം നോക്കിപ്പോയ് "യറിഹോ"വിൽ
നവ്യമായ് പണിയിച്ച കൊട്ടാരം പിന്നിൽ തള്ളി

യോർദ്ദാനാം തരംഗിണി കടന്നു പിറേറന്നാളിൽ
ശുദ്ധമാമിനരശ്മി "ഗിലയാദി"ന്മേൽ നിൽക്കെ

തടിനീതടംവഴി വടക്കോട്ടഖിലേശ-
തനയൻ പ്രസന്നനായ് പദങ്ങൾ ചലിപ്പിച്ചു.

മാർഗ്ഗത്തിൽ നീരന്ധ്രമായ് നിന്ന കാനനങ്ങളിൽ
ഭീകരങ്ങളാം ദുഷ്ടമൃഗങ്ങൾ വിഹരിച്ചു.

സിംഹവും കാട്ടുപോത്തും വൻ പുള്ളിപ്പുലികളും
സന്തതം നദീതീരംവരെയ്ക്കും നടമാടി.

വളന്ന തൃണവല്ലിപ്പടർപ്പിൽ ഭുജഗങ്ങൾ
പുളച്ചു ചീററിക്കൊണ്ടു പിണഞ്ഞു കളിയാടി.

ഭയവും സംഭ്രാന്തിയും കൂടാതെ മനുവേലൻ
പ്രയാണംചെയ്യാൻ ജ്ഞാനസ്നാനരംഗത്തെനോക്കി.

താപസതിലകനാം യോഹന്നാൻ ജനത്തിൻെറ
താപങ്ങൾ നീങ്ങും മാർഗ്ഗമോരോന്നു കഥിക്കവേ

തെല്ലകലത്തൂടേതൊ നവ്യമാം തേജഃപുഞ്ജം
മെല്ലവേ നീങ്ങുന്നതു ലോചനങ്ങളിൽപ്പെട്ടു.

പാരിലിങ്ങണഞ്ഞിതോ ഭാസ്കരനെന്നു ശങ്കി-
ച്ചാരാലാളുകൾ വാനിലർക്കനെത്തിരക്കവെ

രണ്ടുണ്ടോ സൂര്യനെന്നു മാനവർ സംഭ്രമിക്കേ
"കണ്ടാലും ദൈവത്തിൻെറ കുഞ്ഞാടെ"ന്നോതിയോഗി.

“ലോകത്തിൻ പിഴയെല്ലാംതന്നുടെ ചുമലിങ്ക-
ലിക്കാണുമനാദ്യന്തൻ നിർമ്മലൻ വഹിച്ചിടും”

യോഗി തന്നടുക്കലായ് നിന്ന രണ്ടാളുകൾക്കു
വേഗമാവാക്യത്തിൻെറ ഗുരുത്വം മനസ്സിലായ്.

“യോഹന്നാ”നെന്നും“മന്ത്രയോസെ”ന്നും പേർ കേട്ടോരാ
യൗവനയുക്തർ മത്സ്യം പിടിച്ചു ജീവിച്ചവർ

ഗലീലാത്തടാകത്തിൽ തോണിയിലേറിച്ചുററി
വലയിട്ടവരുടെ ജീവിതം പുലർത്തിയോർ

വരുവാനിരിക്കുന്ന ദൈവസാമ്രാജ്യം കാണ്മാൻ
കരളിൽക്കൊതിപൂണ്ട നിർമ്മലന്മാരമവർ

ഭക്തനാം യോഹന്നാൻെറ ഭാഷണാഗ്നി താൻ ചൂടി-
ലെത്തിനാർ വലകളും തോണിയും ദൂരെത്തള്ളി

സ്ഥാപകശിഷ്യന്മാരായ്ത്തീന്നാരാധീവരന്മാർ
പാപഹീനമാം രാജ്യം കാത്തു കാലങ്ങൾ പോക്കി.

“ദൈവത്തിൻകുഞ്ഞാടെന്നു”യോഹന്നാനരുളവേ
സർവരും ദൂരത്തേക്കു നീട്ടിനാർ നയനങ്ങൾ.

പെട്ടെന്നു യോഹന്നാനുമന്ത്രയോസും തിരിച്ചു
പാവനരൂപനാകുമദ്ധ്വാനീനനെക്കാണാൻ.

“ക്രിസ്തു താനിവൻ, ഞങ്ങൾ നിർദ്ധനർ, നിസ്സാരന്മാ-
രെന്തിവൻ കഥിക്കുമോ ഞങ്ങളോടി”മ്മട്ടാത്തു

വെമ്പിയുമാശാദീപമിടയ്ക്കുജ്ജ്വലിപ്പിച്ചും
കമ്പിതരായുമാശാഭംഗത്തിലകപ്പെട്ടും

പിന്നാലെ മന്ദം മന്ദം പോകവേ മർത്ത്യപാദ-
വിന്യാസധ്വനി യേശുദേവൻെറ കാതിൽ വീണു.

ഒററനോട്ടത്താൽ വിശ്വമൊന്നാകെക്കാണ്മാൻ പ്രാപ്തി
പെററവനാമഹാത്മാ തൻഗളം പിന്തിരിച്ചു.

സംഭ്രാന്തരായാർ വേഗമനുഗർ, ചെയ്യേണ്ടുന്ന
സംഗതിയേതാണെന്നു ചിന്തിപ്പാൻ കഴിയാതെ.

"തേടുന്നതാരേ നിങ്ങളെ"ന്നു ചോദിച്ചാൻ ക്രിസ്തു
പാടവമുണ്ടായ്" നൽകാനുത്തരം മുക്കുവർക്കു്.

"നിന്തിരുവടിയിന്നു പള്ളികൊണ്ടീടും ഗേഹ-
മേതെന്നു കല്പിക്കേണം സൽഗുരോ, ദയാനിധേ"

"വന്നുകാണുവിനെ"ന്നു കല്പിച്ചാൻ ക്രിസ്തുനാഥ-
നന്നേരമദ്ദേഹത്തെ ധീവരർ പിന്തുടർന്നു.

കടത്തുകടവിനു സമീപം സ്ഥിതിചെയ്ത
കുടിലിൽ മനുവേലൻ കയറീ വിശ്രമിപ്പാൻ

പൂർവ്വിക"നഹറോനെ" ജയിക്കും മഹാചാര്യൻ,
ദിവ്യനാം "മോശ"യേക്കാൾ ശ്രേഷ്ഠനാം ദീർഘദർശി,

ദാവീദാഖ്യനേക്കാളുമുന്നത മഹീപതി,
ഭവ്യ ഗോത്രാധിനാഥൻ യാക്കോബു കേട്ട സത്യം,

ഇസ്രയേലിന്റെ ചെങ്കോലീവിധമോരോമട്ടിൽ
നിശ്ചയം ചെയ്തോരന്നാ രണ്ടു മുക്കുവന്മാരും

"സ്വർഗ്ഗസാമ്രാജ്യം വന്നിങ്ങടുത്തു, ലോകരെല്ലാം
സന്തതം പ്രതീക്ഷിക്കും ദിവ്യനുമിവൻ തന്നെ"

ഭക്തരാഗ്ഗലീലക്കാരീവിധമോർത്തന്നത്തെ
രാത്രി, ശാന്തരായ് തത്ര നിവസിച്ചുറങ്ങിനാർ.

യാതൊരു മഹാത്മാവേ ക്രിസ്തു നാഥനായ്ക്കണ്ടു
യോഹന്നാൻ, ജനമാരേക്ഷോണിപാലനായ്ക്കണ്ടു?

താരക പ്രകാശവും പാവകനാളങ്ങള-
മാരുടെ കണ്ണിൽനിന്നും വീശിക്കൊണ്ടിരുന്നതോ!

ആത്തിരുവടിയുടെ മുമ്പരാം ശിഷ്യന്മാരായ്
സത്വരമന്ത്രയോസും ജോണുമാനിശീഥത്തിൽ.

തച്ഛിഷ്യരുടെ കണ്ണിൽ പ്രപഞ്ചം പാടേ മാറി
സ്വച്ഛമാമേതോ നവ്യലോകത്തിലവർപൂകി.

അന്ത്രയോസ്സുടത്തനാളുഷസ്സിലത്യാനന്ദ-
യുക്തനായ് പറഞ്ഞാൻ തന്റെ സോദര സമക്ഷത്തിൽ

ഓതിനാനവനേവം "സോദര, ഞങ്ങൾ കണ്ടു
ക്രിസ്തുനാഥനെ—സാക്ഷാൽ ദൈവത്തിൻ കുമാരനെ.

തന്തിരുവടിയുടെ സാന്നിദ്ധ്യമെന്തെന്തെല്ലാം
ബന്ധുര സദ്രംഗങ്ങൾ ഞങ്ങൾക്കു കാട്ടിത്തന്നു.

വന്നാലും ശിമോനേ നീ, വന്നനുഭവിച്ചാലു-
മുന്നത തരമായ സൗഭാഗ്യ മകരന്ദം."

തിരിച്ചാൻ ശിമോൻ പത്രോസുടനേ, ശ്രീയേശുവി-
ന്നരികിൽച്ചെന്നാൻ വിശ്വദീപത്തെ സമീക്ഷിച്ചു.

തൃക്കണ്ണാൽ പത്രോസിന്മേൽ വാരൊളി വീശിക്കൊണ്ടു
ലോകേശസുതൻ മന്ദമരുളിച്ചെയ്താനേവം.

"ശിമോനെ, യോഹന്നാന്റെ നന്ദന, തവ പൂർവ്വ-
വൃത്താന്തമെല്ലാമെനിക്കറിയാം കുറയാതെ

പാറയെന്നർത്ഥം വഹിച്ചീടുന്ന "കേപ്പാ"യെന്ന
പേരിനാലിനിമേലിൽ നീ പാരിൽ വിദിതനാം.

സൈമനും ജോണുമന്ത്രയോസുമാ നസ്രേയനെ-
സ്സാദരം പിന്തുടർന്നു യോർദ്ദാന്റെ തീരംവഴി

മാർഗ്ഗമദ്ധ്യത്തിൽ വച്ചു പിന്നെയും കണ്ടുമുട്ടി
മറെറാരു യുവാവിനേ മാനവ മുക്തി പ്രദൻ.

"ഫിലിപ്പെ"ന്നവനു പേരവനു മീശാജ്ഞയാ
പുറപ്പെട്ടാനന്നേരമിതരന്മാരോടൊത്തു.

നൽച്ചോലകളും കൊച്ചു പർവതങ്ങളും ഭംഗി-
വാച്ച താഴ്വരകളും വക്രമാം മാർഗ്ഗങ്ങളും

കടന്നു പതുക്കവേ നടന്നാർ സബന്ധുക്കൾ
കുടിപാർത്തീടും ഗ്രാമം തന്നിലങ്ങെത്തിച്ചേരാൻ.

വാഹിനികളിൽ നീന്തി രസിച്ചു വിഹരിച്ചു
മോഹന സാരസങ്ങളവരേക്കണ്ടപ്പോഴേ

വിസ്തൃതങ്ങളായുള്ള പക്ഷങ്ങൾ പരത്തിയും,
പാദങ്ങൾ പിന്നിലേക്കു ചായിച്ചും, മുന്നോട്ടേക്കു

കണ്ഠനാളങ്ങൾ നീട്ടിപ്പിടിച്ചും, നിശ്ശബ്ദരായ്
കപ്പലോടിച്ചു നീലവിണ്ടലാബ്ധിയിലൂടെ

ക്രൂരമായ്ക്കുരച്ചുകൊണ്ടങ്ങിങ്ങാളുകൾ പാർത്ത
കൂടാരങ്ങളിൽ നിന്നും സാരമേയങ്ങൾ വന്നു.

കറുത്ത മുടിപൂണ്ട നാരികൾ ചില ദിക്കിൽ
മുറത്തിൽ ഗോതമ്പിട്ടു പാററിക്കൊണ്ടിരുന്നതെ.

കോലാട്ടിൻതുകൽ കൊണ്ടു നിർമ്മിച്ച കുടങ്ങളിൽ
ചാലവേ ദധി മന്ദം കടഞ്ഞു ചില സ്ത്രീകൾ.

കറുത്ത കോലാടുകൾ ചിലേടത്തിലകളും
കറുകപ്പുല്ലും തിന്നു നടന്നു തുള്ളിച്ചാടി.

താണ ശബ്ദത്തിലോടക്കുഴലൂതിക്കൊണ്ടു
തഞ്ചത്തിലജങ്ങളെസ്സംഘടിപ്പിച്ചു മെല്ലേ

നിർമ്മലജലമാളും ചോലതൻ തീരത്തേക്ക
നിർഭയമജപാലൻ നയിച്ചു സ്നേഹപൂർവ്വം.

മുള്ളുള്ള മരങ്ങളിൽ പ്രാവുകളിണചേർന്നു
കള്ളംവെടിഞ്ഞു രാഗം പകർന്നു പരസ്പരം,

## കഫർന്നഹൂം

കരളിനു കൗതുകം തൂകുമാറാ-
പ്പുരുപകളേന്തും ഗലീല തന്നിൽ

നഗനികരത്താൽ വലയിതമായ്
നഗരം "കഫർന്നഹൂം"ലാലസിപ്പൂ.

രമണീയമാമാപ്പുരിക്കടുത്തായ്
സുമവനം "ഗന്നസരേത്തു" കാണാം.

ധരണിയിൽ മറെറങ്ങും കണ്ടിടാത്ത
ധരണീരുഹങ്ങളിൽ തിങ്ങിനിൽക്കും

സുരുചിരകോരകങ്ങൾ തുറന്നു
പരിമളം ചുററിലും വീശി വീശി,

പതഗഗണങ്ങളാലുൾക്കുളുർക്കും
മധുരസങ്കീർത്തനം പാടിപ്പാടി,

സുലളിതമാകും തൃണങ്ങളാലെ
നലമെഴും വില്ലീസുമെത്തതീർത്തു,

ചെറുതരം സസ്യ സൽഭാജനത്തിൽ
നിരവധി സൽഫലം നൽകി നൽകി,

ജഗദീശനാദാമിനേകിയോരു
സുഖകരോദ്യാനമാമേദൻ പോലെ

പരിസരസ്ഥന്മാക്കു സ്വച്ഛമായി
പരിചൊടാഗ്ഗുന്നസറേത്തു മിന്നി.

ഒരു നീല നിൎമ്മല വാരിരാശി
തിരകളാൽ നൎത്തന ലീലകാട്ടി,

നികടത്തിൽ, വക്രതീരങ്ങളൊത്തു
നിരുപമശോഭം സമുല്ലസിച്ചു.

പരമവിശാലമായുള്ള രമ്യ-
മരതകക്കല്ലിന്റെ വക്കിലേക്കു്

സ്ഫുടതരത്തുവെള്ളികൊണ്ടു തീൎത്ത
തുടൽകെട്ടി നീളത്തിലിട്ടപോലെ

പലപല കല്യകൾ ചുററുമുള്ള
മലകളിൽനിന്നും കുതിച്ചൊഴുകി

നലമൊടാപ്ലാവന മോഹനമാം
ജലനിധിതന്നിലണഞ്ഞിണങ്ങി.

ഇനദേവൻ മന്ദമുയൎന്നിടുമ്പോൾ
കനകത്തിരികൾ കൊളുത്തുവാനായ്

വടിവോലുമത്തടാകത്തിലേക്കു
നെടിയതാം ഞാങ്ങണ ചാഞ്ഞുനിന്നു

തിരകൾ കയ്യെത്തിപ്പിടിച്ചിടുന്ന
ഹരിതമായുള്ളൊരാരാത്തണ്ടുതോറും

നിരവധി ഛത്രികാനീഡജങ്ങൾ
പരിചോടെ പററിപ്പിടിച്ചിരുന്നു.

സലില ലതകളോടൊത്തു തുള്ളി-
ക്കളിയാടും മത്സ്യജാലത്തെ നോക്കി

വിശിഖം കണക്കെ കുതിക്കുമാറു്
ദശനവിലോലരാപ്പക്ഷിജാലം

ഇരവും പകലും തരംഗമീതെ
കയറിയിറങ്ങിപ്പണിയെടുത്തു

പരിതൃപ്തിപൂണ്ട പത്രോസിൻ തോണി
പരിചൊടാപ്പുണ്യജലാശയത്തിൽ

പരിശാന്തിപൂണ്ടു കിടന്നിരുന്ന-
ങ്ങൊരു കോണിലാശ്രിതക്കുലയായി

വലിയ "പെലിക്കൻ" പതംഗ വൃന്ദം
സലിലത്തിലങ്ങിങ്ങു നീന്തിനീന്തി

മടിയെഴാതോരോരോ മീനിനത്തെ-
പ്പിടികൂടി ജാതമാംക്ഷുത്തുതീർത്തു.

പരിശുദ്ധമാകുമാ നീരധി തൻ
പരിസരഭൂമികളേതുനാളും

പ്രകൃതീശ്വരിക്കു വിഹാര രംഗം
വികൃതിവെടിഞ്ഞു രചിച്ചിയങ്ങി.

കുരുകും പിറാക്കളെടങ്ങിവാഴും
തരുനിരക്കാടുകളങ്ങൊരേടം.

മധുരമാം പകപഫലങ്ങളുടെ
കുലകളുമേന്തി നിവന്നുയന്നു

പനകളനേകം നിരന്നുനിൽക്കും
പല പല തോപ്പുകളങ്ങൊരേടം.

കനകക്കതിർക്കുല താങ്ങിമിന്നും
കമനീയ കേദാരമങ്ങൊരേടം.

ഇളയ ഗോതമ്പിൻെറ ഞാറ നീളെ
കുളിരണിക്കാററിൽച്ചരിഞ്ഞു ചാഞ്ഞു്

വിലയാളും ശ്യാമളപ്പട്ടുവസ്ത്രം
വടിവിൽ നിവത്തി വിരിച്ചപോലെ

പരിശോഭിച്ചീടുന്ന വിസ്തൃതമാം
വയലിൻ പരപ്പുകളങ്ങോരേടം.

പവിഴച്ചാത്തന്നപോലുല്ലസിക്കും
പരിപക്വ മുന്തിരിക്കായ്കളേന്തി

തലചായ്ച്ചു നിൽക്കുന്ന ഗോസ്തനികൾ
വിലസുമുദ്യാനങ്ങളങ്ങോരേടം.

മധുരനാരങ്ങായുമത്തിവൃക്ഷ-
മധുരഫലങ്ങളും മാതളവും

നിഖിലക്കും സംതൃപ്തി ചേത്തു ചേത്തു
നിറയുന്ന തോപ്പുകളങ്ങോരേടം

പ്രകൃതി തന്നാശകളൊക്കെയുമാ-
സുഖദരംഗത്തിൽ ഫലിച്ചിരുന്നു.

ഫലപുഷ്ടിയോത്താത്തടാകത്തിൻെറ
പരിസരഭൂവിൽ ജനങ്ങൾ തിങ്ങി.

ധവളമേഘങ്ങൾ തൻപംക്തിപോലെ
ഭവനങ്ങളെണ്ണമില്ലാതുളവായ്

പലപല ജാതികൾ വന്നുകൂടി
പലതെരുവീഥികൾ തത്ര തീത്തു.

ഒരുകൂട്ടരുത്തമ ക്ഷേത്രഭൂവിൽ
നിരതം കൃഷിപ്പണി ചെയ്തുവാണു.

ഒരു കൂട്ടരുന്നത വാണിഭത്തിൽ
കരളൂറപ്പിച്ചു ദിനം കഴിച്ചു.

ഒരുകൂട്ടരായുധവിദ്യ മെല്ലെ-
പ്പരിശീലിച്ചങ്ങൊരു ദിക്കിൽ വാണു.

ചെറുചെറുഗ്രാമങ്ങളീവിധത്തി-
ലൊരുപാടാനാട്ടിലുദിച്ചുയന്നു.

കടലിന്റെ തീരത്തെ ലക്ഷ്യമാക്കി
തടവെന്യേ വന്നെത്തി നാലുപാത

അതിലൊന്നിലൂടെ നടന്നു പോയാ-
ലണയുമാ യോർദ്ദാൻ നദീതടത്തിൽ

യറിഹോവിൻ പ്രാന്തത്തിൽ ചെന്നുചേരാ-
മപരമാർഗ്ഗം വഴി സഞ്ചരിച്ചാൽ

ഒരു വഴി മദ്ധ്യധരണ്യാഴിതൻ
തുറമുഖമൊന്നിൽച്ചെന്നെത്തിടുന്നു.

സെബുലൻ മഹീഢ്റവും നാസരേത്തും
സമരിയാദേശവും താണ്ടിത്താണ്ടി

ശ്രുതമാം ജറൂശലേം പട്ടണത്തി-
ലിതരമാം പാത ഗമിച്ചിടുന്നു.

അതുകാലമീജിപ്തു നാട്ടിൽ നിന്നും
പ്രഥിതമാകും "ദമസ്കോസി"ലേക്കായ്

വണിജർ വ്യാപാരത്തിനായ് ഗമിച്ച
വഴിയുമീ ജില്ലതാനായിരുന്നു

പകലിയിന്നങ്ങു വിളങ്ങിടയോരു
പവനാശയത്തിലാക്കാലങ്ങളിൽ

വിപുലമാം പോർക്കപ്പൽ, മീൻ പിടിക്കാൻ
വിരചിച്ചിറക്കിയ വൻ തോണികളും

കളിവള്ളമിമ്മട്ടനേകമായ
ജലവാഹനങ്ങളണഞ്ഞിരുന്നു.

പുകളെഴുമാഫ്രിക്കാ, യൂറോപ്പ്, ഏഷ്യ
മുതലായ വമ്പിച്ച ഭുവിൽ നിന്നും

പരജാതിക്കാരും യഹൂദന്മാരു-
മറബികളല്ലാ ഫിനീഷ്യന്മാരും

തെരുതെരെ വന്നങ്ങടുത്തിരുന്നു
പെരിയ വ്യാപാരം നടത്തുവാനായ്

സിറിയരും, റോമരും, ഗ്രീസുകാരു-
മൊരുമിച്ചു കപ്പർന്നഹൂമിൽ വാണു

പഴയതാം ചട്ടങ്ങൾ മാച്ചിടാന-
ല്ലവനയിൽ താൻ ജന്മമാർന്നതെന്നും

ശിഥിലമാം തന്ത്രികളൊക്കെ നീക്കി
പ്രതിനവ തന്ത്രികൾ ചേർത്തുഭംഗ്യാ

പഴയ വിപഞ്ചി ശരിപ്പെടുത്തി-
പ്പുതിയസങ്കീർത്തനമാലപിച്ചു

നരതതിക്കാത്മസുഖം കൊടുപ്പാൻ
നരരൂപം പൂണ്ടതാണെന്നുമെങ്ങും

അറിയിക്കും മട്ടിലാപ്പട്ടണത്തിൽ
നിർമ്മലൻ ശ്രീയേശുനാഥൻ വസിച്ചു.

— യോഗകാണ്ഡം സമാപ്തം —

# വിശ്വദീപം

## മഹാകാവ്യം

## കർമ്മകാണ്ഡം

### കാനായിലെ കല്യാണം

വാരിസംസ്കാരത്താൽ ശുദ്ധനായി
വൻ തപോവൃത്തിയാൽ ശക്തനായി

ശിഷ്യസംഘത്തോടൊത്താഗ്ഗലീലാ-
ജില്ലയിൽ ശ്രീയേശു പാർത്തിടുമ്പോൾ

കാനായിലങ്ങൊരു മന്ദിരത്തിൽ
കല്യാണഘോഷം മുഴങ്ങി മുററം.

ബന്ധുത്വംകൊണ്ടോ? വിളിക്കയാലോ?
ശാന്തയാം മേരിയും തൻസുതനും

മംഗളംപൂത്തും പാദങ്ങളാലാ—
മംഗല്യഗേഹത്തെപ്പൂതമാക്കി.

താരുകൾ വാർമുടിക്കെട്ടിൽ ചൂടി
നേരിയ ചെമ്പട്ടുസാരി ചുററി

വാരുണിത്തയ്യലാൾ, സൂര്യനാകും
വല്ലഭനൊന്നിച്ചുല്ലാസവായ്പിൽ

കോകില കാകളീമേളമോടേ
സാഗരം പൂകുവാനാരംഭിക്കെ,

കത്തിച്ച പന്തങ്ങൾ കയ്യിലേന്തും
ഭൃത്യജനത്താൽപ്പരീതയായി

കാഹള നാദ വിഘോഷിതയായ്
മോഹനഗാന പ്രകീർത്തിതയായ്

വാരൊളിപ്പൂങ്കുലമാല ചാർത്തി
വസ്ത്രാലങ്കാര വിഭൂഷിതയായ്

മുഗ്ദ്ധസമീര കല്ലോലിതമാം
മൂടുപടത്തിനാൽ മേനിമൂടി

കാന്തനൊത്തു നവോഢയാകും
കോമളരൂപിണി മെല്ലെ മെല്ലെ

കാണികൾക്കുത്സാഹം കൈവളർത്തി-
ക്കല്യാണപ്പുലിൽ വന്നുചേർന്നു.

നാട്ടുകാരാർപ്പു വിളിച്ചുകൂട്ടി
നാരിമാരൊക്കെക്കുരവയിട്ടു.

ഒട്ടും വിളംബം വരുത്തിടാതെ
വീട്ടുകാർ സദ്യയുമാരംഭിച്ചു.

പന്തികളഞ്ചെട്ടു തീർന്നു, കാര്യം
പന്തിയല്ലെന്നുള്ള ദിക്കുവന്നു.

പിന്നെയും പിന്നെയും വന്നുചേർന്നു
പുത്തൻ വിരുന്നുകാർ പന്തലിങ്കൽ

പൂപമിരിക്കവേ വീഞ്ഞു തീർന്നു
പാരം കലവറക്കാർ ഭ്രമിച്ചു.

പോവതെങ്ങോട്ടെന്നറിഞ്ഞിടാതെ
പാവമാമാതിഥേയൻ കുഴഞ്ഞു.

“വന്ന നവാതിഥികൾ ധരിച്ചാൽ
നിന്ദയ്ക്കുപാത്രമായ്ത്തീർന്നുപോകും.

പട്ടണമല്ലിതു, വീഞ്ഞൊരൽപ്പം
കിട്ടുവാനിങ്ങില്ല മാർഗ്ഗമൊന്നും

പോയീ മദീയാഭിമാനമെല്ലാം
പോയീ വിവാഹത്തിൻ ഭാവുകങ്ങൾ”

ചിന്തകളീമ്മട്ടിയന്നു പാരം
താന്തനായ് വീട്ടുകാരൻ വസിക്കെ

കാരുണ്യശാലിനിയായ മേരി
കാര്യമശേഷവും കണ്ടറിഞ്ഞു.

തന്നുദരത്തിൽ ജനിച്ച ദിവ്യ
വാനവനാഥൻ്റെ മുമ്പിലെത്തി

മററാരും കേൾക്കാതാപ്പുത്രനോടായ്
മന്ദം കഥിച്ചാൾ വൃത്താന്തമെല്ലാം.

“നിർമ്മലാത്മാവുള്ളിലാവസിക്കു-
മമ്മയെന്തെന്നോടീക്കാര്യമോതി.

കാട്ടുകയാവാമീപ്പുണ്യധാത്രി
കർമ്മം തുടങ്ങുവാനുള്ള കാലം.”

ഏതത്തട്ടിലിമ്മട്ടിലോർത്തുകൊണ്ടു
ഭൃത്യരെച്ചാരേ വിളിച്ചുകൂട്ടി

കോരി നിറയ്ക്കുവിൻ വെള്ളമാര-
കൽപ്പാത്രം തന്നിലെന്നോതി നാഥൻ

നീരംനിറഞ്ഞുള്ള പാത്രങ്ങൾ തൻ
ചാരത്തണഞ്ഞാൻ ശ്രീമേരി സൂനു

വാനിനെനോക്കിത്തൻ താതനോടായ്
മൗനത്തിലെന്തോ യാചിച്ചു നിന്നാൻ.

പർവ്വത പീഠത്തിൽ തുള്ളുവാനും
പാരാവാരത്തിൽക്കളിക്കുവാനും

വിണ്ടലവീഥിയിലോടുവാനും
വണ്ടെഴും പൊയ്കയിൽ മിന്നുവാനും

പട്ടണമദ്ധ്യത്തിലെത്തിപ്പല-
കൊട്ടാരഭിത്തി തലോടുവാനും

കൂപത്തിൽ വിശ്രമംകൊള്ളുവാനും
പങ്കങ്ങളൊക്കെക്കഴുകുവാനും

സ്വാതന്ത്ര്യമേകിയനുഗ്രഹിച്ചു
സർവേശൻ തന്നുടെ ദിവ്യസൂനു,

പ്രാന്തത്തിലാദിത്യനെന്നപോലെ
കാന്തി വർഷിച്ചു വിളങ്ങും കാഴ്ച,

പെട്ടെന്നു കണ്ടു ജലത്തിനുള്ളം
ഞെട്ടിപ്പോയ് നിർഭര ഭക്തിമൂലം

തന്മൃദു ശീതള കോമളാസ്യം
നന്മംതിരിച്ചാറപോൽത്തുടുത്തു.

കാണികളത്ഭുതസ്തബ്ധരായി
ശോണമാം വീഞ്ഞെന്നുരച്ചുപോയി.

"കോരി വിളമ്പുവിനാഗതർക്കി–
സാര"മൊന്നോതിനാൻ ക്രിസ്തുനാഥൻ.

പുത്തനാം വീഞ്ഞു നിറഞ്ഞപാത്രം
പന്തലിലെങ്ങും നിരന്നു വീണ്ടും.

കുന്നിക്കുമാനന്ദം പൂണ്ടു പൂണ്ടു
വന്നവർ വന്നവർ പാനംചെയ്തു.

തന്നുടെ മാനത്തെക്കാത്തകന്യാ–
നന്ദനനോടുള്ള നന്ദിമൂലം

കണ്ണീർ നിറഞ്ഞു ഗൃഹേശ്വരൻെറ
കണ്ണിൽ, കല്യാണം ശുഭാന്തമായി.

## ദേവാലയ ശുദ്ധീകരണം

മഹിത തര സുഗുണ ഗണമണിമയ മഹാനിധി
മാലോകരെല്ലാം വണങ്ങും മഹീപതി

സുജനഹൃദിപരിമുദല കിരണതതി വീശിയാ-
ക്കപ്പർന്നഹൂമിൽ വസിച്ചു കാലങ്ങളിൽ

സകല ജഗദധിപനുടെ ശുഭ ദിവസമായുള്ള
ശാബതക്കേവരും കൽപ്പിച്ചു മാന്യത.

ജനമഖിലമമരപതി പദകമല സേവയ്ക്കു
ജാതാദരം ദേവമന്ദിരം പൂകിടും

വിവിധതര ബഹു വസനധാരാണലോലരായ്
വേലകളന്നാൾ വെടിഞ്ഞിടും സർവ്വരും.

കൃഷകതതി വയലിനുടെ നികടഭുവി പോകില്ല
കമ്മാരനന്നാളയോഗ്യം തൊടാറില്ല.

വിപണിയൊടു വണിജരതി വിമുഖത വഹിച്ചിടും
വ്യാപാരമന്നാൾ നടത്തില്ലൊരുത്തരും.

കടകളുടെ കതകഖിലമുടയവരടച്ചിടും.
കാരുകന്മാരന്നു വിശ്രമം തേടിടും.

കരയിലതി കുതുകമൊടു കയറിവരുമംഭോധി
കൈവിട്ടു കൈവർത്തകന്മാരശേഷവും.

വലകളവരുടെ കുടിലിനുപരിയഥ തൂക്കിടും.
വഞ്ചികൾ തീരത്തുറപ്പിച്ചു കെട്ടിടും

വിപിനഭുവി വിരുതൊടജനികര പരിപാലരായ്.
വർത്തിച്ചിടും നിർമ്മലാത്മാക്കൾ മേഷപർ.

വിനയമൊടു ഹരിത വനഭൂതലം കൈവിടും
വിശ്വത്തെ വീക്ഷിക്കുവാൻ മേഷയുക്തരായ്

സകലജന സമുദയവുമൊരുമയൊടു കൂടിടും
ശാബത്തു വിശ്രാന്തി നൽകുമേവർക്കുമേ.

മരുവുമതി മഹിമയോടു ധനികരുടെ സഞ്ചയം
മാഹാത്മ്യമേറുന്നഭാഗങ്ങളിൽ സദാ.

നമിതതര വദനമൊടു ജഗദധിപ മന്ദിരേ
നന്മയേറും സാധു ഭക്തർ വസിച്ചിടും

വിഗത ധന വിഭവ സുഖജനനിരയിരുന്നിടും
വിഖ്യാതിയേലാത്ത പശ്ചാത്തലങ്ങളിൽ.

പരപുരിയിലമരുമൊരു തനയരെ വിചാരിച്ചു-
പ്രാർത്ഥിക്കുവാനായി മാതാപിതാക്കളും

തെരുവുകളിലവിടവിടെ മരുവുമൊരു കൂട്ടരും
മാതാപിതാക്കളില്ലാതുള്ള മക്കളും

തൊഴിലുകളെ വിരസമൊട്ട വെടിയുമൊരു കൂട്ടരും,
വേലയ്ക്കു മെയ്ക്കരുത്തില്ലാത്ത കൂട്ടരും,

ബഹുകഠിന ദുരിതഭരമിയലുമൊരു കൂട്ടരും,
ഭക്ഷണത്തിന്നേതുമില്ലാത്ത കൂട്ടരും,

പനിയിലതികഠിതര വെയിലിലുഴൽവോരഥ-
പായ് വയ്ക്കുവാനിടം കിട്ടാത്ത കൂട്ടരും,

മുടവരഥഗതനയന രതിബധിര മൂകരും,
ഭിക്ഷാടനം ചെയ്തു വാഴുന്ന കൂട്ടരും,

കരളിനൊരു ഭവികനില വരുവതിനു ശാന്തരായ്
പള്ളിയിൽ ശാബത്തുനാളിൽ വന്നെത്തിടും

നിജചരണ പരിചരണലോലരാം ശിഷ്യരു-
മൊന്നിച്ചു പോകുമപ്പള്ളിയിൽ യേശുവും.

നിഗമ മതി വിരുതൊടു മഹേശ്വരൻ പാമര-
ന്മാർക്കും മനസ്സിൽ തറയ്ക്കുമാറോതിടും.

പതിവുപടി മഹിമയൊടു വന്നെത്തി പള്ളിയിൽ
പാരം പ്രസിദ്ധമാം പാവന വാസരം

ജനകന്റെ പദമലരിലമിത വിനയം പൂണ്ടു
തൽപ്പെരുനാളിനു യേശുവും കൂടിനാൻ

വരദന്റെ ഹൃദയതളിരഖിലമെരിയും വിധം
പള്ളിയിൽ വമ്പിച്ച മാററങ്ങൾ കണ്ടുതേ.

സമര സമുചിത രുചിരതുരഗവരവൃന്ദവും
സാമത്ഥ്യമില്ലാത്ത ഗർദ്ദഭക്കൂട്ടവും

സിതസികത സലില നിധി നടുവിലനവാസരം
സഞ്ചരിച്ചീടുന്നൊരുഷ്ട്ര നൗകൗഘവും

പശുകുലവുമജവുമഥവൃഷഭഖഗപാളിയും
വിക്രയാർത്ഥം തത്രകൊണ്ടുവന്നാർ ജനം.

ചതിവുമതി ചതുരതയുമിയലുമൊരു സഞ്ചയം
ചൂതാടി മർത്ത്യരെ വഞ്ചിരുന്നതേ.

സതത പരിഹൃത തരുണഹൃദയർ, കുലടാകുലം
സാനന്ദമങ്ങൊരേടത്തു വസിച്ചുതേ.

ജഗദധിപമണി നിലയമതിലുമതിനെത്രയും
ചുററിലും വ്യാപാരഘോഷം പരന്നുതേ.

കഠിനതര പവനകര ചലിതജലരാശി തൻ
ഗർജ്ജനംപോലേ മുഴങ്ങീ ജനാരവം.

പലരുമകതളിരിലൊരു ശാന്തതയില്ലാതെ
പ്രാചീന മർത്ത്യാസ്ഥിവാങ്ങുന്നൊരൊച്ചയും

വിലപിശകി വികടമൊഴി തൂകുന്ന ശബ്ദവും
കള്ളത്തുലാസു കിലുങ്ങുന്ന ശബ്ദവും,

നിരവധിക വിവശനിരതൂകുന്ന നാദവും
നാണയം താഴത്തു തല്ലിടും കപാണവും

വൃഷഭകുലമിടെയിടെ നടത്തുമമർച്ചയും
വല്ലാതെ ഗോക്കളുയർത്തും കരച്ചിലും

നരനികര പദപതനജനിത നിനദങ്ങളും
നാനാതരം ദേവ സങ്കീർത്തനങ്ങളും

ദിവസകര വഴികളിലുമുടനടനണഞ്ഞഹോ
ദിവ്യാത്മജോൾത്തട്ടിലുണ്ടാക്കി കോപവും

സുഗുണനിധി, മൃഗനിരയെ സരയമഥപായിച്ചു
നാണയമേശകൾ കീഴ്മേൽമറിച്ചുതെ.

പറവകളെ നിഖിലജഗദധിപതി പറപ്പിച്ചു
പഞ്ജരമെല്ലാമടിച്ചു പൊടിച്ചു തെ.

കഠിനശിലകളോടു പടപൊരുതുമൊരു ഭൂമിയിൽ
തട്ടിത്തെറിച്ചു പരക്കുന്ന നാണയം

പരിചിനൊടു പലവഴിയിലുരുളുവതു കണ്ടുടൻ
പാരാതെ പാഞ്ഞു പിന്നാലേ ജനാവലി.

വൃഷഭഹയഖര സുരഭി നിരഖളഖിലം കെട്ടു-
പൊട്ടിച്ചു കണ്ടെടത്തേക്കു കുതിച്ചുപോയ്

വിഗതമൃഗഖഗമനുജർ പലവഴിയിലോടിനാർ
വിശേഷനപ്പോളുരച്ചാനിതേവിധം.

"കരുതിടുക മമ ജനക വിമലമണിമന്ദിരം
കണ്ടാലുമെത്രയും സംശുദ്ധമീസ്ഥലം

വിപണിയൊടു കിടപൊരുതുമൊരു നഗരമാക്കൊലാ
വിശ്വാസമില്ലാത്ത കൂട്ടരേപ്പോലവേ"

വിപിന മൃഗനിവഹപതിയുടെ നയന വീഥിയിൽ
നിൽക്കും ശശങ്ങളെപ്പോൽ വിറച്ചൂ ജനം.

പരിശ്രുതിധനപതികളവനിപകുലോത്ഭവർ
പ്രാമാണ്യമേലും പുരോഹിതരെന്നിവർ

സുരപതി സുതാസ്യ മദ്ധ്യാഹ്നാർക്കരശ്മിയേ
നേരിട്ടെതിർക്കാനൊരുങ്ങാതൊതുങ്ങിനാർ

ശമുവെലിനെ ശവുലമരപരിയതിലണച്ചുതേ
സൈന്യം തയാറായി ഗർജ്ജിച്ചു നിൽക്കവേ.

പകലിനുടെ ധവളകരനിര ധരയിലൊക്കെയും
ചേർത്തു ദാവീദു കീഴ്പ്പെട്ടു യോവാബിനും.

മധുരതര മധുകണിക ചൊരിയുമൊരു നാബോത്തു-
തോപ്പിലാഹാബെലീശായേ നിരോധിച്ചു!

കുപിത നരനാരകളുടെ നികൃതിയെ നിഷേധിച്ചു
തന്മഹാദൈവിക ശക്തിയെന്നോർക്ക നാം.

മഹിമയുടെ പദതളിരിലവിരത മടങ്ങിടും
പാപം നിറഞ്ഞുള്ള ശീർഷങ്ങളൊക്കെയും.

കഠിനതര ദുരിതഭര ഗളതലമശേഷവും
ലോകേശനീതിയാം ഖഡ്ഗം മുറിച്ചിടും

തടിദമലലതികയൊടു പടപൊരുതു നിൽക്കുവാൻ
തക്കവും തായവുമാർക്കുണ്ടു ഭൂമിയിൽ?

മരുവിയവിടഖിലധനി പരിശകുലമൊക്കെയു-
മാസ്യങ്ങൾ വീർപ്പിച്ചു ദന്തം കടിച്ചഹോ.

കരളിനൊരു ബലമിയലുമവരുടനെ ചോദിച്ചി-
“താർതന്ന സമ്മതമിമ്മട്ടു ചെയ്യുവാൻ?”

നിഖില ജഗദധിപസുതനരുളി മടിയെന്നിയേ
നാട്ടിൽ പ്രമാണികൾ ചോദിച്ച വേളയിൽ.

“പരിചിനൊടു പഴയപടി പണിതരുളിടാമഹം
നാകേശഗേഹം തകർത്തു മൂന്നാംദിനം.”

പുതിയ ചില തെളിവു പുരുവിമലരിലുദിക്കയായ്
ഭീതരാം ശത്രുക്കൾ പിന്മാറി സത്വരം.

## നിക്കോദീമോസ്

വാനിൽനിന്നൊഴിഞ്ഞുപോയ് കാർമേഘമെല്ലാം, താര-
വൃന്ദങ്ങളും മുല്ലപ്പൂക്കൾപോൽ വികസിച്ചു.

പള്ളിമുററത്തുനിന്നും പിരിഞ്ഞ പരീശന്മാ-
രുള്ളിലെന്തെല്ലാം കാൎയ്യം ചിന്തിച്ചെന്നറിഞ്ഞതാർ?

"ആരിവൻ പുരോഹിതവൎഗ്ഗത്തെപ്പഴിക്കുവാ-
നാരിവൻ മാന്യന്മാരെക്കൊള്ളക്കാരെന്നെണ്ണുവാൻ?

പാൎക്കുവാനൊരു ചെററക്കുടിലില്ലിവന്നെന്നാൽ
ധിക്കാരമൊരു കോടീശ്വരനെക്കാളും കൂട്ടം

കേവലമൊരു നിസ്സ്വനാകിയ യുവാവിവൻ
ഭാവമോ കുബേരനും നിസ്സാരനെന്നല്ലയോ

വൎഷമൊന്നായില്ലുളി താഴെവച്ചിട്ടു, സിംഹ-
വൃന്ദത്തെബ്ഭരിക്കുവാൻ മോഹിപ്പൂ കുറനരി."

അത്താഴമുണ്ണുന്നോരുമുറങ്ങാൻ കിടന്നോരു-
മുൾത്തട്ടിലോരോന്നേവം പറഞ്ഞു മരുവിനാർ.

എങ്കിലും പരീശരിലൊരുവൻ സന്നിദ്രീം-
സംഘാംഗം, പ്രബലവംശജാതനാഗമവേദി,

സമ്പന്നൻ "നിക്കോദിമോസെ"ന്നൊരുത്തമശീല-
സമ്പന്നൻ മിശിഹായിൽക്കണ്ടുദിവ്യത്വം നേരെ

തന്തിരുവടിയുടെ ധീരമാം കൎമ്മങ്ങളി-
ലത്യന്തം ബഹുമാനം താനെ സംഭവിക്കയാൽ.

പെരുന്നാൾ കൊണ്ടാടിയ രാത്രിയിൽ, കൂട്ടംവിട്ടു
തിരിച്ചാനിമ്മാനുവേൽ പാൎക്കുന്ന ഗൃഹംനോക്കി

സാദരം തിരുമേനി തന്നുടെ മുമ്പിൽച്ചെന്നു
ചോദിച്ചാൻ സ്വൎഗ്ഗമെങ്ങനെനിക്കു കിട്ടും "ഗുരോ"

അന്യർ തന്നകക്കുരുന്നാകവേ നേരെ കാണും
കന്യകാസുതൻ, സൎവ്വവന്ദിതനരുൾച്ചെയ്തു.

"ദൈവത്തിൽ നിന്നു ജന്മം പ്രാപിക്കാത്തുള്ളവന്നു.
ദൈവരാജ്യത്തെക്കാണാനാവതല്ലൊരുനാളും."

"നിക്കോദീമോസ്"ത്യന്തമത്ഭുത വിവശനായ്
നിർമ്മല ഗുരുദേവനോടു ചോദിച്ചാൻ വീണ്ടും,

"വിദ്യതൻ പ്രകാശത്തിലിസ്രായേൽ ജനങ്ങളെ
സന്തതം നടത്തേണ്ട ദേശികനല്ലീ ഭവാൻ?"

വേദാന്തവേദ്യൻ, ലോകരക്ഷണ വിചക്ഷണൻ
ചേതസ്സിൽ കോപംകൊള്ളാതേവമുത്തരം നൽകി.

"സന്നിദ്രീം സംഘാംഗം നീ മാനവപ്രമാണി നീ,
സന്നുതമതിമാൻ നീ, നിയമനിഷ്ണാതൻ നീ

എങ്കിലും സ്വർഗ്ഗരാജ്യപ്രാരംഭപ്പടിപോലും
കണ്ടറിഞ്ഞീടാനുള്ള ചാതുര്യം നിനക്കില്ല.

സ്വർഗ്ഗീയ രഹസ്യങ്ങളോരോന്നായ് ഞാനുരച്ചാ-
ലെങ്ങനെ ഗ്രഹിക്കും നീ?യെന്നാലുമരുളുവൻ

സ്വർഗ്ഗസ്ഥനാകും മർത്ത്യ നന്ദനനല്ലാതാർക്കും
സ്വർഗ്ഗരാജ്യത്തിലെത്താൻ കഴിവില്ലോർക്കേണം നീ.

പൃത്ഥ്വീശ സിംഹാസനം തന്നിൽ വാണഖിലേശ
ശക്തികട്ടുവാനല്ലാ വന്നതീ ധരയിൽ ഞാൻ

കേവലം ജഡമയം നിൻെറ വിജ്ഞാനമെങ്കിൽ
ദിവ്യസത്യത്തിൻ സാരമെമ്മട്ടു ധരിക്കും നീ?,

പറഞ്ഞാൻ നിക്കോദീമോസ് ഗൃഹം വിട്ടു മെല്ലെ
തിരിച്ചാനവൻ നിജചിത്തം യേശുവിൽച്ചേർത്തു.

## യോഹന്നാന്റെ ബന്ധനം

ആമഹോത്സവ സദ്യ കഴിഞ്ഞശേഷം ദേവ-
ധാമത്തിൽനിന്നും പോയി തീർത്ഥയാത്രക്കാരെല്ലാം

ശിഷ്യരുമൊത്തു ശൈലപീഠങ്ങൾ വഴിയായി
ശ്രീയേശു യഹൂദ്യയിൽ ചെന്നെത്തി നിവസിച്ചു

അങ്ങുള്ള ജനങ്ങളോടോതിനാൻ സുവിശേഷം
മംഗളംപെയ്യും സത്യംഗ്രഹിച്ചു ജനമെല്ലാം,

അക്കാല"മീനോ"നെന്ന നാട്ടിലായോഹന്നാനും
സൽക്കാര്യം പ്രസംഗിച്ചു വാഴുകയായിരുന്നു.

പരിപൂതാത്മക്കളായ്ത്തീർന്ന മാനവസംഘം
പരിതപ്താത്മാവായി തന്നത്താ"നന്തിപ്പാസും"

ഉത്സവാന്ത്യത്തിൽ യുദ്ധവാജിസൈന്യവുമായി
സോത്സാഹം ജറൂസലേം കൈവിട്ടാനരപതി.

സമ്മൃത സമുദ്രത്തിൻ കിഴക്കായ് പ്രശോഭിക്കു-
മമ്മഹീദ്ധ്റത്തിൽ നില്ക്കും തന്നുടെ കൊട്ടാരത്തിൽ

കടന്നു യോഹന്നാന്റെ ഭീഷണീവിഷമുള്ളിൽ
കടന്നു നൂറായിരം ചിന്തകളനദ്ധ്യയം.

മുപ്പതുവർഷം മുന്നമാഗസ്തൂസ് ചക്രവർത്തി
കൽപ്പിച്ചുകൊടുത്തോരു സർവാധിപത്യമേന്തി

വമ്പിച്ച കുന്നിൻമീതെ തുംഗമാം സൗധംതന്നിൽ
ഗാംഭീര്യം പൂണ്ടുവാണ ഹേരോദു നൃപതിക്കു

ഭീതിക്കു കാര്യമൊന്നും കണ്ടില്ല, ചുററപാട്ടം
ശത്രുരോധകമാകും താഴ്‌വര കിടക്കയാൽ

ശൈലപീഠത്തിൽ സേനാസഞ്ചയം കാവൽനിന്നു
ശക്തിയായ് പ്രവഹിച്ചും നദിയും സമീപത്തിൽ

പട്ടാളം പാരാവാര തരംഗസംഘം കണ-
ക്കട്ടഹാസം മുഴക്കിവന്നാലും പിന്മാറില്ലപ്പോം

അത്രയ്ക്കു സുരക്ഷിതമാം സ്ഥാനത്തു വസിച്ചിട്ടും
ചിത്തത്തിൽ ഹേരോദിന്നു ഭീതി മേല്ക്കുമേലേറി

അസുഖമസ്വാസ്ഥ്യ ശത്രുത്വമിവയെല്ലാ-
മവനീപതിയുടെ ചുററിലും നൃത്തം ചെയ്തു.

പൂർവദിക്കിൽപ്പരന്നുകിടന്ന മണൽക്കാട്ടിൽ
പ്രത്യഹമറബികൾ സംഖ്യയിൽ സംവർദ്ധിച്ചു.

യോർദ്ദാന്റെ തടത്തിൽനിന്നെത്തി യൂഹനോൻ തന്റെ
സാമ്രാജ്യസമാഗമ വൃത്താന്ത പ്രഭാഷണം

സുപ്രസിദ്ധിയാന്നുള്ളോരറബിരാജാവിന്റെ
സൽപുത്രിയുടെ ഭർത്തൃപദത്തിൽ മരുവിയ

ഹേരാദേസവസാനമവരെസ്സംത്യജിച്ചു
ഹേരോദ്യാഭിഖ്യയാളെബ്ഭാര്യയായ് സ്വീകരിച്ചു.

തൽക്കർമ്മമറേബ്യാധിപതിയെ ക്ഷോഭിപ്പിച്ചു
തക്കത്തിലദ്ദേഹമൊ സൈന്യത്തെ ശേഖരിച്ചു.

ചാരന്മാർ മുഖാന്തരമന്തിപ്പാസിന്റെ കൃത്യ-
മാരാഞ്ഞു ദിനംതോറും കൈസറം മടിക്കാതെ

“എന്നു തൻ സ്ഥാനം പോകുമെന്നു തൻ മുടി വീഴു”-
മെന്നേവം ഭയപ്പെട്ട ഹേരോദേസെല്ലാംകൊണ്ടും

ഒന്നിനും കഴിവില്ലാതുഴന്നാനെന്നാകിലു-
മൊന്നു നിശ്ചയം ചെയ്തു; പിടിപ്പാൻ യോഹന്നാനെ.

സൈന്യത്തെ നിയോഗിച്ചു കൈകളിൽവിലങ്ങിട്ടു
സന്യാസി പ്രവീരനെത്തടവിലടയ്ക്കുവാൻ

നീങ്ങിപ്പോയ് വിപത്തെല്ലാം, വിപ്ലവത്തീയുംകെട്ടു
നിർഭയം വസിച്ചീടാമെന്നോർത്തു ഹേരോദേസും.

ഗ്രാമങ്ങൾതോറും ചുററിനടന്നും ശൈലങ്ങൾതൻ
ശൃംഗങ്ങൾതോറും ചെന്നു വിശ്രമസുഖം പൂണ്ടും

ഓടിക്കളിച്ചുതുള്ളും സ്ഫാടിക ജലംതിങ്ങും
നീടെഴും പുഴകൾതൻ ദിവ്യസംഗീതം കേട്ടും

വലത്തെച്ചിറകുടിൽ കൈവിട്ടു വേഗം ചെന്ന-
ങ്ങിടത്തെച്ചിറകുടിൽപ്പൂകി ലീലകളാടും

ഗ്രാമീണ ബാലന്മാരോടോരോരോ മൊഴിതൂകി
സാമോദം യഹൂദ്യയിൽ വാണ ശ്രീയേശുനാഥൻ

യോഗിയാം യോഹന്നാൻെറ ബന്ധനവാർത്തകേട്ടു
വേകുന്ന മനസ്സോടു യഹൂദ്യാദേശംവിട്ടു.

## ജീവ ജലം

വാനിൻെറ മദ്ധ്യത്തിലെത്തിനിന്നു
ഭാനുമാൻ തീക്കനലാഞ്ഞെറിഞ്ഞു.

മാമരമൊക്കെ മയങ്ങിനിന്നു
മൗനംധരിച്ചു വിഹംഗവൃന്ദം

പാവകനാളങ്ങളെന്നപോലെ
പാരിൽനിന്നാതപമുൽഗമിച്ചു.

കാലികൾ പാദപച്ഛായ തന്നിൽ
കാലുവേകാതെ ചെന്നെത്തിഃവശം

പാന്ഥരാത്തീയിൽ ദഹിച്ചിടാതെ
സത്രങ്ങളിൽച്ചെന്നു വിശ്രമിച്ചു.

വഹ്നിയിൽക്കാഞ്ഞു തിളച്ചിടുന്ന
വെള്ളിപ്പെരുംകടലെന്നപോലെ

നീണ്ടുനിവൎന്നു കിടന്നിരുന്ന
വന്മണൽക്കാട്ടിൻ നടുവിലൂടെ

കാലടിയോളം നീണ്ടെത്തിടുന്ന
കുപ്പായംകൊണ്ടങ്ങുടൽ മറച്ചും

കാവിവസ്ത്രത്തലപ്പാവണിഞ്ഞും
കാലിൽച്ചെരിപ്പു ധരിച്ചുകൊണ്ടും

കാന്തിവീശുന്നൊരു യോഗിവൎയ്യൻ
സത്വരമുത്തരദിക്കുനോക്കി

നീങ്ങുകയായിരുന്നേതോ രണ്ടു
നിൎമ്മലന്മാരാലനുഗതനായ്

ഒട്ടുദൂരം നടന്നേറെബ്ബദ്ധി-
മുട്ടി തണൽകാണാതാപ്പഥികർ

കണ്ഠം വരണ്ടുപോയ്, ദാഹവായ്പു
കൊണ്ടു ശരീരം തളർച്ച പൂണ്ടു

കണ്ണുകളാശയാന്നോടിയോടി
മുന്നോട്ടുപായവേ ദൂരെയായി

കാർമേഘത്തുണ്ടുപോൽ രണ്ടുമൂന്നു
തൈമരം നിൽക്കുന്ന ദിക്കുകണ്ടു

താമസംകൂടാതെ ചെന്നണഞ്ഞാ-
ക്കോമളരംഗത്തിൽ മൂന്നുപേരും

ഘോരതമസ്സിൽ വിളക്കുപോലെ
വാരിധി മദ്ധ്യത്തിൽ ദ്വീപുപോലെ

കൂപമൊന്നാമരുഭൂമി തന്നിൽ
കാണായി പാന്ഥർക്കുസൗഖ്യദമായ്.

ദേശികൻ ചെന്നു മരത്തണലിൽ
വിശ്രമം കൈക്കൊണ്ടു കൂപസീമ്നി.

ദാഹമുണ്ടായിരുന്നെങ്കിലും നീർ-
കോരുവാൻ പാത്രമില്ലായിരുന്നു.

വല്ല പഴങ്ങളും വാങ്ങിവേഗം
വന്നു വിശാല മരുസ്ഥലിയിൽ

സൽഗുരുവൊത്തു വിശപ്പടക്കാ-
മെന്നു ചിന്തിച്ചു തച്ഛിഷ്യയുഗ്മം

പ്രാന്തത്തിലുള്ള പുരത്തിലേക്കു
പാരം തിടുക്കത്തിൽ യാത്രയായി.

മുഖ്യനാം പാന്ഥൻ തനിച്ചു ശീത-
മാരുതനേററു വസിച്ചു തത്ര

ദൂരത്തേക്കാ ജഗൽക്കാരണൻെറ
നീരലർക്കണ്ണുകൾ സഞ്ചരിക്കെ

ദർശിച്ചു കൗതുകം വാച്ചിടുന്ന
കാഴ്ചകളോരോന്നു മാറി മാറി.

പച്ചവിരിപ്പണി ക്ഷേത്രഭൂവും
പൂന്തണലേററം നിറഞ്ഞ കാവും

സൂരാതപാസ്ത്രം തടുത്തു നിൽക്കും
പാരം കരുത്തെഴും പച്ചതവും

നിർമ്മല"നബ്രഹാം" ദിവ്യസിന്ധു,
നീന്തിക്കനൊൻ നാട്ടിലേക്കു വന്ന

ശൈലവിദരവും, മാമരങ്ങ-
ളേലുമഗാധമാം താഴ്‌വരയും

"യാക്കോബിൻ" ജീവിത സച്ചരിത-
മോർക്കുവാനുള്ള പുണ്യസ്ഥലവും

സാദരം യൂസഫിൻ ദിവ്യഗാത്രം
സംസ്കരിച്ചുള്ളോരു കല്ലറയും

"യോശുവാ" സ്വന്തം ജനനങ്ങളൊത്തു
യാത്രചെയ്തുള്ള മലഞ്ചരിവും

കണ്ടുകണ്ടെന്തൊക്കെയോ വിചാരം
കൊണ്ടു മരുവിനാനാവിശുദ്ധൻ.

തത്രപ്രാന്തികം തന്നിലേക്കു
മിത്രനും ചന്ദ്രനായ് മാറും മട്ടിൽ,

വക്ത്ര വിസ്താരം കുറഞ്ഞ കുംഭ-
മുത്തമാംഗത്തിൻ നടുക്കുവച്ചും

ദക്ഷിണ പാണിയാലാക്കുടത്തെ
ദക്ഷതയോടെ പിടിച്ചുകൊണ്ടും

വാമായതാഞ്ചിതപാണിയാലൊ-
രോമൽച്ചെറുകുടം താങ്ങിക്കൊണ്ടും

ശീതള സൽക്കാന്തി വീശി വീശി-
പ്പാദാബ്ജം മെല്ലെപ്പെറുക്കിവച്ചും

സുന്ദരിയാമൊരു നാരിയപ്പോൾ
വന്നു തണ്ണീരു കോരുന്നതിനായ്.

പാദപഛായയിലേകനായി
പർവതപംക്തിയേ നോക്കിനോക്കി

വാഴും പഥികനെക്കണ്ടു ഞെട്ടി–
ക്കേഴമാൻ കണ്ണാൾ പിന്നോട്ടുമാറി.

വെണ്മണൽ തമ്മിലുരുമ്മും നാദ–
മമ്മഹാത്മാവു തൻ കണ്ണും പൂകി.

ഭഗവിചാരനാമാപ്പഥിക–
നന്നമിതാസ്യയേനോക്കി മന്ദം.

ലോകത്തിൻ ദാഹത്തെത്തീക്കും മഹാ
യോഗീന്ദ്രൻ സഞ്ചാര ക്ലിന്നനേപ്പോൽ

ചെന്തളിർച്ചുണ്ടാകും വീണമീട്ടി
ശാന്തി ശീതാമൃതധാരതൂകി.

പ്രാത്ഥിച്ചാൻ പാരം വിനീതനായി
"തീർത്ഥം തരേണമെനിക്കൊരൽപ്പം"

പെട്ടെന്നൊരുൾക്കടസംഭ്രമത്താൽ
ഞെട്ടിയത്തയ്യലാൾ നിന്നുപോയി.

സംസാരശക്തി തിരിച്ചെട്ടത്താ–
പ്പേശലരൂപിണി മെല്ലെമെല്ലെ

നീണ്ടപാശത്തിൻ ചുരുളഴിച്ചു
നിമ്മല വാരിപ്പരപ്പിലേക്കു

കയ്യിലിരുന്ന കുടമിറക്കി,
പ്പയ്യവേ ചോദിച്ചാൾ പാന്ഥനോടായ്

'ഞാനൊരു ശാമര്യനാരി, നീയോ?
മാനം നടിക്കും യഹൂദ ജാതൻ

ന്യായമോ നീയൊരു വൈരിയോടു
തോയം ചോദിച്ചു വാങ്ങുന്നതോർത്താൽ.”

വാസ്തവം ശാമര്യരോടു യൂദ-
ക്കത്യന്തമുണ്ടായിരുന്നു വൈരം.

പണ്ടു യഹൂദന്മാർ ബാബിലോണിൽ
പാർത്തകാലങ്ങളിലിസ്രയേല്യർ

മററു വർഗ്ഗങ്ങളുമായ് വിവാഹ
ബന്ധത്തിലേർപ്പെട്ടശുദ്ധരായി.

തന്നിമിത്തം യൂദവർഗ്ഗജന്മാർ
നന്നേവെറുത്തു ശമേരിയരെ

യർശ്ശലേം പള്ളിതൻ നിർമ്മിതിയിൽ
യൂദർക്കു വേണ്ടും സഹായമേകാൻ

സന്മനസ്സോടെ സന്നദ്ധരായ
ശാമര്യരോടവരേവമോതി

“നിന്ദ്യമാം നിങ്ങൾ തൻ കൈകളാലീ
വന്ദ്യമാം നാകാധിനാഥഗേഹം

സ്പർശിച്ചതീവമശുദ്ധമാക്കാൻ
ലേശവും സമ്മതിക്കില്ല ഞങ്ങൾ”

ആ യഹൂദാന്വയ ജാതരേവ-
മോതവേ ശാമര്യർ പൂണ്ടു കോപം

അന്നുതൊട്ടുൽക്കട വൈരമാർന്നു
ദുർന്നയം ശാമര്യരാചരിച്ചു.

ബാല്യകാലത്തിൽ ശ്രീ യേശുനാഥൻ
ചൊല്ലെഴുമുത്സവം കാണുവാനായ്

ജർശലേം പള്ളിയിൽ പോയവർഷം
ജാതവിരോധമാശാമരീയർ

രാത്രിയിലപ്പുരി തന്നിലെത്തി
ശുദ്ധമാം മന്ദിരശാലതോറും

ഒട്ടേറെച്ചീഞ്ഞ ശവം നിരത്തി-
പ്പെട്ടെന്നാപ്പട്ടണം വിട്ടകന്നു.

പിന്നീടൊരിക്കലും ശാമര്യരോ-
ടൊന്നിക്കാൻ യൂദർ തുനിഞ്ഞതില്ല.

കാര്യമിമ്മട്ടിലിരിക്കവേ താ-
നാര്യനാം പാന്ഥനാ നാരിയോടായ്

ദാഹം ശമിക്കാൻ തണുത്തവെള്ളം
ചോദിച്ചതേതും സങ്കോചമെന്യേ.

സംഭ്രമംകൊള്ളാതെമ്മട്ടിരിക്കും
സംഭവം സാമാന്യമല്ലതാനും.

'ഞങ്ങടെ വർഗ്ഗത്തിൽ ജാതരായ
പൂരുഷന്മാരോടുപോലും നിങ്ങൾ

സംസാരിക്കാറില്ല, പിന്നെ, യോഷാ-
സംഘത്തോടുള്ളതു ചൊല്ലണമോ'

നാരിയിമ്മട്ടിലുരച്ചനേര-
മാരമ്യശീലൻ പ്രതിവചിച്ചു.

'നീരം ദാഹിച്ചു ചോദിക്കുവതി-
ന്നാരെന്നു നീയൊന്നറിഞ്ഞുവെങ്കിൽ

യാചിക്കുമായിരുന്നെന്നൊടുനീ-
യാചമനത്തിനു ജീവസാരം.

ഞാനോ മടിക്കാതെ നിത്യജീവൻ
നൽകും ജലം നിനക്കേകിയേനെ"

പാരം ബഹുമാനമത്ഭുതമെ-
ന്നീ രണ്ടു ഭാവങ്ങൾ തമ്മിലപ്പോൾ

നാരി തന്നുൾത്തടപ്പോർക്കളത്തിൽ
പോരാടി നിൽക്കെയെവളുരച്ചാൾ

തൊട്ടിയും പാളയും കയ്യിലില്ലീ-
കട്ടിക്കരിങ്കൽ കിണററിൽ നിന്നും

വെള്ളം കോരുന്നതിന്നെവ്വിധം നീ
വെള്ളത്തിനന്യമാം മാറ്റുമുണ്ടോ?

സ്ഫാടിക നിർമ്മല വാരിപൂരം
കൂടിക്കിടക്കുമിദ്ദിവ്യകൂപം

തീർത്ഥവിശ്രുതൻ യാക്കോബിനേക്കാ-
ളുത്തുംഗ കീർത്തിമാൻ തന്നെയോ നീ.

ഞങ്ങൾ തൻ താതനെ വെന്നിടുന്ന
മംഗളമൂർത്തിയോ ചൊല്ലുക നീ"

കൂപത്തെ കൈവിരൽകൊണ്ടു ചൂണ്ടി
ക്കാണിച്ചുരച്ചാനാമാന്യദേഹം

"നീരമിതാചമിക്കും നരക്കു
തീരുകയില്ലൊരുനാളും ദാഹം

ഞാനേകും വെള്ളം കുടിപ്പവന്നു
ദാഹവും മോഹവും സംഭവിക്കാ.

നിത്യ ജീവോത്സങ്ങളായി മാറും
നിശ്ചയമാമർത്ത്യജാതി നൂനം"

പെട്ടെന്നത്തയ്യലാളോതിയേവം
"പാവനമാ ജലം നൽകിയാലും

ഞാനെത്രദൂരം നടന്നുവന്നാ–
ണീ നീരം കോരുന്നതെന്നോ മെന്നും

തൃഷ്ണ നശിച്ചാൽ ഗൃഹത്തിനുള്ളിൽ-
ത്തന്നെയിരിക്കാം നടക്കവേണ്ടാ"

നാഴികയെത്ര നടന്നു രണ്ടു–
നാലുവട്ടം ജലംകൊണ്ടുപോവാൻ

കൂപാന്തികത്തിൽ വരുന്നതിന്നു
കാൎയ്യമില്ലോൎത്താലപ്പെൺകൊടികൾ

വെള്ളിപോലുള്ള ജലം നിറഞ്ഞു
തുള്ളും തരംഗിണിയൊന്നു ഭംഗ്യാ

പായുന്നുണ്ടങ്ങവൾ പ്രീതിപൂൎവ്വം
പാൎക്കും ഗ്രാമത്തിന്റെ വക്കിലൂടെ

നാരികൾ കൂട്ടമച്ചോലതന്റെ
തീരത്തിൽ വെള്ളം കോരുന്നതിന്നായ്

തത്രനിന്നീത്തയ്യലെന്തുകൊണ്ടീ
ത്താണ കിണററിങ്കലെത്തിടുന്നു

പാന്ഥൻ പരചിത്തജ്ഞാനി ചില
ഹേതുക്കളങ്ങതിൽ കണ്ടറിഞ്ഞു.

'പോകുക, നീ നിന്റെ ഭൎത്താവൊത്തി
ങ്ങാഗമിച്ചീടുകെ"ന്നാജ്ഞയിട്ടാൻ

'ഇല്ലെനിക്കാത്മാധിനാഥ"നെന്നു
കില്ലെന്യേ ചൊന്നാളാ സുന്ദരാംഗി

"വാസ്തവം വാസ്തവം നീ കഥിച്ച-
തിത്തവ്വിലില്ലാനിനക്കു കാന്തൻ.

കാമുകരഞ്ചു പേരൊത്തു മുന്നം
കാലം കഴിച്ചവളല്ലയോ നീ

ഇന്നു നിന്നോടൊത്തു വാഴും പുമാൻ
നിന്നാഥനല്ലെ"ന്നുരച്ചു പാന്ഥൻ

ഭാവം പകർന്നവൾക്കാക്ഷണത്തിൽ
ഭീ വളർന്നേററം വിയർപ്പിയന്നു

"ദിവ്യ ചക്ഷു,സ്സിനാൽ ഭൂതഭാവി
സർവ്വവും കാണുവാൻ കെൽപ്പിയന്ന

സാത്വികൻ തന്നെയാണപ്പഥികൻ
നിസ്തുക്ക"മെന്നവളേന്തി ചിന്ത

എങ്കിലും വേറെവഴിക്കു വിട്ടാ-
മാങ്കതൻ ഭാഷണ സമ്പ്രദായം

"ജർശലേമഗ്ഗിരിസീം" എന്നുള്ള
ദേശങ്ങളിൽ മുഖ്യമേതാണെ"ന്നാൾ

"പാലസ്റ്റൈൻ നാട്ടിലെപ്പൗരരെല്ലാം
പാരം കലഹിച്ചു വാണകാലം

സോളമൻ" ജർശലേം പട്ടണത്തിൽ
ദേവാലയത്തെപ്പണിതുയർത്തി

ഗെരിസീമിൽവച്ചു. ളുകി ദിവ്യ
ഗീരുക്കൾ ‘യോശുവാ"യെന്ന ഭക്തൻ

തത്ര താ‘നബ്രഹാം’തൻ സുതനെ
യാഗംകഴിപ്പാനൊരുങ്ങിയതും

ശത്രുക്കൾ തട്ടിത്തകർത്ത ദിവ്യ-
ക്ഷേത്രത്തിൻ നഷ്ടശിഷ്ടങ്ങളേന്തി

വാരിദസഞ്ചാര വീഥിയേയും
പാരമതിക്രമിച്ചങ്ങു ദൂരെ

മൂകമായ് നിന്ന മഹീധരത്തെ
നോക്കിക്കൃശാംഗിയുരച്ചു വീണ്ടും

"ഞങ്ങൾ തൻ താതന്മാരങ്ങു ദേവ-
മംഗളപൂജ നടത്തിവന്നു.

വന്ദ്യം ജറൂശലേമെന്നു യൂദ-
വർഗ്ഗജാതന്മാരുരച്ചിടുന്നു."

ഓതിനാനപ്പോളാ യോഗിവര്യൻ
പ്രാന്തത്തിൽ നിന്ന മഹേളയോടായ്

സത്യത്തിലാത്മാവിലെങ്ങു നിന്നും
നിത്യസ്സ്വരൂപ പദം ഭജിപ്പാൻ

കാലംവന്നെത്തിടും ജറുശ്ശലേമും,
ശൈലവുമന്നാരും തേടിടേണ്ടാ.

വിശ്വസിച്ചീടുക നിന്നോടിപ്പോൾ
സംസാരിച്ചീടുമീ യൂദജാതൻ

കാണുവാനേവരും കാത്തിടുന്ന
ക്രിസ്തുതാനെന്നു സന്ദേഹമെന്യേ"

ശാമര്യനാരി തന്നുള്ളിലേതോ
തൂമയെഴും തേജസ്സുൽഭവിച്ചു.

തൽക്ഷണം വന്നെത്തി പീലിപ്പോസും
ബർത്തലോമാഖ്യനും പ്രാന്തഭൂവിൽ

ദേശികൻ ശമര്യ്യ നാരിയുമായ്
സംസാരിച്ചീടുന്നതോർത്തു പാരം

ശിഷ്യന്മാരൽഭുത ചിത്തരായി
കൺമിഴിച്ചങ്ങനെ നിന്നുപോയി.

അംഭസ്സെടുക്കുവാൻ കൊണ്ടുവന്ന
കുംഭവും വിസ്മരിച്ചാവധൂടി

വെമ്പിപ്പാഞ്ഞോടിനാൾ ഗ്രാമംനോക്കി
സംഭ്രുത വൃത്താന്തമോതുവാനായ്

"കണ്ടു ഞാൻ കണ്ടു ഞാൻ ലോകമെല്ലാം
കൊണ്ടാടി വാഴ്ത്തും പ്രവാചകനെ.

കണ്ടു ഞാൻ കണ്ടു ഞാൻ ലോകമെല്ലാം
കൊണ്ടാടി വാഴ്ത്തും നൃപാലകനെ.

കണ്ടു ഞാൻ കണ്ടു ഞാൻ ലോകമെല്ലാം
കാണ്മാൻ കൊതിക്കുന്ന ക്രിസ്തുവിനെ."

ദിക്കെല്ലാമോടിയിമ്മട്ടിലുള്ള
വാക്കുകളോതിനാളേവരോടും

ഗ്രാമനിവാസികളോടിയെത്തി
ശ്രീമയൻ വാണ കിണററരികിൽ

പക്വഫലങ്ങളാൽ ക്ഷുത്തുതീർക്കാൻ
തക്കത്തിൽ ശിഷ്യരർത്ഥിച്ചനേരം

"നിങ്ങളറിയാത്ത ഭക്ഷണം ഞാ-
നിങ്ങിരുന്നെമ്പാടുമാഹരിച്ചു

മേദിനി തന്നിലേക്കെന്നെ വിട്ട-
തേതൊരു ദിവ്യനദ്ദേഹമോതും

ത്തുമൊഴിയൊത്തെല്ലാം ചെയ്കയത്രേ
മാമകാഹാര"മെന്നോതിനാഥൻ.

ചുററിലുമെത്തിയ മർത്ത്യരുടെ
ചോദ്യത്തിനുത്തരമെന്നപോലെ

"നാലുണ്ടുമാസങ്ങൾ കൊയ്ത്തിനെന്നു
നിങ്ങളുറപ്പിച്ചുരച്ചിടുന്നു.

കാണുവിനാത്മികക്കൊയ്ത്തിനിന്നീ-
കേദാരഭൂമികൾ കാത്തു വാഴ്വൂ

കൊയ്ത്തുകാരാകേണം നിങ്ങളെല്ലാം
സത്വര"മെന്നോതി യേശുനാഥൻ

ക്രിസ്തുവിലേവരും വിശ്വസിച്ചു
ഭക്തിപരവശരായ്ച്ചമഞ്ഞു.

ശാമ്യരർത്ഥിക്കകൊണ്ടു ദിവ്യ-
ശിക്ഷകൻ രണ്ടുനാൾ തത്ര പാർത്തു.

## സ്വജനപരിത്യക്തൻ

രണ്ടുനാൾ ശാമ്യനാട്ടിലിമ്മാനുവേ-
ലിണ്ടലേശാതെ വസിച്ചോരനന്തരം

പാറമേൽത്താളംപിടിച്ചു പാടിത്തക-
ത്താരാൽ ഗമിക്കും തെളിഞ്ഞ പുഴകളും

കുന്നും തടങ്ങളും മൈതാനഭൂമിയും
മന്ദം കടന്നു നസ്രേത്തിനെ പ്രാപിച്ചു.

ഉണ്ടായിരുന്നു വിശുദ്ധമാം മന്ദിര-
മൊന്നാപ്രദേശത്തിലാരാധനയ്ക്കായി

വേദപ്രമാണങ്ങളങ്ങതിൻ ഭിത്തിയിൽ
മുദ്രണംചെയ്തിരുന്നു പരം ഭംഗിയായ്

പുണ്യമാം പുസ്തകം വായിക്കുവാനുള്ള
പീഠമാപ്പള്ളിയിൽ ശോഭിച്ചു തുംഗമായ്.

നാരിമാർക്കും പുരുഷർക്കുമാപ്പള്ളിയി-
ലോരോവശം വേർതിരിച്ചിട്ടിരുന്നുതേ.

നസ്രേത്തിൽ ശ്രീയേശുനാഥൻ വസിക്കുന്ന
നാളിലുദിച്ചു, പവിത്രമാം ശാബത

ക്രിസ്തുവും ശിഷ്യന്മാരൊന്നിച്ചു മററുള്ള
മർത്ത്യരെപ്പോലെ ചെന്നെത്തിയാപ്പള്ളിയിൽ.

ഇല്ലായിരുന്നു പുരോഹിതരാരുമാ-
പ്പള്ളിയിലന്നു സൽപ്പൂജ നടത്തുവാൻ.

ആകയാൽ ശ്രീയേശു, ദിവ്യമാം പുസ്തകം
തൃക്കയ്യിലേന്തിയെണീററു നിന്നെത്രയും

ഭക്തിയോ"ടേശയ്യാ" കല്പിച്ചിരുന്നൊരു
വാക്യങ്ങൾ വായിച്ചു സാരമരുളിനാൻ

വ്യാഖ്യാനവേളയിൽ, താൻ "മിശിഹാ"യെന്നു
വ്യക്തമാക്കീടിനാൻ സന്ദേഹമെന്നിയേ

തത്ര മൗനംപൂണ്ടു വാണ ജനാവലി-
സ്സത്വരം മർമ്മരശബ്ദം മുഴക്കിനാർ

"തച്ചന്റെ നന്ദനൻ, ശിമോൻ തുടങ്ങിയ
സാധാരണന്മാർക്കു സോദരൻ താനിവൻ.

ഷേമായിഗേമാലിയേലെന്നിവരുടെ
ശിഷ്യവർഗ്ഗത്തിലുൾപ്പെട്ടവനല്ലിവൻ

ഉണ്ടെന്റെ വീട്ടിലീക്കൂലിപ്പണിക്കാര-
നുണ്ടാക്കിയൊരു നുകവും കലപ്പയും

എങ്ങുനിന്നക്ഷരവിദ്യ പഠിച്ചിവ-
നെങ്ങുനിന്നീവക ജ്ഞാനം വശമാക്കി.

പുസ്തകം വായിച്ചുകൊള്ളട്ടെ, വ്യാഖ്യാന-
മെന്തിന്നു? കേൾക്കേണമോ നാമിതൊക്കെയും.'

കർത്താവവരുടെ മാനസവിപ്ലവം
വ്യക്തമായിട്ടു ധരിച്ചു മടിക്കാതെ

താൻതന്നെ സാക്ഷാൽ മഹേശ്വരനെന്നുള്ള
സത്യം തുറന്നു തുടർന്നരുളീടിനാൻ.

വൈരാഗ്യമുള്ളിൽ പ്രവൃദ്ധമായെങ്കിലു-
മാരും മുതിർന്നില്ല വാഗ്രണമാട്ടുവാൻ.

ക്രിസ്തുവിൽ തിങ്ങി പ്രകാശിച്ചിരുന്നൊരു
പ്രത്യേകശക്തി ഭരിച്ചു യഹൂദരെ

എങ്കിലും തന്നാട്ടുകാർ വിരോധംപൂണ്ടു-
തങ്കൽ വെറുപ്പു കലരുന്നതായ്ക്കണ്ടു.

കന്യകാനന്ദനൻ നസ്രേത്തു കൈവിട്ടു
കാനായിലേക്കെഴുന്നള്ളിനാൻ പിന്നെയും.

## രാജപുരുഷ പുത്രസംരക്ഷണം

വാനവാധിപവാൽസല്യസൂനു
കാനയിങ്കൽ നിവസിച്ച കാലം.

അന്തിപ്പാസിന്റെ സൗധത്തിൽ നിന്നു-
മന്തമില്ലാത്ത കണ്ണീരുമായി.

രാജപൂരുഷനേകനണഞ്ഞു
രാജരാജനോടേവം പറഞ്ഞു.

"പോയി പോയ് പോയി മാമകപ്രാണ-
പോഷകൌഷധമാകിയ സൂനു.

മൃത്യുവക്ത്രത്തിൽ നിന്നാക്കുമാര-
ഗാത്രമങ്ങു സമുദ്ധരിക്കേണം.

ഇല്ലെനിക്കന്യ നന്ദനൻ, തെല്ലു-
മില്ല സന്ദേഹമങ്ങേക്കൃപയിൽ."

സൈന്യനായകനേവമുരച്ചു
ദീനദീനമുറക്കെക്കരഞ്ഞു.

"പോക, വേഗം ഭവത്പ്രിയപുത്രൻ
പ്രാണനോടിന്നു വാഴുന്നു വീട്ടിൽ

സംശയിച്ചിങ്ങു നിൽക്കേണ്ട ചെന്നു
സൗഖ്യമാർന്ന നിൻ പുത്രനെ കൺക."

ക്രിസ്തുനായക വാക്യങ്ങളേവം
കേട്ടുമണ്ടിനാൻ സേനാധിനാഥൻ.

ദുഃഖിതാത്മ സുഖപ്രദൻ കാനാ-
ദിക്കുവിട്ടു പുറപ്പെട്ടുപിന്നെ

സന്ധ്യയാവോളം കൽനടയായി
സഞ്ചരിച്ചു തൻ ശിഷ്യരുമായി

മാർഗ്ഗമദ്ധ്യത്തിലങ്ങൊരു വീടു
പൂകി വിശ്രമമാർന്നു നിശയിൽ.

പക്ഷിജാലമുണർന്നു പിറേന്നു
പക്ഷമാട്ടിച്ചിലച്ചു പറക്കെ

ധാത്രിപാലകസേനാനി തന്റെ
പുത്രമോചനവാർത്തയുമായി

ഭൃത്യരോടിയണഞ്ഞു സുരേശ-
പുത്രപാവന സന്നിധി തന്നിൽ.

സത്കൃപാമൂർത്തി തന്നുടെ കർമ്മ-
ശക്തി നേരിട്ടറിഞ്ഞ ജനൗഘം

ഭക്തിഭീഭരമാർന്നുപുകഴ്ത്തി
സത്യദൈവ കുമാരാഭിധാനം

## ഭൂതോച്ചാടനം

മർത്ത്യ നന്ദനനന്നൊരുനാളി-
ലെത്തി യൂദർതൻ ദേവാലയത്തിൽ

സാരമാമുപദേശ പ്രസൂന-
സൗരഭത്താൽ ജനങ്ങളെയെല്ലാം

ധന്യരാക്കിത്തിരുവടിയാക്കും
വന്ദ്യനായി വിളങ്ങുന്ന നേരം

കേട്ടു പള്ളിതൻ കോണിൽനിന്നാരും
ഞെട്ടുമാറുള്ളോരുൽക്കടനാദം

നോക്കിനാർ ജനമൊക്കെശ്ശിരസ്സു-
പൊക്കി ഘോരാട്ടഹാസ പ്രദേശം

പള്ളി തന്നുടെ മൂലയിലായി-
ത്തുള്ളിനിന്നാനൊരുഗ്രനാം ഭ്രാന്തൻ.

ചുണ്ടു കൂട്ടിക്കടിച്ചാർ ചിലർ, കൈ-
കൊണ്ടു തല്ലുവാനാംഗ്യങ്ങൾകാട്ടി.

പല്ലുരുമ്മി നിന്നാർ ചിലർ, വേഗം
കല്ലുതേടിത്തുടങ്ങിയെറിവാൻ.

ദ്വേഷമന്ദിരം തന്നിലെല്ലാരു-
ഭാവമെല്ലാം നശിപ്പിച്ചു നിന്ന

ഭ്രാന്തനെക്കൊല ചെയ്യാതിരുന്നാ-
ലെത്തുമന്യ വിപത്തെന്നപരർ.

തത്രവാണ ജനത്തിന്റെ ഭാവ-
ഭേദമൊന്നിലുമുള്ളിളകാതെ

മാറി മൂലയിൽ നിന്നവൻ മുന്നം
മാന്യനായി വസിച്ചവൻ തന്നെ

കഷ്ടകാലത്തിൽ ചെന്നു കരേറി
ദുഷ്ടനാമൊരു ഭൂതമവനിൽ.

അന്നു മററു ജനങ്ങളോടൊത്താ
ബ്ഭൂതഗ്രസ്തനും പള്ളിയിലെത്തി

ഭവ്യമൂർത്തിയാം ശ്രീയേശുവിന്റെ
ദിവ്യമാം മുഖചന്ദ്രനെക്കാൺകെ,

സർവ വിജ്ഞാന സാഗരമാം തൻ
പാവനോക്തികൾ നേരിട്ടു കേൾക്കെ,

ഭീതിപൂണ്ടു വിറച്ചു ദുർഭൂതം
വാതിലന്വേഷിച്ചാൻ രക്ഷ നേടാൻ.

കണ്ണുചെല്ലുന്ന ദിക്കിലശേഷം
കന്യകാസുതൻ നില്പതായ്ക്കണ്ടു.

തീ പടർന്നുപിടിച്ച വനത്തി-
ലാപതിച്ചൊരു പാമ്പുപോൽ ചുററി.

"പോവതെങ്ങിനെ, പോകാതെ തത്ര,
പാക്കുകിൽ ബ്ഭാവിയെന്തായ്ഭവിക്കും.

പോകിലേതൊരു ദിക്കിൽ ഞാനെന്റെ
ഭീകരാകൃതി മുററുമൊളിക്കും."

അപ്പിശാചേവമോർത്തങ്ങുമിങ്ങും
തപ്പിമുട്ടിപ്പരാജിതനായി.

ദീനബന്ധുവാം ക്രിസ്തുവിനോടായ്
മാനമെല്ലാം മറന്നു യാചിച്ചു.

"തെല്ലു കാരുണ്യമേലണമെന്നിൽ
കൊല്ലരുതെന്നെ നീ സത്യരൂപ,

വല്ലദിക്കിലുംപോയി ഞാനാക്കു-
മല്ലലേകാതെ പങ്ങിയിരിക്കാം"

സാധികാരസ്വരത്തിലന്നേര-
മാധിനാശകൻ ദേവൻ കഥിച്ചു

"വിട്ടുപോക നീ, ദൂരെയിനിമേൽ
തൊട്ടുപോകരുതീ നരൻ തന്നെ."

ഭൂതബാധിതനാകിയ മർത്ത്യൻ
ഭൂമിയിൽ തടിപോൽ നിപതിച്ചു.

തല്ലുകൊണ്ട ഭുജംഗം കണക്കു
താഴെവീണുകിടന്നൊരു മർത്ത്യൻ

ഖേദമാർന്നു പുളഞ്ഞുതെരിഞ്ഞു
രോദനം ചെയ്കെ ദുഷ്ടനാം ഭൂതം

മേഘനാദം മുഴക്കിഗ്ഗമിച്ചു
ശോകമററ നരനെഴുന്നേററു

കണ്ടമാനുഷരൊക്കെയാശ്ചര്യം
കൊണ്ടു ശ്രീയേശുനാഥനെ വാഴ്ത്തി.

### നാനാരോഗശാന്തി

ഭൂതബാധയൊഴിച്ചു കഴിഞ്ഞു
ഭൂതിദായകൻ പള്ളിയിൽനിന്നും

ശിഷ്യനാകും ശിമോന്റെ ഗൃഹത്തിൽ
വിശ്രമിക്കുവാൻ മന്ദം ഗമിച്ചു.

തത്രപൂകവെ ശിമോന്റെ ശ്വശ്രു
ചിത്തരോഗത്തിൽ വാഴ്വതുകണ്ടു.

സത്വരം മഹായോഗിയാസ്ത്രീയെ-
പ്പൊൽക്കരംകൊണ്ടു മന്ദംതലോടി

രോഗമേലാത്ത ജീവിയെപ്പോലാ-
പ്പുണ്യനാരിയെണീററു നടന്നു.

കാട്ടുതീകണക്കീ സദ്വിശേഷ-
മെട്ടുദിക്കിലും ചെന്നങ്ങുമുട്ടി.

രോഗബാധിതരായിരമായി
രോഗശാന്തിക്കുവേഗമണഞ്ഞു.

ഭൂതബാധിതാക്രോശവും, രോഗ-
ബാധിതന്മാർ തൻനാദവും കേട്ടു,

ഏത്തലച്ചിത്ത നരാത്മജനോരോ
മർത്ത്യനും സുഖംനൽകി മുറയ്ക്കു.

മൃത്യുവക്ത്രത്തിലാണ്ടുകിടന്ന
മാനവർ മുക്തരായ്നൃത്തമാടി.

കുഷ്ഠമാന്നവർ പണ്ടേതിലേററം
പുഷ്ടിപൂണ്ടശരീരം ധരിച്ചു.

കാലുപോയോക്ക് കാലുകളുണ്ടായ്
കൈകളററവക്കുണ്ടായി കൈകൾ.

കണ്ണുപോയോക്ക് കാഴ്ചയുണ്ടായി
കർണ്ണമററവക്കുണ്ടായി കർണ്ണം.

വാതബാധമുഴുത്തുകിടന്നോർ
പ്രീതിപൂണ്ടു നടന്നു കൂത്താടി

രോഗശാന്തി വരുത്തിവരുത്തി–
ക്ക്ളാന്തഗാത്രനായ്ത്തീർന്നുസുരേശൻ.

## വിശ്രമഭംഗം

വിശ്രമത്തിനായ് "ഗന്നസരേത്തിൽ"
വിശ്വനായകൻ മന്ദംഗമിച്ചു.

രാത്രിയിൽ തത്രമൈതാനഭൂവിൽ
പ്രാത്ഥനയിൽ മുഴുകി മഹേശൻ

പിന്നെയും സുഖപ്രാപ്തിക്കു മർത്ത്യ-
വൃന്ദം, തന്നുടെ ചുററിലുംകൂടി.

ഗാത്രശാന്തിക്കു പിന്നെയും നാഥൻ
യാത്രചെയ്തന്യദിക്കിനെനോക്കി.

വേദവാക്യത്തിൻ സാരംഗ്രഹിക്കാൻ,
സാദരം നിജപാദം തലോടാൻ,

രോഗമൊക്കെയും പാടെ നശിക്കാൻ
ശോകമൊക്കെയും മാഞ്ഞു മറയാൻ

മർത്ത്യലക്ഷങ്ങൾ പിന്നെയുംചെന്നു
ക്രിസ്തുനാഥനെ പ്രാപിച്ചുവീണ്ടും

ശാന്തതയ്ക്കിടം കിട്ടായ്കമൂലം
ക്ലാന്തഗാത്രനൊരേകാന്തഭൂവിൽ

ചെന്നിരുന്നു പിതാവിൻമുഖാബ്ജം.
മുന്നിൽ ദർശിച്ചു യോഗത്തിലാണ്ടു.

## മത്സ്യഗ്രഹണം

അന്തികത്തൊരു കൊച്ചുസമുദ്രം
ചന്തമാർന്നു പരന്നു കിടന്നു.

ശിഷ്യരാമന്ത്രയോസും യാക്കോബും
ശാന്തമാമാക്കടലിലന്നേരം

മീൻപിടിക്കുവാൻ തോണിയിറക്കി
മുത്തിയന്നു തുഴഞ്ഞു ഗമിച്ചു

ലാക്കുനോക്കിനെടുംവലയോരോ
താവളത്തിലിറക്കിവിരിച്ചു

നീളമേറും കഴുക്കോലുയർത്തി
നീരിലിട്ടടിച്ചാരവമിട്ടു.

'അങ്ങുമിങ്ങും കിടന്നതഝഷങ്ങൾ
വന്നുകേറിയിരിക്കും വലയിൽ'

ചിന്തയേവം കലർന്നാവലക്കാർ
ശാന്തരായി വല വലിച്ചേററി.

കണ്ണിയോരോന്നു വെള്ളത്തിൽനിന്നും
പൊങ്ങിയപ്പോളതിലുററുനോക്കി

കണ്ണിനാനന്ദമല്ലവക്കപ്പോൾ
കണ്ണുനീരാണുദിച്ചതു കഷ്ടം!

കണ്ടതില്ലവരൊററമീൻപോലും
നീണ്ടന്തൽവലക്കണ്ണിയിലെങ്ങും

ഓളമില്ലാത്ത ഭാഗങ്ങൾനോക്കി
പിന്നെയും വല ധീവരരിട്ടു.

കിട്ടിയില്ലൊരു മത്സ്യവും വീണ്ടു-
മിട്ടു വൻ വലമററൊരു ദിക്കിൽ

കണ്ടു പിന്നെയുമാവലമത്സ്യ-
ശൂന്യമായ്, ശിഷ്യർ നന്നേകുഴഞ്ഞു.

വെള്ളിമീൻ കിഴക്കെത്തിടുവോളം
വെള്ളത്തിൽ വലയിട്ടും വലിച്ചും

നിഷ്പ്രയോജനമായ് നിശപോക്കി-
ക്കെല്ലുശേഷം നശിച്ചു പതുക്കെ

സാഗരത്തിൻെറ തീരമണഞ്ഞാർ
സന്നുതൻ ക്രിസ്തുദേവനുമെത്തി.

കോടികോടിയായ് നാനാജനങ്ങൾ
കൂടിവാരാശി തൻെറ കരയിൽ

നീങ്ങുവാനുമൊരിടത്തു തെല്ലു
തങ്ങുവാനുമിടംകിടയ്ക്കാതെ

ക്രിസ്തുദേവൻ വിളിച്ചു വിദൂര-
വർത്തിയായ ശിമോനെസ്സമീപം.

വേഗം ശിമോനടുപ്പിച്ചു തോണി-
ക്കുള്ളിലീശൻ കരേറിയകന്നു.

തെല്ലുദൂരത്തു നംകൂരമിട്ടു
തോണി നിർത്തിജ്ജനങ്ങളെ നോക്കി

വീശി സാരോപദേശസമീരൻ
വന്നുകൂടിയോർക്കുള്ളം തണുത്തു.

തെല്ലുനേരംകഴിയവേ നാഥൻ
ശിഷ്യരേക്കുറിച്ചോതിത്തുടങ്ങി.

രാവശേഷവും മത്സ്യം പിടിക്കാ-
നാവുംമട്ടു ശ്രമിച്ചു വലഞ്ഞു.

പാരം നൈരാശ്യമാർന്നു പടകിൽ
പാർത്ത പത്രോസിനോടായി നാഥൻ

ഉള്ളലിഞ്ഞരുൾചെയ്താൻ ജലത്തി-
നുള്ളിലാവല വീണ്ടും വിരിക്കാൻ.

"നായക, ഞങ്ങളീ നിശി നീളെ-
നീളെയീ വലയിട്ടു കടലിൽ

പായൽപോലും വലയിൽ ലഭിക്കാ-
തായതാർത്തിവഹിച്ചു വസിപ്പൂ.

എങ്കിലും വേഗം സംശയിക്കാതെ
നിന്തിരുവടി കല്പിച്ചപോലെ

ഞങ്ങളീവല താഴ്ത്തുന്നു പാര-
മാഴമേറിയ ഭാഗത്തിലിപ്പോൾ"

ഏവമോതി ശീമോൻ വലയിട്ടു
ഭാവമൊന്നു പകർന്നു മുഖത്തിൽ

"പക്ഷ"മെല്ലെ വലിഞ്ഞുതുടങ്ങി
ദിക്കുതോറുമനക്കംതുടങ്ങി.

നീണ്ടമത്സ്യങ്ങൾ മേല്പോട്ടുചാടി
നീരശേഷം കലങ്ങിമറിഞ്ഞു.

വേഗമാവലയാഞ്ഞുവലിച്ചു
വഞ്ചിയിൽ തുമ്പുറപ്പിച്ചു പത്രോസ്

ഭാരമേറി വലയ്ക്കു വലിക്കാൻ
ശക്തിയില്ലാതെ ശിഷ്യർ കുഴഞ്ഞു

ദൂരെമേവിയ ധീവരന്മാരെ
മാറിമാറി വിളിച്ചു ശിമോനും

ധീവരന്മാരനേകരുമെത്തി-
ക്കൂട്ടുകൂടി വല വലിച്ചേററി.

തോണിയിൽ കുന്നുകുന്നായി മത്സ്യ-
മെണ്ണമില്ലാതെ കൂടിക്കിടന്നു.

മുങ്ങും പത്രോസിൻ തോണിയെന്നുള്ള
മട്ടു കാണുകകൊണ്ടതിവേഗം

മററതോണിയിലേക്കു പകന്നു
മത്സ്യമൊട്ടേറെ മുക്കുവർവേഗം.

ഭക്തിയേററം മുഴുത്തുടൻ പത്രോസ്
ക്രിസ്തുനാഥൻെറ പാദത്തിൽ വീണു.

"അർഹനല്ല ഞാനങ്ങയോടൊത്തു
സഞ്ചരിക്കുവാൻ സൽഗുരുനാഥാ!

മാറിപ്പോയാലും പാപത്താലേററം
നാറമീ വെറം മുക്കോനെവിട്ടു"

ഉള്ളഴിഞ്ഞേവമബ്ഭക്തശിഷ്യൻ
ചൊല്ലിയമൊഴികേട്ടീശസൂനു.

മന്ദമോതി, "ഭയംവെടിഞ്ഞാലും
നീ മദീയപദം തുടന്നാലും

മീൻപിടിച്ചു നടക്കുന്ന നിന്നെ
മർത്ത്യഗ്രാഹകനാക്കുമുടൻ ഞാൻ."

തൽപ്രതിജ്ഞ തൻ സാരംഗ്രഹിച്ചു
സുപ്രമോദം കലന്നു പത്രോസും.

മറെറാരുചെറുതോണിയിലേററം
ക്കുററമാന്നവലയും പുതുക്കി

പാത്തിരുന്ന സെബദീസുതന്മാ-
രായ ധീവരന്മാരെയും യേശു

ലോകസേവനത്തിന്നു വിളിച്ചു,
ശോകമററവർ തോണി കൈവിട്ടു.

## ഗിരിഗീത

സേവ്യഭാവംവെടിഞ്ഞു സേവകഭാവംപൂണ്ടു
ഭൂവിലാവസിച്ചോരോ കമ്മങ്ങളനുഷ്ഠിച്ചു,

ശിഷ്യസാനുഗനായി ശ്രീയേശുവൊരു തുംഗ
ശൈലത്തിൻ പീഠത്തിങ്കലെത്തിനാനൊരന്തിയിൽ.

നിസ്തബ്ദ്ധ സൗന്ദയ്യത്തിൽ, നിമ്മല പ്രശാന്തിയിൽ
പേശലപ്രഭവീശും താരപ്പന്തലിൻതാഴെ

വിഷാദമെല്ലാം താനേവഹിപ്പാൻ സന്നദ്ധനായ്
തുഷാരസമാദ്രമാം തൃണത്തിൽ മുട്ടുകുത്തി

സാദരമൂർദ്ധ്വ നീലനേത്രനായ് മഹാഗുരു
താതനോടോരോ കാര്യമർത്ഥിച്ചു നിശനീക്കി.

പാദാബ്ജ നീരാജനം ചെയ്യുവാനിനകര-
പാളികളദ്ദേഹത്തിൻ പ്രാന്തത്തിലണയവേ

കണ്ണുകളാകാംക്ഷയാൽനിറച്ചിട്ടേതോകേൾക്കാൻ
കർണ്ണങ്ങൾ വാട്ടംപിടിച്ചുദ്ബുദ്ധഹൃദയരായ്

വന്നങ്ങുകൂടീ മർത്ത്യലക്ഷങ്ങളാ ദിവ്യമാം
കുന്നിൻെറ ചരിവിലും കന്ദരസ്ഥലിയിലും

മാനവസമൂഹത്തിൻ വിശ്വാസം കാൺകമൂല-
മുന്നത നിഗമാന്തവേദി പാടിനാനേവം

"ആത്മാവിൽ ദരിദ്രരെന്നറിവോർ ഭാഗ്യവാന്മാ-
രക്ഷയം സ്വർഗ്ഗരാജ്യമവർക്കുള്ളതാണെന്നും

ആർത്തരായ്ക്കഴിയുന്നമാനവർഭാഗ്യവാന്മാ-
രാശ്വാസമവിതർക്കമവർക്കു ലഭിച്ചീടും.

സൗമ്യതകലർന്നവരെത്രയും ഭാഗ്യവാന്മാർ
ഭൂമിതന്നവകാശമവർനേടിടും ദൃഢം

നീതിക്കായ് പൈദാഹങ്ങൾസഹിപ്പോർഭാഗ്യവാന്മാർ
സംതൃപ്തി സദാകാലമവർക്കു കൈവന്നീടും.

കാരുണ്യപരിപൂർണ്ണചിത്തന്മാർ ഭാഗ്യവാന്മാർ
കാരുണ്യം ലഭിച്ചീടുമവർക്കു സദാകാലം

മനസ്സിൽവിശുദ്ധി കൈക്കൊള്ളുവോർ ഭാഗ്യവാന്മാ-
രനാദ്യന്തനാം സത്യദൈവത്തെയവർകാണും

സന്തതം ശാന്തിയുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ-
സത്തമരവർ ദൈവപുത്രരെന്നെണ്ണപ്പെടും.

സ്വന്തനന്മകൾമൂലം പീഡിതരാകുന്നവർ
സൗഭാഗ്യവാന്മാർ സ്വർഗ്ഗമവർക്കു സ്വന്തംതന്നെ

വല്ലാതെ ഞാൻനിമിത്തം നിങ്ങളേപ്പുഴിക്കയും
വല്ലാത്തൊരുപദ്രവം നിങ്ങളിലണയ്ക്കുയും

പൊയ്യായിപ്പലതിന്മ നിങ്ങളിലർപ്പിക്കയും
ചെയ്യുമ്പോൾ നിങ്ങളേററം സൗഭാഗ്യ സമ്പന്നന്മാർ.

സ്വർഗ്ഗത്തിൽ നിങ്ങൾക്കുള്ള പാരിതോഷികംശ്രേഷ്ഠ-
മാകയാൽ നിങ്ങളേററം സന്തോഷിച്ചുല്ലസിപ്പിൻ.

നിങ്ങൾക്കു മുമ്പായ്‌വന്ന ദീർഘദർശകന്മാരെ-
ത്തിങ്ങിന തിന്മയാളും ജനങ്ങൾ പീഡിപ്പിച്ചു.

ലവണമല്ലോ നിങ്ങളീക്കാണും ജഗത്തിന്നു
ലവണം വിശളിതലാവണ്യമായിത്തീന്നാൽ

നിസ്സാരം പരിത്യക്തമായീട്ടമതുദൂരെ
മർത്ത്യപാദത്താലതു മർദ്ദിതമാകും സദാ

പ്രാംശുവാം ശൈലത്തിൻെറ പീഠത്തിൽ വിളങ്ങുന്ന
പട്ടണം മറയ്ക്കുവാൻ സാദ്ധ്യമല്ലൊരുത്തക്കും

നിങ്ങളീ ജഗത്തിന്നുനിർമ്മല മണിദീപ-
മെങ്ങനെ പറയ്ക്കു കീഴായതുവയ്ക്കാൻതോന്നും.

കത്തുന്ന വിളക്കേററമുന്നത സ്തംഭത്തിന്മേൽ
ഭദ്രമായ് പ്രതിഷ്ഠിക്കയല്ലയോ ചെയ്‌വതെന്നും.

സൽപ്രകാശത്താലതു മന്ദിരംതന്നിൽവാഴും
സർവ്വ മാനുഷരേയും ശോഭിതരാക്കുന്നീലേ.

താവകപ്രകാശത്തെ ലോകത്തിൻ സമക്ഷത്തി-
ലാവോളമത്യാനന്ദം കൈക്കൊണ്ടു പരത്തണം.

താവകസൽക്കർമ്മത്തെക്കണ്ടു മാനവരെല്ലാം
ദേവദേവനെപ്പാരം മഹിമപ്പെടുത്തട്ടെ.

ന്യായപ്രമാണത്തേയും സൽപ്രവാചകരേയും
നീക്കുവാനല്ലാ പൂർത്തിയാക്കുവാനഹം വന്നു.

സത്യമീ ഭുവനങ്ങളൊഴിഞ്ഞുപോവോളവും
സംഭവിക്കേണ്ടതെല്ലാം സംഭവിക്കുവോളവും

കേവലമൊരു കൊച്ചുരേഖപോലുമേ, മാഞ്ഞു
പോവുകയില്ലാ നൂനം ന്യായഗ്രന്ഥത്തിൽനിന്നും.

പുണ്യമാമാപ്പുസ്തകം തന്നിലെ വാക്യമാല്യ
ക്കണ്ണികൾ ക്രമംവിട്ടുപൊട്ടിച്ചു വേറേകാട്ടി

മററുള്ളജനങ്ങളെത്തെററിച്ചുപഠിപ്പിക്കും
മർത്ത്യനേററവും നാകലോകത്തിൽച്ചെറിയവൻ.

കല്പനയാചരിച്ചു പഠിപ്പിച്ചീടുന്നവ–
നപ്പരാശക്തിതൻെറ രാജ്യത്തിൽ വലിയവൻ

നിങ്ങൾ പാലിക്കും നീതിപരീശശാസ്ത്രീജന–
സംഘത്തിൻ നീതിയേക്കാളുന്നതമല്ലെന്നാകിൽ

നീതിതൻ നികേതമായ് നിത്യവും വിളങ്ങീടും
നാകലോകത്തിൽ നിങ്ങൾ കടക്കില്ലൊരുനാളും.

“കൊലചെയ്യരുതാരുമാരാനുമതു ചെയ്താൽ
കൊടുതാം ശിക്ഷാവിധിക്കവരർഹരായ്ത്തീരും”

പൂർവ്വികന്മാരോടേവമരുളിച്ചെയ്തിട്ടില്ലേ!
താവകബോധത്തിന്നായ് വീണ്ടും ഞാനരുളുന്നു.

യാതൊരാൾ നിജസഹജാതനിൽക്കോപം കൊൾവോൻ
യോഗ്യനായ്ത്തീരും ന്യായവിധിക്കാനരൻ നൂനം.

തൻ സഗർഭ്യനെപ്പാരം നിസ്സാരനെന്നെണ്ണുന്നോൻ
ധർമ്മാസനത്തിൻ മുമ്പിൽ നില്ക്കുവാനിടയാകും

നിർബ്ബോധനെന്നാരാനുമന്യനെപ്പറയുകിൽ
നിശ്ചയമവനഗ്നിനരകാർഹനായ്ത്തീരും.

വഴിപാടുമായ് യാഗവേദിയിലേക്കു പോകും
വഴിയിൽ തവ സഹോദരനു നിൻെറനേരെ

വല്ലതും വല്ലായ്മയുണ്ടെന്നുള്ള ചിന്തവന്നാൽ
തെല്ലുമേ മടിക്കാതെ യാഗപഠത്തിൻ മുമ്പിൽ

താവകോപഹാരത്തെ സാദരം നിക്ഷേപിച്ചു
സാവേഗംചെന്നു നിരപ്പാകണം ഭ്രാതാവുമായ്

സംപൂതഹൃദയനായ്പ്പിന്നീട്ടുചെന്നു യാഗ-
ശാലയിൽ യഥാവിധി വഴിപാടർപ്പിക്കുക.

വഴിയിൽ നിന്നോടൊത്തു താവകപ്രതിയോഗി
വരികിലിണങ്ങേണമവനോടുടൻ തന്നെ

നിന്നെയേൽപ്പിക്കുമല്ലെന്നാകിലാമഹാവൈരി
നീതിപീഠത്തിൽ വാഴും നിയമജ്ഞൻെറപക്കൽ

സത്വരമയാൾ നിന്നെയേൽപ്പിക്കും തൻഭൃത്യനെ
ഭൃത്യനോ നിന്നെക്കാരാഗൃഹത്തിനുള്ളിലാക്കും

നീ കൊടുത്തടയ്ക്കേണ്ടുമന്ത്യത്തെക്കാശുപോലും
നൽകാതെ ലഭിക്കില്ലാ നിനക്കുവിമോചനം.

പരസ്ത്രീഗതരായിത്തീരൊല്ലാ നിങ്ങളെന്നു
പഴയ വിശുദ്ധന്മാർ പറഞ്ഞുകേട്ടിട്ടില്ലേ?

ഞാനിന്നു കഥിക്കുവതത്രമാത്രമല്ലാരും
മാനസന്തന്നിൽവച്ചുപോറ്റേണ്ടും മഹാ തത്വം

മോഹത്താൽ പരസ്ത്രീയെ വീക്ഷിക്കും നരരെല്ലാ-
മാഹന്ത ഹൃദയത്താൽ ചെയ്യുന്നു വ്യഭിചാരം

DHARMARAM COLLEGE LIBRARY, BANGALORE. 19707

ദക്ഷിണനേത്രം നിനക്കിടർച്ചവരുത്തുകിൽ
തൽക്ഷണം ചൂഴന്നെടുത്തെറിയൂ തദംഗത്തെ

പൂർണ്ണദേഹനായ്ച്ചെന്നു ഭീകര രസാതലം
പൂകിടുവതേക്കാളുമേകാംഗനാശം ശ്രേഷ്ഠം

ദക്ഷിണഹസ്തം നിനക്കിടർച്ചവരുത്തുകിൽ
തൽക്ഷണമതു വെട്ടിത്തള്ളുക ദൂരത്തേക്കു

ആകാരം മുഴുവനും നരകംതന്നിൽ ചെന്ന-
ങ്ങാപതിപ്പതേക്കാളുമേകാംഗനാശം ശ്രേഷ്ഠം

ആരാനും സ്വകാന്തയെത്തള്ളിയാൽ നൽകീടേണ
മാരാലൊരുപേക്ഷണപത്രമെന്നുക്തംപുരാ.

പരസംഗത്താലല്ലാതവളെ ത്യജിപ്പവൻ
പരപൂരുഷപ്രാപ്തിക്കവളെസ്സഹായിപ്പൂ.

താദൃശം പരിത്യാഗപാത്രമായ്ത്തീരുവോളെ-
ക്കാന്തയാക്കീടുവോനും ചെയ്യുന്നു വ്യഭിചാരം.

"ഓതിയസത്യം കർത്താവിന്നു നിർവ്വഹിക്കേണ-
മോതരുതൊരുനാളും നിന്ദ്യമാം കള്ളസ്സത്യം"

പൂർവ്വികന്മാരോടേവമരുളിച്ചെയ്തിട്ടില്ലേ?
ഭാവിയിൽച്ചെയ്യേണ്ടുന്നതെന്തെന്നാലതു കേൾപ്പിൻ

സ്വർഗ്ഗത്തെക്കൊണ്ടു സത്യംചെയ്യരുതതു ദൈവ-
ശാശ്വതസിംഹാസനം വിശുദ്ധം സനാതനം

പാരിനെക്കൊണ്ടു സത്യംചെയ്യരുതതു ദൈവ-
പാദത്തിൻപീഠം സർവ്വമാനുഷ പരിപൂജ്യം.

ജർസ്സലേമിനേക്കൊണ്ടുമരുതായതു ദിവ്യ-
ജാതനാം രാജാവിന്റെ നഗരം മനോഹരം.

താവകശീർഷംതൊട്ടുചെയ്‌കൊലാസത്യം നിന-
ക്കാവതല്ലതിലുള്ള മുടിയിലൊന്നുപോലും

കാർമേഘംപോലെ കൃഷ്ണവർണ്ണമായ്ക്കാട്ടുവാനും
വെൺമേഘംപോലെ ശ്വേതവർണ്ണമായ്മാറ്റുവാനും

ഇല്ലെന്നുമാമെന്നുമായീടണം തവവാക്യ-
മല്ലാത്തതെല്ലാം ദുഷ്ടന്മാരിൽനിന്നുണ്ടാകുന്നു.

"താവകനേത്രം ചൂഴന്നാരാനുമെടുത്തെന്നാ-
ലാവൈരിയുടെ നേത്രം നിങ്ങളുമെടുക്കണം

താവകദന്തം തകർത്താരാനുമെടുത്തെന്നാ-
ലാവൈരിയുടെ ദന്തം നിങ്ങളുമെടുക്കേണം."

പ്രാക്തനോപദേശകമുഖ്യന്മാരേവം മുന്നം
ശക്തിയായ് നിങ്ങളോടു കൽപ്പിച്ചു കേട്ടിട്ടില്ലേ

നിങ്ങളോടഹം കഥിച്ചീടുന്നതെന്തെന്നാലോ
നിങ്ങളേതൊരുനാളും ദുഷ്ടനോടെതിർക്കൊലാ

വലത്തേക്കവിൾത്തട്ടിലാരാനുമടിച്ചെങ്കി-
ലിടത്തേക്കവിൾത്തട്ടും സാദരം കാണിക്കുക.

കച്ചേരിവഴിക്കുനിന്നുത്തരീയത്തെത്തട്ടാ-
നിച്ഛിക്കുന്നവനു നിൻപുതപ്പും നൽകീടുക.

ഒരുനാഴികക്കൂടെച്ചരിപ്പാൻ ക്ഷണിക്കുകി-
ലൊരുനാഴികക്കൂടിച്ചെല്ലുക മടിക്കാതെ.

കൊടുത്തീടണമർത്ഥിക്കർത്ഥിപ്പതെക്കാലവും
കടംവാങ്ങുവാൻവരും മർത്ത്യനെക്കൈവിടൊല്ലാ.

"വൈരിയെ വെറുക്കേണം മിത്രത്തെ സ്നേഹിക്കേണം
വാക്യമിമ്മട്ടു നിങ്ങളരുളിക്കേട്ടിട്ടില്ലേ?

എങ്കിലോ ഞാനോതുന്നു, സ്നേഹിപ്പിൻ ശത്രുക്കളെ
മംഗളം നേൎന്നീടുവിൻ, സന്തതമവൎക്കായി

സ്വൎഗ്ഗസ്ഥജനകൻെറ നന്ദനന്മാരായ്ത്തീരാൻ
നിങ്ങൾക്കു ദുഃഖമേകും മൎത്ത്യൎക്കായ് പ്രാൎത്ഥിക്കുവിൻ

സ്ഫീതകാരുണ്യമൂൎത്തിയാകുമാസ്രഷ്ടാവിന്നു
ശിഷ്ടരും ദുഷ്ടന്മാരും തമ്മിലില്ലൊരുഭേദം

ദാഹത്തെശ്ശമിപ്പിക്കാൻ, ക്ഷുത്തുതീൎക്കുവാനുള്ള
ധാന്യങ്ങൾ വളൎത്തുവാൻ, വൃക്ഷങ്ങൾ കായിക്കുവാൻ

ശ്യാമളവൎണ്ണംകൊണ്ടു ലോകത്തിൻലോചനങ്ങൾ-
ക്കാമോദം വളൎത്തുവാൻ പാരിന്നുതണുപ്പേകാൻ

നിൎമ്മലന്മാർ വാണീടും നാടെന്നും, നിതാന്തമാം
തിന്മകൾപ്പുളയ്ക്കുന്ന നാടെന്നും ചിന്തിക്കാതെ

സമസ്തദേശത്തിലും സമത്വം വളൎത്തുന്ന
സമദൎശിയാമീശൻ മഴപെയ്യിക്കുന്നില്ലേ,

പുഷ്പങ്ങൾ വിരിയുവാൻ സൗരഭ്യംപരക്കുവാൻ
പുഷ്കരംതെളിയുവാൻ ഭൂതലമുണരുവാൻ.

ജീവജാലങ്ങൾക്കെല്ലാം ചൈതന്യം വൎദ്ധിക്കുവാൻ
ഭുവിലേക്കയയ്ക്കുന്നു ചിന്മയൻ ദിനേശനെ.

നീതികെട്ടവർ പാരിലുണ്ടെന്നുവച്ചു ദൈവം
നൽകാതിരിക്കുന്നില്ലാ പാവനപ്രകാശത്തെ.

നിങ്ങളെസ്നേഹിപ്പോരെ നിങ്ങളുംസ്നേഹിച്ചെന്നാ-
ലെങ്ങിനെ ഗുണംകിട്ടും ബുദ്ധിമുട്ടെന്തതിങ്കൽ.

തങ്ങളെസ്നേഹിപ്പോരെ സ്നേഹിപ്പു ചുങ്കക്കാരും
നിങ്ങൾക്കും ചുങ്കക്കാൎക്കും തമ്മിലെന്തിന്നുഭേദം.

സോദരന്മാരേ മാത്രമഭിവാദനം ചെയ്താ-
ലെന്തൊരുഗുണം? ചെയ്വൂ പുറജാതിയുമേവം

സൽഗുണസമ്പൂർണ്ണനാം സ്വർഗ്ഗീയ താതനേപ്പോൽ
സൽഗുണസമ്പൂർണ്ണരായ് നിങ്ങളും തീർന്നീടേണം.

പരന്മാർ കാണത്തക്കതരത്തിൽ നീതിചെയ്തു
പുകഴ്ചസമ്പാദിപ്പാൻ നിങ്ങളിന്നൊരുങ്ങൊലാ

താദൃശശീലം നിങ്ങൾക്കുണ്ടായാൽ ദൈവത്തിന്റെ
പ്രീതിക്കു പാത്രങ്ങളായ് ഭവിക്കില്ലൊരുനാളും

വീഥിതൻ നടുവിലും ദേവമന്ദിരത്തിലും
വ്യാജഭക്തരെപ്പോലെ കാഹളംമുഴക്കാതെ

മാനവാഭിനന്ദനം ലഭിക്കാനാശിക്കാതെ
ദീനരാം ഭിക്ഷുക്കൾക്കു നിങ്ങൾ നൽകണം ഭിക്ഷ.

വലംകൈയനുഷ്ഠിക്കും സൽക്കർമ്മമൊരുനാളു-
മിടംകൈയ് ധരിക്കുവാനിടയാക്കൊലാ തെല്ലും.

പരമഭക്തന്മാരാണിവരെന്നപരന്മാർ
പറഞ്ഞുനടക്കേണമെന്നുള്ള വാഞ്ഛയോടെ

തെരുക്കോണിലും പള്ളിക്കുള്ളിലും പന്തലിന്റെ
പരന്ന തണലിലും നിന്നുകൊണ്ടത്യുച്ചത്തിൽ

വേണ്ടതും വേണ്ടാത്തതുമൊന്നിച്ചു കൂട്ടിച്ചേർത്തു
പ്രൗഢഭാഷയിൽ ഭക്തമ്മന്യന്മാർ പ്രാർത്ഥിക്കുന്നു.

സന്ദേഹമില്ലാതെല്ലമക്കൂട്ടർക്കപ്പോൾതന്നെ
സമ്മാനം ലഭിച്ചുപോയെന്നു ഞാനറിയിപ്പൂ.

മുറിയിൽപ്രവേശിച്ചു കവാടമടയ്ക്കേണം
പരമരഹസ്യത്തിൽ താതനോടർത്ഥിക്കേണം.

ലോകിതരഹസ്യനാം താവകജനയിതാ-
വേകിടും പ്രതിഫലം നിങ്ങൾക്കു നിസ്സന്ദേഹം.

ജാതികളെന്നപോലെ നിങ്ങൾക്കുതോന്നുംവണ്ണം
ജല്പനംചെയ്തീടൊലാ പ്രാർത്ഥിക്കും സമയത്തിൽ

അതിഭാഷണംമൂലമുത്തരംകിട്ടുമെന്നു
മതിയിൽക്കരുതുന്നു ജല്പന്മാരനാരതം.

ലോകത്തെ മയക്കുവാനുള്ള തന്ത്രങ്ങൾ കാട്ടു-
മക്കൂട്ടർക്കൊരുനാളും തുല്യരാകൊലാ നിങ്ങൾ.

യാചിക്കും മുമ്പേതന്നെ നിങ്ങൾക്കു വേണ്ടതെന്തെ-
ന്നാ ജനമനോഗതൻ ജനകനറിയുന്നു.

നിങ്ങളാകയാലേവം പ്രാർത്ഥിപ്പിൻ, ഹൃദയത്തിൽ
തിങ്ങിടും ഭക്തിപൂണ്ടു നിത്യനാം താതനോടായ്.

"സ്വർഗ്ഗസ്ഥനായ താത, വിശുദ്ധീകൃതമായി
സന്തതംഭവിക്കേണം നിന്തിരുനാമധേയം.

നിന്തിരുമഹാദിവ്യസാമ്രാജ്യം വരേണമേ
നിന്തിരുവിഷ്ടം പാരിൽ വിണ്ണിലേപ്പോലാകേണം.

തന്നരുളേണം താതാ ഞങ്ങൾക്കു ദിനംതോറം
തന്നിടുമപ്പമിന്നും സദയം കൃപാനിധേ!

ഞങ്ങൾക്കു കടക്കാരായ് വാഴുന്ന ജനത്തോടു
ഞങ്ങളുൾപ്പൂവിൽക്ഷമിച്ചിരിക്കുന്നതുപോലെ

നിന്തിരുവടി പൊറുത്തീടണം ഞങ്ങൾക്കുള്ള
സന്താപകരങ്ങളാം കടങ്ങളേയും വിഭോ.

ഞങ്ങളേപ്പരീക്ഷയിൽ കടത്താതലിവോടെ
ഞങ്ങളേ ദുഷ്ടനിൽനിന്നകററി രക്ഷിക്കേണം

രാജ്യവുമജയ്യമാം ശക്തിയും മഹത്വവും
നിത്യവും ഭവദീയമല്ലയോ ജഗന്നാഥ"

പരന്മാരനുഷ്ഠിക്കുമക്രമം ക്ഷമിക്കുവാൻ
കരളിൽനിങ്ങൾക്കേതും കാരുണ്യമില്ലെന്നാകിൽ

നിത്യവും നിങ്ങൾകാട്ടുമക്രമങ്ങളെയെല്ലാം
സത്യസ്വരൂപൻ ദൈവമെവ്വിധം ക്ഷമിച്ചിടും

പരന്മാരുടെ പിഴപൊറുത്താൽ ജഗദീശ-
നരുളും മാപ്പു നിങ്ങൾചെയ്തിടും കുററങ്ങൾക്കും

വാടിയമുഖത്തോടുമൂഴിയിലൊന്നുംതന്നെ
തേടുവാനില്ലെന്നുള്ള നിഷ്കാമഭാവത്തോടും

തെറെറന്ന്യേ തപംചെയ്യുമുത്തമ മർത്ത്യരെന്നു
മററുള്ളോർ പ്രശംസിക്കും തക്ക കാപട്യമോടെ

സാദരമുപവാസമാചരിച്ചിടും മർത്ത്യ-
സംഘത്തെപ്പോലെ നിങ്ങൾ വർത്തിക്കാനൊരുങ്ങൊലാ.

കപടോപവാസത്തിൽ കാലയാപനംചെയ്യും
കുബുദ്ധികൾക്കു ദൈവംനൽകിടും പ്രതിഫലം.

മോഹങ്ങൾനീക്കി സ്നേഹപ്രദീപ പ്രകാശത്തി-
ലാഹാരമുപേക്ഷിച്ചു നീയുപവസിക്കേണം

മർത്ത്യനെക്കാണിക്കുവാനല്ലുപവാസം, തവ
താതൻെറ മുമ്പിൽ പ്രശോഭിക്കണമതു ശുദ്ധം

സ്നേഹ സംസിക്തശീർഷനായി നീ ജലംകൊണ്ടു
ശുദ്ധമാക്കുക തവ വദനം തപസ്സിനായ്

രഹസ്യസ്ഥലത്തുള്ള താവക ജനകനാ
പരസ്യമായ് നിങ്ങൾക്കു നൽകിടും പ്രതിഫലം.

തുരമ്പും പുഴക്കളും കരണ്ടു്, കള്ളക്കൂട്ടം
തുരന്നു കൊള്ളചെയ്യുമിദ്ധരാതലം തന്നിൽ

നിക്ഷേപിക്കരുതൊരുകാലവും നിങ്ങൾക്കുള്ള
നിക്ഷേപം, ഭവച്ചിത്തം തത്രചെന്നണഞ്ഞീടും

തുരമ്പും പുഴക്കളും പററാത്ത പവിത്രമാം
സുരലോകത്തിൽ നിങ്ങൾ സൂക്ഷിപ്പിൻ നിധികളെ

തസ്കരന്മാരില്ലാത്തോരാപ്പുരത്തിങ്കൽച്ചെന്നു
പാർക്കട്ടെ നിങ്ങൾക്കുള്ള മാനസകപോതങ്ങൾ.

കണ്ണുതാൻ കളേബരത്തുമണിപ്രദീപിക
കണ്ണു ചൊവ്വുള്ളതായാൽ പ്രദീപ്തം കളേബരം

കണ്ണുതാൻ കളേബരത്തുമണിപ്രദീപിക
കണ്ണു കേടുള്ളതായാലിരുൾതാൻ കളേബരം.

നിങ്ങളിൽ കുടികൊള്ളും വെളിച്ചം കൂരിരുട്ടാ-
ണെങ്കിലെത്രയോ ഘോരം കേവലമന്ധകാരം.

രണ്ടു മേലാക്കന്മാരെസ്സേവിച്ചു വസിക്കുവാ-
നുണ്ടാമോ നിപുണത മർത്ത്യരിലാർക്കെങ്കിലും

ഇരുപേരെയും സേവചെയ്യുവാനാരംഭിച്ചാ-
ലൊരുമേലാളെ സ്നേഹിച്ചന്യനെ വെറുത്തുപോം.

അല്ലെങ്കിലൊരുത്തനോടൊട്ടിനിന്നപരനേ-
ക്കില്ലെന്യേ നിരസിക്കും രണ്ടാളെപ്പൂജിപ്പവൻ.

മംഗളസ്വരൂപനാമീശ്വരനേയും തിന്മ-
തങ്ങിടും "മാമോനെ"യുമൊന്നിച്ചു സേവിക്കാമോ.

എന്തിനു ഭക്ഷിച്ചീടുമെന്തിനു കുടിച്ചീടു-
മെന്തുതാനുടുത്തീടുമെന്നാരുമോർത്തീടേണ്ടാ.

ജീവ,നാഹാരത്തേക്കാളാകാരം വസ്ത്രത്തേക്കാൾ
നിർവാദമതിശ്രേഷ്ഠമെന്നുള്ളതറിവീലേ.

വാനിലെക്ഖഗങ്ങളെ നോക്കുവിനവയ്ക്കില്ലാ
വാപവും കൊയ്ത്തും ധാന്യ സംഭാര കർമ്മങ്ങളും

എങ്കിലും ഭവദീയ സ്വർഗ്ഗസ്ഥപിതാവവ-
യ്ക്കേകുന്നു ശരീരത്തേപ്പോറ്റേണ്ടും വകയെല്ലാം.

നീഡജാതങ്ങളാകുമവയെക്കാളുമെത്ര-
കൂടുതൽ മേന്മയുള്ള ജീവികളല്ലീ നിങ്ങൾ.

പുരുചിന്തയാൽ ഫലമെന്തു? നിങ്ങളിലാർക്കു
കരുത്തുണ്ടൊരുമുഴം നിങ്ങൾക്കു നീളംകൂട്ടാൻ.

ഗാത്രത്തെ മറയ്ക്കുവാനുള്ള വസ്ത്രത്തേക്കുറി-
ച്ചോർത്തു നിങ്ങളെന്തിന്നു വല്ലാതെ കുഴങ്ങുന്നു?

വയലിൽപ്രശോഭിക്കും പൂക്കളെക്കാണ്മീ,നവ
വളരുംവിധമെമ്മട്ടെന്നൊന്നു ചിന്തിക്കുവിൻ,

സൂനങ്ങളവറ്റകളദ്ധ്വാനം നടത്തുന്നി-
ല്ലെന്നല്ല, വസ്ത്രമൊന്നും നെയ്തുകാണുന്നുമില്ല.

എങ്കിലും സാർവഭൗമനായ സോളമൻപോലും
തൻ കളേബരം തന്നിൽ ചാർത്തിയിട്ടില്ലാത്തോരു

ദിവ്യമോഹന വസ്ത്രസഞ്ചയങ്ങളാലിന്നീ-
പ്പൂവുകളലംകൃത രമ്യമൂർത്തികളല്ലീ?

ജനിച്ചുവളന്നൊളിപരത്തുമിന്നു, നാളെ
നശിച്ചു തീ കാളിടുമടുപ്പിൽ തള്ളപ്പെടും

തൃണവർഗ്ഗത്തെപ്പരം വിശിഷ്ടാംബരങ്ങളാ-
ലണിയിക്കുന്നു കല്യാണനായകനീശനെങ്കിൽ

നിജസന്താനങ്ങളാം നിങ്ങളെയെത്ര ശ്രേഷ്ഠ-
നിലയങ്കികൾ ചാർത്തുമല്ലവിശ്വാസികളേ.

ആകയാലെന്തുതിന്നും കുടിക്കുമുടുക്കുമെ-
ന്നോർക്കേണ്ട, സർവ്വസ്വവുമീശ്വരനരുളീടും

പുറജാതികൾപോലുമീദൃശ ചിന്താഭാര-
ഭരിതർ, ഖേദമെന്തു് നിങ്ങൾക്കുമക്കൂട്ടർക്കും

ദൈവത്തിൻസാമ്രാജ്യത്തെത്തേടുവിനൊന്നാമതായ്
ദൈവം തന്നന്യാദൃശ നിർമ്മല നീതിയേയും

വന്നുചേർന്നീടും സമസ്തൈശ്വര്യങ്ങളുമതോ-
ടൊന്നിച്ചാകയാൽ നാളേക്കായി ഭാരപ്പെടേണ്ടാ

നാളെനാളേക്കുവേണ്ടിച്ചിന്ത കൈക്കൊള്ളുമല്ലോ
നാളോരോന്നിനുമന്നന്നുള്ള തിന്മതാൻ പോരും

ധർമ്മാധിപതിയുടെ വിധിക്കു പാത്രമാവാൻ
തക്കവണ്ണം മററുള്ള ജനത്തെ വിധിക്കൊലാ.

നിങ്ങളന്യർക്കു നല്കും ശിക്ഷ താനതേമട്ടിൽ
നിങ്ങൾക്കും ജഗദീശൻ തിരിച്ചു നൽകും നൂനം.

നിങ്ങളേതളവിനാലളന്നുകൊടുക്കുന്നു
നിങ്ങൾക്കുമതിന്നാൽത്താനളന്നു ലഭിക്കുന്നു.

സ്വന്തനേത്രത്തിൽപ്പെരുങ്കോലുറച്ചിരിക്കവേ
ഭ്രാതൃനേത്രത്തിലുള്ളപൊടിയെന്തിനീക്ഷിപ്പൂ.

കണ്ണിൽക്കോലുള്ളോർ, നിൽക്ക, സോദരാ ഞാനിപ്പോൾ നിൻ
കണ്ണിലെക്കരടെടുത്തീടാമെന്നെമ്മട്ടോതും?

ഒന്നാമതായ് നീ നിൻെറ കണ്ണിലെക്കോലെടുക്ക,
നന്നായിത്തദാകാണാം ഭ്രാതൃനേത്രസ്ഥരേണു

സാരമേയങ്ങൾക്കായ് നീ നൽകരുതൊരിക്കലും
പാരം വിശുദ്ധികോലുമുത്തമവസ്തുക്കളെ.

മുത്തുകൾ സൂകരത്തിൻ മുമ്പിലേക്കിട്ടാലവ-
മർദ്ദിക്കും പദങ്ങളാൽ പിന്നെ നിങ്ങളെച്ചീന്തും

തേടുവിൻ കണ്ടെത്തീടും, യാചിപ്പിൻ ലഭിച്ചീടും
മുട്ടുവിനുടൻതന്നെ തുറക്കപ്പെടും വാതിൽ.

തേടുന്നോൻ കണ്ടെത്തുന്നു, യാചിപ്പോൻ കൈക്കൊള്ളുന്നു.
മുട്ടുന്നവനു വാതിൽ തുറക്കപ്പെട്ടീടുന്നു.

പൂപാർത്ഥിയാം പുത്രനു നൽകുമോ ശിലാഖണ്ഡം
പാമ്പിനെക്കൊടുക്കുമോ മത്സ്യത്തെ യാചിപ്പോനു.

നന്ദനന്മാക്കു നല്ലദാനങ്ങൾ മടിയെന്യേ
നൽകുവാൻ നിങ്ങളേററമൗൽസുക്യം കാണിക്കുകിൽ

സ്വർഗ്ഗസ്ഥനായ താതൻ, തന്നോടു യാചിപ്പോക്കു
സൗഭാഗ്യമെന്തെന്തെല്ലാം കല്പിച്ചുകൊടുക്കില്ല!

പരന്മാർ നിങ്ങൾക്കെന്തു ചെയ്യണമെന്നു നിങ്ങൾ
കരളിൽ കരുതുന്നുണ്ടങ്ങോട്ടുമതു ചെയ്ക.

ന്യായപ്രമാണങ്ങളും ഭാവിസൂചകരുടെ
മായമററുള്ള വാക്യസാരവുമതുതന്നെ.

കടപ്പിൻ മടിക്കാതെ നിതാന്തമിടുങ്ങിയ
കവാടംവഴി നിങ്ങൾ സാദരമകത്തേക്കു

വിശാലം വിനാശത്തിലേകവാനുള്ള വാതിൽ
വിശാലം വിനാശത്തെ പ്രാപിപ്പാനുള്ള മാർഗ്ഗം

സാനന്ദമാ വിശാലമാർഗ്ഗത്തിലൂടെത്തന്നെ
സഞ്ചരിച്ചാക്കവാടം കടപ്പോരുണ്ടസംഖ്യം.

ജീവങ്കലേക്കുപോകും പാതകളവിസ്തൃതം
ജീവങ്കലേക്കുപോകും വാതിലുമവിസ്തൃതം

വളരെച്ചുരുക്കമൊണാപ്പാത കണ്ടെത്തുന്നോർ
വളരെച്ചുരുക്കമൊണാവാതിൽക്കടക്കുവോർ.

കള്ളപ്രവാചകന്മാരായ് വന്നു ഞെളിയുന്ന-
കൂട്ടരെ നന്നായ് നിങ്ങൾ സൂക്ഷിച്ചിടേണംസദാ.

വേഷത്തിലജങ്ങളായ് ചിത്തത്തിൽച്ചെന്നായ്കളായ്
വന്നെത്തീടുന്നു മുമ്പിലാക്കൊടും ദുഷ്ട സംഘം

ഫലത്താൽ, വിവേചിച്ചു ധരിക്കാം നിങ്ങൾക്കെന്നു-
മിളയ്ക്കുഭാരം കൂട്ടുമാ വിഷവൃക്ഷങ്ങളെ.

പറിക്കാറുണ്ടോ മുള്ളിൽനിന്നു ഗോസ്തനികളും
ഞെരിഞ്ഞിൽമരങ്ങളിൽനിന്നത്തിപ്പഴങ്ങളും

സൽപ്പാദപത്തിൽ നിത്യം സൽഫലമുണ്ടാകുന്നു
ദുഷ്പ്പാദപത്തിൽ നിത്യം ദുഷ്ഫലമുണ്ടാകുന്നു.

സൽപ്പാദപത്തിലേതും ദുഷ്ഫലം കായ്ക്കുന്നീല
ദുഷ്പ്പാദപത്തിൽപ്പിന്നെ സൽഫലങ്ങളും തഥാ.

സൽഫലം കായ്ക്കാത്തുള്ള വൃക്ഷങ്ങളെല്ലാം വെട്ടി-
സതതമെരിയുന്ന വഹ്നിയിൽത്തള്ളീടുന്നു.

"കർത്താവേ, കർത്താവേ"യെന്നെപ്പോഴും വിളിക്കുന്ന
മർത്ത്യരിലെല്ലാവരും സ്വർപ്പുരംപ്പൂകുന്നീല

സ്വർഗ്ഗസ്ഥനാകും മമ താതന്റെ തിരുഹിത-
മൊക്കയുമനുഷ്ഠിക്കും മാനവൻ മോക്ഷാർഹനാം.

നായക, ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിച്ചു.
നായക, ഭൂതങ്ങളെ നിന്റെ നാമത്തിൽ നീക്കി,

വീരകർമ്മങ്ങൾ ചെയ്തു നിന്റെ നാമത്തിൽ ഞങ്ങൾ"
വീതസങ്കോചമേവമനേകരന്നാളോതും,

"നീങ്ങിപ്പോകുവിൻ നിങ്ങളധർമ്മനിരതരേ
നിങ്ങളജ്ഞാതരെനിക്കെ"ന്നഞാനരുളീടും

മാമകവാക്യങ്ങളെസ്സാദരം നിശമിച്ചു
കർമ്മങ്ങളനുഷ്ഠിക്കും മാനവരഖിലരും

പാറമേൽ വീടു വച്ച വിശാല മഹാമതി-
വീരനാം മനുഷ്യനോടേററവും സമാനൻ താൻ.

കരീന്ദ്ര കരോപമം പൊഴിച്ചു ജലം മേഘം,
കരാളരവത്തോടൊത്തടിച്ചു കൊടുങ്കാററും

കരഞ്ഞിയാടിത്താഴെപ്പതിച്ചു പാദപൗഘം
പെരുത്തു നദികളിൽ ചോരപോലുദകവും

നിലത്തുപററിപല തുംഗമന്ദിരങ്ങളും
ശിലയ്ക്കുമീതെ നിന്ന മന്ദിരം നേരേ നിന്നു.

മമ വാക്യാനുവർത്തിയാകാത്ത മനുഷ്യനോ
മണലിൽ വീടു വച്ച ഭോഷന്റെ സഹോദരൻ

മഴയും കാററും വെള്ളപ്പൊക്കവുമുണ്ടായപ്പോൾ
മറിഞ്ഞു വീണു മണൽപ്പുറത്താ നികേതനം."

പാവനതരമാമീപ്പർവതപ്രഭാഷണം
പാരമത്ഭുതാധീനരാക്കി മർത്ത്യവൃന്ദത്തെ

## കുഷ്ഠരോഗനിവാരണം

ഭൂരിവിജ്ഞാന നികേതനാം ശ്രീയേശു
ഭൂധരശീർഷീ സുധാരസംപെയ്തഥ

മന്ദം മഹീധരപീഠം വെടിഞ്ഞു തൽ-
ക്കന്ദരഭൂവിലണഞ്ഞു ശിഷ്യാന്വിതം

പ്രാന്തസ്ഥ പത്തനം തന്നിൽക്കടക്കവേ
ഹന്ത! തൃക്കണ്ണുകൾ കാരുണ്യസിക്തമായ്

കുഷ്ഠരോഗാർത്തനായ് ഗാത്രം വരണ്ടലം
കഷ്ടപ്പെട്ടും നരാകാരം പുരോഭുവി

വീണടിഞ്ഞെന്തോ ഞരങ്ങി, തിരുമുഖം
താണു തദ്രൂപത്തിലെത്തീ വിലോചനം

"നാഥാ, മനം കനിഞ്ഞീടുകിലങ്ങേക്കു
നിശ്ചയമെന്നേപ്പവിത്രീകരിച്ചിടാം"

തദ്രോഗിയേവം കഥിക്കവേ, സത്വര-
മാർദ്രീകൃതസ്വാന്തനായീ സനാതനൻ

കുഷ്ഠരോഗം മഹാ പാപകർമ്മങ്ങൾക്കു
കിട്ടും ഫലമെന്നു ഹൃത്തിൽ നിരൂപിച്ചു

കുഷ്ഠമാരോഗംപിടിച്ചു സാധുക്കളെ-
ക്കല്ലെറിഞ്ഞോടിച്ചുവന്നാർ പ്രമാണികൾ

പാണിയാൽക്കുഷ്ഠരോഗാർത്തനെത്തീണ്ടിയാൽ
പാപിയായ്ത്തീരുമാമാനവനെന്നിദം

രേഖപ്പെടുത്തിയിട്ടുണ്ടുപോൽ, മോശയാം
യോഗിവര്യൻ തന്റെ നീതിശാസ്ത്രങ്ങളിൽ

നേരിട്ടു തൻ കൃപാലേശമഭ്യർത്ഥിക്കു-
മാ രോഗിയെക്കൈവെടിഞ്ഞില്ല പുണ്യവാൻ

ആരേത്യജിക്കുകിൽ രോഗമുണ്ടായിട്ടു-
മാ രോഗസംഹാര സിദ്ധൗഷധദ്രുമം

ആരോഗ്യയാചിക്കിലെന്തും ലഭിച്ചീട്ടു-
മാ രാജ രാജനാം ശ്രീയേശു സത്വരം

"ഉണ്ടെനിക്കാർദ്രത, വേഗം വിശുദ്ധി നീ-
പൂണ്ടുകൊണ്ടാലു"മെന്നോതി ദയാന്വിതം

ശീതള നീരജത്തണ്ടോടിടഞ്ഞിടും
ശ്രീകരമായ തൽപ്പാണിയാൽ മെല്ലവേ

തൊട്ടതലോടി തദാതുരമേനിയെ-
പ്പെട്ടന്നവൻ സർവ രോഗ വിമുക്തനായ്

പാപക്കരി പുരണ്ടില്ല മഹേശ്വര-
പാണിയിലെന്നല്ലതുജ്ജ്വലിച്ചുന്നതം.

"പോയാലുമാചാര്യ വര്യർക്കു മുമ്പിൽ, നിൻ-
കായവൈശിഷ്ട്യം തെളിച്ചു കാണിക്ക നീ."

ദിവ്യഭിഷഗ്വരനേവം കഥിക്കവേ
ഭീവിട്ടു രോഗവിമുക്തൻ ഗമിക്കയായ്.

## ശതാധിപഭൃത്യൻ

രോഗമൊന്നില്ലാതെയാക്കിക്കഴിഞ്ഞൊരു
രണ്ടു നിമേഷം കടന്നില്ലതിന്നകം

വന്നെത്തി സംഭ്രാന്തനേക ശതാധിപൻ
വന്ദിതനാം ഗുരുദേവന്റെ സന്നിധൗ

ശ്വാസവേഗത്തിനാൽ മാറിടം ലേശവു-
മാശ്വാസമില്ലാതുയർന്നും പതുങ്ങിയും

ഭീതിയാൽ കണ്ണുകളുന്തിയും സന്ദിഗ്ദ്ധ-
ഭാവി:യാതേറ്റം കരങ്ങളാം കമ്പക്കിയും

നിന്നു ശതാധിപനോതിനാ"നേററമാ-
സന്നമരണനായ്ത്തീർന്നു മൽ സേവകൻ

വേദന തെല്ലം സഹിക്കവാനാവാതെ
രോദനംചെയ്തു കിടപ്പൂ കിടക്കയിൽ."

"ദുഃഖമൊഴിക്ക, ഞാൻ വന്നു നിൻ ഭൃത്യനെ-
സ്സൗഖ്യമാക്കാ"മെന്നു കല്പിച്ചു നായകൻ

"നാഥാ, ഭവൽപ്പദാംഭോജം പതിക്കവാ-
നേതുമെൻ മന്ദിരത്തിന്നില്ല യോഗ്യത.

തീർത്തൊരു വാക്കങ്ങുരച്ചാൽ മതി, മമ
ഭൃത്യൻ ഗതാർത്തനായ്ത്തീർന്നിടും നിശ്ചയം.

തെല്ലധികാരമെനിക്കുമുണ്ടെന്നുടെ
ചൊല്ലുകേൾക്കാൻ ഭടന്മാരുണ്ട,വരോടു

പോകാൻ കഥിക്കുകിൽ പോകും വരാനാജ്ഞ
നൽകിൽ വരും ചൊൽവതൊക്കെയും ചെയ്തിടും

സർവ്വാധികാരവും ചേരുന്നൊരങ്ങേക്കു
സാധ്യമല്ലാതുള്ള കാര്യമെന്തൂഴിയിൽ?"

സേനാനിയേവം കഥിച്ചതു കേൾക്കവേ
വാനവനായകനത്ഭുതംപൂണ്ടുപോയ്.

വിശ്വാസമിസ്രയേലിൽപ്പോലുമീവിധം
വീക്ഷിച്ചതില്ല ഞാൻ സത്യമസംശയം.

പാരാതെ മർത്ത്യർ കിഴക്കുനിന്നും പടി-
ഞ്ഞാറു നിന്നും മടിക്കാതെ സമീപിച്ചു,

താതരാമബ്രഹാമിസ്സാക്കു യാക്കോബെ-
ന്നെന്നിവരൊന്നിച്ചു പന്തിക്കിരുന്നിടും.

പാരം പുറത്തുള്ള കൂരിരുട്ടിൽ, രാജ്യ
പുത്രരശേഷം പരിത്യജിക്കപ്പെട്ടും

സന്തതം തത്ര നടന്നിടും രോദനം,
ദന്തസംഘട്ടനമെന്നിവയൊക്കെയും

ശർമ്മദനേവം ജനത്തോടുരച്ചഥ
ശാന്തനായ് നൂറിൻ പ്രമാണിയോടോതിനാൻ.

താവക വിശ്വാസംപോൽ ഭവിച്ചീടട്ടെ,
പോവുക സന്തുഷ്ടചിത്തനായ് സത്വരം

വേഗമാസേനാനി, തന്നുടെ മന്ദിരം
നോക്കിക്കുതിച്ചു പാഞ്ഞീടവേ കാണായി

മാർഗ്ഗമദ്ധ്യേ തന്റെ ഭൃത്യരെസ്സന്തോഷ
ദുഗ്ധതീർത്ഥത്തിൽക്കുളിച്ചതുപോലവേ.

പക്ഷവാതത്തിൽ കിടന്നവനാതുര
മുക്തനായെന്നു കഥിച്ചാരവർ മുദാ.

അന്നാട്ടിലും മറുനാട്ടിലും വ്യാപിച്ചു
കന്യാതനൂജന്റെ സൽ കീർത്തി മേൽക്കുമേൽ

കേൾക്കുവാനൊട്ടുപേർ, കാണുവാനൊട്ടുപേർ
ദുഃഖവും രോഗവും നീങ്ങുവാനൊട്ടുപേർ.

ഇമ്മട്ടിലുന്നതശ്രീപൂണ്ട ക്രിസ്തുവാം
പൊന്മയപ്രാംശു ശൈലത്തിന്റെ ചുറ്റിലും

സത്വരമാർത്തു വന്നെത്തിപ്പരന്നതേ
മർത്ത്യസമൂഹങ്ങളായ മഹാംബുധി.

സ്നേഹമാം പീയൂഷസാരം പൊഴിക്കുന്ന
മോഹനസൂനം നിറഞ്ഞൊരാരാമമായ്

മാനവസാഗരമദ്ധ്യത്തിലെവർക്ക-
മാനന്ദമേകിത്തിളങ്ങീ ജഗൽപ്പതി

## നയിൻ പട്ടണത്തിൽ

കപ്പർന്നഹോമിൽനിന്നഞ്ചുമിരുപത്തും
കൂടിയ നാഴികയ്ക്കപ്പുറം നിൽക്കുന്ന

ഹെർമ്മോൻ ഗിരിയുടെപശ്ചിമഭാഗത്തൊ-
രല്പം വടക്കായി മിന്നുമുപത്യക,

ശീർഷമുയർത്തിസ്സെബൂലനും താബോറും
ഹർഷാന്വിതം നോക്കി വാഴ്ത്തുമാറുള്ളൊരു

പട്ടണത്താൽ പല ചിത്രങ്ങൾ ചേർത്തുള്ള
പച്ചവില്പീസു വിരിപ്പുപോൽ ശോഭിപ്പൂ

തൽപ്പുരിയത്രേ "നയിനെ"ന്നു പേരെഴും
സൽപ്പുരി ശ്രീയേശു നാഥാഭിനന്ദിതം.

വാരിധിയായ ഗലീലിതൻ ദക്ഷിണ-
തീരത്തൊടേററമടുത്തൊരു തോണിയിൽ

മന്ദമായ് യാത്രചെയ്തെത്തി, "യോർദ്ദാനെന്നു
സുന്ദരശ്രീയെഴും വാഹിനി തൻ തടം.

"താബോർ" മലയ്ക്കു "മെൻദോർ"ഗിരിക്കും നടു-
ക്കാപ്പർവതങ്ങൾ വിരിച്ച തണൽവഴി

സാനന്ദം ശിഷ്യസമേതനായ് ശ്രീയേശു
മുന്നോട്ടു മുന്നോട്ടു പാദം പതിക്കവേ,

## വിധവാസുതമോചനം

പാറമേൽ തട്ടിത്തടഞ്ഞ തരംഗിണി
പോലവേ തെല്ലൊന്നു നിന്നുപോയ് നിർമ്മലൻ

ആ വഴിക്കപ്പോളകക്കരുന്നേവർക്കും
വേവുമാറുള്ളൊരു യാത്രകണ്ടാൻ പരൻ

നാലഞ്ചുപേരൊരു നീണ്ടശവപ്പെട്ടി
മാലിയന്നേന്തിക്കരഞ്ഞു നടന്നുതേ

നെഞ്ചിൽപ്പതുക്കെപ്പെരുമ്പറകൊട്ടിയും
പൂഞ്ചായലെല്ലാമഴിച്ചു ചിതറിയും

കണ്ണുനീരാലോല വാർത്തും ഞരങ്ങിയും
കൈരണ്ടുകൊണ്ടും തലയ്ക്കുമേൽ താഡിച്ചും

പ്രാഞ്ചിക്കിതച്ചു ശവത്തിൻെറ പിന്നാലെ
സഞ്ചരിച്ചാളൊരു വൃദ്ധയാം നാരിയും

ഹന്ത! വിധവയാം നാരി, യവൾക്കേക
പുത്രൻ കുടുംബം ഭരിക്കു പുലർത്തിയോൻ

താരുണ്യമോഹനഗാത്രനകാലമാം
ദാരുണ മൃത്യുവക്ത്രത്തിൽപ്പതിച്ചുതേ.

പട്ടണത്തിൻെറ പുറത്തുള്ളതാം ശവ-
ക്കോട്ടയിലേക്കാശ്ശവം കൊണ്ടുപോകവേ

സന്താനവത്സലയായ മാതാവുത-
ന്നന്തരംഗം പൊട്ടിവീണ വിലാപവും

ഉററവരായ ജനത്തിൻെറ വിങ്ങലു-
മിററിച്ച കണ്ണുനീരീശൻെറ കണ്ണിലും

കാററിനാൽ കാഹളമൂതിയ പൎവ്വതം
തെറെറന്നു മൂകതയിങ്കൽ ലയിച്ചുപോയ്.

പക്ഷികളൊക്കെയും പാടാതെയങ്ങുള്ള
വൃക്ഷങ്ങളിൽപ്പററി മൗനംധരിക്കയായ്.

താഴ്‌വരതോറും മുരണ്ടുപറന്നൊരു
കാർവണ്ടുകൾ നിലംപററിക്കിടന്നതേ

മേഘാന്തരത്തിലൊളിച്ചു ദിനാധിപ-
നാകസ്മികാൽഭുതാക്രാന്ത മനസ്സ്വിയായ്

"എന്തുവാൻ, താപം ഹരിക്കും മഹേശ്വര-
ശാന്താനനം ഹന്ത കണ്ണീരണിയുവാൻ"

ഏവമാബ്ഭുവിലെ പ്രാണികൾ ചിന്തിച്ചു
ഭാവംപകൎന്നു വൎത്തിക്കവേ കേൾക്കായി

"നിൽക്കുവിൻ, താഴെ വയ്പിൻ, ശവപ്പെട്ടി"യെ-
ന്നാക്കൃപാംഭോധിയിൽ നിന്നൊരു ശാസനം.

സ്തബ്ധരായ് മഞ്ചംവഹിച്ചവർ, പെട്ടെന്നു
താഴ്ത്തിവച്ചാർ മൃതദേഹം വിനീതരായ്

മൂടി നീക്കപ്പെട്ടു 'നീയെഴുന്നേൽക്കുക
പേടിക്കൂടാതെ'ന്നു കല്പിച്ചു തമ്പുരാൻ

മൃത്യുഞ്ജയൻ തൻെറ വാണിയാമൗഷധ-
ശക്തി തെല്ലേശവെ കേവലമാ ശവം

കാററിനാലേററമടിഞ്ഞു കിടന്നൊരു
പൂച്ചെടിയെന്നാകണക്കെ പത്തുക്കവേ

തേജസ്സുമോജസ്സും ചേർന്നെഴുന്നേൽക്കയായ്
തേടിനാൻ തന്നെ വളൎത്തിയോരമ്മയെ.

മാതാവിൻ സന്തപ്തനേത്രാംബു സാനന്ദ-
ശീതളനേത്രാംബുവായ് പ്രവഹിച്ചുതേ

മൗനം ധരിച്ചുണ്ടു നിന്ന ജനംവീണ്ടും
മൗനംധരിച്ചുപോയൽഭുതവായ്പിന്നാൽ.

ഓർത്താർ വിധവയാമാ സറേപ്തായെയും
കീർത്തിമാനാമേലിയാവിനേയും ക്ഷണം

ഓർത്താർ വധൂമണിശൂനേമ്യയേയുമാ
ക്കീർത്തിമാനാമേലിശായെയുമനന്തരം

മുന്നം പ്രവാചകർ നഷ്ടജീവർക്കു ചൈ
തന്യം കൊടുത്തു സംരക്ഷിച്ചിരുന്നിടാം.

തെല്ലുമാധാരമില്ലാത്ത വിധവമാ—
ക്കല്ലൽ വരുത്താതെ പാലിച്ചിരുന്നിടാം

മാനസം വെന്തുരുകുംവിധം പ്രാർത്ഥിച്ചു-
മാനനം ശുഷ്ക്കിക്കുമാറു തപം ചെയ്തും

അസ്തചൈതന്യശരീരത്തിൻമീതെയായ്
വേദനപൂണ്ടു കിടന്നാഥ യാചിച്ചും.

പ്രാക്തനന്മാരാമവർ മഹാമൃത്യുവിൻ
വക്ത്രത്തിൽനിന്നുയർത്തി ജനങ്ങളെ.

തന്നധികാരം പ്രയോഗിച്ചു, വാചക
ബന്ധങ്ങളാകുമൊരൗഷധം മാത്രമേ

കന്യാതനൂജൻ കൊടുത്തുള്ളു നിർജ്ജീവ
മാനവർക്കൊക്കയും ജീവൻ ലഭിക്കുവാൻ.

## ബന്ധനസ്ഥനായ മഹായോഗി

കോട്ടകടന്നഖിലേശ്വരനന്ദനൻ
പട്ടണത്തിൽച്ചെന്നു വിശ്രമിച്ചീടവേ

സൂര്യാഗമത്തെത്തെളിച്ചറിയിക്കുന്ന
ശ്രീലമാം ശുക്രവെള്ളിനക്ഷത്രമെന്നപോൽ

തന്നുടെ മുന്നോടിയായ്‌വന്ന യോഗിതൻ
സന്ദേശവാഹകരാകിയ രണ്ടുപേർ

വന്നെത്തിസാദരം ക്രിസ്തുവിൻപാദത്തിൽ
സന്ദേഹമേതോ പരിഹരിച്ചീടുവാൻ

“വിശ്വത്തെരക്ഷിപ്പതിന്നു വരുമെന്നു
വിശ്വസിക്കപ്പെട്ട സാക്ഷാൽ മശിഹയോ

നിന്തിരുമേനി,യല്ലെങ്കിൽ വേറിട്ടൊരു
നിർമ്മലനെ ഞങ്ങൾ കാത്തിരിക്കേണമോ?

യോഗിയാം യൂഹനോനേവം ഭവാനോടു
ചോദിക്കുവാനായ് നിയോഗിച്ചു ഞങ്ങളെ.”

സന്ദേശവാഹകരീവിധമോതവേ
സന്ദിഗ്ദ്ധചിത്തനായ്ത്തീർന്നാൻ മഹാഗുരു.

“ശ്രീയേശു, ദൈവമാണീലോകമൊക്കെയും
സാഘോഷമാത്തിരുമേനി ഭരിച്ചീടും”

വാക്കുകളിമ്മട്ടു ലോകരോടോതിയ
സൽക്കർമ്മയോഗിയാം സ്ഥാപകനീവിധം

തന്നുടെ യാഥാർത്ഥ്യമാരാഞ്ഞറിയുവാ-
നന്നാ നരരെ നിയോഗിച്ചതോർക്കുകിൽ

വിശ്വാസമില്ലായ്മകൊണ്ടല്ല, പിന്നയോ
സംശയഗ്രസ്തരാമാരണ്ടുപേരുടെ

ചിത്തംതെളിയുവാൻ മാത്രമാണെന്നുള്ളി-
ലോർത്താനഖിലജനമനോദർശകൻ

തന്നിലയാരാഞ്ഞ മർത്ത്യരോടാപ്പുമാ–
നന്നേരമോതിനാനേററം വിനീതനായ്.

"കാഴ്ചയില്ലാത്തോർക്കു കാഴ്ച ലഭിച്ചതും
കുഷ്ഠരോഗാർത്തർ വിശുദ്ധരായ്ത്തീർന്നതും

കേൾവിയില്ലാത്തവർ കേട്ടുരസിച്ചതും
കാൽകളൊടിഞ്ഞവരോടിനടന്നതും

മൃത്യുവിൽപ്പെട്ടോരുയിർത്തെഴുന്നേററതും
മേനിതളർന്നോർ സുശക്തരായ്പ്പോയതും

വിജ്ഞാനദീപങ്ങളെങ്ങും തെളിഞ്ഞതു-
മജ്ഞാനികൾക്കു മതി വികസിച്ചതും

തന്നെയല്ലിങ്ങു സംവീക്ഷിച്ചതൊക്കയും
നന്നായി നിങ്ങൾ ശ്രവിച്ചവയൊക്കയും

ചെന്നറിയിക്കുവിൻ യോഗിയെ സത്വര-
മെന്നയച്ചാൻ തിരിച്ചാ ദൂതരെപ്പരൻ.

ദൂതർ തിരിച്ചു ചെന്നോതിയവാർത്തയാ-
ല്പൂതചരിത്രനെല്ലുക്തീകരിച്ചതേ

മുന്നേതിലും ദൃഢവിശ്വാസപൂർണ്ണനായ്
മുന്നേതിലും വീര്യമാർന്നു തപോനിധി

മന്നവനാം ക്രിസ്തുനാഥനെപ്പററിയും
മന്നവമ്മന്യർ തൻ തിന്മയെപ്പററിയും

തീവ്രപ്രഭാഷണംചെയ്താൻ ജനത്തിനു
ഭാവപ്പകർച്ചവരുംവിധം ധീരനായ്

അന്നാളിലന്നാടുപാലിച്ച "ഹേരൊദേ
സന്തിപ്പാസെന്ന്"പേർ കേട്ടൊരുഭൂപതി

നീചരിൽ നീചൻ, നിസ്സാരരിലഗ്രണി
നിന്ദ്യരിൽ നിന്ദ്യനനന്തപാപപ്രഭു

സ്വന്തം പരിഗ്രഹം ജീവിച്ചിരിക്കവേ
സോദരപത്നിയാം ഹേരോദ്യയോടൊത്തു

ചാലേമലർശ്ശരലീലാവിലോലനായ്—
ക്കാലംകഴിച്ചാൻ വിചാര വിഹീനനായ്

നാടെങ്ങുമാവാർത്ത നീളെപ്പരന്നതെ
നാട്ടാരനങ്ങാതിരുന്നു ഭയത്തിനാൽ

ധീരനാം യോഹന്നാൻ തന്നുടെ കാതിലും
പാരാതാവാർത്ത ചെന്നാഞ്ഞു തറച്ചിതേ.

ഭീതവാകാതെ ഭൂപാലനോടദ്ദേഹ—
മോതിനാനന്യായ കർമ്മം വെടിയുവാൻ,

ഹേരോദ്യ കാര്യമറിഞ്ഞതിക്രുദ്ധയായ്
ഹേരോദിനെത്തൻെറ പാട്ടിലാക്കീടിനാൾ

നീതിമാനാകിയ യൂഹനോനെക്ഷണം
പാതകി, കാരാഗൃഹത്തിലൊതുക്കിനാൾ.

നാരി നന്നാവുകിൽ നാകം, ദുഷിക്കുകിൽ
നാരകം, രണ്ടുമവൾക്കു നിർമ്മിച്ചിടാം.

നാരിയെപ്പോലുള്ള സ്നേഹം പുമാനില്ല
നാരിയെപ്പോലുള്ള വൈരവുമങ്ങിനെ,

സന്തോഷശൃംഗത്തിലേററാമവർക്കതി
സന്താപകൂപത്തിൽ വീഴ്ത്താം മനുഷ്യരെ

മുന്ന“മലക്സാണ്ടർ ജന്നിയസ്” തീർത്തതും
പിന്നീടു“മക്കോർ”തൻ കോട്ടയായ്ത്തീർന്നതും

മുമ്പനാം ഹേരോദുശക്ത ഭരിച്ചതും
വമ്പിച്ച കൂരിരുൾത്തിങ്ങിക്കിടന്നതും

യാതൊരു ബന്ധനാഗാരമതിന്നക-
ത്താത്തപോവര്യനകപ്പെട്ടുപോയിതെ.

ചാവുകടലിൽ വടക്കേക്കരയിലായ്
ചുട്ടുപഴുത്തൊരറേബ്യതൻ സീമയിൽ

മാരണമന്ദിരമെന്നപോൽ നിന്നൊരാ-
ക്കാരാഗൃഹം നരകത്തിലും ഭീകരം.

മർത്ത്യചരിത്രത്തിലെത്രയോ ധീരന്മാ-
രിത്തരം ബന്ധനഗേഹത്തിലാപ്പെട്ടു

ഭ്രാന്തരായും, നിണംവററിയു,മസ്ഥികൾ
വെന്തും, ശരീരം ദ്രവിച്ചും നശിച്ചുപോയ്.

ശ്യാമളശീതളത്താഴ്വരമാർഗ്ഗേണ
പൂമണമേററു നടന്ന തപോനിധി,

നാനാവിഹംഗമസങ്കീർത്തനംകേട്ടു
മാനസാനന്ദംവരിച്ച കലാനിധി,

മന്ദസമീരണപാണീതലങ്ങളാ-
ലെന്നും സുലാളിതനായ മഹാമതി

ചേലാളു“മെൻഗദി”ത്തോപ്പിൽ വിളങ്ങിയ
തൈലമരങ്ങൾത്തഴച്ചു വരുന്നതും

ശ്രീലമായുള്ള യറിഹോവിൽ,ത്താലങ്ങൾ
ശീർഷങ്ങൾ പൊക്കിക്കലുങ്ങിനിൽക്കുന്നതും

പർവതത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ടു
പാറമേൽ തട്ടിക്കുതിക്കും പുഴകളും

ബന്ധുരനീരാഴിതന്നിൽ ശരന്നിശി
നീന്തിക്കളിക്കുന്ന പാവനജ്യോത്സ്നയും

കണ്ടുകണ്ടാനന്ദ നിർവാണലീനനായ്-
ക്കാലംനയിച്ച തപസ്വിയാം കേസരി

നീറിപ്പുകഞ്ഞിടും ചൂടിൻ നടുക്കതി-
ക്രൂരമാം ക്രൂരിതൾക്കാട്ടാളമുഷ്ടിയിൽ

ഹന്ത, നിരന്ത ദുർഗന്ധത്തിൻവായ്പിനാൽ
ബന്ധിതശ്വാസനായ് ജീവിതംപോക്കിനാൻ.

എന്തുവാൻ ദൈവമാപ്പാപഭൂയിഷ്ഠമാ-
മുത്തുംഗഗോപുരമഗ്നിയിൽ ചുട്ടീല?

ഭീകരമായോരാ ബന്ധനാഗാരത്തെ-
ബ്ഭൂമി കുലുക്കിപ്പൊടിച്ചു തകർത്തീല?

മാലാഖമാരിലൊരാളെ നിയോഗിച്ചു
മാമുനിക്കെന്തുവാൻ മോചനം നൽകീല?

ലോകചരിത്രത്തിലീവിധമൊന്നല്ല
ലക്ഷം തവണകളീശ്വരൻ നിഷ്കൃപം

തന്നുടെഭക്തരെല്ലോകഹാലാഹല-
പാനംനടത്താനനുവദിച്ചുണ്ടാവാം.

മാറാത്തരോഗം ചിലർക്കരുളീടുന്നു
നീറുന്ന തീയിൽച്ചിലരെയെരിക്കുന്നു.

കാട്ടജന്തുക്കൾക്കു മുമ്പിലവയുടെ
പുഷ്ടിക്കു വേണ്ടിച്ചിലരെയയയ്ക്കുന്നു.

തൂക്കുമരത്തിൽച്ചിലരെക്കയറുന്നു.
തക്കരിക്കാനായ്ച്ചിലരെയേല്പിക്കുന്നു

സന്ദേഹമെന്തിന്നു ദൈവത്തിനായ്നിണം
ചിന്നുന്നൊരാത്യാഗിവര്യരെസ്സർവ്വഗൻ

രത്നംപതിച്ചുള്ള പൊന്മുടിചൂടിച്ചു
രത്നസിംഹാസനംതന്നിലിരുത്തുന്നു.

## മഗ്ദലനമറിയം

കീർത്തിയാളും "നയിനെ"ന്ന പത്തനത്തിനലങ്കാര-
പൂർത്തിയെല്ലാമൊത്തുയർന്നപത്തനമേകം

താരകനാഥനെത്തന്റെ താഴികപ്പൊൽക്കുടത്തിന്റെ
താരകശ്രീമകുടമായ് സരസംചാർത്തി,

തന്നണിചരാദനമെല്ലാമുന്നത നക്ഷത്ര നവ്യ-
രത്നരാജി പതിച്ചേറെ മോടിയിലാക്കി,

പട്ടിണിയിലവിരതംപെട്ടിരിക്കും ജനംവന്നു
തൊട്ടിടായ്വാൻ പൊക്കമേലും കോട്ടയുംകെട്ടി,

പർവതത്തിൽ തെളിഞ്ഞാഴി പ്രാന്തഭൂവിലേക്കുപോകും
പങ്കജകാന്തന്മാർഗ്ഗസങ്കടമേകി,

വിണ്ടലത്തിൽ വിഹരിക്കും കൊണ്ടലിന്റെ നിര, ശൃംഗം
കൊണ്ടുടയ്ക്കാനഹങ്കാരം പൂണ്ടുനിൽക്കുന്നു.

തുംഗമാമന്നികേതത്തിലിംഗിതംപോൽ നിവസിച്ചു
സംഗതാർത്ഥൻ "ശിമോനെ"ന്ന പരിശമുഖ്യൻ

അന്നൊരുനാളിനദേവൻ ചെന്നുചെന്നാഴിയിൽമുങ്ങി
മന്നിടംപാൽക്കടലാക്കി ചന്ദ്രികമിന്നി

മാലകന്നുമല്ലികപ്പൂമാലചാർത്തി പ്രകാശിച്ചു
നീലവിണ്ണാമലർവാടി നിസ്തുലശോഭം

ഭംഗിയേറും രാജരംഗച്ചങ്ങലകളുടെ തുമ്പിൽ
തങ്ങിനില്ക്കും തനിത്തങ്കവിളക്കുകളാൽ

വിത്തനാഥനാം ശിമോൻെറ വിസ്തൃത ഭോജനശാല
വിദ്രുമവല്ലിയാൽ തീർത്ത മണ്ഡപമായി,

ചിത്തമോദം വളർത്തുന്ന ചിത്രിതമാം വിരിപ്പിനാ-
ലാസ്തൃതമാമാ വിശാല ബന്ധുരശാല,

വണ്ടുകൾതേനുണ്ടുമേവും തണ്ടണിപ്രസൂനജാലം
കൊണ്ടുമിന്നുംപൊയ്കപോലെ കണ്ടിടാറായി

തൽപ്രതാപമുജ്ജ്വലിപ്പാനിമ്പമോടെ ശിമോനന്നു
വമ്പിയന്ന വിരുന്നൊന്നു സമാഘോഷിച്ചു

പേരുകിട്ടാൻ വഴിയുള്ള സാരമായ വിരുന്നിന്നു
പൗരമുഖ്യന്മാരശേഷം നിമന്ത്രിതരായ്

തന്നുടെമാനത്തിനന്നു കന്യകാനന്ദനൻ തൻെറ
സന്നിധാനമവിതക്കും വേണമെന്നോർത്തോ?

ജീവനറാജനത്തിനുജീവനേകുംമനുഷ്യനെ
സാവധാനം കണ്ടു രണ്ടു വാക്കരെയ്ക്കാനൊ?

സ്വന്തകാര്യമുപേക്ഷിച്ചു സന്തതം നാട്ടുകാരെല്ലാം
പിന്തുടൎന്നു പുകഴ്ത്തീടും ശാന്തമൂർത്തിയെ

തന്നതിഥിയായ് ലഭിച്ചാലുന്നതി മേൽക്കുമേലേറും
തന്നുടയനിലയ്ക്കെന്നു നിനയ്ക്കുകൊണ്ടോ?

എന്തുകൊണ്ടൊ ശിമോൻ, ദീനബന്ധുവാം യേശുവിനേയു-
മന്തരംഗപ്രേരണയാൽ ക്ഷണിക്കയായി.

വന്നണഞ്ഞു പരീശൻെറ മന്ദിരത്തിൽ ക്രിസ്തുനാഥൻ
നന്ദിയിൽത്തൻ പ്രിയശിഷ്യവൃന്ദവുമൊത്തു

ആതിഥേയ മുറതെല്ലുമാചരിച്ചില്ലഖിലേശ-
പ്രാതിനിധ്യം വഹിപ്പോനിലാപ്രഭുവീരൻ

സ്വാഗതസൂചകമായി ശ്രീകര മുഖാംബുജത്തി-
ലേകിയില്ല ചുംബനങ്ങൾ പാകതയോടെ

പാദശുദ്ധിവരുത്തുവാൻ പച്ചവെള്ളംകൊടുത്തില്ല,
പൂശിയില്ല വാർമുടിയിൽ സുഗന്ധതൈലം

എന്തിനല്ലെങ്കിൽ നമുക്കീച്ചിന്തയെല്ലാം സ്വയംഭൂ ത-
ന്നന്തരംഗമിവകൊണ്ടൊ തെളിഞ്ഞിടേണ്ടു?

വേദവും വേദാന്തവുമാ വേദസാരവിശാരദ-
വ്രാതവും സന്തതം തേടും ശാശ്വതമൂർത്തി.

ശൈലസാനുസ്ഥലിയിലും നീലനീരനിധിയിലും
ലോലമേഘ നിരചേരുമംബരത്തിലും

ഉത്തരദിങ്മുഖത്തിലും ദാക്ഷിണികധ്രുവത്തിലും
പ്രത്യഹം ഭാനുമാൻതേടും ഭാസുരമൂർത്തി.

രാത്രിതോറുമുഡുക്കളോടൊത്തു സുധാകരനേററ-
മാർത്തി ഹൃതി ചാർന്നു തേടും സൽകൃപാമൂർത്തി,

സാരശൂന്യനാം ശിമോനാൽ സൽകൃതനാവതെങ്ങനെ?
സാരമേയമറിയുമൊ സാഗരസീമ?

വീട്ടുകാരൻ കരംകൊണ്ടു കാട്ടിയ പന്തിയിൽക്രിസ്തു
കൂട്ടുകാരുമൊത്തിരുന്നു വിരുന്നിന്നായി.

നിർമ്മലമാം പൊന്നുകൊണ്ടു നിർമ്മിതമാം പാനപാത്ര-
മമ്മഹാശാലയിൽ നീളെ നിരന്നു കാണായ്.

വെള്ളിയിൽവാർത്ത പാത്രത്തിനുള്ളിലോരോപലഹാരം
തള്ളിനിൽക്കുംപടി വച്ചു വിളമ്പി ഭൃത്യർ.

മോടിയേറും വിരുന്നേവം ധാടിയോടു നടക്കവെ
പേടികൂടാതവിടൊരു തയ്യലാളെത്തി

കാണുകിൽ കല്ലെറിയേണ്ടുമേണനേത്രയാമവളെ-
ക്കാണുകയാൽ ശിമോനൊന്നു പകച്ചുനിന്നു

തത്രവാണ പരിശരും മാത്രനേരത്തേക്കു ചിത്തം
വിത്രസിച്ചു പരസ്പരം വിരണ്ടുനോക്കി

ശ്രീലമാമാപ്പട്ടണത്തിലാ ലലനാമണിയുടെ
ശീലമറിയാത്തവരുണ്ടായിരുന്നില്ല.

കാലടികൾവരെ നീളും കാറണിക്കുന്തൽവിരിച്ചു
കാമുകബർഹിണങ്ങളെ നൃത്തമാടിച്ചും

പുഞ്ചിരിച്ചന്ദ്രികവീശിത്തഞ്ചമോടെ മാമുനീന്ദ്ര-
സഞ്ചയസാഗരംപോലും ചഞ്ചലിപ്പിച്ചും

ശോണദന്തച്ഛദവീഞ്ഞാൽ ക്ഷോണിപന്മാരെയും തന്റെ
വാണികേട്ടു നടക്കേണ്ടും ഭൃത്യരായ്ത്തീർത്തും

തുംഗമാം വക്ഷോജശൈല ശൃംഗഭൂവിൽക്കലികളായ്
ത്തങ്ങിടുവാൻ തരുണർക്കു തരംനൽകിയും

തൽപ്പുരത്തിലംബരത്തെത്താങ്ങിനിന്ന മണിമേട-
ത്തട്ടിൽ വാണു സുഖിച്ചോളാക്കുട്ടിനീമൗലി.

പട്ടുടുത്തു തലമുടിക്കെട്ടിലോമന്മലർ ചൂടി-
പ്പട്ടെതിർമേനിയിൽ തങ്കക്കട്ടികൾ ചാർത്തി.

പട്ടണവീഥിയിലെങ്ങും ചുററിയും തൻമേടചൂഴും
കോട്ടയുടെ കവാടത്തിൽ കുഴഞ്ഞുനിന്നും

മഗ്ദലനിക്കൺകോണെറിഞ്ഞാത്തയ്യലാളെത്രയൊ യുവ-
മാനസനീഡജങ്ങളെത്തറയിൽവീഴ്ത്തി

പാരിലുള്ള പണക്കാർക്കു പാതിവ്രത്യം വിററുവിററു
പാടവും പണ്ടവും തോപ്പും മേടയുംനേടി.

ആരറിഞ്ഞു ശിമോനുമാ നാരിയാളുമൊത്തുമുന്ന-
മാരമിച്ചു നിശാകാലം കഴിച്ചില്ലെന്നായ്.

മന്നവൻ ദാവീദുമുന്നം മാനസമഴിഞ്ഞു മന്നിൽ
ചിന്നിയ പാട്ടിനേക്കാളും മാധുരിതഞ്ചും

കന്യകാ നന്ദനൻ തന്റെ സുന്ദരമാം ഗിരിഗീത
ചെന്നലച്ചു വേശ്യതന്റെ ചെവികൾക്കുള്ളിൽ

പ്രേതമായിക്കിടന്നോരാ ബ്ഭൂതകാലമതിവേഗം
ചേതനപൂണ്ടവളുടെ മുമ്പിൽ വന്നെത്തി.

കൂരിരുൾക്കൊത്തൊരുടലും ക്രൂരമായ ദംഷ്ട്രകളും
പാറയെക്കുത്തിപ്പിളർക്കും നഖരങ്ങളും

തള്ളിനിൽക്കും നീണ്ട നാക്കുമുന്തിനിൽക്കും മിഴികളും
തുള്ളിടും ഭീകരമായ ഗാത്രവുമൊത്ത

തന്നതീതകാലമാകുമന്നരകപ്പിശാചിയെ
മുന്നിലായ്ക്കണ്ടാപ്രസിദ്ധ വാരസുന്ദരി

ക്രുദ്ധയാം വ്യാഘ്രിയെക്കണ്ട കേഴമാൻ കുട്ടിയെപ്പോലെ
ഹന്ത, താനേ ചുരുണ്ടൊരു കന്ദുകമായി.

മാളമാരാഞ്ഞിഴഞ്ഞുപോം കാളസർപ്പം കണക്കവൾ
മാളികതൻ കോണുതോറുമൊളിക്കാൻ നോക്കി.

ആളിമാരെ ത്യജിച്ചവൾ മാളിക കൈവിട്ടിറങ്ങി
കാളിടുമഗ്നിയിൽ ചാടിമരിക്കാൻ നോക്കി

താഴ്ത്തുയേവം സമുദ്രത്തിൻ തീരമെത്തി, നീരിനുള്ളിൽ
താഴുവാനായ് വെമ്പിനാളാക്കരിമീൻകണ്ണി

നാലുപാടും മനസ്സാക്ഷി വേലികെട്ടിത്തടഞ്ഞു ഭീ-
മാലിയന്നോടിടും വേശ്യാ വനിതയാളെ

നിന്നടിക്കിൽത്തന്നെ നിന്നു മുക്തിദയത്തും ലഭിക്കാതെ
സന്നതാംഗി സഹികെട്ടു കുഴഞ്ഞീടവേ

സ്വാന്തരംഗസ്ഥലി തന്നിൽ ശാന്തമായ് മുഴങ്ങിമുറവം
സാർത്ഥകങ്ങളായ വാക്യസഞ്ചയമേവം

"ഹന്ത, മമ സഹജാതെ ബന്ധുരം ബന്ധുരമെന്നു
സന്തതം നീ കരുതിയ നിൻകളേബരം

വഞ്ചകന്മാരാകുമഞ്ചു തസ്കരന്മാർ കുടികൊള്ളും
വൻതമസ്സിൻ കൂത്തരങ്ങാം വന്യകാന്താരം

വാതമുഖബാധമൂന്നും വേർപിരിയാതഹോരാത്രം
ഖിതഖേദം നിവസിക്കും നിന്ദ്യമാം ഗ്രാമം.

നീചഗന്ധം വമിക്കുന്ന നിശ്ചലമാം ജലാധാരം
നീതിയില്ലായ്മകളുടെ കപടഗേഹം.

രക്തവുമസ്ഥിയും ത്വക്കും ചേർത്തുതീർത്ത മൂർത്തി നവ-
രന്ധ്രമേന്തി നടന്നീടുമിന്ധനഖണ്ഡം,

വഹ്നി നിറിക്കിടക്കുന്ന മൺകുടം, കാകോളമോലും
വന്യഫലം നിറഞ്ഞൊരു ക്ഷുദ്രഭൂരുഹം

ആശയാകും കയറിന്റെ തുമ്പിലാട്ടും പമ്പരം താ-
നാശുഗനിൽപ്പറക്കുന്ന ശുഷ്കമാം പത്രം

മായവിറ്റ മായവാങ്ങി മായയെത്തന്നെ ഭുജിച്ചു
മാനിനി നീ ദിനംപോക്കി മനനമെന്യേ.

മോഹിനി നാടകമാടി ദേഹമന്യർക്കേകി നിന്റെ
ദേഹിയേയും വിനാശത്തിൻവഴിയിലാക്കി

കാളകൂടം ഭുജിച്ചാലും വാരിധിയിൽ മറഞ്ഞാലും
കാളിടുമഗ്നിയിൽചാടി ദഹിച്ചെന്നാലും

നിന്നെവിട്ടു നീങ്ങുകില്ലാ നിന്നുടെ ഘോരമാംപാപം
ദുർന്നരകാഗ്നത്തിലെന്നും നീ കിടക്കേണം

നീണ്ടൊരീത്താപത്തിൽനിന്നുമുണ്ടൊരാൾ നിന്നെക്കരേറ്റി
വിണ്ടല ജീവിതാനന്ദം നൽകുവാൻ ശക്തൻ

"തേടുവിൻ നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ വാതിൽതുറക്കും
കേൾക്കുവിൻ നിങ്ങൾക്കു കിട്ടുമെന്നു കല്പിച്ചു

നിർമ്മലനാം ക്രിസ്തുവിന്റെ പൊന്മയ പാദാംബുജത്തിൽ
പെണ്മണി, നീ വേഗമോടിച്ചെന്നു വീണാലും!"

മുക്തിയിങ്കലാശ പൂണ്ടാ മുഗ്ദ്ധ വെമ്പിപ്പാഞ്ഞുഭോഗാ-
സക്തിവിട്ടു പരമേശ പാദഭൂനോക്കി

സ്ഫാടികപാത്രവും തന്റെ പാടലപാണിയിലേന്തി
പേടിവിട്ടു പരീശന്റെ പടിക്കലെത്തി

ജീവിതത്തിലാവിശുദ്ധ വാസരാന്തംവരെച്ചെയ്ത
ശ്രീവിനാശ ദുരിതത്തിൻ സ്മരണമൂലം

മന്ദിരംപൂകുവാൻ ധൈര്യമന്ദതയാൽ മടിച്ചല്പം
നിന്നുപോയി ഗതികെട്ട മൃഗത്തെപ്പോലെ

പിന്തിരിഞ്ഞോടുവാൻ വേഗ മുത്തമാംഗം തിരിക്കവേ
ഹന്ത, കണ്ടാൾ ഭൂതകാലവ്യാളിയെത്തന്നെ.

വന്നഹോ ചെന്നീടട്ടെയെന്തുമെന്നുറച്ചാക്കാതരാക്ഷി
സന്നതമാം വിരുന്നാളും ശാലയിലേറി.

വമ്പിയന്ന കൊടുങ്കാററിൻ മുമ്പിലൊരു പുൽക്കുടിൽപോ-
ലംബുജകാന്തൻെറ മുമ്പിൽ കൈവിളക്കുപോൽ

താന്തയായി വിറക്കൊണ്ടാ ബ്ബന്ധുരാംഗി, പരമാത്മാ-
വെന്തുരയ്ക്കുമെന്ന പാരമമ്പരക്കയായ്.

ചുണ്ടുകൂട്ടിക്കടിച്ചുമാക്കണ്ണുരണ്ടും ചുവപ്പിച്ചും
ശണ്ഠകൂട്ടാൻ ശിമോൻ വട്ടംകൂട്ടി വാഴ്കവേ

മോടിയേറും വിരുന്നിന്നു കൂടിയ പൌരമുഖ്യന്മാർ
കൂട്ടമീർഷ്യ കലൎന്നു കൈയ്‌ തിരുമ്മീടവേ

കോമളമാംതിരുമിഴിക്കോണണച്ച തരുണിയിൽ
കോടിതീർത്ഥമൊരുമിച്ച കന്യകാസൂനു

സർവവും വിസ്മരിച്ചാളാപ്പാർവണേന്ദുമുഖി വീണു
സർവതാപഹരൻ തൻെറ സല്പദങ്ങളിൽ.

കെട്ടിനിന്നജലം സേതുപൊട്ടി മുന്നോട്ടൊഴുകുന്ന
മട്ടിലാമങ്കയ്ക്കു കണ്ണീർപ്പുഴകളുണ്ടായ്.

ധാരനിൽക്കാതൊഴുകിയ വാരിയാലാപ്പുണ്യവാൻെറ
നീരലർപ്പാദങ്ങൾ രണ്ടും മുഴുകിപ്പോയി

നീണ്ടിരുണ്ടു ചുരുണ്ടുള്ളകൊണ്ടയാം കൗശേയബന്ധം
കൊണ്ടുതനപി തുടച്ചാളത്തൃപ്പദം രണ്ടും

പിന്നെയാപ്പാവനപ്പൂവിൽ തന്നധരം സമർപ്പിച്ചാ-
ളുന്നത സ്നേഹമതിന്മേൽ ലേപനംചെയ്തു.

കാട്ടുവള്ളിക്കെട്ടിനുള്ളിൽപെട്ട പെണ്ണാടെന്നപോലാ-
ക്കുട്ടിനി കണ്ണുംനെതരുങ്ങിക്കരഞ്ഞാളേവം.

ശാന്തരായ് സവർണ്ണമൂർത്താരുമായ് കാരുണ്യമഹാ-
നീരധിയാം നിന്നരികിൽ ഞാനിതാ നില്പൂ.

ധൂമമെന്ന വിധമെന്റെ ഭൂതകാലം മറയുന്ന
ഭീമമാകുമഘഭാരം ശിരസ്സിലായി

സ്വർഗ്ഗമെന്നു കരുതി ഞാൻ മണ്ണിനെ സ്നേഹിച്ചു പാരം
വിണ്ണിനെയീപ്രപഞ്ചത്തിൻ നിഴലെന്നെണ്ണി.

നിർമ്മലമാം മരന്ദമെന്നുണ്മയോടു വിശ്വസിച്ചു
ദുർമ്മദംപൂണ്ടാചമിച്ചു കടുംകാകോളം.

മംഗള ശീതളമാകുമംഗരാഗമെന്നുറച്ചു
പങ്കിലമാം സലിലത്തിൽമജ്ജനംചെയ്തു.

പട്ടെതിർപ്പൂക്കൾ വിരിച്ച പട്ടണിമഞ്ചമെന്നോർത്തു
കുട്ടിനിഞാൻ ശരശയ്യാ സംഗതയായി

പാരിജാതമലരെന്നു നേരിലോർത്തു മാറിടത്തിൽ
ക്രൂരമാം കണ്ടകമാല്യം സസുഖം ചാർത്തി.

ശഷ്പവല്ലി കണക്കേററം ശുഷ്ക്കമെന്റെ ധമനികൾ,
ദഗ്ദ്ധമായിത്തീർന്നുപോയെന്നസ്ഥികളെല്ലാം.

നാരകവീഥിയിലെങ്ങും വാരിയിട്ട മൺപൊടി ഞാൻ
നീറിനീറിച്ചുടലയിൽക്കിടക്കും ഭസ്മം

വൈരിയാം സാത്താൻ വിരിച്ച വൈശികമാം വലയ്ക്കുള്ളിൽ
വീണടിഞ്ഞു പിടയ്ക്കുന്ന കേഴമാൻകുട്ടി

ക്രൂരരാം ചെന്നായ്ക്കളെന്നെക്കീറി രക്തം കുടിക്കുവാ-
നാരവമിട്ടോടിവന്നു വളഞ്ഞുനില്പൂ.

സ്വാന്തതാപതപനനിൽ വെന്തുരുകുമെന്നിൽനിന്നു
പിന്തിരിച്ചീടരുതേ നിൻ മുഖചന്ദ്രനെ.

ഇല്ലെനിക്കു തുണയാരുമല്ലിലങ്ങിങ്ങലഞ്ഞിതാ
വല്ലഭ, ഞാൻ വന്നണഞ്ഞു നിൻവെളിച്ചത്തിൽ

കെട്ടിടാത്ത ദഹനനും ചത്തിടാത്ത പുഴക്കളും
പെട്ടദിക്കിലെന്നെയിനിത്തള്ളൊലാ നാഥ

തൃക്കടക്കണ്ണിനാലെന്നെ നോക്കിയപോൾ കൃപാനിധേ
തൃക്കരളൊന്നലിയേണമിക്കൃമികളായി"

ബാഷ്പധാരാസമാർദ്രമായ് ബാലതാനെസമർപ്പിച്ച
വാട്മലർമാലികയിങ്കൽ മനമലിഞ്ഞു,

ഉരകിനാൻ ശ്രീയേശുദേവനാകുലമാക്കമെനിക്ക
പോകുമാറുള്ളൊരു ദിവ്യ വാക്സുധാവർഷം.

പോവുക പെൺകൊടി, പാരം ഭാവുകം ചേരും നിനക്കും-
ഇപ്പൂവുകൊണ്ടു വാഹിക്കേണ്ടാ സങ്കടങ്ങൾ നീ.

സത്യമായൊരനുതാപമത്രെ പാപോചിതപ്രായ-
ശ്ചിത്തമെന്നു ധരിച്ചിനു മർത്ത്യരൊക്കെയും.

മുക്തയായി സർവഥാ നീ മൃതിയന്നു ഗമിച്ചാലും
കാത്തുനിന്നെക്കനിവിൽ നിൻ പുണ്യവിശ്വാസം

കെട്ടറാത്ത പാശബന്ധം വിട്ട പെൺപ്രാവിനെപ്പോലെ
തുഷ്ടിപൂണ്ടാൾ മഗ്ദലനമോഹിനീരത്നം.

## ഗലീലയിൽ

"സെബുലൻ" "നപ്തലി" ഗിരികൾ തൻ മദ്ധ്യേ
സമപ്രദേശമൊന്നലം പ്രശോഭിപ്പൂ.

കനകവീചികൾ പ്രതിഫലിച്ചിട്ട-
മനഘ വിസ്തൃത സമുദ്രമെന്നപോൽ.

വിവിധധാന്യങ്ങൾ വിളഞ്ഞുനിൽക്കുന്ന
വിശാല കേദാര സമാവൃതസ്ഥലി.

കടന്നുപോകുന്നുണ്ടൊരു വഴിയതിൻ
നടുവിലൂടവെ നയനമോഹനം.

മണവും വർണ്ണവും മരന്ദവുംചേർന്ന
മനോജ്ഞമഞ്ജരി വഹിച്ചുമിന്നുന്ന

ചെറുചെടികളാപ്പെരുവഴിയതി-
ന്നിരുവശങ്ങളിൽപ്പരിലസിക്കുന്നു.

പരസ്പരം തിക്കിത്തിരക്കിപ്പോകുന്നു
നിരവധിജനമതുവഴിയെങ്ങോ?

പരിസരത്തിലെ വയൽപ്രദേശമോ
പരിമളംവീശും സുമകുലങ്ങളോ

വഴിയേപോകുമജ്ജനസമൂഹത്തിൻ
മിഴികളെത്തെല്ലും കവർന്നിടുന്നില്ല

നിഖിലരുമേതോ വിചാരധാരയിൽ
വിലീനചിത്തരായ് നടക്കയാണത്രെ.

കൃപാസുശീതള കരാംഗുലീസ്പർശം,
കരൾകവരുന്ന നവീനവാക്സുധ,

ഉടുവസ്ത്രത്തൊങ്ങൽത്തൊടീൽ, വിശുദ്ധമാം
കടക്കണ്ണിൻനോട്ടം മധുരമാം ഹാസം

പലതുമിങ്ങനെ കൊതിച്ചു നീങ്ങുമാ
പ്രജാസമൂഹത്തിനിടയ്ക്കു ശാന്തനായ്

കടന്നു കന്യകാതനയൻ ക്രിസ്തുവും
നടന്നു ശിഷ്യരാൽ പരിവൃതനായി

മലിനന്മാർ തങ്ങൾ, മലിനന്മാർ തങ്ങൾ
മലിനന്മാരെന്നു കരളിൽ ചിന്തിച്ചു

വിദാരിതാംബരം ധരിച്ചു ഭീതരായ്
വിറച്ചു കുഷ്ഠരോഗികൾ നടക്കുന്നു.

കുരുടരൊട്ടുപേർ, മുടവരൊട്ടുപേർ
കഠിന രോഗ സംഗ്രസിതരൊട്ടുപേർ

പരമസൗഖ്യത്തെ പ്രതീക്ഷിച്ചങ്ങനെ
പുറകെപോകുന്നു മടികലരാതെ.

ജനൗഘ സാഗര തരംഗലീലയിൽ
മനം ലയിപ്പിച്ചു നടക്കുന്നു ചിലർ.

സദയം ശ്രീയേശു നടത്തുമത്ഭുതം
സമീക്ഷിച്ചീടുവാൻ ഗമിക്കുന്നു ചിലർ.

നിതാന്തഗൗരവം നടിച്ചും, ഗംഭീര-
വദനങ്ങളിടയ്ക്കിടയ്ക്കു വീർപ്പിച്ചും

വിലയെഴുമങ്കി ധരിച്ചുമാക്ഷേപ-
നിലയിലന്യരെപ്പുഴിച്ചുമങ്ങനെ

പരീശന്മാർ ചില രൊന്നമിച്ചോരോന്നു
പറഞ്ഞും കൂട്ടത്തിൽ നടന്നുപോകുന്നു.

"മനുഷ്യനായി വന്നവതരിച്ചോരു
മിശിഹാ രാജാവിങ്ങെഴുന്നള്ളിടുന്നു"

മൊഴികൾ ബാലകനൊരുവനീവിധ-
മുരച്ചു ദേവൻെറ സമീപമെത്തുന്നു.

കളങ്കമൊക്കെയും വളന്ന ദുഃഖമാം
കനലിൽ വാരിയിട്ടെരിച്ചുതീർത്തതി

വിശുദ്ധയായ "മഗ്ദലേന മേരി"യും
സെബദിതൻ പ്രിയതമ "ശലോമി"യും

ഹിരോദന്തിപ്പാസിൻ ധനനിയന്ത്രണ-
കരൻെറ ധർമ്മാദാരമാം "യോവന്ന"യും

നരസമൂഹത്തിലുപവനത്തിലെ
നറുമലർക്കുലം കണക്കു ശോഭിപ്പൂ.

പുതിയ ശിഷ്യന്മാർ പുരോഭുവിയിലും
പഴയ ശിഷ്യന്മാർ കുറേപ്പുറകിലും

ദുരിതഭാരങ്ങളൊഴിച്ചു, കൗതുക
ഭരിതരായ് മന്ദം നടന്നുപോകുന്നു.

ജലധിമദ്ധ്യത്തിൽ സുമവനംപോലെ
ജനസമൂഹത്തിൽ വിളങ്ങുന്നു ക്രിസ്തു.

ഹിരോദുരാജ കിങ്കരന്മാരേപ്പോലെ
പ്രബല പീലാത്തോസിൻ ഭടന്മാരേപ്പോലെ

പെരിയ സാദൂകക്യ പ്രമാണിയേപ്പോലെ
പുരോഹിതകുല പ്രധാനിയേപ്പോലെ

വസനഭൂഷണാദികൾ ധരിച്ചില്ലാ
വിശുദ്ധനാം സുരഗണപതി സുതൻ

ചുരുണ്ടിരുണ്ടുള്ള നെടിയ കേശത്തിൽ
ചൂടുവെയിൽ തട്ടാതിരിക്കുവാനായി

വെളുത്ത വസ്ത്രത്താൽ തലപ്പാവുണ്ടാക്കി
തലയിൽ ഭംഗിയായ് ധരിച്ചും തെല്ലൊരു

കറുപ്പുചേർന്നൊരു നീലയങ്കികൊണ്ടു
ശരീരം കാൽവരെ മറച്ചും വസ്ത്രമൊ-

ന്നരയ്ക്കുചുററിയും തുകൽകൊണ്ടുള്ളൊരു
ചെരിപ്പിനാൽ മൃദുപദങ്ങൾ രക്ഷിച്ചും

നരകുലങ്ങളെബ്ഭരിക്കുവാനുള്ള
പുരുമഹനീയ ശുഭ ഭാവത്തോടും

വിചാരശീലത്വം പരിസ്ഫുരിക്കുന്ന
വദന ബാല ഭാസ്കര ബിംബത്തോടും

തരുണതയുടെ പരിണതമൂർത്തി
സുരകുലപതി നടന്നു പോകുന്നു.

മഹിതൻ മോശതൊട്ടൊരു പ്രവാചക
നിവഹം മുന്നമേ കുറിച്ച ചിന്മയൻ

നസറേയൻ യേശു മറിയ തൻ സുതൻ
നൃപതി ദാവീദിൻ പ്രിയ കുമാരകൻ

മനുഷ്യവംശജൻ, മഹേശ നന്ദനൻ
മനോഹരൻ ഭവ്യ കിരണ മന്ദിരൻ

ധനികക്കൊക്കെയും ധനികനായവൻ
വിനീതജീവിതം നയിച്ചു കാണിച്ചു.

പശ്ശുത്തൊഴുത്തതിൽപ്പിറന്നു, കാലിക-
ളശിക്കും പുല്ലിന്മേൽ കിടന്നുറങ്ങിനാൻ.

മുതലില്ലായ്കയാൽ തനിക്കായ് മാതാവു
സമർപ്പിച്ചു കളരവത്തെക്കാഴ്ചയായ്.

കൊടും വനങ്ങളും നെടും തടങ്ങളും
കടന്നെജിപ്തിലേക്കൊളിച്ചുപോയവൻ

മരപ്പണിക്കാരനുടയ പുത്രനായ്
മരപ്പണിചെയ്‌വാൻ തിരിച്ചെത്തി നാട്ടിൽ.

വരോപദേശങ്ങൾ പൊഴിക്കുവാൻ, ധന-
വിരഹിതനായി നടന്നു ചുററിനാൻ

പരമാത്മാവിങ്കൽ ദരിദ്രരായവർ
പരമധന്യന്മാരിതിവചിച്ചവൻ

നരക്കു മാതൃക തെളിച്ചു കാണിപ്പാൻ
പരമദാരിദ്ര്യം വഹിച്ചു ജീവിച്ചു.

ധരയിൽ തന്റേതെന്നുരയ്ക്കുവാനൊരു
പുരയുമില്ലാതെ ദിവാനിശം പോക്കി

മുദാ കപ്പർന്നോമിൽച്ചിലപ്പോഴൊക്കെയും
മരുവി വന്നതോ സ്വശിഷ്യഗേഹത്തിൽ

ക്ഷമ സമുദ്ധരിക്കുവാനണഞ്ഞൊരു
യമിക്കടിംതെല്ലും ധരയിൽ കണ്ടില്ല.

വെറും കൃഷകന്മാർ കഴിക്കും ഭക്ഷണം
കഴിച്ചു വാസരം നയിച്ചു നിസ്സ്വനായ്

കടലിലുള്ളൊരു ഝഷവും ഭക്ഷിച്ചു
കുടിച്ചു കാട്ടിലെ പെരുംതേനും മുദാ

ഒരിക്കലും ഭിക്ഷാടനം നടത്തിയി-
ല്ലൊരിക്കലും ഭിക്ഷ ഗ്രഹിച്ചതുമില്ല.

ഒരിക്കലുമൊരു സഹായത്തിന്നായി
നരരോടാ ദേവനപേക്ഷിച്ചുമില്ല.

പരോപകാരത്തിൽ സുഖത്തെ ദർശിച്ചു
പരമനായകൻ ചരിച്ചു ദിക്കെങ്ങും

വഹിച്ചു മർത്ത്യർതൻ ദുരിതമൊക്കെയും
വഹിച്ചു മർത്ത്യർതൻ പരമദാരിദ്ര്യം

ഒരിക്കലും ക്ഷീണമിയന്നു വാണതി-
ല്ലൊരിക്കലും രോഗം പിടിച്ചു കേണില്ല.

സരോഗരിൽപ്പരം കരളലിഞ്ഞെന്നു-
മരോഗഗാത്രനായ് വസിച്ചു തമ്പുരാൻ.

## നൗകാരോഹണം

മുപ്പാരിനീശ്വരനന്നൊരു നാളിലാ-
ക്കപ്പർന്നഹോമിലെ മന്ദിരം വിട്ടങ്ങു,

വാനിനെനോക്കി മലർന്നുകിടന്നൊരു
വാരിധിതന്നുടെ തീരത്തു പൂകിനാൻ

പുഷ്പിതോദ്യാനത്തിലാത്തിരച്ചെത്തുന്ന
ഷട്പ്പദ ലക്ഷങ്ങളെന്നപോലേ തദാ.

കർത്തൃപാദങ്ങളിലത്യന്തമുത്സാഹ
ചിത്തരായ് ചെന്നെത്തി മാനവ സഞ്ചയം

ഒട്ടൂരത്തൊലീവിൻ മരക്കൂട്ടവും
തുഷ്ടിവളർത്തുന്ന മുന്തിരിത്തോട്ടവും

താങ്ങിപ്പിടിച്ചുകൊണ്ടുല്ലസിച്ചൂ ചില
ഭംഗിയേലും ശൈലഃപാതപ്പരപ്പുകൾ

ഗന്ധം പരത്തുന്ന നാരകത്തോട്ടവു-
മീന്തപ്പനത്തോപ്പുമന്യത്ര കണ്ടിടാം

നിർമ്മല ശീതള ശാന്ത മനോജ്ഞമാം
നീരധി, മാനസമേറ്റം കുളിർപ്പിച്ചു

പൊട്ടിത്തകർന്നൊരു കണ്ണാടിപോലവേ
പുഷ്ടശോഭം ജലം തിങ്ങി വിരാജിച്ചു.

തന്നടുത്തെത്തും ജനങ്ങൾക്കശേഷവും
തന്നടിത്തട്ടിന്റെ സംശുദ്ധി ചേർക്കുമാ-

ലോലാംബുധിയെ ഞെരുക്കിയിരുന്നില്ല
നാലുപാടും നിന്ന പർവതസഞ്ചയം.

നീണ്ടുവളഞ്ഞതി വിസ്തൃതമായുള്ള
തീരങ്ങളാൽ മുററമാവൃതമായൊരാ

വാരാശിയോടടരാടി ജയിക്കുവാൻ
വേറൊരു വാരാശി പാഞ്ഞടുക്കും വിധം

കാണായി കൂലപ്രദേശങ്ങളിൽ ജന
ശ്രേണികൾ വന്നതിങ്ങിപ്പുരക്കുന്നതായ്

നിൽക്കുവാനില്ലിടമാഴിക്കരയിലെ-
ന്നുൾക്കാമ്പിലോർത്തുടനദ്ദേശികാഗ്രണി

ചാരേ കിടന്നൊരു തോണിയിലേറിയാ-
ത്തീരം വെടിഞ്ഞല്പദൂരം ഗമിച്ചഥ

തോണിപ്പടിയെ പ്രസംഗത്തിനുള്ളൊരു
ചേണോലുമുന്നത പീഠമാക്കീടിനാൻ.

നങ്കൂരമിട്ടുറപ്പിച്ചൊരു തോണിയിൽ
സങ്കടനാശകൻ നിന്നു നോക്കീടവേ

കണ്ടു ദൂരത്തൊരു കേദാരഭൂമിയിൽ
കർഷകൻ വിത്തു വിതയ്ക്കുന്ന രീതികൾ

തന്നുള്ളിലപ്പോഴുദിച്ച കാര്യങ്ങളാ-
മാനവസഞ്ചയത്തോടരുളീടിനാൻ.

## ബീജാവാപകദൃഷ്ടാന്തം

"കർഷിത കേദാരഭൂമിയിൽ വാപകൻ
ഹർഷാന്വിതം വിത്തു തൂകിത്തുടങ്ങിനാൻ
കല്ലിട്ടുറപ്പിച്ച പാതയ്ക്കരികിലായ്
തെല്ലു ധാന്യങ്ങൾതെറിച്ചുപോയ് വീണിതു.
കൊത്തിപ്പെറുക്കിക്കൊറിച്ചകത്താക്കിയാ
വിത്തുകളൊക്കെയും കൊച്ചു പറവകൾ.
വേറേ കുറേ വിത്തുചെന്നു നിപതിച്ചു
പാറമേൽ മണ്ണേറെയില്ലാത്തിടങ്ങളിൽ.
ഓമൽ പ്രരോഹങ്ങളങ്കുരിച്ചപ്പാറ
ശ്യാമളപ്പട്ടുവിരിപ്പായി ശോഭിച്ചു
മൃത്തികയ്ക്കാഴമില്ലായ്കയാൽ വേരുക-
ളത്രയും പാറമേൽ മുട്ടിത്തടഞ്ഞുപോയ്
സൂര്യന്റെ തീവ്രാതപത്തിൽ പ്രരോഹകം
നീറിക്കരിഞ്ഞു വേഗത്തിൽ നശിച്ചുപോയ്.
വിത്തിൽക്കുറച്ചകപ്പെട്ടുപോയെത്രയും
കൂർത്തമുള്ളേന്തും പടർപ്പിന്നിടയിലായ്
കണ്ടകക്കാടു വളർന്നു വളർന്നു വ-
ന്നുണ്ടാക്കി നാശമാ വിത്തുകൾക്കൊക്കെയും
മുററ വളംചേർന്ന ഭാഗങ്ങളിൽച്ചെന്നു
മററുള്ള വിത്തുകൾ വീണു യഥാക്രമം
നൂറുമറുപതും മുപ്പതും മേനിയായ്
നേരേ മുളച്ചു വളർന്നിതാ വിത്തുകൾ."

പാമരന്മാരായ മർത്ത്യർക്കു വിത്തിൻെറ
പാഠം ശരിക്കു ധരിക്കാൻ കഴിഞ്ഞില്ല.

തന്നുടെ വാത്സല്യശിഷ്യരാ വേളയിൽ
മന്ദം ഗുരുവിനോടീവിധം ചോദിച്ചു.

"നാഥാ ഭവാൻ കഥാരൂപത്തിലോതുന്ന-
തെന്തെന്നതെല്ലാം ധരിപ്പീല ഞങ്ങളും"

ഉത്തരമോതിനാൻ "സ്വർഗ്ഗലോകത്തിൻെറ
തത്വം ഗ്രഹിക്കാൻ വരം കിട്ടി നിങ്ങൾക്കു

ഇന്നിക്കടൽക്കരെ വന്നണഞ്ഞോരിവ-
ർക്കൊന്നും ഗ്രഹിക്കാൻ ലഭിച്ചില്ലനുഗ്രഹം

ഇല്ലാത്തവർക്കുള്ള ശേഷമപഹരി-
ച്ചുള്ളവന്നേകുമവനേററിട്ടും ധനം

കണ്ടിട്ടു കാണാതെ, കേട്ടിട്ടു കേൾക്കാതെ
കാലം ജനങ്ങൾ നയിക്കയാലെപ്പോഴും

സാരമിയന്ന ദൃഷ്ടാന്തങ്ങളായി ഞാൻ
കാര്യങ്ങളോരോന്നുമുച്ചരിച്ചീടുന്നു.

കാതിനാൽ കേൾക്കുമെന്നാലും ഗ്രഹിക്കില്ല
കണ്ണിനാൽ നോക്കിടും കാണുകില്ലൊന്നുമേ

നിങ്ങളോ കേൾക്കയും, കാൺകയും ചെയ്കയാൽ
തിങ്ങുന്നു കർണ്ണനേത്രങ്ങൾക്കു ഭാഗ്യവും

പുണ്യവാന്മാരും പ്രവാചകവൃന്ദവും
ധ്യാനത്തിലേറെനാൾ കാത്തിരുന്നെങ്കിലും

കാണാൻ കൊതിച്ചതു കണ്ടില്ല ലേശവും
കേൾക്കാൻ കൊതിച്ചതു ഹന്ത! കേൾക്കാതെ പോയ്.

വിത്തുകൾവാരി വിതച്ച കൃഷകൻെറ
തത്വങ്ങളെന്തെന്നു നിങ്ങളോടോതിടാം

സ്വർഗ്ഗരാജ്യത്തിൻ വചനം ശ്രവിക്കവേ
സ്വാന്തത്തിലായതു ചേർത്തുവയ്ക്കായ്കയാൽ

ദുഷ്ടനടുത്തുവന്നാ വചനങ്ങളെ-
ത്തട്ടിയെടുത്തു കടന്നുകളയുന്നു.

പക്ഷികൾ വന്നങ്ങു കൊത്തിക്കൊറിക്കുന്ന
പാതവക്കത്തെ വിത്താണവയെന്നോർക്ക.

സ്വർഗ്ഗസദ്വാക്യങ്ങൾ കേൾക്കുന്ന വേളയി-
ലുൾക്കടാനന്ദമോടായവയേററിടും

ഖിന്നമാം ഭാവവും മററുള്ള ബാധയും
വന്നടുക്കുമ്പോളവൻ തളർന്നീടുന്നു.

വേരുറയ്ക്കായ്കയാൽ വേഗം നശിക്കുന്ന
പാറപ്പുറത്തെ വിത്താണാവചസ്സുകൾ

കേൾക്കുന്ന വേളയിൽ ദിവ്യമാം വാക്യങ്ങ-
ളൊക്കെയുമുള്ളിൽപ്പതിക്കുന്നുവെങ്കിലും

ഭൗമിക ചിന്തയും വിത്താഭിലാഷവും
പാരമവയെ ഞെരുക്കുന്നു നിർദ്ദയം

മുള്ളിന്നടിയിൽപ്പതിച്ചു വളരാതെ
മുററും നശിച്ചുപോകുന്നവിത്താണവ

നല്ലനിലത്തു പരക്കെപ്പതിച്ചഥ
നൂറുമറുപതും മുപ്പതും മേനിയായ്

വർദ്ധിച്ചിടും നല്ല വിത്തുകൾ ചേതസി
വീണു ഫലിക്കുന്ന വാക്യജാലങ്ങൾ താൻ."

## ശ്യാമാകദൃഷ്ടാന്തം

ദേശികൻ വീണ്ടുമുരച്ചാൻ മനോജ്ഞമാ—
മാശയം തിങ്ങുന്ന മറെറാരു സൽക്കഥ.

"സ്വക്ഷേത്രഭൂവിൽ സുബീജമൊരാളിട്ടു
സൽക്കൃതിയോടു സമാനം സുരാലയം

കർഷകൻ നിദ്രാവിലീനനായ് വാഴ്കവേ
ദുഷ്ടനാം ശത്രു നിലത്തിൽ പ്രവേശിച്ചു

ഗോധൂമമദ്ധ്യത്തിൽ ശ്യാമാകബീജവും
ഗൂഢംവിതച്ചു വിദൂരത്തിലോടിനാൻ.

ഞാറൊക്കെയും വളർന്നഗ്രത്തിൽ നൽക്കതി—
രാർന്നപ്പോൾ കാണായ് നിലത്തിൽക്കളകളും

കേദാരഭൂമിയ്ക്കുടയോന്റെ സേവക—
രേതും മടിക്കാതെ ചെന്നുരച്ചീടിനാർ

"നാഥാ, വയലിൽ വിതച്ചതു കേടററ
വിത്തല്ലീ? പിന്നീക്കളവന്നതെന്തുവാൻ?

"ശത്രുതാനീക്കൃതി ചെയ്തതു നിസ്തർക്കം"—
മോതിനാനീവിധമാവയലിൻ പതി.

വേഗത്തിൽ ഞങ്ങൾ ചെന്നാ കളയൊക്കെയും
ശേഖരിക്കട്ടെയെന്നാ ഭൃത്യരോതിനാർ.

"പോകേണ്ടയിപ്പോൾക്കളപിഴുതുമ്പൊഴാ—
ക്കോതമ്പുമൂഴിയിൽ നിന്നുവേർപെട്ടിടും

കോരയും കോതമ്പുമൊന്നായ് വളരട്ടെ
കൊയ്ത്തിന്നു പാകമാകുന്ന കാലംവരെ.

കൊയ്ത്തുകാലത്തു ഞാൻ കൊയ്യുന്നവരോടു
കൂട്ടാൻപറയും കളകളശേഷവും

കെട്ടുകെട്ടായവ തീയിൽച്ചുടാനുമാ–
ക്കോതമ്പു ശേഖരിക്കാനും കളങ്ങളിൽ.

കേദാരഭൂമിതൻ നായകനീവിധ–
മോതിനാൻ തന്നുടെ ഭൃത്യജനത്തോടായ്."

## കടുകുമണി

മറെറാരു ദൃഷ്ടാന്തമോതിനാൻ വിജ്ഞാന
മന്ദിരനാകുമിമ്മാനുവേലദ്വിനം.

"സ്വർഗ്ഗരാജ്യം കടുകിൻമണിയോടതി–
സാമ്യംവഹിക്കുന്നു മൽസഹജാതരെ,

മാനവനേകൻ ചെറിയതാമാവിത്തു,
തന്നുടെ കേദാരഭൂമിയിൽ ക്ഷേപിച്ചു.

നന്നായ് വളൎന്നു വലുതായി പക്ഷികൾ
വന്നാമരത്തിൻെറ കൊമ്പിനെപ്രാപിച്ചു.

നിസ്സാരമെങ്കിലുമക്കടുകിൻമണി
വിസ്താരമായി വളരുന്നപോലവേ

ദൈവസാമ്രാജ്യം വളർന്നു വരുമെന്നു
പാവനരൂപൻ ജനത്തെദ്ധരിപ്പിച്ചു.

## പുളിച്ചമാവ്

സൽഗുരു "കേൾക്കുവിൻ, പിന്നെയും കല്പിച്ചു,
സ്വർഗ്ഗീയരാജ്യം പുളിച്ചമാവിൻ സമം.

മൂന്നുപറവരും ഗോധൂമചൂർണ്ണത്തൊ-
ടൊന്നിച്ചു പാരം പുളിച്ചുമാവിട്ടഥ

പാത്രത്തിലെല്ലാം പുളിച്ചുവരുംവരെ
ഭദ്രമായ് നാരിയൊരുത്തി സൂക്ഷിച്ചതെ”

## ശ്യാമാകദൃഷ്ടാന്തസാരം

വീണ്ടും കഥകൾ കഥിപ്പതിൻമുന്നമേ
വിശ്വസ്തരാകിയ ശിഷ്യർ വിനീതരായ്

ശ്യാമകദൃഷ്ടാന്തസാരമുരയ്ക്കുവാ-
നിമ്മാനുവേലോടു സാദരമർത്ഥിച്ചു.

തെല്ലും മടിക്കാതെ കല്പിച്ചു തമ്പുരാൻ
തച്ഛിഷ്യരോടു ദൃഷ്ടാന്താർത്ഥമീവിധം

“സത്തായവിത്തു വിതപ്പവൻ മാനുഷ
പുത്രൻ, വയലോ പരന്നൊരീ ഭൂതലം.

സദ്ബീജമോ സ്വർഗ്ഗ സാമ്രാജ്യനന്ദനർ
ശ്യാമാകമോ ദുഷ്ടസന്താനസഞ്ചയം

തത്തൃണം വാരിവിതച്ചവൻ ശത്രുവാം
സാത്താൻ, ധരിക്ക കൊയ്ത്തീപ്രപഞ്ചക്ഷയം

നല്ലതും തീയതും കൊയ്തെടുക്കുന്നവർ
നാകലോകത്തിലെ ദൂതർതൻസഞ്ചയം

ശ്യാമാകമൊക്കെയും തീയിൽ ചുടുംവിധം
സംഭവിച്ചീടുമീ ലോകാവസാനത്തിൽ

മർത്ത്യപുത്രൻ നിയോഗിച്ചിടും ദൂതരെ
കേദാരഭൂമിയിൽ കൊയ്ത്തുനടത്തുവാൻ.

ധർമ്മവിരുദ്ധമായ് കർമ്മങ്ങൾ ചെയ്തിടും
ദുർമ്മദാവിഷ്ടരാം മർത്ത്യരെയൊക്കെയും

ദൂതന്മാരൊന്നിച്ചു ചേർത്തു വൻ ചൂളയി-
ലിട്ടു ദഹിപ്പിച്ചു ഭസ്മീകരിച്ചിടും

വല്ലാത്ത പല്ലുകടിയും കരച്ചിലും
നിൽക്കാത്ത മട്ടിലുണ്ടാകും തദാ തത്ര

നീതിമാന്മാരന്നു സത്യപിതാവിന്റെ
നിർമ്മലരാജ്യത്തിൽ മിന്നുമർക്കോപമം.

## ഗുപ്തവിത്തദൃഷ്ടാന്തം

കേൾക്കുവിൻ കേദാരഭൂവിൽ കുഴിച്ചിടും
വിത്തത്തിനോടു സമാനം സുരാലയം

കണ്ടാനൊരു നരനാ നിധി യാരോടും
മിണ്ടാതെ തന്റെ സമ്പാദ്യമഖിലവും

വിററിട്ടു ഗുപ്തനിധിയാം വയൽസ്ഥലം
വാങ്ങിപ്പുരം തുഷ്ടചിത്തനായ് വാണുതേ.

## ഉത്തമ മൗക്തിക ദൃഷ്ടാന്തം

സ്വർഗ്ഗരാജ്യം നല്ലമൗക്തികം തേടുന്ന
വർത്തകനോടു സമാനം ധരിക്കുവിൻ.

മൗക്തിക തല്ലജമൊന്നു കണ്ടെത്തവേ
സ്വത്തുക്കളൊക്കെയും വിററു വാങ്ങിനാൻ

## മത്സ്യവിവേചനാദൃഷ്ടാന്തം

നാനാതരം മത്സ്യമെല്ലാമകപ്പെടും
നീണ്ടവലയോടു സ്വർഗ്ഗരാജ്യംസമം.

മത്സ്യത്തിനാലതു സമ്പൂർണ്ണമാകവേ
മർത്ത്യൻ കരയ്ക്കതുമെല്ലെക്കയററിനാൻ.

സംഭരിച്ചൂ നല്ലജാതി മത്സ്യങ്ങളെ
സത്വരം കൊള്ളരുതാത്തവ തള്ളിനാൻ.

ലോകാവസാനത്തിലേവം നടക്കുമെ-
ന്നോർക്കണം ദുഷ്ടരെയെല്ലാം ത്യജിച്ചിടും.

തന്റെ നിക്ഷേപത്തിൽനിന്നും പുതിയതും
പ്രാക്തനമായതുമന്യർക്കു നൽകുന്ന

വീട്ടുടമസ്ഥനോടൊത്തവൻ താൻ സ്വർഗ്ഗ
രാജ്യത്തിൻ ശിഷ്യനായ്ത്തീരുന്ന മാനവൻ.

## തോണിയാത്ര

സാരോപദേശ സമീരനാലാജ്ജന-
ശ്രേണിതൻ മാനസപ്പൂക്കൾ വിരിയിച്ചു

തോണിയാം പീഠത്തിൽ വാണമഹാഗുരു
ക്ഷീണശരീരനായ് തീർന്നതോടൊപ്പമേ

ക്ഷോണീധരത്തിൻ തടത്തിൽ തളർന്നെത്തി
മാണിക്യദീപ്തി പരത്തിയ സൂരനും

വീതശബ്ദസ്ഥലവാസാഭിലാഷവും
വിശ്രമവാഞ്ഛയും, നിദ്രയ്ക്കൊരാശയും

കർത്താവിലപ്പോഴുദിച്ചു: ജനങ്ങളു-
മത്താഴമുണ്ണുവാനാസ്ഥലം വിട്ടുപോയ്

വമ്പിച്ച മാനവലക്ഷത്തോടൽപ്പവും
കമ്പമശാതെ സംഭാഷണം ചെയ്കയാൽ

കണ്ണംകുഴഞ്ഞ വേദാന്തമഹാനിധി
കപ്പർന്നഹമ്മിലേക്കന്നെഴുന്നള്ളീലാ.

തന്നാജ്ഞയാൽ തന്റെ ശിഷ്യരാത്തോണിയെ
മന്ദം നയിച്ചുപൂർവ്വാശാമുഖംനോക്കി

മുന്നോട്ടാത്തോണി ഗമിക്കവേ, പുത്തനായ്
ത്തന്നോടുചേർന്നൊരു ശിഷ്യനരച്ചിതേ.

“നാഥാ! ഭവാനെഴുന്നള്ളും സ്ഥലത്തെല്ലാം
സാദരം ഞാനനുഗമിക്കും ദൃഢം”

“പൊന്നും പണങ്ങളും മാനവും മോദവും
വന്നുചേരില്ലെന്റെ പിമ്പേ നടക്കുകിൽ

മാമകസാഹചര്യത്താൽ നിനക്കിന്നു
ഭൗമികലാഭങ്ങളൊന്നും ലഭിക്കില്ല.

മാളം നരിക്കുണ്ടു് പക്ഷിക്കു കൂടുണ്ടു്
മർത്ത്യാത്മജന്നില്ലിടം തലചായ്ക്കുവാൻ”

സർവേശനന്ദനൻ സർവ്വഭൂതിപ്രദ-
നേവം കഥിക്കവേ മററൊരാളോതിനാൻ

ഞാനും ഭവൽപ്പദാംഭോരുഹം സങ്കോച-
ഹീനംഭജിച്ചു പിന്നാലെ നടന്നിടാം

മൽപ്പിതാവിൻ ശവമൊന്നടക്കീടുവാൻ
മാത്രമെനിക്കനുവാദം തരേണമേ”

“വേണ്ട നീ തെല്ലുമേ താമസിച്ചീടാതെ
വന്നാലുമെന്നെയനുഗമിച്ചീടുക.

താതനാം സർവ്വേശനെല്ലാവരെക്കാളും
മീതെയാണെന്നു ധരിച്ചുകൊൾകുള്ളത്തിൽ

ജീവിച്ചിരിപ്പോരും മൃത്യുവിലാണ്ടോരും
ദൈവത്തിൻദൃഷ്ടിയിൽ ജീവിച്ചിരിപ്പവർ.

സംസ്കരിച്ചീടും മൃതരെ മരിച്ചവർ
സന്ദേഹമെന്നിയേ പോരുകെന്നാൻപരൻ

മൂന്നാമതങ്ങൊരാളീശനോടോതിനാൻ
"ഞാനും ഗുരുവിനെപ്പിന്തുടരാനുള്ളിൽ

എത്രയുമാശിപ്പൂ സ്നേഹിതന്മാരോടു
യാത്രചോദിയ്ക്കണമത്രമാത്രംമതി"

"പാടില്ലൊരിക്കൽക്കലപ്പയ്ക്കുകൈവച്ചു
പിന്തിരിഞ്ഞീക്ഷിച്ചുനിൽക്കുന്നമാനവൻ

സൗഭാഗ്യസമ്പൽപ്രദായകമാകിയ
സ്വർഗ്ഗലോകത്തിന്നനർഹനായ്ത്തീർന്നിടും"

ഇത്ഥമോരോതരം ചോദ്യോത്തരങ്ങളാ—
ക്രിസ്തുവും ശിഷ്യരുമായ് നടത്തീടവേ

വഞ്ചിയാം നീഡജം പായാം ചിറകുക-
ളഞ്ചിതമായി വിരിച്ചുപതുക്കവേ

നീരധിയാകുമാകാശമാർഗ്ഗത്തൂടെ
നീന്തീകിഴക്കുള്ളതീരത്തെ ലാക്കാക്കി.

## ചണ്ഡവാതനിവാരണം

വിശ്വസ്തരാകിയ ശിഷ്യരാവഞ്ചിയെ
നിശ്ചിതലക്ഷ്യത്തിലേക്കു നയിക്കവേ

ക്രിസ്തുനാഥൻ പരിക്ലാന്തനായ്ത്തോണിതൻ
കോണിലൊരേടത്തുറങ്ങിനാൻ ഗാഢമായ്.

നിദ്രയിൽ സർവ്വപ്രപഞ്ചനിയന്ത്രകൻ
നിർല്ലീനനാകയാൽ ഭൗമികശക്തികൾ

പ്രാഭവംകാട്ടാനൊരുങ്ങി തല്ലക്ഷണം
പ്രത്യക്ഷമാകാൻതുടങ്ങി ജലധിയിൽ

ഏതോഭയങ്കര രാക്ഷസഹൂൽക്കാര–
മെന്നപോൽ ദൂരത്തൊരാരവം കേൾക്കായി

ആർദ്രമാം നീലാംബരം വിരിച്ചിട്ടപോൽ
ശാന്തമായ്ക്കല്ലോല മാലകളെന്നിയേ,

കേവലം ധ്യാനനിരതനായ് വാഴുന്ന
പാവനശീലനാം താപസനെന്നപോൽ,

നിശ്ചലമായിക്കിടന്നൊരു സാഗരം
സംശയിച്ചേതോ മഹാവിപദാഗമം

ചക്രവാളത്തിലന്നേരമൊരേടത്തു
ചക്രപ്രഭഞ്ജന വിക്രിയ കാണായി

ആരാലതോടിയണഞ്ഞു കടലിന്റെ
തീരമിടിച്ചുതകർക്കാനൊരുമ്പെട്ടു.

വിണ്ടലമെല്ലാംമിരുണ്ടു കുലദ്രുമ
മണ്ടകളെല്ലാംമൊടിഞ്ഞുവീണൂഴിയിൽ

വാരിധി ചാടിക്കുതിച്ചു മേലോട്ടു പോയ്,
വാനിലെത്താരപ്രദീപങ്ങൾ കെട്ടുപോയ്.

കർത്താവുറങ്ങിക്കിടന്ന പടവിനെ
കല്ലോലവൃന്ദമുരുട്ടിമറിയ്ക്കയായ്

കാണാതെയാം തോണി തെല്ലുന്നേരത്തേക്കു
കാണുമനന്തരം വീചികൾമേലെയായ്

കാററടിച്ചാട്ടം ദ്രുമങ്ങൾക്കിടയിലൂ-
ടർദ്ധചന്ദ്രാകൃതി കാണുന്നപോലവേ.

പാരിടമെല്ലാമുരുണ്ടുവരും വിധ-
മാരവമുച്ചത്തിലെങ്ങുമേ കേൾക്കായി

പാരമലറി സമുദ്രം, തരംഗങ്ങൾ
പാരങ്ങളെച്ചെന്നു തല്ലിപ്പൊടിയ്ക്കയായ്

കല്ലോലമാർത്താർത്തു തോണിക്കകത്തേറി
മെല്ലവേ താഴാൻ തുടങ്ങിയാ വാഹനം

നിദ്രയാം കൂരിരുൾക്കോട്ടയിലീവക-
യേതുമറിയാതെ നീതിസൂര്യൻ വാണു.

ദേശികവര്യനും തങ്ങളും തോണിയു-
മാത്തുമറഞ്ഞുപോമബ്ധിതൻ കുക്ഷിയിൽ

കർത്തവ്യമെന്തിനിയെന്നൊക്കെയോർത്തല-
മാർത്തരായ് സംഭ്രാന്തരായൊരാശിഷ്യന്മാർ.

എങ്കിലും നാഥനെച്ചെന്നുണർത്തീടുവാൻ
ശങ്കപൂണ്ടാർ പരമാദരവായ്പിനാൽ

വാരിയാം രാക്ഷസി കാലിൽപ്പിടിച്ചുടൻ
വാരിധിക്കുള്ളിലേക്കാഴ്ത്തുമെന്നോർക്കയാൽ

പാരമലറിക്കരഞ്ഞാർ, പതുക്കവേ
മേരീകുമാരനെത്തൊട്ടുണർത്തീടിനാർ

"നാഥ, ഗുരോ, ദേവ, രക്ഷിക്ക രക്ഷിക്ക
നാഥാ നശിക്കാൻ തുടങ്ങുന്ന ഞങ്ങളെ"

മാരുതാക്രോശത്തൊടൊത്താപ്രരോദനം
മാനവേന്ദ്രൻ തന്റെ കർണ്ണത്തിൽ വീണതേ

സംഭ്രമം കൂടാതുണർന്നെഴുന്നേററവടൻ
ശാന്തമാം വാക്കിനാൽ ശാസിച്ചു കാററിനെ

പെട്ടെന്നൊളിച്ചാൻ പ്രഭഞ്ജനൻ ദൂരത്തു,
ചാട്ടവും നിർത്തീ തരംഗശൈലാവലി

"തീരെക്കരുത്തററ കൂട്ടരെ, ശിഷ്യരെ,
ഭീരുക്കളേ നിങ്ങളല്ലവിശ്വാസികൾ

നിങ്ങളെന്തിത്രഭയപ്പെട്ടു"വെന്നേവം
മംഗളശീലൻ കഥിക്കവേ, മററുള്ളോർ

"ആരിവനാരിവൻ ചണ്ഡവാതത്തെയും
വാരിധിയേയുമടക്കുവോനെ"ന്നോതി.

## ഭൂതനിഷ്കാസനം

അഗ്ഗരസേന്യദേശത്തു ചെന്നീടവെ
ചിക്കെന്നൊരാൾ തിരുമുമ്പിൽ കിതച്ചെത്തി.

വർഷങ്ങളേറെയായ് ദുർഭൂതബാധയാൽ
ക്ലേശിച്ചു നാടും കുടുംബവും കൈവിട്ടു

പ്രസ്തരസ്ഥലങ്ങളിൽപ്പെട്ട ശവക്കോട്ട-
ക്കുള്ളിലെക്കന്ദരാന്തങ്ങളിലേകനായ്

കാലം കഴിച്ചോരു സാധു യുവാവത്രേ
ക്രിസ്തുദേവൻെറ സമക്ഷത്തിൽ നിന്നവൻ.

പാരം പരിഷ്കാരഭാസുരമാണെന്നു
പണ്ടുള്ളോരെണ്ണിയ കാലത്തുമങ്ങെങ്ങും

ഇല്ലായിരുന്നു പോലാതുരശാലയും
വല്ലാത്ത ഭ്രാന്തരെപ്പോററുമിടങ്ങളും.

ചിത്തഭ്രമംപൂണ്ടമർത്ത്യരെക്കാണുകിൽ
സത്വരമാക്കൂട്ടരെ ത്യജിക്കും ജനം

പട്ടണക്കോട്ടയ്ക്കുമപ്പുറത്താളുക-
ളൊട്ടും കനിവെന്യേ തള്ളിയോടിക്കയാൽ

കാട്ടിലും, താഴ്വരതന്നിലും, പാറതൻ
പോട്ടിലും ചെന്നവരാശ്രയം തേടിനാർ

നാട്ടിൽക്കടക്കാനെളുതല്ല, ചെല്ലുകിൽ
നാട്ടുകാരൊന്നിച്ചവരോടെതിരിടും.

ഭ്രാന്തർക്കുമുണ്ടുശരീരം, ശരീരത്തെ-
ബ്ഭേദിക്കുകിൽ നോവുമാപ്പരിത്യക്തർക്കും,

കാട്ടിൽ യഹൂദന്മാർ കല്ലറയായിട്ടു
പാട്ടിൽസ്സൂക്ഷിച്ച ശിലാഗഹ്വരങ്ങളിൽ

ഏറെനാൾ ദുഷ്ടമൃഗങ്ങളെപ്പോലവേ
പാരാതെ വാഴ്കയാലാ സാധുവിൽച്ചേർന്നു

ദുർവാസനകളെ- ദുഷ്ടമൃഗത്തിന്റെ
ഭാവത്തെ നീക്കാനസാദ്ധ്യമായ്ത്തീർന്നതേ.

ഭൂതസംഗ്രസ്തനാ, ബ്ഭീകരകന്ദര-
ഭ്രാന്തദുർഗ്ഗന്ധസമ്മേളിതജീവിതം;

ഹന്ത, ദിനങ്ങളമ്മട്ടു കടക്കവേ,
ഭ്രാന്തിന്റെ നിർമ്മാണശാലയായ്ത്തീർന്നവൻ

ജന്മനാ ചാപല്യമുള്ളൊരു വാനര-
നുന്മാദജന്യമാം മദ്യവും സേവിച്ചു

തേളിന്റെ വിലിനാൽ കുത്തേററു നീറവേ
ചീളെന്നു ഭൂതം കടന്നു പിടിക്കുകിൽ

എന്തായിരിക്കാമവസ്ഥയാ ക്ഷുദ്രമാം
ജന്തുവിന്നാ, മട്ടിലായി യുവാവവൻ.

ബന്ധുക്കൾ ശൃംഖലകൊണ്ടു പലപ്പോഴും
ബന്ധിപ്പതിന്നു തുടങ്ങിയാബ്ബ ഭ്രാന്തനെ.

പാരാതാബ്ഭ്രാന്തനിൽത്താനേ കുടിയേറി
പ്പാർത്തിരുന്നോരു വൻ ഭൂതത്തിൻ ശക്തിയാൽ

എത്രയോ ശൃംഖലക്കണ്ണികൾ പൊട്ടിപ്പോയ്
ശക്തന്മാരെത്രപേർ താഴത്തു വീണുപോയ്.

അന്ത്യത്തിലെല്ലാജനങ്ങളുമാബ്ഭൂത-
ബന്ധിതാത്മാവിനെ കൈവിട്ടു പൂർണ്ണമായ്.

പാറതൻ പോട്ടിലും കുണ്ടിലും ചേററിലും
പേടിയുണ്ടാക്കീടുമേകാന്തദിക്കിലും

രാപ്പകലട്ടഹാസം മുഴക്കിപ്പല-
നാട്ടാരിൽ ഭീതിയും സംഭ്രാന്തിയും ചേർത്തു.

നേരെ തനിക്കുമന്യർക്കുമത്യാപത്തു
പാരമണച്ചു നടന്നാൻ ദുരാത്മകൻ.

നഗ്നനാമാബ്ഭ്രാന്തനത്രേ മശീഹ തൻ
മുമ്പിലാകസ്മികം പ്രത്യക്ഷനായവൻ.

ശിഷ്യർതൻ ദേഹത്തു ചാടി വീഴാഞ്ഞതു
ദേശികൻ നിന്നതു കൊണ്ടാണെന്നോർത്തവർ.

എന്തവൻ ചെയ്തിടുമെന്നു ചിന്തിച്ചു, സം-
ഭ്രാന്തമനസ്കരായ് കാണികൾ നിൽക്കവേ,

ശ്രീപാദപങ്കജസീമയിലായവ-
നാപതിച്ചാനൊരു കാട്ടുകമ്പന്നപോൽ.

"നീയാരു?" ശ്രീയേശു ചോദിച്ചു, "താവക
നാമമെന്തി"ങ്ങനെ ഗംഭീരഭാവനായ്

"ഞാനൊ ലഗിയോനെന്നോടൊത്തു വാണിടു-
ന്നെന്നേക്കണക്ക ദുർഭൂതങ്ങളായിരം."

കഷ്ടമാമർത്ത്യനവൻെറ നാമത്തെയും
പാടേയുപേക്ഷിച്ചു കൈക്കൊണ്ടു ഭൂതത്തെ.

ക്രിസ്തുദേവൻെറ തൃക്കണ്ണുകൾ വീശിയ
സത്വഗുണപ്രകാശത്തിൻ പ്രഭാവത്താൽ,

വല്ലാതെ വേപഥുഗാത്രനായ്ത്തൻകരം
വാനിലേക്കാഹന്ത പൊക്കിയരുളിനാൻ

"എന്നെത്തുലയ്ക്കരുതേ ജഗന്നായക
മന്നിൽ ഞാൻ ജീവിതം പേറിനടക്കട്ടെ.

ദൂരത്തുകാണുമാക്കുന്നിൻ മുകളിലായ്
മേയുന്ന പന്നികളിൽ ഞാൻ പ്രവേശിക്കാം."

കർത്താവനുവാദമേകിനാനപ്പൊഴേ
ഭൂതങ്ങൾ പന്നികൾക്കുള്ളിൽ പ്രവേശിച്ചു

ഓർത്തിട്ടുണ്ടാവാമവരാറകളാസ്സ്വാദ്യ-
ജന്തുക്കളിൽച്ചെന്നു പൂകിയാൽ നിർണ്ണയം

ശാന്തിയും സൗഖ്യവും കൈക്കൊണ്ടനേകംനാൾ
പാർത്തുരസിക്കാമെന്നുള്ളിലാവേളയിൽ.

മർത്ത്യരെപ്പോലും കൊടുങ്കാററിൽപ്പെട്ടൊരു
പത്രത്തെപ്പോലെ പറപ്പിക്കും ഭൂതങ്ങൾ

പന്നികൾക്കുള്ളിൽക്കടന്നപ്പോളജ്ജന്തു
വൃന്ദത്തിനുണ്ടായ ഭാവം ഭയങ്കരം

ഘോരാനലൻ പിടിപെട്ട വനം വിട്ടു
പാരം പരിഭ്രമിച്ചോട്ടം പടിക്കഹോ

പന്നികളൊക്കയും കണ്ണുമടച്ചുകൊ–
ണ്ടുന്നതമായൊരാക്കുന്നിൻപുറംവിട്ടു

താഴോട്ടുപാഞ്ഞുപോയ്ത്താപോപശാന്തിക്ക–
ന്നാഴിയിൽച്ചാടിത്തുലഞ്ഞുപോയൊന്നോടെ

പന്നിക്കൂട്ടങ്ങളെപ്പാലിച്ച വേലക്കാ–
രന്നേരമമ്പരന്നോടിക്കിതച്ചെത്തി

പട്ടണവാസികൾക്കുൾക്കമ്പംകൊള്ളുമാ–
റൊട്ടെല്ലാമുണ്ടായ വൃത്താന്തമോതിനാർ

ഭൂതങ്ങളെക്കൂടി സംഭ്രമിപ്പിച്ചിട്ടും
ശക്തിമാനാരെന്നറിഞ്ഞിടാനാളുകൾ

കോളാർന്ന വാരിധിക്കുള്ളിലേക്കല്ലോല–
ജാലംകണക്കിരച്ചെത്തി തദ്രംഗത്തിൽ.

ഭീകരനേത്രനായ്, പാരം മലീമസ–
മാകിയ ഗാത്രനായ്, കാണുന്നോരൊക്കെയും

ദൂരത്തുപായുമാറൽക്കടം ഗർജ്ജിച്ചും
നീരാഴിതന്നുടെ തീരത്തു്, ചാരത്തെ

പ്രസ്തരകന്ദരം മന്ദിരമാക്കിക്കൊ–
ണ്ടത്തലചിലക്കും ചേത്തോരാ ദുർഭൂതം

മാലററമഞ്ജുളരൂപൻ കുമാരനെ–
പ്പോലവേ നില്പതുകണ്ടാർ മഹാജനം.

വീതവാസസ്സല്ലവൻ തദാ വസ്ത്രവാൻ
ഭൂതമല്ലുത്തമഭക്തശിരോമണി.

വൎത്തിച്ചാൻ വൃദ്ധ്യാൎത്ഥിയെന്നപോൽക്രിസ്തുവിൻ
പാദപങ്കേരുഹയുഗ്മക പ്രാന്തത്തിൽ.

ഭീതിയുമൽഭുതവായ്പുമമർഷവും
ഭൂതമായ്ക്കാണികൾക്കുള്ളിലാവേളയിൽ.

പ്രേതങ്ങളായ്ത്തീർന്ന പന്നികളെങ്കിലും
ഭൂതസംബാധിതൻ പൂതനായ്ത്തീൎന്നതേ.

കൂടിവന്നോർ കഥയൊക്കെനിനച്ചെന്തോ
പേടിച്ചപോലെ വിവൎണ്ണവദനരായ്

വെമ്പിയുമുൾക്കളംവെന്തും ശ്രീയേശുവേ
കമ്പിട്ടപാരം വിനീതരായ് യാചിച്ചു.

“ഞങ്ങളെത്തെല്ലുമുപദ്രവിക്കാതിപ്പോ–
ളങ്ങുവേറെ ദിക്കിലേക്കു ഗമിച്ചാലും.”

കാണികളീവിധമോതിയെന്നോൎത്തും
കോപിച്ചതില്ലാ സദാനന്ദസന്മൂൎത്തി

ഭൂതവിമുക്തനാം ഭക്തനോടോതിനാൻ
ഭൂതിപ്രദൻപരം കാരുണ്യപൂൎവ്വകം

“ഞാനിന്നു നിന്നിലനുഷ്ഠിച്ചതൊക്കെയും
ഞാനിന്നുനിന്നിൽ കൃപാമൃതംപെയ്തതും

മാത്രനേരം താമസിക്കാതെ നീ ചെന്നു
മിത്രങ്ങളോടറിയിക്ക വിശദമായ്.”

ആതിഥേയത്വമില്ലാത്തൊരബ്ഭൂഭാഗ-
മാദിനാഥാത്മജൻ കൈവിട്ടു സത്വരം.

“പാവനമായവ പട്ടിക്കു നൽകൊലാ
പന്നിക്കു മുമ്പിലായ്മുത്തെറിഞ്ഞീടൊലാ.”

ഏവം സ്വശിഷ്യരെ മാതൃക കാണിച്ചു
സാവകാശത്തിൽ പഠിപ്പിച്ചു ദേശികൻ

## പക്ഷഘാതിയുടെ സുഖപ്രാപ്തി

ഭാനുമാനുച്ചസ്ഥനായൊരു വേളയിൽ
ഗന്നസരേത്തതിലെത്തി മഹേശ്വരൻ.

കൂലപ്രദേശംനിറഞ്ഞു ജനങ്ങളാൽ
ശ്രീലനണഞ്ഞെത്തുന്നതിന്നൊക്കെ മുന്നമേ.

നേരേകരയിലിറങ്ങിയെഴുന്നള്ളി
മേരീകുമാരകൻ കപ്പർന്നഹോമതിൽ.

പത്രോസിൻ മന്ദിരദ്വാരത്തിലെത്തിനാൻ
പത്തുനൂറായിരം പേരും സമീപിച്ചു.

തള്ളിത്തിരക്കി വെളിയിൽ ജനം നിൽക്കെ-
യുള്ളിൽ കടന്നാൻ മഹാകർമ്മയോഗിയും

പക്ഷം തളർന്നു നിതാന്തം പണിപ്പെട്ടു
നക്ഷത്രമെണ്ണിക്കഴിച്ചോരു രോഗിയെ

നാലുപേർ പൊക്കിയെടുത്തു ശ്രീയേശുവിൻ
ചേലാർന്ന പാദത്തിൽ ചേർക്കാനുഴറിനാർ.

ദുർഗ്ഗമമാകിയ കോട്ടകളെന്നപോ-
ലർഗ്ഗളം വായ്പിച്ച മാനുഷസഞ്ചയം

ക്രിസ്തുദേവൻ വാണ മന്ദിരത്തിൻ മുമ്പിൽ
പന്തിക്കുനിൽക്കയാൽ നൈരാശ്യമാന്നവർ

മന്ദിരംതന്നുടെ പിന്നിലായ്ച്ചെന്നെത്തി
മന്ദം കരേറിനാർ മന്ദിരച്ഛദമേൽ

മേൽപ്പുരതെല്ലുപൊളിച്ചിട്ടു, രോഗിയെ
നാല്വരും ചേർന്നുടൻ പാശത്താൽ ബന്ധിച്ചു

സൂക്ഷിച്ചും പേടിച്ചും മെല്ലവേ താഴോട്ടു
തൽക്ഷണം തഴ്ത്തിനാർ വിശ്വാസവായ്പോടെ.

വാനിൽനിന്നെത്തും പരുന്തുപോൽ, തന്നുടെ
മുന്നിലണഞ്ഞോരു രോഗിയെക്കണ്ടുടൻ

"വിശ്വാസധീരരിവനെയിറക്കിയോ"-
രാശയം തന്നിലിമ്മട്ടുരച്ചോതിനാൻ

"ഓമൽത്തനുജ, നീ ധീരത കൈക്കൊൾക,
നീ മുക്തനായ്ത്തീർന്നു നിന്നഘത്തിൽനിന്നും"

നോക്കിനിന്നോരു പരീശസാദൂക്യന്മാ-
രുൾക്കടാമർഷത്താൽ കൺകൾ ചുകപ്പിച്ചു.

കർത്താവവരുടെ ചിന്തതൻ ചിത്രമുൾ-
ക്കണ്ണിനാൽ സ്പഷ്ടമായ്ക്കണ്ടറിഞ്ഞിട്ടുടൻ,

"മുക്തനായ് പാപത്തിൽനിന്നെന്നുരയ്ക്കയോ
പോക; കിടക്കയെടുത്തെന്നു ചൊൽകയോ

യോജിച്ചതേതെ"ന്നു ചോദിക്കവേ ജനം
യോജിച്ചു മൗനംഭജിച്ചുവസിച്ചുപോയ്.

"പാപവിമോചനം നൽകാനെനിക്കിന്നു
പ്രാപ്തിയുണ്ടെന്നു ധരിക്കുവാൻ നിങ്ങൾക്കു

വേണമോ ബുദ്ധിയും ശക്തിയും പ്രത്യേക"-
മെന്നു നാഥൻ ജനത്തോടരുളീടിനാൻ

പുണ്യവാൻ രോഗിയോടായഥ കല്പിച്ചു
"നീ, നിൻ കിടക്കയെടുത്തു നടക്കുക"

കട്ടിലുംപൊക്കിയെടുത്തവൻപോകവേ
കൂട്ടം വിനീതരായ് മാർഗ്ഗമൊരുക്കിനാർ.

കാണികളത്ഭുതാധീനരായ്ത്തീരവേ
മുക്താതുരൻ കർത്തൃനാമം പുകഴ്ത്തിനാൻ.

"സംഭവമീദൃശം നാമിദ്ദിനംവരെ
സംവീക്ഷിച്ചിട്ടില്ലെ"ന്നോതി ജനാവലി

## മഹാവിരുന്ന്

മന്നവ നന്ദനനായ മഹാഗുരു
പിന്നീടെഴുന്നള്ളി സാഗരപ്രാന്തത്തിൽ

തത്രചെന്നെത്തിയ മർത്ത്യവൃന്ദത്തോടു
തത്വോപദേശങ്ങളോതിനാൻ സുവ്യക്തം

കർത്താവനന്തരമബ്ധികൂലംവിട്ടു
"മത്തായി"തന്നുടെ മന്ദിരംപ്രാപിച്ചു

കെങ്കേമമായ വിരുന്നൊന്നുകൊണ്ടാടി
മംഗളശീലനാം മത്തായി സാദരം

പാപച്ചെളിയിൽ നടന്നു മലീമസ-
പാദരായ്ത്തീർന്ന ജനങ്ങളനവധി

ചന്തംവരുത്തിയ ഭോജനശാലയിൽ
പന്തിക്കിരുന്നു വിരുന്നുണ്ടുമേളിപ്പാൻ.

പാരം പരിശുദ്ധമൂർത്തിയാം യേശുവും
പാപികളോടൊത്തു പന്തിയിൽവർത്തിച്ചു.

അന്നവിടുണ്ടായിരുന്ന പരീശർക്കു
മാനസം തൽക്കാഴ്ചകണ്ടു വിജൃംഭിച്ചു.

"പാപംതൊടാത്തവനെന്നു നരകുലം
പാരാതെകൊണ്ടാടുമിമ്മാനുവേലിതാ

തിന്മയിൽത്തന്നേകിടന്നു ദിനംപോക്കു-
മിമ്മാനവന്മാർക്കുമദ്ധ്യേ വസിക്കുന്നു.

ശുദ്ധജലംചെന്നു ചേറും ചെളികളു-
മൊത്തജലത്തോടു യോജിക്കുകിൽ ക്ഷണം

രണ്ടും കലങ്ങിയവെള്ളമാമെന്നെന്തു-
കൊണ്ടിവൻ ചിന്തിക്കാതീവിധംവാഴുന്നു?

എന്തിതെ"ന്നുള്ളിൽ നിനച്ചാരെന്നാകിലും
സ്വാന്തഭീതികൈക്കൊണ്ടു നേരിട്ടുചോദിപ്പാൻ.

ശിഷ്യന്മാരോടവർ ചോദിച്ചു "ഭാവൽക്ക
ശിഷ്ടനാം നായകൻ ചിന്താരഹിതനായ്

പാപികളായ ജനങ്ങളുമൊന്നിച്ചു
പന്തിയിൽ ഭുക്തികഴിക്കുന്നതെന്തിതേ."

പെട്ടെന്നറിഞ്ഞു പരേംഗിതജ്ഞൻ കാര്യ-
മൊട്ടും മടിക്കാതുരച്ചാൻ മറുപടി

"പാതകന്മാരെത്തിരഞ്ഞിടാനല്ലാതെ
നീതിമാന്മാരെത്തിരക്കി ഞാൻ വന്നില്ല

ആലയിലാപത്തുകൂടാതെ വാണീടു-
മാടുകൾക്കായി ഞാൻ ജന്മമെടുത്തില്ല.

പാതവിട്ടങ്ങിങ്ങു കാട്ടിലും മേട്ടിലും
പാഞ്ഞിടുംമേഷവൃന്ദങ്ങളേത്തേടുവാൻ

സദ്വചനാമൃതം സാധുക്കൾക്കേകുവാൻ
സാദം കലർന്നോരിൽക്കാരുണ്യം തൂകുവാൻ

ഏത്തട്ടാം പാറമേൽ സാരോപദേശമാം
വിത്തുകൾ വാരിവിതയ്ക്കാതിരിക്കുവാൻ

ദാരിദ്ര്യപീഡയാം വഹ്നിതൻ ജ്വാലയിൽ
നീറുന്ന മർത്ത്യർക്ക് ശൈത്യമണയ്ക്കുവാൻ

മാലിന്യമല്പ്പവുമേശാത്ത മർത്ത്യരിൽ
മേലിൽനിന്നുള്ള വരങ്ങൾ പൊഴിക്കുവാൻ

ദേവലോകം വിട്ടുവന്ന ഞാനീ"വിധം
ദേവകുമാരനവരോടുരയ്ക്കവേ

നാഥനുമായൊരു വാദം നടത്തുവാ-
നുദ്യമിച്ചിങ്ങനെ ചോദിച്ചു വൈരികൾ

"യോഹന്നാൻ തന്നുടെ ശിഷ്യന്മാരെപ്പോഴു-
മാഹാരം കൈവിട്ടുപവസിച്ചീടുന്നു.

ചട്ടംവിടാതെ പരീശശിഷ്യന്മാരു-
മൊട്ടും മടിച്ചിടാതങ്ങനെ ചെയ്യുന്നു.

താവകശിഷ്യന്മാർ പൂർവ്വനിയമത്തെ-
കൈവിട്ടു തിന്നും കുടിച്ചും രസിക്കുന്നു!"

വൈരിവൃന്ദത്തിൻ മനസ്സറിഞ്ഞീശ്വര-
നാരാൽ മറുപടിയോതിനാനീവിധം.

"ഉത്തമമാണുപവാസമെന്നാലന്യ
മർത്ത്യരെ നിന്ദിക്കാനുള്ളൊരുപായമായ്

നിങ്ങളതിനെക്കരുതിയാലായതു
മംഗളനാശകമായ് വന്നുകൂടിടും

കേൾക്കുവിൻനിങ്ങളുപാസമെന്നതു
ഭക്ഷണം മാത്രമുപേക്ഷിക്കലല്ലേതും.

വമ്പിച്ചതിന്മയെത്തന്നുള്ളിൽ വച്ചുപ-
വാസമനുഷ്ഠിച്ചാലെന്തുണ്ടൊരു ഫലം!

വേണ്ടതോഴക്കുപവാസം മണവാളൻ
കൂടെവസിക്കുന്ന സന്തോഷകാലത്തിൽ

എത്തുംമണവാളൻ മറയുന്ന ദുഷ്ക്കാല-
മന്നുപവാസമനുഷ്ഠിക്കണംദൃഢം.

പുത്തനാം വസ്ത്രത്തിൻ ഖണ്ഡംപഴകിയ
വസ്ത്രത്തിൽ തുന്നിപ്പിടിപ്പിക്കുമാറില്ല

ആരാനുമങ്ങനെ ചെയ്യുകിൽ നവ്യമാ-
മംശുകഖണ്ഡം പറിഞ്ഞുവേറായിടും.

ആരും നവീനമാം വീഞ്ഞു പഴകിയ
തോൽക്കുടംതന്നിൽ പകരുമാറില്ലല്ലോ.

ആരാനുമങ്ങനെ ചെയ്യുകിലാവീഞ്ഞു
തോൽക്കുടം പൊട്ടിച്ചൊഴുകി നശിച്ചുപോം.

പുത്തനാം വീഞ്ഞു പകൎന്നുവയ്ക്കേണ്ടതു
പുത്തനാം തോൽക്കുടം തന്നിലത്രേ സദാ

നന്നായ്പ്പഴകിയ വീഞ്ഞുകുടിപ്പവൻ
നന്നല്ല പുത്തനാം വീഞ്ഞെന്നുരച്ചിടും."

## യായിറാസിൻെറ പുത്രി

യൂദവൃന്ദത്തിൻെറ ഭക്ത്യാദരങ്ങൾക്കു
പാത്രമായ് "സന്നിദ്രീം" സംഘപ്രമാണിയായ്

വൎത്തിച്ചിരുന്നൊരു മൎത്ത്യനന്നേരത്തു
സത്വരമോടിയണഞ്ഞു തദംഗത്തിൽ.

ക്രിസ്തുവിൻ പാദത്തിൽ വീണാൻ നിരാശ്രയൻ
കണ്ഠമിടറിക്കഥിക്കുകയായേവം

"മാമക പ്രാണനും പ്രാണനാം നന്ദിനി
മാമകദിവ്യസമ്പത്താകുമോമലാൾ

മാരണവക്ത്രത്തിൽപ്പെട്ടുകഴിഞ്ഞു, നിൻ
കാരുണ്യമുണ്ടെങ്കിൽ ജീവിക്കും നിശ്ചയം

ഭാവൽക്കദിവ്യമാം വാക്സുധയാൽ നിത്യ
ഭാവുകമുണ്ടാകും ദേവേശ നന്ദന"

ചിത്തമലിഞ്ഞു നൃപോത്തമൻ ചിന്മയൻ
സത്വരം തന്നുടെ ശിഷ്യരുമൊന്നിച്ചു

ലോകപ്രമാണിയാം മർത്ത്യൻെറ പിന്നാലെ
ശോകം കളയുന്നതിന്നെഴുന്നള്ളിനാൻ

തീരംകവിഞ്ഞൊരു യോർദ്ദാൻനദിപോലെ
പാരമിളകിനടന്നു ജനാവലി.

യോഹന്നാൻ സ്നാപകൻ തന്നുടെ ശിഷ്യന്മാർ,
യൂദപ്രമാണികൾ, വേദാന്തവിജ്ഞന്മാർ

ബാധിര്യം ബാധിച്ചോർ, കണ്ണുകാണാത്തവർ
ഭൂതം പിടിച്ചവർ വാതം മുഴുത്തവർ

കൗതുകപ്രേരിതർ, കാപട്യമേറിടും
ഭക്തന്മാർ, കോലാഹലത്തിൽരസിപ്പവർ

തൽക്ഷണം ദിവ്യഭിഷഗ്വരൻതന്നുടെ
പിന്നാലെക്കൂടിനാരൽഭുതം കാണുവാൻ

യാത്രയിൽത്തിക്കുംതിരക്കും വർദ്ധിക്കയാൽ
യായിറോസിന്നു വളർന്നു മഹാഭയം

തഃന്നാമനപ്പുത്രികാലൻെറമന്ദിരം
തന്നിൽ പ്രവേശിച്ചിരിക്കാമെന്നോർത്തവൻ.

പെട്ടെന്നൊരാളപ്പോളോടിവന്നോതിനാൻ
കഷ്ടംതൽപ്പുത്രിതൻ നിര്യ്യാണവൃത്താന്തം

"ബദ്ധപ്പെടുത്തേണ്ടാ ദേശികവര്യനെ
ബുദ്ധവേഗം നമുക്കെത്താം ശവാന്തികം"

ഈവിധമാഗതൻ യായീറോസിൻമുമ്പി-
ലാവിലചിത്തനായ് ചൊന്നുനിന്നീടവേ

"വിശ്വസിച്ചാലും നീ ഭീതിവെടിഞ്ഞെ"ന്നു
വിശ്വൈകനാഥൻ ശതാധീശനോടോതി.

വേഗം നടന്നു യായ്റോസിൻെറ മന്ദിരം
പൂകിനാൻ നിർജ്ജീവദേഹത്തെ ദർശിച്ചാൻ

മാറത്തടിക്കുന്നിതൊട്ടുപേരൊട്ടുപേർ
മണ്ണിലുരുണ്ടു നിലവിളിച്ചീടുന്നു

"ബാലമരിച്ചില്ലുറങ്ങുകയാണത്രേ"
മാലകന്നേവമുരച്ചാൻ മഹേശ്വരൻ

"ബാലേ,യെഴുന്നേൽക്കനീ"യെന്നു കൽപ്പിച്ചു
ബാലതൻ കൈക്കുപിടിച്ചു മഹാഗുരു

മാതാപിതാക്കന്മാരൽഭുതാവിഷ്ടരായ്
നാഥൻെറപാദത്തിൽ ശീർഷംവണങ്ങവേ!

നിദ്രയിൽനിന്നെന്നപോലാക്കുമാരിയും
നിന്നാളുണർന്നെഴുന്നേററുപതുക്കവേ.

നന്ദിനിറഞ്ഞു തുളുമ്പുകയാൽപ്പദ-
മൊന്നുമേതോന്നാതെ യായിറോസ് നിൽക്കവേ

നിഷ്ക്കാമകർമ്മിയാം നിർമ്മലൻ ശ്രീയേശു
നിഷ്ക്രമിച്ചാൻ വേഗമാ വീട്ടു കൈവിട്ടു.

## രക്തസ്രാവ നിരോധനം

കർത്താവു "യായിറോസിൻ" ഗൃഹംലാക്കാക്കി
സത്വരം പോകവേ, സംഭവമൊന്നുണ്ടായ്.

രക്തസ്രാവം പിടിച്ചീരാറുവത്സര-
മാർത്തിക്കിരയായി വാണോരു നാരിയാൾ

വംശജർ, ബന്ധുജനങ്ങളയൽ വാസി-
വൃന്ദങ്ങളെന്നിവരൊക്കെ ത്യജിച്ചവൾ;

പാരം വിദഗ്ദ്ധരാം വൈദ്യരുപേക്ഷിച്ച
പാവമാം യോഷ, ചികിത്സാവിധികളാൽ

ദീനം ശമിക്കാതെ പാരം വിഷമിച്ചോൾ
ദീനാനുകമ്പിയാം നാഥനേക്കാണുവാൻ

നാണമിയന്നവൾ, പൂരുഷമദ്ധ്യത്തിൽ
നിന്നു ഞെരുങ്ങിയോൾ, യോഗിയിങ്കൽനിന്നു

ശക്തിമോഷ്ടിക്കുവാൻ നിശ്ചയിച്ചാജ്ജന-
മദ്ധ്യത്തിലൂടേ നടന്നു പതുക്കവെ

നീരന്ധ്രമായ ജനാവലിക്കുള്ളിലൂ-
ടാ, രക്തവർഷണി മുന്നോട്ടു നീങ്ങവേ

ക്രിസ്തുദേവൻ തൻെറ തൂവെള്ളവസ്ത്രത്തിൻ
തുമ്പിൽ വിനീതയായ് സ്പർശിച്ചു മാറിനാൾ

കണ്ടില്ലാസംഭവമാരുമെന്നാകിലോ
കർത്താവറിഞ്ഞു പരമാർത്ഥമൊക്കെയും

തന്നിൽനിന്നാക്ഷണം ശക്തിപുറപ്പെട്ടാ-
സന്നതഗാത്രിയേ പ്രാപിച്ചതോർക്കയാൽ

"ആരെൻെറ വസ്ത്രത്തിൽ സ്പർശിച്ചെന്നാരാഞ്ഞാ-
നാരുമൊരക്ഷരമോതാൻ തുനിഞ്ഞില്ല.

കാര്യമറിയാതെ ശിഷ്യന്മാർ സ്തബ്ധരായ്
നേരറിഞ്ഞീടുവാനാളുകൾ ബദ്ധരായ്

കാരുണ്യമൂർത്തിയാം കർത്താവിൻ കണ്ണുകൾ
ചാരത്തു നിന്നൊരു നാരിയെ ദർശിച്ചു

സംഭ്രമിച്ചാളവൾ സാഷ്ടാംഗമായ് വീണാൾ
സത്വഗുണാലയനീശൻെറ പാദത്തിൽ

"അമ്പിൽ ക്ഷമിക്കണം നാഥ, തവാംശുക-
ത്തുമ്പിൽ ഞാൻ തൊട്ടുപോയ് സൗഖ്യം ലഭിക്കുവാൻ.

സംപ്രാപ്തസൗഖ്യഞാൻ, വീണ്ടും മഹാരോഗ-
സംപ്രാപ്തയാക്കീടൊല്ലെന്നേ മഹാഗുരോ"

ഏവമാമങ്കയാളോതവേ, മർത്ത്യൗഘ-
ഭാവംപകർന്നുപോയ്—ഞെട്ടിവിറച്ചവർ

താദൃശരോഗം പിടിച്ചോർ തൊടുന്നാകി-
ലാദൃതത്വം നശിച്ചാരുമശുദ്ധരാം.

ശുദ്ധീകൃതാംഗരായ് തീരേണമാത്തരം
മർത്ത്യരെന്നായിരുന്നന്നത്തേരീതികൾ.

പങ്കത്തിൽനിന്നും സിതാംബുജം നിർമ്മിക്കും
പാവനമൂർത്തിക്കോ? മാലിന്യസ്പർശനം?

കല്പിച്ചാനീശൻ "മകളെ, നിൻ വിശ്വാസ-
മപ്പോഴേ നിന്നെ സംരക്ഷിച്ചു പൂർണ്ണമായ്.

മാനസശാന്തിയോടൊത്തു നീ പോവുക
ദൂനതചമൊക്കയും കൈവെടിഞ്ഞീടുക"

## നേത്രദാനം

യായീറോസിൻ വീടുകൈവിട്ടുകപ്പുർന്നോം
നോക്കിജ്ജഗന്നിയന്താവെഴുന്നള്ളവെ

തപ്പിത്തടഞ്ഞെത്തിരണ്ടുപേരന്ധന്മാർ
തൃപ്പാദവിന്യാസനാദം ശ്രവിക്കയാൽ

"ദാവീദുനന്ദന, കാരുണ്യമേലണേ
സർവേശ, ഞങ്ങളിലെ"ന്നവരർത്ഥിച്ചു.

സത്യസ്വരൂപനാപ്പള്ളിപ്രമാണിതൻ
സത്മത്തിലെത്തിത്തിരിഞ്ഞുനരീക്ഷിച്ചു.

തൃക്കണ്ണാക്കണ്ണുപൊട്ടന്മാരിൽച്ചെന്നുറ-
ച്ചുൾക്കനിവാൻ കല്പിച്ചു ചോദിക്കയായ്

"നിങ്ങൾക്കു കാഴ്ച നൽകീടാൻ കരുത്തെനി-
ക്കുണ്ടെന്നു വിശ്വാസമുണ്ടോ കഥിക്കുക"

"ഉണ്ടു ഞങ്ങൾക്കേറെ വിശ്വാസ"മെന്നവർ-
രണ്ടു, കയ്യും കൂപ്പി നൽകിനാനുത്തരം.

കർത്താവവരുടെ നേത്രങ്ങളിൽ സ്പർശി-
ച്ചുൾത്തട്ടലിഞ്ഞു തിരുവായ് മൊഴിഞ്ഞേവം

"വിശ്വാസം പോലെ ഭവിക്കട്ടെ, നിങ്ങൾക്കു"
വിശ്വമെല്ലാമവർനേരിട്ടു ദർശിച്ചു.

പ്രാപ്തനേത്രന്മാരായ് നിൽക്കവേ സൽഗുരു
പാരാതവരോടു മന്ദമരുളിനാൻ,

"ഞാൻ ചെയ്തോരിക്കാര്യം ലോകമറിയേണ്ട
വീഴ്ചകൂടാതെ പുറപ്പെട്ടു പൊയ്ക്കൊൾക"

നേത്രദാനം ചെയ്ത കർത്താവിനോടുള്ള
ഭക്തിക്കു ഭംഗംവരാതെ കണ്ടാക്കൂട്ടർ

ദേശമെല്ലാം ചുററി സഞ്ചരിച്ചമ്പാർന്ന
യേശുവിൻ സൽക്കീർത്തിമുററും പരത്തിനാർ

## മൂകതാപരിഹാരം

പുത്തനായ്ക്കാഴ്ച ലഭിച്ചവർ പോയപ്പോൾ
ഭൂതം ബാധിച്ചൊരു മൂകൻ വരികയായ്

തെല്ലും മടിക്കാതബ്ഭൂതത്തെ സത്വരം
തല്ലിപ്പുറത്താക്കി മൂകനിൽ നിന്നീശൻ,

വാക്കുകൾതൂകിത്തുടങ്ങിനാനൂമനും
കൈക്കൊണ്ടുമററുള്ളോരത്യന്തമത്ഭുതം.

ഭൂതത്തലവനെക്കൊണ്ടാണിവനിന്നു
ഭൂതത്തെനീക്കുന്നതെ" ന്നോതിവൈരികൾ

## യരുശലേം സന്ദർശനം

ശ്രീയേശുനാഥൻെറ വാക്കും പ്രവൃത്തിയു-
മായഹൂദന്മാർക്കസൂയ ജനിപ്പിച്ചു.

ശാസ്ത്രികൾ, സാദ്ദൂക്യന്മാർ, പരീശന്മാരീ
മർത്ത്യപ്രമാണികളീർഷ്യയാൽ നീറിനാർ.

നോക്കിത്തുടങ്ങിനാർ വാശിയോടീശനെ
തൽക്കർമ്മകാഹളം മൗനം ഭജിച്ചില്ല.

പാവങ്ങളായ ജനങ്ങളിൽ കാരുണ്യ
പ്പൂവർഷം തൂകാനൊരുങ്ങി നടന്നവൻ

കാട്ടുനായ്ക്കൂട്ടമജങ്ങളെ സന്തത-
മൊട്ടും മടിക്കാതെ വേട്ടയാടുന്നതും

കാട്ടിലും മേട്ടിലും നാഥനില്ലാതവ
കഷ്ടതപൂണ്ടു ചിതറിക്കിടപ്പതും

ദാഹംകൊണ്ടായവ കേദാരഭൂവെങ്ങും
ദീനതപൂണ്ടു നടന്നലയുന്നതും

കൊയ്യുവാനേറെ നിലം കിടക്കുന്നതും
കൊയ്യുവാനാളുകൾ തീരെയില്ലാത്തതും

ചിത്തത്തിലോർത്തു ഗലീലാമുഴവനും
കർത്താവു സഞ്ചരിച്ചാൻ കർമ്മയോഗിയായ്

"പത്രോസ്", നിജസഹജാതനാ "മന്ത്രയോസ്"
യാക്കോബു, തൽസഹജാതനാം യോഹന്നാൻ

ബർത്തലോമായി, തോമാസു, ചുങ്കക്കാരൻ
മത്തായി, തദ്ദായി, ശീമോ, നാ"പ്പീലിപ്പോസ്"

അൽപ്പായുടേമകൻ യാക്കോബു, യൂദായെ-
ന്നിപ്രകാരം തന്റെ പന്ത്രണ്ടു ശിഷ്യരെ

തന്നുപദേശമുറപ്പിക്കുവാനായി
വന്ദ്യനാം സൽഗുരു ചാലേ നിയോഗിച്ചു-

ഭൂതങ്ങളെപ്പുറത്താക്കുവാനും, സർവ
വ്യാധികളേയുമകലത്തിലാക്കാനും

കർത്താവവർക്കധികാരം കൊടുത്തേററ-
മുത്തമമാമുപദേശമേവം നൽകി.

### ശിഷ്യോപദേശം

"പോകരുതന്യരാം ജാതികൾപാർക്കുന്ന
ദിക്കിലും ശമര്യ പട്ടണത്തിങ്കലും

പേരെഴുമിസ്രായേൽവശ്ശത്തിൽ കാണാതെ
പോയൊരാടിന്റെ കൂട്ടത്തെത്തിരക്കുവിൻ

"സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നുവെ-
ന്നൽഘോഷിച്ചീടണം നിങ്ങളെല്ലാടവും.

സൗഖ്യം കൊടുക്കുവിൻ രോഗികൾക്കൊക്കെയും
സത്വരം ജീവൻ മൃതർക്കുനൽകീടുവിൻ

ശുദ്ധീകരിക്കുവിൻ കുഷ്ഠരോഗാർത്തരെ-
ബ്ഭൂതങ്ങളെപ്പുറത്താക്കുവിൻ നിർഭയം

സൗജന്യമായി നിങ്ങൾക്കു ലഭിച്ചവ
സൗജന്യമായിക്കൊടുക്കുവിതന്യർക്കും.

പൊൻവെള്ളിചെമ്പിവയൊന്നും കരുതാതെ,
പോക്കണം, രണ്ടുടുപ്പെന്നിവകൂടാതെ

കാലിൽച്ചെരിപ്പു ധരിച്ചിടാതൂന്നുവാൻ
കയ്യിൽ വടിയെടുക്കാതെ ഗമിക്കുവിൻ

അർഹനല്ലോ വേലയെപ്പോഴും ചെയ്യുവോ-
നാഹാരത്തിന്നതിലെന്തുണ്ടു സംശയം

ഗ്രാമത്തിലോ പുരത്തിങ്കലോ പൂകുമ്പോ-
ളാമയമെന്യേ തിരക്കണം യോഗ്യരെ

തൽപ്രദേശം വിട്ടുപോവോളം നിങ്ങളാ
സൽപ്പുമാന്മാരുടെ വീട്ടിൽ വസിക്കണം.

മന്ദിരത്തിങ്കൽ കടക്കുമ്പോളോതണം
വന്ദനമാമന്ദിരസ്ഥന്നും സാദരം

തൽഭവനത്തിനു യോഗ്യതയുണ്ടെങ്കിൽ
നിങ്ങൾതൻ ശാന്തിയതിന്മേൽ വസിച്ചിടും

നിങ്ങളിലേക്കു മടങ്ങും സമാധാന-
മത്താനികേതനം മാന്യമല്ലെന്നാകിൽ

നിങ്ങൾതൻ വാക്യങ്ങളാരു കേൾക്കുന്നീല?
നിങ്ങളേക്കൈക്കൊള്ളാനാർ മടികാട്ടുന്നു?

തൽപ്പുമാന്മാരുടെ വീടോ നഗരമോ
നിങ്ങളുപേക്ഷിച്ചു പോകുമ്പോൾ പാരാതെ

തട്ടിക്കളയുവിൻ ഭാവൽക്കപാദത്തിൽ
പററിപ്പിടിച്ചുള്ള ധൂളിയെല്ലാം തത്ര.

ന്യായം വിധിക്കുന്ന നാളിലാപ്പട്ടണം
സോദോമും ഗോമോറയും പോലെയായിടും

നിങ്ങളെ ഞാനയക്കുന്നിതാ ചെന്നായ്ക്കൾ
തിങ്ങും വിപിനത്തിലാടിനെപ്പോലവേ.

പ്രാവിനെപ്പോലെ കളങ്കമില്ലാത്തോരായ്
പ്പാമ്പിനെപ്പോലുള്ള ബുദ്ധികൈക്കൊള്ളുവിൻ

മാനം നശിക്കാതിരിക്കുവാനെപ്പോഴും
മാനവവർഗ്ഗത്തെ സൂക്ഷിച്ചുകൊള്ളണം

ന്യായാധിനാഥ സഭകളിലേൽപ്പിക്കും
നിങ്ങളെ വൈരികളാമവർ നിർണ്ണയം

പള്ളികളിൽവച്ചു ചമ്മട്ടികൊണ്ടടി-
ച്ചുള്ളം ശരീരവും വേദനിപ്പിച്ചിടും

ഞാൻ നിമിത്തം നൃപന്മാരുടെ മുമ്പിലായ്
നിങ്ങളെക്കൊണ്ടുപോയ് നിർത്തുമരാതികൾ

ഓതേണ്ടതെന്തെന്തുമട്ടിലതെന്നേതു
മോർത്തു കുഴങ്ങേണ്ട നിങ്ങളാവേളയിൽ

ചൊല്ലുവാനുള്ളതശേഷവും നിങ്ങൾക്കു
തെല്ലും വിളംബം വിനാലഭിക്കും തദാ.

നിങ്ങൾതൻ താതൻെറ ദിവ്യമാമാത്മാവു
നിങ്ങളിൽക്കൂടെ സംസാരിക്കുമന്നേരം

സോദരൻ സോദരനേയും ജനകൻ, തൻ
പുത്രനേയും മരണത്തിനായേൽപ്പിക്കും

മാതാപിതാക്കൾക്കെതിരായ് സന്താനങ്ങൾ
മല്ലിട്ടും കൊല്ലിക്കുമാപ്പരിപൂജ്യരെ

മാമകനാമം നിമിത്തമെല്ലാവരും
മൂറം പകയ്ക്കും വെറുത്തിടും നിങ്ങളെ

അന്ത്യംവരെയ്ക്കും സഹിച്ചു നിൽക്കുന്നവൻ
മുക്തനാകും സർവതാപങ്ങളിൽനിന്നും.

ശോകമണയ്ക്കും പുരത്തിൽ നിന്നെത്രയും
വേഗം കടക്കണമന്യനഗരത്തിൽ.

മർത്ത്യപുത്രൻ വരുവോളവുമിസ്രയേൽ
പ്പട്ടണങ്ങൾ ചുററിത്തീർക്കാനസാദ്ധ്യമാം

ദേശികനും മീതെയല്ലാ ശിഷ്യൻ തൻെറ
നാഥനും മീതെയായ്ത്തീരില്ലദാസനും

ശിഷ്യൻ ഗുരുവിനെപ്പോലെയായാൽ മതി
ദാസൻ തൻ നാഥനെപ്പോലിരുന്നാൽ മതി

ഭൃത്യനോ തൻ യജമാനനെ "ബേൽസബ
ലെ"ന്നുവിളിച്ചാലെന്തന്യന്മാർ തൻനില

ആകയാലക്കൂട്ടരിൽപേടിലേശവും
കൈക്കൊൾകവേണ്ടെന്നു നിങ്ങൾ ധരിക്കണം.

ഗുപ്തങ്ങളായവ നേരേവെളിപ്പെട്ടും
പ്രത്യക്ഷമാകും രഹസ്യങ്ങളൊക്കെയും.

ഞാൻ നിങ്ങളോടിരുട്ടത്തു രയ്ക്കുന്നവ
നിങ്ങളുറക്കെ വെട്ടത്തു പറയുവിൻ

കർണ്ണത്തിൽ മന്ത്രിപ്പതൊക്കെ ഘോഷിക്കുവിൻ
മന്ദിരത്തിൻമുകൾഭാഗത്തുനിന്നലം

ദേഹിയെസ്സംഹരിക്കാൻ പ്രാപ്തിയില്ലാതെ
ദേഹത്തെ നിഗ്രഹിപ്പോരിൽ വേണ്ടാ ഭയം

ദേഹത്തെയും ദേഹിയേയും നരകത്തിൽ
തള്ളുവാൻ കെൽപ്പുള്ളവനെബ് ഭയപ്പെടൂ.

രണ്ടുചില്ലിക്കാശുമാത്രം വിലയുള്ള
കൊച്ചുകുരികിൽപ്പറവയെന്നാകിലും

താവകതാതന്റെ സമ്മതമില്ലാതെ
താഴത്തുവന്നുപതിക്കില്ല നിർണ്ണയം

നിങ്ങൾതൻ കുന്തളതന്തുക്കളോരോന്നും
ഭംഗിയായെണ്ണിയിരിക്കുന്നു ജന്മദൻ

പക്ഷികളേക്കാൾ വിശേഷത നിങ്ങൾക്കു
പാരമുണ്ടാകയാൽ വേണ്ട തെല്ലും ഭയം

എന്നേ ജനങ്ങൾ തൻ മുമ്പിൽ മടിവെടി-
ഞ്ഞേറ്റുപറയുന്ന ധീരനാം മർത്ത്യനെ

മാമകതാതന്റെ ദിവ്യസമക്ഷത്തി-
ലാമയമറ്റു ഞാനേറ്റു പറഞ്ഞിടും

എന്നേ ജനങ്ങൾതൻ മുമ്പിൽ വച്ചേറ്റവും
തള്ളിപ്പറയുന്ന ഭീരുവാം മർത്ത്യനെ

നിർദ്ദയം തള്ളിപ്പറഞ്ഞിടും ഞാനെന്റെ
നിത്യനാം താതന്റെ സന്നിധിയിൽ ദൃഢം

ലോകത്തിൽ ഞാൻ സമാധാനം വരുത്തുവാ-
നാഗതനായെന്നു നിങ്ങളും ധരിക്കൊലാ.

ശാന്തിയല്ലെ,ത്രയും മൂർച്ചയേറീടിന
ഖഡ്ഗം വരുത്തുവാനിങ്ങുവന്നെത്തി ഞാൻ.

അമ്മയും പുത്രിയുമപ്പനും പുത്രനു-
മമ്മാവിയമ്മയും തൽപുത്രഭാര്യയും

തമ്മിൽപ്പിണക്കം വരേണ്ടുന്നതിന്നു താ-
നിമ്മന്നിൽ വന്നെത്തി മർത്ത്യരൂപത്തിൽ ഞാൻ.

മർത്ത്യന്റെ ബദ്ധശത്രുക്കളായ്ത്തീർന്നിടും
നിർണ്ണയം തന്നുടെ വീട്ടുകാർപോലുമേ

താതമാതാക്കളോടെന്നിലും കൂടുതൽ
പ്രീതിയുള്ളോൻ മമ യോഗ്യനല്ലോർക്കണം

മക്കളിലെന്നിലുംകൂടുതൽ സുസ്നേഹ-
മർപ്പിക്കുവോനുമെനിക്കയോഗ്യൻ ദൃഢം

സ്വന്തം കുരിശേറ്റെടുത്തെന്നയനുഗമി-
ക്കാതെ വസിപ്പവനും യോഗ്യനല്ല മെ.

തന്നുടെ ജീവനെക്കണ്ടെത്തിയോനതു
താനേ നശിപ്പിക്കുമില്ലതിൽ സംശയം.

ജീവനെ മാംപ്രതി നഷ്ടപ്പെടുത്തിയോൻ
ജീവനെക്കണ്ടെത്തിടും വേണ്ട സംശയം

നിങ്ങളെസ്സാദരം സ്വീകരിക്കുന്നവൻ
ഭംഗമില്ലാതെന്നെയും സ്വീകരിച്ചിടും

മന്നിലെന്നെസ്സ്വീകരിക്കുവോൻ കൈക്കൊള്ളു-
മെന്നെയീലോകത്തിലേക്കയച്ചോനെയും.

ഭാവിവക്താവിനെബ്ഭാവിവക്താവെന്നു
വിശ്വസിച്ചംഗീകരിക്കുന്ന മർത്ത്യനു

ഭാവി വക്താവിന്നു യോജിച്ച സൽഫലം
കൈവരുമെന്നു ധരിക്കണമേവരും.

നീതിമാനെന്നുള്ള വിശ്വാസമൂലംകൊണ്ടു
നീതിമാനെസ്സ്വീകരിക്കുന്ന മർത്ത്യനും

നീതിമാനായോനു യോജിച്ച സൽഫലം
നിശ്ചയം ലഭ്യമാണെന്നും കരുതുവിൻ.

ശിഷ്യനാണെന്നുറച്ചീ ചെറിയോരിൽവ-
ച്ചേകനൊരുതുടം വെള്ളം കൊടുക്കിലും

ന്തനമവക്തിനുള്ളൊരു വേതനം
നേരേലഭിച്ചീടുമെന്നു ചൊല്ലുന്നു ഞാൻ."

മേരീകുമാരൻ മഹാഗുരുവീവിധം
സാരോപദേശ സുധാരസം വർഷിച്ചു

മന്ദം തിരിച്ചു വദനം യറൂശലേം
മന്ദിരത്തിൽനിന്നുമാനാട്ടിലേക്കുടൻ.

## ബേഥെസ്ദായിലെ അത്ഭുതം

ജറുശലേം ദേവാലയാന്തികത്തി-
ലജപാല ഗോപുര പ്രാന്തഭൂവിൽ

നരകുലം "ബേഥെസ്ദാ"യെന്നു വാഴ്ത്തു-
മൊരു കുളം കീർത്തിപൂണ്ടുല്ലസിച്ചു.

കരുണാനികേതമായ് ലാലസിച്ചു
പരിശുദ്ധമാമാക്കുളക്കരയിൽ

ബധിരന്മാർ, മൂകന്മാർ, പംഗുപാദർ
കുരുടന്മാരാദിയാമാതുരന്മാർ,

കരിയും നിലങ്ങൾക്കു ജീവനേകും
കരിമുകിൽ കാണാൻ കൊതിച്ചുമേവും

കൃഷകരെപ്പോലവേ സോൽക്കണ്ഠരായ്-
ക്കുലവും വെടിഞ്ഞു സദാ വസിച്ചു.

പരമേശദൂതൻ ചിലപ്പോഴെല്ലാം
വരുമാക്കുളത്തിൽക്കുളിക്കുവാനായ്.

തിരകളിളകിക്കുളം കലങ്ങും
കരയിലൊരാരവം പൊങ്ങുമപ്പോൾ

ഒരു ലക്ഷം രോഗികൾ ചാടിവീഴ-
മൊരുഞൊടിക്കുള്ളിലാക്കുളമദ്ധ്യേ.

പ്രഥമമായ് വാപിയിൽ വീഴും രോഗ-
മഥിതന്നു മാത്രം സുഖം ലഭിക്കും.

പല പല രോഗികളീവിധത്തിൽ
പരിമുക്തരോഗരായ്ത്തീർന്നുവന്നു.

സകലാധിനാഥനാക്കൂപകൂല-
സ്ഥലിയിൽ വന്നെത്തിയ വേളയിങ്കൽ

ഒരുരോഗി മുപ്പത്തിയെട്ടുവർഷ-
മൊരുവശം മുററും തളർന്നു സാധു

സലിലാശയത്തിൻെറ തിട്ടിലാരും
ശരണമില്ലാതെ കിടന്നിരുന്നു.

സുരലോകനായകദൂതൻ വന്നു
സലിലം കലക്കിയ കാലമെല്ലാം

പരിവാപം തന്നിൽപ്പതിക്കുവാനായ്
പ്പണികളവൻപരം ചെയ്തിരുന്നു

തറയിൽനിന്നൊന്നെഴുന്നേൽക്കാൻപോലും
തരമാവാതാ പ്പാവം ബുദ്ധിമുട്ടി.

കുളമൊന്നനങ്ങുമ്പോഴേക്കു വേഗം
ബലവാന്മാർ വെള്ളത്തിൽച്ചാടിവീഴും

തളർവാതക്കാരനെ നേരംനോക്കി
ക്കുളിർവാരിക്കുള്ളിലിറക്കുവാനായ്

ഒരുവർക്കും കാരുണ്യമേശായ്കയാൽ
പരമനിരാശയിൽ നാളുംകഴിച്ചാൻ

വരുമൊരുകാലമാ നീരിൽത്തന്റെ
ചരണംപതിക്കാനെന്നോർത്തുവാണാൻ

ഒരുനാളതുവഴി യേശുനാഥൻ
ഒരുദിക്കിലേക്കെഴുന്നള്ളുന്നേരം

തിരുമിഴിക്കോണാത്തളർച്ചപൂണ്ട
നരനുടെമേനിയിൽ സഞ്ചരിച്ചു

ക്ഷതമാമവനുടെ ഹൃത്തടത്തെ
മൃദുലാശയൻ കണ്ണുകൊണ്ടു കണ്ടു

വളരും നിരാശയാമന്ധകാരം
കളിയാടിക്കണ്ടോനവന്റെ കണ്ണിൽ

കരളലിഞ്ഞീശ്വരൻ ചെന്നു ചാരെ
പരമദയാന്വിതം ചോദിച്ചേവം

"പരിപൂർണ്ണനാവണൊ! ഘോരരോഗം
ദുരിതംവഹിക്കും നിനക്കപാരിൽ"

കരയററൊരാശ്വാസ ശൈലജാത
ത്തിരവന്നു തൊട്ടപോലായി രോഗി

കൊട്ടവെയിൽകൊണ്ടു തളൎന്നുവീണ
ചെടിതൻചുവട്ടിൽ ജലംകണക്കേ

മരുഭൂനടുവിൽക്കുഴഞ്ഞുനീറി-
യുരുകുന്ന പാന്ഥൻെറമേനി തന്നിൽ

ജലശീകരങ്ങൾ നിറഞ്ഞ തെന്നൽ
ക്കരനിരവന്നു തലോടും പോലെ

മന്ദവേലൻതന്റെ വാക്യം രോഗാ-
തുരനെപ്പുറം സുഖപൂർണ്ണനാക്കി

"ഇനിയും ജലം ചലിക്കുമ്പൊഴങ്ങീ-
ബ്ബലഹീനനിൽക്കൃപതോന്നിടേണെ.

കുളമതിൽ മുങ്ങാൻ ഞാനെത്രകാലം
കരളിൽ കൊതിച്ചു വസിച്ചു മന്നിൽ.

ഭുവനാധിനായകദൂതൻ വന്നീ-
ഭുവനമൊരാണ്ടിലൊരിക്കൽമാത്രം

പരിചോടിളക്കുമാത്തക്കംനോക്കി
പ്പുരുഭാഗ്യശാലികളാം ജനങ്ങൾ

കുളമതിൽച്ചാടി സുഖംവരിക്കും
കരളേറെവെന്തു ഞാൻ വീണ്ടും വാഴും.

തിരുവുള്ളമുണ്ടായാലിന്നുതന്നെ
ദുരിതത്തിൽനിന്നും ഞാൻ മുക്തനാകും"

വചനങ്ങളീവിധം കേട്ടനേരം
വചനസ്വരൂപൻ കൃപാർദ്രനായി

"എഴുന്നേൽക്കു നീ നിൻ കിടക്കയേന്തി
വഴിയേ നടക്കുക ഭീതിയെന്യേ"

മൊഴിയിതു കാതിൽപ്പുച്ചനേരം
മിഴികളിലദ്ഭുത രശ്മിവീശി

വികൃതരൂപൻറ ഞരമ്പിലെങ്ങും
പുതിയൊരാലക്തിക ശക്തിയേറി.

സമകൾ മുപ്പത്തെട്ടു, ദേഹപാർശ്വം
വളരെത്തളർന്നു വലഞ്ഞുവാണ-

മനുജനെണ്ണീററ കിടക്കയേന്തി
മഹിതഹർഷത്തോടു സഞ്ചരിച്ചു

പരിചിൽ കൃതജ്ഞതയോതുവാനാ-
ച്ചരിതാർത്ഥൻ തൻെറമുഖംതിരിക്കെ,

പുരുഷാരംകൊണ്ടുമറഞ്ഞു നാഥൻ
കരിമുകിൽ മാലയാൽ ഭാനുപോലെ.

പരമസൂയാലുക്കൾ തമ്മിലപ്പോൾ
പലതും പറഞ്ഞുതുടങ്ങിമെല്ലെ

പരിശുദ്ധനാളിൽക്കിടക്കയേന്തി-
ച്ചരിപ്പതു തെല്ലുമേ നീതിയല്ല."

പരിശുദ്ധ നാളാകും ശാബതയെ-
ച്ചെറ്റുലംഘിച്ചതു ഘോരപാപം

ഒരുനാൾ ശാബത്തിൽച്ചുങ്കംപിരിച്ചു
നരനെക്കല്ലേറിനാൽക്കൊന്നുമുന്നം.

“വിലയേറും ശാബത്തിൽ ഭാരമൊന്നും
തലയിലെടുത്തു നടന്നുകൂടാ”.

യരമിയാ ദിവ്യപ്രവാചകനീ
വരമൊഴി മുന്നം പൊഴിഞ്ഞിരിപ്പൂ

പരിപൂതശാബത, വിശ്രമാർത്ഥം
പരമേശൻ കല്പിച്ച പുണ്യവാരം;

തൊഴിൽ ചെയ്യും വേലക്കാർക്കൊക്കെയന്നാ-
ളൊഴിയാം തൊഴിൽകളിൽനിന്നു നൂനം

പരമേശനിങ്ങനെ നിശ്ചയിച്ചു
ധരണിയിൽപ്പാവന ജീവിതാർത്ഥം

വളരെപ്പരമാർത്ഥമാണിതെന്നാൽ
തളർവാതം പൂണ്ടുകിടന്നോരെന്നെ

പരിപൂർണ്ണനാക്കിയ ദിവ്യനെന്നോ-
ടരുളിനാൻ പോകാൻ കിടക്കയേന്തി

ചരിതാർത്ഥനാരോഗിയീവിധത്തി-
ലരുളവേ ചോദിച്ചാ“രാര”തെന്നായ്”

ചെറുതുമറിഞ്ഞില്ലാ തന്റെ നേരെ-
കരുണകാണിച്ചൊരു തമ്പുരാനെ

സകലാധിനാഥന്നു നന്ദിയോതാൻ
സരഭസമെത്തിനാൻ പള്ളിതന്നിൽ

കരുണക്കടലാകും തമ്പുരാനെ-
ക്കരയും സമുദ്രവും കൂപ്പുവോനെ-

നിജമന്ദിരത്തിൽ ദിനേശനേപ്പോൽ
നിലകൊള്ളും ദേവനെക്കണ്ടറിഞ്ഞാൻ

കനിവാർന്നസാത്വികമൂർത്തി ചൊന്നാ-
"നിനിയും നീ ചെയ്കൊല്ലാ പാപമൊന്നും"

വരഗുണശാലി തൻവാക്കുകേട്ട
കരളിൽ യഹൂദർക്കു കോപമുണ്ടായ്

തിരുമേനി ശാബതനാളിനേക്കാൾ
പരിശുദ്ധിപൂണ്ടവനെന്നസത്യം

കുടിലന്മാരാകിയ യൂദജാതി-
ക്കിടക്കയിൽക്കടന്നില്ലാംതെല്ലുപോലും

"ഒരു കുററം ശാബതാലംഘനം, പി-
ന്നൊരുകുററം സർവ്വേശനിന്ദ"യേവം

മനുജാത്മജാതനിൽ ദോഷമേറെ
മതികെട്ട യൂദന്മാർ കണ്ടുവച്ചു

കുടിലമനസ്സർക്കെന്നാലുമൊന്നു-
മുടനടി ചെയ്യുവാൻ തോന്നിയില്ലാ

വദനം തുടുപ്പിച്ചും പൽകടിച്ചും
വഴിമാറിനിന്നാരാദുഷ്ടസംഘം

## ജന്മദിനസമ്മാനം

പാരിടത്തിൽപ്പലകോടിപ്പാവനപ്പൈതങ്ങളുടെ
താരിളംകണ്ണംമുറിച്ചു നിണംതളിച്ചു

ക്രൂരനായ "ഹിരോദ"ന്റെ കാലശേഷം ഗലീലയെ
ഹേരോദന്തിപ്പാസരചൻ ഭരിച്ചുവന്നു.

ശക്തിഹീനൻ സമരത്തിൽ, ശാന്തമായ്ത്തിന്മകൾ-
ചെയ്വോൻ
ഭക്തിഹീനൻ, ഗതികെട്ടോരന്ധവിശ്വാസി

ദുഷ്ടബുദ്ധി ദുരാഗ്രഹി, ഗൂഢതന്ത്ര മന്ത്രശാലി
നിഷ്ഠുരമാം മനസ്സാക്ഷി പുലർത്തിവന്നോൻ

വ്യാജമാം പങ്കംപുരട്ടി, ക്കാഞ്ചനനിർമ്മിതമായ
രാജസിംഹാസനമേററം പങ്കിലമാക്കി.

രോമ്യസാർവഭൗമൻറെ കാമ്യമായോരനുഭാവം
സീമയററു ലഭിക്കുവാനാഗ്രഹമേറി

സാദരം സാമന്തരായ മേദിനീപാലരക്കാലം
ശ്രീധരമാം റോമിലേക്കു ഗമിച്ചിരുന്നു.

പ്രാക്തനമാം വിധിക്കേററം യുക്തമാം മട്ടിൽ ഹിരോദും
പാർത്ഥിവനാഥനെക്കാണ്മാൻ യാത്രയുമായി

തൻസഹജൻ ഫിലിപ്പനു താർമുഖിയാം പ്രിയയൊത്തു
കൈസറിൻെറ പുരി തന്നിൽ വസിച്ചിരുന്നു.

ഏൽക്കനി വെമ്പാട്ടമാളുമഗ്രജനാലതിമാത്രം
സൽകൃതനായ് നരപാലൻ നാളുകൾ പോക്കി.

പാർത്ഥിവന്മാർക്കധിപനെപ്പാരിതോഷികങ്ങൾകൊണ്ടു
പാട്ടിലാക്കാൻ ഹേരോദേററം കരുതിവാഴ്കെ

ശാന്തനായ ഫിലിപ്പിൻെറ കാന്തയാം ഹേരോദ്യ തൻെറ
സ്വാന്തഭൂവിൽക്കാമദേവൻ കടന്നുകൂടി

വീരനാം ഹേരോദിനെത്തൻ ജാരനാക്കാൻ നിശ്ചയിച്ചു
നീരജാസ്ത്രക്കളെരികളൊരുക്കി മെല്ലെ.

പെണ്മണിയാമവളുടെ കണ്മുനത്തല്ലുകളേററു
മന്മഥാർത്തി പിടിപെട്ടു കുഴഞ്ഞു ഭൂപൻ

വഞ്ചിപോലെ ഹേരോദാവാച്ചഞ്ചലാക്ഷീമണിയുടെ
പുഞ്ചിരിയാം പാൽക്കടലിൽ സഞ്ചരിക്കയായ്

സുന്ദരി ഹേരോദ്യ ലോകസുന്ദരിയീമന്നിൽവേറെ
സുന്ദരികളവളേപ്പോലെങ്ങുമില്ലെന്നും

തേന്മൊഴിയാളാമവളെപ്പൊന്മണിമഞ്ചത്തിലേററി–
ത്തന്മനോവാഞ്ഛിതംപോലെ രമിച്ചീടായ്കിൽ

രാജകീയപ്രതാപവും പ്രാജ്യകീർത്തിപ്രഭാവവും
രാജരാജ പ്രീതികളും നിഷ്ഫലമെന്നും

ചിത്തതാരിലുറച്ചോരു രാത്രിയിൽ ഹേരോദ്യയുമായ്
പാർത്ഥിവേന്ദ്രൻ സഹജന്റെ മന്ദിരം വിട്ടു.

ഭാഗിനേയി, നിജാഗ്രജ ഭാര്യയെന്നീരണ്ടുമട്ടിൽ
ബന്ധമാർന്ന ബന്ധുരാംഗീമണിയാൾതന്നെ

നീതിവിട്ടു വേളിചെയ്തു ഭീതിയും ശങ്കയുമെന്യേ
വീതിയിൽപ്പാതകത്തിന്റെ വീഥിവെട്ടിച്ചു.

നാട്ടിലുള്ള ജനമെല്ലാം കേട്ടകാര്യമപവാദം
കെട്ടഴിച്ചു നിരത്തുവാനൊരുങ്ങി മന്ദം

തൽക്ഷണം ഭൂപതിയാകും ഹിംസ്രജന്തു മുഴക്കിയ
ഗർജ്ജനംകേട്ടഖിലരും നടുങ്ങിപ്പോയി.

ധർമ്മദാരമാമറേബ്യധാത്രീപാല പ്രിയപുത്രി
തന്മണാള കർമ്മമോർത്തു കുപിതയായി.

"പെത്ര"യെന്ന ദിശയിങ്കലെത്തി നിജകണവന്റെ
വാർത്തയെല്ലാം താതനോടു വിസ്തരിച്ചോതി.

മാനിയാമാനൃപനപ്പോൾ മാനസത്തിൽക്കലികൊണ്ടു
മാനമററ "ഹിരോദ"നെപ്പോരിൽനേരിട്ടു.

ഘോരശസ്ത്രം പ്രയോഗിച്ചു ദേഹമെങ്ങും ക്ഷതമേററി–
ക്കോപമൊട്ടു ശമിപ്പിച്ചു പുത്രിയേക്കാത്തു.

കാര്യമിമ്മട്ടിരിക്കവേ, പാരിടം മൗനംധരിക്കേ
താരകങ്ങൾക്കൊരുനാദം കേൾക്കുമാറായി.

യോഗികൾക്കധീശനാകും യൂഹനോൻ തൻചെവിയിലാ-
ഭോഗിയുടെ ചരിതങ്ങൾ മാറെറാലിക്കൊണ്ടു.

മാമരുഭൂതലത്തിലും മാമലച്ചോട്ടിലും നിന്നു
മാമുനി, മന്നവൻ തന്നെപ്പഴിച്ചുധീരം.

ബന്ധനസ്ഥനാക്കി രാഗബദ്ധനാം ഭൂപതി, മായാ-
ബന്ധമേതുമിയലാത്ത യോഗിയേ വേഗം.

നിന്നതില്ലെങ്കിലും മുനിതന്നുടെ ശാസനയാകു-
മുന്നതഭേരീനിനാദമല്പവും പോലും.

മന്നവപ്രീതിയാം സുധാസാരപാനലഹരിയാൽ
മന്ദനാകും യോഗിയെന്നു മനസ്സിലോർത്തു

കാമലീലാവിലോലനാം ഹേരോദാവാ വിരാഗിയെ
ക്കേമമായി സൽക്കരിക്കാൻ ശ്രമിച്ചുനോക്കി.

ഇല്ല തെല്ലും സഫലമായില്ല നൃപശ്രദ്ധതന്ത്രം
കല്യനാം സ്ഥാപകൻ മുക്തി കൊതിച്ചതില്ല.

"നീതിയല്ലാനൃപാലക, നിന്നുടെയീത്തൊഴിലേതും
പാതകത്തിൻഫലം നീതാനനുഭവിക്കും.

ഭൂമിപാലനീവിധത്തിൽക്കാമനു കിങ്കരനായാൽ
ഭൂമിയും തൻപ്രജകളുമെങ്ങനെയാകും?"

താപസവര്യനീവണ്ണം താപകോപാന്വിതം ചൊൽകേ
താർശരനുമകമൊന്നു നടുങ്ങിപ്പോയി.

"തേന്മൊഴിയാളോടുകൂടി സന്തതം വാഴുവാനുള്ള
സമ്മതം യോഗിയിൽനിന്നു ലഭിക്കുമെങ്കിൽ

രാജകീയപ്രതാപത്തിലമ്മുനിയേ പ്രതിഷ്ഠിക്കാം.
വ്യാജമററ സുഖാമൃതം ഭുജിപ്പിച്ചീടാം"

ചിന്തചെയ്തു നൃപനേവമെങ്കിലുമാ വഴിക്കൊന്നും
സ്വാത്വികനാം മുനി തെല്ലും തിരിഞ്ഞതില്ല.

ശ്രീകരമാമാശകാട്ടി സ്ഥാപകനെ വശത്താക്കാൻ
വീരനാകും ഹേറോദിന്നു കഴിഞ്ഞതില്ല.

ന്യായപീഠം തിരിയ്ക്കാനും നൽവഴികളടയ്ക്കാനും
മായകാട്ടി പ്രജകളെച്ചതിച്ചീടാനും

ഭൂമി കാത്തുവരുന്നവർ ഭൂരിശക്തി വഹിച്ചേക്കാം
കാമബദ്ധൻ ഹേറോദാവുമവരിലേകൻ.

സത്തമരെന്നഭിമാനം സ്വാത്മഭുവിൽ വളർത്തുന്ന
ശാസ്ത്രികളും പുരോഹിതപ്രമുഖന്മാരും

നീതികെട്ട നൃപാലന്റെ നീടെഴും പാതകമെല്ലാം
പ്രീതിപൂർവ്വം നന്മയെന്നു വചിച്ചിരിക്കാം.

വന്നിടട്ടെ വിപത്തെന്തുമെന്നു ഹൃത്തിലുറച്ചോതി
വന്ദിതനാം മുനിവര്യൻ സത്യമൊക്കെയും

കത്തിടും കോപമോടൊത്തു കല്യനാമാ യതീന്ദ്രനെ
കൽത്തുറുങ്കിലാക്കി വീണ്ടും നീചഭൂപാലൻ.

കാര്യഭാഗം കൈവിടാതെ കാര്യമെല്ലാം ഭൂമിപന്റെ
ഭാര്യയാം ഹേറോദ്യ താനും ഗ്രഹിച്ചുവച്ചു.

മന്നിടത്തിലുള്ള ധീരമന്നവകേസരിയേയും
തന്നുടയമെയ്യുഴകാലടിമയാക്കാം.

നീതിപീഠങ്ങളെത്തന്റെ നീരലർക്കൺകോണുകൊണ്ടു
വീതയത്നം സ്വാഭിലാഷവശഗമാക്കാം

ഭക്തനാമേതൊരു ധീര വൈദികപ്രമാണിയേയും
ഭേദമെന്യേ കാമദേവ കിങ്കരനാക്കാം.

സേനകൾക്കീശരേയും തന്നാനനപ്പൂവിരിയല്ലാൽ
തേനിനായിട്ടലയുന്ന വണ്ടുകളാക്കാം

ചിന്തയിമ്മട്ടനവധിയന്തരംഗത്തിൽ വഹിച്ചു
ബന്ധുരാംഗിമണിയാമാത്തനൂപി ഹേരോദ്യ

വീരനാം സ്നാപകൻ തന്റെ നാമധേയം കേട്ടുകേട്ടു
ധീരത കൈവിട്ടു പാരം തളർന്നുവാടി.

വന്തുറങ്കിൽ നിന്നുപോലും ഭക്തനാം യോഗീശ്വരന്റെ
താന്തതയറ്റൊരുനാദം മുഴങ്ങുമെന്നും

തന്നിനാദം തൻശിരസ്സിൽ മിന്നി മിന്നി പ്രകാശിക്കും
രത്നമുടി തട്ടി ദൂരെക്കളയുമെന്നും

പുള്ളിമാൻകണ്ണിയാമവളുള്ളിലോർത്തു, മുൾക്കടിലി–
ന്നുള്ളിലകപ്പെട്ടതുപോൽ ചുളുങ്ങിപ്പോയി.

മുഷ്കിയന്നോരരാതിയെക്കാലഗേഹത്തിങ്കലാക്കാൻ
തക്കവും തായവുംനോക്കി നിമിഷം നീക്കി,

ഇപ്രകാരമിരിക്കവേ ക്ഷിപ്രമായി വന്നടുത്തു
കുപ്രസിദ്ധനാം നൃപന്റെ ജന്മനക്ഷത്രം.

ക്ഷോണിപമന്ദിരമെല്ലാം ചേണിയന്നോരലങ്കാര–
ശ്രേണികൊണ്ടു നവീനമാം ലോകമായ്ത്തീർന്നു.

ഉന്നതമാം മാളികതൻ സുന്ദരമാം തറകളിൽ
രത്നജാലഖചിതമാം വിരികളായി.

കാഞ്ചനംപൂശിയ ദന്തക്കട്ടിലുകളശേഷവു-
മഞ്ചിതശോണകൗശേയസഞ്ചിതമായി.

പട്ടുചാവട്ടകൾകൊണ്ടു വിഷ്ടരങ്ങൾ പുഷ്ടമായി
മട്ടലർമാലകളെങ്ങും തോരണങ്ങളായ്

പേരുകേട്ട പലഹാരം സാരമേറും ഫലജാലം
പാരിലാക്കുംലഭിക്കാത്ത വാരുണീവർഗ്ഗം

നൂറരീതികളിൽക്കൊതിയേറിടുമാർക്കുമമ്മട്ടിൽ
വീരരായ പാചകന്മാർ പാചകംചെയ്ത

മേന്മയേറും പലപല ജീവികൾതൻ മൃദുമാംസം
നന്മധുതോററിടും പാനദ്രാവകം വേറെ

ഓദനങ്ങൾ പലതരമീവിധത്തിൽ സകലവും
ചേർത്തുവച്ചു വിരുന്നേകി നൃപനേവർക്കും.

കൂടിയഭ്രപക്കു രസം കൂട്ടുവാൻ ഫേരോട്ടു നാനാ
മോടികൂട്ടും കലോത്സവംനടത്തി ഭാഗ്യാ.

കാണുകിൽക്കാമദേവൻെറബാധയാക്കും ജനിക്കുന്ന
കാമിനികളൊരിടത്തു നർത്തനംചെയ്തു.

വീണവായിച്ചുല്ലസിച്ചു വൈണികരങ്ങൊരുഭാഗത്തു
വിണ്ണിലെത്തും ഗാനയന്ത്രഘോഷമന്യത്ര.

കണ്ണുജസംഗീതശാസ്ത്രപണ്ഡിതന്മാരൊരു ദിക്കിൽ
കുണ്ഠത നീങ്ങുമാറുള്ള സദിർ നടത്തി.

സദ്യകഴിച്ചിണ്ടലററു മദ്യപിച്ചോരതിഥികൾ
ഹൃദ്യമായ കല കണ്ടു കുലുങ്ങിവാണു.

മേളമേവം നടക്കുമ്പോൾ മേദിനീപാലക സംഘ-
മേളിതമാം സദസ്സിൻെറ പുരസ്ഥലിയിൽ

തൂക്കിയിട്ട തുമയേലും പൊന്മറതൻ പിന്നിലായി
കേൾക്കുമാറായ് കാൽച്ചിലമ്പിൻ കിങ്കിണീ നാദം

കങ്കണക്വാണം മുഴങ്ങി, കണ്ഠനാളം വിളക്കിയ
തങ്കമാല്യം ധ്വനിപ്പിക്കും താളവും കേട്ടു.

വാമഭാഗത്തിരുന്നോരു വാരിജാക്ഷിയുടെ കണ്ണിൽ
കാമമേറും ഹേരൊദാവു കടാക്ഷിക്കവേ

വമ്പരായോരതിഥികൾ കമ്പമാർന്ന മിഴികളെ
മുമ്പിലേക്കു തള്ളിവിട്ടു നിവർന്നിരിക്കെ

നൃത്തരംഗം മറച്ചോരു പുത്തനായ യവനിക
ഭിത്തികളോടടുക്കുവാനകന്നു മന്ദം.

തെന്നലേററു മേഘഖണ്ഡം രണ്ടുപങ്കായ്പ്പിരിയുമ്പോൾ
തൂമയേലും ചന്ദ്രബിംബം കണ്ടിടുംപോലെ

വിശ്വമെല്ലാം മയക്കുന്ന വിസ്മയമാമൊരു രൂപം
വിസ്തൃത നൃത്തപീഠത്തിലവതരിച്ചു.

കാണികളേവരുമപ്പോൾ പാണിഘോഷം മുഴക്കിപ്പോയ്
പ്രീണിതചിത്തരായ് നൃത്തശാലയിൽവാണു.

പങ്കമററ വിഭാതത്തിൽ പങ്കജനായകൻ നിജ
തങ്കരശ്മി തടവെന്യേ പകർന്നീടുന്ന

താമരപ്പൊയ്കയിൽ കൊച്ചു കോമള കല്ലോലജാലം
പൂമണംപൂശിയ കാററാലിളകുംപോലെ

ദേവലോകഭംഗിയെല്ലാമാവഹിക്കുമാക്കുമാരി
ശ്രീവിതറിക്കളിയാടി നൃത്തപീഠത്തിൽ.

കൊണ്ടലിൻെറമദം നീക്കി നീണ്ടിരുണ്ടു കിടക്കുന്ന
കുന്തളശൈവലത്തിൻെറ കുലുക്കങ്ങളും

സഞ്ചിതാഭയെഴും നെററിപ്പഞ്ചമിപ്പൂഞ്ചന്ദ്രനുടെ
നെഞ്ചിളക്കുംപടിയുള്ള തിളക്കങ്ങളും.

മല്ലികാസ്ത്രഭഗവാന്റെ വില്ലുപോലെ വളഞ്ഞുള്ള
ചില്ലികളാം വണ്ടുകൾ തൻ വിഭ്രമങ്ങളും

നാലുപാടും ചാടിവീഴും നീലലോലമിഴികളാം
ചേലിയന്ന കരിമീനിൻ കറക്കങ്ങളും

കോമളമാം പയോധരത്താമരപ്പൂമൊട്ടുകൾതൻ
സീമവിട്ടതലയാട്ടം ചലനങ്ങളും

പാണിയുഗ്മമായ മൃദുപങ്കജത്തണ്ടുകളുടെ
പാണിക്കൂപ്പിത്തൊഴുതുപോമർത്ഥമുദ്രയും

കണ്ടുകണ്ടാസ്സദസ്സിലെക്കാണികൾ ശൃംഗാര രസ-
ത്തണ്ടലർ വാപിയിൽച്ചാടി നീന്തുകയായി.

പുത്രിയെന്നബന്ധമെല്ലാം സത്വരം കൈവിട്ടുഭൂപൻ
പാത്രമായിതാർശരന്റെ വിശിഖങ്ങൾക്കും

വാരുണീ സേവയാലന്ത: സാരമററവിടനെപ്പോൾ
കാര്യമെല്ലാം വിസ്മരിച്ചു ചാടിയെണീററു.

ഓടിനാനാമോഹിനിതൻ പാടല പാദാന്തികത്തിൽ
കോടിയോളം പൊന്നുവച്ചു കുമ്പിടാനൊങ്ങി.

"ഓമലേ ചോദിച്ചുകൊൾക കാമിതങ്ങളശേഷവും
താമസമെന്നിയേ നൽകാം നിനക്കു സർവ്വം"

രാജവാക്യമിതുകേട്ടു രാജവേശ്യാമണിയാളിൽ
രാജസഹജാതനാകും ഫിലിപ്പാഖ്യന്നു

ജാതയായ തനുജയാമാക്കുമാരി "ശലോമി",തൻ
മാതൃപാദ സീമതന്നിലണഞ്ഞുവേഗം.

"താതനോടിന്നേരമീഞാനെന്തുചോദിക്കേണമമ്മേ
പ്രീതിയോടദ്ദേഹമെന്തുമെനിക്കു നൽകും"

പുത്രിയുടെ മൊഴികേട്ടു തൃപ്തിപൂണ്ട ജനയിത്രി
പുത്രിതൻ ശ്രോത്രത്തിലെന്തോ രഹസ്യമോതി,

ഹേരോദേസിന്നടുക്കലാ സാരസാക്ഷിചെന്നുനിന്നു
താരിളംപുഞ്ചിരിതൂകിക്കഥിച്ചാളേവം

"മാമുനിതൻ തലവെട്ടിത്താലമതിൽവച്ചുതന്നാൽ
കാമിതമൊക്കെയും മമ സാധിതമാകും."

രാജകീയവിരുന്നുണ്ടു വ്യാജമററ സുഖംപൂണ്ടു
രാജഗേഹശാലതന്നിൽ വസിച്ചിരുന്ന

മാനവന്മാർ "ശലോമി" തൻ മാനസാഭിലാഷമോർത്തു
മാനസംപൊട്ടിയപോലെ ഞെട്ടിമിഴിച്ചു

ശക്തിയില്ലായിരുന്നവർക്കാത്തരുണത്തിലനീതി
സത്വരമോതുവാൻ; മൗനംധരിച്ചെല്ലാരും.

നന്ദിനിയാം കരവാളം കയ്യിലെടുത്തഖിലർക്കും
വന്ദിതനാം മുനിതന്നെ വധിക്കുവാനായ്

ക്രൂരയാം ഹേരോദ്യ ഹൃത്തിലോർക്കവേ യോർദ്ദാൻ തടിനി
ഘോരവഹ്നിയേററപോലെ തിളച്ചുപൊങ്ങി.

പുണ്യമാമാത്തരംഗിണി തന്നുടെ തീരത്തുനിന്നു
പുഷ്പിതവൃക്ഷങ്ങളുടെ വേരുകൾ പൊട്ടി

ശിഷ്ടനുടെ സുമംഗലസ്സ്വർഗ്ഗരാജ്യാഗമഗീതം
കേട്ടുശാന്തികൈവരിച്ച മാമരുഭൂമി

നർത്തകിതന്നഭിവാഞ്ഛ സത്വരം കേട്ടപ്പോഴേക്കും
ക്രുദ്ധവാതമേററപോലെ ചിതറിപ്പോയി.

വാനവസേനതൻ ചിത്തം വാൾമുനയേററതുപോലാ
വാർത്തതൻ മാറെറാലികേൾക്കെ മുറിഞ്ഞുപോയി.

തെല്ലുനേരംകഴിഞ്ഞപ്പോൾ കല്യനാം സ്നാപകൻതന്റെ
വല്ലഭത്വമെഴും തല ഭാജനത്തിലായ്.

പാരിടത്തിൽപ്പാരാനന്ദ പാവനപ്പാത തീർത്തൊരു
പങ്കമററ ശിരസ്സിനെ നോക്കിയ ലോകം

നെഞ്ചകം തുടിച്ചുതുള്ളി, സഞ്ചിതാലങ്കാരമാകു-
മഞ്ചിത വിരുന്നു ശാല വെടിഞ്ഞുപോയി.

പാരതന്ത്ര്യപ്പെരുംതുടൽക്കണ്ണിയിൽ ഞെരുങ്ങിവാണ
വാരനാരീമണിയാകും ക്രൂരഹേരോദ്യ

ശാന്തിപൂണ്ട നെടുവീർപ്പാൽ സദ്യശാലതണുപ്പിച്ചു
തന്റെ നിത്യശത്രുപോയി മറഞ്ഞെന്നോർത്തു.

പെണ്മണി തന്നടിമയായ്ത്തന്മണിഗേഹത്തിൽവാണ
കന്മതിയാം ഹിരോദന്റെ കരൾത്തടത്തിൽ

പിന്നെയും മുഴങ്ങിനിന്നു സന്നുതൻ സ്നാപകൻ തന്റെ
വന്ദിത ശാസനാവാക്യം രാപ്പകൽതോറും.

നിദ്രയേത്തലോടുവാനായ് ഭദ്രശീലനൊരുങ്ങവേ
നിദ്രവിട്ടു വിഭാതത്തിലുണർന്നീടവേ

മോടിയേറുമമൃതേത്തു ധാടിയോടു കഴിക്കവേ
പേടമാൻകണ്ണിയുമായി രസിച്ചീടവേ

കർത്തൃമാർഗ്ഗം തെളിച്ചോരു ഭക്തനാം താപസാഗ്ര്യൻ ത-
ന്നുത്തമാംഗം മുന്നിൽവന്നു നിൽപ്പതായ്ക്കണ്ടു.

ഭൂരിപാപമാചരിച്ച ഭൂപതിയെന്നാൾ മുമ്പേ
ഭൂപതിസ്ഥാനത്തിൽനിന്നും ബഹിഷ്കൃതനായ്

ക്രൂരയാം ഹേരോദ്യയൊത്താകുത്സിതനാം നരപതി
പാരിടത്തിലങ്ങുമിങ്ങും നടന്നലഞ്ഞു

ആരുമാരുമറിയാതാപ്പേരുകേട്ട ദമ്പതിമാർ
പാരിടത്തിലൊരിടത്തു മറിഞ്ഞുവീണു.

നർത്തകിയാം ശലോമിയും മാളികവിട്ടെവിടെയോ
ചുററിയലഞ്ഞകാലത്തിൽ മരണമാർന്നു.

## പഞ്ചപൂപം

ഗലീലയാം കടൽകടന്നുബേഥ്സൈദാ
സ്ഥലീയിലെത്തിനാൻ പരമസൽഗുരു

തിരുവടിയുടെ വരവുണ്ടെന്നോർത്തു
കരവഴി നരതതിയവിടെത്തി.

പരമസത്യങ്ങളും പലതുമോതിക്കൊ-
ണ്ടരുമനായകൻ തെളിഞ്ഞുവാഴ്കവേ

പടിഞ്ഞാറേക്കുന്നിൻ മറവിൽ ഭാസ്കര-
നടിഞ്ഞു മന്ദമായിരുൾ നിഴൽവന്നു.

മഹിതമാനവ തനയൻ തന്നുടെ
മധുരമാകിയോരുപദേശാമൃതം

നിതരാമാസ്വാദിച്ചതീവതൃപ്തരായ്
മതിമയങ്ങി വാണിരുന്നു മാനവർ.

വിശന്നിരിക്കുമീ ജനങ്ങൾക്കൊക്കെയും
വിശപ്പടക്കുവാൻ കൊടുപ്പതെന്തെന്നു

വിലയമററവനടുത്തു വർത്തിച്ച
ഫിലിപ്പിനോടായിപ്പതുക്കെച്ചോദിച്ചു.

പണമസംഖ്യമായ്ച്ചെലവഴിച്ചാലും
പരിതീർക്കാനൊന്നും ലഭിക്കയില്ലെന്നു

ഫിലിപ്പുസാദരം കഥിക്കവേ മുദാ
പറഞ്ഞാനന്ത്രയോസ് ഗുരുവിനോടേവം

“ഇരിപ്പുണ്ടിങ്ങൊരു കിശോരനുണ്ടവ-
ന്നൊരഞ്ചു പൂപവുമിരുഝഷങ്ങളും”

ശ്രിതജനകുല പരിപാലൻ, ജന-
തതിയെപ്പുന്തിയിലിരുത്താൻ കല്പിച്ചു.

കടുത്ത മഞ്ഞയും, ചുകപ്പും നീലവും
കലർന്നവസ്ത്രങ്ങൾ ധരിച്ചമാനവർ

വിവിധപുഷ്പങ്ങൾ നിറഞ്ഞ പൂവന-
വിശേഷമെന്നപോലവിടെ വാഴ്കവെ

ഉരുവരമിഴിയുഗളം താതന്റെ
തിരുമുഖംനോക്കിക്കുതിച്ചുപാഞ്ഞുപോയ്

ഹൃദയത്താലനുഗ്രഹങ്ങളർത്ഥിച്ചു
ക്ഷിതിപതിസുതൻ കനിഞ്ഞുകല്പിച്ചു.

“മടിക്കവേണ്ടവ നുറുക്കുവിൻവേഗം
കൊടുക്കുവിൻ നരതതിക്കു വീതിച്ചു,”

നുറുക്കി ശിഷ്യന്മാരൊരുക്കി കുട്ടയിൽ
ചുറുക്കോടുകൂടി വിതരണം ചെയ്തു.

തരുണികൾ ബാലരിവരേ വിട്ടയ്യാ-
യിരം മനുഷ്യരാ ദിനാന്തവേളയിൽ

മധുരമാം പൂപം ഭുജിച്ചു സംതൃപ്ത-
മതികളായ് നിവർന്നെഴുന്നേറ്റുനിന്നു.

ഒടുവിലീറാറു പെരിയ കുട്ടയി-
ലെടുത്തു ശേഷിച്ച സുപൂപഖണ്ഡങ്ങൾ

വിശപ്പടങ്ങിയ ജനങ്ങളും തങ്ങളിൽ
വിശേഷസംഭവം സ്മരിച്ചുചൊല്ലിനാർ

ധരണിക്ക സുഖമരുളുവാനായി
വരാനിരുന്ന സൽപ്രവാചകനിവൻ.

വരഗുണഗണനിധിയാം യാക്കോബിൻ.
വരമാം "ശീലോഹാ"യിവൻതന്നെ നൂനം

ബലാം ദർശിച്ചോരു പുതുമരന്ദവും
ബലംകലരുന്ന സുവർണ്ണച്ചെങ്കോലും

പരമദിവ്യനായിട്ടമെലീശയും
യറമിയ പ്രവാചകനുമിന്നിവൻ."

## സമുദ്രസഞ്ചരണം

ജനങ്ങളെപ്പറഞ്ഞയച്ചു വിശ്രമം
മനസ്സിനെങ്കിലും വരുത്തുവാനൊരു

തരവുംകാണാതെ വലഞ്ഞസൽഗുരു
പറഞ്ഞുതന്നുടെ സുശിഷ്യരോടിത്ഥം

"ത്വരിതം തോണിയിൽക്കയറി നിങ്ങളാ
മറുകരയിൽച്ചെന്നടുക്കുവിൻ, പോവിൻ,"

ജലനിധിപോലെ പരന്നു കണ്ടൊരു
ജനതതിയുടെ നടുവിലേകനായ്

ഗുരുവിനെ വിട്ടുപിരിഞ്ഞു പോകുവാൻ
കരുത്തില്ലാതവർ വിഷണ്ണരായ്നിന്നു.

കയറിനാർ, ഗുരുവരാജ്ഞയാൽ തോണി-
ക്കകത്തു ശിഷ്യന്മാർ വെടിഞ്ഞുകൂലത്തെ.

പിരിഞ്ഞുഃപോയ് ജനം ഗുരുകുലദിന-
കരനട്ടത്തുള്ള ഗിരിയെ പ്രാപിച്ചു.

സ്വതാതനോടായി രഹസ്യഭാഷണം
സ്വതന്ത്രമായ്ച്ചെയ്തു വരങ്ങൾനേടിനാൻ.

മദഗജത്തിന്റെ കൊലവിളിക്കൊത്ത
മഹാരവം തദാ മുഴങ്ങി വാനെങ്ങും.

കൊടിയ കാററൊന്നു കുതിച്ചുവന്നെത്തി
പിടിച്ചൊടിച്ചിട്ടു മഹീരുഹങ്ങളെ.

കുടിലുകളെല്ലാം തകർന്നുമേടകൾ-
മുടികളോടൊന്നിച്ചടർന്നു പൊയ്പോയി.

കരുത്തജീമൂതക്കരിമ്പുലിക്കൂട്ടം
കുതിച്ചുചീറിപ്പാഞ്ഞണഞ്ഞു വിണ്ണിലായ്

സമീപത്തിൽ ശാന്തിവരിച്ചിയങ്ങിയ
സലിലധിയിലെത്തരംഗ സഞ്ചയം

ഗഗനത്തെത്തൊടാനെടുത്തു ചാടുന്ന
നഗങ്ങളെപ്പോലെ ഭയങ്കരങ്ങളായ്

ഗിരിമുടിയിൽനിന്നഖിലേശൻ, തന്റെ
തിരുമിഴിനീട്ടിക്കടലിൽ നോക്കവേ,

ഇളകി വല്ലാതെ മറിഞ്ഞു ഗജ്ജിച്ചു
വളരുമാക്കടൽ നടുവിലായ് തദാ

സ്വശിഷ്യന്മാർ മുദാ കയറിയ തോണി
സുലക്ഷ്യമൊക്കെയും വെടിഞ്ഞുവാരിയിൽ

കറങ്ങിയും തിരച്ചുഴിയിലാപ്പെട്ടും
ചരിഞ്ഞും മുങ്ങിയും കിടപ്പതുകണ്ടു.

തടിൽക്കൊടികളാം കരാളഖഡ്ഗങ്ങ-
ളുടനുടൻ പരം പുളഞ്ഞുകാണായി.

ഇരുണ്ടുഭൂതല, മെതിർസമീരണൻ:
വിരണ്ടു മാനസം വിഗത വിശ്വാസം.

ഒരുതരത്തിലും തുഴഞ്ഞുതോണിയെ
പ്പുരോഗമിപ്പിപ്പാൻ തരംകാണാതവർ

പരിഭ്രമം പരം കലർന്നു മാറത്തു
കരങ്ങളർപ്പിച്ചു കരഞ്ഞിരുന്നുപോയ്

തടിൽപ്രഭയുടെ സഹായത്താലൊരു
നെടുംനിഴലവരകലെ ദർശിച്ചു

"കടൽക്കരീന്ദ്രനോ, പെരിയ ഭൂതമോ?
കൊടിയ കള്ളനോ, ചുടലമാടനൊ?

കഠിനചിത്തനാം കുമതിസാത്താനോ?"
കടുംവിപത്തിന്റെ പുതിയമൂർത്തിയോ?

ജലനിധിയുടെ പരപ്പിലങ്ങനെ
ചരിക്കുവാനൊരു നരനുസാധ്യമോ?

കരളിലിങ്ങനെ കരുതി, വാരിയിൽ
മറഞ്ഞു ചാകുവാനവർ നിനയ്ക്കവേ,

"മതിമതിഭയം മമ തനയരെ
മതി ഭയ"മെന്നു മുഴങ്ങി വൈഖരി!

ചെറിയനൗകയിൽ കയറി സന്ധ്യയിൽ
കടൽത്തീരം വിട്ടുഗമിച്ച ശിഷ്യന്മാർ

കൊടുങ്കാറ്റിൽപ്പെട്ടു കടലിൽ മുങ്ങുമെ
ന്നറിഞ്ഞു പർവ്വതം വെടിഞ്ഞദേശികൻ.

DHARMARAM COLLEGE LIBRARY, BANGALORE. 19707

സമുദ്രതീരത്തിലണഞ്ഞു, കാററിനാൽ
കുതിച്ചുപൊങ്ങുന്ന തിരകളിൽക്കൂടി

മൃദുലപാദങ്ങൾ പതിച്ചുവെണ്മണൽ-
പ്പുരപ്പിലൂടെന്നവിധം നടക്കയായ്

ഗുരുവരനടുത്തണഞ്ഞപ്പോളുട-
നരുളിനാൻ പത്രോസുയന്ന ശബ്ദത്തിൽ.

"ജലംകുടിച്ചയ്യോ മരിക്കാൻ പോകുമീ-
ജ്ജനത്തെ നോക്കിയിങ്ങെഴുന്നള്ളുന്നതു

തിരുവടിയെങ്കിലടുത്തു വന്നിടാൻ
തരണം സമ്മതമെനിക്കു നായക"

"വരികപത്രോസേ, വരികവേഗ"മെ-
ന്നരുളി സൽഗുരുവരനപ്പോൾത്തന്നെ.

പടകിൽ നിന്നുടനിറങ്ങി പത്രോസു
പതുക്കെ മുന്നോട്ടു നടന്നു നീങ്ങവേ,

നിജതലമൂടി പറന്നു വായുവിൽ
നനഞ്ഞു വാരിതൻ കണത്താൽ തന്നങ്കി.

ജലധി തന്നുടൽ വിഴുങ്ങിയാൽ നിജ
നിലയെന്താണെന്നോർത്തവൻ ഭയപ്പെട്ടു.

തരംഗസാനുവിൽ നിറഞ്ഞുഘോരമാ-
മിരുൾപ്പെരും ഭ്രമമവനെ ബാധിച്ചു.

പതുക്കെത്തൻപദം സമുദ്രത്തിൽ താണു
പതറിതന്മനം വിറച്ചു തന്മേനി.

"നിരാശനായ്നാഥ, നിരാശ്രയനഹം
വരിക, രക്ഷിയ്ക്കൂ" നിരന്നു മാഴ്കിനാൻ

സദയം സുസ്മിതം പൊഴിച്ചു നായകൻ
സലിലമഗ്നനായ് ഭവിക്കും ശിഷ്യനെ

നിജകരം നീട്ടിപ്പിടിച്ചു, "വിശ്വാസ-
നിശ്ശതിതൻ ഫലമിതെ"ന്നരുളിനാൻ.

ഗുരുവും സങ്കോചം നിറഞ്ഞ ശിഷ്യനും
കരേറിതോണിയിൽ കടലും ശാന്തമായ്

പനിമതിയുടെ കരങ്ങളെത്തൊട്ടു
മനോജ്ഞനൃത്തനം നടത്തി കല്ലോലം.

"ഭഗവൻ നിന്തിരുവടി സാക്ഷാൽ ദൈവ-
തനയനെ"ന്നവർ കഥിച്ചു ധീരരായ്

കരയ്ക്കു മന്ദമായടുത്തു വഞ്ചിയു,-
മിറങ്ങി തീരത്തിൽ ഗുരുവും ശിഷ്യരും.

## വാദപ്രതിവാദം

പരമനാഥനിൽ നിതാന്തകൗതുകം
നിറഞ്ഞുവർത്തിച്ച മനുഷ്യസഞ്ചയം

പടകിൽ ശിഷ്യന്മാർ കയറിപ്പോയതും
പരിചിൽദ്ദേശികൻ മലയിൽപ്പോയതും

വെളിവായ്ക്കാൺകയാലടുത്തവാസരം
തെളിയുമ്പോഴം ഗിരിതടത്തിലെങ്ങാനും

തിരുമുഖം കണ്ടു വണങ്ങാമെന്നോർത്തു
മരുവിമാമരത്തണലുകൾതോറും

പ്രഭാതമായപ്പോഴം പ്രകാശധാമത്തെ
മലയിൽക്കാണാതെ കലന്നു നൈരാശ്യം.

കൊടുങ്കാററിൽച്ചിന്നിച്ചിതറിയങ്ങിങ്ങു
കിടന്നിരുന്നൊരു ചെറിയതോണികൾ

“തിബെറിയോസി”ൻെറ കരയെക്കൈവിട്ടു
പത്തുകെക്കെപ്പേർന്നോം കരയിൽച്ചെന്നെത്തി.

മഹേശനിൽപ്പരം ബഹുമാനംപൂണ്ടു-
മഹാജനങ്ങളായിരുന്നവകളിൽ,

കരയ്ക്കിറങ്ങിനാരവരുടൻ കണ്ടു
തിരുവടിയുടെ വദനമണ്ഡലം,

കൗതുകം കൈക്കൊണ്ടു വിനീതചിത്തരായ്
കുലീനജാതനോടിവണ്ണം ചോദിച്ചു.

“ഗുരോ, ഭവാനിവിടെവിടെനിന്നെത്തി
തിരഞ്ഞു ഭാവൽക്ക, പദമലർ ഞങ്ങൾ”

“ഒരിക്കലും നിങ്ങളുടയാളും കണ്ടി-
ട്ടരികിലണഞ്ഞു വന്നണഞ്ഞതല്ലല്ലോ.

ഉദരമപ്പത്താൽ നിറഞ്ഞതുമൂലം
മുദാ ഭവാന്മാർ മാം തിരഞ്ഞുവന്നെത്തി

നശിക്കും ഭക്ഷ്യസാധനങ്ങൾക്കായ് നിങ്ങൾ
നടന്നലഞ്ഞു സങ്കടം വഹിക്കേണ്ടാ.

ഒരിക്കലും നശിച്ചിടാത്ത ഭക്ഷണം
തിരക്കുവാൻ പണിപ്പെടേണമെപ്പോഴും

മനുഷ്യനന്ദനൻ തരും നിങ്ങൾക്കതു
മമപിതാവതു കാത്തുസൂക്ഷിപ്പൂ”

ഗുരുപ്രവരൻെറ വചനം കേൾക്കവേ,
കുറച്ചുനാണിച്ചു ജനങ്ങൾ വർത്തിച്ചു.

“സുരാധിനായക പ്രസാദനത്തിനു
ധരയിൽ ഞങ്ങളെന്തനുഷ്ഠിച്ചീടണം?”

ജനങ്ങളീവിധം തദാ ചോദിച്ചപ്പോ-
ളനഘനോതിനാനിവണ്ണമുത്തരം.

“സുരേശനീതനിൽ വിശുദ്ധ വിശ്വാസ-
ഭരംവഹിപ്പതു പിതൃ പ്രസാദനം”

“സ്ഫുടമാം വിശ്വാസമിവർക്കുണ്ടാകുവാ-
നടയാളമെന്തിന്നവിടുന്നു കാട്ടും?

പിതാക്കന്മാർ മുന്നം മരുഭൂമദ്ധ്യത്തിൽ
പൊഴിച്ചില്ലേ “മന്നാ”ഗഗനത്തിൽനിന്നും”

നികടവർത്തികളിവണ്ണം പിന്നെയു-
മടക്കം കൈവിട്ടു തുറന്നുരയ്ക്കവേ

തിരുവടി വീണ്ടും പൊഴിച്ചു വാണിയാം
മരന്ദമേററവും മധുര മോഹനം.

“പുരാ മന്നാ മരുസ്ഥലിയിൽ പെയ്യിച്ചു
പുരാതനൻ മൂസ പ്രവാചകനല്ല.

ത്രിദിവത്തിൽനിന്നമുതു ചൊരിഞ്ഞതെൻ
പിതാവു താനെന്നു ധരിക്കുവിൻ നിങ്ങൾ.

സുരലോകാധിപനുടയ പൂപമി-
ങ്ങിറങ്ങിവന്നു ഭൂതലത്തിനൊക്കെയും

സുചിരമാം ജീവൻ സദയമേകുന്നു
സുദ്ധമിന്നു ഞാനിതാ കഥിക്കുന്നു.

“തരേണമേ, നാഥ, സദയമീയപ്പം
നിരന്തര”മെന്നുപറഞ്ഞാർ പിന്നെയും

"നികടത്തിലെന്നെത്തെളിഞ്ഞു കണ്ടിട്ടു-
മക്കളുന്നിൽ വിശ്വസിപ്പീലാ നിങ്ങൾ.

പിതാവെനിക്ക നൽകിടുവതൊക്കെയും
വിഫലാതമെന്നിയേ വരും മമാന്തികം

മമ സമീപത്തിൽ വരുന്ന മർത്ത്യനെ
മറുത്തു ഞാൻ തള്ളിക്കളയുകയില്ല

പിതൃമതം നടത്തിടുവാൻ ഞാൻവന്നു
മദിച്ഛ നിർവഹിച്ചിടുകയല്ല ഞാൻ.

ജനകൻ നൽകിയതഖിലവുമന്ത്യ-
വിനാഴിക വരുന്നൊരു മുഹൂർത്തത്തിൽ

ഉയർത്തെഴുന്നേൽപ്പിച്ചിടണമെന്നത്രേ
വ്യയഹീനൻ തന്റെ പരമവാഞ്ഛിതം

സുതനിൽ വിശ്വസിപ്പവർക്കഖിലവും
സുചിരമാം ജീവൻ ലഭിക്കണം ദൃഢം.

ഇതാണു മാമക ജനകവാഞ്ഛിത-
മിതിനു ഞാൻ സദാ പരിശ്രമിച്ചിടും

സുരപുരത്തിൽനിന്നിറങ്ങിവന്നൊരു
സജീവ പൂപം ഞാൻ, ധരിക്കുവിൻ നിങ്ങൾ

നിരന്തരമെന്നിൽ പരമവിശ്വാസം
ധരിക്കും മർത്ത്യനു വരില്ല ദാഹവും.

വിശക്കുമാറില്ല മമ സമീപത്തിൽ
വരുന്ന മാനുഷനൊരു പൊഴുതിലും

പറഞ്ഞാൻ ശ്രീയേശു ജനത്തൊടു വീണ്ടും
"ധരിക്ക ജീവന്റെ മധുര പൂപം ഞാൻ"

"ഇവനെന്തുകാര്യമിവൻ യൗസേപ്പിൻെറ
തനയൻ യേശുവല്ലയോ; നാമൊക്കയും

തദീയരാം മാതാപിതാക്കളെ നല്ല
വിധമറിയുന്ന ജനങ്ങളല്ലയോ"

ഇവണ്ണമാളുകൾ പറഞ്ഞതുകേട്ട
ഭവികശീലനാം നരകുലവരൻ

പരം വിശുദ്ധമാം ജനന വൃത്താന്തം
പറഞ്ഞു മർത്ത്യർ തൻ നിരൂപണകളെ

നിവർത്തുവാനേതും മുതിർന്നതേയില്ല.
നിജമഹത്വങ്ങൾ പുറത്തുകാട്ടീല.

സ്വകീയ ദിവ്യമാം ഗുണഗണരശ്മി
സദയം മർത്ത്യരിൽ ചൊരിഞ്ഞതുമില്ല.

പ്രഭാതകാന്തിപോൽപ്പുതുക്കെത്തന്നുടെ
പ്രതാപം വാക്കിനാൽ തെളിച്ചുവന്നവൻ.

മനുഷ്യർക്കായി ഞാൻ തരുന്ന ഭക്ഷണം
മദീയനിർമ്മലശരീരത്തിൻ മാംസം

മനുഷ്യപുത്രൻെറ തനു ഭക്ഷിക്കാതെ
മനുഷ്യപുത്രൻെറ നിണംകുടിക്കാതെ

ഒരുത്തനും ജീവൻ ലഭിക്കയില്ലെന്നു
ധരിക്കണ"മെന്നു പറഞ്ഞു തമ്പുരാൻ.

സ്വരൂപമിങ്ങിതു കഴിപ്പവനെന്നും
സുജീവയുക്തനായ് വിളങ്ങുമൂഴിയിൽ"

പറഞ്ഞു പത്രോസീമൊഴികൾ കേൾക്കവേ
"ഗുരോ തവമൊഴി സുചിര ജീവദം

"ദേവൻ പരിശുദ്ധൻ, മഹാ പരിശുദ്ധൻ"
ഇവണ്ണം കേൾക്കവേ പറഞ്ഞു മന്നവൻ

"തിരഞ്ഞെടുത്ത പന്തിരണ്ടു ശിഷ്യരി-
ലൊരുത്തനാഹന്തവെറും പിശാചുതാൻ."

ശാബത

അന്നൊരു ശാബതനാളിൽ സനാതനൻ
തന്നുടെ ശിഷ്യരുമൊത്തു വിശാലമാം

കേദാരഭൂമിയെപ്പാദപാംസുക്കളാൽ
പൂതമാക്കിക്കൊണ്ടു പോകും ദശാന്തരെ

ക്ഷുത്തിനാലന്നേ നിവാസികൾക്കാർത്തിയും
സാദവുമുണ്ടായി സാമാന്യർക്കെന്നപോൽ

വിത്തിൻഘനത്താൽ ശിരസ്സു കുനിച്ചു നൽ-
കാത്തസൗരഭ കലർന്നു കിടന്നൊരു

ഗോതമ്പിൻ പുത്തൻ കതിർക്കുല മെല്ലവേ
കില്ലറ്റൊടിച്ചിടം കൈക്കളത്തിൽവച്ചു

മറ്റേക്കരത്താൽ തിരുമ്മിയുമികളെ
തെറ്റന്നു ദൂരത്തിലൂതിത്തെറിപ്പിച്ചു

പക്ഷികൾ കൊത്തിക്കൊറിക്കുന്ന പോലവെ
ഭക്ഷിച്ചു പൈ,തെല്ലടക്കി പ്രസന്നരായ്

വേദവുമാചാര്യമര്യാദയും പഠി-
ച്ചേതിനമാരെയും വെല്ലുവിളിക്കുവാൻ

കോപ്പിട്ട വാണജനത്തിന്റെ ദൃഷ്ടിക-
ളപ്പോഴെ കോപത്തിനാൽ ചുകപ്പായിതെ

പയ്യടക്കാർചെയ്യ കൃത്യമാക്കുട്ടക്ക്
കൊയ്ത്തും മെതിയുമെന്നുള്ള കൃത്യങ്ങളായ്".

ശാബതയായിരുന്നന്നാളിലാകയാ-
ലാരും വയലിൽക്കടന്നുകൂടാപോലും

വല്ലാത്ത വേദപ്രമാണ പ്രമാണികൾ
പല്ലിൽനടപ്പതും സാക്ഷാൽ മെതിയെന്നു

കല്പിച്ചു വന്നിരുന്നെന്നല്ല, വൃക്ഷത്തിൻ
പക്വംപറിപ്പതും പാപമായ്ച്ചിന്തിച്ചാർ

ചട്ടംവെടിഞ്ഞു യൗസേപ്പിന്റെ നന്ദനൻ
ചെയ്‌വതെന്തൊക്കെയാണെന്നു കാണ്മാൻ ജനം

വേട്ടയ്ക്കുപോകുന്ന നായാടികൾ പോലെ
തൊട്ടുപിന്നാലെ പതുങ്ങി നടന്നിതെ.

കണ്ടാരവരൊരു ഘോരമാം തിന്മയെ-
കല്ലാലെറിഞ്ഞു കൊല്ലേണ്ടൊരു ദുഷ്കൃത്യം

കണ്ണടയ്ക്കുള്ളൊരു വർണ്ണഭേദങ്ങളാൽ
കാണുന്ന വസ്തുക്കളോരോ നിറങ്ങളിൽ

ക്രിസ്തുവിൻ ശിഷ്യന്മാർ വേദപ്രമാണത്തി-
ലാസ്ഥയില്ലാതഘം ചെയ്തെന്നുറപ്പിച്ചു

പാത്തും പതുങ്ങിയും ചെന്ന പരീശന്മാർ
കർത്താവിനോടീവിധത്തിൽ ചോദിക്കയായ്.

"ശാബതനാളിലൊരുത്തരും ചെയ്യാത്ത
പാപമെല്ലാംചെയ്‌വു താവക ശിഷ്യന്മാർ

"ദാവീദു ശാബതനാളിൽ ജഗദീശ-
ദിവ്യാലയംപൂകിയാചാര്യനെന്നിയെ

തിന്നുകൂടാത്ത വിശുദ്ധമാമപ്പത്തെ
തിന്നൊരുവൃത്താന്തം നിങ്ങൾക്കറിവില്ലേ?

മർത്ത്യന്നായ് നിർമ്മിതം ശാബത്ത്, ശാബത്ത
മർത്ത്യനെ നിർമ്മിക്കമാറില്ലൊരിക്കലും

ശാബത്തിന്നും പരമാദ്ധ്യക്ഷനല്ലയൊ
സാക്ഷാൽ നരാത്മജനായിപ്പിറന്നവൻ"

ക്രിസ്തുദേവൻ ചൊന്ന വാക്യമേവം കേട്ടു
കൗടില്യമാന്ന പരീശർ താഴ്ത്തീ തല.

## ശോഷിതഹസ്തന്റെ സുഖപ്രാപ്തി

കപ്പന്നഹോമിലെക്കേദാരഭൂമിയിൽ
മുപ്പാരിനീശ്വരൻ വർഷിച്ച വാക്കുകൾ

ദുഷ്ടപ്പരീശരെ വല്ലാത്ത കോപത്താൽ
ദംഷ്ട്രമുറുക്കവോരാക്കിയനുക്ഷണം.

"മോശയേക്കാളും മഹാനാണു താനെന്നു
മുഷ്ക്കിയന്നോതുന്ന മേരീതനയനെ

നിസ്സാരനായി ഗ്ഗണിക്കാതെ സത്വരം
നോക്കിക്കുരുക്കിലകപ്പെടുത്തീടണം."

ചേതസ്സിലേവം നിനച്ചു ജനത്തിന്റെ
നേതാക്കളെന്നഭിമാനിച്ച യൂദന്മാർ

കേദാരഭൂമിയിൽനിന്നു ജഗത്തിന്റെ
നാഥൻ സശിഷ്യനായ് വീതിയില്ലാത്തുള്ള

പാതയിൽക്കൂടെ തിരിയെഗ്ഗമിപ്പതു
പാർത്തു പിന്നാലെ പുറപ്പെട്ടു ഗൂഢമായ്.

കപ്പൂർന്നമോഹം തെരുവീഥിയിലൂടവേ
കർത്താവു മുന്നോട്ടു മന്ദം നടക്കവേ,

പ്രാർത്ഥനാമന്ദിരപ്രാന്തത്തിൽ, ദുർബല-
പാണിയായ് ക്ഷീണനായ്ക്കണ്ടാനൊരുത്തനെ.

മന്ദിരസ്തംഭത്തിൻ ചുററിലും നാട്ടുകാർ
മൗനംധരിച്ചനങ്ങീടാതെ നിന്നുടൻ,

നോക്കിനാർ യേശു തന്നാനനത്തിങ്കലും
രോഗിയാം മർത്ത്യൻെറ ദീനമുഖത്തിലും.

"നസ്രേയനിൽ മഹാകുററം ചുമത്തുവാൻ
നൽവഴിയേതെങ്കിലും വന്നാൽ നന്നായി.

ശാബതയാണിന്നു കാരുണ്യവായ്പിനാൽ
സൗഖ്യദാനത്തിന്നിവൻ മുതിർന്നീടുമോ?"

ഏത്തട്ടിലീവിധമോർത്താപ്പരീശന്മാ-
രെത്തിനോക്കിക്കൊണ്ടു നിന്നു സമൂഹത്തിൽ.

"നാളൊന്നു പോയാൽക്കഴിഞ്ഞു വിശുദ്ധമാം
നാള;ന്നു സൗഖ്യപ്പെടുത്തിടാമാത്തനെ.

ശത്രുത്വമെല്ലാമൊഴിക്കാം പരീശക്ക്
സംതൃപ്തി തെല്ലു ജനിക്കാ"മിവയൊന്നും

കർത്താവു ചിന്തിച്ചതില്ലാ; കൃപാദീപ്ത-
ചിത്തം പരക്കെ പ്രകാശിച്ചു സത്വരം

നീതിയോടും നിയമത്തോടും പോരാടി
ജീവസംരക്ഷണവാഞ്ഛ വിജയിച്ചു.

വാക്കിനോടാശയം പോരാടി, കാരുണ്യം
കാരുണ്യത്തോടെതിരിട്ടു ജയം നേടി.

ധീരത തൻ മുമ്പിൽ ഭീരുത്വം തോററുപോയ്;
മേരിതന്തുജനാ രോഗിയോടോതിനാൻ

"മുന്നോട്ടു നീട്ടുക, നീട്ടിപ്പിടിക്കുക
നിൻകരം": രോഗിയവ്വണ്ണമനുഷ്ഠിച്ചു.

തെററന്നു തൽക്കരമക്ഷീണമായ്ക്കണ്ടു
മറേറക്കരംപോലെ സുന്ദരമായ്ത്തീൎന്നു.

സാദൂക്യരും പ്രീശന്മാരും ഹേരോദ്യരും
കർത്തൃസമീപത്തിൽ ചെന്നങ്ങുചോദിച്ചു

"നന്മയോ തിന്മയോ ശാബതിൽ ചെയ്യാമോ
നിഗ്രഹാനുഗ്രഹമന്നത്തേക്കുള്ളതോ?"

ഉത്തരംകേൾക്കുവാൻ കണ്ണവും കൂർപ്പിച്ചു
തത്ര വസിച്ചോർതൻ ഗർവം തകൎക്കുവാൻ

വിജ്ഞാനവിത്തിൻ വിളനിലമാകിന
വിദ്യാവിശാരദൻ നാഥനരുളിനാൻ

"ശാബതിൽ ന്യായമേതാണ് ദുഷ്കൃത്യമോ
സൽകൃത്യമോ നിങ്ങളോർത്തു പറയുവിൻ

രക്ഷിക്കവേണ്ടുന്ന ജീവിയെ ശാബതിൽ
ശിക്ഷിച്ചുകൊല്ലുകയെന്നതു നീതിയോ?

ദൈവനിയമത്തെ പ്പാലിക്കുവാൻവേണ്ടി
ജീവനെ മൂറം നശിപ്പിക്കവേണമോ?

മേഷം കിണററിൽപ്പതിച്ചാലജ്ജീവിയെ
മേലേ കരേററാതെ നിങ്ങളിരിക്കുമോ?

ശ്രേഷ്ഠതയെത്രമേലേറിടുമീശ്വര–
സൃഷ്ടിയാം മാനുഷനാടിനെക്കാട്ടിലും"

ശത്രുക്കളൊക്കെയും മൌനംഭജിച്ചുപോയ്
പ്രത്യുത്തരം കഥിക്കാനരുതാതെയായ്

യൂദന്മാൎക്കുള്ളൊരു ഭക്തിതൻ കാലുഷ്യ-
മോൎത്തു കൎത്താവിന്റെ ചിത്തമെരിഞ്ഞുപോയ്

പാൎശ്വത്തിൽ കേവലം വാഴത്തണ്ടെന്നപോൽ
പാരംതളൎന്നൊരു പാണിയുമായ് ഭുവി

കഷ്ടതപൂണ്ടുവസിച്ച ദുൎഭാഗ്യവാൻ
ക്ലേശംവെടിഞ്ഞു നമിച്ചു കൎത്താവിനെ.

## കൈകഴുകൽ

ശ്രീയേശുദേവനോടേററ വൈരിവ്രജം
ഭൂയോപി ഭൂയോപി തോററുപോയീടവേ,

കോപംവളൎന്നിനിച്ചെയ്യേണ്ടതെന്തെന്നു
കൂടിയാലോചിച്ചു ബുദ്ധിതപിപ്പിച്ചു.

റോമിന്നധീനന്മാരന്നേവരയ്ക്കും ഹേ-
രോദ്യർ തൻ വൈരികളായി വൎത്തിച്ചുതെ.

എങ്കിലോ ക്രിസ്തുവോടുള്ള വിരോധത്തിൽ
പങ്കുചേൎന്നാരവർ മിത്രങ്ങളെന്നപോൽ.

വാക്കിനാലും യുക്തിയാലുമമിത്രർതൻ
നാക്കിനുള്ളാട്ടമശേഷം ശമിപ്പിക്കാൻ

ത്രാണിയും ബുദ്ധിയുമാൎന്നു ജഗൽപ്പരി-
ത്രാണനിപുണനാം നാഥനെത്തോല്പിക്കാൻ,

തെററുചെയ്യാത്തൊരു ശിഷ്യരിൽ വല്ലാത്ത
കുററങ്ങളും കണ്ടുപിടിക്കാനൊരുമ്പെട്ടു.

കൈയ് കഴുകീടാതെ ശിഷ്യന്മാരാഹാരം
സ്വീകരിച്ചാർ പതിവായിട്ടാക്കാലത്തിൽ.

കാൎയ്യംധരിച്ചു പരീശന്മാർ വന്നെത്തി
കൎത്താവിനോടു ചോദിച്ചാരിതേവിധം.

“ഭാവൽക്കശിഷ്യന്മാർ പാണികഴുകാതെ
ഭക്ഷിപ്പതെന്തുകൊണ്ടെന്നരുളീടണം”

ശത്രുക്കൾ ചോദിച്ച ചോദ്യത്തിനുത്തരം
കൎത്താവു് തൽക്ഷണമിങ്ങനെ കല്പിച്ചു.

“പാണികഴുകേണം ഭക്ഷിക്കുംമുമ്പെന്നു
പണ്ടേ യഹൂദൎക്കുണ്ടായിരുന്നു വിധി.

ചന്തയിൽ സാമാനം കൊള്ളുവാൻപോയിട്ടു
സ്വന്തംഗൃഹത്തിൽ തിരിച്ചുവരുമ്പൊഴും

നാലഞ്ചുനാഴിക സഞ്ചരിക്കുമ്പോഴും
ചാലെ കഴുകണം പാണിയും പാദവും

മാനിക്ക മാതാപിതാക്കളെ സ്സന്തതം,
മാനിക്കാത്തുള്ളോൻ മരിക്കണം നിൎണ്ണയം

മൽപ്പിതാവാം ദൈവമിക്കാൎയ്യമൊക്കെയും
കല്പിച്ചതാണെന്നു നിങ്ങൾക്കറിഞ്ഞിടാം.

എങ്കിലും തൽപ്രമാണങ്ങളശേഷവും
നിങ്ങളുപേക്ഷിച്ചു ജീവിതംപോക്കുന്നു.

പണ്ടു യേശയ്യാപ്രവാചകൻ നിങ്ങളെ-
ക്കൊണ്ടു കഥിച്ചതു സത്യമല്ലോ കേൾക്ക.

“മാനിപ്പതുണ്ടധരങ്ങളാലീജന-
മെന്നെയന്നാലകംകൊണ്ടു വെറുക്കുന്നു.

വ്യർത്ഥമായെന്നെബ്ഭജിക്കുന്നു മാനവ
കൽപ്പനയാമുപദേശം പഠിപ്പിച്ച്."

മർത്ത്യന്റെ വായിൽക്കടക്കുന്നൊരാഹാര-
മല്ലല്ല സംശുദ്ധിയില്ലാത്ത സാധനം

മർത്ത്യന്റെവക്ത്രം കടന്നുവരുന്നവ
മാത്രമാണേററമശുദ്ധമാം വസ്തുക്കൾ

മല്ലിതാവല്ലാതെ മററുള്ളോർ നട്ടിടും
തൈയ്, മരമൊക്കെയും പാടെ നശിച്ചിടും.

കേവലമാന്ധ്യംപിടിപെട്ടതാംവഴി-
കാട്ടികളാണീ ജനങ്ങളശേഷവും

അന്ധനാലന്ധൻ നയിക്കപ്പെട്ടുമെങ്കി--
ലന്ധകൂപത്തിലിരുവരും വീണിടും".

കർത്തൃവാക്യങ്ങളീവണ്ണം ശ്രവിക്കവേ
പത്രോസുചോദിച്ചു വാക്യാർത്ഥം സാദരം

"കാര്യംഗ്രഹിപ്പാൻ കഴിവില്ല നിങ്ങൾക്കു
കേൾക്കുവിൻ" ദേശികനോതിനാൻ സാരാംശം.

ബാഹ്യമാം ശക്തിക്കുതകുന്ന ഭക്ഷണം
ബാധിക്കയില്ലൊരുനാളുമാത്മാവിനെ.

മർത്ത്യന്റെ തേജസ്സിൽ നിന്നും നിരന്തര-
മെത്ര ദുശ്ചിന്തതൻ ദുർഗ്ഗന്ധംവീശുന്നു.

നിഗ്രഹം, കൊള്ള, വ്യഭിചാരം, നൈഷ്ഠൂര്യ-
മാഗ്രഹം, വഞ്ചന, ബുദ്ധിവിഹീനത,

മേദുരാഹങ്കാരമെന്നീവകയെല്ലാം
മാനവഹൃത്തടം യുക്തമാം കേദാരം.

മർത്ത്യനെപ്പാരം കെടുത്തുന്ന കാര്യങ്ങ-
ളെത്രയുണ്ടെന്നു ഞാൻ ചൊല്ലിത്തരേണമോ?

വെള്ളത്തിൽത്തൊട്ടു കഴുകാത്തതാം പാണി
കൊള്ളരുതാത്തവനാക്കില്ല മർത്ത്യനെ."

ലേവ്യാനിയമത്തിൽ ക്ഷാളിതാക്ഷാളിത-
മാംസങ്ങൾക്കേററവും ഭേദംകൽപ്പിച്ചതെ.

എസ്രാതൻ കാലംമുതൽക്കതിൽ നിർബന്ധം
മർത്ത്യർക്കു വല്ലാതെയുണ്ടായിരുന്നപോൽ.

മുററുമനിത്യമാം തന്നിയമങ്ങൾക്കു
മാററംവരുത്തിനാൻ ശ്രീയേശുനായകൻ.

## പ്രാർത്ഥന

അന്നൊരു സുന്ദര സുപ്രഭാതത്തിങ്ക-
ലഗ്ഗലീലാ നഗരങ്ങളിലൊന്നിലായ്

കൈകൾ മലർത്തിപ്പിടിച്ചൂർദ്ധ്വനേത്രനായ്
ക്രിസ്തുദേവൻ തപംചെയ്തു നിൽക്കുംവിധൌ

"പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണമെങ്ങളെ
നാഥ! ഭവാൻ" എന്നു ശിഷ്യന്മാർ യാചിച്ചു.

കർത്താവുടനതി സ്നേഹവാത്സല്യങ്ങ-
ളൊത്തിതമേട്ടിൽപ്പഠിപ്പിച്ചു പ്രാർത്ഥിപ്പാൻ.

"നാകലോകത്തിൽ വസിക്കുംപിതാവേ, നിൻ
നാമം വിശുദ്ധമായ്ത്തീർന്നീടേണം

സർവ്വേശാ! വേഗംവരേണമേ, താവക
സ്നേഹപ്രദീപ്തമാം സ്വർഗ്ഗരാജ്യം;

സാധ്യമായ്ത്തീരേണം താവക വാഞ്ഛിതം
സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും

ഞങ്ങൾക്കു വേണ്ടുന്നോരാഹാരമിന്നും നീ
മംഗളവിഗ്രഹാ, നൽകീടേണം.

ഞങ്ങളോടിന്നു കടപ്പെട്ടവരോടു
ഞങ്ങൾ ക്ഷമിച്ചതുപോലെ നാഥ,

ഞങ്ങൾക്കിന്നുള്ളോരു സർവ്വ കടങ്ങളു-
മങ്ങു സദയം പൊറുത്തീടേണം.

ക്രൂര പരീക്ഷയിൽ ഞങ്ങളെച്ചേർക്കാതെ
കാക്കേണം ദുഷ്ടനിൽനിന്നു നിത്യം

ദേവ, മഹത്വവും ശക്തിയും രാജ്യവും
താവകാധീനമെന്നേക്കുമാമ്മീൻ."

തൽപ്രാർത്ഥന തൻെറ ശിഷ്യരിൽ നവ്യമാം
ശക്തിയും ധൈര്യവും വേണ്ടപോലുണ്ടാക്കി.

## അന്ധൻെറ സൗഖ്യപ്രാപ്തി

ദേശികനന്നു ദേവാലയം പൂകവേ,
ദീനനാമേകൻ തദന്തികം പ്രാപിച്ചു.

ബാധിര്യവും ദുഷ്ടഭൂതവുമാന്ധ്യവും
ബാധിച്ചു ജീവിതസ്നേഹം നശിച്ചോരു

സാധുവാമാമഹാരോഗിയിൽ തൃക്കണ്ണു
സംപതിപ്പിച്ചാൻ മഹാകൃപാവാരിധി.

കണ്ണും തുറക്കയായ്, കൺകൾ തെളികയായ്
വണ്ണും പൊഴിക്കയായ് ഭൂതവിമുക്തനായ്.

കാണികളൽഭുതം കൊള്ളുമാറാ, രോഗി
കർത്തൃപാദാംബുജപ്രാന്തത്തിൽ വർത്തിച്ചു.

"ഈ നരൻ ദാവീദ്ദനന്ദനൻ തന്നെയോ?"
മാനവരീമട്ടിലൽഭുതം പൂണ്ടോതി.

സാദ്ദൂക്യരിൽ ചിലർ ചൊന്നാ"രിവൻ ദൃഢം
"ബെൽസബ്ബു തന്നുടെ മേലധികാരിതാൻ

ഭൂതസംഘത്തിന്റെ നായകനല്ലാതെ
ഭൂതത്തെ മററാക്കു മാററാൻ കഴിഞ്ഞിടും"

മാനവ നന്ദന വ്യക്തിവിലാസവും
മർത്ത്യചിത്തം ഗ്രഹിപ്പാനുള്ള ശക്തിയും

നിദ്രവെടിഞ്ഞുള്ള ലോക സംസേവയും
ഭൂതങ്ങളെപ്പുറത്താക്കും മഹത്വവും

തത്വപ്രബോധനഗാം ഭീഷ്മശൗര്യവും
ശത്രുക്കളെക്കൊമ്പുകുത്തിക്കും ധാടിയും

കണ്ടുകണ്ടേവർക്കും ഭക്തിയും ഭീതിയു-
മുണ്ടായി നാഴികതോറും മനക്കാമ്പിൽ.

കള്ളത്തരം പരം ചേരും പരീശർ ത-
ന്നുള്ളമറിഞ്ഞു കർത്താവവനാ കല്പിച്ചു.

"രാജ്യമൊന്നാ,യതിനോട്ടതന്നേ പട-
വെട്ടിയാ,ലായതുപിന്നെ ശേഷിക്കില്ല.

പട്ടണമൊന്ന,തിനോട്ടതന്നേ പട
വെട്ടിയാ,ലായതുപിന്നെ ശേഷിക്കില്ല.

മന്ദിരമൊന്നതിനോട്ടതന്നേപരം
മത്സരിച്ചാലതു നൂനം നശിച്ചിടും.

സാത്താനെ സാത്താൻ പുറത്താക്കുമെങ്കിലോ
സാത്താനവങ്കൽ പിണങ്ങിപ്പിരിഞ്ഞിടും

ശേഷിക്കുമെമ്മട്ടു പിന്നീടു സാത്താന്റെ
സാമ്രാജ്യമെന്നൊന്നു നിങ്ങൾ ചിന്തിക്കുവിൻ.

ഞാൻ ബേൽസബൂവിനെക്കൊണ്ടു ഭൂതങ്ങളെ
നീക്കുന്നുവെങ്കിലാരേക്കൊണ്ടു നിങ്ങൾ തൻ

മക്കളോ ഭൂതങ്ങളെപ്പുറത്താക്കിടു-
മെന്നു പറയുവിൻ തെല്ലും മടിക്കാതെ.

ഈശ്വരാത്മാവിനാൽ സാത്താന്റെ കൂട്ടത്തെ
ക്ലേശം വിനാ ഞാൻ പുറത്താക്കുമെങ്കിലോ

ദൈവരാജ്യം ഭവൽപ്രാന്തത്തിലാണെന്നു്
സന്ദേഹമെന്നിയെ നിങ്ങൾ ധരിക്കണം

ശക്തനെബ് ബന്ധിച്ചിട്ടല്ലാതെ തൽഗൃഹം
പൂകിക്കവർച്ച നടത്താൻ കഴിയുമോ?

ശക്തനെബ്ബന്ധിച്ചാൽ നിശ്ചയം തൽഗേഹം
പ്രാപിച്ചു സർവ്വവും കൊള്ളചെയ്യാമല്ലോ.

തെല്ലുമെന്നോടനുകൂലമല്ലാത്തവൻ
കില്ലെന്നിയേ പ്രതികൂലമെന്നോടലം.

മററുള്ള മർത്ത്യരോടുള്ള പാപങ്ങളും
ദൂഷണകർമ്മവും ക്ഷന്തവ്യമെന്നാലോ

തെല്ലും ക്ഷമിക്കയില്ലാത്മാവിനോടുള്ള
ദൂഷണം സർവേശനാകിയ നീതിജ്ഞൻ.

മർത്ത്യതനുജനോടാരെങ്കിലുമൊരു
വാക്കുപറഞ്ഞാൽ ക്ഷമിക്കുമവനോടു.

പാവനാത്മാവിന്നു നേരെ പറഞ്ഞാലോ
രണ്ടു ലോകത്തിലുമായതക്ഷന്തവ്യം

ഒന്നുകിൽ വൃക്ഷവുമായതിലേ ഫല-
വൃന്ദവും നന്നെന്നു സമ്മതിച്ചീടേണം.

അല്ലായ്കിൽ വൃക്ഷവുമായതിലേ ഫല-
ജാലവും നന്നല്ലായെന്നു പറയണം

വൃക്ഷമറിയുന്നതായതിലുണ്ടാകും
കായ്കളെക്കൊണ്ടല്ലൊ; ബുദ്ധിമുട്ടെന്തതിൽ

സർപ്പസന്താനങ്ങളേ നിങ്ങളെത്രയും
ദുഷ്ടരായ് ഭൂമിയിൽ കാലം നയിക്കുമ്പോൾ

സൽക്കാര്യമോതുവാനെമ്മട്ടു നിങ്ങൾക്കു
സാധിപ്പൂ; സംശയിക്കേണ്ട സാധിക്കില്ല.

ചിത്തം നിറഞ്ഞു കവിയുന്നതിൽ നിന്നു
വക്ത്രം പുറത്തു പറയുന്നു കാര്യങ്ങൾ.

നല്ല നിക്ഷേപത്തിൽ നിന്നല്ലോ നല്ലതു
നല്ല മനുഷ്യൻ പുറപ്പെടുവിക്കുന്നു.

ദുഷ്ടനിക്ഷേപത്തിൽ നിന്നല്ലോ തീയതു
ദുഷ്ടമനുഷ്യൻ പുറപ്പെടുവിക്കുന്നു.

മാനവരോതിടുമേതു നിസ്സാരമാം
വാക്കിനും ന്യായം വിധിക്കുന്നകാലത്തു

ബോധിപ്പിക്കേണ്ടിവരും കണക്കെന്നു ഞാ-
നോതുന്നു നിങ്ങളോടിന്നുകില്ലെന്നിയെ.

നീതീകരിക്കപ്പെട്ടുംതവ വാക്കിനാൽ
കുററംവിധിക്കപ്പെട്ടുമതിനാൽതന്നെ."

കർത്താവിവണ്ണമുപദേശം തൂകവേ
കൂട്ടത്തിൽനിന്നൊരു നാരിയരുളിനാൾ

"നിന്നെ വഹിച്ചൊരു കുക്ഷി ശുദ്ധീകൃതം
നിന്നെക്കുടിപ്പിച്ച മാർവ്വും ശുദ്ധീകൃതം."

"ദൈവത്തിൻ വാക്കുകൾ കേൾക്കുവോരൊക്കെയും
ഭാവുകരെ"ന്നു കർത്താവുമരുൾചെയ്തു.

നിന്നില്ലവൈരവും ഭള്ളുമരികൾക്കു
പിന്നെയും പിന്നെയും ശണ്ഠക്കവർ കൂടി.

## അടയാളം

"സ്വന്തമാം ശക്തിവിളിച്ചറിയിക്കുവാ-
നെന്തടയാളമങ്ങിന്നു കാണിച്ചിടും"

ശാസ്ത്രിമാരിൽച്ചിലരുൾക്കടാഹങ്കാര-
മത്തരായ് ദേശികനോടേവം ചോദിച്ചു.

കർത്താവുടൻ മടിക്കൂടാതവരോടു
കല്പിച്ചാനീവിധം യുക്തമാമുത്തരം.

"പാരം വ്യഭിചാരസക്തിയും ദോഷവും
ചേരും തലമുറക്കാരേ, ശ്രവിക്കുവിൻ

ഹാ, നിങ്ങൾക്കെന്തൊരടയാളമാവശ്യം
യോനാപ്രവാചക ദൃഷ്ടാന്തമല്ലാതെ?

മൂന്നുനാൾ രാപ്പകൽ സാഗരമത്സ്യം
തന്നുടെ കുക്ഷിയിൽ യോനായിരുന്നപോൽ

മൂന്നുനാൾ രാപ്പകൽ മാനവനന്ദനൻ
ഭൂമിതൻ ഗർഭത്തിൽ വാണിടും നിർണ്ണയം.

ന്യായവിധിയിൽ നിനേവാ നിവാസിക-
ളിന്നത്തെ മാനവ വർഗ്ഗത്തോടൊന്നിച്ചു

നൂനമെഴുന്നേററതിനെ മടിക്കാതെ
കുററംവിധിച്ചുപറയും പരിഹാസം.

യോനതൻ ഭാഷണം കേട്ടു ദൈവത്തിങ്കൽ
മാനസംചേർത്തു നിനേവാ നിവാസികൾ.

ഇന്നിതാ യോനായിലും മഹാശ്രേഷ്ഠത്വം
ചേർന്നവൻ നിങ്ങൾക്കു ദൃശ്യനായ് നിൽക്കുന്നു.

തെക്കേ മഹാറാണി നീതിനിർണ്ണായക-
നാളിലീമാനവ വർഗ്ഗത്തോടൊന്നിച്ചു

വിസ്മൃതിയിൽനിന്നുയർന്നെഴുന്നേററവും
കുററംവിധിക്കുമതിനെ മടിയെന്ന്യേ.

മന്നിന്റെ സീമയിൽനിന്നു ശേബാരാജ്ഞി
മന്നൻ ശലോമോന്റെ സന്നിധൗ വന്നില്ലേ

രാജാധിരാജനാം സോളമനേക്കാളും
രാജത്വം ചേർന്നവനിന്നിതാ നിൽക്കുന്നു.

പാരമശുദ്ധമാമാത്മാവൊരു നര-
മൂർത്തിയെ കൈവിട്ടു നിർജ്ജലമാർഗ്ഗേണ

ശൈത്യംതിരക്കി നടക്കുന്നു പാർത്തിട്ടി-
ലെങ്ങുമമ്മട്ടുള്ള ദിക്കുകാണുന്നില്ല.

“ഞാനെത്തുമന്ദിരം വിട്ടുപുറപ്പെട്ടു
തന്മന്ദിരത്തിൽ മടങ്ങിച്ചെന്നെത്തിടും”

ഏവംകഥിച്ചവനങ്ങു ചെന്നെത്തവേ
ശൂന്യമലംകൃതം ശുദ്ധീകൃതമതു,

വീണ്ടുമവൻപുറപ്പെട്ടുപോയ് തന്നേക്കാൾ
ദുഷ്ടതവർദ്ധിച്ച സപ്തഭൂതങ്ങളെ

കൂട്ടിക്കൊണ്ടെത്തുന്നു സത്വരമാസപ്ത
ഭൂതങ്ങൾ തത്രകയറി വസിക്കുന്നു.

ഭൂതമെല്ലാംകൂടി ബാധിച്ചോരാ സാധു-
മർത്ത്യന്റെ ജീവിതമേററം ഭയങ്കരം

അപ്രകാരം സംഭവിക്കുമീക്കാലത്തെ
ദുഷ്ടതലമുറയ്ക്കും നഹിസംശയം.”

മർത്ത്യസമൂഹത്തോടീവിധമൊക്കെയും
കർത്താവു സംഭാഷണം ചെയ്തുനിൽക്കവേ

“ഭവൽക്കസോദരനും ജനയിത്രിയും
വന്നിതാ നിൽക്കുന്നു” വെന്നേകനോതിനാൻ

പെട്ടെന്നു ദേശികനോതിനാനാരെന്റെ
മാതാവും സോദരന്മാരും കഥിക്കുവിൻ

സ്വർഗ്ഗസ്ഥനായ പിതാവിനെന്താണിഷ്ടം
തക്കംനടത്തിടാതാരതുചെയ്യുന്നു?

മാതാവും സോദരീസോദരന്മാരുമാ
മാന്യരായുള്ളവരാണെന്നറിയുവിൻ.

## സംഘട്ടദിനം

ഉള്ളാം തടാകമിളകിമറിഞ്ഞല-
തല്ലുമാറുള്ള വികാരവാതം ചേർന്നു

കൃത്യങ്ങളെല്ലാം നടന്നോ തദ്വാസരം
ക്രിസ്തുദേവോപദേശം കേട്ടസദ്ദിനം

വ്യോമത്തിൻ മൂർദ്ധാവിലക്കനെ വച്ചുകൊ
ണ്ടാമഗനരശ്മിയായ് വാഴും ദശാന്തരേ

പ്രാന്തത്തിലാൻ പരിശനൊരാൾ വേഗം
ഭക്ഷണത്തിന്നായ് ക്ഷണിച്ചു ശ്രീയേശുവെ,

ദിവ്യനായോരാ വിരുന്നുകാരൻ, തന്നെ
വമ്പിച്ചോരാളായ്ക്കരുതേണമെന്നോർത്തോ

ആ ദിവ്യദേശികൻ തൻെറ സാമർത്ഥ്യങ്ങ-
ളാകെ മനസ്സിൽ ഗ്രഹിച്ചു വച്ചീടാനൊ

ആതിഥേയൻ തെല്ലുമാതിഥ്യമര്യാദാ-
രീതികളേതുമേ കാട്ടിയിരുന്നില്ല.

പ്രീശഗേഹം മന്ദവേലപാദാംബുജ
പാംസുക്കളാൽ പരിപൂതമായത്തിന്നു.

പക്ഷെ സദനാന്തർഭാഗമഹങ്കാര-
പാരമ്യമാന്ന ജനത്താൽ നിറഞ്ഞുതെ.

തൽക്കരസ്പർശനം കൊണ്ടു സുഖംപരം
കൈക്കലൊക്കാൻ കൊതിക്കുന്ന ജനത്തെയൊ

തന്നുപദേശം ശ്രവിച്ചു മോക്ഷം ലഭി
ക്കുന്നതിന്നേററം കൊതിക്കും ജനത്തെയൊ

തന്നുടെ നൽവരം പ്രാർത്ഥിപ്പവരെയൊ
തന്നാജ്ഞകേൾക്കാൻ മനസ്സുള്ളവരെയൊ

സ്വർഗ്ഗരാജ്യത്തെക്കുറിച്ചു വിശദമാം
കാര്യങ്ങളാശിക്കും ഭക്തജനത്തെയൊ

കണ്ടില്ല തൽപ്പരീശൻെറ നികേതത്തിൽ;
കണ്ടതൊ വൈരികൾ തൻ ക്രൂരരൂപങ്ങൾ.

സാദ്ദുക്യരും നിയമജ്ഞരും പ്രീശരും
തൽഗൃഹത്തിങ്കലതിഥികളായെത്തി.

പാണികഴുകി ഗംഭീരവദനരായ്
താണിരുന്നാർ വിരുന്നുണ്ണുവാനെല്ലാരും

ക്രിസ്തുദേവാ ശാന്തനായ് വീട്ടിൽക്കയറിയാ
ഭക്ഷണമേശയ്ക്കരികിലിരിക്കയായ്

ആരുടെ ദർശനംകൊണ്ടഖിലപങ്കങ്ങൾ
മാറിടുമാപ്പരിപാവനവിഗ്രഹൻ

പാണികഴുകാതിരുന്നതു കണ്ടിട്ടു
പാരംമുഴുത്തു പരീശക്കമർഷവും.

പട്ടിണിക്കാരായ മാനുഷരോടേറെ
വീട്ടിൻവെളിക്കീശവാക്കുകേൾക്കാനായി

കാത്തുവസിച്ചിരുന്നാരതുകാരണം
കർത്താവു വേഗമാഹാരം കഴിക്കയായ്

വെള്ളതേച്ചുള്ള ശവക്കല്ലറയ്ക്കൊത്ത
കള്ളന്മാർതാൻ പ്രീശരെന്നു കർത്താവോതി.

ഉള്ളിൽവിഷവും വെളിക്കു പീയൂഷവും
കൊണ്ടുനടപ്പോർക്കു നീരസംവർദ്ധിച്ചു

നസ്രേത്തിലെ യുവാവാകും പ്രവാചകൻ
ക്ലേശം ജനൌഘത്തിൽനിന്നൊഴിച്ചവൻ

സ്നേഹസ്വരൂപൻ കഥിച്ചവചനങ്ങൾ
ശാസ്ത്രിമാരേപ്പരം ക്രുദ്ധരാക്കിത്തീർത്തു-

തങ്ങൾക്കു കൊണ്ടുനടക്കുവാനാവാത്ത
വൻഭാരമന്യർതൻ തോളിൽ കരേറുവോർ.

തങ്ങൾതൻപാപം നിമിത്തം മൃതരായ
ഭക്തർക്കു തുംഗമാം മന്ദിരം സ്ഥാപിച്ചു

വിജ്ഞാന വാങ്മകരന്ദരം കരേറാതെ
വാതിലടച്ചു വസിച്ചാരെതിരായി.

ഹാബേൽമുതൽ സക്കറിയാസ്‌വരെയുള്ള
ദീർഘസുദർശികൾ പോററിയിരുന്നോരു

നീതിമാന്മാരുടെ രക്തംചൊരിയുവാൻ
കാരണക്കാരായ മാനുഷന്മാരവർ

ഭക്ഷണത്തിന്നങ്ങിരിക്കവേ കോപത്താൽ
ഭീകരഹിംസ്രജന്തുക്കളായ് തീർന്നതെ.

ശാന്തമാം ഭാവങ്ങളൊക്കെയകന്നുപോയ്
ശത്രുത്വമാകുന്ന തീജ്ജ്വാല കാണായി.

പാറക്കഷണങ്ങളെന്നപോൽ ചോദ്യങ്ങൾ
വാരിയെറിഞ്ഞാർ ശ്രീയേശുവിൻനേർക്കായി

മാമ്പഴമൊക്കെയും കാഞ്ഞിരക്കായ്കളായ്
മേഷങ്ങളൊക്കെയും സിംഹങ്ങളായ്മാറി

നീതിനിയമമാം നീണ്ടകുരുക്കിട്ടു
നിർമ്മലാത്മാവേപ്പിടിക്കാനൊരുങ്ങിനാർ.

ഭാവവൈരുദ്ധ്യം കരുതാതെ ദേശികൻ
തൻശിഷ്യരോടേവമോതിത്തുടങ്ങിനാൻ

"സൂക്ഷിച്ചുകൊൾക പരീശർതൻ സവ്യാജ-
ഭക്തിയാകുന്ന പുളിച്ചമാവിൽ നിന്നും.

മൂടിവച്ചുള്ളതഖിലം പുറത്താകും
ഗൂഢമായുള്ളതു നേരെ വെളിക്കാകും.

ക്കുരിരുട്ടത്തു പറഞ്ഞതഖിലവും
കേൾക്കപ്പെട്ടും വെളിച്ചത്തെന്നറിയുവിൻ

വീട്ടിന്നറകളിൽവച്ചു മന്ത്രിച്ചതു
വേഗം പ്രഘോഷിതമാകും പുരയ്ക്കുമേൽ.

ദേഹത്തെ നിഗ്രഹം ചെയ്തിട്ടതിന്നുമേൽ
വേറൊന്നും ചെയ്യുവാൻ പ്രാപ്തിയില്ലാത്തോരെ

തെല്ലുമേ നിങ്ങൾ ഭയപ്പെടേണ്ടാ, ഭയം
കൊള്ളേണ്ടതാരെയാണെന്നു ഞാനോതിടാം.

കൊന്നു നരകത്തിൽ തള്ളുവാനുള്ളധി-
കാരം ധരിപ്പോനെ വേണം ഭയപ്പെടാൻ.

കാശിനഞ്ചുള്ള കുരുവികളേപ്പോലും
ലേശവും വിസ്മരിപ്പീലാ ജഗന്നാഥൻ.

ഭാവൽക്കകുന്തളരാജിയിലോരോന്നും
സർവേശനെണ്ണിക്കണക്കു സൂക്ഷിക്കുന്നു.

കൊച്ചുകുരികിൽപ്പറവയേക്കാളെത്ര
മെച്ചമാണീ നിങ്ങളാ,കയാൽ ഭീ വേണ്ടാ.

മർത്ത്യസമക്ഷമാരെന്നെ മാനിക്കുന്നു
മർത്ത്യതനുജനവനേയും മാനിക്കും.

മർത്ത്യസമക്ഷമാരെന്നേ നിഷേധിപ്പു
മർത്ത്യതനുജനവനേ നിഷേധിക്കും.

മർത്ത്യതനുജനോടാരെന്തു ചൊന്നാലും
മർത്ത്യപിതാവവനോടു ക്ഷമിച്ചിടും

പാവനാത്മാവിനെൻറനേക്കുള്ള ദൂഷണം
യാതൊരുനാളും ക്ഷമിക്കയില്ലീശ്വരൻ

ദേവാലയത്തിലോ മേലധികാരിക-
ളാവസിക്കും ഗൃഹത്തിൻെറയോ മുമ്പാകെ

നിങ്ങളെക്കൊണ്ടുപോകുമ്പോളെന്തോതണ-
മെന്നു നിങ്ങൾ വിഷമിക്കേണ്ട ലേശവും

തത്തൽസ്ഥലങ്ങളിലോതേണ്ടതെന്തെന്നു
ശുദ്ധമാമാത്മാവു നിങ്ങളോടോതിടും."

മാനുഷസഞ്ചയത്തിൽനിന്നുമന്നേര-
മേകനെണീററ കഥിച്ചാനിതേവിധം

"സൽഗുരോ, മൽസഹജാതനോടോതണം
പങ്കിടാൻ തന്നവകാശമെന്നോടൊത്തു"

അന്നേരം ദേശികൻ കല്പിച്ചു "മാനുഷാ,
ന്യായകർത്തൃത്വമെനിക്കിന്നു തന്നതാർ?

ദ്രവ്യാഗ്രഹത്തിൽ നിന്നേവരും സൂക്ഷിപ്പിൻ
ദ്രവ്യസമൃദ്ധിയിൽ ജീവൻ വസിപ്പീല.

വിത്താധിനാഥനാമേകൻെറ കേദാരം
നന്നായ് വളർന്നു വിളഞ്ഞു ധാരാളമായ്.

ധാന്യമെല്ലാം കൂട്ടിവയ്പാനിടംമതി-
യാകയില്ലെന്നവനുള്ളിൽ വിചാരിച്ചു.

"വേഗമറകൾ പൊളിച്ചു വലുതാക്കി
വേണ്ടുന്ന ധാന്യമതിനുള്ളിലാക്കിടും

പിന്നീട്ട ദേഹിയോടോതിടും നീ വന്നു
തിന്നുകുടിച്ചു സന്തോഷിച്ചുകൊള്ളുക."

ഏവമമവൻ മനോരാജ്യം കൊള്ളുന്നേരം
ദൈവമവനോട്ട നേരേ കഥിച്ചിടും.

മൂഢ, നിൻദേഹി നിന്നോടിന്നു വേർപെട്ടു
പോവുകിൽ നിൻധനമാരിൽ ലയിച്ചിടും?

ആകയാൽ മൽപ്രിയ ശിഷ്യരെ നിങ്ങളി-
നൊന്നുടുക്കും തിന്നുമെന്നു നിനയ്ക്കേണ്ടാ

ജീവനാഹാരത്തേക്കാളും മഹത്തരം
ദേഹമുടുപ്പിനേക്കാളെത്രയോ ശ്രേഷ്ഠം.

ചിന്തിപ്പിൻ കാക്കളെക്കുറിച്ചായവ
ധാന്യം വിതയ്ക്കുമാറില്ല, കൊയ്യുന്നില്ല

പണ്ടികശാലയില്ലില്ലാ കളപ്പുര
പോറ്റുപുലർത്തുന്നു ദൈവമവകളെ

വാനിൽപ്പറക്കുന്ന ജീവികളേക്കാളു-
മെത്രവൈശിഷ്ട്യം കലരുന്നവർ നിങ്ങൾ

കിംഫലം ചിന്തിപ്പതിൽ നീളം നിങ്ങൾക്കു
കൂട്ടുവാൻ നിങ്ങളിലാർക്കു കഴിഞ്ഞിടും

പൊയ്ത്താർകുലം വളർന്നീടുന്നതെങ്ങനെ
വേല ചെയ്യുന്നീല, നൂലു നൂൽക്കുന്നീല

സോളമൻപോലും ധരിക്കാത്ത വസ്ത്രങ്ങൾ
സന്തതംചൂടിനിൽക്കുന്നു സരോരുഹം.

നിങ്ങൾക്കുവേണ്ടതെന്താണെന്നറിയുന്നു
നിങ്ങൾ തൻതാതനെന്നോർത്തു വസിക്കണം.

തേടുവിൻ ദൈവരാജ്യത്തെ നിരന്തരം
നേടിടാം നിങ്ങളാശിപ്പതു സർവവും.

കൊച്ചജക്കൂട്ടമേ നിങ്ങൾ ഭയം വിട്ടു
വാണാലും ദൈവരാജ്യം പിതാവേകിടും

താവകവസ്തുക്കളൊക്കെയും വിററിട്ടു
ഭിക്ഷകൊടുക്കുവിൻ തെല്ലും മടിക്കാതെ.

കീടംതൊടാത്തതും തസ്കരൻ വന്നകം-
പൂകാത്തതുമായ സ്വർഗ്ഗസാമ്രാജ്യത്തിൽ

തെല്ലും പഴകാത്ത നാണയസഞ്ചിയും
തെല്ലും കുറയാത്ത നല്ല നിക്ഷേപവും

നിങ്ങളുണ്ടാക്കുവിനല്ലായ്കിൽ ലൗകിക-
നിക്ഷേപത്തിൽ വാഴും നിങ്ങൾതൻ മാനസം

നിങ്ങളരകൾ മുറുക്കുവിൻ, നിങ്ങൾതൻ
ദീപങ്ങൾ കത്തിജ്ജ്വലിക്കട്ടെ സന്തതം.

നായകൻ വന്നാൽ കവാടം തുറക്കുവാൻ
നിർമ്മായം കാത്തിരിക്കും ഭൃത്യനെപ്പോലെ

നിങ്ങൾ വസിക്കണം, നായകനെത്തുമ്പോൾ
നിദ്രവെടിഞ്ഞുള്ള ദാസന്മാർ ധന്യന്മാർ

നിങ്ങൾ നിനയ്ക്കാത്ത നേരത്തിലെത്തിടും
നിർമ്മലനാം നരനന്ദനൻ നിർണ്ണയം

നിങ്ങളൊരുങ്ങിയിരിക്കുവിനാകയാൽ
മംഗലാത്മാവേപ്പരിചരിച്ചീടുവാൻ

വിശ്വസ്തനാകിയ വീട്ടുവിചാരകൻ
വീട്ടുടയോൻതന്റെ കല്പന കാത്തിടും.

താമസമുണ്ടാകും നായകനെത്തുവാ-
നെന്നുവിചാരിച്ചു ഭൃത്യരെത്തല്ലാനും

തിന്നുകുടിച്ചു മദിക്കാനും വീട്ടിലെ-
ക്കാര്യസ്ഥൻ മന്ദം തുടങ്ങുന്നതാകിലോ

ആരുമറിയാത്ത നേരം യജമാനൻ
വന്നെത്തും തള്ളിടും കാര്യ്യസ്ഥനെ ക്ഷണം

തൻപ്രഭു തന്നിഷ്ടം ചെയ്യാത്ത ദാസനു
തല്ലുകൊള്ളുമതിനില്ലൊരു തർക്കവും

പാരിടത്തിൽ സമാധാനം വരുത്തുവാൻ
പാരാതെവന്നു ഞാനെന്നു നിനയ്ക്കേണ്ട.

ഞാൻനിമിത്തം വഴക്കേറെയുണ്ടായിടും
വീടുകൾതോറുമെന്നോർത്തിടേണം നിങ്ങൾ.

പുത്രനോടപ്പനും പുത്രിയോടമ്മയും
പുത്രൻ പിതാവോടും പുത്രി മാതാവോടും

അമ്മാവിയമ്മ മരുമകൾതന്നോടും
അമ്മാവിയമ്മയോടാപ്പുത്രഭാര്യ്യയും

പാരം പിണങ്ങും, വഴക്കു വർദ്ധിച്ചിടും,
പാരിങ്കലേറ്റം വളർന്നീടുമസ്വാസ്ഥ്യം.

പശ്ചിമവിണ്ഡലത്തിങ്കൽനിന്നംബുദം
പൊങ്ങിയാൽ മാമഴയെന്നുരയ്പൂ നിങ്ങൾ.

തെക്കൻകാറ്റൂതിയാലത്യുഷ്ണമുണ്ടാകു–
മെന്നുരച്ചീടുന്നു നിങ്ങൾ മടിക്കാതെ.

ഭക്തിയിൽ കാപട്യമാളും ജനങ്ങളെ,
പൃത്ഥിയും വാതവും നിങ്ങൾ വിവേചിപ്പൂ

ഇന്നീസമയം വിവേചിച്ചറിയുവാൻ
ന്യായമെന്തെന്നു പറവാനറിവീല".

അന്നാത്തെ വാദകോലാഹലമീവിധം
മുന്നോട്ടുപോയ് വൈരി സഞ്ചയം തോറ്റുപോയ്.

## ഭൂതബാധിതയുടെ സൗഖ്യപ്രാപ്തി

ടൈറിൻെറ സീദോനെന്നുള്ള പേരാന്നിട്ട-
മൂരിനെ പ്രാപിച്ചു നാഥനനന്തരം

മേരീകുമാരൻെറ ദിവ്യാൽഭുതാവലി
ദൂരദേശങ്ങളിലെങ്ങും പരന്നതെ.

കാനനമെന്നപോൽ നീരന്ധ്രമാകിയ
മാനുഷസംഘത്തിൻ മദ്ധ്യത്തിൽ നിന്നേവം

കേട്ടാനൊരു മഹാ ദീനമാം രോദനം
കട്ടിക്കരിങ്കല്ലുമാർദ്രമാകുംവിധം.

"ദാവീദുനന്ദന, മൽപ്രിയനന്ദിനി
ദുർഭൂതബാധയാലേററം വലയുന്നു."

രോദനംചെയ്യോരു നാരി, കനാനെന്ന
രാജ്യത്തിൽ രോമ്യനൃപൻെറ പ്രജയായി

വാണവൾ, ഗ്രീസിലെ സംസ്കാരസമ്പത്തും
ഭാഷയും ശ്രേഷ്ഠമാണെന്നു ധരിച്ചവൾ.

സൽഗുരുനായകനന്നാവധൂടിതൻ
സങ്കടം തീർക്കുകിൽ തൽകീർത്തിധാവള്യം

കാർത്തേജു, ടൈർ, സീദോൻ, ഗ്രീസെന്നീദിക്കുകൾ-
ക്കുള്ളിൽക്കടന്നു പരക്കും നിസ്സന്ദേഹം

പക്ഷേ പരാശക്തി മൗനം ധരിക്കയായ്
ശിഷ്യന്മാരായതുകണ്ടു വിഷണ്ണരായ്

വ്യഗ്രയാംസ്ത്രീയെസ്സമാധാനചിത്തയായ്
ശീഘ്രമയയ്ക്കേണമെന്നർത്ഥിച്ചു.

"കുട്ടികൾക്കായിട്ടു നൽകേണ്ടുമാഹാരം
പട്ടികൾക്കന്നല്ല നൽകുന്ന"തെന്നേവം.

കർത്താവുരയ്ക്കവേ, നന്ദിനീ രോഗത്താൽ
തപ്തയാം നാരി കഥിച്ചാളിതേവിധം.

"പട്ടിയെപ്പോലെ വിചാരിച്ചാൽപ്പോരുമീ-
പ്പാവമാം പെണ്ണിനെസ്സർവ്വലോകേശ്വരാ,
പട്ടികൾ മേശമേൽനിന്നും പൊഴിയുന്ന
റൊട്ടിക്കഷ്ണങ്ങൾ തിന്നുമാറണ്ടല്ലോ."

താവകവിശ്വാസമെത്ര മഹത്തരം
താവകവാഞ്ഛപോലെല്ലാം ഭവിക്കട്ടെ
പൊയ്ക്കൊൾക നീ, തവ മന്ദിരത്തിങ്കലേ"—
ക്കെന്നാൻ മഹേശ്വരൻ കാരുണ്യപൂർവ്വകം.

സദ്മത്തിലെത്തവേ ഭൂതവിമുക്തയായ്
തന്മകൾ വാഴ്‌വതു കണ്ടൂ ജനയിത്രി.

വമ്പിച്ച വ്യാപാരശക്തിയും കീർത്തിയും
ഗംഭീരവംശവും വിഗ്രഹപൂജയും
ഏലീശാ തന്നുടെ പാലായനത്തെയും
ഏശായാ തന്റെ മഹാൽഭുതകൃത്യവും
ഓർമ്മപ്പെടുത്തും ചരിത്രസൽസമ്പത്തും
ചേർന്നുവിളങ്ങുന്ന "ടൈറെ"ന്ന ദേശവും

മത്സ്യവ്യാപാരവും പ്രാചീനന്മാരായ
മന്നവന്മാർതൻ ശവകുടീരങ്ങളും
നൗകകളോടിക്കളിക്കും സമുദ്രവും
നാകത്തെത്തൊട്ടിടും സ്മാരകസ്തംഭവും

പ്രോല്ലസിക്കും "സീദോൻ" വിട്ടുപിരിഞ്ഞഥ
പൂർവ്വദിങ്മണ്ഡലം നോക്കിയെഴുന്നള്ളി

യോർദ്ദാൻ നദിയുടെ ജന്മസ്ഥലത്തെത്തി
മുക്തിപ്രദൻ, ദക്ഷിണാശയെ ലാക്കാക്കി

വാഹിനീതീരം വഴിക്കു നടന്നെത്തി
വിസ്തൃതമായ "ദെക്കൊപ്പൊലീസ്" പ്രാന്തത്തിൽ

യോർദ്ദാൻനദിക്കു കിഴക്കുവടക്കായി
കീർത്തിയെഴും "ദമസ്ക്കൂസു"വരെയ്ക്കുമേ

തെക്കോട്ടു "ജാബ്ബോക്കെ"ന്നുള്ള നദിവരെ
"ദെക്കൊപ്പൊലീസു" വ്യാപിച്ചു കിടന്നതെ.

പത്തു നഗരങ്ങളൊന്നിച്ചൊരന്നാട്ടിൽ
യൂദേതരജനവൃന്ദം വസിച്ചിതു.

പ്രത്യേകഭാഗമായ് രോമ്യരാജ്യത്തിനെ
വിസ്തൃമായ് വേർതിരിച്ചിരുന്നന്നാളിൽ.

അപ്പ്രദേശത്തേക്കു പോയാൻ മഹേശ്വരൻ
സംപ്രീതരായ് ജനം സ്വീകരിച്ചാൻതന്നെ.

## ബധിരൻെറ സൗഖ്യപ്രാപ്തി

കഷ്ടതപൂണ്ടു യാചിച്ചവർക്കൊക്കെയും
ശിഷ്ടൻ സുഖം നൽകി സഞ്ചരിച്ചാൻ തത്ര

തന്നഗരങ്ങളിലൊന്നിൽ ജഗന്നാഥൻ
ചെന്നനേരത്തു ബധിരനൊരാളും, മൂകൻ

തന്നികടത്തിലപേക്ഷയുമായിട്ടു
വന്നണഞ്ഞീടിനാൻ ഖിന്നൻ ദയനീയൻ

കർണ്ണങ്ങൾ തന്നിലും നാക്കിലും കർത്താവു
തിണ്ണം തലോടിനാൻ ധ്യാനനിരതനായ്

മേലോട്ടു തെല്ലൊന്നു നോക്കിക്കഴിഞ്ഞഥ
ചാലവേ ചൊന്നാൻ "ശ്രവണം തുറക്കട്ടെ"

വിശേശ കർണ്ണത്തിൽ മുട്ടമാറന്നേരം
വീർപ്പൊന്നുവിട്ടാൻ വിശിഷ്ടഗുണനിധി.

തൽപ്രദേശത്തു വസിച്ച ജനമെല്ലാ-
മത്ഭുതം കണ്ടേററമാശ്ചര്യസ്തബ്ധരായ്

നാഥനനന്തരമംഗലിലാഖ്യമാം
പാഥോധി തന്നുടെ പൂർവ്വതീരത്താൻ

കുന്നിനേ നോക്കി നടക്കവേ, മാനുഷ
വൃന്ദം മടിക്കാതെ പിന്നാലെ ചെന്നെത്തി.

കാതു കേളാത്തവർ, കണ്ണുകാണാത്തവർ,
കാലുമേലാത്തവരിത്യാദി മർത്ത്യരെ,

ഉത്തമവൈദ്യൻെറ മുമ്പിലണഞ്ഞെത്തിച്ചു;
കർത്താവവർക്കു സമ്പൂർണ്ണസുഖം നൽകി.

ഡെക്കാപ്പോലീസിലെ മർത്ത്യർക്കു നാഥനെ
മൂർഷ്ക്കോടപേക്ഷിച്ചു പോകുവാനാവാതെ

ഭക്തിപൂണ്ടിസ്രയേൽ വർഗ്ഗത്തിൻ ദൈവത്തെ
വാഴ്ത്തിനാർ വന്ദിച്ചു കുമ്പിട്ടാർ തൃപ്പദം.

സപ്തരൂപം

കുന്നിൻെറ മീതെയും സാനുസ്ഥലിയിലും
മൂന്നുദിനം ക്രിസ്തുനാഥൻെറ കൂടവേ

സഞ്ചരിച്ചാരഥ ഭക്ഷണസാധന-
സഞ്ചയം തീൎന്നു വിഷണ്ണരായീടിനാർ

കൎത്താവവരുടെ വിശ്വാസം കാൺകയാ-
ലത്യന്തമുൾത്തട്ടിലാൎദ്രത കൈക്കൊണ്ടു

ശിഷ്യരോടാതിനാനാജനവൃന്ദത്തെ
ഹൎഷാന്വിതം താഴെപ്പന്തിക്കിരുത്തുവാൻ

സപ്തപൂപങ്ങളുമേതാനും മത്സ്യവു-
മേതോ പുമാൻ ഭദ്രമായ് വച്ചിരുന്നതേ.

വാഴ്ത്തിയനുഗ്രഹിച്ചാസ്സാധനങ്ങളെ
വീതിച്ചു നൽകുവാനേകിനാൻ കല്പന

നാരിമാരും ശിഷ്യവൃന്ദവും കൂടാതെ
നാലായിരം ജനം സംതൃപ്തചിത്തരായ്

സന്തുഷ്ടി കൈക്കൊണ്ടുവന്ന ജനങ്ങളെ
ശാന്തിപ്രദൻ വരമേകി നിമന്ത്രിച്ചു.

ദെക്കാപ്പൊലീസിലെ മാനവസഞ്ചയ-
മുൾക്കടഭക്തിപൂണ്ടീശനെക്കൈക്കൊണ്ടു.

എങ്കിലും കാപട്യമേറും പരീശക്കു
പങ്കിലമായ് മനം നീരസസ്പൎശത്താൽ.

കൎത്താവൊരു ചെറുതോണിയിലേറിയാ-
"മഗ്ദല"യെന്നുള്ള പട്ടണം പ്രാപിച്ചു.

കുത്സിതന്മാരായ വൈരികൾ തിങ്ങിയ
കപ്പൎന്നഹോമു"മാ"ബേത്സൈദതൊട്ടുള്ള

ദിക്കുകളും കൈവെടിഞ്ഞു ദൈവാത്മജ-
നക്കാലം സൽക്കൎമ്മദീപം പുലൎത്തുവാൻ.

മങ്ഗലാഭിഖ്യയാം പട്ടണംതന്നുടെ
പ്രാന്തപ്രദേശത്തും വൈരികൾചെന്നെത്തി

സാളുക്യരും രാജവംശജന്മാരായ
മർത്ത്യരും ഹൈദരാദ്യരും പരീശന്മാരും

ന്യായപ്രമാണ പ്രബന്ധനിഷ്ണാതരും
നീതിപ്രഭാഷക സംഘത്തലവരും.

പഞ്ജരാഖേടം വിരിച്ചു കൃപാഹീനം
പക്ഷിവർഗ്ഗത്തെപ്പിടിച്ചു നടക്കുന്ന

വേടരേപ്പോലവേ, ശ്രീയേശുനാഥനിൽ
ഗൂഢതന്ത്രം പ്രയോഗിപ്പാനണഞ്ഞുതെ,

വാനലോകത്തിങ്കൽ നിന്നുള്ളടയാളം
കാണണംപോലുമവർക്കു നിസ്സന്ദേഹം

മേരീസുതൻ “മിശിഹാ” തന്നെയെങ്കിലോ
മോശയേപ്പോൽപ്പൊഴിപ്പിക്കണം മന്നായെ,

ശാമുവേലെന്നപോലുൽക്കടമാകിന
ജീമൂതനാദം മുഴങ്ങുമാറാക്കണം.

തെല്ലും പണിപ്പെടാതേലിശായെന്നപോൽ
വല്ലാത്ത തീജ്ജ്വാലയുജ്ജ്വലിപ്പിക്കണം.

സൂര്യനെ മുറ്റും കറുത്തതാക്കീടണം
സോമബിംബത്തെ നൽച്ചോപ്പണിയിക്കണം.

താരകസംഘത്തെച്ചഞ്ചലിപ്പിക്കേണം
തീയുണ്ട, കൺമുമ്പിൽ നാട്ടി നിർത്തീടണം.

പാരിടമെല്ലാം കുലുക്കമാറുള്ളൊരു
ഘോരസമീരനെത്തട്ടിയുണർത്തണം.

ഓരായിരം മഹാകാര്യങ്ങളിങ്ങനെ
മേരീകുമാരനവർക്കായ് നടത്തണം

സർവ്വാന്തര്യാമിയാം നാഥനവരുടെ
സ്വാന്താഭിലാഷമശേഷം ഗണിച്ചില്ല.

"പോരുമേ, നിങ്ങൾക്കടയാളം; യോനയ്ക്കു
നേരിട്ടതായോരനുഭവം താൻ മാത്രം.

നല്ലസായന്തനം കാണുന്നവേളയിൽ
നല്ല സമയമെന്നോതും ദൃഢം നിങ്ങൾ

ശോണാംബരം പ്രഭാതത്തിൽ ദർശിക്കവേ
ഘോരാനിലൻ വീശുമെന്നോതും നിങ്ങളും

നിന്ദിപ്പു വാനിന്റെ മഞ്ജുളമാം മുഖം
നിങ്ങൾ സദാ വ്യാജഭക്തപ്രവീരരേ,

കാലത്തിനൊത്തുള്ള ചിഹ്നങ്ങളെന്തെന്നീ-
ക്കാലത്തു നിങ്ങളറിയാതെ വാഴുന്നു."

മാനസം കാഞ്ഞേവമന്നവരോടീശ-
നന്ദനൻ ദേശികവര്യനരുളിനാൻ.

അന്നത്തെ സായാഹ്നവേളയിൽ ചാരത്തു
മിന്നിയ വാരാശിതൻ വടക്കുള്ളൊരു

തീരത്തു ചെന്നങ്ങിറങ്ങുവാൻ തോണിയി-
ലേറിപ്പുത്തുക്കരേവ യാത്രപുറപ്പെട്ടു.

പാഥോനിധിതന്നിൽ ശോഭിച്ചുനിൽക്കുന്ന
കപ്പർന്നഹോമിലെ ദൈവനികേതവും

പത്രോസുമാ സെബദീതനയന്മാരു-
മാത്തു ബാല്യത്തിൽക്കളിച്ച തീരങ്ങളും.

കണ്ടുകണ്ടീശ്വരൻ മുന്നോട്ടുനീങ്ങവേ
കുന്നിതം കൈക്കൊണ്ടു ചൊന്നാനിതേവിധം

"കോറാസിനോ, നിനക്കാഹന്ത കഷ്ടമേ,
ബേത്ത്സൈദയേ നിനക്കാഹന്തകഷ്ടമേ

സീദോനിലും തൂറോസിങ്കലും നിങ്ങളിൽ
ചെയ്തോരു വേലകൾ ചെയ്തിരുന്നെങ്കിലോ

എത്രയോമുമ്പവർ ചാക്കിലും നീറിലും
പാർത്തു പശ്ചാത്താപം കൈക്കൊണ്ടിരുന്നേനേ.

നിങ്ങളോടെങ്കിലും ഞാനുരച്ചീടുന്നു
നിങ്ങൾ കാണും ദൃഢം ന്യായവിധിദിനം.

സീദോനും സോരിനും വന്നടുത്തു ദൃഢ-
മത്യന്തകഷ്ടമാം കാലമെന്നോർക്കുവിൻ,

സ്വർപ്പുരത്തോളമുയർന്നു വിളങ്ങിയ
കപ്പർന്നഹോമേ, നരകത്തിൽ വാഴും നീ

നിന്നിൽ നടത്തിയ കർമ്മങ്ങൾ സോദോമിൽ
ചെന്നു നടത്തിയിരുന്നുവെന്നാകിലോ,

സോദോം നിലനിൽക്കുമായിരുന്നെത്രയും
കീർത്തിയോടന്ത്യമാം കാലംവരെയ്ക്കുമേ,

സോദോമിലുണ്ടായൊരാപത്തിനേക്കാളു-
മെത്രയുമാപത്തു നിന്നിലുണ്ടായിടും"

ശിഷ്ടജന മനോമന്ദിരൻ പിന്നീടു
ശിഷ്യരോടായിക്കഥിച്ചാനിതേവിധം

"സദ്ദുക്യരേയും പരീശരേയും നിങ്ങൾ
സന്തതം ഭീതിപൂണ്ടു സൂക്ഷിച്ചുകൊള്ളണം.

കൺമിഴിച്ചേറ്റതിന്നു നിങ്ങൾ ചോദിക്കുന്നു
കാണ്മാനും കേൾപ്പാനും നിങ്ങൾക്കു പാടില്ലേ?

പ്രസ്തരതുല്യമാണിപ്പൊഴും ഭാവൽക്ക-
ഹൃത്തടമൊന്നുമതിന്മേൽ പതിക്കില്ല.

കൺകളുണ്ടായിട്ടും നിങ്ങൾ കാണുന്നില്ല.
കർണ്ണമുണ്ടെങ്കിലും നിങ്ങൾ കേൾക്കുന്നില്ല.

ഞാനുരയ്ക്കുന്നവയൊന്നും ഭവാന്മാർക്കു
മാനസതാരിലുറയ്ക്കാത്തതെന്തുവാൻ?"

ഭക്തിയും ഭീതിയും കൈക്കൊണ്ടു ശിഷ്യന്മാ-
രാത്തമൌനം തത്ര വാണാർ തദന്തികേ.

## അന്ധന്റെ സൗഖ്യപ്രാപ്തി

പിറേറന്നുഷസ്സിങ്കൽ "ബേത്"സൈദാഞ്ജലിയ-
സ്സെ"ന്നോരിടത്തിങ്കൽ കർത്താവണനയവെ,

കണ്ണുകാണാത്തൊരു മർത്ത്യനെത്തന്നുടെ
മുന്നിൽസുഖം കിട്ടാനെത്തിച്ചിതാളുകൾ.

യേശുവാപ്പാവത്തെ ഗ്രാമത്തിനു വെളി
ക്കാത്തു നയിച്ചു തന്നേത്രങ്ങളിലുടൻ

ലാലാജലത്തെത്തളിച്ചാനവയിന്മേൽ
പേലവമാകിയ തൽക്കരമർപ്പിച്ചു.

"കാണാമൊ തെല്ലെ"ന്നു ചോദിച്ചാൻ തൽക്ഷണം
കണ്ണില്ലാത്തോനേവമുത്തരം നൽകിനാൻ"

സഞ്ചിതദിവ്യപ്രകാശമേ മാനവ-
സഞ്ചയം, സഞ്ചരിക്കുംദ്രുമപാളിമേ"

പിന്നെയും കർത്താവവന്റെ നേത്രങ്ങളിൽ
തന്നുടെ പൊൽക്കരംകൊണ്ടു തലോടിനാൻ

കണ്ണു തെളിഞ്ഞവൻ ലോകത്തെയുള്ളപോൽ
കണ്ടാനുടൻ നാഥൻ വീണ്ടുമരുളിനാൻ

“പോവുക, നീ നിന്റെ ഗേഹത്തിലേക്കുട-
നീ വാർത്തയാരോടും നീയുരച്ചീടേണ്ട!”

## അഭിപ്രായങ്ങൾ

ബേത്സൈദാ ജൂലിയസ് വിട്ടിട്ടു ശ്രീയേശു
കേസറിയാ ഫിലിപ്പിന്നീയിടത്തെത്തി.

തത്ര സനാതൻ പ്രാർത്ഥിച്ചൊരേടത്തു
വർത്തിക്കവേ ശിഷ്യർ ദൂരത്തിരുന്നതെ

പ്രാർത്ഥനാനന്തരം ശിഷ്യരുമൊന്നിച്ചു
യാത്രതുടർന്നാനിടയ്ക്കവരോടായി

രണ്ടു ചോദ്യങ്ങൾ ചോദിച്ചാർ നിജ,ധരാ-
മണ്ഡലവാസാവസാനത്തെ ലാക്കാക്കി.

“മാനുഷപുത്രരിലാരാണു ഞാനെന്നു
മാനുഷർ ചൊല്ലുന്നു നിങ്ങൾ കഥിക്കുവിൻ”

സ്നാപകൻ യോഹന്നാനെന്നാർ ചിലർ,നവീ-
നാഗതനേലീശായെന്നാരപരന്മാർ

വേറെ ചിലരോ യിരമ്യായെന്നോതുന്നു.
കേവലനാം ദീർഘദർശിയെന്നാർ ചിലർ,

അന്ധകാരത്തിൽ വെളിച്ചം തെളിഞ്ഞതാ-
ലന്ധകാരം തെല്ലറിഞ്ഞാസുരശക്തിയേ.

"നിങ്ങളെന്നെക്കുറിച്ചാരെന്നു, മൽപ്രിയ-
ശിഷ്യരേ ചൊല്ലുക, ചിന്തിച്ചു ചേതസി."

പെട്ടെന്നു പത്രോസു കർത്തൃചോദ്യത്തിനു
പ്രത്യുത്തരം പരം യുക്തിയായ് നൽകിനാൻ

"ചൈതന്യമുള്ളോരു ദൈവത്തിൻ പുത്രനാം
ക്രിസ്തുതാൻ നിന്തിരുമേനി നിസ്സന്ദേഹം."

പത്രോസുതൻമൊഴി കേട്ടതി തുഷ്ടനായി
കർത്താവരുളിനാനീവിധമന്നേരം

"പാറ നീ പത്രോസേ, നിന്മേൽ പണിഞ്ഞിടും
പാരാതെ ഞാനെൻെറ സൽസഭാമന്ദിരം.

സ്വർഗ്ഗരാജ്യത്തിൻെറ ദിവ്യമാം താക്കോലു
തർക്കമില്ലാതെ ഞാൻ നിന്നെയേല്പിച്ചിടും

ലോകത്തിൽ നീ ദൃഢം ബന്ധിപ്പതൊക്കെയും
നാകലോകത്തിലും ബന്ധിതം നിശ്ചയം

ലോകത്തിൽ നീയഴിക്കുന്നതു സർവ്വവും
നാകത്തിലുമഴിക്കപ്പെടും നിർണ്ണയം"

ശ്രീയേശു ദേവാധരത്തിൽനിന്നിത്രയും
പ്രാധാന്യമേലുന്ന വാക്കുവീണിട്ടില്ല.

തദ്വാക്യ സംഹിത, തന്നേ വെളിച്ചത്തു
സാക്ഷീകരിക്കുവാൻ പര്യാപ്തമായിതേ.

തദ്വാക്യമംഗീകരിച്ചവർക്കൊക്കെയും
വർദ്ധിച്ച നൽവരം കൈവന്നു നിസ്തർക്കം

ദേവേശാത്മാവിനാൽ നീതരായുള്ളോരു
ദിവ്യർക്കുമാത്രമാ വാക്യം സുഗ്രാഹ്യമായ്"

സ്വർഗ്ഗീയ നൽവരംകൊണ്ടല്ലാതാക്കുമേ
സത്യംഗ്രഹിക്കുവാൻ സാധ്യമായ്ത്തീരില്ല

തെല്ലുമറിഞ്ഞില്ല ശിഷ്യർ ഗുരുവിനെ
കല്യൻ തൻ കൃത്യമവരേ ധരിപ്പിച്ചാൻ,

രാജാവു താനെന്നിരിക്കിലും, തന്നുടെ
രാജ്യമീ രാജ്യമല്ലെന്നതും നിശ്ചയം

മദ്യവും മാംസവുമല്ല സ്വർഗ്ഗീയമാം
രാജ്യ,മതാനന്ദ നീതി പ്രശാന്തിദം

താൻപോകും ജർശലേം പത്തനത്തിങ്കലാ-
ത്താന്തോന്നിനേതാക്കളും തന്നെ വെറുത്തിടും

മാനുഷരൊക്കെയും തന്നെ നിന്ദിച്ചിടും
മാനംകെടുത്തി വധിച്ചിടും നിർദ്ദയം

മൂന്നാംദിനം താനുയർത്തെഴുന്നേററിടു-
മെന്നല്ലാമീശ്വരൻ ശിഷ്യരോടോതിനാൻ

എങ്കിലും ശിഷ്യന്മാർ തദ്വാർത്ത ലേശവു-
മുൾക്കാമ്പിൽ, വിശ്വസിച്ചില്ല ചിന്തിച്ചീല.

സൃഷ്ടിസ്ഥിതിലയകാരണനാകിയ
ശ്രീയേശു നായകൻ മുക്തിപ്രദായകൻ

മൃത്യുവശഗനായ്ത്തീരില്ലൊരിക്കലു-
മിത്ഥം കരുതിനാർ ചിത്തത്തിൽ ശിഷ്യന്മാർ

പത്രോസിനേ രണ്ടു കാൽപ്പാടു ദൂരവേ
കർത്താവു മെല്ലേ വിളിച്ചണച്ചീടവേ

ശങ്കകൂടാതവനോതിനാൻ, "കർത്താവേ
നിങ്കലവ ഭവിച്ചീടില്ലൊരിക്കലും"

ദേഷ്യംകലൎന്നുടൻ പത്രോസിനെ ക്ഷണം
ശാസിച്ചു! പിന്തിരിച്ചാൻ മുഖം നായകൻ

"സാത്താനേ നീയെൻെറ പിന്നിൽ ഗമിക്കുക
സന്തതം നീയെൻെറ മാൎഗ്ഗനിരോധകൻ.

ദൈവത്തിനേതുമേ ചേരില്ലനിൻ ചിന്ത
കേവലം മൎത്ത്യൎക്കു ചേൎന്നതോൎക്കുന്നു നീ.

ഭൂലോകമൊക്കെയും നേടിവച്ചാലും നി-
ന്നാത്മാവു നഷ്ടമായ്ത്തീരുകിൽ കിംഫലം?"

ദോഷഹീനൻ ക്രിസ്തുനായകനീവിധം
ശിഷ്യരോടോതിനാൻ വാത്സല്യപൂൎവ്വകം

## മറുരൂപം

തുംഗമാകിയ ഹെമ്മോൻ മഹീധര-
ശൃംഗമന്നത്തെ സായാഹ്നവേളയിൽ

പച്ചവസ്ത്രം വിരിച്ചതിൻ മീതെയായ്
സ്വച്ഛമാം പവിഴങ്ങൾ പതിച്ചപോൽ

കണ്ണിനാനന്ദം തൂകി പ്രശോഭിച്ചു
സ്വൎണ്ണംപൂശിയ കുന്നുകൾ തൻമദ്ധ്യേ,

അമ്മഹീധരം തന്നുടെ പാദത്തിൽ
നിൎമ്മലമാമൊരോമനപ്പൂഞ്ചോല

രണ്ടുവക്കിലും നിന്ന മരങ്ങളെ-
കണ്ടു കൗതുഹലം പൂണ്ടു മണ്ടിനാൾ.

"ബാലി"നെപ്പണ്ടു കാനാന്യർ പൂജിച്ചു
ചേലെഴുമിടമീ നദീതീരം താൻ

ശത്രുഭാവത്തിൽ ചരമം വന്നെത്തിയ
മർത്ത്യരാകിയ ദുഷ്ടമൃഗങ്ങളിൽ

ബുദ്ധിയാം ധനുസ്സിങ്കൽത്തൊടുത്തൊരു
തത്വവാദശരാവലി വർഷിച്ചും

സാദരം സുരലോകരഹസ്യമാം
പൂതപീയൂഷമാസ്വാദിച്ചീടുവാൻ

ചാരവെ വന്ന സാധുജനത്തിനു
പാരമൂറംപ്രീതി വേണ്ടപോൽ നൽകിയും

താപമേറേ സഹിച്ചുനടന്നതി
ശ്രാന്തഗാത്രനായ്ത്തീർന്നൊരിമ്മാനുവേൽ

ക്ഷീണമൊട്ടൊന്നു തീർക്കുവാനിക്കാലം
ചേണിയന്നൊരാ സാനുവിൽച്ചെന്നെത്തി.

കൂടെയെത്തിയ ശിഷ്യരിലൊമ്പതു
പേരെയന്നദീതീരത്തു പാർപ്പിച്ചാൻ.

മുൻപതിവുപോൽ പത്രോസു, യാക്കോബു,
യോഹന്നാനെന്നീ ശിഷ്യത്രയവുമായ്

ദേശികാഗ്രണി ഹെർമ്മോൻ മലയുടെ
പേശലമായ ശൃംഗത്തെ പ്രാപിച്ചു.

ഭാനുമാനും മറഞ്ഞു; തെളിഞ്ഞെത്തി
വാനിലെങ്ങും മനോഹരതാരങ്ങൾ

ഭാവുകം തടവീടുമാപ്പർവത-
ഭ്രൂവിലേകാന്തമാമൊരു ദിക്കിലായ്

മുട്ടുകുത്തിയിരുന്നു തൻ താതനാം
വിഷ്ടപേശനെ ധ്യാനിച്ചു നിർമ്മലൻ

ലോകനാക മഹാസമരധ്വനി
ശോകനാശകൻ കേട്ടു നിഗൂഢമായ്

കഷ്ടതയുടെമാറ്റങ്ങൾ മുന്നിലായ്
ക്രിസ്തുവെത്രയും സ്പഷ്ടമായ് ദർശിച്ചു.

മാനവഗണത്തിന്റെ ചിത്തങ്ങളിൽ
മെച്ചമാം ദൈവസാമ്രാജ്യം ദർശിച്ചു.

തന്നോടൊന്നിച്ചുവന്ന ശിഷ്യത്രയം
താന്തചിത്തരായ് നിദ്രയെ പ്രാപിച്ചു.

നമ്രശീർഷനായ് പർവതത്തിൽ വാണ
കർമ്മശീലനു ശാന്തിനൽകിടുവാൻ

പൂർവ്വികന്മാരാം വീരനേതാക്കൾ തൻ
ദിവ്യവൃത്തസ്മരണകൾ വന്നെത്തി

സ്വപ്രജകൾക്കു സ്വാതന്ത്ര്യപീയൂഷ-
സാരമേകുവാൻ മോശയാമാചാര്യൻ

ഭൂപതിയാം ഫറോവിനാൽ ദത്തമാം
ഭൂരിസൗഖ്യമശേഷവും കൈവിട്ടു

ക്ഷുത്തും ദാഹവും ക്ഷീണവും കൈക്കൊണ്ടു
വിസ്തൃതമാം മണൽക്കാട്ടിലൂടവെ

യാത്രചെയ്തകഥകളാദേശിക-
ചിത്തഭിത്തിയിൽ പ്രത്യക്ഷീഭൂതമായ്

നിന്ദ്യരാമവിശ്വാസികളോടേറ്റം
നിഷ്ഠുരമാം സമരം നടത്തിയ

ദിവ്യനാമേലിയാവിനേയും തഥാ
ഭവ്യമൂർത്തിതൻ ധ്യാനത്തിലോർത്തുതേ,

പുണ്യരംഗങ്ങൾ ദർശിച്ചു ദർശിച്ചാ-
പ്പുണ്യവാൻെറ വിശുദ്ധമാമാനനം

സുന്ദരമാം ശരൽക്കാല ബാലാർക്ക
ബിംബമെന്നപോൽ ശോഭിച്ചു രാത്രിയിൽ.

തന്നുടെ നിലയങ്കി, നൽ ചന്ദ്രിക-
യെന്നപോലെയിളകി വിരാജിച്ചു.

പ്രാന്തഭൂവിലുറങ്ങിക്കിടന്നൊരു
ഭക്തശിഷ്യന്മാർ പെട്ടെന്നുണർന്നിതേ.

മെല്ലെക്കണ്ണുതിരുമ്മിയുറക്കത്തെ-
ത്തള്ളിനീക്കി ശിഷ്യന്മാർ സമീക്ഷിക്കെ

ക്രിസ്തുദേവൻെറ പാർശ്വഭാഗങ്ങളിൽ
കാന്തമാം രണ്ടുമൂർത്തികൾ ദൃശ്യരായ്.

ചേലിയന്നൊരാ ദിവ്യശരീരിക-
ളേലിയാവുമാ മോശയുമായിതേ.

പണ്ടു ശാന്തമാമേകാന്ത ഭൂമിയിൽ
വിണ്ടലദൂതർ ചാരത്തുചെന്നെത്തി.

ലോകസേവനകൃത്യത്തിനുള്ളൊരു
പാകതയും സുശക്തിയും നൽകിനാർ.

ഇന്നിതാ തൻെറ മൃത്യുവിനായിട്ടു
തന്നര മുറക്കുന്നൊരു വേളയിൽ

നിർമ്മലമായ കല്ലറവിട്ടിതാ
സന്മതികളാം രണ്ടുപേർവന്നെത്തി.

ബേതലേമിൽ താൻ ഭൂജാതനായപ്പോ-
ളന്തരീക്ഷത്തിൽ മിന്നിയ നക്ഷത്രം.

ഇന്നിതാ തന്റെമീതെ വിഹായസ്സിൽ
നിന്നുവെൺകതിർ തൂകിവിളങ്ങുന്നു.

ദിവ്യരാമവർ ദൈവകുമാരനോ-
ടവ്യയം ചിലകാൎയ്യമുരച്ചഥ

ശൈലം വിട്ടു മറയുവാനുള്ളൊരു
കാലുവീശുന്ന ഭാവത്തെക്കാൺകയാൽ

പൂർവ്വികന്മാരാ വന്ദ്യപ്രവാചക-
വൎയ്യരെത്തെല്ലു നിൎത്തണമെന്നോൎത്തു

ഹെർമ്മോൻ പർവതക്കാഴ്ചയെക്കാട്ടിലും
മേന്മയേറിയ കാഴ്ചകളെമ്പാടും

കാണുമാറാകും കാൽവറിയാകുന്ന
കുന്നിലെന്നുള്ളിലേതുമറിയാതെ

ഭാവി സംഭവ ദർശകരോതിയ
ഭവ്യനീതിപ്രമാണവും ശാസ്ത്രവും

പൂൎത്തിയായിബ്‌ഭവിച്ചു കഴിഞ്ഞുവെ-
ന്നുൾത്തടത്തിങ്കലേതുമറിയാതെ

സീനായ്‌തൻ സുപ്രവാചകനേക്കാളും
കർമ്മേലിൻ പ്രതികാരേച്ഛുവേക്കാളും

സർവ മാനുഷ വൎഗ്ഗസംപൂജിതൻ
സത്യശീലൻ ശ്രീയേശുവെന്നോൎക്കാതെ

മൂന്നു മൂൎത്തികളൊന്നിച്ച രംഗത്തിൽ
ചെന്നുനിന്നു പത്രോസരുളീടിനാൻ.

"സൽഗുരോ, തിരുമേനിക്കും മോശയ്ക്കു-
"മേലിയാവി"നും പള്ളികൊണ്ടീടുവാൻ.

മൂന്നുകൂടാരം ഞങ്ങളുണ്ടാക്കട്ടേ
തന്നിടേണമതിനിന്നനുമതി."

താഴ്‌വരയിൽ കിടക്കുന്ന കൂട്ടരെ-
ത്തെല്ലുമേ കരുതാതെ ഹെർമ്മോനിന്മേൽ

നിത്യസൗഖ്യമിയന്നു കർത്താവൊത്തു
പാർത്തിടാമെന്നു പത്രോസു ചിന്തിച്ചോ?

ഉത്തരം നൽകാനീശൻ മുതിർന്നപ്പോ-
ളെത്തി കുന്നിന്മേൽ തൂവെള്ളി മേഘങ്ങൾ

മൂന്നുപേരെയും മൂടി, തൽക്കാന്തിയിൽ
നിന്നു കേൾക്കായി നാദമൊന്നീവിധം

"മൽപ്രിയ സുതനാണിവനേവരും
കേൾപ്പിനിന്നിവൻ ചൊല്ലുവതൊക്കെയും"

ശിഷ്യന്മാരുടൻ സാഷ്ടാംഗമായ് വീണാർ
പുൽച്ചെടികളിൽ മൂടിനാരാനനം

ദിവ്യനാദത്താൽ മോഹിതരായ് വീണ
ശിഷ്യർ മൂർച്ഛയിൽ നിന്നുമുണരാതേ.

വെള്ളിമേഘമലിഞ്ഞാപ്രവാചകർ
വിണ്ണിലെങ്ങോ ലയിച്ചുകഴിഞ്ഞുതേ

താരകാംശുക്കൾ മാത്രമാകുന്നിനെ
വാരൊളിയിൽക്കുളിപ്പിച്ചു ശോഭിച്ചു.

ശീർഷം തെല്ലുമുയർത്തുവാനാവാതെ
ശിഷ്യന്മാർ ഭയപ്പെട്ടു വസിക്കവെ

ക്രിസ്തുനാഥനടുക്കലണഞ്ഞുടൻ
ഭീതിവിട്ടെഴുന്നേല്പിനെന്നോതിനാൻ.

അക്കാന്തി പരന്ന ഹെർമ്മോനിൻമേൽ
ദിക്കുകൾക്കു തെളിഞ്ഞു കരൾത്തടം.

ദേശികൻ നിജ ശിഷ്യരുമൊന്നിച്ചു
താഴ്‌വരയിങ്കലേക്കു പുറപ്പെട്ടു.

കൽപ്പിച്ചാനന്തേവാസികളോടീശ-
നപ്പോൾ "നിങ്ങൾ ദർശിച്ച മഹാരംഗം

മർത്ത്യപുത്രൻ മൃതന്മാരിൽനിന്നുണ-
ർന്നൽഗമിക്കുന്ന കാലംവരെയ്ക്കുമേ

തെല്ലുമേ പരസ്യപ്പെടുത്തീടരു-
തല്ലലിൻ കാലമാസന്നമാണു മേ."

## ഭൂതബാധിതനായ ബാലൻ

ശിഷ്യർ മൂവരുമൊത്തു സർവ്വാഗമ-
സാഗരൻ ശൈലപീഠത്തിൽ വാഴ്കവേ,

തൻ മഹാ ദിവ്യസാന്നിദ്ധ്യം കൈവിട്ടു
തത്ര ദൂരെ മരുവിയ ശിഷ്യരിൽ

നിന്ദയും പരിഹാസവും ചേർക്കുവാ-
നന്നി, മന്ദമടുത്തു സമീപത്തിൽ

ശ്രുധതന്ത്രജ്ഞരായ സാദ്ദൂക്യരും
കുത്സിതരാം പരീശസമൂഹവും.

സംഭ്രമംപൂണ്ടു സാധുക്കൾ ശിഷ്യന്മാർ
സത്വരം പൂകി ക്രിസ്തു ദേവാന്തികം.

ദിവ്യരൂപനെക്കണ്ടു സുശീലരാം
ശിഷ്യന്മാർ മുദാ സ്വാഗതമോതിനാർ.

"എന്തിനേപ്പാററിത്തക്കിപ്പൂ നിങ്ങളെ-"
ന്നന്തര്യാമിയാമീശ്വരൻ ചോദിച്ചു.

മാനവവൃന്ദമദ്ധ്യത്തിൽനിന്നൊരു
മാനവനപ്പോളോതിനാനീവിധം

"താതനാണു ഞാനേകതനുജനു
ഭൂതബാധിതനാണവനിന്നഹൊ.

കേൾവിയില്ലവനെന്നുമപസ്മാര-
ക്രൂരമുഷ്ടിയിലേററം ഞെരുങ്ങുന്നു.

തമ്പുരാനെ, ഭവദീയശിഷ്യർ തൻ
മുമ്പിൽ കൊണ്ടുവന്നെന്നുടെ പുത്രനെ

വ്യാധി തീക്കണമെന്നവരോടു ഞാ-
നർത്ഥനചെയ്തയ്യോ! വെറുതെയായ്

തക്കം നോക്കിയാ സാദ്ദുക്യരൊക്കെയും
മുഷ്ക്കുമൂത്തു നിൻ ശിഷ്യരെ നിന്ദിച്ചു."

കർത്തൃചിത്തം തപിച്ചു, കുപിതനായ്
തിൻതിരുവായ് തുറന്നവൻ കല്പിച്ചു.

"കോട്ടമുള്ള ജനങ്ങളേ, നിങ്ങളോ-
ടൊത്തു ഞാനെത്ര കാലമിരുന്നിടും?

എത്രമാത്രം സഹിക്കണം നിങ്ങൾതൻ
വൃത്തികണ്ടു ഞാനിപ്പാരിടത്തിങ്കൽ"

ബാലനെ മുന്നിലെത്തിപ്പാൻ കാരുണ്യ-
ലോലമാനസൻ ശ്രീയേശു കല്പിച്ചു.

കല്പനപോലെ ചെയ്താരുടമസ്ഥ-
രപ്പൊഴേക്കുമപസ്മാരബാധയാൽ

മന്നിലബ്ബാലൻ വീണു ഭയങ്കര-
മാരണത്തിൻെറ ചേഷ്ടകൾ കാട്ടിനാൻ.

വെണ്ണുരകൾ പുറപ്പെട്ടു വക്ത്രത്തിൽ
നിന്നു, മംഗങ്ങൾ കോടിച്ചുരുണ്ടുപോയ്

തെല്ലുനേരമാ രോഗനിലകണ്ടു
തൽപ്പിതാവോടു ചോദിച്ചു ദേശികൻ

"എത്രകാലമുണ്ടീ സാധുബാലക-
നിത്ര ഭീകര രോഗത്തിൽ വാഴുന്നു?

"ശൈശവം മുതൽക്കീ രോഗബാധയാൽ
ക്ലേശമേലുന്നു ബാലനിവൻ വിഭോ!

തന്നെത്തന്നെ നശിപ്പിക്കുവാനവൻ
തീയിലും സലിലത്തിലും ചാടുന്നു.

പ്രാപ്തിയുണ്ടെങ്കിലങ്ങീ മഹാരോഗം
ശാന്തമാക്കി സഹായിക്ക ബാലനെ."

"എന്തിതെന്തെനിക്കാമെങ്കിൽ രോഗത്തെ
ശാന്തമാക്കണമെന്നോ കഥിപ്പു നീ?

വിശ്വസിക്കുന്ന മർത്ത്യക്കു സാദ്ധ്യമായ്
വിശ്വത്തിങ്കലില്ലൊന്നുമെന്നോർക്കു നീ."

നാഥാ നീവിധമോതവേ, ബാലൻെറ
താതൻ ചൊല്ലിനാൻ "വിശ്വസിക്കുന്നു ഞാൻ

സത്വരംഭാവാനെന്നവിശ്വാസത്തി-
നന്തമുണ്ടാക്കി രക്ഷിക്ക കർത്താവേ,"

തീരമില്ലാത്ത വാരിധിപോലവേ
തൽക്ഷണം ജനസഞ്ചയം വർദ്ധിച്ചു.

ക്രിസ്തുവന്നേരം രോഗിയെ വീക്ഷിച്ചു
കല്പിച്ചാനധികാരമോടീവിധം.

"ബാധിര്യം, പരം മൂകതയെന്നിവ
ബാധിച്ചോരു ദുഷ്ടാത്മാവേ, സത്വരം

ബാലകൻ തന്റെ ഗാത്രം വെടിയുക
മേലിൽ നീ യെത്തുമീയെന്റെ ബാലനെ

തൊട്ടുകൂടാ, സമീപത്തുപോലും നീ
യെത്തിനോക്കരുതെന്നുമോർത്തിടണം."

ഭീകരാട്ടഹാസത്തോടും പ്രാന്തസ്ഥ-
ലോകരിൽ ഞെട്ടൽചേർക്കും ഭാവത്തോടും

വെണ്ണുരയും പതയും വമിച്ചഥ
മണ്ണിൽ വീണു മറിഞ്ഞു കുമാരകൻ

കണ്ടുനിന്നവരിൽച്ചിലരാ ബാലൻ
വിണ്ടലം പൂകിയെന്നു വിളിച്ചോതി

എങ്കിലും ക്രിസ്തുനാഥനവൻ തന്റെ
കൈപിടിച്ചെഴുന്നേൽപ്പിച്ചു മെല്ലവേ,

പ്രാപ്തസമ്പൂർണ്ണസൗഖ്യനായ് ബാലകൻ
താതപാർശ്വത്തിൽ നിൽപ്പതു കാൺകവെ

മർത്ത്യരൊക്കയുമത്ഭുതപാരമ്യ-
സ്തബ്ധരായി നിലകൊണ്ടുപോയിതേ.

## പ്രാർത്ഥനയും വിശ്വാസവും

ഭൂതസംഹാരശക്തിയാൽ മുന്നമെ
നാഥൻ ശക്തിപ്പെടുത്തി സ്വശിഷ്യരെ.

തന്നിൽ ഭക്തി കലന്നവർപോലുമെ
തൻെറ ദിവ്യമാം നാമത്തിൻ മന്ത്രത്താൽ

ഭൂതബാധയകററി പിന്നെന്തുത–
ന്നന്തേവാസികൾക്കായതസാദ്ധ്യമായ്.

"സൽഗുരോ, ഞങ്ങളെന്തുകൊണ്ടൽഭുത
സൽപ്രവൃത്തികൾക്കപ്രാപ്തരായിതെ?"

ശിഷ്യരീവിധം ചോദിക്കവെ ദേവൻ
"വിശ്വസിക്കായ്കകൊണ്ടെ"ന്നരുളിനാൻ.

ക്ലേശചിത്തരായ്ത്തീന്നിരിക്കാമവർ
ദേശികൻ പ്രാന്തഭൂവിലില്ലായ്കയാൽ

പത്രോസും മററ രണ്ടു ശിഷ്യന്മാരു–
മന്തികത്തിലില്ലായ്കയാൽ ഭീതരായ്

ക്രിസ്തുനായകാസന്നമരണത്തെ–
ക്കേട്ടു ചിന്ത കലങ്ങിയിരുന്നിടാം

എന്തുമാകട്ടെ ദേശികനദ്ദിനം
രണ്ടുപാഠം പഠിപ്പിച്ചു ശിഷ്യരെ.

"സ്നേഹിതന്മാരെ! നിങ്ങൾ ധരിക്കണം
ദേഹമാനസ രോഗത്തിൻ ലക്ഷണം

നിഷ്ക്കളങ്കമാം പ്രാർത്ഥനയുണ്ടെങ്കിൽ
നിശ്ചയം തീക്കാം തദ്രോഗമൊക്കെയും.

മറെറാരുതരം രോഗങ്ങളുണ്ടവ–
യ്ക്കുററ വിശ്വാസമത്രേ സിദ്ധൌഷധം.

കേവലം കടുകിൻമണിയോളവും
ദൈവവിശ്വാസം നിങ്ങളിലുണ്ടെങ്കിൽ

നീണ്ടുകെന്നരുളീടുക ഹെർമ്മോനാം
തുംഗശൈലത്തൊടായതു നീങ്ങിടും

ശാന്തമാകട്ടെ കല്ലോലമാലയെ-
ന്നോതിയാലവ ശാന്തമായ്ത്തീർന്നിടും."

## സ്ഥാനമത്സരം

ശിഷ്യരൊന്നിച്ചു ദേശികൻ പിന്നെയും
ക്ലേശമേലാതെ മന്ദം ഗമിക്കവേ

തങ്ങളിൽ വമ്പനാരെന്ന വാശിയിൽ
തർക്കമാരംഭിച്ചാർ ശിഷ്യരന്യോന്യം

കാര്യമെന്തെന്നറിഞ്ഞു ജഗന്നാഥ-
നെങ്കിലും വെറും മൗനം ധരിക്കയായ്

മന്ദം മന്ദം നടന്നു കപ്പർന്നഹോം-
മന്ദിരം തന്നിൽ വിശ്രാന്തിക്കെത്തിനാൻ.

ചോദിച്ചാനപ്പോൾ ശിഷ്യരോ"ടെന്തൊരു
വാദമായിരുന്നദ്ധ്വാവിൽ നിങ്ങളിൽ

തർക്കഹേതുവെന്തതൊരു നിശ്ചയ-
ത്തിങ്കൽ നിങ്ങളണഞ്ഞു കഥിക്കുവിൻ."

ഒന്നുമോതുവാനാവാതെ നാണിച്ചു
മന്ദബുദ്ധികൾ ശിഷ്യരിരുന്നുപോയ്.

ചെയ്തതൊക്കെയബദ്ധം കഥിച്ചതു
കാര്യമില്ലാത്ത കാര്യമെന്നോർത്തുപോയ്.

ശിഷ്യവത്സലൻ, കാരുണ്യപൂർവക-
മേവമോതിനാൻ മത്സരം തീർക്കുവാൻ.

## ഉപദേശം

"മുമ്പനാകുവാനാശിപ്പോനേററവും
പിമ്പനാകണം സേവകനാകണം

താഴ്മയാകിയ സോപാനമാർഗ്ഗേണ
മേന്മയേറും പദവിയിലെത്തണം."

ദീനവത്സലനേവം കഥിക്കവേ
വന്നു ചാരത്തൊരോമൽക്കുമാരകൻ

പേശലാംഗനാമക്കൊച്ചു കുട്ടിയെ-
പ്പാരം വാത്സല്യപൂർവകം തമ്പുരാൻ

മാർവിടത്തോടണച്ചു കഥിക്കയായ്
മാനവസമൂഹത്തോടു സസ്നേഹം

"നിങ്ങളീനിൽക്കും പൈതലിനേപ്പോലെ
മംഗളാത്മാക്കളാകാതിരിക്കുകിൽ

സർവസൗഭാഗ്യസമ്പൂർണ്ണമാകിയ
സ്വർഗ്ഗരാജ്യത്തിൽ നിങ്ങൾ കടക്കില്ല,

നിങ്ങളാരാനുമെന്നുടെ നാമത്തിൽ
നിർമ്മലാംഗൻ ശിശുവിനെക്കൈക്കൊണ്ടാൽ

എന്നെക്കൈക്കൊള്ളുമെന്നെക്കൈക്കൊള്ളുവോൻ
എന്റെ താതനെക്കൈക്കൊണ്ടിടും ദൃഢം.

"കണ്ടു ഞങ്ങളൊരുവൻ നിൻനാമത്തിൽ
ഭൂതബാധയകററുന്ന സൽകൃത്യം

നമ്മോടൊത്തവനെത്തായ്കയാൽ ഞങ്ങൾ
തള്ളി ദൂരത്താ മർത്ത്യനെ"യെന്നപ്പോൾ

ശിഷ്യനാം യോഹന്നാനോതി ദേശിക-
ശീർഷരത്നമാം യേശുവിനോടായി.

കല്പിച്ചാൻ ക്രിസ്തു "തെല്ലുമാമർത്ത്യനി-
ലപ്രിയം നിങ്ങൾ കാണിക്കാൻ പാടില്ല.

എന്റെ നാമത്തിൽ ശക്തികാട്ടുന്നവ-
നെന്നെയേതും ദൂഷിച്ചു കഥിക്കില്ല.

നമ്മോടേതുമെതിർക്കാത്ത മാനവൻ
നമ്മുടേ മിത്രമെന്നു ധരിക്കണം.

മാമകനാമധേയത്തിലാരൊരു
പാനപാത്രം ജലം നിങ്ങൾക്കേകുന്നു.

തൽപ്പുമാനു ലഭിക്കാതിരിക്കില്ല
തക്കതായ പ്രതിഫലം നിർണ്ണയം.

ഈ നിസ്സാരരാം മർത്ത്യരിലേകനു
മാനസാധിയാരെങ്കിലും ചേർക്കുകിൽ

കണ്ഠത്തിൽ ഭീമമാം തിരികല്ലൊന്നു
കെട്ടിയാഴിയിൽ തള്ളുന്നതുത്തമം.

നിന്നുടെകരം നിന്നോടെതിർക്കുകിൽ
നീയതു വെട്ടി ദൂരത്തെറിയുക.

കെട്ടുപോകാത്തതീയിൽക്കരം രണ്ടു-
മൊത്തുവാഴുവതേക്കാളുമുത്തമം

ഒററക്കയ്യുള്ളോനായ് നാകലോകത്തിൽ
പററിപ്പാർക്കുവതെന്നു ധരിക്കണം.

ദക്ഷിണപദം നിന്നോടെതിർക്കുകിൽ
തൽക്ഷണമതു വെട്ടിക്കളയണം.

പാദയുഗ്മമോടഗ്നിനരകത്തിൽ
പോവതേക്കാളുമേററവുത്തമം

സ്വർഗ്ഗരാജ്യത്തിലേകചരണനായ്
സാദരം പൂകിടുന്നതെന്നോർക്കണം.

ദക്ഷിണമിഴിനിന്നോടെതിർക്കുകിൽ
തൽക്ഷണമതു ചൂഴ്ന്നെറിഞ്ഞീടണം.

നേത്രയുഗ്മമോടഗ്നിനരകത്തി-
ലെത്തി വാഴ്വതേക്കാളുമത്യുത്തമം

നാകലോകത്തിലേകനയനനായ്
പോകയാണെന്നു നിങ്ങളറിയണം.

യാഗപീഠത്തിലപ്പുതളിച്ചതി-
യോഗ്യശുദ്ധി വരുത്തുന്ന പോലവേ

ആത്മശുദ്ധി വരുത്തേണമുഗ്രമാ-
മാത്മത്യാഗമഹാവഹ്നി മൂലമായ്

കാര,മൂപ്പിനില്ലാതെയായിടൊലാ
വഹ്നി, ശുദ്ധിക്കശക്തമായിടൊലാ.

നിങ്ങളിൽ ക്ഷാരമുണ്ടായിരിക്കണം
നിങ്ങൾ സ്നേഹിച്ചിടേണം പരസ്പരം

സാരമററവരായ്ക്കരുതീടൊലാ
പാരിലാരെയും നിങ്ങൾ സഹജരേ.

സോദരന്മാർ പിഴച്ചാൽ ക്ഷമിക്കണം
സാദരം കുററബോധം വരുത്തണം."

പീററന്നേരമന്തികത്തെത്തി സം-
പൂതചിത്തഃനാഥോതിനാനീവിധം

"തെററുചെയ്യുന്ന സോദരനോടുഞാ-
നെത്രവട്ടം ക്ഷമിക്കണം സൽഗുരോ,"

ദേശികാഗ്രണി സൽക്കഥാ രീതിയിൽ
ശിഷ്യനോടരുളീടിനാനന്തരം.

### താലന്തുകഥ,

ഭൂമിപന്റെ കടക്കാരനായിതേ
ഭൃത്യനേകൻ പതിനായിരത്തിനു

ദീനരിൽപ്പരം കാരുണ്യമാണ്ടൊരാ
മാനവേന്ദ്രനിളച്ചാൻകടം മുദാ.

ഭീമമാമൃണത്തിൽനിന്നുമുക്തനായ്
ത്തീന്നവനോടു മറെറാരു സേവകൻ

നൂറുതാലന്തു വാങ്ങിയിരുന്നതു
നൽകുവാൻ പ്രാപ്തനല്ലായിരുന്നവൻ.

ദുഷ്ടനാം ഭൃത്യനാക്കടക്കാരന്റെ
കണ്ഠനാളം പിടിച്ചു ഞെരുക്കിനാൻ

മർദ്ദിതൻ നരപാലനോടാക്കഥ
വിസ്തരിച്ചു കഥിക്കകയാലുടൻ

ആദ്യഭൃത്യനെക്കാരാഗൃഹത്തിലി
ട്ടേററവും വിഷമിപ്പിച്ചു നിർദ്ദയം.

സോദരനോടുനിങ്ങൾ പൊറുക്കാഞ്ഞാൽ
സ്വർഗ്ഗസ്ഥൻ ക്ഷമിച്ചീടില്ല നിങ്ങളെ.

## കരംപിരിവ്

സമകലീരുപത്തു പൂർത്തിയായാൽ
സകല യൂദന്മാരും വിഘ്നമെന്ന്യേ

അരശേക്കൽ തൂക്കംവരുന്ന വെള്ളി
പരമേശനേകണമായിരുന്നു.

ധനമിതു നിത്യം ചെലവഴിച്ചു
ജഗദീശ മന്ദിരത്തിന്നുവേണ്ടി

ധനികനും സാധുവും ഭേദമില്ലാ-
തനിശമാച്ചുങ്കം കൊടുത്തുവന്നു.

വരദൻ കപ്പർന്നോമിൽ വന്നനേരം
കരമെണ്ണും തേടിപ്പിരിച്ചിടുപ്പോൻ

ത്വരിതം പത്രോസിൻെറ മുമ്പിലെത്തി
പരുഷമായ് ച്ചോദിച്ചാനീവിധത്തിൽ

"തവഗുരു ചുങ്കം കൊടുത്തിടാതെ
ദിവസങ്ങൾ പോക്കുവതെന്തുകൊണ്ടോ?

"ഗുരുദേവൻ തെല്ലും മടിച്ചിടാതീ-
ക്കരമേകുന്നുണ്ടെ"ന്നുരച്ചു പീറർ.

ഗുണനിധി! കേട്ടാനാവാഗ്വിവാദ-
മുടനേ പത്രോസിൻെറ മുമ്പിലെത്തി.

"ശിമയോനേ, നീയെന്തു ചിന്തിക്കുന്നീ
ക്ഷമയെഭരിക്കുന്ന മന്നവന്മാർ

കരമെടുക്കുന്നതു മക്കളോടോ?
പരജാതരാകിയ മർത്ത്യരോടോ?

"പരജാതരാകിയ മർത്ത്യരോടെ"–
ന്നരുളിനാൻ പത്രോസു തൽക്ഷണത്തിൽ,

"തനയന്മാരൊക്കെസ്സ്വതന്ത്രരത്രെ
തനയൻ ഞാൻ ലോകൈക ഭൂമിപന്നു
മഹനീയനാമാത്തിരുവടിതൻ.
തനയൻ താൻ നീയുമൊരുതരത്തിൽ

അതുകൊണ്ടു നീയും കൊടുക്കവേണ്ടാ
കരമൊന്നുമെന്നാലും നൽകുന്നെങ്കിൽ
നിയമത്താൽ ബന്ധിതനായിട്ടല്ലാ
വെറുമൊരുദാനം കണക്കവേണം.

കരമങ്ങുകൊള്ളുവാൻ വന്നണയും
നരനെ നാമേതും പിണക്കിടേണ്ടാ
കടലിൽപ്പോയ് ചൂണ്ട വലിച്ചെറിക
പ്രഥമമായ് കിട്ടുന്ന മത്സ്യത്തിന്റെ

മുഖമിഹ തെല്ലു പൊളിച്ചുനോക്കൂ
ത്വരിതം തേ നാണയമൊന്നു കിട്ടും

ഒരുതെല്ലുമാലസ്യമാർന്നിടാതെ
പരിചിലാ നാണയം നൽകിടേണം.

പരമേശൻ കല്പിച്ചപോലെ ശീമോൻ
കരമേകീ വാങ്ങാൻ വന്നോർക്കു വേഗം.

## വിരുന്നുകാലം

കൊയ്ത്തുകാലങ്ങളിൽ യൂദജനതതി
കൊണ്ടാടിവന്നിരുന്നു പരമോത്സവം

വൈദികരൊക്കയും ദേവാലയങ്ങളിൽ
വിശ്രമമെന്യേ നടത്തിടും പൂജകൾ

ഘോഷിക്കമുത്സവമേഴനാളേവരും
കൂട്ടമെട്ടാം ദിനമന്ത്യസമ്മേളനം

മാമരുഭൂമിയിൽ ചുററിത്തിരിയാതെ
മററൊരു വേലയിലുൾപ്പെട്ടുനില്ക്കാതെ

ചന്തമേറും സാലപത്രമൊലീവിൻെറ
ചില്ലികളീവക കൊണ്ടു മേഞ്ഞുള്ളൊരു

ചെററക്കുടിൽകളിൽ വൈഷമ്യമൽപ്പവും
പററാതെ വാണിടുമോരോ കുടുംബവും

വീടിൻ വെളിയിലിറങ്ങി നടക്കുകിൽ
കാണാം കരത്തിൽ പഴങ്ങളുമാലയും

ഉള്ളഴിഞ്ഞുള്ളൊരുത്സാഹത്തിലിങ്ങനെ
മേളമോടാളുകൾ പാക്കുന്ന കാലത്തിൽ

ന്യായപ്രമാണങ്ങളേഴ ദിനത്തിലും
മായംവെടിഞ്ഞു പാരായണം ചെയ്തിടും

മൂവേഴവട്ടം മുഴക്കിടും കാഹളം
സർവ്വർക്കുമായി നടത്തിടും പ്രാർത്ഥന

സന്തോഷഭൂയിഷ്ഠമാകും മഹോത്സവം
സമ്പൂർണ്ണമാകുന്ന സായാഹ്നവേളയിൽ

ക്രിസ്തു തന്നന്തികമെത്തി തൽസോദരർ
ക്രോധംകലൎന്നുരച്ചീടിനാരീവിധം.

ദുർഗ്രഹവും യുക്തിഹീനവുമായൊരീ
ശോച്യഭാവം നിനക്കെന്തിനു സോദര,

നിന്നവകാശമെതിർത്തിടുന്നായതു
നിന്നുടെ ശിഷ്യർ തൻ വീര്യം കെടുത്തുന്നു

നിന്നാശ്രിതന്മാർ വസിക്കുന്നു യൂദിയാ-
നാട്ടിലും കാണട്ടെ നിൻ കർമ്മമങ്ങവർ.

ദിവ്യകൃത്യങ്ങളനുഷ്ഠിക്കുന്നെങ്കിൽ നിൻ
ദിവ്യത്വം കാണിക്ക മററു നാട്ടാരെയും."

"നേരിട്ടു ലോകർക്കു ഞാനെന്നെക്കാട്ടേണ്ടും
നേരമിന്നായിട്ടില്ലെന്നു ധരിക്കുവിൻ

പോവിൻ വിരുന്നിന്നു ഞാൻ വരുന്നില്ലേതും
നിർവഹിച്ചിട്ടില്ല ഞാനെൻെറ കാര്യങ്ങൾ"

കർമ്മമഹായോഗിയേവം കഥിച്ചിട്ടു
താമസിച്ചാൻ ഗലീലാനാട്ടിൽ പിന്നെയും.

ദേവാലയത്തിലുമോരോ തെരുവിലും
ദ്യോവിൻെറ കീഴിലെ വീടിൻ മുകളിലും

ഭക്ഷണമേശയ്ക്കു ചുററിലുമുത്സവാ-
ഘോഷം നടക്കുന്ന ചെററക്കുടിലിലും

കർത്തൃനാമം ചൊല്ലി യൂദന്മാർ തീവ്രമായ്
കൂട്ടിനാർ വല്ലാത്ത വാദകോലാഹലം.

"ഉത്തമനാണവനെന്നാർ ചില,രല്ല
സത്യവിരോധിയാണെന്നു വേറേ ചിലർ

ആരും തുറന്നു പറഞ്ഞില്ല ദുർവ്വചാ-
സ്സാരും പരസ്പരം വിശ്വാസമാർന്നില്ല.

കർക്കശന്മാരായ യൂദന്മാരന്യോന്യം
തർക്കിച്ചു തർക്കിച്ചു നേരം കഴിക്കവേ

സാവധാനം ഗലീലാനാട്ടിൽനിന്നുമാ
ദിവ്യമാം ജർശലേം പട്ടണം ലാക്കാക്കി

ശ്രീയേശുദേവൻ നടന്നു മഹോത്സവം
പാതിയായപ്പോഴം പുരം തന്നിലെത്തിനാൻ

മേരീകുമാരകൻ ദേവാലയം തന്നിൽ
ധീരനായ്ച്ചെന്നുപദേശമാരംഭിച്ചു

"ഏതുവഴിക്കിവൻ വന്നാണഞ്ഞു തെരു-
വീഥിയിൽ നിന്ന ജനങ്ങളറിയാതെ

പങ്കാളിയായിതോ സദ്യാദി ഘോഷത്തിൽ
പാർത്തിതോ മാർഗ്ഗത്തിൽ ചെററപ്പുരയ്ക്കുള്ളിൽ

കയ്യിൽപ്പനയോലയേന്തി നടന്നിതോ
കൽപ്പിച്ചോ "ഹാശന്നാ"യെന്നു ജനമൊത്തു

ശത്രുക്കളൊന്നുമറിഞ്ഞില്ല, പള്ളിയിൽ
കർത്താവിനെക്കണ്ടു പൂണ്ടവരൽഭുതം

വൈരികളായിരുന്നെങ്കിലുമത്തിരു-
വക്ത്രാർക്കനെക്കണ്ടു പേടിച്ചുപോയവർ

ആത്തിരുമേനി നടത്തുമുപദേശം
ശ്രദ്ധിച്ചു കേട്ടു യഹൂദജനാവലി.

ഏറെത്തുടങ്ങിനാർ പിന്നെയും ചിന്തിപ്പാ-
നാരിവൻ കൈയ്‌വയ്പ കിട്ടാത്ത വൈദികൻ?

ആരിവനംഗീകൃതേതര ദേശികൻ
ഹല്ലേലിൻ ശിഷ്യനോ ഷാമായി ശിഷ്യനോ?

നാലക്ഷരം പഠിക്കാത്തവൻ, നസ്രേയൻ
ഗാലീലാനാട്ടിൽ വളർന്നവനാശാരി"

കർത്താവു വേഗം യഹൂദജനത്തിന്റെ
ചിന്തകളെല്ലാം ഗ്രഹിച്ചു വിവിക്തമായ്.

കല്പിച്ചാനെന്നുടെ വിജ്ഞാനമൊക്കയു-
മപ്പരാശക്തിയിൽ നിന്നു കൈക്കൊണ്ടു ഞാൻ.

മോശതൻ ന്യായങ്ങൾ നിങ്ങൾക്കറിഞ്ഞിടാ
ലേശവുമങ്ങതിൻ സാരമറിഞ്ഞിടാ.

എന്തിന്നു മാമക ജീവൻ ഹനിക്കുവാൻ
ചിന്തിപ്പൂ നിങ്ങളിപ്പോൾ ഹൃദയങ്ങളിൽ,

നിങ്ങളേ ബാധിച്ചിരിക്കുന്നു ഭൂതങ്ങൾ
നിങ്ങൾ മനംകൊണ്ടു തിന്മ നിനയ്ക്കുന്നു."

കർത്തൃമൊഴി കേട്ടു ശ്രോതാക്കളൊക്കയു-
മൽഭുത സംഭീതികൾക്കു വിധേയരായ്

അന്നത്തെ വാസരമേവം കടന്നുപോയ്
വന്നട്ടത്തന്ത്യമാമുൽസ വാസരം.

കാല്യകാലത്തിന്റെ കാലുകൾ വീശവേ
കാഹളനാദം മുഴങ്ങി വിഹായസ്സിൽ

ദേവാലയത്തിന്റെ തെക്കുഭാഗത്തുള്ള
ഭൂഗർഭമാർഗ്ഗം തുടങ്ങും കവാടത്തെ

മെല്ലെക്കടന്നു വന്നാനൊരു വൈദികൻ
നല്ലോരു സൗവർണ്ണ ഭാജനവും ഭേസി

നാരകത്തിൻ കൊമ്പുവാമഹസ്തത്തിലു
മീന്തപ്പനയോല മറ്റേക്കരത്തിലും

പൊക്കിപ്പിടിച്ചുകൊണ്ടാവൈദികൻ തന്റെ
പിന്നാലെ മാനവവൃന്ദം നടന്നുതെ.

വന്നെത്തിയെല്ലാവരും ശിലോഹാമെന്ന
വാപിതൻ കൂലപ്രദേശത്തിൽ സാദരം

തദ്വാപിയിൽ നിശ്ശബ്ദങ്ങളാം ചോലക-
ളൊട്ടേറെ വന്നുപതിച്ചൂ നിരന്തരം

തൂവെള്ളവസ്ത്രം ധരിച്ച പുരോഹിതൻ
പാവനമാകും ശിലോഹാം കുളത്തിലെ

വാർവെള്ളിപോലുള്ള വാരിയാൽ തൻ സ്വർണ്ണ
ഭാജനം വക്കവരെയ്ക്കും നിറച്ചഥ,

തന്നനുഗാമികളോടൊത്തു ദേവേശ-
മന്ദിര പ്രാന്തഭൂ നോക്കിത്തിരിച്ചുപോയ്

മേലോട്ടു മേലോട്ടു മെല്ലെക്കരേറിയാ-
"വെള്ളത്തിൻ ഗോപുര"ത്തിൻ മുമ്പിലെത്തിനാൻ

തൽഘോഷയാത്രയന്നേവമീശാലയ-
ത്തിങ്കലെപ്പുണ്യസ്ഥലത്തോടടുത്തുതേ.

"മൂന്നുവട്ടം നീണ്ടനാദം മുഴക്കിനാ-
രന്നേരമപ്പള്ളിതന്നിലെസ്സേവകർ.

സൗവർണ്ണപാത്രം വഹിച്ച പുരോഹിതൻ
കോവിലിനുള്ളിൽപ്പതുക്കെ പ്രവേശിച്ചു.

പൂരിതദ്രാക്ഷാരസപ്പൂത്തുഭാജനം
പേറിയങ്ങന്യപുരോഹിതൻ വന്നതെ.

രണ്ടുപേരും ഭയഭക്തിയോടെത്രയും
പുണ്യമാം യാഗപീഠത്തിങ്കലെത്തിനാർ

തത്ര ഭൂമിക്കടിയിൽ ഗുഹയൊന്നേററ-
മന്നാരം വിദഗ്ദ്ധമായ് നിർമ്മിച്ചിരുന്നുതേ.

വെള്ളിയാൽത്തീർത്തുള്ള ചോർപ്പുകൾ രണ്ടെണ്ണ-
മാ ബലിപീഠത്തിലെത്രയും ശോഭിച്ചു.

പാത്രങ്ങൾപൊക്കിപ്പുരോഹിതന്മാരൊരു
ചോർപ്പിയിലേക്കു പാനീയം കമഴ്ത്തിനാർ

ദൈവശക്തി പ്രവാഹത്തെയാണീക്കൃതി
കാണിപ്പതെന്നു യഹൂദർ കരുതിനാർ.

പ്രാർത്ഥനാഗാനങ്ങളാലപിച്ചാർ ജനം,
പുല്ലാംകുഴലുകൾ പാടി സങ്കീർത്തനം.

അന്നു കാലത്തിൽ "സന്നദ്ദരീം" സംഘത്തിൽ
നിന്ന പുരോഹിതന്മാരും ഗുരുക്കളും

കോപത്താൽ ചില്ലിയിളക്കിപ്പരിഭ്രമം
കൈക്കൊണ്ടു ചെയ്യേണ്ടതെന്തെന്നറിയാതെ

ദൂരത്തിലങ്ങു പുത്തവിശ്വാസികൾ
തിങ്ങിയ ദിക്കിൽഗ്ഗലീലിയാക്കാരനാം

ദേശികൻ ദൈവരാജ്യം പ്രസംഗിപ്പതു
സഹ്യമായില്ലാ പരീശർക്കു ലേശവും

സന്നദ്രീം സംഘത്തിലുൾപ്പെട്ടവർക്കുടൻ
ബന്ധിക്കണംപോലുമാ നസറേയനെ

പക്ഷേ ജനാവലി ശ്രീയേശുനാഥനിൽ
നിക്ഷിപ്തമാക്കിനാർ പൂർണ്ണമാം വിശ്വാസം.

ആകയാൽ ശത്രുക്കൾക്കാമർത്ത്യപുത്രനെ
നിഷ്ക്കരുണം പിടിപ്പാൻ കഴിഞ്ഞില്ലഹോ.

ഏതോ നവീന പ്രവാചകൻ താനവ-
നെന്നു പരീശർനിനച്ചാർ മനക്കാമ്പിൽ.

"കയ്യഫാസ"പ്പോഴൊരുദ്യോഗവാഹിയെ-
കൈകൊട്ടിച്ചാരേ വിളിച്ചരുളീടിനാൻ

"പെട്ടെന്നു പോയി നീ ക്രിസ്തുവാം കള്ളനെ-
ക്കെട്ടിയെൻ ചാരത്തു കൊണ്ടുവന്നീടുക."

തൽക്ഷണമോടിനാൻ കിങ്കരൻ ക്രൂരരാം
ഭൃത്യന്മാരൊന്നിച്ചു ക്രിസ്തുവിൻ നേർക്കായി.

വിപ്ലവകാരിയെബ്ബന്ധിപ്പാൻ പോയൊരു
വീരസേനാനി മഹേശൻെറ ചാരവേ

ചെന്നെത്തവേ തൻെറ ഭൃത്യരെയൊക്കയും
തന്നത്താൻ ദൂരത്തൊരേടത്തു നിർത്തിനാർ.

മുപ്പതോളം വയസ്സാർന്ന യുവാവൊരാ-
ളല്പവും ഭീതികലരാത്ത കണ്ണുമായ്

മർത്ത്യവർഗ്ഗത്തെപ്പഠിപ്പിച്ചു നില്പതു
കണ്ടു സേനാനി വല്ലാതെ വിരണ്ടുപോയ്.

താഴെയിരുന്നാർ ചിലർ, ചിലർ തൂണിന്മേൽ
ചാരിനിന്നാർ ദത്തശ്രദ്ധരായ് സാദരം.

ക്രിസ്തുവിൻ സുവ്യക്തനാദം വിഹായസ്സിൽ
ഘണ്ടാനിനാദം കണക്കു പരന്നതെ.

"നിങ്ങളോടൊന്നിച്ചു തെല്ലുകാലംകൂടി
വാഴും ഞാൻ, പിന്നെത്തിരിച്ചു ഗമിച്ചിടും

ആരെന്നെപ്പാരിങ്കലേക്കു നിയോഗിച്ചാ-
പ്പാവനതാതൻെറ സന്നിധിപൂകും ഞാൻ.

നിങ്ങളന്വേഷിക്കുമെന്നെപ്പലേടത്തു-
മെങ്ങുമെന്നേക്കാണുവാൻ കഴിയാതെയാം.

ഞാനിരിക്കും ദിക്കിൽ വന്നെത്തുവാൻ നിങ്ങൾ—
ക്കാർക്കും കഴിവില്ലെന്നുള്ളതുമോർക്കണം."

കർത്താവിമ്മട്ടിൽ പ്രഭാഷണം ചെയ്യവേ
ദിവ്യശ്ശുശ്രൂഷ നടത്തീപുരോഹിതൻ.

പുണ്യമാം പീഠം നനച്ചു പുരോഹിതൻ,
പാട്ടുകൾ പാടിനിന്നാർ ജനമൊക്കെയും.

ഇമ്മാനുവേലിവ കണ്ടു ജനത്തൊടായ്
നിർമ്മായമുച്ചത്തിലോതിനാനീവിധം

"ദാഹമുള്ളോരെൻെറ ചാരത്തു വന്നെത്തി
ജീവൻെറവെള്ളം നിറയെക്കുടിക്കുവിൻ"

വാക്യമേവം കേട്ടു മാനവർ തങ്ങളിൽ
തർക്കം തുടങ്ങിനാർ ക്രിസ്തുവിൻ നാമത്തിൽ.

"നിസ്തർക്കം ദിവ്യപ്രവാചകൻ താനിവൻ"
ഇത്ഥം കഥിച്ചാർ പരസ്പരമായിച്ചിലർ.

"സത്യവേദത്തിൽ സ്തുതിച്ചിരിക്കുന്നൊരു
ക്രിസ്തുദേവൻ താനിവനെ"ന്നു മററുള്ളോർ

## പരാജിതമായ ബന്ധനശ്രമം

കർത്താവിനെക്കണ്ടു ബന്ധിക്കുവാൻ പോയ
മർത്ത്യൻ ജനത്തിൻെറ ഭാഷണം കേൾക്കവേ.

വല്ലാത്ത ഭാവത്തിലെത്തിനാൻ, ചെയ്യേണ്ട
തെല്ലാം മറന്നാൻ വിനീതനായ് മാറിനാൻ.

ശ്രീയേശുദേവൻെറ ശക്തിയും യുക്തിയും
മായം കലർന്നിടാത്തുള്ള നടത്തയും

ശ്രോത്രത്തിനിമ്പമരുളുന്ന വാണിയും
നേത്രം കുളിർപ്പിക്കുമാകാരഭംഗിയും

ധീരനാം പോലീസുകാരനെ നിശ്ചല–
വിഗ്രഹനാക്കിച്ചമച്ചു കുറച്ചിട.

വേഗം പിടിച്ചു വലിച്ചിഴച്ചെത്രയും
ശോകം പിടിപെടുമാറു ബന്ധിച്ചഥ

കാരാഗൃഹത്തിലടയ്ക്കേണമെന്നുള്ള
കല്പന വൈദികാദ്ധ്യക്ഷൻ കൊടുത്തിതെ.

പോലീസുകാരനക്കല്പന സത്വരം
പാലിപ്പാൻ വന്നതാണാപ്പള്ളിയിൽ തദാ

പക്ഷേ ഫലിച്ചില്ല യാതൊന്നും, കൂരിരുൾ
പത്മപ്രിയൻ തന്റെ നേർക്കെന്തുകാട്ടിടും

മൗനമായ് പ്പോലീസുദ്യോഗസ്ഥൻ തന്നുടെ
കൂട്ടുകാരൊന്നിച്ചു വിട്ടു ദേവാലയം.

വൈദികാദ്ധ്യക്ഷന്റെ സന്നിധൗ ചെന്നെത്തി
ബന്ധിതന്മാരായ കുററക്കാരെന്നിയേ

"എന്തിതെന്തെന്തെന്നു കയ്യഫാസെത്രയും
സ്വാന്തം കലങ്ങിപ്പുലമ്പിനാനുച്ചത്തിൽ

"നസ്രായനെക്കെട്ടിക്കൊണ്ടു പോരാതേവം
കൂസലെന്യേ നിങ്ങളെന്തിന്നു വന്നെത്തി?"

"കുററമില്ലാത്തൊരു മർത്ത്യനെ ബന്ധിച്ചു
കൊണ്ടിങ്ങുപോന്നാലപകടമായ് വരും.

അങ്ങു പറയുന്നതൊന്നുമാ മാനവ
പുംഗവൻ ചെയ്യുമാറില്ലാ തിരുമേനീ"

പോലീസുനായകന്മാരേവം കഥിക്കവേ
പാരം വിജൃംഭിച്ചു സന്നദ്രീം സംഘം

“നീയുമാ മാന്ത്രികൻ തൻ മിത്രമായിതോ
നിന്നെക്കൊണ്ടെന്തൊരു കാര്യം നടന്നിടും”.

കയ്യാഫസിങ്ങനെ ചൊൽകവെ, യാതൊന്നും
പ്രത്യുത്തരം നൽകിയില്ല തൽ സേവകൻ.

അന്നാസിന്റം കയാഫസ്സിന്റം മാനസ–
മഗ്നിയിൽപെട്ടപോൽ നീറി കോപത്തിനാൽ

“നിക്കോദിമോസെ”ന്ന വൃദ്ധൻ, കർത്താവിന്റെ
സൽക്കർമ്മമൊക്കെയും വർണ്ണിച്ചു കേൾപ്പിച്ചു.

സത്യത്തെ ദർശിച്ച നിക്കോദിമോസിന്റെ
സദ്വാക്യം കേട്ടിട്ടു കോപം വർദ്ധിക്കയാൽ

“നീ പോയ്ത്തിരക്കുക നന്നായ്, ഗലീലയിൽ
നിന്നും പ്രവാചകരാഗമിച്ചിട്ടില്ല”

സന്നിദ്രീം സംഘത്തിലുള്ളവരീവിധം
ചൊന്നിട്ടു നാനാവഴിക്കു പിരിഞ്ഞുപോയ്.

## അപരാധിനി

താരങ്ങൾ മാഞ്ഞില്ല, നേരം പുലർന്നില്ല
താരുകളൊന്നും വിടർന്നുമില്ല

പൂങ്കാവനങ്ങളിൽ വണ്ടു മുരണ്ടില്ല
പൂങ്കുയിൽ പാടിത്തുടങ്ങിയില്ല

കാക്കകൾ കാറിയലക്കാൻ മുതിർന്നില്ല.
കാഹളം കാലജ്ഞരൂതിയില്ല.

പുഷ്ക്കരപ്പൂമ്പൊയ്ക പുഞ്ചിരിപൂണ്ടില്ല
ദിക്കുകളൊന്നുമുണർന്നുമില്ല

അത്യുച്ചമുന്നമാപ്പട്ടണവീഥിയി–
ലത്രമേലാരവം കേൾപ്പതെന്തോ?

പ്രാന്തസ്ഥശൈലങ്ങൾ പൊട്ടിത്തെറിക്കയോ
പ്രേതാബ്ധി കോപിച്ചിരമ്പുകയോ?

ക്രൂര നരകപ്പിശാചങ്ങളാരെയോ
നേരിട്ടെതിർക്കാൻ വിളിക്കുകയോ

മാമരമെല്ലാമൊടിച്ചു പൊടിച്ചുഗ്ര–
മാരുതൻ ചുററിയടിക്കുകയോ

ദുഷ്പ്രവാദങ്ങളും പൊട്ടിച്ചിരികളു–
മാർപ്പുവിളികളും കൂട്ടിയാട്ടം

കൊട്ടും കുരവയുമട്ടഹാസങ്ങളും
കാട്ടാള നൃത്തത്തകർപ്പുകളും

കേട്ടു കേട്ടംബരമണ്ഡലം കൈവിട്ടു
പെട്ടെന്നാ രാത്രി തന്നന്ത്യയാമം

തൈത്തെന്നൽ വീശിത്തെളിച്ചു വഴിയിലൂ–
ടെത്തി കിഴക്കു ദിവാകരനും

കാണായിതപ്പോൾ കലങ്ങി മറിഞ്ഞുള്ള
കാട്ടാറുപോലൊരു ഘോഷയാത്ര

കാരണമെന്തെന്നറിയുവാനാവഴി–
യോരത്തിൽ വൃദ്ധന്മാർ വന്നുനിന്നു

ലോലായതാക്ഷിമാരന്തഃപുരം വെടി–
ഞ്ഞാലയ ജാലകത്തിങ്കലെത്തി

കണ്ടവർ കണ്ടവർ കൈകളാൽ കൺ പൊത്തി
കുന്നിതം കൈകൊണ്ടു ദൂരെ നീങ്ങി

ക്ഷംത്തെഴുമീഹാമൃഗങ്ങൾ മദം പൂണ്ടു
കൂത്താട്ടം കാട്ടിലെക്കേഴപോലെ

നീചപ്പരുന്തിന്റെ കോലാഹലംകൊണ്ടാ-
നീടെഴും പ്രേതപ്രദേശം തന്നിൽ

വല്ലാത്ത ചണ്ഡമരുത്തിന്റെ തല്ലേററു
വീണൊരു മാടപ്പിറാവുപോലെ

വിഖ്യാതിവിശ്രുതം ജറൂശലേം പട്ടണ-
വീഥിയിലന്നു നിറഞ്ഞു നിന്ന

മർത്ത്യപ്പരിഷതൻ മദ്ധ്യത്തിലന്നൊരു
മാന്തളിർ മെയ്യാൾപ്പതിച്ചുപോയി.

തന്നുടെ നമ്രമാം വക്ത്രച്ചെന്താരിനെ-
ത്തന്നിരുൾപ്പൂഞ്ചുരുൾക്കന്തളത്താൽ

ഹന്ത! മാഴ്കുവാനന്തികത്തെത്തിയ
ശാന്തസമീരനിൽ ഭക്തിപൂണ്ടും

വല്ലാതുലഞ്ഞുലഞ്ഞങ്ങോട്ടുമിങ്ങോട്ടും
കല്ലോലം തല്ലുന്ന കഞ്ചുകത്തെ

കാലടി കൈവിട്ടു മാറാതെ, തന്നിടം
കയ്യാലൊതുക്കിപ്പിടിച്ചുകൊണ്ടും

വാമേതരായത പാണിയാൽ, വക്ഷോജ-
ഹേമകുംഭങ്ങൾ മറച്ചുകൊണ്ടും

തൊട്ടടുത്തൂടെ നടക്കും പുരുഷരെ-
ത്തൊട്ടിടാതേററവും ചൂളിക്കൊണ്ടും

കണ്ണീരൊഴുക്കിപ്പെരുവഴിതന്നിലെ
മണ്ണുനനച്ചുമകംതുടിച്ചും

കോമളരൂപിണിയാമവളാർദ്രമാം
ഹേമന്തചന്ദ്രികയെന്നപോലെ

മുന്നോട്ടുപോകുവതേതൊരു ബന്ധന-
മന്ദിരംപൂകി മറഞ്ഞിടാനോ?

ഓരോ നിമേഷവും യൂദമഹാജന-
വാരിധി പാരം കവിഞ്ഞുയർന്നു

നീചപ്രഭാഷണ ഭംഗരണധ്വനി
നീണ്ടുനീണ്ടെങ്ങും പ്രതിധ്വനിച്ചു.

ഇത്രമേലീർഷ്യപൂണ്ടീ മനോമോഹന-
ഗാത്രിയാമേണത്തരുണിയാളെ

രഥ്യയിലാക്കി വലിച്ചിഴച്ചിങ്ങനെ
പത്തുനൂറായിരമാളുകൂടി

കൂട്ടിക്കൊണ്ടെങ്ങോട്ടു പോകുന്നു? നിർദ്ദയം
വെട്ടിക്കുരുതി കഴിപ്പതിന്നോ?

"കാണാം നമുക്കിന്നു കാഞ്ചനം കേവലം
കാചമായ്ത്തീരുന്നോരിന്ദ്രജാലം

കാണാം നമുക്കിന്നു നിർമ്മലമാകിന
കായലരണ്യ മരീചികയായ്

കാണാം നമുക്കിന്നു കാന്തമാം വൈഡൂര്യം
കണ്ണാടിച്ചില്ലായി മാറുന്നതും.

കാണാം നമുക്കിന്നു പണ്ഡിതവീരനൊ-
ക്കാതരനാമൊരു പാമരനായ്.

കാണാം നമുക്കിന്നു മിന്നാമിനുങ്ങായി-
ക്കോടി ദിവാകര സന്നിഭനെ

ന്യായപ്രമാണപ്രചാരകരെന്ന, നി-
ർമ്മായ പ്രസിദ്ധി വരിക്കുവാനും

കാപട്യംകൊണ്ടു ജനത്തെ മയക്കുന്ന
കാപഥസഞ്ചാരി കാട്ടിടുന്ന

കൗശലമൊക്കെ വെളിച്ചത്തിലാക്കാനു-
മീശ്ശുഭാവസരം നൽകി ദൈവം.

തേവടിപ്പെണ്ണേ, നടക്ക, നടക്ക, നീ
പാവകളെന്നോർത്തു ഞങ്ങളെല്ലാം

ഒന്നുകിൽ നിന്നുടെ ദുർമ്മൃതിയല്ലെങ്കി-
ലന്നരൻ തന്നഭിമാന ഭംഗം

രണ്ടിലൊന്നാകട്ടെ, കാര്യം ഫലിക്കുവാ-
നുണ്ടിന്നു യോജിച്ച സാഹചര്യം."

വാക്കുകളാകും പടക്കങ്ങൾ പൊട്ടിച്ചു
ദിക്കുകളെല്ലാം വിറപ്പിച്ചേവം

ആ യരുശാലേം നഗരപ്രമാണിക-
ളായതിൽ മുന്നോട്ടു പാഞ്ഞു വേഗം.

വ്യോമനീലോപല മേൽക്കട്ടി കെട്ടിയും
വെൺമേഘ പാളിയാൽ ഭിത്തി തീർത്തും

വിശ്വം ജയിച്ചു വിളങ്ങും യരുശലേം
വിശ്രുത ദേവേശമന്ദിരത്തിൻ

പ്രാന്തത്തിലുത്തുംഗ ശീർഷനായ് നിൽക്കുന്ന
പർവ്വതത്തിന്റെ മുകൾപ്പരപ്പിൽ

തെററന്നിനനൊരു കൈവിളക്കായ് മാറം
മറെറാരു മാറെറഴം തേജ:പുഞ്ജം

ലോകത്തിനൊക്കെയും കാന്തിയും ശാന്തിയും
തൂകിത്തെളിഞ്ഞു സമുല്ലസിച്ചു.

പൂരുഷ സൗന്ദര്യമാധുരി തഞ്ചുമാ–
പ്പുണ്യ സൗവർണ്ണപ്രഭാവപൂരം.

ആ മഹനീയ ചരിത്രനാം ശൈലത്തെ
കോൾമയിർ കൊള്ളിച്ചതെന്തിനാവോ?

മേളത്തിൽ മാരുതൻ മേളിക്കും വേളിയി–
ലോളപ്പടവുകളെന്നപോലെ

തോളിൽത്തുളുമ്പിപ്പടർന്നു കിടക്കുന്ന
ലോലംബ നീലമാം കുന്തളവും

പൊന്നും പുലരിയിൽ പൂർവ്വാചലോപരി
വന്നെത്തും വാർമഴവില്ലിൻ താഴെ

ശാരദരമ്യാർദ്ധ ചന്ദ്രാകൃതിക്കൊത്തു
നേരിയ ചെങ്കതിർ കാന്തിയേന്തി.

വിദ്യോതിച്ചീടുന്ന വിണ്ടല ഖണ്ഡത്തെ
വെല്ലും വിശാല ലലാടഭ്രവും

ലോകാനാകാവധി കാട്ടമവിച്ഛരിന്ന
രേഖ രചിക്കുന്ന തൂലികയായ്

നീണ്ടുവളഞ്ഞു ചലിച്ചു വിളങ്ങുന്ന
നീലാഭമായ ചില്ലിക്കൊടിയും

സഞ്ചിത സർവ്വ ചരാചരയാകിന
സർവ്വം സഹ നിഴലിച്ചിയങ്ങും

സാഗരമെന്നപോലുച്ചലിച്ചീടുന്ന
ശ്യാമളലോചന യുഗ്മകവും

പാരം പതഞ്ഞു പതഞ്ഞു പരിമിത-
തീരയായ്ത്തീർന്ന പാലാഴിപോലെ

മന്ദം തുടിച്ചു തുടിച്ചു തിളങ്ങുന്ന
സുന്ദരമായ കപോലങ്ങളും

സാമ്രാജ്യപാലന ചാതുര്യഗാംഭീര്യ-
സംവഹോത്തുംഗമാം നാസികയും

ചിന്നിയ മേഘച്ചുരുളുകളൊന്നിച്ചു
ചേർന്നപോലുള്ള നൽശ്മശ്രുക്കളും

ശൈവലഛന്നമാം നാളീകം തന്നുടെ
ശീതളശോണ ദളങ്ങൾ പോലെ

തെല്ലു വിടർന്നൊട്ടു കാണുമാറേവർക്കു
മുല്ലാസമേകുന്ന വായ്മലരും.

വെള്ളിനക്ഷത്രം നിരത്തിപ്പതിച്ചപോ-
ലുള്ള വിശിഷ്ടമാം ദന്തങ്ങളും

പാപമാം ശാർദ്ദൂലപാളിയെ ദൂരത്തു
പായിക്കാനുള്ള ശരങ്ങളെല്ലാം

സംഭൃതമാകിയ തൂണീരം പോലവെ
ശോഭിക്കും പൊൽക്കണ്ഠനാളികയും

സത്യധർമ്മാദികളാകിയ സാത്വിക-
വിത്തുകൾ വാരിവിതയ്ക്കുവാനായ്

പാർത്തല സീമ വരെയ്ക്കും നീണ്ടെത്തുന്ന
കാന്ത സ്വരാഭമാം ബാഹുക്കളും

ലോഹിത കഞ്ചുകാഢരാദിതമാം പുണ്യ
മോഹന ചൈതന്യ വിഗ്രഹവും

ദൂരത്താപ്പവൃത്തമീതെയുദിക്കവെ
സൂരന്റെ തേജസ്സു മങ്ങിപ്പോയി.

യൂദന്മാരാകിയ താർക്കികന്മാരുടെ
വേദാന്ത ധാമമായ് ലാലസിച്ച

സന്നിദ്രീം സംഘത്തിൽനിന്നു പാഞ്ഞെത്തിയ
സായകപാളിയെ ധൂളിയാക്കി

നൂതനാഭിപ്രായ ദുർഗ്ഗമുറപ്പിച്ചു
ഗാത്രം തളർന്ന ശ്രീയേശുദേവൻ

അന്നാളുഷസ്സിൽ മറഞ്ഞ നിശീഥത്തിൽ
സാന്നിദ്ധ്യം ചെയ്താനാഭൂധരത്തിൽ.

ലീലാവിലോല സുഗന്ധ സമീരണ
താലവൃന്തത്തിനാൽ പാദപങ്ങളും

ശാന്തഗംഭീരമാം ഭാവത്തിൽ സാദരം
തന്തിരുമേനിയെ വീശിനിൽക്കെ

സ്വർഗ്ഗീയ സാമ്രാജ്യ സൃഷ്ടിക്കു വേണ്ടതാം
മാർഗ്ഗങ്ങളോരോന്നു കണ്ടുകൊണ്ടും

നിദ്രയിലാണ്ടു കിടപ്പോർക്കു തന്നുടെ
നിശ്വാസത്താൽ ജീവനേകിക്കൊണ്ടും

സർവ്വ ജഗന്നിയന്താവാം പിതാവിന്റെ
ദിവ്യമാമാനനം നോക്കിക്കൊണ്ടും

ശൈലശിലാന്തര കന്ദര മന്ദിര
നീലക്കൽത്തല്പത്തിലേകനായി

പാരാകെപ്പോരാടി വെല്ലുമാപ്പോരാളി
പള്ളികൊണ്ടീടുകയായിരുന്നു.

പാരം നിശ്ശബ്ദം തമോ വൈരി വിട്ടൊരു
കൂരമ്പു ചെന്നുതറയ്ക്കയാലെ

രാത്രിതൻ വക്ഷസ്സിൽനിന്നുമൊഴുകിയ
രക്തമാപ്പൂർവ്വാംബരത്തിൽ വീഴ്കേ

താഴ്‌വരനോക്കി നടന്നു നിരായുധ-
പാവന പാണിയാം യേശുദേവൻ.

സാദരം ജർശലേം പള്ളിതൻ ഗോപുര-
വാതിൽക്കലൊത്തിരുമേനി നിൽക്കേ,

അമ്മഹാ മന്ദിരം, തന്നണി മുററത്തു
നന്മധുവാർന്നു വിരിഞ്ഞു നിന്ന

പൂക്കളിൽ നിന്നുമെടുത്തു പരിമള
പൂരം തൃക്കാൽകളിൽ കാഴ്ചവച്ചു,

തൂവെള്ളിത്തൂക്കുവിളക്കുകളേന്തിയ
പാവന ദീപനാളങ്ങളാലേ

സാദരം പാണികൾ കൂപ്പി ഘണ്ടാരവ
സ്വാഗതസംഗീതം പാടുകയായ്.

ദേവാലയത്തിൽ പ്രഭാതത്തിലീശ്വര-
സേവയ്ക്കണഞ്ഞ ജനങ്ങളോടായ്

ദിവ്യവേദാർത്ഥങ്ങളോതിക്കൊണ്ടാലോക-
ദേശികനാം പരമേശസൂനു

വെള്ളപ്പൂമ്പട്ടു വിരിച്ചപോലുള്ളൊരാ
പ്പള്ളിമൈതാനത്തിൽപ്പള്ളികൊണ്ടു.

നീണ്ടപെരുവഴി തിങ്ങിനാം മുന്നമേ
കണ്ടൊരാമർത്ത്യവൃന്ദപ്രവാഹം

പായുന്നതീപ്പാപപങ്കം കഴുകുന്ന
കായലിലേക്കത്രേ നിർവിശങ്കം.

വമ്പെഴുമത്തിരക്കോളിലകപ്പെട്ടു
മുമ്പോട്ടു മുമ്പോട്ടൊഴുകിപ്പോയ

ചമ്പകപ്പൂവൊരു ഗ്രാമീണവല്ലിയി-
ലിമ്പം കലർന്നു ജനിച്ചതാവാം.

കോരകപ്രായത്തിലിന്ദിന്ദിരങ്ങളാ-
ത്താരിന്റെ ചുററും പറന്നിരിക്കാം

ശൃംഗാരഗാനങ്ങൾ പാടിയപ്പൂവിന്റെ
സ്വാന്തമിളക്കാൻ ശ്രമിച്ചിരിക്കാം

വർണ്ണപ്പകിട്ടുകൾ കാണിച്ചു കാണിച്ചു
കണ്ണുമയക്കിയാസ്സൗന്ദര്യത്തെ

പാട്ടിലാക്കീടുവാൻ പൂമ്പാററകൾ പല
വട്ടം ശ്രമിച്ചിട്ടുണ്ടായിരിക്കാം

എന്താകിലെന്തവയൊന്നിലും മാനസ
ബന്ധം പുലർത്താതീ നവ്യസൂനം

തൻകുലം തന്നഭിമാന പരിമള-
മെങ്ങും പരത്തിലസിച്ചിരിക്കാം

ലോകമെന്താണെന്നും ഭോഗമെന്തെന്നുമാ-
ക്കോകിലവാണിയറിഞ്ഞതില്ല:

ഭ്രൂകുടിയുഗ്മകം വെട്ടിക്കും വിദ്യയും
കൺകടബാണപ്രയോഗങ്ങളും

കൊഞ്ചിക്കുഴയലു മന്യരെക്കാണുമ്പോൾ
പുഞ്ചിരിതൂകേണ്ടും മട്ടുകളും

നെഞ്ചു ചലിക്കുമാറുള്ള ലാസ്യങ്ങളു–
മഞ്ചിത ഭാവഹാവാദികളും

തെല്ലുമറിയാതെ കാലമോരോന്നുമീ
കല്യാണഗാത്രി നയിച്ചിരിക്കാം

പൂരുഷന്മാരെല്ലാം താതനും സോദര–
ന്മാരുമാണെന്നവളോർത്തിരിക്കാം.

ഭ്രാന്താലയത്തിൽക്കിടപ്പോൻ ജഗത്തിന്നു
ഭ്രാന്താണെന്നോതിപ്പരിഹസിപ്പൂ

വാരുണീസേവയാൽ മസ്തിഷ്കമൊക്കെയും
പാരം മയങ്ങിക്കറങ്ങീടുന്ന

പൂരുഷനേതും മടിക്കാതെ ചോദിപ്പൂ
പാരൊരു പരമ്പരമായ്ച്ചമഞ്ഞോ.

കണ്ണറിയാത്തവനേതുരംഗത്തിലും
കൂരിരുട്ടെന്യേ മറ്റെന്തുകാൺമൂ

തന്നുടെ മുറ്റത്തു താരുമിലകളും
കുന്നുകുന്നായിക്കിടക്കുന്നേരം

തന്നയൽവക്കത്തു പച്ചില കണ്ടിട്ടു
തന്നയൽക്കാരനെ നിന്ദിക്കുന്നു.

മാനുജനങ്ങളിലീവിധമോരോരോ
കുറ്റങ്ങൾ കാണുവാൻ കാത്തുവാഴും

പൂരുഷന്മാർ സാധ്വസ്ത്രീകളിലെന്തെല്ലാം
പാപങ്ങൾ പ്രത്യഹം കാണുന്നീല,

നാണവും മാനവും കൈവിട്ടു ജീവിക്കു-
മാണുങ്ങൾ പോലും ഞെളിഞ്ഞു നിന്നു

വേശ്യയാണെന്നു പറയുന്നു തങ്ങൾക്കു
വശ്യയാകാത്ത സഹോദരിയെ

മാനവൻ തീർത്ത കലാശാലയിൽ നിന്നും
മാനവൻ തന്നെ വധൂടികൾക്കായ്

കല്പിച്ചു നൽകുമാസ്ഥാനത്തെ നിർദ്ദയ-
മപ്പുമാൻ തന്നേ പഴിക്കയല്ലീ

തണ്ടലരെന്തു പിഴച്ചു തച്ചാരിത്ര്യം
വണ്ടുകൾ വന്നു നശിപ്പിച്ചെന്നാൽ

രത്നത്തിലെങ്ങനെ ചാർത്തിടാം തെററ്, തൂ
കന്നക്കോലാളുവോൻ കൊണ്ടുപോയാൽ

കുല്യയെ കുററം വിധിക്കാമൊ വഞ്ചകൻ
കാകോളമായതിൽ വീഴ്ത്തിയെന്നാൽ

താരും തളിരും പോലുള്ള മനോഹര
നാരിമാരെത്രപേരിജ്ജഗത്തിൽ

പുരുഷന്മാരുടെ വിക്രിയകൾക്കടി-
പ്പെട്ടു സ്വയം മൃതി പൂണ്ടിടുന്നു.

കാമുകനാരുമറിയാതെ നൽകിയ
കൈക്കുഞ്ഞുമായിത്തെരുവു നീളെ

തെണ്ടിനടന്നു കുഴഞ്ഞു വഴിയോര-
ക്കണ്ടിൽപ്പതിച്ചു മറഞ്ഞിടുന്നു.

കാന്തനിരിക്കവേ വൈധവ്യതാപത്താൽ
നീറുന്നുണ്ടെത്രയോ പെൺകൊടികൾ

തന്നോമൽക്കുഞ്ഞിന്റെ താതനാരെന്നോതാ–
നെന്നും ഭയപ്പെട്ടു മൂകരായി

എത്ര യുവതികളായത ജീവിത
യാത്രയിൽ ഗാത്രം തളർന്നു വീഴ്വു

പൂരുഷന്മാരുടെ തീവ്രമാം താരുണ്യ–
ഘോരമാം ക്രൂരതയാം താഴ്വരയിൽ

എന്തെന്തു ചാരിത്ര്യം ലോകമറിയാതെ
വെന്തു വെണ്ണീറായ്ച്ചമഞ്ഞിടുന്നു

പിന്നെയും പിന്നെയും പെണ്മാൻ മിഴികളെ–
ത്തന്നെ പഴിക്കുന്നു പൂരുഷന്മാർ.

വെണ്മ തിരണ്ട നിലാവിനാൽ ഭൂതലം
കന്മഷമറ്റു തെളിഞ്ഞകാലം

കാർമേഘജാലങ്ങളാകാശവീഥിയിൽ
കാളിമകൈവിട്ടു കണ്ടകാലം

താമരപ്പൊയ്കയിൽ സാരസ സഞ്ചയം
കോമളകാന്തി ചൊരിഞ്ഞ കാലം

ഇമ്പമുതിർപ്പിക്കും ചെമ്പകം തന്നിലും–
കൊമ്പെല്ലാം പുത്തനായ് പൂത്തകാലം

തേന്മാവിണങ്ങുന്ന തോപ്പുകളൊക്കെയും
തേന്മഴത്തുള്ളികൾ പെയ്തകാലം

വല്ലികളോരോന്നുമോരോ മരങ്ങളെ
സല്ലീലം ചെന്നു പുണർന്നകാലം

മാനും മുയൽകളും പേടകളോടൊത്തു
മാൺപെഴും ലീലകളാർന്ന കാലം

മാരന്റെ സാരഥിയെന്നപോലെങ്ങുമേ
മാരുതനോടി നടന്ന കാലം.

ലോകകേദാരം വിതച്ചു വിളവെട്ട-
ത്താകാശമാകും കളത്തിലാക്കി

വാരുണിയാകിന കാമിനിയോടൊത്തു
വാരിജനാഥൻ രമിച്ചനേരം

മുമ്പു നാം കണ്ടൊരാത്തയ്യലാൾ തന്നുടെ
മുമ്പിലനംഗനണഞ്ഞുകൂടി

സുന്ദരൻ, സൗരഭസാരം പരത്തീടും
സ്നേഹസംസിക്ത സമ്മോഹനാംഗൻ

ചാരിത്ര്യരക്ഷണകർമ്മത്തിലെത്രയും
ധീരയാമേതൊരു നാരിയേയും

വാണിയാം വീഞ്ഞിനാൽ നീരലർബാണൻ
കാണിക്കവെയ്ക്കാൻ കരുതിയന്നോൻ

പൊന്മയമേനിതൻ കാന്തിമറയാത്ത
പട്ടവസ്ത്രങ്ങൾ തൻ മോടിചേർന്നോൻ

തന്മദനാർത്തി ശമിക്കുവാനുള്ളൊരു
നന്മരുന്നാക്കിയപ്പെണ്മണിയെ

കാലത്തിൻ പ്രേരണയാകട്ടെ മന്മഥ
കാവ്യത്തിൻ മാധുരികൊണ്ടാകട്ടെ

എന്തുകൊണ്ടെങ്കിലുമാകട്ടെ സൗവർണ്ണ
കാന്തി ചൊരിഞ്ഞങ്ങുയർന്നു നിന്ന

കാറണിവേണിയാം കന്യകാരത്നത്തിൻ
ചാരിത്രദീപം പൊലിഞ്ഞുപോയി

ഏറെനാൾകൊണ്ടവൾ പാലിച്ചുവന്നൊരു
പാരിജാതം ചുവടററുപോയി.

കാഞ്ചന പാത്രത്തിലാത്തയ്യൽ സൂക്ഷിച്ച
പഞ്ചാമൃതത്തിൽ വിഷംകലർന്നു.

തൻ ജീവിതാകാശ സഞ്ചാരിയാകിയ
രാജഹംസം ചിറകററു വീണു.

“ബാലേ നിനയ്ക്കുകിൽ നീയല്ലീ ലോകത്തെ-
പ്പാലനം ചെയ്യേണ്ടും വീരധാത്രി

നിന്നിൽനിന്നല്ലയോ പാപസംഹാരക-
വഹ്നി സമുജ്ജ്വലിക്കേണ്ടതെന്നും.

ആ യഹൂദാന്വയമോരോ നിമിഷവും
ശ്രീയേശുനാഥനിൽ കുററമേററാൻ

മാർഗ്ഗങ്ങൾ തേടി നടക്കുകയായിത-
ന്നക്കാലമേററമസൂയ മൂലം

സാരജ്ഞരാകിയ ദേശികന്മാരോടു
സംശയമുള്ള കാര്യങ്ങളെല്ലാം

ചോദിക്കയെന്നുള്ള ചട്ടമക്കാലത്തിൽ
യൂദസമൂഹം സമാചരിച്ചു.

മോശതൻ ന്യായപ്രമാണത്തിൽ, കല്ലേറാൽ
വേശ്യയെ കൊൽകെന്നുണ്ടായിരുന്നു.

കാലത്തിൻ മായത്താൽ കാമൻെറ തന്ത്രത്താൽ
കുട്ടിനിയായ്ത്തീന്ന തന്വിയാളെ

ക്രൂരരാം യൂദപ്രമാണികളൊന്നിച്ചു
കൈവശമാക്കി വഴിക്കിറക്കി.

ദിവ്യമാം കാന്തി പരത്തി വിളങ്ങുമാ
ദേവാലയാങ്കണ രമ്യഭൂവിൽ

പാതിത്യംപററിയ പെണ്ണിനെയെത്തിച്ചു
പാതകരേററം കൃതാൎത്ഥരായി

നീരധി കോരി വററിക്കുവാൻ പോകുന്ന
സാരവിഹീനന്മാർ കൈക്കുമ്പിളാൽ

മിന്നാമിനുങ്ങുകൾ വെല്ലുവിളിക്കുന്നു
വിണ്ണിൽ വിളങ്ങും പ്രഭാകരനെ

പ്രാവുകളോടൊപ്പം വാനിൽപ്പറക്കുവാൻ
ഭൂവിലെക്കീടങ്ങളാഗ്രഹിപ്പൂ.

പാദത്താൽ പാരിന്റെ നീളമളക്കുവാൻ
പോകുന്നു നൂതന വാമനന്മാർ

വാരിദഖണ്ഡം മദിച്ചു നടക്കുന്നു
വാനിടം മുററം മറയ്ക്കുവാനായ്

കേസരിവീരനോടേററു മുട്ടീടുവാ-
നാശ, ശശങ്ങൾക്കുയർന്നീടുന്നു.

വേദാന്ത ചർച്ചയ്ക്കൊരുങ്ങീടുന്നക്ഷര-
മേതെന്നറിയാത്ത പാമരന്മാർ

പർവ്വതപീഠത്തിലേറാൻ കൊതിക്കുന്നു
പംഗുപാദന്മാർ വിവേകഹീനർ

സിന്ധു കടക്കുവാൻ വെള്ളത്തിൽ ചാടുന്നു
നീന്തുപഠിക്കാത്ത യാത്രക്കാരൻ

കാവ്യനിരൂപണം ചെയ്‌വാനൊരുങ്ങുന്നു
കാവ്യാനുശാസനം കാണാത്തവൻ.

പാററയുമീയലും പോലെ വിറപൂണ്ടാ-
ക്കററവാർകുന്തള തത്ര വാഴ്‌കേ

കൈരണ്ടുകൊണ്ടും മുഖം മറച്ചത്യന്തം
കണ്ണീരൊഴുക്കിത്തളർന്നു നിൽക്കേ

വാദികളായങ്ങു ചെന്നു നിറഞ്ഞൊരു
യൂദലക്ഷത്തിൻ പ്രതിനിധിയായ്

വേദാന്തസാര സമുദ്രം കടന്നൊരു
വീരനെന്നോണം ചോദിച്ചൊരുവൻ

"നീതിവിരുദ്ധമായ് പൂരുഷ സംസർഗ്ഗ-
പാതകം ചെയ്തവളീ വധൂടി

കല്ലെറിഞ്ഞീവിധമുള്ള പെണ്ണുങ്ങളെ-
ക്കൊല്ലണമെന്നത്രേ മോശ ചൊൽവൂ

ഈ വ്യഭിചാരിണിയോടെന്തു ചെയ്യണം
ദിവ്യമഹാഗുരോ ഞങ്ങളിപ്പോൾ."

തീയുദ്വമിക്കുന്ന കാകോളമുള്ളിലും
പീയൂഷം വാക്കിലും ചേർത്തുകൊണ്ടും

സുന്ദരശീതള ചന്ദ്രിക തോൽക്കുന്ന
മന്ദസ്മിതത്താൽ മുഖം തെളിച്ചും

ക്രൂരവിചാരഭുജംഗമപാളിക്ക
കൂത്തരംഗുണ്ടാകും കൂരിരുട്ടാൽ

മാനവരാരുമറിയാതെ സന്തതം
മാനസഗഹ്വരം പൂരിപ്പിച്ചും

ലോകസമക്ഷം വിശുദ്ധരായ് ജീവിത-
നൗക തുഴഞ്ഞു കളിച്ചുവാണ

യൂദപ്രമാണികൾ ചോദിച്ച ചോദ്യത്തി-
നുത്തരം നൽകാൻ കടമപ്പെട്ടോൻ

"കുട്ടിനിയല്ല മൽപ്രാണേശ്വരിയാണി
ക്കുട്ടിക്കുരംഗവിലോലനേത്ര

മാറുവിൻ ദുഷ്ടരേ നിങ്ങളാരെന്റെ
ഭാര്യയേക്കൺകൾ തുറന്നു നോക്കാൻ"

നിർഭയമേവം പറഞ്ഞാ നതാംഗി തൻ
ശോഭനമേനി തലോടിടേണ്ടോൻ

മാനിനീമൗലി തൻ ചാരിത്രചോരനായ്
മാനമോടെങ്ങോ മറഞ്ഞുവാണു.

നിന്ദിതന്മാരേപ്പുകഴ്ത്തിപ്പുലർത്തിയും
വന്ദനീയന്മാരിൽ നിന്ദയാർന്നും

വേശ്യമാരേക്കൊണ്ടു പാദം കഴുകിച്ചും
വേശ്മങ്ങൾതോറും കടന്നുചെന്നു

പാപികളോടൊന്നിച്ചൂണുനടത്തിയും
പണ്ടത്തെച്ചട്ടങ്ങളോടെതിർത്തും

മത്സ്യം പിടിച്ചു നടക്കുന്ന മർത്ത്യരെ
വാത്സല്യശിഷ്യരായ് സ്വീകരിച്ചും

നാടെങ്ങും ചുററി നടപ്പോനിന്നെമ്മട്ടി-
പ്പേടമാൻകണ്ണിയിൽക്കാണും ദോഷം

ഇന്നിവനിപ്പുതുവേശ്യയിൽ തിന്മക-
ളൊന്നുമേ കാണാതിരുന്നുപോയാൽ

ന്യായപ്രമാണമെതിർക്കുന്ന ധിക്കാരി
യായെന്നു നിസ്സംശയം നിശ്ചയിക്കാം.

നിർദ്ദയം കല്ലെറിഞ്ഞീത്തരുണഗാത്രിയെ
നിസ്വനീവൻ ദൂരെക്കൈവെടിഞ്ഞാൽ

കാരുണ്യംകൊണ്ടിവൻ കൈവശമാക്കിയ
പൂരുഷരെല്ലാം വിരോധമേന്തും

ഇമ്മട്ടനവധി നീചവിചാരങ്ങൾ-
ക്കമ്മഹാ നീചരധീനരായി.

വിശ്വം പിടിച്ചൊതുക്കിയ ഭാവത്തി-
ലാശ്വസ്തരായ്ത്തമ്മിൽ നോക്കിനിന്നാർ.

തന്നുടെ വർഗ്ഗത്തിൻ ചിത്തകാഠിന്യവും
ദുർന്നയതന്ത്രത്തിൻ പദ്ധതിയും

തെല്ലൊന്നു ചിന്തിക്കെ കാരുണ്യരൂപൻെറ
ത്തൂമുഖം നന്നേ വിവർണ്ണമായി

പാപിനിതന്നുടെ പാപത്തേക്കാളുമാ
പ്പാതകന്മാരുടെ വഞ്ചനകൾ

ദൂരിതപാപനാം യേശുമഹേശനു
ദുസ്സഹദുഃഖദമായിത്തോന്നി.

താഴെത്തറയിൽ കുനിഞ്ഞിരുന്നംബുജ
ത്താണ്ടതിത്തൻ വിരൽത്തുമ്പിനാലെ

സർവ്വാന്തര്യാമിയന്നായൂദന്മാരുടെ
ദുർവ്വിചാരങ്ങളശേഷമെണ്ണി

മണ്ണിലെഴുതിനാൻ മർത്ത്യർക്കജ്ഞാതമാം
വർണ്ണത്തിൽ വിണ്ണോർക്കു വായിക്കുവാൻ

മാനവനന്ദന മൗനത്തെക്കണ്ടെളി-
മാനംപെരുത്ത ജനങ്ങളെല്ലാം.

പേർത്തു പേർത്തുച്ചത്തിലാരവം കൂട്ടിനാർ
പാണികുടഞ്ഞു ബലപ്പെട്ടുതത്തി

ഹാ! മൃതിവേഗത്തിൽ വന്നെങ്കിലെന്നോർത്താ-
പ്പൂമൃദുഗാത്രിയാൾ തത്രവാഴ്കേ

കട്ടിക്കരിങ്കല്ലിൻ ചില്ലി കണക്കറെറ
കത്തിക്കൊട്ടംമുനയെന്നപോലെ

തന്നുടെ കണ്ണിനു നേർക്കു വരുന്നതായ്-
കുന്നൽമിഴിയാൾക്കു തോന്നുകയായ്

കാറണിക്കുന്തളം പൊട്ടിത്തലയോട്ടി
കീറിത്തകർന്നു നുറുങ്ങുകയായ്.

പാണികൾകൊണ്ടു തടുക്കാൻ തുടങ്ങിനാ-
ളാണിപോലുള്ള ശിലാഖണ്ഡങ്ങൾ

നെഞ്ചിലൂടാഞ്ഞാഞ്ഞിറങ്ങിയാക്കല്ലുകൾ
ചെഞ്ചോരച്ചോലകൾ തീർക്കുകയായ്.

ചന്ദ്രക്കലയൊത്ത തൂനെററി പൊട്ടിപ്പോയ്
ചാഞ്ചാട്ടം ചില്ലീയുഗം മുറിഞ്ഞു

നാസിക ദൂരെത്തെറിച്ചുപോയ്, ചെഞ്ചുണ്ടു
നാലായ്പ്പൊടിഞ്ഞു തുണ്ടിക്കിടന്നു.

കുന്ദപ്പൂപോലുള്ള ദന്തങ്ങളോരോന്നും
കല്ലുകൾ തട്ടിയൊടിഞ്ഞടർന്നു.

കണ്ണുപൊടിഞ്ഞു കവിൾത്തടം കീറിപ്പോയ്
കൈവിരലെല്ലാമൊടിഞ്ഞുപോയി.

മുട്ടുകൾ പൊട്ടിത്തകർന്നു തുടയുടെ
മാംസമടർന്നു പൊഴിഞ്ഞു വീണു.

നിൽക്കുവാൻ ത്രാണിയില്ലാതവളാടിനാൾ
ദിക്കെല്ലാം ചുററുന്നതായിത്തോന്നി.

വേദനയോതുവാൻ നാക്കുപൊങ്ങാതെയായ്
നാദമില്ലാതെയായ് കണ്ഠത്തിങ്കൽ

ഘോരമാം കാററിലുലയുന്ന വല്ലിപോൽ
നാരിയാൾ ചാകാതെ ചത്തുനിൽക്കേ

"നിങ്ങളിൽപ്പാപമില്ലാത്തോ,രിത്തന്വിയേ
നിർഭയം കല്ലെറിയട്ടെ മുമ്പേ"

തൻമുഖംപൊക്കിക്കല്പിക്കയായ് ശ്രീയേശു-
തമ്പുരാൻ യൂദകുലങ്ങളോടായ്.

ഞെട്ടിവിറച്ചുപോയ് ദേവാലയത്തിൻെറ
കോട്ടയും ദുഷ്ട യഹൂദന്മാരും

വീണാനിനാദംപോലാ രംഗമൊക്കെയും
വീണു പരന്ന മഹേശവാണി

കാഠിന്യംപൂണ്ട യഹൂദർക്കു മേഘസം-
ഘട്ടനമായ്ത്തദാ തോന്നിപ്പോയി

മാമരുഭൂപോലെ ശാന്തമായ് തദ്രംഗം
മാമരക്കാട്ടുകണക്കിരുണ്ടു

മാനസശോധന ചെയ്‌വാൻ തുടങ്ങിയാ
മാനവർ മാന്ത്രികശക്തിയാലേ

പാപമല്ലാതൊന്നുമുള്ളിൽക്കാണായ്കയാൽ
പാപപ്രഭുക്കന്മാരമ്പരന്നു.

വേശ്യയെന്നുള്ള വിചാരമുപേക്ഷിച്ചു
വേശ്മത്തിലെത്തുവാൻ മാർഗ്ഗംതേടി

നീരസദൃഷ്ടിവിക്ഷേപവുമുള്ളിലെ
വീര്യവും വമ്പും പറന്നുപോയി.

താന്താങ്ങൾ ചെയ്തുള്ള ദുഷ്കർമ്മമോർത്തോർത്തു
സ്വാന്തം വ്രണപ്പെട്ടിടാനാരംഭിച്ചു.

നീറുമുൾത്തണ്ടോടും താഴും ശിരസ്സോടും
പാരം ചുളുങ്ങുന്ന മേനിയോടും,

വീര്യംപറഞ്ഞ യഹൂദരഖിലരും
സൂര്യോദയത്തിലുഡുക്കൾപോലെ

കാലടിപ്പാടുകൾപ്പോലുമാപ്പാവന
പ്പള്ളിമുററത്തു വരുത്തിടാതെ

പാത്തും പതുങ്ങിയും ശ്വാസംപാടിച്ചുമാ-
പാവനരംഗം വെടിഞ്ഞു മാഞ്ഞു

സങ്കോചമഞ്ഞനിറം വീണോരജ്ജന-
വക്ത്രങ്ങൾ കാണുവാൻ ഭാവിക്കാതെ

മണ്ണിലന്നേരവും ലോകമഹാ കാവ്യ-
ഖണ്ഡമെഴുതിനാൻ ക്രിസ്തുദേവൻ

ശ്വാസോച്ഛ്വാസത്തിന്റെ ഭാവം നിലയ്ക്കവേ
ശീതളവായു പരന്നീടവേ

പാദവിന്യാസജ നാദം നിലയ്ക്കവേ
പാരെങ്ങും ശാന്തമായ് തോന്നീടവേ

തന്മുഖം മെല്ലെയുയർത്തിനാനാരംഗം
നന്മരുഭൂമിയായ്ത്തൃക്കൺപാർത്തു.

മാമരുഭൂവിൻ നടുക്കൊരു വാടിയ
മഞ്ജുള മുന്തിരിവള്ളിപോലെ

മാനവവർജ്ജിതമായോരാ മുററത്താ
മാനിനിയേകയായ് നിന്നിരുന്നു.

ആരുംതടഞ്ഞില്ലവളേയുമാ രംഗ-
മാരാൽവെടിഞ്ഞു മറഞ്ഞിടായ്‌വാൻ

"ബാലേ നിൻവൈരികളെങ്ങു, കല്ലേറുകൊ-
ണ്ടില്ലേ? നിനക്കെന്നു ചോദിച്ചീശൻ

ദുർമ്മരണത്തിന്റെ വക്ത്രത്തിൽനിന്നുമേ
വന്മുക്തിപെട്ടവളെന്നപോലെ

ജീവപ്രദായകമാകുമാ വൈഖരി
തൻചെവിതന്നിൽ പതിച്ചനേരം

കണ്ണുതുറന്നാൾ കൺമുമ്പിൽ മഹേശ്വര-
കാരുണ്യവിഗ്രഹം കണ്ടാളവൾ

"ഇല്ലെന്നു"മാത്രമുരയ്ക്കുവാനല്ലാതെ-
യില്ലായിരുന്നവൾക്കാത്മധൈര്യം

മേദുരകാരുണ്യമൂർത്തിയരുൾചെയ്തു
"മേലാൽ നീ തിന്മകൾ ചെയ്യരുതേ

ഞാനും നിനക്കിന്നു ശിക്ഷ നൽകുന്നീല
സാനന്ദം പോകാം നിനക്കു ബാലേ'

## കണ്ണുതെളിഞ്ഞ യുവാവ്

പരമമന്ദിരം വെടിഞ്ഞു തമ്പുരാൻ
തിരിച്ചുപോകവേ, വഴിക്കരികിലായ്

ഒരുവൻ-ജന്മനാ കുരുടൻ, തന്നുടെ
ദുരിതമൊക്കെയും കഥിപ്പതു കേട്ടു.

മനുഷ്യർക്കുണ്ടാകും നെടും ദുരിതങ്ങൾ
കനത്ത പാപത്തിൻ ഫലങ്ങളാണെന്നു

യഥാർത്ഥമായ് ധരിച്ചിരുന്നപോൽ മുന്നം
യഹൂദവർഗ്ഗത്തിൽപ്പിറന്നവരെല്ലാം

അതിനാൽ ശിഷ്യന്മാർക്കുദിച്ച സന്ദേഹം
അമിതഭക്തിയോടവർ ചോദിക്കയായ്

"ഗുരോ, വഴിക്കട്ടത്തിരുന്ന കേഴമീ
ത്തരുണനെങ്ങനെ വിഗതനേത്രനായ്.

തദീയ താതനോ, ജനനിയോ ചെയ്ത
തടിച്ച പാപത്തിൻഫലം കൊണ്ടാകുമോ?

അഥവാ യൗവനം സ്ഫുടിക്കുമിപ്പുമാ-
നനുഷ്ഠിച്ച ഗുരുതരപാപം കൊണ്ടോ?

ഉടനെ ദേശികനരുളിനാൻ തനി-
ക്കുടയശാന്തമാം സ്വരത്തിലിങ്ങനെ

"ഇവന്റെ പാപമല്ലിവനുടെ മാതാ-
പിതാക്കൾ ചെയ്തുള്ളോരഘങ്ങൾ കൊണ്ടല്ല

ഇവൻ നിമിത്തമായ് പ്രപഞ്ചത്തിലീതൻ
മഹത്താം കർമ്മങ്ങൾ വെളിപ്പെട്ടീടണം."

ജഗത്തിൻ ദീപമാം മനുവേലൻ ലാലാ
ജലത്തിൻ ബിന്ദുവാ,ലുറമച്ചുണ്ണിനെ

കളിമണ്ണാക്കിയാക്കുരുടൻതന്നുടെ
വിലോചനങ്ങളിൽപ്പൊതിഞ്ഞു, കല്പിച്ചു.

"ഗമിക്ക ശീലോഹാം കുളത്തിലേക്കുടൻ
കഴുകുക കൺകളതിൻ ജലത്തിനാൽ"

മഹോത്സവ മഹാദിനംകൊണ്ടാടുന്ന
മഹിതമാംനാളിൽ പുരോഹിതകുലം

സുവർണ്ണഭാജനങ്ങളിൽ വിശുദ്ധമാം
സലിലം ചേർക്കുവതതിങ്കൽ നിന്നത്രേ

വെളിച്ചം കാണാതെ വളരെക്കാലമായ്
വലഞ്ഞലഞ്ഞൊരാത്തരുണൻ വേഗത്തിൽ

വടിയും കുത്തിയാത്തെരുവുകൾ വഴി
നടന്നു വാപിതൻ കരയിൽ ചെന്നെത്തി:

പെരിയോരുൽക്കണ്ഠാഭരിതനാകയാൽ
സിരകളോരോന്നും പരം തുടിക്കവേ

തരുണനെത്രയും ത്വരിതമായ് നിജ-
നയനം വാരിയാൽ കഴുകിനോക്കിനാൻ

നിതാന്തമൽഭുതം! നിതാന്തമത്ഭുതം!
നിജനയനങ്ങൾ തെളിഞ്ഞു ദീപം പോൽ.

ദിനകരബിംബം, തെളിഞ്ഞവെള്ളത്തിൽ
നടനം ചെയ്യുവതവൻ സമീക്ഷിച്ചു.

ശരന്നഭസ്ഥലം പിടിച്ചുടക്കിയാ-
തരുക്കളെങ്ങനെ ലസിപ്പതു കണ്ടു

ചെറിയബാലന്മാർ കളിപ്പതുകണ്ടു
നരകുലം ചാരേ നടപ്പതു കണ്ടു

പരമമോദത്താൽ പുളയ്ക്കും ഹൃത്തൊടു
കരേറിനാൻ ജലതടത്തിൽനിന്നവൻ

വടികൊണ്ടു തപ്പിത്തടഞ്ഞതില്ലവൻ
കരങ്ങൾ നീട്ടിക്കൊണ്ടുഴന്നതില്ലൊട്ടും

“എനിക്കു കാണാമിന്നെനിക്കു കാണാമി
ന്നെനിക്കു കാണാമീഭുവനമൊക്കയും”

നിതാന്ത കൌതുക ഭരിതനായവൻ
കഥിച്ചു, നാട്ടുകാരടുത്തുകൂടിനാർ

വഴിയരികിലങ്ങിരുന്നു യാചിച്ചു
കഴിച്ചുകൂട്ടിയോനിവൻ തന്നെയല്ലേ?

ചില“രതേ”യെന്നുമപരരല്ലിവ-
നവനേപ്പോലെതാനൊരുഭേദമില്ല”

ജനങ്ങളിങ്ങനെ കഥിക്കവേ യുവാ-
വരുളി “പണ്ടത്തെ കുരുടൻ ഞാൻതന്നെ”

“തവമിഴിയിതു തുറന്നതെങ്ങനെ?”
തരത്തിൽ ചോദിച്ചു ജനങ്ങളൊക്കെയും

ഒരുവൻ-“യേശുവെ”ന്നഖിലരും ചൊല്ലും
നരൻ-കളിമണ്ണു നയനത്തിൽ തേച്ചു

ഗമിക്ക ശീലോഹാം കുളക്കരെ നോക്കി,
സലിലംകൊണ്ടു നീ കഴുകുക കൺകൾ

മൊഴിയിതു ശ്രവിച്ചധികം വേഗത്തിൽ
കുതിച്ചു ഞാൻ കുളക്കരയിങ്കലേക്കു

കഴുകി കണ്ണുകൾ, ലഭിച്ചു കാഴ്ചയും
കഥയല്ലിന്നിതു നടന്നസംഭവം”

തരുണനിങ്ങനെ പറഞ്ഞനേരത്തി-
“ലെവിടെയാണവൻ?” ജനങ്ങൾ ചോദിച്ചു.

മിഴിതെളിഞ്ഞവൻ കളങ്കമെന്നിയേ
മൊഴിഞ്ഞി“താക്കാര്യമെനിക്കറിവില്ലാ”

"വരിക ഞങ്ങളോടൊരുമിച്ചു വേദ-
ഗുരുവരന്മാർ തൻ നികടത്തിലിപ്പോൾ"

പറഞ്ഞാരിങ്ങനെ ജനങ്ങളും, യാതൊന്നു
മറിയാതെ വേഗമവൻ പുറപ്പെട്ടു.

ഒരുമിച്ചെല്ലാരും നടന്നു പള്ളിതൻ
നടകടന്നുള്ളിൽ കയറി സത്വരം

അവിടെ പ്രീശന്മാരിരുന്നു, കാര്യങ്ങ-
ളവരോടെല്ലാരും പറഞ്ഞു പൂർണ്ണമായ്

അവരും ചോദിച്ചാരവനു നൽക്കാഴ്ച
ലഭിച്ചതെമ്മട്ടെന്നതീവ കൗതുകം.

വിശദമായ് തന്നിൽ നടന്നൊരത്ഭുത-
വിവരം പിന്നെയും യുവാവരുളിനാൻ;

"പറക നീ: സൗഖ്യം നിനക്കുതന്നൊരു
നരനെമ്മട്ടുള്ള നര"നെന്നാർ ചിലർ.

അടുത്തു നിന്നൊരു ജനസമൂഹത്തെ
കടുകുപോൽ പോലും ഭയപ്പെടാതവൻ

"മഹൽ പ്രവാചകനവൻ നിസ്സംശയം
മഹൽപ്രവാചകനവനെന്നോതിനാൻ.

വിഷമിച്ചു യൂദർ, പരനെച്ചുററിക്കാൻ
വഴിയേതും കാണാതവിടെത്തങ്ങിനാർ.

അനന്തരമവരവന്റെ വന്ദ്യരാം
ജനയിത്രീജനകരെ വരുത്തിനാർ.

"ഭവൽത്തനയനൊ ജനിച്ചനാൾ മുത-
ലിവൻ കുരുടനായ് നടന്നിരുന്നിതോ?

ഇവന്നു കൺകാഴ്ച ലഭിച്ചതെവ്വിധം
ലവവും കാപട്യം കരുതാതോതുവിൻ,"

പരീശർ ചോദിച്ചാരിവണ്ണം, സാദര-
മറിയിച്ചാർ മാതാപിതാക്കളന്നേരം

"ഇവൻ ഞങ്ങൾക്കുള്ളോരരുമ നന്ദന-
നിവൻ ജനിച്ചതോ കുരുടനായ്ത്തന്നെ.

ഇതരകാര്യങ്ങളിവൻ പറഞ്ഞിട്ട-
മിവനതിനുള്ള വയസ്സുമുണ്ടല്ലോ."

ജനകനിങ്ങനെ പറഞ്ഞൊരു നേരം
ജനങ്ങളൊക്കെയും മുഖം കുനിച്ചുപോയ്

സുഖാപ്തൻ തൻനേക്കു തിരിഞ്ഞു യൂദന്മാർ:
രഹസ്യമൊക്കെയുമവൻ ധരിച്ചുപോയ്.

പരമനാഥനിൽ വെറുപ്പുതോന്നുമാ-
റരയ്ക്കണമവനുടൻ പരസ്യമായ്

മിശിഹാ പാപിയാം മനുജനെന്നവൻ
പറയണമെന്നു കരുതിയൂദന്മാർ

അവനോ ധീരനായിരുന്നു; യൂദർ തൻ
ഭയപ്പെടുത്തലിൽ കുലുക്കം കൂടാതെ

സ്വതന്ത്രമായവൻ ശ്വസിച്ചു, യൂദർ ത-
ന്നധികാരങ്ങളെക്കരുതിയില്ലേതും

പരീശന്മാർ ചൊന്നാര"റിയാം ഞങ്ങൾക്കു,
പരമ പാപിയാണിവൻ ധരിക്ക നീ."

ഉടനെയങ്ങവൻ പറഞ്ഞാനുത്തര-
മെനിക്കതേതുമിന്നറിഞ്ഞുകൂടല്ലോ.

കുരുടനായിരുന്നിവനെന്നാലിപ്പോൾ
കരുത്തെഴും കാഴ്ചയെനിക്കു സിദ്ധിച്ചു"

കടുത്ത കോപത്തിൽ യഹൂദരോതിനാർ
"കഥിക്കവൻ ചെയ്ത സുകൃതമെന്തെ"ന്നു

തവനയനത്തെത്തുറന്നതെങ്ങനെ
സകലവും വീണ്ടും തുറന്നു ചൊല്ലണം"

പറഞ്ഞാൻ പിന്നെയും "പറഞ്ഞു ഞാനെല്ലാം
കരളിലായതു കുറിച്ചില്ലാ നിങ്ങൾ,

പരാജയമടഞ്ഞവരുടെ ശ്രമം
പെരുകി കോപമാ ജനസമൂഹത്തിൽ

"അവനു നീ ശിഷ്യൻ സുദൃഢം; മോശയാം
ജനകൻ തന്നുടെ പ്രിയ ശിഷ്യർ ഞങ്ങൾ"

ഇതുവിധമോതി സുഖാപ്തനെജ്ജവം
പുറത്തു തള്ളിനാർ സഭാലയം വിട്ടു.

വെടിഞ്ഞില്ലാ നാഥനവനെ, സാനന്ദ-
മവനോടിങ്ങനെ പതുക്കെച്ചോദിച്ചു.

"നിനക്കുണ്ടോ ദൈവസുതനിൽ വിശ്വാസം"
"അവനെന്തെ"ന്നുടൻ കുരുടനാരാഞ്ഞു.

"അവനെ നീ കാണ്മു-ഭവാനോടിന്നര-
മരുളിച്ചെയ്യുവതവൻ തന്നെ കേൾക്ക.'

"ജഗൽഗുരോ, നിന്നിൽപ്പരമവിശ്വാസം
പുലർത്തിടുന്നു ഞാന'വനിമ്മട്ടോതി.

## ഗലീലയോട്ടു യാത്ര പറയുന്നു

ജറുശലേമിലെ ജനങ്ങൾക്കൊക്കെയും
ജനിച്ചു കോപമാഗ്ഗുരുവിനോടേററം

അതിനാൽ ശ്രീയേശു ജറൂശലേം വിട്ടു
ഗലീലയിലേക്കു തിരിച്ചെഴുന്നള്ളി.

വിമലനദ്ദിക്കിൽ വസിക്കും വേളയിൽ
വളർന്നു വൈരികൾക്കമർഷമത്യന്തം

തിരുവടിയുടെ നിരന്ത കീർത്തിയാൽ
തിളച്ചു മിത്രരിലസൂയയാം വിഷം

പുറത്തുകാട്ടിയില്ലവരവരുടെ
ഗരളദന്തങ്ങൾ സുജനഭീതിയാൽ

പരീശന്മാർ, നിജ നികടവർത്തികൾ
പറഞ്ഞു സ്നേഹത്തിൻ നിഴലിൽനിന്നേവം

“പുറത്തുപോകണം ഭവാൻ, ഹേരോദങ്ങേ
മരണകൂപത്തിലിടാനൊരുങ്ങുന്നു”

ജഗത്തശേഷവുമകക്കരുന്നിങ്കൽ
ജനിതലാഘവം വഹിക്കുമീശ്വരൻ

ഭയപ്പെടേണമോ? വെറുംനരൻ തന്റെ
ഭയപ്പെടുത്തലാം ഞരക്കം കേട്ടിട്ടു

പ്രതിവചിക്കയായ് പ്രശാന്തനായ്പ്പരൻ
പ്രതിദ്വന്ദികളാം പരീശരോടപ്പോൾ

“ത്വരിതം നിങ്ങൾപോയ് ധരിപ്പിക്കേണമ-
ക്കുറുനരിയോടു മടിക്കാതീവിധം

തരമൊടിന്നും നാളെയും ഭൂതങ്ങളെ-
പ്പുറത്താക്കും, രോഗം സുഖപ്പെടുത്തും ഞാൻ

തൃതീയവാസരം കഴിയും മുന്നമേ
സുദ്ധം തീർന്നിടും മദീയകൃത്യങ്ങൾ"

പരാജിതന്മാരായ്പ്പരീശന്മാർ മാറി
പരം പ്രവൃദ്ധമായവരിൽക്കോപവും

ഗലീലയിൽനിന്നും പുറപ്പെടാൻ ക്രിസ്തു
കരളിൽ നിശ്ചയിച്ചുറച്ചു സത്വരം

യഹൂദിയാദേശമനുഷ്ഠിച്ചു പോലെ
വെറുത്തുനാഥനെഗ്ഗലീലയും തദാ.

തിരുവടിപരം പരിലാളിച്ചോരു
തടാകതീരം സംത്യജിച്ചു നാഥനെ.

ശിശുവായ്ത്താൻ വളർന്നോരുദേശം, ബാല
വയസ്സിൽത്താനോടിനടന്നോരഗ്രാമം

തിരുവടിയുടെ ജനനി തൻ ഗേഹം
തിരുവടിസ്നേഹം പരത്തിയോരിടം

ഒരിക്കലും തിരിച്ചവിടെച്ചെല്ലാത്ത
തരത്തിൽ നിർദ്ദയം പുറത്താക്കി തന്നെ

സ്വശിഷ്യരൊന്നിച്ചു പരം കൃപാർദ്രമാം
സുകൃതങ്ങൾ പലതനുഷ്ഠിച്ചും, സദാ—

മധുരകോമള വചസ്സിനാൽ, മർത്ത്യ-
മനം കുളിർപ്പിച്ചും പ്രശാന്തശീലനായ്

തിരുവടി നടന്നൊരു വയൽകളും
ഹരിതനിർമ്മലതരമൈതാനവും

DHARMARAM COLLEGE LIBRARY, BANGALORE. 19707

ഒരിക്കലും കാണാനിടവരാത്തപോൽ
മരിസുതൻ പരിത്യജിക്കുമാറായി.

തിരുവടിയുടെ പദയുഗളങ്ങൾ
തൊട്ടുകയാൽ പരം പരിശുദ്ധിചേർന്ന

സ്ഥലങ്ങളിൽ നിന്നും വിഷാദയുക്തനായ്
സ്ഥലജലനാഥൻ പുറപ്പെട്ടുപോയി.

പറവകൾ ഗാനം മുഴക്കി പ്പിന്നെയും
പറന്നുചുററീയാ പ്രദേശമെങ്ങുമേ,

ജലപതഗങ്ങൾ മുകുരസന്നിഭ-
ജലപ്പരപ്പിന്മേൽക്കളിച്ചു പാർന്നീടും

പരിസരത്തെയും ഗിരിനിരകൾ തൻ
ചരിവും കൈവിട്ടു കുതിച്ചുചാടിയ

ചെറുപുഴകൾതൻകുലം, പവിഴവും
നറുമണികളും മൃദുകൂലങ്ങളിൽ

ചിതറിപ്പാടിയുമിളകിയാടിയും
തടാകത്തിൽച്ചെന്നങ്ങിറങ്ങി മേളിച്ചു

വിരിമലരെല്ലാം, പരിസരങ്ങളിൽ
ചൊരിഞ്ഞു നൂതന വിശുദ്ധസൗരഭം.

മരങ്ങളിൽച്ചില മരങ്ങൾ മുന്നേപ്പോൽ
സുഗന്ധം മന്നിടതലം തന്നിൽപ്പൂശി

പരമനായകൻ മറഞ്ഞിട്ടേറെനാൾ
കടന്നപ്പോൾ രീതി സകലതും മാറി

സുമുന്തിരീലതാകുലവും മുന്തിരി-
പ്പഴങ്ങളും പാടെ മറഞ്ഞുമാഞ്ഞുപോയ്

തടാകമീതെയായ്ച്ചരിച്ചില്ലാ,തോണി-
പ്രകരവും, മത്സ്യം പിടിക്കും കൂട്ടരും

മനുഷ്യസഞ്ചയോൽക്കട നിനാദവു-
മവിടെ ലേശവും മുഴങ്ങിടാതെയായ്

വണിജന്മാരുടെ ഗതാഗതങ്ങളും
കുറഞ്ഞുമാഞ്ഞുപോയ് കരകളിൽനിന്നും

നഗരപംക്തികൾ പൊടിഞ്ഞുമണ്ണായി
വിനാശശിഷ്ടങ്ങളവിടെക്കാണായി.

ഒരു പനമരമൊരു ചെറുകുടി-
ലൊരു ചെറുകുലമവിടെക്കണ്ടെത്താം.

ഇരുപതും പത്തും സമ കഴിഞ്ഞപ്പോ-
ളണഞ്ഞു റോമ്യന്മാർ ഗലീലദേശത്തിൽ

നിഖിലപട്ടണങ്ങളുമടച്ചുഥ
കൊടിയ തീയിലിട്ടെരിച്ചു ഗ്രാമങ്ങൾ

കുരുതി ചെയ്യുന്നാട്ടിശയിലുള്ളൊരു
നരരെ, ബാലരെ,പ്പടുവൃദ്ധന്മാരെ

ഗലീലയിലാർന്ന ജനത്തെയൊക്കെയും
നശിപ്പിച്ചീശ്വരൻ പ്രതികാരാഗ്നിയിൽ

കരയിലെന്നല്ലാ, പരന്നു തുള്ളിയ
കടലിലും ഘോരരണം നടന്നിതേ.

തെളിഞ്ഞ വാരിയാൽ തെളിഞ്ഞൊരാക്കടൽ
നിറഞ്ഞു മാനവച്ചുടുനിണത്തിനാൽ.

ശവശരീരങ്ങളതിന്റെ മീതെയായ്
തടിക്കഷണങ്ങൾ കണക്കൊഴുകിപ്പോയ്

തളന്നുനൗകകളനേകമോളത്തി-
ലിളകിപ്പൊന്തിയങ്ങലഞ്ഞിതാഴിയിൽ

കടലിൻ തീരത്തു ശവശരീരങ്ങൾ
കിടന്നു ദുർഗന്ധം പരത്തി ശുഷ്ക്കിച്ചു.

## കുഷ്ഠരോഗികളുടെ സുഖപ്രാപ്തി

ഗലീലയിൽനിന്നു തിരിച്ചു തമ്പുരാൻ
ശമറിയാ നാട്ടിൽപ്പുതുക്കെ ചെന്നെത്തി

ഒരിക്കലാപ്പുരി, പരമനാഥന-
ങ്ങിരിക്കുവാൻ പറഞ്ഞിരുന്നതാണത്രേ.

മതിന്നില്ലീക്കുറിലവവുമാത്രേശം
മഹേശനിൽ ബഹുമതി കാണിക്കുവാൻ

തിരുവടിയുടൻ തിരിച്ചുതന്മുഖം
“പെരിയാ” നാടിനെയനുഗ്രഹിപ്പാനായ്

തദാ സമീപസ്ഥ ദിശയിലേററവും
കദനം തിങ്ങുന്ന കരച്ചിൽ കേൾക്കായി

“അശുദ്ധന്മാർ ഞങ്ങളശുദ്ധന്മാർ ഞങ്ങ-
ളശുദ്ധന്മാർ ഞങ്ങളിവ്വണ്ണം ദീനരായ്

കടുത്ത കുഷ്ഠത്താൽ വലഞ്ഞ പത്തു പേ-
രിടനെഞ്ചു പൊട്ടി നിലവിളിച്ചതെ

നയിച്ച ജീവിതം ജനപദം വിട്ടാ-
നരരചേതന ജനങ്ങളെപ്പോലെ

കുറച്ചുദൂരത്തുടഖില നായകൻ
കടന്നുപോകവേ കരഞ്ഞാരിങ്ങനെ.

"ഗുരുവരാ, നാഥാ പരമയേശുവെ
കരുണ തോന്നണമടിയങ്ങളിൽ മീതേ."

അരുളിനാനുടൻ നരസുതൻ "പോക
പുരോഹിതന്മാർക്കു ക്ഷണം കാണിക്കുക"

അറിഞ്ഞാരാവാക്കിൻ വിലയും ശക്തിയും
ശരീരമപ്പോഴങ്ങരോഗമായതും

കൃതഘ്നതയുടെ ദുഷിച്ച മൂർത്തിക-
ളവരിലൊൻപതു നരർ യഹൂദന്മാർ

ഒരു വചനവുമുരയ്ക്കാതപ്പോഴെ
തിരിച്ചാർ സാനന്ദം തിരിഞ്ഞുനോക്കാതെ.

നിറഞ്ഞ നന്ദിയാലൊരുത്തൻ സ്തോത്രങ്ങ-
ളരുളി സർവേശസുതന്റെ നാമത്തിൽ

ശമറിയാക്കാരനവൻ വിനീതനായ്
ത്തിരുവടിയുടെ മുഖത്തേക്കു നോക്കി

പതുക്കെ ചോദിച്ചു കൃപാനികേതന-
"നിതരരൊൻപതു നരന്മാരെങ്ങെ'ന്നായ്"

"അവർക്കു വന്നിതേ സുഖമവരപ്പോ-
ളെവിടെയെന്നെനിക്കറിവില്ലീശ്വരാ"

ശമറിയാക്കാരനിവണ്ണമോതവേ
ശമശീലൻ യേശു പറഞ്ഞാനിങ്ങനെ

"എണീൽക്ക, താവക പരമവിശ്വാസം
നിനക്കു നൽകുന്നു സുചിര സംരക്ഷ"

ശരണദപദം നമസ്കരിച്ചഥ
ശമറിയാക്കാരനവിടം വിട്ടുപോയ്.

## കുബ്ജയുടെ സുഖപ്രാപ്തി

സഞ്ചാരവേളയിൽ മാർഗ്ഗത്തിൽ കണ്ടൊരു
പൂജാഗൃഹം തന്നിലേറിനാൻ സൽഗുരു

തത്ര സർവേശ്വര ധ്യാനനിരതരായ്
വർത്തിച്ച മാനവ വൃന്ദത്തിൻ മദ്ധ്യത്തിൽ

നിർദ്ധനയാമൊരു നാരി, പതിനെട്ട
വത്സരം കുബ്ജയായ് കഷ്ടതപൂണ്ടവൾ,

നിശ്ശബ്ദയായി വസിപ്പതു കണ്ടേററം
നീറീ മഹേശ്വര നന്ദനമാനസം

ചാരത്തവളെ വിളിച്ചുവരുത്തിത്തൻ-
താരിളംപാണിയാക്കൂനിൽവച്ചോതിനാൻ

'നാരീ, നിൻ കൂനു നിവർന്നുപോയ്, നീയിനി
നിർമ്മലാനന്ദമാർന്നൂഴിയിൽ വാഴക,

പെട്ടെന്നവൾക്കു സുഖം കിട്ടിയെത്രയും
തുഷ്ടിപൂണ്ടോതിനാൾ നന്ദി വചസ്സുകൾ

വൈരൂപ്യഹീനയായ്ത്തീർന്നവളോതിയ
വിസ്മയദ്യോതകസ്തോത്രവാക്യാവലി

ക്രൂരനാം വൈരി തിരുകിക്കയററിയ
നാരായമെന്നപോലുള്ളിൽ തറയ്ക്കയാൽ

പ്രാർത്ഥനാ മന്ദിരാധീശൻ കുപിതനായ്
നേത്രവുമാസ്യവും പാരം ചെമപ്പിച്ചു

തന്നുടെ കൺമുമ്പിൽ തൻെറയിടവക-
തന്നിലുൾപ്പെട്ടൊരു നാരിക്കു ശാബതിൽ

നന്മയുണ്ടായതു തീരെസ്സഹിക്കാതെ
ന്യായപ്രമാണമാമായുധം തേടിനാൻ

ഉദ്യോഗ ഗൗരവം കാണിച്ചു യൂദർതൻ
മദ്ധ്യത്തിൽ നേരേ നിവന്നുനിന്നോതിനാൻ

"രോഗചികിത്സ ശാബത്തിൽനടത്തുമോ
ദുഷ്കർമ്മമെന്തുണ്ടിതിൽപരം ഭൂമിയിൽ"

തത്രനിന്നോരുടെ ഭാവമറിഞ്ഞിട്ടു
കർത്താവവരോടു ചോദിച്ചാനിങ്ങനെ

"ശാബതിലാക്കാനും സൗഖ്യം വരുത്തുന്ന
സൽകൃത്യം ന്യായപ്രമാണവിരുദ്ധമോ

പുത്രനോ, കാളയോ, കൂപത്തിൽ ശാബതി-
ലാപതിച്ചാൽ നിങ്ങൾ രക്ഷിക്കയില്ലയൊ

ശ്രേഷ്ഠനല്ലേ നരൻ ജന്തുക്കളേക്കാളും;
ശ്രേഷ്ഠമല്ലോ മർത്ത്യ ശുശ്രൂഷ സന്തതം."

മൗനമായ്നിന്ന ജനത്തോടു ദേശിക-
വന്ദിതൻ പിന്നെപ്പറഞ്ഞാനുപമകൾ.

## രാജാവിൻെറ കല്യാണവിരുന്നു്

മുന്നം ദയാശീലനാമൊരു മന്നവൻ
കൊണ്ടാടി നല്ലൊരു കല്യാണ വാസരം

സൽക്കാര മണ്ഡപം പുത്തനായ് നിർമ്മിച്ചു
സദ്യയ്ക്കു വേണ്ടുന്ന വട്ടങ്ങൾ കൂട്ടിനാൻ

ബന്ധുമിത്രങ്ങളെപ്പോയി ക്ഷണിക്കുവാൻ
വിശ്വസ്തഭൃത്യനെ ബ്ഭൂപൻ നിയോഗിച്ചു

ധാത്രീശബാന്ധവ വർഗ്ഗത്തെയൊക്കയും
ഭൃത്യൻ നടന്നു വിളിച്ചു വിനീതനായ്

'പുത്തനായ് ഞാൻ വയലൊന്നു വാങ്ങിച്ചെന്നി
ക്കാസ്ഥലം നോക്കുവാനിന്നു പോയീടണം

കല്യാണസദ്യയ്ക്കു ഞാൻ വന്നുകൂടിയാൽ
കില്ലില്ല മാമക കൃത്യം മുടങ്ങിടും"

മാന്യനൊരാളേവമോതിത്തൻ വേലയ്ക്കു
പോയീ—മടിക്കാതെ മററൊരാളോതിനാൻ

"ഞാനെൻെറ സ്നേഹിത സന്ദർശനത്തിന്നു
നിശ്ചയിച്ചിട്ടുള്ള വാസരമാണിന്നു"

"മാട്ടുകൾ വാങ്ങുവാൻ പോകണമിന്നെനി—
ക്കെ"ന്നാനൊരുവനാ ഭൃത്യനോടന്നേരം

"മാമക മന്ദിരത്തിങ്കലുമിന്നൊരു
കേമമാം സദ്യയുണ്ടെന്നതിനാലിപ്പോൾ

ധാത്രീശപുത്രൻെറ കല്യാണസദ്യയ്ക്കു
കൂടുവാൻ സാധ്യമല്ലെ"ന്നാനൊരു നരൻ.

വിശ്വസ്തനാം ഭൃത്യൻ ചെന്നു നൃപാലൻെറ
സന്നിധാനത്തിങ്കൽ മ്ലാനവദനനായ്

"ഞാനെല്ലാദിക്കിലും ചെന്നു മാന്യന്മാരേ
മാനിച്ചു ഭക്ത്യാ വിളിച്ചു വിരുന്നിന്നു

കേദാരം നോക്കാനൊരുത്തൻ പോകണം
മാട്ടുകൾ വാങ്ങാനപരൻ പോകണം

ഏകൻെറ വീട്ടിൽ വിരുന്നു നടക്കുന്നു.
ഞാനെന്തു ചെയ്യണമാരും വരുന്നില്ല"

ചിന്താകുലൻ നൃപൻ കോപിച്ചു മററുള്ള
ഭൃത്യരേയും സമീപത്തുവരുത്തിനാൻ

"പോവുക, നിങ്ങൾ വിളിക്കുക വീണ്ടുമെൻ
ബന്ധുവർഗ്ഗങ്ങളെ"യെന്നേകി കല്പന

വേലയ്ക്കു പോകാതിരുന്ന മിത്രങ്ങളാ
ഭൃത്യരെ നിന്ദിച്ചു കൊന്നൊടുക്കീടിനാർ

മന്നവൻ സത്വരമാക്രൂരമർത്ത്യരെ
തന്നുടെ സൈന്യത്തെക്കൊണ്ടു കൊല്ലിച്ചുതെ

പിന്നീടവരുടെ വമ്പിച്ച പട്ടണം
വഹ്നിക്കിരയാക്കി നിർദ്ദയം നിശ്ശേഷം.

കോപംശമിച്ചു നൃപൻ വീണ്ടുമേതാനും
കിങ്കരന്മാരോടു കല്പിച്ചാനിവ്വിധം

'നിങ്ങൾപോയ് ശൃംഗാടകങ്ങളിൽ കാണുന്ന
മർത്ത്യരെയെല്ലാം ക്ഷണിക്കുക സദ്യയ്ക്കു'

ഓടിനാർ ഭൃത്യന്മാർ പട്ടണവീഥികൾ
കൂടുന്ന ദിക്കിൽ ചെന്നെത്തിനാർ പെട്ടെന്നു

കണ്ടജനത്തെ മുഴുവനും ഭൂപന്റെ
കല്യാണസദ്യയ്ക്കു വേഗത്തിൽ കൊണ്ടുപോയ്.

കണ്ണുകാണാത്തോരും, കൂനുള്ള മർത്ത്യരും
ദണ്ഡം പലവിധമുള്ള ജനങ്ങളും

ഒററക്കാലുള്ളോരുമൊററക്കയ്യന്മാരും
ചൊവമേ സംസാരശക്തിയില്ലാത്തോരും.

കാതുകേളാത്ത ജനങ്ങളുമെന്തിന്നു
വീഥിയിൽ കണ്ട ജനങ്ങളശേഷവും

കല്യാണസദ്യയ്ക്ക വന്നു കൊട്ടാരത്തിൽ:
കല്യാണശാല നിറഞ്ഞു ജനങ്ങളാൽ

ക്ഷോണീശനപ്പോൾ വിരുന്നുശാലയ്ക്കകം
പൂകീയതിഥികളെപ്പരിശോധിപ്പാൻ

കല്യാണവസ്ത്രം ധരിക്കാതെ വന്നൊരു
മർത്ത്യനെക്കണ്ടാനവിടെ നൃപാലകൻ

മന്നവനാ നരൻതന്നെ ബന്ധിച്ചിട്ടു
തള്ളിനാൻ കൂരിരുൾ തങ്ങുമിടത്തേക്ക

ഇക്കഥ തീൎന്നിട്ടു കൎത്താവരുളിനാ
നേറെജ്ജനം ക്ഷണിക്കപ്പെട്ടുവെങ്കിലും

മാന്യമായുള്ള വിരുന്നിരിക്കുവാൻ
നന്നേച്ചുരുങ്ങും തെരഞ്ഞെടുക്കപ്പെട്ടോർ

## തോട്ടത്തിൻെറ ഉടമസ്ഥനും പുത്രന്മാരും

പിന്നെയുമോതിനാൻ മറെറാരു വൃത്താന്തം
മന്നവനന്ദനൻ മർത്ത്യരോടായ്

"മുന്തിരിത്തോപ്പിൻെറ നാഥനായ്പ്പണ്ടൊരു
മാനവൻ മാനിയായ് വാണിരുന്നു

സീമന്തനന്ദനനോടയാളന്നൊരു
സൗവർണ്ണോഷസ്സിലുരച്ചിതേവം.

"നീയിന്നെൻ മുന്തിരിത്തോട്ടത്തിൽ വേലയ്ക്കു
നിസ്തൎക്കം പോകേണമെൻ കുമാരാ."

"ഇല്ല ഞാൻ പോവില്ലെ"ന്നാദ്യമാ നന്ദനൻ
തെല്ലും മടിക്കാതെ നിന്നുരച്ചു

താതന്റെ കല്പന കേൾക്കാഞ്ഞതോർത്തവൻ
ഖേദം നിതാന്തം വഹിച്ചുപിന്നെ

സാദരം മുന്തിരിത്തോട്ടത്തിൽ വേലയ്ക്കു
സീമന്തനന്ദനൻ ചെന്നുചേന്നു

പിന്നെയുമാപ്പിതാവോതിനാൻ തന്നുടെ
രണ്ടാംതനൂജനോടീവിധത്തിൽ.

"മൽപ്രിയ നന്ദന, നീയും ഗമിക്കണം
മുന്തിരിത്തോട്ടം പരിശോധിപ്പാൻ"

പോകാം ഞാനെന്നവൻ സന്തോഷപൂവ്വകം
താതനോടോതിനാനപ്പോഴുംതന്നെ

എങ്കിലും തോട്ടത്തിലേക്കവൻ പോകാതെ-
ത്തങ്ങിനാനെങ്ങോ നിശ്ശബ്ദമായി

രണ്ടുസുതന്മാരിലാരു താൻ താതന്റെ
കൽപ്പനപാലിച്ചതെന്നുരപ്പിൻ,

കത്താവീച്ചോദ്യം ചോദിക്കവേ സവ്വരും
"മൂത്തകുമാര"നെന്നുൽഘോഷിച്ചു.

ദേശികനോതിനാൻ "ദൈവരാജ്യത്തിങ്കൽ
വേശ്യമാരും ചുങ്കക്കാരും പൂകും

നീതിയും ധമ്മവുമുൽഘോഷിച്ചിങ്ങെത്തി
നിമ്മലൻ യോഹന്നാനെന്നധീരൻ

പുണ്യചരിതനാമാപ്പുരിശുദ്ധനെ
തെല്ലുമേ വിശ്വസിച്ചില്ലാ നിങ്ങൾ

വേശ്യമാരും ചുങ്കക്കാരുമാവന്ദ്യനെ
വിശ്വസിച്ചീശനെപ്പൂജചെയ്തു.

പാപത്തെയോർത്തു പരിതപിക്കാൻപോലും
പാപരാം നിങ്ങൾക്കു തോന്നിയില്ല"

## മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥനും പാട്ടക്കാരും

കേൾക്കുവിൻ മറ്റൊരുവൃത്താന്തം മുമ്പൊരാൾ
മുന്തിരിത്തോട്ടമൊന്നാരചിച്ചു

ചേലൊത്തവേലിയും കെട്ടിയതിനുള്ളിൽ
ചക്കും കുഴിച്ചിട്ടു ചാറെടുക്കാൻ

പിന്നീടാത്തോട്ടത്തെ പ്പാട്ടമായേൽപ്പിച്ചു
പോയാനുടമസ്ഥൻ ദൂരദിക്കിൽ

മുന്തിരിവല്ലികളൊക്കെയും പുഷ്പിച്ചു
ചന്തത്തിലുണ്ടായ് പ്പഴക്കുലകൾ

ചട്ടത്തിനൊത്തുടമസ്ഥൻ തൻ ഭൃത്യനെ
പാട്ടംപിരിക്കാൻ പറഞ്ഞയച്ചു

പാട്ടക്കാർ പെട്ടെന്നാ ഭൃത്യനെ വല്ലാതെ-
മട്ടിച്ചതിൻശേഷം വിട്ടയച്ചു.

വീണ്ടുമുടമസ്ഥൻ കൂടുതൽ ഭൃത്യരെ
തോട്ടത്തിലേക്കു പറഞ്ഞയച്ചു

പാട്ടക്കാരേകനെക്കല്ലെറിഞ്ഞോടിച്ചു
നിഷ്ഠൂരമന്യനെ ക്കൊന്നൊടുക്കി.

പിന്നീടുടമസ്ഥൻ തൻ പ്രിയപുത്രനെ
മുന്തിരിത്തോട്ടത്തിലേക്കയച്ചു

തോപ്പിന്നുടയോന്റെ പുത്രനെ കാൺകവേ
തോപ്പു സൂക്ഷിച്ചവർ തമ്മിലോതി.

"കാണുക തോട്ടത്തിൻ സാക്ഷാലവകാശി
കാൺക വരുന്നു തോട്ടത്തിലേക്കായ്

നാമീയുവാവിനെ നിഗ്രഹിച്ചീടണം"
ഈമട്ടുരച്ചവർ ക്രൂരമായി

നായകസൂനുവേത്തോട്ടത്തിൻ സീമയിൽ
നിന്നും പുറത്താക്കി നിഗ്രഹിച്ചു.

"തോട്ടത്തിൻ നായകൻ വന്നണയുന്നേരം
പാട്ടക്കാരോടെന്തുചെയ്യും ചൊൽവിൻ"

'പെട്ടെന്നവരെത്തുരത്തിപ്പുതുതാകും
പാട്ടക്കാർക്കാത്തോട്ടം നൽകും നാഥൻ

മാനവരൊന്നിച്ചീവണ്ണം കഥിക്കവേ
മാനവനാഥൻ കൽപിച്ചാനേവം

'വീടുണ്ടാക്കുന്നവർ തള്ളുന്ന കല്ലുതാൻ
മൂലക്കല്ലായിപ്പരിണമിക്കും

ആക്കല്ലിൽ വീഴുന്നോനെല്ലാം നുറുങ്ങിപ്പോ-
മാക്കല്ലു വീഴ്‌വോരും ധൂളിയാകും."

## ധനവാനും ലാസറും

പിന്നെയുമോരോ കഥകളാലീശ്വര-
നുന്നത തത്വങ്ങളേവം വെളിവാക്കി

"പണ്ടൊരു മാനവനേററം ധനംനേടി
കുണ്ഠിതം കൂടാതെ പോക്കിനാൻ വാസരം

അക്കാലമാവിത്തനാഥന്റെ ഗോപുര-
ത്തിങ്കൽ ദരിദ്രനാം ലാസർ വാണീടിനാൻ

ഭാഗ്യവാനാകുമാ വിത്താധിനാഥന്റെ
ഭക്ഷണമേശ തുടയ്ക്കുന്ന വേളയിൽ

താഴെപ്പതിച്ചിടും ഭക്ഷണോഛിഷ്ടങ്ങൾ
തട്ടിയെടുത്തു വിശപ്പടക്കീടുവാൻ

കാത്തുകാത്തങ്ങനെ ലാസറനേകംനാൾ
പാർത്തു ധനികന്റെ വീടിന്റെ മുന്നിലായ്

പട്ടിണികൊണ്ടവൻ തീരേ വശംകെട്ടു
നട്ടെല്ലിനോടുചേർന്നൊട്ടിയുദരവും

കണ്ണും വരണ്ടു വരണ്ടവനസ്ഥിതൻ
കൂടായിശേഷിച്ചു കൈവിട്ടു ജീവനും.

നല്ല രുചിപൂണ്ടസാധനം ഭക്ഷിച്ചു
സോല്ലാസം കാലംകഴിച്ചു ധനികനും

കാലന്റെ വക്ത്രത്തിൽച്ചെന്നകപ്പെട്ടുപോയ്
കാലങ്ങൾ തെല്ലുകടന്നുപൊയ്പോകവെ

മാളികത്തട്ടിൽ വസിച്ചവൻ വീണതു
കാളുന്ന തീയുള്ള ദുർന്നരകത്തിൽ താൻ

തത്രകിടന്നവൻ മേലോട്ടുനോക്കവെ
സത്തമനബ്രഹാമിന്റെ മടിയിലായ്

പട്ടിണികൊണ്ടുമരിച്ചോരു ലാസറൾ-
ത്തട്ടിൽ സുഖംപൂണ്ടു വാഴ്വതു കാണായി.

താതാ, തവാങ്കസ്ഥലത്തിൽവസിക്കുന്ന
പൂതാത്മാവാകുമാലാസറേ സത്വരം

മൽപ്രാന്തഭൂവിലേക്കൊന്നയയ്ക്കേണമേ
മാമകാത്മാവിന്നു ശൈത്യമേകീടുവാൻ

നീറുന്ന ഞാനീക്കൊടുംതീയിലാണ്ടലം
നീരാഴിയില്ലിങ്ങു മുങ്ങിത്തണുക്കുവാൻ

സമ്പന്നനേവം നിലവിളിച്ചോതവേ
സൽപ്പിതാവബ്രഹാമോതിനാനിങ്ങനെ

സൗഖ്യസമ്പൂർണ്ണനായ് ഭൂമിയിൽ വാണു നീ
സന്താപസാഗരംതന്നിലീലാസറും

വിണ്ണിലത്യാനന്ദം ലാസറിന്നേലുന്നു
കണ്ണീരിൽ നീ നരകത്തിൽ വസിക്കുന്നു

നിങ്ങൾക്കും ഞങ്ങൾക്കും മദ്ധ്യത്തിലുണ്ടൊരു
നിമ്നമായുള്ള പിളർപ്പതിഭീകരം

ഇങ്ങുനിന്നങ്ങുവന്നെത്താനുമങ്ങുനി–
ന്നിങ്ങുവന്നെത്താനുമാവില്ലൊരുത്തർക്കും.'

വിത്തേശനോതിനാ"നെന്നാലാ ലാസറെ
വേഗമെൻ ഗേഹത്തിലേക്കയക്കേണമേ

സോദരന്മാരഞ്ചുപേരുണ്ടെനിക്കേതും
ഖേദമവർക്കു വരാതെ രക്ഷിക്കണം

സ്വർഗ്ഗീയ സൗഭാഗ്യലബ്ധിക്കു വേണ്ടുന്ന
മാർഗ്ഗമവർക്കവൻ ചൊല്ലിക്കൊടുക്കട്ടെ"

"മോചനമാർഗ്ഗോപദേശത്തിനുണ്ടങ്ങു
മോശയും മററുമെന്നോതിനാനബ്രഹാം

താതാ, മരിച്ചോരിൽ നിന്നൊരാളങ്ങുചെ–
ന്നോതിയാൽ വിശ്വസിച്ചീടുമെൻ സോദരർ"

വിത്തേശനീവിധമോതവേ കല്പിച്ചു
നീതിമാനബ്രഹാം "മോശതുടങ്ങിയോർ

നൽകിയ സാരോപദേശം ഗ്രഹിക്കാത്തോർ
നിർണ്ണയം! വിശ്വസിക്കില്ല മററാരെയും”

ശ്രോതാക്കളീക്കഥ കേൾക്കവേ, പിന്നെയും
ചോദ്യശരങ്ങൾ ചൊരിയാനൊരുങ്ങിനാർ

“നിത്യമാം ജീവിതം പ്രാപിപ്പതിന്നുഞാ-
നെന്തുചെയ്യേണ’മെന്നേകനാരാഞ്ഞിതേ

“ന്യായപ്രമാണത്തിലെന്തെല്ലാമുണ്ടെന്നു
ശ്രീയേശുവപ്പോളയാളോടുചോദിച്ചു

“പൂർണ്ണഹൃത്തോടുമാത്മാവോടുമെന്നല്ല
പൂർണ്ണമനസ്സോടും ശക്തിയോടുംകൂടി

ദൈവത്തെസ്നേഹിച്ചിടേണം സുഹൃത്തിനെ
തന്നെപ്പോൽ സ്നേഹിച്ചിടേണം മടിക്കാതെ”

പണ്ഡിതമ്മന്യനാമാശാസ്ത്രിയിങ്ങനെ
ന്യായപ്രമാണം സമുദ്ധരിച്ചീടവേ

നിങ്ങളുമാവിധം ചെയ്യുകയെന്നു, ശ്രീ-
യേശുവവനോടു കൽപ്പിച്ചുതീരവേ

മാമകസ്നേഹിതനാരാണെന്നങ്ങുന്നു
സുവ്യക്തം ചൊല്ലിത്തരേണം ദയാന്വിതം

സൽക്കഥാരൂപത്തിലാച്ചോദ്യത്തിന്നീശൻ
പ്രത്യുത്തരംനൽകി മർത്ത്യസമക്ഷത്തിൽ

## നല്ല ശമരിയാക്കാരൻ

പോവുകയായിരുന്നന്നു യറൂശലേം
പട്ടണംവിട്ടു യരീഹോവിലേക്കൊരാൾ

മാർഗ്ഗമദ്ധ്യത്തിലാമർത്ത്യനെത്തസ്കര-
സംഘം കടന്നാക്രമിച്ചു കഠിനമായ്

വസ്ത്രമഴിച്ചെടുത്തംഗമശേഷവും
കുത്തിമുറിവു വരുത്തിയിട്ടേച്ചുപോയ്

പ്രാണൻപകുതിയും പൊയ്പ്പോയമട്ടിലാ-
പ്പാന്ഥൻ നിണത്തിൽ കുളിച്ചുകിടക്കവേ

വന്നാനതുവഴി കുപ്പായമിട്ടൊരു
വൈദികൻ, പൂജയ്ക്കുവേണ്ടിത്തിരിച്ചതാം

രക്തത്തിലങ്ങു കിടന്നു പിടയ്ക്കുന്ന
പാന്ഥനെക്കണ്ടേതുമുള്ളലിഞ്ഞീടാതെ

വേഗം കടന്നുപോയ് മർത്ത്യശുശ്രൂഷയ്ക്കു
വേഷംധരിച്ച യുവാവാം പുരോഹിതൻ.

പിന്നെവന്നാനൊരു ലേവ്യൻ പരുക്കേററ
ദീനനെക്കൈവിട്ടായാളും കടന്നുപോയ്.

വന്നു ശമേരിയാക്കാരനാമേകനാ-
വല്ലാത്തരംഗത്തിലൂടെക്കുതിരമേൽ

പ്രാണൻ വിടാറായ്ക്കിടന്നൊരു പാന്ഥനെ
പ്പാർത്തുടൻ താഴത്തു ചാടിയിറങ്ങിനാൻ

രക്തംകഴുകിത്തുടച്ചു പരിക്ഷത-
പംക്തിയിലെണ്ണയും വീഞ്ഞും പുരട്ടിനാൻ

തന്നുടെവാജിമേലാക്ഷതഗാത്രനെ-
പ്പിന്നെക്കരേററിയിരുത്തിപ്പതുക്കവേ

പോയീസമീപസ്ഥസത്രത്തിൽ ചെന്നിട്ടു
രോഗിയെത്താഴത്തിറക്കിയപേക്ഷിച്ചു

സത്രാധിപനോട് "വേണ്ടുന്ന ശുശ്രൂഷ
ചെയ്തീ ക്ഷതാംഗന്നു സൗഖ്യമേകീടണേ"

പിറേറന്നു ശാമര്യൻ യാത്രതുടരവേ
സത്രാധിനാഥനെച്ചാരേവിളിച്ചഥ

നൽകിനാൻ രണ്ടുവെള്ളിക്കാശനന്തര-
മോതിനാൻ, "നിങ്ങളീസാധുവാം മർത്ത്യനെ

വല്ലവിധത്തിലും രക്ഷിക്കണമതിൽ
വന്നുകൂടും ചെലവൊക്കെ ഞാൻ നൽകിടാം"

ദേശികൻ ചോദിച്ചാനാഖ്യാനം നിർത്തിത്തൻ
ശിഷ്യനായ് ഭാവിച്ച ശാസ്ത്രിയോടീവിധം

"തസ്കരമർദ്ദിത മർത്ത്യന്നു മിത്രമായ്
ത്തീർന്നവൻ മൂവരിലാരെന്നുരയ്ക്കുക."

പെട്ടെന്നാ വിദ്വാൻ "സമേരിയക്കാര"നെ-
ന്നൊട്ടും മടിച്ചിടാതുച്ചത്തിലോതിനാൻ

"നീയുമാരീതിയിൽ ചെയ്കെ"ന്നുകൽപ്പിച്ചു.
മററൊരാഖ്യാനം തുടർന്നു മഹേശ്വരൻ.

## മുടിയനായ പുത്രൻ

വാനോട്ടുരുമ്മുന്ന വെണ്മണിമേടയ്ക്കും
തേനോലും മുന്തിരിത്തോട്ടങ്ങൾക്കും

കൊയ്ത്തിന്നൊരിക്കലുമന്തം വരാത്തൊരു
വിസ്തൃത കേദാരഭൂമികൾക്കും

നാനാഫലമൂലവർഗ്ഗം വിളഞ്ഞതി-
നന്മപുലർത്തും പറമ്പുകൾക്കും

കോടിക്കണക്കിനു നാൾതോറും വർദ്ധിക്കും
മാട്ടുകൾതൊട്ടുള്ള ജന്തുക്കൾക്കും

ചന്തമിയലുന്ന ജംഗമസ്വത്തിന്നു-
മെന്തിന്നെല്ലാററിനും നാഥനായി

സീമാവിഹീനസൗശീല്യസമ്പന്നനായ്
ശ്രീമാനൊരാൾ മുന്നംവാണിരുന്നു

കന്മഷഹീനനാബ്ഭാഗ്യശാലിക്കു,ര-
ണ്ടാൺമക്കൾ വന്നുപിറന്നിരുന്നു

സീമന്തനന്ദനൻ, താതനിണങ്ങുന്ന
ശീലഗുണങ്ങളെല്ലാമിയന്നു

നാട്ടാർ പുകഴ്ത്തുന്നമട്ടിലനാരതം
വീട്ടുകാര്യങ്ങളിൽ ശ്രദ്ധചേർത്തു

രണ്ടാമനച്ഛന്റെ ശാസന ലംഘിച്ചു
കണ്ടമാനക്കാരനായ് വളർന്നു

നാട്ടിൽ നടക്കുന്ന മുട്ടാളന്മാരായ
ചട്ടമ്പികൾക്കു തലവനായി

കെട്ടമാർഗ്ഗങ്ങളിൽ കാൽവച്ചു കാൽവച്ചു
വീട്ടിന്നപമാനമേററമേററി

താതനരുളുന്ന കാര്യമൊന്നുമാ-
ത്താന്തോന്നി തെല്ലും ശ്രവിച്ചതില്ല

സ്വന്തദേശത്തു വസിക്കുകിൽ തന്നുടെ
സ്വാതന്ത്ര്യം നഷ്ടമാമെന്നോർത്തവൻ

പാകതകൈവിട്ടു താതസമക്ഷത്തി-
ലേകദാ ചെന്നു കഥിച്ചാനേവം

"വസ്തുവിലെന്നുടെഭാഗം പകുത്തതി
സത്വരമേകുക മൽപ്പിതാവേ

പ്രായമെനിക്കില്ലേ, മാമകാഭിപ്രായം
പോലെ നടക്കുവാൻ പാടില്ലെന്നോ

വീട്ടിലെനിക്കുള്ള സമ്പത്തു തന്നാലീ-
നാട്ടിൽനിന്നിപ്പോഴേ പോയിടാംഞാൻ

താതൻെറ മാനസമെന്നേക്കുറിച്ചിനി
വേദന തെല്ലും സഹിക്കവേണ്ടാ

മക്കൾക്കു യൗവനമാകുമ്പോളൊന്നിച്ചു
പാർക്കുകയെങ്ങും നടപ്പില്ലല്ലോ

വേഗമയയ്ക്കേണമാകയാലിന്നെന്നേ
വേറൊരുനാട്ടിൽ ഞാൻ ജീവിക്കട്ടെ"

പുത്രൻെറ വാക്കുകളേവം ശ്രവിച്ചപ്പോ-
ളാത്താത ഹൃത്തടം വെന്തുരുകി

താന്തശരീരനായ് സൂനുവോടിങ്ങനെ
ശാന്തസ്വരത്തിലുരച്ചു താതൻ

"വല്ലാത്ത മായയിലായ കുമാരാ, ഞാൻ
ചൊല്ലുമുപദേശം കേൾക്കുക നീ

നീയെൻ കനിഷ്ഠ കുമാരകൻ നിന്നിലെൻ
കായവും ഹൃത്തും ലയിച്ചിരിപ്പൂ.

നിന്നിളംപൂവൽമെയ്‌വന്നു പിറന്നപ്പോ-
ളെന്നുള്ള മെത്രമേലാനന്ദിച്ചു

കൈകൾകുടഞ്ഞു നീ പൂമ്പട്ടുമെത്തയിൽ
കേണും ചിരിച്ചും കിടന്നകാലം

നിന്നുടെ ചാരത്തിരുന്നു ഞാനെന്തെല്ലാ-
മുന്നതചിന്തകളാർന്നിരുന്നു.

മുട്ടിന്മേൽ നീന്തി നീയോടി നടക്കെ നിൻ
മുട്ടിന്നുവേദന ചേരുമെന്നായ്

ചിത്തത്തിലോർത്തു ഞാൻ കോരിയെടുത്തുകൊ-
ണ്ടെത്രനാളം കൈകളിലാട്ടിനിന്നെ

ശൈശവ ബാല്യ കൗമാരങ്ങളിൽ നിന-
ക്കേകിയ രോഗത്തിലുള്ളം നീറി

എത്ര നിശീഥിനി കണ്ണീരിൽ മുങ്ങി ഞാൻ
പ്രാർത്ഥിച്ചു ദൈവത്തെ നിൻെറപേക്കായ്

അഞ്ചിതഗാത്ര, നിൻ ശല്യങ്ങളോർത്തിട്ടെൻ
നെഞ്ചം പൊടിയുന്നു മൽക്കുമാരാ

ക്രൂരമായുള്ളോരീ ദുർബുദ്ധിതോന്നുവാൻ
കാരണമെന്തെന്നറിഞ്ഞുകൂടാ.

വീടുവെടിഞ്ഞു നീ പോവുകിലത്യന്ത-
മാടൽ നിനക്കയ്യോ വന്നുചേരും.

ജീവിതമാർഗ്ഗത്തിലെന്തെന്തു ഭീകര-
ഹിംസ്രജന്തുക്കൾ പുളച്ചിടുന്നു.

പൂവിരിച്ചുള്ള വിശാലമാർഗ്ഗങ്ങൾ നീ
പോകുമിടങ്ങളിൽ കണ്ടെന്നാവാം

നേരിലാവീഥികളൊക്കെ നിനക്കന്ത്യം
ക്രൂരമാം മുള്ളുള്ളതായിത്തീരാം.

കണ്ണുമധുരമായ് നീ കേൾക്കും ഗാനങ്ങൾ
കണ്ണശൂലങ്ങളായ് മാറിപ്പോകാം.

മാധുര്യമുണ്ടെന്നു നീയോക്കും സാമ്രാജ്യം
മത്തുപിടിപ്പിക്കും മദ്യശാല.

താതനുരയ്ക്കും പ്രബോധനം കേൾക്കുകി-
ലാതങ്കമേതുമണയുകില്ല.

പാപികൾ ഭംഗിയായ് കാട്ടിത്തരുന്നൊരു
പാതയിൽക്കൂടെ നീ പോയീടൊല്ലാ.

വീട്ടിൽ നിനക്കുള്ള സന്താപമെന്തിന്നീ-
നാട്ടിൽ നീ കാണും നരകമേതു്?

സ്വന്തനികേതനം തള്ളിവിദേശത്തി-
ലെത്തിയാലുണ്ടാകുമത്തലോർക്കു

താരുണ്യം തത്തിക്കളിക്കുമിക്കാലം ദു-
ർമ്മാർഗ്ഗത്തിൽ നിന്നെ നയിക്കും നൂനം

മിന്നിത്തിളങ്ങുമിപ്രാപഞ്ചികാമോദ-
രത്നങ്ങളൊക്കയും കല്ലുകൾ താൻ

സാത്താനുരയ്ക്കുന്ന പാതയിൽക്കൂടെ നീ-
യാത്രചെയ്തീടുകിലാപത്തുണ്ടാം"

താതനുരച്ചോരീസാരോപദേശമാ-
പ്പാതകമൂർത്തിയിലേറിയില്ലാ

തന്റെ വിഭാഗം പിടിച്ചുപറിച്ചുകൊ-
ണ്ടിണ്ടലൊഴിക്കാൻ തിരിച്ചു പുത്രൻ

ഇഷ്ടത്തിനൊത്തുള്ള കാഴ്ചകളേറിടും
പട്ടണം തോറുമേ സഞ്ചരിച്ചു

കാണിയും കൂസാതെ ദുർവ്യയം ചെയ്തർത്ഥം
കാണുന്ന ലോകസുഖങ്ങൾക്കായി

തോഴന്മാരൊന്നിച്ചു തോന്നിയതൊക്കയും
കോഴക്കൂടാതവൻ ചെയ്യുകയായ്.

പാപംനിറഞ്ഞ വഴികളിൽ തൻപണം
പാഴിലഴിച്ചു നടന്നനീളേ

വേശ്യത്തരുണികൾ വാണരമിക്കുന്ന
ഗേഹങ്ങൾ തോറും പ്രവേശിക്കയായ്

കാണുന്ന ചാരായശാലകൾ പൂകീട്ടു,
നാണമില്ലാതെ മദോന്മത്തനായ്.

ഏഴനിലമണിമേടയിൽ വാണവൻ
കേഴമാൻ കണ്ണികൾ ദാസികളായ്

വേഷവും ഭൂഷയും യാമങ്ങൾതോറുമേ
ജോഷമായ് മാറിധരിക്കുകയായ്.

സൃഷ്ടികർത്താവിനെച്ചിന്തയില്ലാതെയായ്
ശിഷ്ടമാർഗ്ഗങ്ങളിൽ ശ്രദ്ധയററു

സായന്തനത്തിൽ സവാരിക്കു ചേരുന്ന
വാഹനമോരോന്നു വാങ്ങിക്കയായ്

ദൂരദേശത്തധിവാസം തുടങ്ങിയ
നേരംമുതൽക്കേറി കൂട്ടുകാരും

തസ്കരന്മാരും വൻ ചട്ടമ്പിവർഗ്ഗവും
ചക്കരവാക്കു പറയുന്നോരും

പാശകലീലാവിലോലരും കള്ളച്ചൂ-
താട്ടത്തിൽ നൈപുണിനേടിയോരും

ചീട്ടുകളിക്കാർ ചതുരംഗക്കാരെന്നീ-
മട്ടിലോരോക്കൂട്ടർ വന്നടുത്തു

താതോപദേശം ശ്രവിക്കാതെ പോന്നൊരാ
പ്പാതകനേപ്പററി വട്ടമിട്ടു

ഓരോവഴിയിൽ കൂടോരോ മനുഷ്യരും
ധാരാളം തട്ടിയെടുത്തു നാണ്യം

വർഷങ്ങളൊട്ടു കടന്നതിനോടൊത്താ
ദുഷ്ടന്റെ സന്തോഷക്കോട്ട പൊട്ടി

പെട്ടിയിൽക്കൊണ്ടിങ്ങുപോന്ന പണ-മന്യ-
പെട്ടികളിൽച്ചെന്നു വിശ്രമിച്ചു

കൂടെവസിച്ചവർ വിട്ടുവിട്ടോടിനാർ
ചേടികളൊക്കെയും വിട്ടകന്നു

മോടികളൊക്കെക്കുറഞ്ഞു, വസിച്ചൊരു
മേടയിൽനിന്നു വഴിക്കിറങ്ങി

പൈദാഹമെന്തെന്നറിയാത്തവനൊരു
പററിനുവേണ്ടി നടന്നു നീളെ

പട്ടുവസ്ത്രങ്ങൾ ധരിച്ചുനടന്നവൻ
മുട്ടുമറച്ചു പഴന്തുണിയാൽ

കട്ടിപ്പൊൻപാത്രത്തിലഷ്ടികഴിച്ചവൻ
ചട്ടിയുംകൊണ്ടു നടന്നുനീളെ

പാൽപ്പായസം കുടിച്ചേററംമദിച്ചവൻ
പച്ചവെള്ളത്തിനു വീണുകേണു.

പൊന്മാതളക്കനി സന്നിഭമായോരാ-
പ്പൂങ്കവിൾ രണ്ടും കരുത്തുവാടി

കണ്ണാടിയോടൊത്ത ഗണ്ഡസ്ഥലം, വിട്ട-
തിണ്ണപോൽ പാരംപരുപരുത്തു

നീലിച്ചിരുന്നോരാലോലംബനേത്രങ്ങൾ
നിർജ്ജീവമായിക്കഴിഞ്ഞുതാണു

തങ്കമരീചികൾ വീശിയ തൽഗാത്രം
ചുക്കിച്ചുളിഞ്ഞു നിറംവെടിഞ്ഞു

കാൽകരം വല്ലാതെ വാടിത്തളർന്നുപോയ്
വെട്ടേററു വീണ പൂവല്ലിപോലെ

സൗഗന്ധികത്തൈലം തൂകിയനുദിനം
സാനന്ദം ചീകിപ്പകുത്തുപോന്നു

കുന്തൽ ജടകെട്ടി ചെമ്പിച്ചുവല്ലാതെ
കുററിപോൽ മേലോട്ടെഴുന്നു നിന്നു

സ്വാന്തംകലങ്ങി ഞെരുങ്ങിവലഞ്ഞോരു
സന്തപ്തൻ വല്ലാതെ കേണാനേവം

"അയ്യോ വിശപ്പുസഹിക്കുവാൻ പാടില്ലേ
മെയ്യോ തളർന്നു കുഴഞ്ഞീടുന്നു

രാപ്പകലില്ലാതെ നീറുന്നകം, രണ്ടു
ചോറുതരുന്നവരാരുമില്ലേ?

കൈപ്പൊരുളെല്ലാം നശിച്ചു സർവേശ്വര,
കണ്ണുകൾ മങ്ങി മയങ്ങീടുന്നു

കൂട്ടുകാർ നിർദ്ദയം കൊള്ളയിട്ടെന്നേയീ
കഷ്ടകാലത്തിങ്കൽ കൈവെടിഞ്ഞു

വേലയെടുപ്പാനെനിക്കറിവില്ലയ്യോ
കാലംകഴിക്കുവതെങ്ങിനെയോ?

ചക്കിൽക്കയറിയിറങ്ങിവരുന്നോരു
പച്ചക്കരിമ്പിൻെറ കോച്ചിലായ് ഞാൻ"

ഇങ്ങനെയുള്ളോരു ചിന്തകലന്നവ-
നെങ്ങുമിരുന്നും നടന്നും മന്ദം

"ക്ഷുത്തൊന്നുതീർക്കണമെൻ മുഖം കാണണം
ഹൃത്തൊന്നലിയണേ നാട്ടുകാരേ

ഏതും തുണയില്ലാതേഴ ഞാനുൾക്കട-
ഖേദമിയന്നു നടക്കയാണെ

കൊററിനുഴക്കരി നൽകണമല്ലെങ്കിൽ
പറെറാരുനാഴി തന്നീടണമേ"

അംഗവൈകല്യമില്ലാത്തോരബ്ഭിക്ഷുവേ
കണ്ടപ്പോൾ വീട്ടുകാരോതീയേവം

"കള്ളാ കരുത്തൊന്ന കള്ളാ പെരുങ്കള്ളാ
പാളയെടുക്കുവാൻ നാണമില്ലേ?

കാലില്ലേ, കയ്യില്ലേ, നാക്കില്ലേ, മൂക്കില്ലേ?
വേലയെടുക്കുവാൻ ത്രാണിയില്ലേ?

പോടാ, തടിയാ ഗൃഹത്തിന്റെ മുമ്പിൽനി-
ന്നോടെടാ വേഗം,നിൽക്കാതിവിടെ"

ഭിക്ഷയാചിച്ചുതൻ കുക്ഷിനിറക്കാനും
കഷ്ടമാമർത്ത്യനുപാടില്ലാതായ്

വീഥികൾതോറും നടന്നു പലരുടെ
ധിക്കാരവാക്കുകൾ കേട്ടുകേട്ടും

കല്ലിലും പുല്ലിലും ക്ഷുത്തിനാൽക്ഷീണിച്ചു
വല്ലാതെ വീണു വലഞ്ഞാനവൻ

നട്ടെല്ലൊടിഞ്ഞൊരു പട്ടിയേപ്പോലവൻ
കഷ്ടപ്പെട്ടൊട്ടു വലിഞ്ഞിഴഞ്ഞും

ചെന്നു കുബേരനാമേകന്റെഗേഹത്തിൽ
നിന്നാൻ പടിക്കൽ കരങ്ങൾകൂപ്പി

നാനാ ജനങ്ങൾക്കും നാഥനായ് നിന്നോരാ
നാനാദോഷക്കാരൻ കേണാനേവം

"നാഥാ കടക്കണ്ണയച്ചെന്നേ നോക്കണേ
നാനാപരാധി ഞാനെന്നാകിലും

ക്ഷുത്തിനാലത്യന്തമത്തലിയന്നുമൽ-
ഗാത്രംതളർന്നു കുഴഞ്ഞീടുന്നു

ഇത്തുച്ഛിലീയെന്നേ കൈവെടിഞ്ഞീടൊല്ലാ
ചിത്തം കനിയണേ പൊന്നുതാതാ

രണ്ടുകാശെങ്കിലും തന്നരുളീടണേ
മിണ്ടുവാൻപോലുമെനിക്കുമേലാ"

ഇങ്ങനെയോരോന്നു കേണരച്ചീടവേ
മംഗലനാകുമാവേശ്മനാഥൻ

പന്നിക്കൂട്ടങ്ങളെ മേയ്ക്കുന്ന ജോലിക്കാ-
പ്പാവത്തെ മെല്ലേ നിയോഗിച്ചുതേ

കുന്നുകൾതോറും നടന്നുനടന്നവൻ
പന്നിക്കൂട്ടങ്ങളെ മേയ്ക്കുകയായ്

പക്ഷേയവററ കഴിക്കും തവിടുമാ
പ്പാവം യുവാവിനു കിട്ടിയില്ല

"പന്നിക്കൂട്ടങ്ങളെ മേയിച്ചു വാഴുവാ.
നിന്നെനിക്കീശ്വരാ കാലമായി

അന്നെന്റെ താതോപദേശം ശ്രവിച്ചെങ്കി-
ലിന്നീ നികൃഷ്ടനിലവരുമോ?

ദുഷ്ടന്മാരോടു സഹവാസം ചെയ്കയാൽ
കെട്ടുപോയ് മാമകജീവിതവും

സന്മാർഗ്ഗമാകെവെടിഞ്ഞു ഭയങ്കര–
ദുന്മാർഗ്ഗകൂപത്തിൽ വീണടിഞ്ഞേൻ

കീർത്തിയാം ജ്യോൽസ്നയിലാന്നകുലത്തെ, ദു-
ഷ്കീർത്തിയാം പങ്കത്തിൽ താഴ്ത്തിഞാനും

പാരിലെല്ലാരും പഴിക്കമാറുള്ളോരു
പാതയിൽ പേപിടിച്ചോട്ടുന്നേൻ ഞാൻ

താതന്റെ മാനസം വെട്ടിപ്പിളന്നു ഞാൻ,
താതന്റെ നിർദ്ദേശംകൈവെടിഞ്ഞു

സ്വന്തമാം വീട്ടിലേക്കെങ്ങനെപോകും ഞാൻ
ബന്ധുക്കളേക്കാണ്മതെങ്ങനെ ഞാൻ"

ഇമ്മട്ടിൽ ചിന്തിച്ചു നൊന്ത മനസ്സോടു
പന്നിയെ വിട്ടവൻ പോകയായി

താതന്റെ പാദമല്ലാതെ തനൂജക്കു
മറെറാരാലംബനമേതു പാരിൽ

കൈമുതലെല്ലാം കളഞ്ഞുകുളിച്ചേററം
കഷ്ടതപൂണ്ട യുവാവു മെല്ലെ

നിന്നുമിരുന്നും നടന്നുമിഴഞ്ഞുമാ
നീണ്ട പെരുവഴി താണ്ടിത്താണ്ടി

കല്ലിലും മുള്ളിലും ചേററിലും കാൽവച്ചു
വല്ലാത്ത സന്താപമുള്ളിൽത്തിങ്ങി

താതന്റെ മന്ദിരം തേടിനടക്കവേ
സ്വാന്തത്തിലീവിധം ചിന്തിക്കയായ്

"പൊന്നിലും മണ്ണിലുമാശപെരുത്തു ഞാൻ
മാനസം വാടിക്കഴിച്ചു കാലം

കാമം മുഴുത്തൊരു മാനിനെപ്പോലെ ഞാൻ
കണ്ടേടം നോക്കി മദിച്ചുമണ്ടി

ഭോഗത്തിൽവീണു ഞാൻ ചിന്തവെടിഞ്ഞുഞാൻ
ഭോഗികളോടൊത്തു ചേർന്നുവാണു

ദേഹസുഖം സുഖമെന്നു ഞാൻ ഘോഷിച്ചു
മോഹത്തിൽ ചെന്നു കുതിച്ചുചാടി

മദ്യക്കടയിലും വേശ്യത്തെരുവിലും
മേളങ്ങൾകൂട്ടി ഞാൻ നാളുപോക്കി

കേവലമസ്ഥിക്കൂടെന്നപോലെങ്ങനെ
പോവും ഞാൻ താതന്റെ സന്നിധിയിൽ"

നാലഞ്ചുനാൾകൾ നടന്നു യുവാവവൻ
ചേലഞ്ചും തൻനാട്ടിൽ ചെന്നുചേർന്നു

ഗോപുരവാതിൽക്കൽ കണ്ടു കുമാരനെ
കോപമൊഴിഞ്ഞ ജനകൻ മുദാ

"ഓമൽക്കുമാരക, പോരുക, പോരുക,
മാമകാങ്കസ്ഥലി ശുദ്ധമാക്കൂ

ലോകത്തിൽ മേലിൽ നിന്നാനനം കാണുവാൻ
സാധ്യമല്ലെന്നു നിനച്ചവൻ ഞാൻ

കണ്മണി വന്നൊരു ചുംബനം നൽകുക
മന്നിൽ ഞാൻ താതനായ്ത്തീർന്നിടട്ടെ'

ഏവംപറഞ്ഞു ജനകനാപ്പുത്രനെ-
ക്കൈവെല്ലിക്കുഞ്ഞാലിലാട്ടിയാട്ടി.

ത്തുമണംവീശുന്നൊരെണ്ണ പുരട്ടിച്ചു
നൽപ്പനിനീരിൽക്കളിപ്പിച്ചിതെ

പട്ടുവസ്ത്രങ്ങൾ ധരിപ്പിച്ചു, വേണ്ടുന്ന
സൽക്കാരത്തിന്നവൻ കൂട്ടിവട്ടം.

നാട്ടാരെയെല്ലാം വിളിച്ചു വിപുലമാം
സദ്യനടത്തിക്കൗതുകമാർന്നാൻ.

താതന്റെ സീമന്തപുത്രൻ വയൽ വിട്ടു,
ശാന്തനായ് വീഥിയിലെത്തിയപ്പോൾ

കേട്ടു മഹാസദ്യ കൊണ്ടാട്ടംഘോഷങ്ങൾ
വീട്ടുമുററത്തവനെത്തി വേഗം

സേവകന്മാരിലൊരുത്തനോ"ടെന്തിന്നീ-
ഘോഷങ്ങളെ"ന്നവൻ ചോദ്യമിട്ടു.

"താവകസോദരൻ വീട്ടിൽ തിരിച്ചെത്തി;
താതന്റെസന്തോഷം സീമവിട്ടു,

സാനന്ദമദ്ദേഹം മെച്ചം കലർന്നൊരു
സദ്യനടത്തിപ്പുളച്ചിടുന്നു"

ഇത്രയും ഭൃത്യനിൽനിന്നു ശ്രവിച്ചവൻ
താതന്റെപ്പ്രാന്തത്തിലോടിയെത്തി

"ഞാനെത്രകാലമായ് താതനെസ്സേവിപ്പൂ
മാനസമങ്ങേയ്ക്കലിഞ്ഞിട്ടുണ്ടോ?

കൂട്ടുകാരോടൊത്തു സന്തോഷിപ്പാനൊരു
സൗകര്യമങ്ങെനിക്കേകിയില്ല

തൻമുതൽകൊണ്ടുപോയ് വേശ്യമാരൊന്നിച്ചു
തിന്നുനശിപ്പിച്ച ദുഷ്ടപുത്രൻ

വന്നപ്പോളങ്ങെത്ര കെങ്കേമമായിട്ടു
സദ്യനടത്തി സന്തോഷിക്കുന്നു."

സീമന്തപുത്രന്റെ വാക്കുകേട്ടാത്താതൻ
ശാന്തനായിങ്ങനെ ചൊൽകയായി

"നീയെന്നോടൊന്നിച്ചുവാണവൻ സർവ്വവും
നിന്റേതാണെന്നു നീയെണ്ണീടേണം

നിന്റെ സഹോദരൻ ദുർമ്മരണത്തിന്റെ
വക്ത്രത്തിൽപ്പെട്ടവനായിരുന്നു

വീണ്ടുമവനിതാ ജീവിച്ചു,കാണാതെ
പോയോനെ നാമിന്നു കണ്ടുമുട്ടി

സന്തോഷിക്കേണം നാമാ,യതുകൊണ്ടു നീ
സന്തപിച്ചീടേണ്ടാ തെല്ലുപോലും"

### സ്വർഗ്ഗരാജ്യാഗമനം

നൂറുമേഷങ്ങളിലൊന്നുപൊയ്പോവുകിൽ
തൊണ്ണൂറിനേയുമുപേക്ഷിച്ചിടയവൻ

കാണാതെപോയതിനെത്തിരയുന്നതും
കണ്ടുമുട്ടുമ്പൊഴുതാർത്തുനടപ്പതും

നഷ്ടമായ്ത്തീർന്നൊരു നാണയം പിന്നീടു
കിട്ടുമ്പോൾ കിട്ടിയോൾ നിന്നു തുള്ളുന്നതും

ജോലിനഷ്ടപ്പെടുമെന്നുള്ളിലോർത്തേറെ
മാലിയലുന്നൊരു കാര്യവിചാരകൻ

കള്ളക്കണക്കെഴുതിക്കടക്കാരുടെ
കൂട്ടായ്മ നിഷ്പ്രയാസം നേടിവാഴ്വതും

ധൂർത്തപുത്രൻ പിതൃദ്രോഹിയായ്പ്പോയതും
താതൻ ക്ഷമിച്ചവനെ സ്വീകരിച്ചതും

മറ്റും പറഞ്ഞഖിലേശ്വര നന്ദനൻ
മുക്തിമാർഗ്ഗം വെളിവാക്കിയ വേളയിൽ

സ്വർഗ്ഗരാജ്യം വന്നുചേരുന്നതെന്നെന്നു
മുഷ്ക്കിയന്നീടും പരീശർ ചോദിച്ചതെ

കർത്താവരുളിനാൻ "നിങ്ങളിൽത്തന്നെയു-
ണ്ടുന്നതമാകിയ സ്വർഗ്ഗലോകം സദാ

മർത്ത്യപുത്രൻ തന്റെ വാസരം കാണുവാ-
നുൾത്തളിരിൽ നിങ്ങളാഗ്രഹിക്കും ദൃഢം

നിങ്ങൾക്കാമംഗളമഞ്ജുളവാസരം
കാണുവാൻ സാദ്ധ്യമല്ലാതെയായ്ത്തീർന്നിടും.

തസ്കരന്മാരായവേദോപദേശകർ
സ്വർഗ്ഗമങ്ങിങ്ങെന്നു നിങ്ങളോടോതിടും

സത്യംഗ്രഹിക്കാതെ നിങ്ങളാക്കൂട്ടരെ-
പ്പിന്തുടർന്നീടുവാൻ തെല്ലുമൊരുങ്ങൊലാ

വിണ്ണിന്റെതാഴെയായ് ദിക്കോടു ദിക്കെല്ലാം
മിന്നിടുംവണ്ണം വരും മനുഷ്യാത്മജൻ

കഷ്ടതപൂണ്ടിടുമാദ്യ,മവൻ-പിന്നെ
തള്ളുമിന്നുള്ളൊരു മർത്ത്യരാപ്പുത്രനെ

കപ്പലിൽ നോഹ കരേറുംവരെജ്ജനം
കൂത്താടിവാണു തിന്നും കുടിച്ചുംപരം

വന്നു ജലപ്രളയം മർത്ത്യവർഗ്ഗങ്ങ-
ളൊന്നോടെ വെള്ളത്തിൽ മുങ്ങിത്തുലഞ്ഞുപോയ്

നട്ടംപറിച്ചും ഗൃഹങ്ങളുണ്ടാക്കിയും
വീറവം കുടിച്ചും, പലവക ഭക്ഷിച്ചും

ലോത്തിൻെറകാലത്തുമാളുകൾ മോദിച്ചു
ലോത്തു സോദോം വിട്ടനാളിലാപ്പട്ടണം

ഘോരമാമഗ്നിവർഷത്താൽ കരിഞ്ഞുപോയ്
ക്ഷാരമായ് ശേഷിച്ചു മാനവസഞ്ചയം

നിശ്ചയം മർത്ത്യപുത്രൻ വന്നുചേരുന്ന
നാളിലുമീവിധമൊക്കെ നടന്നിടും

വീടിന്നകത്തുള്ളതൊന്നുമെടുക്കൊലാ
വീടിൻെറ മേൽത്തട്ടിലേറിയിരിപ്പവൻ

കേദാരഭൂവിലിരിക്കുവോർ ലോത്തിൻെറ
കാന്തയേപ്പോലെ തിരിഞ്ഞുനോക്കീടൊലാ

ജീവനെ നേടുവാനാരു നോക്കുന്നുവോ
ജീവനെ നഷ്ടപ്പെടുത്തുമവൻ ദൃഢം

ജീവനെ നഷ്ടപ്പെടുത്തുന്നമാനവൻ
ജീവനെ നിത്യമായ് ലാഭപ്പെടുത്തിടും

ആ രാത്രിയിൽ രണ്ടുപേരൊരു കട്ടിലി-
ലായിരുന്നാലൊരാൾ സ്വീകൃതനായിടും

രണ്ടുപേരൊന്നിച്ചു മാവുപൊടിച്ചിടും
വീണ്ടുകൊണ്ടീടുമവരിലൊരുത്തിയെ

കേദാരഭൂമിയിൽ വാണിടും രണ്ടുപേർ
കൈക്കൊള്ളുമായവരിൽ നിന്നുമേകനെ"

സ്വർഗ്ഗരാജ്യാഗമവൃത്താന്തമീവിധം
ലോകാഭിവന്ദ്യൻ പഠിപ്പിച്ചുമർത്ത്യരെ

## മാർത്തയും മറിയയും

പാർത്തിരുന്നന്നാൾ ബഥനിയാം ഗ്രാമത്തിൽ
മാർത്താ, മറിയയെന്നിങ്ങനെ രണ്ടുപേർ

ഭക്തിയും താഴ്മയും കൊണ്ടവർ ക്രിസ്തുവിൻ
ചിത്തം വശീകൃതമാക്കിച്ചമച്ചിതേ

സഞ്ചാരവേളയിലീശ്വരനന്ദനൻ
സന്തതശീലർ തൻ മന്ദിരം പൂകിനാൻ

ദിവ്യാതിഥിക്കെന്തു നൽകണമെന്നോർത്തു
ദീനയായ് സൽക്കാരതൽപ്പരയാം മാർത്താ

വേഗമടുക്കളപൂകിനാൾ, കൂട്ടിനാ-
ളഗ്നി നൽഭക്ഷണം പാചകംചെയ്യുവാൻ

പുത്തനാം മത്സ്യവും മാംസവും മുട്ടയും
പക്വഫലങ്ങളും വാങ്ങിക്കുവാനായി

മാർത്താ,യിറങ്ങി നടന്നു, പല പല
പാർശ്വസ്ഥ വ്യാപാര രംഗങ്ങൾ പൂകിനാൾ

മേശയലങ്കരിച്ചീടുവാനോരോരോ
പേശലസൂനവും ശേഖരിച്ചാളവൾ

വേഗത്തിലിന്ധനമോരോന്നടുക്കി,നാ-
ളഗ്നിപടന്നു പടന്നു മേലോട്ടേറി

തീപ്പൊരി പാറിപ്പറന്നു, മാർത്തായുടെ
ദേഹം വിയർപ്പുനീർ കൊണ്ടഭിഷിക്തമായ്

മേശപ്പുരികിലേക്കോടുമവൾ പിന്നെ
വേഗമടുപ്പിന്റെ പാർശ്വത്തിലെത്തിടും

സാധുകിടന്നു വലയുകയാണേററം
സ്വാദുള്ള ഭക്ഷണമീശന്നു നൽകുവാൻ

മാർത്തതൻ കൃത്യങ്ങളൊന്നുമറിയാതെ
മേരിയതിഥിതൻ ചാരത്തുമേവിനാൾ

പക്ഷിമൃഗാദികൾക്കൊക്കെയും നിത്യവും
ഭക്ഷണം നൽകുന്ന തമ്പുരാൻ തൻ മുമ്പിൽ

പള്ളികൊണ്ടീടവേ മറെറാന്നുകാണുവാൻ
പുള്ളിക്കുരംഗമിഴിക്കു കഴിഞ്ഞില്ല.

ശ്രീയേശുവല്ലാതെ മറെറാരു വ്യക്തിയു-
മില്ലായിരുന്നവൾക്കാരാധനീയനായ്

പാവനവക്ത്രത്തിൽ നിന്നേതുവാക്കുക-
ളാവിർഭവിക്കുമെന്നുള്ള നിനവോടേ

കർത്താവിൻ ദിവ്യമാം ത്രുമുഖം നോക്കിക്കൊ-
ണ്ടത്തവ്വിൽ മേരിയിരിക്കയാണാവീട്ടിൽ

ക്രിസ്തുവിൻ ദിവ്യോപദേശങ്ങളാകിന
വിത്തുകൾഹൃത്താകും കേദാരഭൂമിയിൽ

ഭക്തിയോടൊത്തു വിതയ്ക്കുവാൻ സന്നദ്ധ-
ചിത്തയായ് നിശ്ചലം മേരിയിരിക്കവേ

മാർത്താ, വിയർത്തൊലിച്ചെത്തിനാൾ, കർത്താവിൻ
പ്രാന്തത്തിൽ പാരുഷ്യംപൂണ്ട മുഖത്തൊടേ

"നാഥ! സഹോദരി മേരിയെന്തിങ്ങനെ
നേരംകളയുന്നു വേലയെടുക്കാതെ

ഞാനെത്രനേരമായ് തീയൂതിത്തീയൂതി
മേനി വിയർത്തിങ്ങു പാചകം ചെയ്യുന്നു

സ്വസ്ഥതപൂണ്ടിവളിന്നിങ്ങനങ്ങാതെ
പാർത്താൽമതിയോ? ഭവാനരുളീടണം”

ഈവിധം “മാർത്താ” കുപിതയായോതവേ
ദിവ്യനാം ദേശികനുത്തരം നൽകിനാൻ

“മാർത്തേ, നീ കൃത്യാന്തരത്തിലുൽക്കണ്ഠിത
മേരിയോ ശ്രേഷ്ഠമാം വേലയേക്കൈക്കൊണ്ടു”

പിന്നെപ്പരാതി പറയാനൊരുങ്ങിയി-
ല്ലുന്നതാംഗിമണിയാകിയ മാർത്തയും

നിർമ്മലചിത്തരാം നാരിമാരോടെന്നും
നിർമ്മലൻ ശ്രീയേശു കാരുണ്യമാർന്നിതെ

ആ “നയിൻ” പട്ടണംതന്നിൽ നിവസിച്ച
മാനിനിയാകും വിധവതൻ കണ്ണുനീർ

കണ്ടു മനസ്സലിഞ്ഞന്നാരിതന്റെ
പുത്രനു ജീവൻകൊടുത്തു മഹേശ്വരൻ

കേട്ടു കനാനിലെ യോഷ തൻ യാചന
പെട്ടെന്നു സൗഖ്യംകൊടുത്തു തൽപ്പുത്രിക്കു

ശാബത്തുനാളായിരുന്നെങ്കിലും മുഖ്യ
ശാസ്ത്രികളെല്ലാമെതിർത്തു നിന്നെങ്കിലും

വർഷംപതിനെട്ടു കൂനിയായ് വാണോരംഗന
ഹർഷമുണ്ടാക്കിയാക്കുന്നു ദിവിത്തിലേ

പത്രോസിൻ കാന്തതൻ മാതാവിനുണ്ടായോ-
രാലസ്യമൊക്കെയും പാടെ നശിപ്പിച്ചു.

മഗ്ദലേനയ്ക്കുണ്ടേറിട്ട ദുഷ്കീർത്തികൾ
മന്ദേതരം തിരുവാണിയാൽ പോക്കിനാൻ

യായീറോസെന്ന ശതാധിപൻ തന്നുടെ
പുത്രിയെ മൃത്യുവിൽനിന്നുമുയിർപ്പിച്ചു.

അജ്ഞാതയാം നാരിതൻ രക്തസ്രാവത്തെ
വിജ്ഞാന ഭാനുമാൻ ദൂരീകരിച്ചിതെ

കന്യകാനന്ദനനീവിധം സ്ത്രീകൾക്കു
മാനസാനന്ദം ജനിപ്പിച്ചിരുന്നതെ

## സമർപ്പണവിരുന്ന്

ശ്രീകരമാകും ജറൂശലേം പള്ളിയിൽ
പോകുമാറുള്ളപ്പോൾ ശ്രീയേശുനായകൻ

മാർത്തയും മേരിയും വാഴും സദനത്തിൽ
പാർത്തിടും വിശ്രമംകൈവരിച്ചീടുവാൻ

ഹേമന്തകാലത്തൊരിക്കൽ മഹേശനാ
സന്മന്ദിരത്തിൽ നിവസിച്ചിരുന്നതേ

ജർശ്ശലേം പള്ളിയിലുണ്ടായിരുന്നന്നു
സാരമാം സദ്യയൊടോത്ത മഹോത്സവം

"മക്കാബിയസ്" ദേവമന്ദിരം സംശുദ്ധ-
മാക്കിയ സംഭവമോർമ്മിക്കുവാനായി

യൂദജനത കൊണ്ടാടി വന്നുള്ളൊരാ
സദ്യയ്ക്കു മേരിതന്നുജനും ചെന്നെത്തി.

പള്ളിതന്നുള്ളിലും മീതെയും ചുററിലും
തുള്ളിക്കളിച്ചു വിളക്കിൻ കതിരുകൾ

ക്രിസ്തുദേവൻ തനിച്ചദ്ദിവ്യമന്ദിരം
തന്നുടെമുററത്തുലാവിനാനേകനായ്

നാഥൻെറ മുമ്പിൽ പരീശർചെന്നെത്തിനാർ
ചോദിച്ചു ചോദ്യങ്ങളോരോന്നു പയ്യവേ.

"ഞങ്ങൾതൻ ജിജ്ഞാസതെല്ലാം ശമിപ്പിക്കാ-
തങ്ങെത്രവൽസരമേവം നടന്നിടും

സാക്ഷാൽ മശീഹയാണങ്ങെങ്കിലോതണം
സന്ദേഹമെന്നിയേ ഞങ്ങളോടാക്കഥ

ശക്തനോ "മക്കാബിയസ്സി" നേക്കാൾ ഭവാൻ
സോളമൻഭൂപനേക്കാളും പ്രസിദ്ധനോ"

തെല്ലുംമടിക്കാതെ കൽപ്പിച്ചു, സർവവു-
മുള്ളിൽധരിച്ച മഹേശ്വര നന്ദനൻ.

ഞാനുമെൻ താതനുമൊന്നുതാൻ, താതൻെറ
മാന്യമാം കർമ്മങ്ങൾ ചെയ്യുന്നു ഞാൻ സദാ"

കർത്തൃവാക്യം കേട്ടുകോപിച്ചു വൈരികൾ
കല്ലെറിഞ്ഞീടുവാനാശിച്ചു നാഥനെ

പക്ഷേ കരങ്ങളുയർത്തുവാനാവാതെ
പിൻവാങ്ങിനിശ്ചലന്മാരായിനിന്നുപോയ്

ബന്ധിക്കണം ക്രിസ്തുനാഥനെയെന്നവർ
ചിന്തിച്ചുവെങ്കിലും വന്നില്ല ധീരത.

നന്നാക്കുവാൻ സാധ്യമല്ലപ്പരീശരെ-
ത്തന്നുപദേശങ്ങളാലെന്നു കാൺകയാൽ.

ക്രിസ്തുനാഥൻ മന്ദമാദിക്കു കൈവിട്ടു
പൂകിനാൻ യോർദ്ദാൻനദിക്കു മറുകര.

## വിവാഹവും നിത്യജീവനും

കുത്സിതന്മാരാം പരീശരെല്ലായ്പ്പോഴും
ക്രിസ്തുനാഥന്റെ പിന്നാലേ നടന്നിടും

കുററമെന്തൊക്കെയൊപ്പാവനമൂർത്തിയി-
ലേററിടാം തക്കത്തിലെന്നും തിരക്കിടും

അമ്മട്ടൊരിക്കൽ പരീശരൊന്നിച്ചുചെ-
ന്നിമ്മാനുവേലിന്റെ ചുററിലും കൂടിനാർ

"കാന്തയുമായുള്ള ബന്ധം വെടിയുവാൻ
കാന്തന്നു ധർമ്മാനുസാരേണ സാധ്യമോ?

നിശ്ചയ,മീയൊരു ചോദ്യക്കുരുക്കിലാ
നിർമ്മലൻ വീഴുമെന്നോർത്തുപോയ് വഞ്ചകർ

മോശതൻ ന്യായപ്രമാണങ്ങളൊക്കെയും
ക്ലേശം സഹിച്ചുള്ളിലാക്കിവച്ചെങ്കിലും

ദാമ്പത്യജീവിത തത്വങ്ങളൊന്നുമാ-
വമ്പർ സൂക്ഷിച്ചില്ല മസ്തിഷ്ക്കശാലയിൽ

തദ്വിഷയങ്ങളിൽ യൂദർക്കു തീരാത്ത
തർക്കങ്ങളൊട്ടേറെയുണ്ടായിരുന്നപോൽ

ഹേരോദന്തിപ്പാ തന്നുടെ ഭാര്യയെ
ക്രൂരമായ്ത്തള്ളിക്കളഞ്ഞതു തെല്ലുമേ

നല്ലതല്ലെന്നുരച്ചോതി നടക്കയാൽ
കല്യനാം യോഹന്നാൻ ഖണ്ഡിതകണ്ഠനായ്

കാര്യമമ്മട്ടിലിരിക്കവേ, വൈരിക
ളാരാഞ്ഞ സംശയം തീർക്കുന്നതെങ്ങനെ

എങ്കിലും കർത്താവു കൽപ്പിച്ചു നിർഭയം
പങ്കംനിറഞ്ഞ പരീശരോടായ്ത്തദാ

"സ്ത്രീയും പുരുഷനുമായ് മർത്ത്യജാതിയെ
സൃഷ്ടിച്ചു, സർവലോകത്തെയും തീർത്തവൻ

മാതാപിതാക്കളെക്കൈവിട്ടവൻ നിജ
കാന്തയോടൊന്നിച്ചു ചേർന്നിടും ന്യായമായ്.

ഏകശരീരരായ്ത്തീരുമവർ ദൃഢ-
മാകയാൽ വേർപിരിയേണ്ടവരല്ലവർ

സർവേശനൊന്നിച്ചുചേർത്ത ജനങ്ങളെ-
ബ്ഭിന്നരാക്കാനവകാശമില്ലാർക്കുമേ.

മോചനച്ചീട്ടേകി ഭാര്യയേത്തള്ളുവാൻ
മോശകൽപ്പിച്ചെന്നുരയ്ക്കുന്നു നിങ്ങളും.

താവക ചിത്തകാഠിന്യം നിമിത്തമാ-
ണാവകയൊക്കെയും കൽപ്പിച്ചതമ്മഹാൻ

വേശ്യയാണെന്നു തെളിഞ്ഞെങ്കിൽ നിർഭയം
വേട്ടൊരു നാരിയെത്തള്ളിക്കളഞ്ഞിടാം.

വേട്ടൊരു ഭാര്യയെത്തള്ളിക്കളഞ്ഞിട്ടു
മറെറാരു സ്ത്രീയെ വരിക്കുന്ന മർത്ത്യനും

കാന്തനാൽത്യക്തയെ സ്വീകരിച്ചീടുന്ന
മർത്ത്യനും പാരദാര്യത്തിൽപ്പതിച്ചിടും"

കർത്തൃവാക്യംകേട്ടു വൈരികളൊക്കെയു-
മുത്തമാംഗം കുനിച്ചാബദ്ധമൗനരായ്.

പോയീബഥനിയിലേക്കു തൻ ശിഷ്യരു-
മൊത്തഥ വേദാന്തസാര മഹാനിധി.

പോകും വഴിക്കു യുവാവൊരാൾ നാഥന്റെ
പാദാന്തികത്തിലണഞ്ഞു ചോദിക്കയായ്

"നിത്യജീവൻ ലഭിച്ചീടുവാനിന്നു ഞാ-
നെന്തു ചെയ്തീടണം? കല്പിക്ക സൽഗുരോ"

"പാലിക്ക കല്പന പത്തും മുടങ്ങാതെ"
പാവനരൂപൻ കഥിച്ചാൻ യുവാവോടായ്.

"ബാല്യകാലം മുതൽ ഞാനവയൊക്കയും
തെല്ലും മുടങ്ങാതെ പാലിച്ചു പോരുന്നു:

ആ യുവാവോതിയ വാക്കു കേട്ടപ്പൊഴും
തമ്പുരാൻ പിന്നെയുമിങ്ങനെ കല്പിച്ചു.

"ഉണ്ടു യുവാവേ നിനക്കൊരു പോരായ്മ
കണ്ടറിഞ്ഞീടാൻ നിനക്കില്ല കണ്ണുകൾ

വിൽക്ക, നിനക്കുള്ള വസ്തുക്കളൊക്കയും
വിററുകിട്ടുന്നതങ്ങേഴകൾക്കേകുക.

പിന്നീടു പിൻതുടന്നീടണമെന്നെ നീ
ഖിന്നത സർവ്വവും നിന്നേ വെടിഞ്ഞിടും'

ചിത്തവിഷാദം കലൎന്നു യുവാവുട-
നാസ്ഥലം മെല്ലെ വെടിഞ്ഞു ഗമിക്കയായ്.

വിത്തംകൊതിക്കും ജനങ്ങളെച്ചിന്തിച്ചു
കർത്താവു ശിഷ്യരോടീവിധം കല്പിച്ചു.

"ഒട്ടകം സൂചിക്കുഴവഴി പോവുകി-
ലെത്തിടും സ്വർഗ്ഗത്തിൽ വിത്താധിനാഥരും"

## മൂന്പന്മാരും പിന്പന്മാരും

സ്വന്തമാം മുന്തിരിത്തോട്ടത്തിൽ വേലയ്ക്കു
വേതന ജീവികളാകിയ മർത്ത്യരെ

സൂര്യോദയത്തിലയച്ച ഗൃഹസ്ഥനെ
സ്വർഗ്ഗരാജ്യത്തോടു സാമ്യപ്പെടുത്തിടാം

ക്ഷേത്രികന്മാരേ നിയോഗിച്ചു നിശ്ചിത-
വേതനത്തോടാഗൃഹേശൻ പുലർച്ചയിൽ.

ഒട്ടേറെനേരം കഴിഞ്ഞാ ദയാനിധി
പട്ടണവീഥിയിലൂടെ നടക്കവേ

വേല,യാതൊന്നുമില്ലാതെ മിനക്കെട്ടു
നിൽക്കും ജനങ്ങളെക്കണ്ടേവമോതിനാൻ

"പോകുവിൻ നിങ്ങളുമെന്നുടെ തോപ്പിലേ-
ക്കേകിടാമൊട്ടും കുറയ്ക്കാതെ വേതനം"

ഭാനുമാനുച്ചസ്ഥനായപ്പൊഴും, മണി-
മൂന്നടിച്ചപ്പൊഴുമെന്നല്ല പിന്നെയും

കണ്ട വേലക്കാരെയൊക്കെയും ജോലിക്കു
തോട്ടത്തിലേക്കു പറഞ്ഞയച്ചീടിനാൻ

നേരമെരിഞ്ഞടങ്ങുംവരെയീവിധം
നേരിട്ടേടുത്തു ജോലിക്കു ജനങ്ങളെ

ദ്രാക്ഷാലതോദ്യാനനായകനന്തിക്കു
കാര്യവിചാരകനോടരുളീടിനാൻ

"വേലയ്ക്കു ഞാനെന്റെ തോട്ടത്തിലാക്കിയ
വേതനക്കാരേ വിളിച്ചുവരുത്തുക

മുമ്പുപിമ്പോക്കാതെ കൂലിയെല്ലാവക്കു-
മൊന്നുപോൽ നൽകിപ്പറഞ്ഞയച്ചീടുക"

കാര്യ്യവിചാരകനമ്മട്ടു വേതനം
നൽകിയപ്പോ,ളസംതൃപ്തരാമൊട്ടുപേർ

പാരംപരുത്ത ശബ്ദത്തിലോതീ,തിനാ-
രാരാമനാഥനും കേൾക്കുന്നരീതിയിൽ

"സൂര്യ്യന്റെ കാലുകണ്ടപ്പോൾ തുടങ്ങിയീ-
ക്കൂരിരുൾ കണ്ണിൽ വന്നെത്തിയപ്പോൾവരെ

പാരംവിയത്തങ്ങു ജോലിചെയ്തോക്കുമാ-
നേരം മയങ്ങിയപ്പോൾ വന്ന മർത്ത്യക്കും

യാതൊരുഭേദവുംകൂടാതൊരേതുക
വേതനം നൽകിയതെന്തൊരു നീതിയോ"

മുന്തിരിത്തോപ്പിനുടയവനന്നേര-
മോതിനാനേററവും ശാന്തമനസ്കനായ്.

"സ്നേഹിത, ഞാൻചെയ്തകുററമെന്താണു? നീ
സന്തോഷപൂർവകം സമ്മതിച്ചോരൊരു

വേതനം ഞാൻ നിനക്കേകി, പിന്നെന്തു നീ
വല്ലാത്ത ഭാഷയിൽ വാദംനടത്തുന്നു?

മാമകസമ്പത്തുകൊണ്ടെനിക്കെന്നുടെ
ചിത്താഭിലാഷം നടത്തുവാൻ മേലയോ?

ഞാനൊരു നല്ലവനാകയാൽ നിങ്ങൾക്കു
മാനസത്തിൽ സ്പർദ്ധയേറിടുന്നുണ്ടാവാം"

പിമ്പന്മാരിങ്ങനെ മുമ്പന്മാരായിടും
മുമ്പന്മാരൊക്കെയും പിമ്പന്മാരായിടും.

## ലാസറിനെ ഉയിർപ്പിക്കുന്നതു്

ബഥനിയിൽ ക്രിസ്തുനാഥൻ വസിക്കവെ
വ്യഥയെഴുമൊരു വാർത്തകേട്ടാർത്തനായ്

തരുണൻ, നിർമ്മലമാനസൻ- ലാസറെ
ന്നൊരുവനുണ്ടായിരുന്നു തൻ മിത്രമായ്.

ഒരുദിനം പിടിപെട്ടാ യുവാവിനെ-
ദ്ദുരിതഹേതുകമാമൊരുവൻഗദം

വിവരം തൽ സഹജാതകളെത്തിച്ചു
വിമലശീലനാം ക്രിസ്തുവിൻ കർണ്ണത്തിൽ

"മരണകാരണമല്ലല്ല തദ്രോഗം
കരളിൽ ഭീതിയശേഷവും കൊള്ളൊലാ"

മനുകുലവരനിമ്മട്ടുരച്ചഥ
മരുവി രണ്ടു നാൾകൂടി ബഥനിയിൽ

"സരയം പോകാം യഹൂദ്യയിലേക്കുനാം."
മരുളി ദേശികൻ ശിഷ്യരോടിങ്ങനെ

ഒരുനാൾ മുന്നം യഹൂദിയാ നാട്ടുകാ-
രരുമനാഥനെക്കല്ലെറിഞ്ഞിട്ടവാൻ

കരുതിയില്ലയോ പിന്നെന്തു മട്ടിൽ നാം
കരളുറപ്പോടു തത്ര ഗമിച്ചിടും"

കരുണാമൂർത്തിതൻ ശിഷ്യന്മാരീവിധ-
മരുളും വാർത്തകേട്ടോതിനാൻ സൽഗുരു

"പകലിൽ സഞ്ചരിച്ചീടുവോർ, ഭൗമിക
പ്രഭ സമീക്ഷിച്ചു സന്തോഷമേലുന്നു.

നിശിനടപ്പവൻ സുപ്രഭ കാണാതെ
നെടിയശോകത്തിൽ വീണങ്ങുഴന്നിടും

മമ സഹോദരൻ ലാസറസ്സിന്നിതാ
മഹിയിൽ മണ്ണിലുറങ്ങിക്കിടക്കുന്നു

അവനെ നിദ്രയിൽ നിന്നുണർത്തീടണ-
മതിനാൽ പോകുനാമെ"ന്നോതിനാൻ പ്രഭു

പകലവൻ വന്നുദിക്കവേ നാഥൻെറ
പദസരോജം ചലിച്ചു മന്ദേതരം

വളരെദൂരം നടന്നുതൻ സ്നേഹിത-
നിലയന പ്രാന്തഭൂമിയിലെത്തിനാൻ

മറിയ ചിന്താവിവശയായ് ഗേഹത്തി-
ന്നണിയറയിലിരുന്നാളേകാകിനി

ഹൃദയമൈത്രിയാൽ മാർത്തായറിഞ്ഞു ത-
ന്നുടയവൻ സമീപിക്കുന്ന വൃത്താന്തം.

തിരുവടിയേയെതിരേൽപ്പാൻ വേഗത്തി
ലവളിറങ്ങി വെളിയിലേക്കോടിനാൾ

സുഗുണമൂർത്തിയേക്കാൺകവേ ചൊല്ലിനാൾ
"മൃതനായ്പ്പോയ് മമ സോദരൻ, നായക.

അവിടുന്നീസ്ഥലത്തുണ്ടായിരുന്നെങ്കി-
ലവനുമൃത്യുവരില്ലായിരുന്നല്ലോ"

"തവസഹോദരൻ ജീവിച്ചുവന്നിടും
തവമനസ്സിലേശ്ശോകം കളയുക"

മരണവക്ത്രത്തിലാണ്ടു മറഞ്ഞവൻ
തിരിയെ വന്നെത്തുമെന്നോർത്തതില്ലവൾ.

"പുനരുത്ഥാനത്തിൽ മാമകസോദരൻ
പുതിയ ചേതനപൂണ്ടെഴുന്നേററിടും"

വിമലചിത്തയാം മാർത്താ പറഞ്ഞോരീ
വചനം കേട്ടരുളീടിനാൻ ദേശികൻ

"പുനരുത്ഥാനവും ജീവനും തന്നെ ഞാൻ
മനസിവേണ്ടതിൽ ലേശവും സംശയം

കരളിലെന്നോടു വിശ്വാസമുള്ളവൻ
മരണമാർന്നാലും ജീവിക്കും നിശ്ചയം

ധരയിൽ ജീവിച്ചിരിക്കുന്നനാളെന്നിൽ
കറകലരാത്ത വിശ്വാസമുള്ളവൻ

മരണഗർത്തത്തിൽ വീഴില്ലൊരിക്കലും
പരമസത്യമിതെന്നു നീയോർക്കുക"

"ക്ഷിതിയിലേക്കെഴുന്നള്ളേണ്ട സർവേശ-
സുതനാണങ്ങെന്നു വിശ്വസിക്കുന്നു ഞാൻ"

മൊഴിയിതോതിത്തൻ സോദരിയാകിയ
മറിയയോടവളേവമറിയിച്ചു

"ഗുരുവരൻ വന്നുചേർന്നു, നീ സത്വരം
തിരുവടിയുടെ സന്നിധിപൂകുക"

ഒരുനിമേഷം കളയാതെ മേരിയാ-
ള്ളരമനാഥന്റെ പാദത്തിലെത്തിനാൾ

നിപതിതാംഗിയായ് കണ്ണീരിൽത്തൃക്കഴൽ-
നളിനസൂനം നനച്ചവളോതിനാൾ

"നിഖിലനായക, നിന്തിരുമേനിയെൻ
നിലയനത്തിലുണ്ടായിരുന്നെങ്കിൽ ഹാ,

മൃതനായ്പ്പോകയില്ലായിരുന്നു ധ്രുവം
മമ സുശീലനാം കൊച്ചുസഹോദരൻ"

കരകവിഞ്ഞ സന്താപസരിത്തിന്റെ
തിരകളിൽപ്പെട്ടു മുങ്ങിയും പൊങ്ങിയും

പരമദീനയായ്ത്തീർന്നൊരു മേരിതൻ
കരളുരുക്കുന്ന രോദനം കേൾക്കവേ,

ഒരുമൊഴിയുമുരയ്ക്കുവാനാവാതേ
മരുവി മാനവസഞ്ചയ രക്ഷകൻ

കദനഭാരമടക്കിയനന്തരം
കരയും സ്ത്രീകളോടീവിധം ചോദിച്ചു

"സുഗുണസഞ്ചയമൂർത്തിയാം ലാസർതൻ
ശവകുടീരമേതാണതു കാട്ടുക"

വനിതകൾ നെടുംകല്ലൊന്നു കാട്ടിക്കൊ-
ണ്ടരുവിപോലശ്രുതൂകിനാർ പിന്നെയും

മൃതസഞ്ജീവിനിയെന്നപോലന്നേരം
മനുകുലവരനേത്രങ്ങളിൽ നിന്നും

സ്ഫടികച്ചില്ലുപോൽ തപ്തമാം കണ്ണുനീർ-
ക്കണികകൾ വീണു കട്ടിത്തറയ്ക്കുമേൽ

ഗുഹകളിലുണ്ടായിരുന്ന നെടും ശില
മടിവെടിഞ്ഞു മാററീടുവൻ കല്പിച്ചു

കരുണാമൂർത്തിയാക്കല്ലറവാതിൽക്കൽ
പരിലസിച്ചു വിഭാതാർക്കസന്നിഭം

പരിസരങ്ങളിൽനിന്നുമണഞ്ഞെത്തിയ
നരരശേഷവും മൗനമായ് നിൽക്കവേ

സുരപതിസുതന്തർബാഷ്പനയനനായ്
പ്രിയപിതാവിനെ ധ്യാനിച്ചു നിർഭരം

ശവകുടീരത്തെനോക്കിയനന്തരം
വചനസിദ്ധൗഷധം പൊഴിച്ചാൻ ദ്രുത

ത്വരിതമാ ശവക്കല്ലറയ്ക്കുള്ളിൽനി-
ന്നൊരുതകരാറുമില്ലാത്തരീതിയിൽ

സുഖസുഷുപ്തിയിൽനിന്നുമെണീററിങ്ങു
വരുവതുപോലെ വന്നെത്തി ലാസറും.

## യറിഹോവും ബഥനിയും

മറിയയും മാർത്തയും വാണമന്ദിരം
മരിസുതൻവിട്ട ജർശലേം പൂകുവാൻ.

സഹഗമിച്ചാർ തൻ ശിഷ്യരുമൽഭുത-
സ്തിമിതരാകയാലാവൃതമൗനരായ്

വഴിയിൽവച്ചരുളീടിനാൻ, ശ്രീയേശു
മൊഴികൾ തന്നുടെ ശിഷ്യരോടീവിധം

"വിമല മാനസന്മാരാം പ്രവാചക-
രെഴുതിയതൊക്കെ സമ്പൂർണ്ണമായിടും

കരുണയററവരെന്നെ നിന്ദിച്ചിടും
പുറജാതിക്കവരെന്നെയേൽപ്പിച്ചിടും

കുരിശിലേററിടും, പിന്നെ മൂന്നാം ദിനം
ശവകുടീരം വെടിഞ്ഞു ഞാൻ വന്നിടും"

പലപല വിചാരങ്ങളിൽമുങ്ങിയാ
പ്രണത ശിഷ്യന്മാർ യാത്രചെയ്യീടവെ

ഗുരുവരന്റെ സമക്ഷത്തിലെത്തിനാൾ
ഗുണവതിയാം ശലോമി വിനീതയായ്

പറകയാണവൾ ശ്രീയേശുവോടായി
"പരമ നായക താവക രാജ്യത്തിൽ

തിരുവടിയുടെ പാർശ്വഭാഗങ്ങളിൽ
സസുഖമെന്നുടെ പുത്രരിരിക്കണം"

നിജശിഷ്യന്മാർ സിംഹാസനമോർക്കവെ
കുരിശിനെപ്പററി ച്ചിന്തിച്ചു സർവേശൻ

"വളരെക്കയ്പ്പെഴും നീർ കുടിച്ചീടുവാൻ
കഴിയുമോ നിങ്ങൾക്കെന്നീശൻ ചോദിച്ചാൻ

കഴിയുമെന്നാർ, മഹേശ്വരനോതിനാൻ
"കഴിയുവോക്കിങ്ങു കിട്ടും പ്രതിഫലം"

തിരുവടിയും തദീയശിഷ്യന്മാരും
യറിഹോവെന്ന പുരത്തിൽ പ്രവേശിച്ചു

സികതകാനനമദ്ധ്യസ്ഥ നിഷ്ക്കളങ്കം
സുമസഹസ്രസുഗന്ധസുലാളിതം

സ്ഫടികനിർമ്മലപുഷ്കരശീതളം
സ്ഫുടമരന്ദമധുരിതമാപ്പുരം

നഗരസീമയിലത്യന്തമാർത്തനായ്
നയനഹീനനൊരുവനിരുന്നതേ

ജനസമൂഹം നടന്നങ്ങണയവേ
പദവിന്യാസജവൈഖരീകേട്ടവൻ

പരിചിൽചോദിച്ചതാരെന്നു, സത്വരം
പരമനായകനെന്നറിഞ്ഞോതിനാൻ

"നൃപതി ദാവീദിൻ നന്ദനാ, യേശുവേ,
കരുണതോന്നണേ പാവമാമീയെന്നിൽ"

ഹൃദയമാർദ്രമായ് ശ്രീയേശുനാഥനു
"പറക ഞാനെന്തുചെയ്യേണ്ട"മെന്നോതി

"കരുണചെയ്യണം കാഴ്ചകിട്ടീടുവാ."
നിതുമട്ടോതിനാനന്ധനാ മാ മർത്ത്യൻ

തവ വിശ്വാസം സംരക്ഷിച്ചു നിന്നെ, നീ
ത്വരിതം പോക"യെന്നോതിത്തൻകൺതൊട്ടു

മിഴിതെളിഞ്ഞവൻ ശ്രീയേശുനാഥന്റെ
പിറകെ കൂട്ടത്തിൽ ചേർന്നു നടക്കയായ്

വഴിയിലൊക്കയും സർവ്വലോകേശനെ
വഴിപോലേററം പുകഴ്ത്തിയാ സന്തൃപ്തൻ

യറിഹോവാഖ്യമാം പട്ടണത്തിൽനിന്നും
ജറുശലേം തന്നിലേക്കുള്ള മാർഗ്ഗങ്ങൾ

പരമഭീകരം പ്രസ്തര സമ്പൂർണ്ണം
കൊടിയ തസ്കരന്മാരാൽസമാക്രാന്തം

കിഴമേലായി കിടന്നിരുന്നാക്കമ-
ന്നധികം ദുർഘടമാവഴി, തന്മൂലം

യറിഹോവിൽതന്നെ വിശ്രമിച്ചീടുവാൻ
തിരുവടിതന്റെ ചേതസ്സിലോർത്തുതെ.

## സക്കായിയുടെ പരിവത്തനം

യറിഹോതന്നിൽ പുരോഹിതന്മാരുമ-
ന്നധികം പ്രാമാണ്യമേറുന്ന മൂപ്പരും

മനുഷ്യരിൽനിന്നുചുങ്കംപിരിച്ചുകൊ
ണ്ടധിവസിച്ചാരതീവ ധനാഢ്യരായ്

കരമെടുപ്പോരിൽ മുമ്പനായങ്ങൊരു
മനുജൻ "സക്കായി"നാമൻ നിവസിച്ചു

പരമനാഥനെക്കാണുവാനാശിച്ചു
മരുവിനീണാളവൻ യറിഹോതന്നിൽ

ഉയരം തെല്ലുമില്ലാത്തവനാകയാൽ
ജനമദ്ധ്യസ്ഥനാം യേശുവേക്കണ്ടില്ല

തിരുവടിയുടെ രൂപംകണ്ടീടുവാ
നൊരു മരത്തിന്മേൽ ചെന്നു കരേറിനാൻ

മനുജനന്ദനനാവഴിപോയപ്പോ-
ളവനെ വൃക്ഷത്തിൻകൊമ്പിന്മേൽ കാൺകയായ്

"വരിക സക്കായി, ഞാൻ നിന്റെ ഗേഹത്തിൽ
വരികയാണിപ്പോൾ നിന്റെയതിഥിയായ്"

തറയിൽ വേഗമിറങ്ങി സക്കായിയും
നിജസദനത്തിൽക്കൊണ്ടുപോയീശനെ

പിറുപിറുത്താരാചാര്യന്മാരന്നേര-
"മിവനഹൊ മഹാപാപികൾ കൂട്ടാളി"

ഇതിനകം സക്കായുച്ചത്തിലോതിനാൻ
"സകലവുമിതാ കൈവിട്ടുഞാനിപ്പോൾ

പരമസാധുക്കൾക്കായി ഞാൻ നൽകുന്നു
മമധനം സർവ്വമിപ്പൊഴീവേളയിൽ

"ഇവനത്രെ സാക്ഷാലബ്രഹാമിൻ സുതൻ
ഇവനാലിന്നീഗൃഹം പാപമുക്തമായ്"

പരമനായകനേവമുരച്ചഥ
പരിചിൽ ജർശലേം പട്ടണം പ്രാപിച്ചു

പതിവുപോലൊരു ദൃഷ്ടാന്തമോതിനാൻ
പരമതത്വം പഠിപ്പിക്കുവാൻ തദാ

"ശ്രുതകുല ജാതനേകൻ, നൃപാലനായ്
നിജപുരത്തിൽത്തിരിച്ചു വന്നീടുവാൻ

പരജനപദപ്രാപ്തിക്കൊരുങ്ങവേ
ഭൃതകരിൽ പത്തുപേരേ വിളിച്ചുതെ

കനകനാണയം പത്തു വീതിച്ചേകി
പരിചിലിങ്ങനെ കൽപ്പിച്ചരുളിനാൻ

"ത്വരിതം നിങ്ങൾപോയ് വ്യാപാരം ചെയ്യുവിൻ
അധികം താമസിക്കാതെ ഞാൻ വന്നിടാം"

നരവരസ്ഥാനം പ്രാപിച്ചാ മാനവൻ
തിരികെ വന്നു വിളിച്ചു സ്വ ഭൃത്യരെ

കരഗതമായ നാണയം കൊണ്ടവർ
ധനമുണ്ടാക്കി, യെന്നാലൊരു മാനവൻ

നരവരനോടു ചൊന്നാൻ," നീ തന്നതു
തുണിയിൽ കെട്ടിഞാൻ വച്ചിരിക്കുന്നതേ

സുദൃഢം നീ വിതയ്ക്കാത്തതു കൊയ്യുന്ന
കഠിന മാനസനെന്നറിയുന്നു ഞാൻ"

ഉടനെ ഭൂപനാദാസന്നു നൽകിയ
കനകനാണയം വീണ്ടെടുത്തിട്ടതു

കഠിനയത്നത്താൽ വർദ്ധിതവിത്തനായ്—
പ്പരിണമിച്ചോനെൻറ കൈകളിലേല്പിച്ചാൻ.

അതിനുശേഷം ബഥാന്യയിൽ മാത്തതൻ
ഭവനത്തിൽ ചെന്നുചേന്നു നരസുതൻ

അവിടെ നല്ലവിരുന്നൊന്നുഘോഷിച്ചു
വിമലൻ ശ്രീയേശു പങ്കുകൊണ്ടായതിൽ

മറിയ സൗരഭംചേരുന്നൊരെണ്ണയാ
തിരുവടിയുടെ ശീർഷത്തിൽ വർഷിച്ചു

തലമുടികൊണ്ടു പാദം തുടയ്ക്കവേ
പരിമളം ഗൃഹമെങ്ങും പരന്നതേ.

മടിയെഴാതുടനോതി യൂദാ തദാ
വെറുതെയെന്തിന്നു തൈലം കളയുന്നു;

സുരഭിലമാകുമീത്തൈലം വിററിട്ടു
കരഗതധനം സാധുക്കൾക്കേകേണം"

ജഗദധിപനരുളി, "നീയെന്തിനീ-
വനിതയേക്കുറിച്ചീവിധമോതുന്നു.

മയിപരം ഭക്തിവർദ്ധിക്ക കാരണ-
മവളനുഷ്ഠിപ്പതുത്തമമാംകൃതി

സതതമുണ്ടല്ലോ സാധുക്കൾ കൂടവേ;
സവിധത്തിൽച്ചിരം ഞാൻ നിവസിക്കുമോ

ഇതു മമ ദേഹസംസ്കാരത്തിൻ മുമ്പു
വഴിയേ ചെയ്യൊരു കൃത്യമെന്നോർക്കുക"

ജഗദീശൻ തൻെറ വാക്യങ്ങളേററവും
വിരസമായ് തോന്നി യൂദായിക്കന്നേരം.

കർമ്മകാണ്ഡം സമാപ്തം

# വിശ്വദീപം

## മഹാകാവ്യം

## ത്യാഗകാണ്ഡം

### യേശുവിന്റെ യരുശലേംപ്രവേശം

സഞ്ചാരമാരംഭിച്ചു സപ്തഘോടകാകൃഷ്ട-
സൗവർണ്ണ ശതാങ്ഗത്തിൽ സാഘോഷം ദിവസ്പതി

സുപ്രസന്നമായ്ത്തീർന്നു ഭൂതലം പതംഗൗഘ-
ശബ്ദകോലാഹലത്താൽ നിറഞ്ഞു നഭസ്ഥലം.

പാപാന്ധകാരധ്വംസനോത്സുകൻ നരാത്മജൻ
പാരാതെ ബഥാന്യയിൽനിന്നുമങ്ങെഴുന്നള്ളി

ഖർജ്ജൂരവൃക്ഷാരാമം കടന്നു ബേത്ഫാഗയേ
സജ്ജനസമാരാധ്യൻ സാമോദം സമീപിച്ചു.

സ്വാനുയായികളായ രണ്ടു ശിഷ്യരേത്തദാ
സ്വാരാജ്യനാഥൻ ചാരേവിളിച്ചോതിനാനേവം

"സമ്മുഖസ്ഥമാം ഗ്രാമം പ്രാപിപ്പിൻ, പ്രിയപ്പെട്ട
ശിഷ്യരേ, കാണാം നിങ്ങൾക്കങ്ങൊരുഗർദ്ദഭത്തെ

മർത്ത്യരാലനാരൂഢമായൊരാ മൃഗത്തെ,ത്തൽ-
ബന്ധനമഴിച്ചിങ്ങോട്ടാനയിക്കുക വേഗം

കാരണമാരെങ്കിലും നിങ്ങളോടാരായുകിൽ
കാര്യമുണ്ടിതിനേക്കൊണ്ടാചാര്യനെന്നോതേണം."

ദേശികൻ കല്പിച്ചപോലൊക്കയും സംഭവിച്ചു
രാസഭസമന്വിതം വന്നെത്തി ശിഷ്യന്മാരും.

കഴുതപ്പുറത്തീശൻ കയറീ, ജനാവലി
കരയും കവിഞ്ഞേറും കടലെന്നപോലായി

മാർഗ്ഗപാർശ്വത്തിൽ നിന്നവൃക്ഷങ്ങൾ, ജഗന്നാഥ-
മൂർദ്ധാവിൽ നിരന്തരം വർഷിച്ചു സുമമാൽക്കരം.

വയലിൽത്തൃണം തിന്നു നിന്ന ഗോവൃന്ദം ശിര-
സ്സുയർത്തിപ്പാഞ്ഞടുത്തു ക്രിസ്തുവിൻ സവിധത്തിൽ

കരുണാകരൻ മുദാ രാസഭോപരി വാഴ്‌കേ
പരിചിൽ സ്വശിഷ്യന്മാർപ്പിടിച്ചാർ കടിഞ്ഞാണിൽ.

വിരിച്ചു, വെള്ളവസ്ത്രം, പട്ടിളം വസ്ത്രജാലം
വിതറീ വഴിനീളെക്കൂടിയ നരകുലം

മുത്തുമത്യുത്സാഹവും വർദ്ധിച്ചു മഹാജനം
കീർത്തനം കണ്ഠം തുറന്നുച്ചത്തിലാലപിച്ചു.

"സഹർഷമുല്ലസിപ്പിൻ സീയോൻ നന്ദിനിമാരേ,
സഹർഷമുൽഘോഷിപ്പിൻ ജർസ്സലേംപുത്രിമാരേ,

ഭാവൽക്കമഹീപതി, ഭാസുരഗുണനിധി
ഭവ്യവിഗ്രഹനിതാ ഗർദ്ദഭാരൂഢനായി

കണ്ടാലും വരുന്നുവെന്നുള്ള സുപ്രവചനം
കർമ്മരൂപമായ്ക്കണ്ണാൽ കാണുവാനിടവന്നു.

സാഘോഷമിസ്രയേലിൻ ഭൂപനാഗമിക്കുന്നു.
സന്തതം ദാവീദിൻെറ നന്ദനൻ ജയിക്കട്ടെ.

വിജയിക്കട്ടെ നാകലോകത്തിൽ ദാവീദിൻെറ
തനയൻ, മഹാദിവ്യസാർവ്വഭൗമൻ നിതാന്തം

കർത്തൃനാമധേയത്തിൽ സാനന്ദമെഴുന്നള്ളും
പാർത്ഥിവനഖിലാണ്ഡസംസ്തുതൻ നിരന്തരം

സാമ്രാജ്യം പിടിക്കുവാനായിരുന്നില്ലാ യാത്ര
സ്വാതന്ത്ര്യം നാട്ടാർക്കെല്ലാമേകാനായിരുന്നില്ലാ

സംഗ്രാമഹയത്തിന്മേൽ സഞ്ചരിക്കാതെ സത്യ-
സംഗ്രാമധീരൻ വെറും കഴുതപ്പുറത്തേറി

ശ്യാമളക്ഷേത്രം കടന്നൊലിവിൻശൈലമേറി
ശ്രീമയൻ വടക്കോട്ടു തന്മുഖം തിരിക്കവേ

കാണായി, ശൈലരൂപപ്രതിബന്ധങ്ങളെന്യേ
പുണ്യമാം ജറൂശലേം പള്ളിയും മതിൽക്കെട്ടും

സോളമൻപണിയിച്ച ദേവമന്ദിരത്തിൻെറ
സുന്ദരോത്തുംഗനാനാവർണ്ണ ഗോപുരപാളി

ബാലഭാസ്ക്കര ബിംബച്ചെങ്കതിർക്കുലംതട്ടി
ചാലവേ സഹസ്രാക്ഷപ്രതീതിജനിപ്പിച്ചു

പൊന്നുഷസ്സിലെപ്പൂർവ്വവിണ്ടലംപോലേ ദേവ-
മന്ദിരത്തിൻെറ മട്ടുപ്പാവുകൾ പ്രകാശിച്ചു.

കരിങ്കല്ലിനേക്കാളും കാഠിന്യംകലർന്നുള്ള
കരളാർന്നവർപോലുമാ ദേവഗേഹംകണ്ടു

വർണ്ണിക്കാൻ വാക്കില്ലാതെ സംഭ്രാന്തമനസ്കരായ്
നിന്നിട്ടുണ്ടാവാം നേരംപൊയ്പോയതറിയാതെ

മോടികൂടിട്ടമതിൻ കാന്തിയിൽ മിഴിമങ്ങി
ഘോടകാരൂഢന്മാരും നിർത്തിയിട്ടുണ്ടാം യാത്ര.

ലോകവിശ്രുതിപൂണ്ടോരത്ഭുതവസ്തുക്കളി-
ലേകമജ്ജറൂശലേമെന്നെണ്ണീ ജനലക്ഷം.

വർദ്ധിതപ്രഭാവങ്ങളിമ്മട്ടിലെഴും ദേവ-
മന്ദിരം സന്ദർശിക്കേ വന്ദിതൻ സന്തപ്തനായ്.

ദീനവത്സലൻ ലാസർതൻ ശവകോടത്തിന്റെ
മുന്നിലായ് കണ്ണീർക്കണം തൂവുകയായിരുന്നു

മംഗളസ്വരൂപൻ തൻമന്ദിരംകണ്ടു, ശോകം
തിങ്ങി, വാവിട്ടു ഹന്ത കേണുപോയറിയാതെ

വൈരികളുടെരുഷ്ടവീക്ഷണ ശൂലങ്ങളും
ക്രൂരമാം പരിഹാസവാങ്മയശരങ്ങളും

കേവലമൊരു മന്ദഹാസംകൊണ്ടെതിർക്കുന്ന
ജീവകാരുണ്യമൂർത്തിക്കാത്മമന്ദിരം കാൺകേ

മാനസംപൊടിഞ്ഞുപോയ് കണ്ഠനാളത്തിൽശബ്ദം
മന്ദിച്ചു;മനസ്സിലായ് ദേവഗേഹത്തിൻഭാവി

തൻപ്രിയ താതഗേഹം പാപികളുടെ പാദ-
ധൂളിയായ്പ്പോമെന്നോർത്തു തമ്പുരാൻ വിലപിച്ചു

"മാമക ജനകന്റെ ഗേഹമേ തമസ്സിന്നു
താമസിക്കുവാനുള്ള ഗുഹയായ്ത്തീർത്താനിന്നേ.

നിന്നുടെ ജഗദ്പ്രൗഢിയാകിയ ശൈലത്തിന്റെ
പിന്നിലായ്മറഞ്ഞല്ലോ ശാന്തിതന്നിളംകാന്തി

നിന്നിലേക്കണവോനേ നീയറിയായ്കമൂലം
നിന്നരാതികൾ നിന്റെ ചുററിലും കോട്ടകെട്ടി

നിന്നെയും നിന്നിലുള്ള നിന്നുടെ മക്കളെയും
നിർദ്ദയം വൈരിവർഗ്ഗം തള്ളിയിട്ടില്ലേ താഴെ.

വന്നിടും കല്ലിൻമീതെകല്ലുശേഷിക്കാതുള്ള
ഖിന്നമാമൊരുകാലം നിനക്കു നികേതമേ"

ക്രിസ്തുവിൻ വിലപനധ്വാന സേതുവിനാലേ
സത്വരം ഘോഷയാത്രാ സരിത്തിൻഗതിനിന്നു

ഒലിവുശൈലത്തിന്റെ ചരിവിങ്കലും, കെദ്രോൻ
മലതൻ ചുവട്ടിലും ജർസ്സലേം പ്രാന്തത്തിലും

തിങ്ങിനിന്നൊരുജനം നിസ്വനാം ക്രിസ്തുവിന്റെ
മംഗളഘോഷയാത്രകണ്ടു കൗതുകംപൂണ്ടു.

ശാഖികളുടെ ചില്ലിമാർഗ്ഗത്തിൽ ചിതറിയും
താലത്തിൻ കുരുത്തോല കൈക്കൊടിയായ്പ്പിടിച്ചും

കുല്യകൾ മഹാനദിയോടൊത്തുചേരുംപോലെ
സോല്ലാസം മഹോത്സവലീനരായെല്ലാവരും

ഗൈരികസരിൽപ്രാന്തം സാദരം സ്വീകരിപ്പാൻ
വാരിധിയിങ്കൽനിന്നും തുംഗമാം തരംഗങ്ങൾ

സാനന്ദം ഭേരീനാദം മുഴക്കിത്തരംഗിണി
തന്നിലേക്കാഞ്ഞുപാഞ്ഞു കുതിച്ചുകേറുംപോലെ

ബഥനിഗ്രാമംവിട്ടു കഴുതപ്പുറത്തേറി
പ്രതിബന്ധങ്ങളെന്യേ ചെന്നെത്തും നൃപേന്ദ്രനെ

സ്വീകരിക്കുവാനായിജ്ജെർശലേംപുരത്തിൽനി-
ന്നേകാഗ്രമനസ്കരായ്ത്തൽപ്രാന്തംപൂകീജനം

ലക്ഷോപലക്ഷം മർത്ത്യസഞ്ചയത്തിൻ മദ്ധ്യത്തിൽ
ഋക്ഷമദ്ധ്യസ്ഥനാകും ശാരദശശിപോലെ

ലോകൈക ചക്രവർത്തി, നാകേശപ്രിയസുതൻ
സദ്ഗുണനിധിമന്ദമെഴുന്നള്ളീടുംനേരം

വാനിടംഭേദിക്കുമാറുള്ള ഭാവുകാശംസാ-
ധ്വാനങ്ങൾ വീണ്ടും വീണ്ടും മുഴങ്ങിക്കൊണ്ടിരുന്നു.

അമ്മഹാ ജനാബ്ധിയിലങ്ങിങ്ങു പൊങ്ങിനിന്ന
ദാംഭികന്മാരാം ചില നക്രങ്ങൾ മദോന്മത്തർ.

തെല്ലുമേ സഹിച്ചതില്ലാ ഹിംസ്രജന്തുക്കൾക്കാ-
പ്രോല്ലസൽഘോഷയാത്രാപ്രൗഢിയും സംഗീതവും

ഓതിനാരിതെന്തൊരു ജൈത്രയാത്രയാണിതി-
ലെന്തൊരു മഹാരവം നൃപനേ വാഴിക്കയോ?

വീരനാം ഹേരോദാവും കൈസറുമിരിക്കുമ്പോൾ
പാരിന്നുവേറെവേണോ ഭൂമിപനാലോചിച്ചാൽ

നിർത്തുവാൻ പറയേണമിവരോടാർപ്പും കൂത്തും
സത്വരമേവമെല്ലാം ഗുരുനാഥനോടായി

പാരുഷ്യംകലർന്നൊരാവാക്കുകളുൾക്കൊണ്ടൊരു
സാരമെന്തെന്നറിഞ്ഞു കല്പിച്ചാനന്തര്യാമി.

"മാനവർ മൗനംപൂണ്ടാലീക്കാണും ശിലാഖണ്ഡ-
വൃന്ദങ്ങൾ മുഴക്കീടും വിജയാശംസാഗാനം"

ശ്രീയേശുദേവൻ തൻെറ രാജകീയമാം യാത്ര
ശ്രീയെഴും ജറൂശലേം പത്തനംപ്രാപിക്കവേ

നഗരം വികാരത്താലിളകീ, കൊടുങ്കാറ്റാൽ
നഗസഞ്ചയംതിങ്ങും കാനനമെന്നപോലെ

ആരീതാരിതെന്നോരോ മർത്ത്യനും പരസ്പരം
പാരമത്ഭുതംപൂണ്ടു ചോദിക്കാനാരംഭിച്ചു

"നാസ്റേത്തെന്നുള്ളൊരാഗ്രാമത്തിലുളവായ
നൂതനപ്രവാചകനെന്നരുളിനാർ ചിലർ"

"ശൂശാന"നാമംചേരും ഗോപുരത്തിൻെറ മുമ്പിൽ
യേശുവിൻജൈത്രയാത്രചെന്നുശാന്തമായ് നിന്നു

ഗോപുരംകടന്നേറി താതഗേഹത്തിൽമന്ദം
പാപഹീനനാം മർത്ത്യനന്ദനൻ മനോഹരൻ

ചുററിലും കണ്ണോടിക്കെക്കൊററനാടുകളേയും
വിററഴിക്കുവാനുള്ള കാളകളേയും കണ്ടാൻ

പ്രാവിനെ വിൽക്കുന്നോരും നാണയം മാററുന്നോരും
ദേവാലയത്തിനുള്ളിൽ വാഴ്‌വതും ദേവൻകണ്ടു.

തുടുത്തുതിരുമുഖം കലങ്ങി തൃക്കണ്ണുക-
ളെടുത്തു ധർമ്മധീരൻ ചമ്മട്ടി വലംകയ്യിൽ

അടിച്ചാൻ മൃഗങ്ങളെപ്പുറത്തീ ഖഗങ്ങളെ-
പ്പിടിച്ചു മറിച്ചിട്ടു നാണയപീഠങ്ങളെ

വ്യാപാരികളെയെല്ലാമോടിച്ചു, തിളച്ചേരം
കോപംപൂണ്ടത്യുച്ചത്തിലോതിനാൻ നാഥനേവം

"പ്രാർത്ഥനാലയമത്രേ മാമകാലയം, നിങ്ങൾ
തീർത്തിന്നീനികേതത്തെത്തസ്കരഗുഹയാക്കി"

മഥനംപൂണ്ടേതോമഹാശക്തി ബന്ധിക്കമൂലം
മൂന്നുലക്ഷത്തിൽപ്പരം യൂദന്മാർ നിലകൊണ്ടാർ

ശാസ്ത്രിമാർ, പരീശന്മാർ, യാഹൂദപുരോഹിത-
രാദിയായവർനിന്നു വിറച്ചൂ വിരോധത്താൽ

ധ്യാനലീനനായ് നിന്നാൻ ശാന്തമാമൊരിടത്തിൽ
മാനവേന്ദ്രൻപ്രാപിച്ചു പിന്നീടു ബഥാന്യയെ

## ശപ്തവൃക്ഷം

വസിച്ചാൻ ബഥാന്യയിലന്നുരാത്രിയിൽഗ്ഗുരു–
വരൻ, തന്നാത്മശിഷ്യന്മാരുമൊന്നിച്ചു ശാന്തം

പിറേറന്നു വിഭാതത്തിൽ പിന്നെയും ജറുശലേം
പത്തനംനോക്കിപ്പുറപ്പെട്ടുപോയ് മഹാചാര്യൻ

മാർഗ്ഗമദ്ധ്യത്തിൽവച്ചു വിശന്നങ്ങുപവാസ
മാർഗ്ഗങ്ങൾ മനുഷ്യർക്കുകാട്ടിയ മുനിക്കോററം

പാർശ്വത്തിലപ്പോളൊരു തുംഗമാമത്തിവൃക്ഷം
ദർശിച്ചാനതിൻചോട്ടിൽ സത്വരംചെന്നണഞ്ഞു

കൊമ്പുകൾതോറും മന്ദംപരന്നു തൃക്കണ്ണാകും
കോമളക്കരിങ്കയിൽ പക്വമാം ഫലം നോക്കി.

വാക്കിലും വേഷത്തിലും ഭക്തനായ് നടിക്കുന്ന,
മുഷ്കനാം പരീശൻെറ മട്ടാർന്നൊരാദ്രുമത്തിൽ

കണ്ടില്ലാ ഫലമൊന്നും, പത്രങ്ങളഹങ്കാരം
പൂണ്ടുനർത്തനംചെയ്തു തെളിഞ്ഞു തിങ്ങിനിന്നു

വാനിടത്തിങ്കൽനിന്നും മന്നയെപ്പൊഴിപ്പോനെ
മാനിക്കാതത്തിവൃക്ഷം നിൽപ്പതുകണ്ടപ്പോഴെ

തന്തിരുവുള്ളത്തിങ്കൽ കോപത്തീ കത്തിക്കാളി
സത്വരം വാഗ്രൂപത്തിൽ കുതിച്ചു പുറത്തേക്കു

"നിർഗ്ഗുണമായൊരത്തിവൃക്ഷമേ, മേലാലെങ്ങും
നിന്നിൽവന്നുളവാകാതാകട്ടെ ഫലമൊന്നും"

മൃത്യുഞ്ജയൻെറ ശാപവാക്കായ തീയേററന്നാ
വൃഥവീരുഹത്തിൻ ദേഹമാപാദം നീറിപ്പോയി

കൊടുങ്കാററിനെത്തൻെറ വാക്കിനാലടക്കിയാ-
കടലിൻകയ്യേററാതെത്തടഞ്ഞ കർത്താവിൻെറ

ശക്തിയും ന്യഗ്രോധത്തിൻ നാശവുംകണ്ടുപാരം
ഭീതിയുമാശ്ചര്യവും ശിഷ്യന്മാർക്കുളവായി

"വിശ്വാസമുണ്ടെന്നാകിൽ നിങ്ങൾക്കുമിതുസാധ്യം
സംശയിക്കേണ്ടാ നിങ്ങൾ" കല്പിച്ചാൻ തപോനിധി

"വിശ്വാസഭരിതരായ് നിങ്ങളീമലയോടു
വിഭ്രംതംസമുദ്രത്തിൽ വീഴുവാനാജ്ഞാപിക്ക,

തുംഗശൃംഗധരംചെന്നുപതിക്കും സമുദ്രത്തിൽ
നിങ്ങൾക്കു ലഭിച്ചീടും ചോദിപ്പതഖിലവും"

## ശത്രുവലയം

ഗോകുലനികേതത്തിൽ ജനിച്ചോൻ ദേവാലയ-
ഗോപുരത്തിങ്കൽച്ചെന്നു തെല്ലൊരുനേരംനിന്നു

വാണിജരുടെക്കൂട്ടം മതിലിൻപുറത്തായി-
സ്ഥാനങ്ങളുറപ്പിച്ചു തുടർന്നു വ്യാപാരങ്ങൾ

ദേവാലയാന്തർഭാഗമെങ്കിലും പലവിധാ-
രാവത്താലശാന്തമാം നില കൈക്കൊണ്ടിരുന്നു.

"സത്യസന്ധന്മാരായ തസ്"ക്കര"ന്മാരേപ്പററി
കർത്താവു കല്പിച്ചോരു ശാസനാവചസ്സുകൾ

പട്ടണമൊട്ടുക്കന്നു കൊടുങ്കാററുളവാക്കി
കോട്ടകൊത്തളങ്ങൾക്കും കുലുക്കം സംഭവിച്ചു

തമസ്സിൻവൈരി പാരിൽ വന്നെത്തുംമുമ്പേതന്നെ
തരത്തിൽത്തപ്പിത്തപ്പിപ്പള്ളിയിൽ ജനംകൂടി

രോമവസ്ത്രങ്ങൾ നെയ്‌വോർ, വസ്ത്രത്തിൽ ചായംചേർപ്പോർ
ചെമ്മാന്മാർ, മരപ്പണിചെയ്യുവോർ, ചുമട്ടുകാർ

പുറജാതിക്കാർ, നാനാരോഗബാധിതരായോർ
വെറുതേ "പിച്ച"തെണ്ടിക്കാലയാപനംചെയ്‌വോർ

തീർത്ഥയാത്രക്കാർ, സാക്ഷാൽ ഭക്തന്മാരെന്നിങ്ങനെ
മർത്ത്യവർഗ്ഗത്തിൽപ്പെട്ടോരേവരുമവിടെത്തി.

പരീശന്മാരും വേദശാസ്ത്ര പണ്ഡിതന്മാരും
ഗുരുവര്യന്മാരെന്നുനടിക്കും ശാസ്ത്രിമാരും

സന്നദ്രീംസംഘാംഗങ്ങളാചാര്യപ്രമുഖന്മാ-
രുന്നതകുലോത്ഭവരെന്നഹങ്കരിപ്പോരും

പ്രാജ്യശ്രീകാണിക്കുന്ന വസ്ത്രാലംകാരത്തോടും
പ്രാഭവംസൂചിപ്പിക്കും വിസ്തൃത വക്ഷസ്സോടും

ഭയത്തെജ്ജനിപ്പിക്കും ഗംഭീരനോട്ടത്തോടും
ഭയവും സങ്കോചവും തീണ്ടാത്ത ഭാവത്തോടും

ദൈവത്തിൻകാര്യദർശിമാരെന്ന നാട്യത്തോടും
ദേവാലയത്തിൽത്തക്കംപാർത്തു വന്നൊത്തുകൂടി.

മുന്നമങ്ങണഞ്ഞുള്ള പാവങ്ങളിക്കൂട്ടരേ
മുന്നിലായ്ക്കണ്ടെണീറ്റ നേർവഴിവിട്ടുമാറി.

ദുരഭിമാനം മഹാകപടഭക്തിയെന്നീ-
ഖരകിങ്കരന്മാരാൽ പരിസേവിതരായി

വരുമാ പ്രമുഖന്മാർക്കുടയ നിലയങ്കി
തനുവാൽ സ്പർശിച്ചിട്ടും മലിനപ്പെടുത്താതെ

സാധുക്കളഖിലരും പതുങ്ങിയും ഞെരുങ്ങിയും
സാദരം പിന്നിലേക്കു പെട്ടെന്നുതാനേ നീങ്ങി

നിയമവിശാരദന്മാരായ സാദ്ദൂക്യരും
നിയമംതന്നേ ദൈവമെന്നോർക്കും പരീശരും

പ്രാഭവംപേറി ക്രിസ്തുദേവന്റെ ചുററുംകൂടി
പ്രാതികൂല്യത്തിൻകോട്ടകെട്ടുവാൻ വട്ടംകൂട്ടി

ദീർഘകാലമായവർ കാണുവാൻ പ്രതീക്ഷിച്ച
ദേവനന്ദനൻതന്റെ കാന്തിയും ദിവ്യത്വവും

ശ്രീയേശുവിങ്കലന്നു കാണുവാനവർക്കേതു-
മായില്ല. കണ്ണിൽ ക്രൂരതിമിരം ബാധിക്കയാൽ

"നീയെന്തധികാരംകൊണ്ടിതുചെയ്തീടുന്നു
നീയാരാലാജ്ഞപ്തനാ"ണെന്നു ചോദിച്ചാരവർ

വമ്പിച്ചജനക്കൂട്ടം "ഹോശന്നാ"പാടീടവേ
വാഹനമൃഗമേറിജ്ജർസ്സലേംപുരിപൂകാൻ

ശാസ്ത്രിമാരായുള്ളോർക്കും ദിവ്യപ്രവാചകർക്കും
മാത്രമായിരുന്നു സമ്പൂർണ്ണമാമധികാരം

ആപ്പരമാധികാരമാശാരിയുടെ പുത്ര-
നപ്പാടേ കൈക്കൊണ്ടതുധിക്കാരമല്ലാതെന്തേ?

കാരണമിതുമാത്രമായിരുന്നഖിലാണ്ഡ-
കാരണഭൂതനോടു ചോദ്യങ്ങൾ ചോദിക്കുവാൻ

കൂസലെന്നിയേ ക്രിസ്തുദേവനന്നേരം തത്ര
കൂടിയ വീരന്മാരോടിങ്ങനെ ചോദിച്ചുതേ.

"മർത്ത്യരെ ജ്ഞാനസ്നാനം ചെയ്യിക്കാൻ യോഹന്നാനാ-
മൃന്തമാചാര്യനെങ്ങുനിന്നധികാരംകിട്ടി?

നാകത്തിൽനിന്നോ, വെറും മർത്ത്യരിൽനിന്നോതെല്ലം
തർക്കമെന്നിയേ നിങ്ങളുത്തരം പറയേണം"

അപ്രതീക്ഷിതമായ ചോദ്യംകേട്ടവർ ഞെട്ടി
ക്ഷിപ്രമാശ്ശാസ്ത്രിമാരെക്കൈവിട്ടുതർക്കശാസ്ത്രം

യോഹന്നാൻ പ്രവാചകവര്യനെന്നാരേക്കാളും
യേശുനാഥനാണംഗീകരിച്ചതാക്കാലത്തിൽ

ശാസ്ത്രിമാരതുമൂലം ക്രിസ്തുവിൻചോദ്യംകേട്ട
ചിത്തത്തിലെന്തോഭീതികൈക്കൊണ്ടു മൗനംപൂണ്ടു

സ്വർഗ്ഗലോകത്തിൽനിന്നാണുത്തമൻ യോഹന്നാൻതൻ
സ്നാനമെന്നരുളുവാനവർക്കുമടിതോന്നി.

മർത്ത്യരിൽനിന്നാണെന്നുചൊല്ലാനും ഭയപ്പെട്ടു
മർത്ത്യരായോഹന്നാനേ വിശ്വസിക്കുകയാലേ,

ഇസ്രയേൽകുലത്തിൻെറ ദേശികന്മാരാമവർ
നിശ്ശങ്കമോതി "ഞങ്ങൾക്കുത്തരമേകാനാകാ."

ന്യായപ്രമാണത്തിൻെറ ഭാഷ്യകാരന്മാർ, വേദ-
നായകപ്രമാണികൾ ചരിത്രവിശാരദർ

പുരാണകഥാവലീസാരജ്ഞരവരിതാ-
പരാജയത്തിൻഭാരംകൊണ്ടു താഴ്ത്തുന്നു ശീർഷം.

പൂങ്കുയിലിൻെറനേർക്കു പായിച്ച നിശിതാസ്ത്രം
ലാക്കുവിട്ടഥതെററി വില്ലാളിക്കേൽക്കുംപോലെ

കാപട്യംനിറഞ്ഞോരാക്കൂട്ടർ ചോദിച്ച ചോദ്യം
രൂപഭേദംകൈക്കൊണ്ടാക്കൂട്ടരോടേററമുട്ടി

കൽപ്പിച്ചാൻ നാഥൻ "നിങ്ങൾക്കുത്തരം നൽകീടുവാൻ
കെൽപ്പില്ലെന്നാകിൽ ഞാനുമുത്തരമോതുന്നീല."

ശാസ്ത്രിമാർ നാണംപൂണ്ടു പിന്നിലേക്കല്പ്പമാറി
ക്രിസ്തുദേവൻ തുടർന്നു സാരമാമുപദേശം.

## കൎത്തവ്യം

സന്നതശീലൻ തൻെറ ശിഷ്യരുമൊരുമിച്ചു
പിന്നത്തെ പ്രഭാതത്തിൽ നിദ്രവിട്ടെഴുന്നേററു.

സന്നദ്ധീംസംഘത്തെത്തൻ സാന്നിദ്ധ്യമരീചിയാൽ
മിന്നുമാറാക്കാൻ യാത്രതിരിച്ചു സുധീരനായ്

ശത്രുസംഘം നിറഞ്ഞ ദേവമന്ദിരത്തിലെ
ചത്വരം തന്നിൽ മേരീനന്ദനൻ പ്രവേശിച്ചു

രാജാധിരാജദ്വേഷാഭിഖ്യമാമപരാധം
രാജാധിരാജാക്കൾക്കും വന്ദ്യനാം മിശിഹായിൽ

മുദ്രിതമാക്കാൻ കാപ്പ്യം ധരിച്ചുതത്രവാണ
മൂർഖബുദ്ധികളായ മുഖ്യരാം പരീശന്മാർ

താരുണ്യംതഴച്ചേരം പണ്ഡിതമ്മന്യന്മാരേ
പാരാതെ നിയോഗിച്ചു ഗുരുവിൻ നികടത്തിൽ.

കാൎയ്യങ്ങളറിയുവാനുണ്ടു കൗതുകമുള്ളി-
ലേറെയെന്നാരും മാനിച്ചീടുന്ന ഭാവംപൂണ്ടു്

നമ്രശീർഷരായ്നിന്നു ചോദിച്ചാർ യുവാക്കന്മാർ
നിൎമ്മല ചരിതനാമിമ്മാനുവേലോടേവം.

"സൽഗുരോ ഭവാൻ സൎവ്വവേദാന്തനിധിയല്ലോ
സാരോപദേശരത്നം വിളയും ഖനിയല്ലോ.

നിന്തിരുവടിനിത്യം നിർദ്ദേശിച്ചരുളുന്ന
പദ്ധതി ഞങ്ങൾക്കെല്ലാം മോക്ഷദായകമല്ലോ.

സംശയം പലതുണ്ടുഞങ്ങൾക്കു ചിലതെല്ലാം
സാനന്ദമവിടുന്നുനീക്കണം കൃപാകരാ;

നീതിശാസ്ത്രത്തിൻ ദിവ്യമൂർത്തിയാം മഹാത്മാവേ,
നീതിയോകരം കൈസർക്കേകുന്നത്ഞോതേണം.

മാനവാത്മാവിൽനിന്നു ഭൂതത്തെപ്പുറത്താക്കി
മന്നിടംപരിപൂതമാക്കുവാൻ വന്നനാഥൻ

ഗ്രഹിച്ചാനവരുടേകൗടില്യം നിഖിലവും
സഹസാചൊന്നാനൊരു നാണയംകാണിക്കുവാൻ.

സത്വരംയുവാവേകൻ പള്ളിതന്നുള്ളിൽനിന്നും
മാറത്തേക്കോടിച്ചാടിക്കടന്നു മതിൽക്കെട്ടും.

വീഥിയിൽ പ്പണംവിൽക്കും വർത്തകനോടു റോമ്യ
മുദ്രയുള്ളൊരുനിഷ്കം വാങ്ങിച്ചുവില നൽകി.

കന്യകാസുതൻ നിൽക്കുമിടത്തേക്കവൻ വന്നു
കാണിച്ചുപടിഞ്ഞാറൻ നാണയം നാണംവിനാ.

"ഓതുവിനതിൽക്കാണും മുദ്രയും മേലെഴുത്തു-
മേതുഭൂപതിയുടേതെന്നു കൽപ്പിച്ചാൻ നാഥൻ

റോമാധികാരിയാകും കൈസർക്കുള്ളതെന്നവർ
താമസിയാതെതന്നെ നൽകിനാർ പ്രത്യുത്തരം

"കൈസർക്കു നൽകേണ്ടതു കൈസർക്കും" കർത്താവുര-
ച്ചീശന്നുനൽകാനുള്ളതീശന്നും നൽകീടേണം"

ധരിത്രീപതിദ്വേഷം കേൾക്കുവാൻ കാത്തിരുന്ന
നരന്മാരതുകേട്ടുനാണിച്ചു മുഖം താഴ്ത്തി.

## പരകാലവ്യവസ്ഥിതി

പുനരുത്ഥാനമില്ലെന്നോതിടും സംസത്തിലെ-
പ്പുരുഷന്മാരിൽച്ചിലർ ചോദിച്ചാരനന്തരം

"വിവാഹം കഴിച്ചിട്ടു സന്താന വിഹീനരായ്
ഭുവനംവെടിഞ്ഞിടും പൂരുഷനൊരുവൻെറ

കാന്തയെസ്സഹോദരൻ സദയം സ്വീകരിച്ചു
സന്തതിപ്രദായകനാകേണമെന്നുണ്ടല്ലോ

സപ്തസോദരന്മാരുണ്ടായിരുന്നൊരു വീട്ടിൽ
സന്തൃപ്തരവരൈക്യം പുലർത്തിത്തത്രവാണു

താരുണ്യംതികഞ്ഞപ്പോളഗ്രജനൊരുമാന്യ-
തനയിയെ വേട്ടശേഷം മൃതനായ് സുതരെന്യേ.

രണ്ടാമനവളേത്തൻ ഭാൎയ്യയായ്ക്കൈക്കൊണ്ടിട്ടു
വിണ്ടലംപൂകീ താതനാമത്തിന്നനർഹനായ്

സോദരരേഴപേരുമേവമാവധൂടിയേ-
സ്വീകരിച്ചനപത്യരായി ഭൂതലംവിട്ടു.

മരിച്ചാളവസാനമാക്കുലവനിതയും
ധരിത്രീതലംതന്നിൽ മക്കളെപ്പെററീടാതെ

മഹിമാവേലും പുനരുത്ഥാനസമയത്തിൽ
മഹിളാമണിയവളാൎക്കു ഭാൎയ്യയായ്ത്തീരും?"

ഭൂതഭാവികൾ നാകലോകങ്ങളിവയന്ത-
ന്നേത്രത്താൽ ദർശിക്കുന്ന വേദാന്തപ്രകാശകൻ

സാദ്ദൂക്യരുടെ ചോദ്യംകേട്ടു സംഭ്രമിക്കാതെ
സാരാൎത്ഥഭരിതമാമുത്തരമേവം നൽകി.

"വേദവും വേദാന്തവുമീശ്വരപ്രഭാവവു-
മേതുമേ ധരിക്കായ്കകൊണ്ടു തെററുന്നു നിങ്ങൾ.

വിവാഹം കഴിക്കുന്നു ഭൂതലനിവാസികൾ
വിവാഹത്തിനായ് നാരീമണിയേക്കൊടുക്കുന്നു

മൃതരിൽനിന്നുമുള്ള പുനരുത്ഥാനത്തിന്നും
മഹത്വം പരം ചേരും സ്വർഗ്ഗീയലോകത്തിന്നും

കില്ലെഴാതർഹരായ പുണ്യവാന്മാരിലാരും"
കല്യാണം കഴിക്കില്ലാ കഴിപ്പിക്കയുമില്ലാ.

മരണംബാധിക്കാത്ത ദൈവപുത്രന്മാരവർ
മൃതിയെദ്ദൂരത്താക്കും ദൈവത്തിൻപ്രിയഭൃത്യർ

മുന്നമാമുൾപ്പടർപ്പിൽ പടന്ന ദഹനന്റെ
മദ്ധ്യഗൻ സർവേശ്വരൻ മോശയോടോതിയില്ലേ?

"ഞാനബ്രഹാമിന്റേയും തദാത്മജാതന്റേയും
നൂനമാ യാക്കോബാഖ്യൻ തന്റെയും ദൈവ"മെന്നായ്

ധരിച്ചീടുവിൻ നിങ്ങളാകയാൽ ജീവനുള്ള
നരർതൻ ദൈവമത്രേ ദൈവമെല്ലാക്കാലത്തും

മൃതരാം മനുഷ്യർതൻ ദൈവമല്ലഖിലേശ-
നിതിലെത്രയോ തെററു നിങ്ങൾക്കു പററീടുന്നു

## മുഖ്യകല്പന

വിജ്ഞാനവിപഞ്ചിയിൽനിന്നു മുൾഗളിച്ചോരു
വിസ്മയകരമഞ്ജുസാരോപദേശ ഗാനം

ശ്രോത്രത്തിൽപ്പതിക്കവേ മന്ത്രത്താലെന്നപോലെ
ശാസ്ത്രിമാരാദിയായോർ നിശ്ചലരായി നിന്നു

"സൽഗുരോ ഭാവാനിപ്പോൾ കല്പിച്ചതെല്ലാമേററം
സത്യ"മെന്നുള്ളാലവരോതുകയായിരുന്നു

എങ്കിലുംവീണ്ടും ക്രിസ്തുദേവന്റെ മഹാജ്ഞാന-
വൻകടലളക്കുവാൻ ചോദ്യമാം ചരടിടാർ.

"പത്തുകല്പനകളിൽ, സന്മതേ,മഹത്തമ-
മേതെന്നു കല്പ്പിക്കേണം സദയ"മെന്നാനേകൻ

"സമ്പൂർണ്ണഹൃദയനായ് സമ്പൂർണ്ണമനസ്സനായ്
സ്നേഹിക്കകർത്താവിനെ"യെന്നു കല്പിച്ചു നാഥൻ

കേട്ടവരെല്ലാവരും നിസ്തർക്കം ശരിവച്ചു
തോററമട്ടെന്നിട്ടുമാ വൈരികൾ കാട്ടിയില്ല.

മറെറാരുദ്യമംകൂടി ചെയ്തീടാം, നിസ്സന്ദേഹം
തെററിപ്പോം മർത്ത്യപുത്രനെന്നോർത്തു ചോദ്യംചെയ്താർ

"പത്തുകല്പനകളിലതാണു പിന്നെശ്രേഷ്ഠ-
മുത്തമഗുരുനാഥ! ഞങ്ങളോടരുളേണം."

"ദൈവമാം കർത്താവെന്യേ നിങ്ങൾക്കുവേറിട്ടൊരു
ദൈവമില്ലദ്ദേഹത്തെ സ്നേഹിക്ക സർവാത്മനാ.

നിന്നയൽക്കാരനെ നീ സ്നേഹിക്ക നിന്നേപ്പോലെ-"
യെന്നരുളിനാൻ നാഥൻ ചോദ്യകർത്താക്കളോടായ്

"ക്രിസ്തു, ദാവീദുപുത്രനാണെന്നു ചൊല്ലാനുള്ള
കാരണമെന്താണെന്നു ചോദിച്ചാനൊരാളപ്പോൾ

"കർത്താവെൻ കർത്താവോടു ഞാൻ നിൻെറ ശത്രുക്കളെ
തൽപ്പാദപീഠമാക്കിത്തീർക്കുമാറാകുവോളം

മാമകവലത്തായിവസിക്ക",ദാവീദേവം
തന്മഹാഗ്രന്ഥം തന്നിലരുളിച്ചെയ്തിട്ടില്ലേ

വിലയേറീടും സ്വർണ്ണനൂലുകൾചേർത്തുനെയ്ത
നിലയങ്കികളോടെ നടപ്പാനവസരം,

വന്ദനമങ്ങാടിയിൽ, ദേവമന്ദിരങ്ങളിൽ
മാന്യമാമിരിപ്പിടം, വിരുന്നിൽ മുഖ്യസ്ഥാനം

തഞ്ചത്തിലിവയെല്ലാം ലഭിക്കാൻ കൊതിക്കുന്ന
വഞ്ചകന്മാരാം ശാസ്ത്രിമാരെയും പ്രീശരേയും

സൂക്ഷിച്ചുകൊൾവിൻ, സർവ്വ മർത്ത്യരും കേൾക്കാനായി
സന്തതമവർ നീട്ടിപ്രാർത്ഥിക്കും വഴിനീളെ

വിഴുങ്ങും വിധവകൾക്കുള്ള ഗേഹങ്ങളവർ:
വലുതാണവരേൽക്കും ശിക്ഷ"യെന്നോതി നാഥൻ

## വിധവയുടെ രണ്ടുകാശ്

സത്തമൻ തലപൊക്കിത്തൃക്കണ്ണുതുറക്കവേ
വിത്തനാഥന്മാർ നേർച്ചയർപ്പിക്കുന്നതു കണ്ടു.

വെള്ളിയുംപൊന്നും പൊക്കിപ്പിടിച്ചു ധനോന്മാദം
തുള്ളുവോർ നേർച്ചപ്പെട്ടിയിരിക്കുമിടത്തേക്കു

തള്ളിയുമിടററിയും പോകവേ, വയസ്സേറെ-
യുള്ളൊരുപാവം, ഭർത്താവന്തരിച്ചോരു നാരി

കാണിക്കവീണീടുന്ന പാത്രത്തിനുള്ളിൽ രണ്ടു
കാശിടുന്നതുകണ്ടു കല്പിച്ചു കന്യാസുതൻ

"മാമക ശിഷ്യന്മാരേ, പെട്ടിയിൽ പണമിട്ട-
മർത്ത്യരിലൊന്നാംസ്ഥാനമീവിധവയ്ക്കുതന്നെ

സമ്പന്നർ സമൃദ്ധിയിൽനിന്നൽപ്പം നിക്ഷേപിച്ചു
സാദരമർപ്പിച്ചിവളിവൾക്കുള്ളതു സർവം."

വന്ദിതവൃത്തൻ പിന്നീടെന്നേക്കുമായദ്ദേവ-
മന്ദിരംതന്നിൽനിന്നും തൃപ്പാദപത്മംനീക്കി.

തച്ഛിഷ്യന്മാർക്കെന്നാലുമദ്ദേവഗേഹത്തിൻെറ
തുംഗമാം പ്രൗഢിയോർത്തുപോകുവാൻ മടിതോന്നി

യൂദർതൻ പ്രതാപവും വമ്പെഴും മാഹാത്മ്യവും
മേദിനിതന്നിൽക്കാട്ടുമാ ഗേഹമന്ത്യമായി

സാദരംവീക്ഷിക്കുവാനതിന്റെ ചരിത്രത്തെ-
ച്ചേതസ്സിലുയർത്തുവാൻ പടിക്കൽ നിലകൊണ്ടു.

## യരുശലേംദേവാലയം

പ്രഖ്യാതമാകും നാനാരത്നസഞ്ചയങ്ങളാൽ
ദിക്കുകൾക്കെല്ലാം ദീപസ്തംഭമായതുമിന്നി

പീതലോഹത്താൽത്തീർത്ത വാതിലൊന്നഥ ധൗത-
ജാതരൂപങ്ങൾചേർത്തവാതിലൊൻപതുവേറെ

പ്രോല്ലസൽ സമുന്നതദ്വാരമണ്ഡപജാലം
പ്രാജ്യഭാസ്സിയന്നീടും സുന്ദരസ്ഥൂണപംക്തി

കനകദ്രാക്ഷാഫലസഞ്ചിതലതാവലീ-
ഖചിത കവാടശ്രീഫലകപരമ്പര.

ഭിന്നദേശീയലോകപ്രാങ്ഗണമിമ്മട്ടാരും
വന്ദിക്കും വൈശിഷ്ട്യത്താൽ മിന്നിയദ്ദേവാലയം

കൽപ്പടിപതിന്നാലുകയറിച്ചെന്നാൽ കാണാം
കാമ്യമാമൊരുരംഗമംഗനാകുലശാല.

പിന്നത്തെപ്പതിനഞ്ചുപടികളപ്പുറത്തായ്-
പ്പട്ടക്കാരുടെ ശാന്തവിശ്രമസ്ഥലമത്രേ.

കണ്ടിടാമങ്ങുനിന്നും പന്ത്രണ്ടുപടികൾമേൽ
ശുദ്ധാതിശുദ്ധസ്ഥലംമാർബിളാൽ വിരചിതം

ഭാനുമദ്ദീപ്തിതട്ടിശോഭിക്കും ഹിമാവൃത-
ഭൂധരംപോലതിന്റെ പടലം പ്രശോഭിച്ചു.

ദേവൻെറ ചിത്തം തെല്ലും ഹർഷത്താൽ ചലിച്ചതി-
ല്ലീവക പ്രതാപങ്ങളൊക്കെയും ദർശിച്ചിട്ടും

സുന്ദരകലകളിൽ ചാതുര്യമില്ലാഞ്ഞല്ലാ
സുന്ദരവസ്തുക്കളിൽ വൈരസ്യംതോന്നീട്ടല്ലാ

മാനസമെന്തോ ചിന്താഭാരത്തിലമർന്നുപോയ്
മാനവകുലപതി ദീനനാദത്തിലോതി.

"കണ്ടാലുമീവിശിഷ്ടമണിമന്ദിരം, കല്ലു-
കല്ലിന്മേൽ ശേഷിക്കാത്തവണ്ണമൊന്നായ്നശിക്കും"

ശാന്തരായ്പ്പരിതാപശ്രാന്തരായ്തലതാഴ്ത്തി
പ്പിന്തിരിഞ്ഞമരേശ ശിഷ്യന്മാർ നടന്നുപോയ്

## ഒലിവുമലയിൽ

കടന്നാർ കെദ്രോൻ തടമൊലീവുമലയ്ക്കുമേൽ
കയറീ "ബഥന്യാ"ഭിമുഖരായ് മന്ദം മന്ദം.

ഗിരിതൻപീഠഭുവിലെത്തവേ, വിശ്രമാർത്ഥ-
മിരുന്നു നാഥൻ, "സീഡാർ"മരത്തിൻ തണൽ തന്നിൽ

തന്നുടെ വിനാശത്തെത്തെല്ലുമേ ധരിക്കാതെ
താഴെയായ് സമീപത്തിൽ വിളങ്ങും നഗരവും

പാദത്തിലൊലീവിൻെറ ചരിവും, ഗതസമേൻ
പുഷ്പവാടിയും കണ്ടാൻ ലോകനേത്രമാംദേവൻ

മറുഭാഗത്തായ്ക്കണ്ടു പത്തനഭിത്തികളും
മഹിതാലയത്തിൻെറ രമ്യമാം മട്ടുപ്പാവും

കിഴക്കുഭാഗത്തായി ജൂദിയാ മരുഭൂമി
പരുത്ത ഗിരിനിരയെന്നിവ നിലകൊൾവൂ

മോവാബിൻ ശൈലപംക്തി രത്നശൃംഖലപോലെ
മൂറമാസാന്ധ്യസൂര്യകാന്തിയിൽ പ്രശോഭിച്ചു

ദേവദേവന്റെ കോപജ്വാലകളൊരിടത്തും
ദൃഷ്ടമാനവപാപം മറുഭാഗത്തും കണ്ടോൻ

കാമാദിദോഷത്തോടു ദൈവംതൻ പ്രതികാരം
കാട്ടിനാൻ ലോത്തിൻകടൽ കല്ലോലനിരകളാൽ

ശിഷ്ടരാം പ്രവാചകസംഘത്തെ നിഗ്രഹിച്ച
പട്ടണംകണ്ടോൻ നീതിനിലയൻ നൃപാലകൻ

തന്തിരുജഗദ്യാത്ര നിർത്തേണ്ടുമിടത്തേക്കു
തന്തിരുവടിയുടെ ജീവിതസൂര്യൻ ചാഞ്ഞു.

ചിന്തതൻ നിഴലേതോ നൂതനരംഗംതന്നി-
ലെത്തിച്ചു വിശുദ്ധനാം മർത്ത്യപുത്രനെത്തദാ

വിശ്വസ്തശിഷ്യന്മാർതൻ സംഘത്തിൻ നടുവിലായ്
വർത്തിച്ചാൻ മൗനംപൂണ്ടു നിർമ്മലനൽപ്പനേരം

പത്രോസും യോഹന്നാനും യാക്കോബു മന്ത്രയോസും
ഭീതരായ് സമീപിച്ചാർ ക്രിസ്തുദേവനെത്തദാ

ദിവ്യമാം ദേവസത്മം നോക്കി ദുഃഖംമുഴുത്തു
വർത്തിക്കും ഗുരുവിനോടാരാഞ്ഞാരവരേവം

"എന്നതു സംഭവിക്കുമെന്തതിന്നടയാള-
മെന്നാണീ ലോകത്തിന്റെ നിത്യമാം വിലയനം"

"വന്നടുത്തുപോയ്കാലം ഞാൻതന്നെ സാക്ഷാൽയേശു-
വെന്നുരച്ചുകൊണ്ടെത്തും തസ്കരന്മാരനേകം

സൂക്ഷിച്ചുകൊൾക നിങ്ങളവരെപ്പിന്തുടർന്നു
പോകാതെ മനക്കരുത്തുള്ളോരായ് വസിക്കണം

## പത്തുകന്യകമാർ

കേൾക്കുവിൻ സാക്ഷാൽ നരനന്ദനൻ നിങ്ങളേതു-
മോക്കാത്ത സമയത്താണാഗമിപ്പതു ഭ്രമാ

ത്തചിത്തരായ് സദാ കാത്തിരിക്കായ്കിലഞ്ചു.
ബുദ്ധിഹീനരാം കന്യമാക്കു തുല്യരായ്ത്തീരും

പത്തുകന്യകമാരൊത്തിറങ്ങി മണാളനെ
പ്രീതിയോടെതിരേൽക്കാൻ ദീപങ്ങളോടുകൂടി

മതിശാലിനികളാമഞ്ചുപേരുടെ പക്കൽ
മതിയാവോളം സ്നേഹംസൂക്ഷിച്ചിരുന്നു ഭദ്രം

കാര്യങ്ങൾ ഗ്രഹിക്കുവാൻ ബുദ്ധിക്കു കരുത്തററ
കന്യകമാരഞ്ചുപേരെണ്ണസമ്പാദിച്ചില്ല

വരനെക്കാത്തു കാത്തു വാണൊരാത്തരുണികൾ
വളരെക്ഷീണിച്ചങ്ങിങ്ങാപതിച്ചുറങ്ങിപ്പോയ്

നേരമർദ്ധരാത്രിയായ് വാനിടംതന്നിൽനിന്നു-
മാരവമത്യുച്ചത്തിലീവിധം പ്രചരിച്ചു

"വന്നുചേന്നിതാ വരൻ, വേഗത്തിലുണന്നേററു
ചെന്നെതിരേൽപ്പിനെങ്ങും തക്കിച്ചുനിന്നീടാതെ

പത്തുകന്യകമാരുമുണന്നു തലപൊക്കി-
പ്പെട്ടെന്നു വിളക്കിന്റെ തിരികളെല്ലാം നീട്ടി

ബുദ്ധിഹീനരാം കന്യമാരുടെ വിളക്കുകൾ
ഹന്ത! കെട്ടുപോയ് സ്നേഹരാഹിത്യം നിമിത്തമായ്

ദീപ്തദീപങ്ങളേന്തുമന്യരോടവരാരാ-
ലത്ഥിച്ചു വിളക്കെണ്ണ വീതിച്ചുകൊടുക്കുവാൻ

മതിശാലിനികളാം മാനിനിമാരന്നേരം
മടിക്കാതരുളിനാരുത്തരമീത്തരത്തിൽ

"ഞങ്ങളീമുഹൂർത്തത്തിലെണ്ണനിങ്ങൾക്കു തന്നാൽ
ഞങ്ങൾക്കും നിങ്ങൾക്കുമിന്നെണ്ണയില്ലാതെപോകും

പോകുവിൻ നിങ്ങളെണ്ണവിൽക്കുന്ന കടകളിൽ
വേഗത്തിലതുവാങ്ങിത്തിരിച്ചുവന്നീടുവിൻ"

സത്വരംപുറപ്പെട്ടു കന്യമാരഞ്ചുമെണ്ണ-
വിററിടും വണിജരെത്തിരക്കി നട്ടരാവിൽ

കല്യാണസമാഘോഷയാത്രയോടൊത്തുപോയി
കൈകളിൽ പ്രദീപങ്ങൾ വഹിച്ച തരുണികൾ

വരനും ദയിതയുംകൂടെയുണ്ടായിരുന്ന
നരരും കയറിനാർ കല്യാണശാലയ്ക്കുള്ളിൽ

വാതിലും ബന്ധിച്ചേററമാറ്റാടംതുളുമ്പുന്ന
മാതിരിവിവാഹത്തിൻ സദ്യകൊണ്ടാടും വിധൌ

തൈലംവാങ്ങുവാൻപോയനാരിമാരഞ്ചുംവന്നു
കല്യാമണ്ഡപത്തിൻകതകിൽമുട്ടിക്കേണു

"നായക, ഞങ്ങളുമിങ്ങാഗതരായി നിൽപ്പൂ
നേരമോതെല്ലുതെററിയെങ്കിലും ദയാനിധേ,

"സദയം തുറക്കേണമീവാതിൽ ഞങ്ങളേയും
സദയം വൈവാഹിക വിരുന്നിൽ ചേർക്കേണമേ"

"പോകുവിൻ നിങ്ങളേ ഞാനറിയുന്നില്ലാതെല്ലും"
വാക്യമീവിധമുള്ളിൽനിന്നു നായകനോതി.

നിങ്ങളാകയാലുണർന്നിരിപ്പിൻ സദാകാലം
നാളും നാഴികയുമിന്നറിയാത്തതുമൂലം.

## പുനരാഗമനസൂചന

മത്സരം മഹായുദ്ധമെന്നിവ നടക്കുമ്പോൾ
മാനസമശേഷവും ചഞ്ചലപ്പെട്ടീടൊലാ

പ്രാരംഭദിനങ്ങളിലിവ സംഭവിക്കേണം
പെട്ടെന്നല്ലവസാനകാലത്തിൻ സമാഗമം

ജാതി ജാതിയോടായും നാടു നാടിനോടായും
ജാതവൈരാഗ്യമെതിർത്താടിടും മഹാരണം

ഭൂകമ്പം, ക്ഷാമം മഹാവ്യാധികളിവയുണ്ടാ–
മാകാശംതന്നിൽപ്പല ലക്ഷ്യങ്ങൾ കാണാറാകും

മാംപ്രതി വിരോധികൾ നിങ്ങളിൽ കൈവച്ചീടും
മന്നവന്മാർ തൻമുമ്പിൽ നിങ്ങളാനീതരാകും

സഭതൻ ന്യായാധിപസംഘത്തിൻ മദ്ധ്യത്തിങ്ക–
ലഭയം നൽകീടാതെ നിങ്ങളെ വിസ്തരിക്കും

കൂരിരുൾതിങ്ങിവാഴുംകാററുകേറാത്ത ഘോര–
കാരാഗ്രഹത്തിനുള്ളിൽ നിങ്ങളേയേൽപ്പിച്ചീടും

സാക്ഷ്യമോതുവാൻ നിങ്ങൾക്കന്നേരം തരമാവും
സന്തതം ധീരന്മാരായ് വർത്തിച്ചീടണം നിങ്ങൾ.

ശത്രുക്കൾക്കെതിർക്കുവാനാവാത്ത ദിവ്യജ്ഞാനം
വ്യക്തമായ് നിങ്ങൾക്കിപ്പോൾ ഞാനിതാ നൽകീടുന്നു.

മാതാപിതാക്കന്മാരും സോദരന്മാരും, ബന്ധു–
വ്രാതവും മിത്രങ്ങളും നിങ്ങളെ വൈരിക്കേകും

നിങ്ങളിൽ ചിലപേരെക്കൊല്ലിക്കുമെൻനാമത്തിൽ
നിങ്ങളെപ്പകച്ചീടുമേവരുമൊരുപോലെ.

താവകശിരോരുഹനിരയിലൊന്നുപോലും
താഴെവീഴില്ലാ, ജീവൻക്ഷമയാൽ നേടും നിങ്ങൾ.

സൈന്യങ്ങൾ ജറുശലേം വളഞ്ഞാലതുപാടേ
ശൂന്യമാക്കേണ്ടുംകാലമടുത്തെന്നറിയേണം

അക്കാലം യഹൂദ്യയിൽ നിവസിപ്പവരെല്ലാം
നിൽക്കാതെ മലയിലേക്കോടിപ്പോകണം വേഗം

പുരിക്കുനടുക്കുള്ളോർ പോകട്ടെപുറത്തേക്കു
കടക്കൊല്ലിതിൽ, നാട്ടിൻപുറത്തുവസിപ്പവർ.

നിഷ്കൃതിയുടെകാലമാണതു, പൂർവ്വസിദ്ധ,
ലേഖിതവചസ്സുകളന്നു പൂർണ്ണമായ്ത്തീരും.

ഗർഭിണികൾക്കും സ്തന്യദായിനികൾക്കുമന്നു
സംഭൃത ദുരിതങ്ങൾ ഹന്ത! സംഭവിച്ചീടും

മേദിനിക്കപൂർവമാം ദുർഗതി നേരിട്ടീടും
ക്രോധമീ ജനത്തിന്മേൽത്തീമഴവർഷിച്ചീടും

മെതിക്കും യെരുശലേംപുരത്തെ പ്പുരജന-
തതി,തൽ സമൂഹത്തിൻ വേള തീരുവോളവും

ലക്ഷ്യങ്ങൾ പലതരമക്ഷിഗോചരമാകും
നക്ഷത്രനിശാകരഭാസ്കരഗോളങ്ങളിൽ.

സമുദ്രം ഗർജ്ജിച്ചീടുമോളങ്ങളലറീടും
സമസ്ത വർഗങ്ങളും ഭ്രമിക്കും നിരാശയാൽ

താരകാപഥത്തിൻെറ ശക്തികളിളകീടും
പാരിനെന്തായിത്തീരുമെന്നാരും ഭയംകൊള്ളും

മാനവസുതൻതദാ വരുന്നതവർകാണും
മേഘത്തിൽപ്രതാപോരുസാമർത്ഥ്യസമന്വിതം

ലക്ഷ്യങ്ങളിവകാൺകേ, നോക്കണംതലപൊക്കി
മുക്തിയാസന്നം നിങ്ങൾക്കെന്നുള്ളിലോർത്തീടേണം.

അത്തികൾതുടങ്ങിയ വൃക്ഷങ്ങൾ തളിർക്കവേ
സത്വരംവേനലെത്തുമെന്നു ചിന്തിപ്പൂ നിങ്ങൾ

അവ്വണ്ണമിവയൊക്കെസ്സംഭവിക്കുന്നകാലം
ദൈവത്തിൻരാജ്യം സമീപസ്ഥമെന്നുറയ്ക്കേണം.

വാനവും ധരിത്രിയുമൊഴിഞ്ഞുപോകും, മമ
വാക്കുകളൊരിക്കലുമൊഴിഞ്ഞുപോകയില്ല.

ജീവികാസമ്പാദനചിന്തയും ദ്രാക്ഷാരസ-
സേവയിലൌത്സുക്യവുമമിതാഹാരബ്ഭ്രാന്തും

ഭാവൽക്കഹൃദയത്തെക്കടന്നുപിടിക്കാതെ
നിർവ്യഗ്രം പ്രബുദ്ധരായ്ക്കാത്തിരിക്കുക സദാ

വരുമാമഹാദിനം പഞ്ജരാഖേടം കണ-
ക്കരികിലതിവേഗമാകയാൽ സൂക്ഷിക്കേണം.

സർവ്വഭൂതലത്തിലും വസിപ്പോരെല്ലാവരും
സർവ്വകാരണനാകുമീശനേ ധ്യാനിക്കേണം"

ഒലീവുമലയിന്മേൽ മാറെറാലിക്കൊണ്ടതാമീ-
വിലയേറീടും ദിവ്യഭാഷണംസമാപിക്കേ

ഭാനുഭാനസ്തമിച്ചു, ക്രിസ്തുവാം സുധാനിധി
ഭാസുരശീലരാകും ശിഷ്യതാരങ്ങളൊത്തു

മൃദുലപ്രഭവീശാനുയന്നാനട്ടത്തുള്ള
ബഥനിഗ്രാമമാകും വിയ്മണ്ഡലംതന്നിൽ

പ്രചണ്ഡസമീരണക്ഷുബ്ധമാം സമുദ്രത്തിൽ
പ്രചലിച്ചൊരു നൌക, നിശ്ചലജലത്തിന്മേൽ

മന്ദമായ് നൃത്തംചെയ്തുകിടക്കുന്നതുപോലെ
മന്നവൻ മിശിഹാതൻ മാനസം പ്രശാന്തമായ്.

സാന്ധ്യസൗന്ദര്യമന്നാളദ്ദേവഹൃദയത്തിൽ
ബന്ധുരസുശീതള രശ്മികൾ വാരിച്ചേറി

പട്ടണമല്ലദ്ദേഹം കാംക്ഷിച്ചു, തെന്നും പുര-
പ്രാന്തസ്ഥഗ്രാമങ്ങളെ മാത്രമേ സ്നേഹിച്ചുള്ളു.

പട്ടണം പ്രപഞ്ചത്തിൽപ്പാപത്തെപ്പുരത്തുന്നു
പട്ടണംനാലുപാടും ദിഗ്ഗന്ധം വീശീടുന്നു

പച്ചപ്പുൽച്ചെടികളും തുമഞ്ഞിൻ കണങ്ങളും
സ്വച്ഛരമാമൊലീവിൻെറ തണൽപ്പന്തലുകളും

പൊന്നിളം പ്രഭാതവുമന്തിതൻ പ്രശാന്തിയും
സന്തതം മഹേശ്വരസ്വാന്തത്തിനേകീ സൗഖ്യം

യൂദാ

ലോകൈകഗുരുദേവൻ വർഷിച്ചവചോമൃതം,
നാകീയനിഗമത്തിൻ വ്യാഖ്യാനപ്രഭാപൂരം

മുഷ്കരാം പരീശരെ, ധർമ്മശിക്ഷകന്മാരേ-
ശ്ശാസ്ത്രിമാരെ, സ്സഭാധിനാഥരെബ്ഭ്രമിപ്പിച്ചു.

തർക്കിക്കാനപ്രാപ്തരായ്, മൂകരായ് വാണാരവ-
രുൾക്കടെ വിരോധത്തിൻ കോമരങ്ങളായ്ത്തീർന്നു

അന്നാസും കയാഫസുമന്യനേതാക്കന്മൊരു-
മൊന്നിച്ചുകൂടി വേണ്ടകാര്യങ്ങളാലോചിപ്പാൻ

സിറിയാദേശത്തിലേ മുഖ്യരാമവരുടെ
സകലസൗമുഖ്യവും സ്ഥാനവും വലിപ്പവും

ഒന്നോടെമററിക്കുവാൻ കെൽപ്പുള്ള മിശിഹായെ-
ക്കൊന്നൊടുക്കുവാനുള്ളവഴി തേടിനാരവർ

വാക്കിനാൽപ്പിടിക്കുവാൻ ശ്രമിച്ചു ഫലിച്ചില്ലാ
തക്കംപാർത്തിരുന്നിട്ടും പിടിക്കാൻ സാധിച്ചില്ല

പകലാത്തിരുവടിക്കുടയ ശരീരത്തിൽ
പരിക്കേൽപ്പിക്കാനവരത്യന്തം ഭയപ്പെട്ടു

ചിന്തിതം സാധിക്കുവാനുള്ള മാർഗ്ഗങ്ങളെല്ലാം
ബന്ധിതങ്ങളായ്ക്കണ്ടു ശത്രുക്കൾ കുഴങ്ങവേ

സന്തോഷവർത്തമാനം ശ്രവിച്ചാർ പ്രമാണികൾ
സന്നദ്രീംസംഘംകൂടിത്തീരുമാനിക്കുംമുമ്പേ

പരമാചാര്യൻ തന്റെ പന്ത്രണ്ടു ശിഷ്യന്മാരി-
ലൊരുവൻ തുനിഞ്ഞില്ലാ നിദ്രയ്ക്കാ നിശീഥത്തിൽ

കൂട്ടത്തിൽനിന്നുംതെററിക്കയ്യാപ്പാസിരിക്കുന്ന
കൊട്ടാരത്തിന്റെമുന്നിലെത്തിനാൻ നിശ്ശബ്ദമായ്

കാവൽക്കാർമുഖാന്തരം രഹസ്യം കയ്യാപ്പാസിൻ
കർണ്ണത്തിലെത്തി ചിത്തമല്പമൊന്നോളംവെട്ടി

സത്വരമാ യഹൂദനേതാവിൻ സമക്ഷത്തി-
ലെത്തിച്ചു യൂദാസെന്ന ശിഷ്യനെബ്ഭൃതകന്മാർ

ധനമോഹത്താലല്ലാ തൻഗുരുവിന്റെശീലം
മനസ്സിൽപ്പിടിക്കാഞ്ഞല്ലഭ്യസൂയകൊണ്ടല്ലാ

മൂന്നുവത്സരങ്ങൾക്കുമുന്നംതൻ മതത്തിലും
മന്നവൻ മിശിഹാതന്നാഗമനോക്തിയിലും

വിശ്വസിച്ചപാകത ശീലത്തിലേശീടാതെ
വർത്തിച്ചാൻ സ്വദേശത്തിൽ ബുദ്ധിമാനായ യൂ

ഒരുനാൾ നസ്രേയനാം യേശുനാഥനേക്കണ്ടൊ-
നിരുപേർകളും തദാ സ്നേഹിച്ചാർ പരസ്പരം

മററുള്ള ശിഷ്യന്മാരേപ്പോലവേ സർവ്വസ്വവും
തെറേറന്നു സന്ത്യജിച്ചു, നിസ്വനായ് സഞ്ചരിച്ചു,

ഓരോരോ സൽക്കർമ്മങ്ങൾ നിത്യവും പ്രവർത്തിച്ചും
സാരോപദേശസൂനസൗരഭം പരത്തിയും

നിർദ്ധനനായ് നടന്ന ദിവ്യനാം ദേശികൻെറ
നിർമ്മലപാദങ്ങളെസ്സാദരം പിന്തുടർന്നു.

നേരിട്ടുകണ്ടറിഞ്ഞു ഗുരുദേവൻെറ ശക്തി-
പാരമ്യം, സങ്കല്പിച്ചു വിസ്തൃതമഹാരാജ്യം

രാജകീയപ്രതാപം, ധനത്തിൻസമുന്നതി
ഭ്രാജമാനമാം പദം, വമ്പിച്ചോരധികാരം

വാനിടത്തോട്ടുരുമ്മും കൊട്ടാരം, സകലരു-
മാനമ്രശിരസ്കരായ് വാഴ്ത്തിടുമൊരുനില,

ഇങ്ങനെ പലപലകാര്യങ്ങൾ പ്രതീക്ഷിച്ചു
മംഗളശീലനാകും മാനവേന്ദ്രനിൽനിന്നും

വത്സരംമൂന്നായിട്ടും തന്നുടെ ഗുരുനാഥൻ
നിസ്വനായ്ത്തന്നേകാലം നയിച്ചുവന്ന കാഴ്ച

യൂദയെ പ്രതീക്ഷിതസൗവർണ്ണലോകത്തിൽനി-
ന്നേതോ കൂരിരുട്ടിലേക്കെറിഞ്ഞതായിരിക്കാം.

ഒടുവിൽ സ്വകീയമാം പരിണാമത്തെപ്പററി
സ്ഫുടമായ് ഗുരുദേവൻ കല്പിച്ച തിരുമൊഴി

സ്കറിയോത്തിനെഗ്ഘോരനൈരാശ്യക്കുഴിയിലേ-
ക്കറിയാതുന്തിത്തള്ളി നിർദ്ദയമിട്ടെന്നുമാം.

ചേതസ്സും ശരീരവും മുറിഞ്ഞു യൂദായിക്കു
മാദകരസസേവചെയ്തപോലവൻമാറി.

എരിയും തീജ്ജ്വാലയിലെണ്ണയെന്നതുപോലെ
കരളിൽ വൈരാഗ്യത്തോടൊത്തുഭീതിയുംചേർന്നു

സന്നദ്രീംസംഘം ക്രിസ്തുനാഥനെ വധിക്കുവാൻ
സന്നദ്ധമാണെന്നുള്ള വാർത്തയും യൂദാകേട്ടു.

ഗുരുഹത്യയാൽ മാത്രമേതുമേ സംതൃപ്തരായ്
വരികില്ലരാതികൾ വർദ്ധിച്ച ശത്രുത്വത്താൽ

തന്നുടെ ശിഷ്യന്മരാം തങ്ങളേക്കൂടിന്നനം
കൊന്നൊടുക്കിടുമെന്നും ചിന്തിച്ചിരിക്കാം യൂദാ.

നൈരാശ്യ,മതിൽനിന്നു നീറിനീറി ജ്വലിച്ച
വൈരാഗ്യം, ഭയം, സ്വന്തംരക്ഷ, വല്ലാത്ത തൃഷ്ണ,

ആകെക്കൂടൊരുമിച്ചു യൂദയെപ്പ്രതിയൊരു
ഭീകര മഹാ നീചസൃഷ്ടിയാക്കിയതാവാം.

ഗുരുദേവാന്തികത്തിൽ സതീർത്ഥ്യന്മാരോടു ചേ-
ന്നുറങ്ങാൻ കിടന്നവൻ രാത്രിയിലൊളിച്ചോടി.

ചെന്നുചേർന്നതോ തന്റെ ഗുരുവിൻ ശത്രുക്കളാം
സന്നദ്രീംസംഘാംഗങ്ങൾ വാണ സൗധത്തിൻമുമ്പിൽ.

"കാണിച്ചുതരാം ഞാനെൻ ഗുരുനാഥനെ നിങ്ങൾ-
ക്കാണിയുംമടിക്കേണ്ടാ പിടിക്കാനെ"ന്നാൻ യൂദാ

സർവ്വലോകവും കൈയ്യുലായമട്ടരാതികൾ
സന്തോഷപാരമ്യത്താൽ ജൃംഭിച്ചുതുള്ളിച്ചാടി

മുപ്പതുവെള്ളിക്കാശു തൽക്ഷണം "കയ്യാപ്പാസു"
കൽപ്പിച്ചു യൂദായിക്കു നൽകിനാൻ സമ്മാനമായ്.

തദ്രംഗംവിട്ടു യൂദാമറഞ്ഞു, വെള്ളിക്കാശ്ശും
തന്നുടെ മടിശ്ശീലയ്ക്കുള്ളിൽവെച്ചതിഗൂഢം.

പിറേറന്നു പതിവുപോൽ ശ്രീയേശുമഹേശ്വരൻ
പട്ടണംപൂകിയില്ലാ ഭാഷണംനടത്തീലാ

ഒഴിഞ്ഞുമാറിത്തൻെറ താതനോടോരോ ദിവ്യ–
മൊഴികളോതിക്കൊണ്ടു പകലും രാവുംപോക്കി.

## തിരുവത്താഴം

വ്യാഴംവന്നുദിക്കയായ് പാരിടംതന്നിൽ പാരം
താഴ്മയേ മനുഷ്യർക്കു നേത്രഗോചരമാക്കാൻ,

ഉണർവുമുറക്കവുമില്ലാത്തപരമേശ–
നണന്നാൻ സാധാരണമാനുഷനെന്നപോലെ.

പുളിപ്പില്ലാത്തപൂപം മുറിക്കേണ്ടുന്നതായ
പെരുന്നാളായിരുന്നന്നുഷസ്സിൽ തെളിഞ്ഞെത്തും

വാത്സല്യപാത്രങ്ങളാം രണ്ടുശിഷ്യരേ ക്രിസ്തു,
തൻസമീപത്തിലേക്കു വിളിച്ചീവിധമോതി.

"വേണ്ടപോലൊരുക്കുവിൻ! നിങ്ങൾപോയ് പെസഹയ്ക്കു
വേണ്ടതാമൊരു നല്ലമന്ദിരം ശിഷ്യന്മാരേ!"

"ഏതൊരുദിക്കിലേതുമാളികവേണമെന്നു
പത്രോസും യോഹന്നാനും സാദരമന്വേഷിച്ചു.

നരിയേക്കാളും ഭാഗ്യഹീനൻ താൻ നരാത്മജ–
നൊരുപാഴ്ക്കുടിൽപോലും തൻതിരുവടിക്കില്ല.

നസറേത്തിലെത്തൻെറ ഭവനം പണ്ടേതന്നെ
നൃപപൂജിതനെന്നന്നേക്കുമായുപേക്ഷിച്ചു

സ്വന്തമന്ദിരമെന്നപോലവേ കപ്പർന്നോമിൽ
തന്തിരുവടിവാണ ശീമോൻെറ ഭവനവും

മാർത്തയും മറിയയും ബഥനിഗ്രാമംതന്നിൽ
പാർത്തുവന്നിരുന്നതും, തന്തിരുവടിയുടെ

സാരോപദേശാമൃതസിക്തമായതുമായ
സത്മവും ദൂരത്തിങ്കലപ്രാപ്യമായിനിന്നു.

കലിതപ്രതാപമാം ജെറുശലേം പുരത്തിലൊ
കഠിനമനസ്സരാം വൈരിവൃന്ദങ്ങൾ പാർത്തു.

സകലഗേഹത്തിന്നും നായകൻ സർവ്വവ്യാപി,
സ്വകീയശിഷ്യന്മാരോടീവിധമരുളിനാൻ

"പട്ടണം തന്നിലേക്കു പോകുവിൻ, ജലകുംഭം
പേറിടുമൊരുവനെത്തത്ര നിങ്ങൾക്കു കാണാം

പിന്തുടരേണം നിങ്ങളാമനുഷ്യൻ ചെന്നെത്തും,
മന്ദിരത്തിങ്കലോളം, പിന്നീടു പറയേണം

"പുണ്യമാം പുളിപ്പററ പൂപത്തിൽ മഹാദിനം
കൊണ്ടാടാനുതകുന്ന സദ്രംഗം നിർദ്ദേശിപ്പാൻ

ഭംഗിയായ് വിരിച്ചലങ്കരിച്ചശാലയൊന്നു
നിങ്ങൾക്കു കാട്ടിത്തരുമുത്തമനാ മനുഷ്യൻ."

തൽക്ഷണം പുറപ്പെട്ടാർ ശിഷ്യന്മാർ, ജലകുംഭ-
യുക്തനാം മനുഷ്യനെക്കണ്ടെത്തി ശോകംവിനാ.

കാര്യങ്ങളുടയോനോടു പറഞ്ഞു നിർദ്ദിഷ്ടമാം
കാമ്യശാലയിൽത്തന്നെ ഭക്ഷണമൊരുക്കിനാർ

പത്തു ശിഷ്യരുമൊത്തു തത്ര സന്ധ്യയായപ്പോ-
ളെത്തിനാൻ ദേവൻ തിരുവത്താഴം കഴിക്കുവാൻ.

ധവളാംബരാസ്തൃതഭോജനമഞ്ചത്തിന്റെ
സവിധസ്ഥിതപീഠം പൂകിനാരെല്ലാവരും

തന്നന്ത്യദിനങ്ങളേക്കുറിച്ചു ഗുരുകുല-
വന്ദിതനരുളിയ വാക്കുകളുടെ ഭാരം

ഏത്തട്ടിൽ പതിക്കയാൽ ശാന്തശീലരാം ശിഷ്യ-
രാത്തരായ് കഴിഞ്ഞകാര്യങ്ങളോർത്തിരുന്നുപോയ്

ഭേദിച്ചുമൗനം ഭക്തപൂജിതൻ മേരീസുത-
നോതിനാൻ ശിഷ്യന്മാരോടേവമസ്വസ്ഥനായി

"മാമക മനോമന്ദിരസ്ഥരാം ശിഷ്യന്മാരേ,
മാമക മഹാദുഃഖഭുക്തിക്കു മുമ്പായിട്ടു

നിങ്ങളോടൊരുമിച്ചീനിസ്താരോത്സവഭോജ്യം
ഭംഗമെന്യേ ഭുജിപ്പാനെത്രമേൽ ഞാനാശിച്ചു.

വീണ്ടും ഞാനൊരിക്കലും ഭുജിക്കയില്ലീപ്പൂപം
വിണ്ണിലങ്ങിതു പൂർത്തിയാകുന്നദിനംവരെ.

ധരണീധരത്തിലും സമഭൂതലത്തിലും
ധനികാലയത്തിലും ദരിദ്രോടജത്തിലും

പാതതന്നരികിലും പാറതൻമുകളിലും
പാദപത്തണലിലും കന്യകാസുതൻ മുദാ

വിരുന്നാഘോഷിച്ചിട്ടുണ്ടെങ്കിലുമിന്നാളിലെ
വിരുന്നന്ത്യമാം തിരുവത്താഴമായിരുന്നു.

ശാന്തനാം സമീരനമങ്ഗുലീലയ്ക്കുമീതെ
ബന്ധുരതരമായിപ്പടന്ന വിഹായസ്സും

വിജയോത്സവയാത്രക്കിടയിൽ വഴിനീളെ
വിതറപ്പെട്ട വൃക്ഷഭുജസഞ്ചയങ്ങളും

വിസ്മൃതങ്ങളായ് ദേവഗൃഹത്തിൽനിന്നാട്ടത്താളും
വിശ്വസ്തശിഷ്യന്മാരെമാത്രമദ്ദേഹമോർത്തു.

### പാദക്ഷാളനം

സഹവർത്തികളായ നാൾമുതൽ സ്വശിഷ്യരെ-
സ്സഹജാതരേപ്പോലെ തന്തിരുവടി കാത്തു.

വഞ്ചകനായ യൂദാസ്കറിയാത്തിനേപ്പോലും
നെഞ്ചലിഞ്ഞഖിലേശനന്ദനൻ സ്നേഹിച്ചേററം

നിസ്വരാം ശിഷ്യന്മാരേപ്പിരിഞ്ഞുപോകാനുള്ള
നാഴിക വന്നെന്നോർത്തു നിർമ്മലൻ നീറിപ്പോയി.

കുടുംബത്തലവനായിരുന്നെങ്കിലുമപ്പോൾ
മടിവിട്ടൊരു ഭൃത്യനാകുവാൻ തയ്യാറായി.

നൃപനായിരുന്നവനെന്നാകിലുമടിമതൻ
നിലയിൽ വർത്തിക്കുവാനേററവും സന്നദ്ധനായ്

ഗുരുവായിരുന്നവനെങ്കിലും ശിഷ്യന്മാരെ-
ഗ്ഗുരുത്വം പഠിപ്പിക്കാൻ കേവലം ശിഷ്യനായി

സർവേശതനയനായിരുന്നെങ്കിലും മന്നിൽ
സർവ്വമാനവരിലും താണവനായിമാറി.

ഭക്ഷിപ്പാനൊരുങ്ങാതെ തത്വാർത്ഥബോധരൂപൻ
തൽക്ഷണമെഴുന്നേററു ബാഹ്യകഞ്ചുകം നീക്കി.

തന്നുത്തരീയം തുമ്പിട്ടരയിൽക്കെട്ടി നീണ്ട-
കഞ്ചുകക്കൈയ് ചുരുട്ടിക്കയററി ശുശ്രൂഷയ്ക്കായ്

ഭാജനമൊന്നിൽത്തണ്ണീർനിറച്ചു ശിഷ്യന്മാർതൻ
പാദങ്ങൾക്കഴുകിത്തന്നുത്തരീയത്താൽ തോർത്തി.

സാർവ്വഭൗമന്മാരെല്ലാം സന്തതം പൂജിക്കേണ്ട
സർവ്വേശനുടെ സുതനാദിമദ്ധ്യാന്തഹീനൻ

തന്തിരുശിഷ്യന്മാർ തൻ പാദങ്ങൾ കഴുകവേ
സ്വാന്തത്തിലവർക്കെല്ലാം സംഭ്രമം പ്രവൃദ്ധമായ്

പാവങ്ങളവരേററം ഭയന്നു നാണംപൂണ്ടു
പാവകളെന്നപോലെ നിശ്ചലരായിത്തീർന്നു

പത്രോസിൻ സമീപത്തിലമ്മഹാനണഞ്ഞപ്പോ-
ളുൾത്രാസം പരമാർന്നു കഥിച്ചാനിതേവിധം

"നിന്തിരുവടി ദേവദേവ നന്ദനനല്ലീ
നിന്തിരുവടിസാക്ഷാലിസ്രായേൽ നൃപനല്ലീ

നിന്തിരുവടി നിത്യൻ, നിർമ്മലൻ നിരാമയൻ
നിന്തിരുവടിഹന്ത! മൽപ്പദം കഴുകയൊ

നിന്തിരുവടിയുടെ പാദപങ്കജദ്വന്ദ്വം
സന്തതം ധരിത്രീന്ദ്രസഞ്ചയസമാരാധ്യം

പിഴചെയ്തോരു ഞങ്ങൾ കണ്ണുനീർപ്പുഴകളാൽ
കഴുകിത്തുടയ്ക്കേണ്ടതിന്നുതൃപ്പദമല്ലീ.

തൃച്ചരണങ്ങളല്ലേ സൗരഭം പരത്തുന്ന
തൈലത്താലഭിഷേകം ചെയ്യേണ്ടമണിപീഠം

വർദ്ധിച്ചപാപത്തിന്റെ ഗഹ്വരമായോരെന്നെ
നിന്തിരുവടിവേഗം വിട്ടൊഴിയേണം വിഭോ"

"നിന്നുടെ പാദയുഗ്മം ഞാൻ കഴുകില്ലെന്നാകി-
ലൊന്നൊടിന്നില്ലാബന്ധം നിനക്കെ"ന്നോതീ നാഥൻ.

"എന്നാകിലോ കഴുകേണമെൻപാദം, കരം, ശിര-
സ്സെന്നിവനിഖിലവു"മെന്നു പത്രോസുരച്ചാൻ.

സ്നാതനുപാദംമാത്രം ക്ഷാളിതമായാൽപോരും",
മെന്നോതിക്കഴുകിനാൻ പത്രോസിൻപദം നാഥൻ.

## വാങ്ങി ഭക്ഷിക്കുവിൻ

ശിഷ്യർതൻ ചരണങ്ങൾ കഴുകിത്തുടച്ചിട്ടു
ദേശികൻ ചെന്നിരുന്നു ഭക്ഷണം കഴിക്കുവാൻ

പാനീയപാത്രം കയ്യിലെടുത്തു വാഴ്ത്തിച്ചൊല്ലി
"പങ്കിട്ടുകൊൾവിൻ നിങ്ങളന്യോന്യമിതുവാങ്ങി

ഭാവുകസമ്പൂർണ്ണമാം ദൈവരാജ്യംവരുന്ന
ദിവ്യമാംദിനംവരെ ഞാൻ വീഞ്ഞുകുടിക്കില്ലാ.

പാനീയമിതുനിങ്ങൾക്കായി ഞാൻ ചൊരിയുമെൻ
ചെന്നിണപ്പുഴയിലെപ്പുതുതാം നിയമംതാൻ"

പൂപവുമെടുത്തഥ വാഴ്ത്തി ഖണ്ഡിച്ചു തന്റെ
പാവനശിഷ്യന്മാൎക്കു നൽകിയിട്ടരുളിനാൻ

"ഇപ്പൂപം നിങ്ങൾക്കായി നുറുക്കപ്പെട്ടതായ
മൽപ്പരിശുദ്ധ ഗാത്രമാണെന്നു ധരിക്കുവിൻ.

മാമക സ്മരണയ്ക്കായ് നിത്യമാചരിക്കേണം
മാമക സഹജരേ, നിങ്ങളുമീ സൽക്കർമ്മം

മാനവസുതനിതാ മറയാൻതുടങ്ങുന്നു
മാമകനികടത്തിൽവസിപ്പൂ മമ വൈരി.

ഭോജനമഞ്ചത്തിന്മേൽ തൻകരംകാണാം, തസ്യ
ഭാവിജീവിതം സന്താപോഗ്രപാവകാഹാരം.

നിങ്ങളിലൊരാളെന്നെ വിപക്ഷഹസ്തംതന്നിൽ
നിശ്ചയം സമർപ്പിക്കുമെന്നു ഞാനരുളുന്നു"

ശിഷ്യന്മാർ സംഭ്രമിച്ചു, ഗുരുനാഥനെത്തങ്ങൾ
ശിക്ഷയേൽക്കുവാനേൽപ്പിച്ചീടുമോ? ശാന്തംപാപം!

തങ്ങൾതൻ സമൂഹത്തിലീക്രൂരകൃത്യം കാട്ടാൻ
തക്കവഞ്ചനപൂണ്ടോനാരെന്നു സന്ദേഹിച്ചാർ.

തങ്ങളിൽ മഹാനായ മാന്യനാരാണെന്നുള്ള
തർക്കവുമവരുടെ മദ്ധ്യത്തിലാരംഭിച്ചു.

തന്നനുയായിവൃന്ദമാനസഗതി, ദേവ-
നന്ദനൻ ധരിച്ചുകൊണ്ടീവിധമരുളിനാൻ

"താലത്തിലെന്നോടൊത്തു കൈമുക്കുന്നവൻതന്നേ
തക്കംപാർത്തരാതികൾക്കർപ്പിക്കുമെന്നേ നൂനം.

ജാതികളുടെ നൃപനവരേബ്ഭരിക്കുന്നു
ജാതികളുപകാരംചെയ്‌വോരേപ്പുകഴ്ത്തുന്നു

നിങ്ങളിൽ വലിയവനെളിയോനായീടേണം
നിങ്ങളിൽ നേതാവായോൻ ഭൃത്യനായ് മാറീടേണം.

ഭക്ഷണംകഴിക്കുവാനിരിക്കും മനുഷ്യനോ
ഭോക്തൃസേവനലോലചിത്തനോ വലിയവൻ?

ഭക്ഷണം കഴിക്കുവാനിരിപ്പോൻ മാന്യൻ, രണ്ടു
പക്ഷമില്ലെ,ന്നാൽ ഞാനോ സേവനംചെയ്‌വാൻവന്നു.

ഭീകരപരീക്ഷയിൽ ഞാനകപ്പെട്ടനേരം
ഭവ്യശീലരാം നിങ്ങൾ വാണു മാമകോപാന്തേ

മാമകതാതൻ രാജ്യമെനിക്കു ദാനംചെയ്ത
മാതിരി ഞാനും രാജ്യം നിങ്ങൾക്കു നൽകീടുന്നു.

നിങ്ങളെന്നുടെ രാജ്യംതന്നിലെന്നോടുകൂടെ
നിർമ്മലാനന്ദംപൂണ്ടു ഭക്ഷിക്കും പാനംചെയ്യും

ഭദ്രാസനസ്ഥന്മാരായിസ്രയേൽ ജനത്തിൻെറ
ദ്വാദശഃഗോത്രത്തേയും വിധിക്കും ന്യായം നിങ്ങൾ

പശ്യ, നിങ്ങളെസ്സാത്താൻ ഗോധൂമമെന്നപോലെ
പാററവാൻ ഹാ ശിമോനേ ചോദിച്ചാനനുവാദം

താവക വിശ്വാസം പൊയ്പ്പോകുവാനിടവരാ-
താവോളമഭ്യർത്ഥിച്ചു നിർമ്മായം നിനക്കായി"

വാക്കുകളേവം കർത്താവോതിക്കൊണ്ടിരിക്കവേ
വിഷ്ടരംവിട്ടുയൂദാ ദൂരത്തേക്കോടിപ്പോയി

പാതിരാവായീനേരം ശിഷ്യന്മാർ പതിനൊന്നു-
പേരുമുൾത്തടം പുകഞ്ഞിരുന്നാരാത്തമൗനം

ശപ്തനാ യൂദാ കണ്ണിൽനിന്നകന്നപ്പോൾ സദ്യ-
ശാല, മേഘം വെടിഞ്ഞ വിണ്ടലംപോലെയായി

ഭീകരഭാരംചേർത്താബ്ഭൂതസാന്നിദ്ധ്യം സർവ്വ
ഭാവുക നികേതനാം ക്രിസ്തുദേവനിൽപ്പോലും

ഘോരാന്ധകാരം നീങ്ങിക്കർമ്മസാക്ഷിതൻ കാന്തി-
പൂരശോഭിതവാനംപോലെല്ലാം വ്യത്യസ്തമായ്

"മാനവാത്മജൻ മഹത്വീകൃതചരിതനായ്
മററൊരു രാജ്യത്തേക്കു പോകയാണറിഞ്ഞാലും"

നാഥൻെറ വചസ്സിതുകേട്ടു ചോദിച്ചു പത്രോ-
സ്സുൾത്തടംനൊന്തു നാഥൻ പോവതെങ്ങോട്ടേക്കെന്നു.

"നിങ്ങൾക്കു വരാനാകാ ഞാൻ പോകുമിടത്തേക്കു
നിങ്ങൾക്കുമങ്ങെത്തീടാം പിന്നീടെന്നീശനോതി

"മദ്ഗുരോ ഭവാനേ ഞാൻ പിന്തുടർന്നങ്ങേക്കായി
മാമകജീവൻ പരിത്യജിക്കാ"മെന്നാൻ ശിമോൻ

സന്താപഭാരമെല്ലാമുൾത്തട്ടിൽത്താനൊതുക്കി
സ്സത്യസ്സ്വരൂപൻ ഭക്തശിഷ്യനോടേവമോതി

"പത്രോസേ, മൂന്നുവട്ടം നീയെന്നേ നിരസിക്കും
സത്യമിന്നതിൻമുമ്പേ കോഴി കൂവുകയില്ലാ

നിങ്ങളേ മടിശ്ശീല, പൊക്കണം, ചെരിപ്പിവ
നൽകാതെ പുറത്തേക്കു ഞാൻ പറഞ്ഞയച്ചില്ലേ?

വല്ലതും ദോഷംവന്നോ നിങ്ങൾക്കു, നിവൃത്തിയായ്"
വേദത്തിലെന്നേപ്പററിക്കുറിച്ചതഖിലവും

കൈക്കൊണ്ടിടട്ടേ മടിശ്ശീലയുള്ളവനതു
കൈക്കൊണ്ടിടട്ടേ സ്വന്തം പൊക്കണമുള്ളോനതും

വാങ്ങട്ടെ ഖഡ്ഗം കയ്യിലൊന്നുമില്ലാത്തോൻ, തൻെറ
വസ്ത്രമിന്നാകെങ്കിലും വിററിട്ടു മടിക്കാതെ"

"ഞങ്ങൾക്കജ്ഞാതം ദേവ, നിന്തിരുവടിയുടെ
മംഗളാഭമാം രാജ്യത്തിങ്കലേക്കുള്ള മാർഗ്ഗം?"

ശിഷ്യരീവിധം ചൊൽകേ കൽപ്പിച്ചാൻ മഹാഗുരു
സത്യവും വഴിയുമാ ജീവനും ഞാനാകുന്നു

മൽപ്പിതാവിനേ പ്രാപിച്ചീടുവാനെന്നിൽക്കൂടാ-
തിപ്പാരിലാർക്കുംതന്നെ സാധ്യമല്ലറിയേണം

താതനേ ഞാനാരാണെന്നറിഞ്ഞോരറിഞ്ഞീടും
താതനേക്കാണുമേന്നേ നേരിൽക്കണ്ടറിഞ്ഞവർ

പീലിപ്പോസപ്പോളോതി "കർത്താവേ കാണിച്ചാലും
പുണ്യമാം താതാനനം തൃപ്തരായിടാം ഞങ്ങൾ

"താതൻെറ സാദൃശ്യത്തെത്തക്കമെന്നിയേ തൻെറ
ദിവ്യശീലനാമേകതനയൻ വഹിക്കുന്നു.

നിൻതിരുവടിയെ നീ കാണിച്ചു ഞങ്ങൾക്കെന്നാൽ
നിൻതിരുവടിയെ നീ ലോകർക്കു കാണിച്ചീല."

ശിഷ്യന്മാരിമ്മട്ടോതി, ദേശികനവർക്കേവം
ശാന്തമായ് പ്രത്യുത്തരം നൽകിനാൻ സാരഗർഭം.

മമനാമത്തിൽ നിങ്ങളേതോന്നു ചോദിച്ചാലും
മടിക്കാതതു നൽകാൻ സന്തതം സന്നദ്ധൻ ഞാൻ.

നമുക്കീസ്ഥലം വിട്ടുപോയിടാമെഴുന്നേൽക്കു"
നമ്രശീർഷന്മാരായി ശിഷ്യന്മാരെഴുന്നേറ്റു.

പാടിനാരവരൊരു കീർത്തനം ദാവീദിന്റെ
പാട്ടുകളടങ്ങിയ പുസ്തകം തന്നിൽ നിന്നും

## ഗത്സമേൻ

പെസഹാകൊണ്ടാടിയ മാളിക കൈവെടിഞ്ഞു
പെസഹായുടെ കുഞ്ഞാടായ വാനവനാഥൻ

പട്ടണപ്പടിവാതിൽ കടന്നാർ, ചന്ദ്രാംശുക്കൾ
തട്ടിമിന്നുന്ന തോപ്പിലൂടവേ സഞ്ചരിച്ചു.

ചെന്നെത്തി ഗത്സമേനെന്നൊരു പൂന്തോട്ടത്തിൽ
തന്നുടെ ശിഷ്യന്മാരുമൊത്തു സദ്ഗുരുവരൻ

രാത്രിയിൽ, മുമ്പും ക്രിസ്തുനായകനാത്തോട്ടത്തിൽ
പാർത്തു വിശ്രമിച്ചിട്ടുണ്ടാത്മശിഷ്യരുമായി.

പട്ടണം വീശീടുന്ന ദുഷിച്ചകാറ്റുചെന്നു
തട്ടാതെയവർ രക്ഷഃനേടിനാർ പലപ്പോഴും

നിർമ്മലതരമാകും പൂങ്കാവനത്തിൽച്ചെന്ന-
ന്നേരത്തു ശിഷ്യന്മാരോടീവിധം ഗുരുവോതി.

## ഏകാന്തതാഭിലാഷം

നിങ്ങളിങ്ങിരിക്കുവിൻ, ഞാനല്പമകന്നുപോയ്
മംഗളസ്വരൂപനാം താതനെ ധ്യാനിക്കട്ടേ.

പ്രത്ഥ്വിയെകീഴ്മേലാക്കും വാതവേഗത്താലേററം
പ്രക്ഷുബ്ധമായിത്തീന്നോരംബുധിയെന്നതുപോലെ

മാനസമലഞ്ഞുലഞ്ഞിളകിത്തളർന്നുപോയ്
മാനവേന്ദ്രന്റെ ഗാത്രശക്തിയും കുറഞ്ഞുപോയ്

യാക്കോബിനേയും യോഹന്നാനെയും പത്രോസാഖ്യ-
മുഖ്യശിഷ്യനേയും ശ്രീയേശുനായകൻ തദാ

തെല്ലുദൂരത്തുകൂട്ടിക്കൊണ്ടുചെന്നരുളിനാൻ
"താഴ്ന്നു മമാത്മാവു വർദ്ധിച്ച ദുഃഖംമൂലം

നിങ്ങളീസ്ഥലത്തെനിക്കായുണന്നിരിക്കേണം
നിങ്ങൾ നോക്കിയാൽകാണും ദിക്കിൽഞാൻവസിച്ചിടാം"

കല്ലേറുദൂരത്തുപോയ്ത്തറയിൽ മുട്ടുകുത്തി-
ക്കല്യാണശീലൻ ദീനദീനനായ് വിലപിച്ചു.

## ദുഃഖത്തിന്റെ പാനപാത്രം

"ഹാ താതാ, തിരുവുള്ളമുണ്ടെങ്കിലിന്നീപ്പാന-
പാത്രമീയെന്നിൽനിന്നും സദയം നീക്കേണമേ

സാധ്യമണങ്ങേയ്ക്കെല്ലാമെന്നിരിക്കിലുമിന്നു
സംഭവിക്കട്ടേ സവ്വം നിൻതിരുവിഷ്ടംപോലെ"

മറഞ്ഞു മതിബിംബം രാത്രിപാതിയുംപോയി
നിറഞ്ഞക്കൂരിരുട്ടിലേകനായ് നാഥൻ വാണു

മർത്ത്യവർഗ്ഗത്തിൻമദ്ധ്യേ സർവ്വേശസമക്ഷത്തിൽ
രക്തമാംസങ്ങളൊത്ത മർത്ത്യനായ്ത്തീർന്നുദൈവം

ദ്വിതീയ പരീക്ഷയാണാ സുമവനംതന്നി-
ലത്തുല്യഃനതാവിന്നു നേരിട്ടതന്നാനിശി.

വനത്തിലെത്തി ക്ഷമാപതിയെപ്പരീക്ഷിച്ചു
കനത്ത പരാജയംപെററി മാറീയ സാത്താൻ

തഞ്ചത്തിലുചിതമാംസമയം പ്രതീക്ഷിച്ചു
നെഞ്ചകംതുടിച്ചെങ്ങോ പാർക്കുകയായിരുന്നു

ഇന്നിതാ ജഗന്മയൻ താനതാണെന്നറിഞ്ഞു
വന്നുചേർന്നിരിക്കുന്നു ദുഷ്ടനാമവൻ വീണ്ടും

മുന്നം കാനനംതന്നിൽ തപസ്സു ചെയ്തീടവേ
വന്യജന്തുക്കൾതൻെറ ചുററിലും വിഹരിച്ചു.

ഇന്നിതാ ഭയങ്കര മാനവ ഹിംസ്രജന്തു-
വൃന്ദങ്ങൾതന്നേക്കൊല്ലാനടുത്തു വന്നീടുന്നു.

പാരിലെസ്സാമ്രാജ്യങ്ങളൊക്കയും നൽകാമെന്നു
പണ്ടു ദുഷ്ടനാം പിശാചോതിനാൻ മടിക്കാതെ

ഇന്നിതാ ജഗദഭിരാമനെക്കുടിലരാം
മന്നവകിങ്കരന്മാർക്കേകുവാനൊരുങ്ങുന്നു.

തൻമൃതി നടക്കേണം, താൻമൃതിവരിക്കേണം
താനവതരിച്ചതു മരിക്കാൻതന്നെ നൂനം.

നിത്യജീവനെ പ്രാപിച്ചീടുവാനുള്ള മാർഗ്ഗം
മൃത്യുവാണെന്നറിഞ്ഞു നിർജ്ജരനിഷേവിതൻ

തന്നുടെ മരണാനുസ്മരണോചിതവാക്യം
മുന്നമേതന്നേ നാഥൻ ശിഷ്യരോടരുളിനാൻ.

തന്നുടെ ശരീരമാം കാന്ദവമവർക്കേകി
തന്നുടെ നിണമാകും മുന്തിരിച്ചാറും തഥാ.

## ശിഷ്യാന്വേഷണം

മൃത്യുവിൽനിന്നതെല്ല,മാകയാൽ, നിരാകുലൻ
മുക്തിനേടുവാൻ പണിപ്പെട്ടതില്ലാശിച്ചില്ലാ.

പ്രാർത്ഥനയ്ക്കിടയ്ക്കുതൻ ശിഷ്യരേത്തിരഞ്ഞെത്തി
നിദ്രയാം ദരീഭുവിലവരേക്കണ്ടാൻ തദാ.

ഭീതിയും വികാരവും ശോകവും സമ്മേളിച്ചാ-
സാധുശിഷ്യത്രയത്തെത്തറയിൽപതിപ്പിച്ചു

സരയമവർ ഹന്ത! മയങ്ങി നിരുപമ-
നരുളീ വിഷാദാർദ്രമൊഴികളവരോടായ്.

"നിങ്ങൾക്കിന്നെന്നോടൊരുമിച്ചൊരുതെല്ലു നേരം
നിദ്രവിട്ടിരിക്കുവാനാവില്ലേ സഖാക്കളേ,

പരീക്ഷതന്നിൽ കടക്കാതിരിക്കുവാൻ സദാ
വരദായകനോടു യാചിപ്പിൻ മടിക്കാതെ.

സന്നദ്ധമധമ്മത്തോടെതിർക്കാനാത്മാവെന്നാ-
മെന്നാലോ പരിക്ഷീണം സന്തതം കളേബരം"

പിന്നെയും മുനിജനവന്ദിതപദാംബുജൻ
പ്രാർത്ഥിപ്പാൻ ദൂരത്തുപോയൂർദ്ധ്വനേത്രനായ്നിന്നു

ഞെട്ടിപ്പിടഞ്ഞെന്നീറ്റ ശിഷ്യന്മാർ പശ്ചാത്താപ-
പ്പെട്ടുണർന്നിരിക്കുവാനാവതും ശ്രമംചെയ്തു.

## വിയർപ്പും രക്തവും

നിത്യനിർമ്മലാകാരനേകാന്തഭുവിൽ പ്രിയ-
താതന്റെ തിരുമുഖം ദീനനായ് നോക്കിവാണു.

തന്തിരുവടിയുടെ ചുററിലും ജീവിവർഗ്ഗം
നിദ്രതൻ മടിത്തട്ടിൽ മദിച്ചു കിടന്നതെ.

"കെദ്രോന്"നാമംപൂണ്ട നദിക്കപ്പുറത്തെത്തും
ശബ്ദിക്കാതനങ്ങാതെ വര്‍ത്തിച്ചു മഹാപുരം

കരുത്ത നിഴലട്ടത്തെങ്ങുമേ വീശിക്കൊണ്ടു
മരുവീ പാപത്തിന്റെ തുംഗമാം ശിലപോലെ.

യൂദനായകന്മാരും തൽഭടസമൂഹവും
നിദ്രയ്ക്കുവശംവദരാകാതെ നിശപോക്കി

സര്‍വ്വനാഥന്റെ ഭക്തശിഷ്യരേതഗാധമാം
സങ്കടക്കടലിലുമൊന്നിച്ചു നീന്തിടേണ്ടോർ

തന്നെ സംരക്ഷിക്കേണ്ടോർ തനിക്കു മനശ്ശാന്തി,
തിങ്ങുമസ്വാസ്ഥ്യത്തിൽ താൻ നീറുമ്പോഴും,നൽകേണ്ടവർ

തന്നെ ജീവൻത്യജിച്ചും സ്നേഹിച്ചിടേണ്ടോരന്നു
തന്നത്താനറിയാതെ മയങ്ങിക്കിടന്നുപോയ്

കയ്യാപ്പാസുറങ്ങിയില്ലതുപോൽ പിശാചിന്റെ
കാര്യക്കാരനായ്ത്തീര്‍ന്ന യൂദായുമുറങ്ങീലാ.

ഭീകരതിമിരത്തിലേകനായ്പ്പിതാവിന്റെ
ശ്രീകരമുഖംകണ്ടുപലതും ചിന്തിക്കവേ

സംഗരമാരംഭിച്ചു ദേഹിയും ശരീരവും
തങ്ങളിലവസാനമാത്മാവു വിജയിച്ചു

പോരിന്റെ കാഠിന്യത്താൽ ചിന്മയശരീരത്തിൽ
ചോരത്തുള്ളികൾ പൊടിച്ചുരുണ്ടു താഴെവീണു

ഭാസ്കരാതപംമൂലമല്ലാത്ത വിയര്‍പ്പിനാൽ
ഭവ്യരൂപന്റെ ദേഹമൊക്കെയും മുങ്ങിപ്പോയി

മര്‍ത്ത്യര്‍ക്കായ് വാഗ്ദത്തമാം രക്തമാണദ്ദേവന്റെ
ഗാത്രത്തിൽനിന്നുമന്നു വീണതാത്തോട്ടംതന്നിൽ

സാത്താനാക്രമിച്ചൊരു മാംസത്തിൽനിന്നുമാദ്യം
പൃഥ്വിക്കു ദാനംചെയ്തു നിക്ഷേപമാണാരക്തം.

ഭാരമൊക്കെയും നീങ്ങി നിർമ്മലഹൃത്തിൽനിന്നും
ഭാസുര സുരലോകവീഥി സന്മയൻ തീർത്തു.

സ്വേദരക്താംബുസിക്തശോണാധരത്തിൽനിന്നും
പ്രാർത്ഥന നവീനമൊന്നുദിച്ചുപരന്നെങ്ങും

"നീങ്ങില്ല ഞാൻ കുടിക്കാതീപ്പാനപാത്രമെങ്കിൽ
നിന്തിരുവിഷ്ടംപോലെയാകട്ടെയെന്നിഷ്ടവും"

നിരസ്തഭയപാശബന്ധനൻ, ധാരാഭാര-
ഹരനന്നനന്തമാം സ്വാതന്ത്ര്യം സമ്പാദിച്ചു.

മർത്ത്യഭാവത്തെക്കൈവിട്ടു മർത്ത്യഭാവംപൂണ്ടു
മൃത്യുവാം നക്തഞ്ചരനാരിയേ ദൂരത്താക്കി

സർവ്വേശതനുജനായ്ധരിത്രീതലംതന്നിൽ
ജീവിച്ചു നരനന്നു സർവ്വനായകനായി

ജീവനെ ത്യജിക്കുവാനുടയോൻ നിശ്ചയിച്ചു
ജീവജാലങ്ങൾക്കെല്ലാം നിത്യമാം ജീവൻ നൽകാൻ

മുട്ടിന്മേൽ മണ്ണിൽനിന്ന മാനവനെഴുന്നേററു
തന്നുടെ ശിഷ്യന്മാരേത്തേടിനാൻ സ്നേഹപൂർവ്വം

ക്ഷീണഗാത്രന്മാരായ സാധുക്കളന്നേരത്തും
പൂർണ്ണമാം നിദ്രയ്ക്കുള്ളിൽക്കിടന്നു ശിലപോലെ

തന്തിരുവടിയനുകമ്പയാൽ തുനിഞ്ഞതി-
ല്ലന്തേവാസികളാകുമവരേയുണർത്തുവാൻ

മററാക്കുമരുളുവാനാവാത്ത സമാധാനം
മാറമാജഗൽപ്പതിക്കന്നു കൈവന്നിരുന്നു.

"മന്നിലുംനടക്കേണം വിണ്ണിലേപ്പോൽനിന്നിഷ്ട-
മെന്നരുളുവാൻ തന്റെ ശിഷ്യരേപ്പഠിപ്പിച്ചോൻ

പേർത്തുംപോയ് മുട്ടുകുത്തിനിന്നുതൻ താതനോടു
"നിന്തിരുവിഷ്ടം നടക്കേണ"മെന്നരുളിനാൻ.

ജീവാത്മാവഹോ പരമാത്മാവിനോടു ചേരും
പാവന സൗന്ദര്യമാർപ്പൂങ്കാവിൽ കളിയാടി

ശിഷ്യന്മാരുറങ്ങട്ടെ ലോകവും മയങ്ങട്ടെ
ശ്രീയേശുദേവൻ നിരാധാരനായിരുന്നില്ല.

കഷ്ടത സഹിക്കാനും, മരണം വരിക്കാനും
കന്മഷഹീനൻ സദാ സന്നദ്ധനായിരുന്നു.

മരണാർത്തിതൻ മദ്ധ്യേ മഹിതപ്രശാന്തിയാ
മനുജ തനയന്നു കാണായി നാലുപാടും

വഞ്ചകന്റെ ചുംബനം

കേൾക്കായി യൂദാസിന്റെ പാദവിന്യാസം തദാ
കേൾക്കായി തുടർന്നൊരു സാഗര പ്രഘോഷവും

കാണായി ദൂരെക്കുന്നിൻ ചുവട്ടിൽത്തിങ്ങിനിൽക്കും
കാശ്യപീരുഹാവലിക്കിടയിൽപ്പന്തങ്ങളും

കർത്താവു ശിഷ്യന്മാർ തന്നരികിൽ മൂന്നാമതു-
മാർത്താപം കലർന്നു ചെന്നിങ്ങനെ കൽപ്പിക്കയായ്

"വന്നു നാഴിക, നിങ്ങളുണരിൻ, പോകാം നമു-
ക്കെന്നെയൊററിക്കൊടുക്കാൻ നില്പോന്റെ സമീപത്തിൽ"

ദൂരത്തായ് നിവസിച്ച മററുള്ള ശിഷ്യന്മാര-
ന്നേരത്തുണർന്നെങ്കിലും ചെന്നില്ല നികടത്തിൽ

പെട്ടെന്നു ജനക്കൂട്ടംശ്രീയേശുനാഥൻ തന്റെ
പാദാന്തികത്തിലെത്തിത്തയ്യാറിൽ നിലകൊണ്ടു

സന്നദ്രിംസംഘത്തിന്റെ ശമ്പളക്കാരായുള്ള
താക്കോൽക്കാർ, കവാടത്തിൻ കാവൽക്കാരാത്തുപ്പുകാർ

താക്കോലും ചൂലുമൊക്കെ സൂക്ഷിച്ചുവച്ചന്നത്തെ
രാത്രിയിൽ യോദ്ധാക്കളായ് കൈകളിൽ ഖഡ്ഗമേന്തി

പത്തുനൂറല്ലഞ്ഞൂറപേരല്ലൊരയ്യായിര-
മൊത്താണ് കർത്താവിനെപ്പിടിക്കാൻ വന്നതപ്പോൾ.

പന്തങ്ങൾ, റാന്തൽവിളക്കെന്നിവകൊണ്ടാതോട്ടം
പാവകനാക്രമിച്ചത്തുഷ്ണ കാനനംപോലായ്

ഒററുകാരനാം യൂദാതൻ കരിവദനവു-
മുററ ശിഷ്യന്മാരുടെ നിർമ്മലമുഖങ്ങളും

കാററിനാൽഭൂതംപോലെ ചുഴലും തീനാളത്തിൻ-
പററങ്ങളുടെ മുമ്പിൽ സുവ്യക്തം കാണാറായി

കാല്യകാലത്തിൽപ്പൊങ്ങും ഭാസ്കരബിംബംപോലെ
ക്രിസ്തുദേവന്റെ ദിവ്യവദനംചുകപ്പാർന്നു.

"ഞാനാരേച്ചുംബിച്ചീടുമവനേ നിങ്ങൾ പിടി-
ച്ചാനയിക്കേണംതെല്ലും സന്ദേഹം കലരാതെ"

ഏവമായൂദാ, തന്റെ പിന്നാലെ കുതിച്ചെത്തും
ദുർവിനീതരോടോതി നടന്നാൻ മുന്നോട്ടേക്കു

കെട്ടചിന്തയാൽ നഷ്ടപ്പെട്ടയൂദാ നടന്നു
പെട്ടെന്നു സമീപിച്ചുവേളയിൽ നാഥനോതി

"നീയെന്തിനായിവന്നു മാനുഷതനയനെ
നീ ചുംബനത്താലൊററിക്കൊടുക്കാൻ മുതിർന്നുവോ?"

വാഗ്ദാനംചെയ്തപോലെ ദുഷ്ടനാം യൂദാ സ്നേഹ-
ഭാവത്തിൽ ഗുർവ്വാസ്യത്തിൽ ചുംബനം സമർപ്പിച്ചു

തന്തിരുമേനിക്കാദ്യംപററിയ പരിക്ഷതം
സ്വന്തശിഷ്യനേററതാമാച്ചുംബനമായിരുന്നു

ഗുരുമാനസം പാരം കദനകാകോളത്താ-
ലുരുകിത്തളർന്നുമതിനാലായിരുന്നു.

സഹസ്രാധികംപ്രഹരങ്ങളേക്കാളുംഖേദം
സുതരാമാച്ചുംബനം ദീനബന്ധുവിൽചേർത്തു

ഒരുമിച്ചൊരേപാത്രംതന്നിൽനിന്നപ്പംഭുജി-
ച്ചൊരുമിച്ചൊരേകോപ്പപകർന്നുപാനംചെയ്തു

യൂദതൻ ചുംബനം കണ്ടനേരം ജനമെല്ലാം
വേദനായകൻ തന്റെചുററിലും കൂടിനിന്നു

## നിങ്ങളാരെ അന്വേഷിക്കുന്നു

"നിങ്ങളീക്കുന്തങ്ങളും വടിയും ഖഡ്ഗങ്ങളും
താങ്ങുന്ന കരങ്ങളൊത്തന്വേഷിക്കുവതാരേ?"

നാകനായകസുതനീവിധം ചോദിക്കവേ
നസ്രേയൻ യേശുവിനെ"യെന്നോതി ജനമെല്ലാം

"ഞാൻതന്നെ നസ്രേയനെന്നാഗമക്കാതൽ ചൊൽകെ
ഞെട്ടലോടവരെല്ലാമൊന്നോടെ പിൻവാങ്ങിനാർ

കർത്തൃനാദത്തിൻ ശക്തിയാലോ തൻ വിശുദ്ധമാം
കണ്ണിൽനിന്നുജ്ജ്വലിച്ച കാന്തിതൻ ശക്തിയാലോ

ക്രൗര്യമാണ്ടൊരായൂദപ്പരിഷയ്ക്കുടൻതാരിങ്കൽ
കമ്പമുണ്ടായി കൺകൾ പുറത്തേക്കുന്തിപ്പോയി

## കർണ്ണച്ഛേദനം

DHARMARAM COLLEGE LIBRARY, BANGALORE. 19707

നിദ്രയുമുൾക്കമ്പവും കൈവിട്ടുപത്രോസപ്പോൾ
ക്രുദ്ധനായ് കോശത്തിൽനിന്നൂരിനാൻ കരവാളം

കയ്യാപ്പാസിൻെറ ദാസനാകിയ മൽക്കസ്സു തൻ
കർണ്ണദ്വയത്തിലൊന്നു വെട്ടി ഭൂമിയിലിട്ടു

മിത്രാരിഭേദം തെല്ലും കാണാത്ത കണ്ണാളുന്ന
നിത്യനക്കൃത്യംപാരമാർത്തിച്ചേതസ്സിൽ ചേർത്തു

മൽപ്പിതാവെനിക്കായി നൽകിയ പാനപാത്ര-
മിപ്പൊഴാചമിക്കേണ്ടതെന്നുടെ ധർമ്മമത്രേ.

"വാളുറയ്ക്കകത്താക്കു, വാളെടുക്കുന്നോരെല്ലാം
വാളിനാൽ മൃതരാകു"മെന്നോതി സർവ്വാധാരൻ

മൽക്കസ്സിൻ ക്ഷതകർണ്ണം വേഗമക്ഷതമാക്കി
തൃക്കരംകനിവാർന്ന പൊൽക്കരസ്പർശത്തിനാൽ

## ബന്ധനസ്ഥൻ

ബന്ധിച്ചു തമ്പുരാനെദ്ദുഷ്ടരാം പട്ടാളക്കാർ
ശാന്തനായ് ചോദിച്ചേവമവ്യയൻ സനാതനൻ

കള്ളനെപ്പിടിക്കുവാനെന്നപോൽ നിങ്ങളെന്തീ-
ഖഡ്ഗയഷ്ടികളേന്തിവന്നുമൽ സമീപത്തിൽ

ധർമ്മധാമത്തിലെത്തി പ്രത്യഹമഹംവേണ്ടും
ധർമ്മോപദേശം നിങ്ങൾക്കേകിക്കൊണ്ടിരുന്നില്ലേ.

നിങ്ങളാക്കാലത്തെങ്ങും ബന്ധിച്ചില്ലെന്നേ, പക്ഷേ
നിർണ്ണയം നടക്കേണം വേദോക്തം നിഖിലവും

നിർമ്മലൻ നിരന്തമാം വിശ്വദീപമാണാ,ന്ധ്യം
നിശ്ശേഷം നശിച്ചിടും തൽ സമക്ഷത്തിൽത്തന്നെ

മാദ്ധ്യന്ദിനാർക്കൻ പാരമുജ്ജ്വലതേജസ്സോടെ
പ്രത്യക്ഷനാവാൻ മേഘച്ഛന്നനായ് വാഴുംപോലെ

ജ്ഞമഃയലും പ്രദീപം ദുഷ്ടന്മാരുടെ കർമ്മ
ധൂമസഞ്ചയത്താലന്നാവൃതമായിത്തീർന്നു

സ്വായത്ത വിജയത്തെ പ്രസിദ്ധപ്പെടുത്തുവാൻ
സ്വപ്രഭുക്കളെക്കണ്ടു സമ്മാനം സമ്പാദിപ്പാൻ

ക്ഷണികായുധന്മാരായ് മാറിയ വൃഷലന്മാർ
ക്ഷണത്തിൽ, പ്രത്യുത്തരമൊന്നിനു മരുളാതെ

ലോകത്തിൻസ്രഷ്ടാവിനെപ്പാശത്താൽബന്ധിച്ചിട്ടാ-
രംഗം കൈവിടാതേററം വെമ്പിനാർ വിതുമ്പിനാർ

വിശ്വമാണൊരു കുഞ്ഞാടെന്നപോലവരുടെ
പാശത്തിൻ തുമ്പിൽക്കെട്ടപ്പെട്ടതെന്നറിഞ്ഞതാർ.

തന്നത്താൻ രക്ഷിക്കുവാൻ മതിരാതരികൾക്കു
തക്കത്തിൽ ബന്ധിക്കുവാൻ തൃക്കരം ദേവൻ നീട്ടി

നില്പതു കണ്ടപ്പോഴേ ശിഷ്യന്മാർ നിരാലംബം
നിർഭരഭയംപൂണ്ടു ജീവനുംകൊണ്ടു പാഞ്ഞു

രണ്ടുപേർമാത്രമപ്പോളാ ദയനീയ യാത്രാ-
സംഘത്തെപ്പിന്തുടർന്നു പട്ടണത്തിങ്കലോളം

## അന്നാസിന്റെ കൊട്ടാരത്തിൽ

സത്വരം കൊണ്ടുപോയീ സൈന്യമന്നാസുവാഴും
സൗധത്തിലേക്കു ബന്ധനസ്ഥനാം ഗുരുവിനെ

തത്രതാനന്നാസിന്റെ ജാമാതൃപദംപൂണ്ട-
ധൂർത്തനാം കയ്യാപ്പാസും പാർത്തിരുന്നതാക്കാലം

നീതിപാലകമന്നന്മാരായ പലരുമാ
രാത്രിയിലതിൽക്കാലേ സാന്നിധ്യം ചെയ്തീരുന്നു.

ഭാനുമാനുദിച്ചിട്ടേ വന്നുചേരുകയുള്ളു
വൈരിയാക്കൊട്ടാരത്തിലെന്നോൎത്തുനേതാക്കന്മാർ

വിസ്താരം വിഭാതത്തിലാരംഭിക്കുകിൽ കാൎയ്യ-
മത്രയും തെററും, തൊട്ട ശാബതയല്ലൊനിൽപ്പൂ

"മദ്ധ്യാഹ്നത്തിനുമുന്നം കാൎയ്യങ്ങളെല്ലാം നന്നായ്
തീൎത്തില്ലെന്നാകിലന്നു കൂടിയ മഹാജനം

കുഴപ്പം കാണിച്ചേക്കാം, പീലാതൻ പല കള്ള-
ക്കഥകൾപറഞ്ഞുള്ളതൊക്കെയും മാററിവെയ്ക്കാം"

അന്നാസും കയ്യാഫസ്സുമിങ്ങനെ വിചാരിച്ചു
ഖിന്നതപോക്കാൻ സഭാമൂപ്പരേ വിളിപ്പിച്ചു

മററുനേതാക്കന്മാരങ്ങെത്തീടും മുന്നം തെല്ലു
വിസ്തരിച്ചീടാം ക്രിസ്തുദേവനെയെന്നായന്നാസ്

സേത്തിൻെറ പുത്രനായോരന്നാസു മഹാചാൎയ്യ-
സ്ഥാനത്തിരുന്നു കാൎയ്യംനോക്കിനാനേഴവർഷം

മുഖ്യയാജകദിവ്യസ്ഥാനത്തുനിന്നുംപിന്നെ
ചക്രവൎത്തിയാൽ ബഹിഷ്കൃതനായ് തീൎന്നെങ്കിലും

കൊട്ടാരംവിട്ടുപോകാനിടയായില്ലാ, വിത്ത-
പുഷ്ടിയാൽ, പലതരം സ്വാധീനശക്തിമൂലം.

മംഗളരൂപൻ ധൎമ്മനായകൻ നിരുപമ-
നങ്ങനെയന്നാസിൻെറ മുന്നിലേക്കാനീതനായ്.

## വിസ്താരം

അന്നത്രേ സഭാദ്ധ്യക്ഷന്മാരായ ശത്രുക്കൾതൻ
മുന്നണിസ്ഥാനത്തിങ്കൽ വർത്തിക്കുമൊരുവൻെറ
സന്നിധിതന്നിൽ നമ്രശീർഷനായ് നിരാലംബം
നിന്നത്തു മുക്തിപ്രദൻ കുററക്കാരനെപ്പോലെ

"നിന്നുപദേശമെന്താണാരാണു നിൻ ശിഷ്യന്മാർ
മന്നിലേതൊരു വർഗ്ഗജാതരാണവരെല്ലാം?"

പ്രാക്കളേവിററം, പള്ളിമുററത്തു കടകെട്ടി–
ത്തക്കംപോൽ വാടകയ്ക്കുകൊടുത്തും പണമേറെ

നേടിയോരന്നാസേവം ചോദിച്ച വിവരങ്ങൾ
നേരിട്ടുധരിച്ചൊരു തീരുമാനത്തിലെത്താൻ

"മൈതാനഭൂവിൽ, ദേവദിവ്യഗേഹത്തിൽ, സഭാ–
മണ്ഡപംതന്നിൽ പ്രസംഗിച്ചു ഞാൻ സഞ്ചരിച്ചു

ഞാനൊന്നും രഹസ്യമായ് പറഞ്ഞുനടന്നില്ലാ
പിന്നെന്തിനെന്നോടേവം ചോദ്യങ്ങൾ ചോദിക്കുന്നു?

മാമകോപദേശങ്ങൾ നിത്യവും കേട്ടിട്ടുള്ള
മാനവരോടു ചോദിച്ചാലെല്ലാമറിഞ്ഞിടാം"

ഭാവുകരൂപനേവമോതവേ തദാസ്യത്തിൽ
സേവകനൊരാളയ്യോ താഡിച്ചാൻ ദയാഹീനം.

"ധിക്കാര,മിമ്മട്ടാണോ നീ മഹാചാര്യനോടു
വാക്കുകളുരയ്ക്കുവതെന്നു ജല്പിച്ചാനവൻ

മുറവിട്ടുള്ളദേഹദണ്ഡാനുഭവഗ്രന്ഥ-
മുഖവാക്യമായ് ത്തീർന്നു തൽസേവകോഗ്രാഘാതം

"തിന്മഞാനുരച്ചെങ്കിൽ തെളിവേകുക നിങ്ങൾ
താഡിപ്പതെന്തിനെന്നെ"യെന്നോതി നിരഘാഗ്ര്യൻ.

ദുർന്നയജ്ഞനാമന്നാസയച്ചു കർത്താവിനെ
ത്തന്നുടെ ജാമാതാവാം കയ്യാപ്പാസിന്റെ മുന്നിൽ

## പത്രോസിന്റെ നിരസനം

വിളക്കിൻവെളിച്ചത്തിൽനിന്നേതുമകന്നിടാ-
തൊളിച്ചു മതിലിന്റെ നിഴലിൽപ്പററിച്ചേർന്ന്

പാദപങ്കജാശ്രിതമാനവകുലപരി-
പാലകനാകും ഗുരുദേവനെപ്പിന്തുടർന്ന്

പത്രോസും യോഹന്നാനും നെഞ്ചകംതുടിച്ചേററം
ഭീതരായ്പ്പുരോഹിതമന്ദിരപ്രാന്തംപൂകി

കയ്യാപ്പാസിന്റെ ഭൃത്യഗണത്തിൽച്ചിലരെല്ലാം
കാര്യമായ് മാനിച്ചോരു യോഹന്നാൻ മടിക്കാതെ

കൊട്ടാരപ്പടിവാതിൽ കടന്നു ദേശികന്റെ
കൂടവേ, പക്ഷേ നിന്നു പത്രോസുപുറത്തായി

പിന്തിരിഞ്ഞൊന്നുനോക്കി യോഹന്നാൻ,പത്രോസിനെ
പ്പിന്നാലെ കാണായ്കയാൽ ചഞ്ചലഹൃദയനായ്

മുററിടുമപകടംനിറഞ്ഞ തദ്രംഗത്തി
ലൊററയ്ക്കുനിൽക്കാനുള്ള ധൈര്യമില്ലായ്കമൂലം

പടിക്കൽബ്ഭയപ്പെട്ടുനിന്നൊരപ്പത്രോസിനെ
ത്തടവററകത്തേക്കു സാദരംകൊണ്ടുപോയി.

വാതിൽക്കൽ കാവൽനിന്ന യൗവനക്കാരിയേക
പത്രോസിൻമുഖംകണ്ടു ധരിച്ചാളാളാരെന്നു

നിശ്ശങ്കമവനോടു ചോദിച്ചാളവളേവം
"നീയുമാ മനുഷ്യന്റെ ശിഷ്യരിലൊരാളല്ലേ"

"നീയെന്തു ചോദ്യമാണീച്ചോദിപ്പതാപ്പുമാനും
ഞാനുമായ് പരിചയമില്ല"യെന്നോതീ ശിഷ്യൻ

കൊട്ടാരമുറ്റംതന്നിൽ രാജഭൃത്യന്മാരഗ്നി-
കൂട്ടിയിട്ടതിൻ ചാരത്തിരുന്നു ശൈത്യംപോക്കി

ഛാത്രയുഗ്മകം ചെന്നങ്ങിരുന്നു തീകായുവാൻ
ശത്രുസംഘത്തിലുള്ള സേവകരുടെ മദ്ധ്യേ.

അന്നേരം മറെറാരുത്തി തീകാഞ്ഞിരിപ്പോരുടെ
പിന്നിലായ് വന്നുനിന്നുനോക്കിനാൾ പത്രോസിനെ

"നീയുമാനസ്രായന്റെ കൂട്ടത്തിലുള്ളോനല്ലേ
നിന്നെ ഞാനറിയു"മെന്നോതിനാളവൾ നേരേ

"ഞാനറിയുന്നില്ലേതുമവനേ"യെന്നു വീണ്ടു-
മോതിനാനവളോടു പാവമാം പത്രോസാഖ്യൻ.

ചാരത്തു നിന്നിരുന്ന പുരുഷന്മാരിലേകൻ,
ധീരനായ് പത്രോസോതും വചനം ശ്രവിക്കവേ,

തുറിച്ചുനോക്കിച്ചൊന്നാൻ 'നിശ്ചയമായും നീയും
മിശിഹായുടെ ശിഷ്യവൃന്ദത്തിലൊരുവൻതാൻ

നീയുപയോഗിക്കുന്ന ഭാഷ, നീയാരെന്നിതാ
നിസ്തർക്കം പ്രഖ്യാപനം സർവ്വത്ര ചെയ്തിടുന്നു"

'ഇല്ല, ഞാനറികയില്ലാ മനുഷ്യനെ"യെന്നു
കില്ലെന്യേ മൂന്നാമതും പത്രോസുത്തരം നൽകി

അപ്പൊഴതഖിലേശൻ ബന്ധിതഭുജനായി-
ട്ടാവഴി കയ്യാപ്പാസിൻമന്ദിരേലക്കെഴുന്നള്ളി

പത്രോസിൻ നിരസനവാക്കുകൾ ശ്രവിച്ചിട്ടു
തന്തിരുവടിയൊന്നു തിരിഞ്ഞു തൃക്കൺപാർത്തു

ദിവ്യമാം തിരുമിഴി ശിഷ്യൻെറ വദനത്തി-
ലവ്യാജം തറയ്ക്കവേ പത്രോസിൻ ഹൃദന്തരം

നൊന്തുപോയ്, തദാത്മാവു ചണ്ഡവാതത്തിൽപ്പെട്ട
മേദിനീരുഹംപോലെ വല്ലാതെകുലുങ്ങിപ്പോയ്

"ആരിൽ ഞാൻ വിശ്വാസമാം നിക്ഷേപമാദ്യംവച്ചേ-
നാരുതാൻ വൈരാഗ്യത്തിൻ മൂർത്തിയായ് കാണപ്പെട്ട

ആരുതാനെല്ലാരിലും കൂടുതൽ ഭക്തിയാന്നോ-
നാരെൻെറ നാമമെങ്ങുമോതുവാൻ മടിക്കാത്തോൻ.

ആരെൻെറമൊഴികളെപ്പൂർണ്ണമായ് വിശ്വസിച്ചാ-
ധീരചിത്തനാം ശീമോൻപത്രോസേ! നീയിന്നേരം

താവകഗുരുവാക്യമീയെന്നെത്തള്ളിപ്പറ-
ഞ്ഞീവിധം നിരാധാരനാക്കിയതെന്തിന്നയേ,"

സ്വാന്തംവെന്തേവംചൊന്നഗുരുദേവൻെറ കണ്ണിൻ
കാന്തിയാൽ പത്രോസിൻെറ മൂർദ്ധാവു തപ്തമായി

ബന്ധനാലയംവിട്ടുപുറത്തേക്കിറങ്ങുവാൻ
ബദ്ധപ്പെട്ടിടും കുററക്കാരനാം മർത്ത്യനേപ്പോൽ

പത്രോസിൻചിത്തം സ്വന്തഗാത്രത്തിനുള്ളിൽനിന്നും
സത്വരം പുറത്തേക്കുചാടുവാൻ വാതിൽനോക്കി

ഭൂതങ്ങളെല്ലാംകൂടി ബാധിച്ച നരനേപ്പോൽ
വിത്രസ്തചിത്തനായിനിന്നുപോയ്തെല്ലുനേരം

തൽക്ഷണംമഞ്ഞുകട്ടിയായായിട്ടു തീർന്നുപോയോ
തന്നുടെഗാത്രമെന്നു ചിന്തിച്ചാനവൻപിന്നെ

പാവകജ്വാലതന്നിലകപ്പെട്ടുവോദേഹം
പാവമാമവൻ പിന്നീടോത്തേററംഭയപ്പെട്ടു

നടന്നാൻ പതുക്കവേ വിറച്ചും വേച്ചുംകൊണ്ടു
കടന്നാൻ പടിവാതിൽപിന്നെ മണ്ടിനാൻ വേഗം

## കോഴികൂവുന്നു

വിഭാതാഗമത്തിന്റെ നിശ്ശബ്ദപ്രശാന്തിയിൽ
വിദൂരത്തൊരുദിക്കിൽ കൂവിയാപ്പൂവൻകോഴി

തോന്നിയാനാദം നിദ്രാധീനനെദ്ദുഃസ്വപ്നത്തിൽ
നിന്നുമങ്ങുണർത്തുന്ന കാഹളമെന്നപോലെ

ഭൂതകാലമാം വാനിൽമുഴങ്ങും പരിചിത-
ഭേരിയായ് പത്രോസിന്റെ കർണ്ണത്തിലതുതട്ടീ

സ്വന്തമാംമന്ദിരത്തിൽ തിരിച്ചുവന്നെത്തീടും
യാത്രക്കാരനേപ്പോലെ നോക്കിനാൻ ചുഴലവും

വിട്ടുപോയവയെല്ലാം കരളിലുദിക്കയായ്
ദൃഷ്ടിയിലതീതമാം രംഗങ്ങൾ പ്രകാശിച്ചു

കുപ്പായംകൊണ്ടുതന്റെ ശിരസ്സുമൂടിക്കൊണ്ടു
കേണുകേണൊഴുക്കിനാൻ കണ്ണുനീർ പുഴപോലെ

കേഴുക പത്രോസ! നീ നിനക്കായ്, നിൻനാഥനായ്
ക്രൂരമായ്ഗ്ഗുരുവിനെ ശത്രുക്കൾക്കേകിയോനായ്

കേഴുക പത്രോസേ നീ ഗുരുദേവനെവിട്ടു-
കൂട്ടുകാർക്കായിനിന്നേപ്പോലഘംചെയ്‌വോർക്കായി

## കേപ്പാസിന്റെ കുപ്പായം

നീന്ദിച്ചശീമോൻപത്രോസാചാര്യമുഖ്യൻ, കേപ്പാ-
സീങ്ങനെ രണ്ടു കട്ടിക്കല്ലിന്റെ നടുക്കായി

ഞെരുങ്ങീ നരസുതനന്നത്തെ പ്രഭാതത്തിൽ,
മുറിഞ്ഞു നീതികേടുപലതും കണ്ടു ചിത്തം

സന്നദ്ധീംസംഘം തദാ കേപ്പാസിൻ മന്ദിരത്തിൽ
സന്നദ്ധമായിരുന്നു ക്രിസ്തുദേവനെക്കാണ്മാൻ.

ന്യായാധിപതിമാരും, സൈനികന്മാരും, ഖവരം,
കയ്യോടെ നടക്കുന്ന മർത്ത്യരും തത്രകൂടി

അന്നത്തെ പ്രഭാതമോ, ശൈലഗഹ്വരംവിട്ടു
മന്നിലേക്കണയുവാനുത്സാഹം കാണിച്ചില്ല

മടിച്ചുമടിച്ചുക്ക്നെഞ്ഞെത്തി, മിന്നിമിന്നി
ത്തുടിച്ചു ദീപങ്ങളെക്കെടുത്തി ത്താഴെത്തള്ളി

കുംഭകുക്ഷിക,ളേററം വൃദ്ധന്മാർ, ചക്കപോലെ
ജൃംഭിച്ചദേഹമുള്ളോരങ്കുശനാസികന്മാർ

ശാവിനോടെതിർക്കുന്ന പൂച്ചതൻ മുഖമുള്ളോ-
രന്യരിൽത്തുളച്ചേറും വ്യാഘ്റനേത്രങ്ങളുള്ളോർ

കൊമ്പുകോതമ്പിൻ കച്ചിക്കററിപോലൊരുപോലെ
കത്രിച്ചുനിരപ്പാക്കിവളർത്തും താടിപൂണ്ടോർ

കോഴിചിക്കിയ വൈയ്ക്കോൽക്കെട്ടുപോൽ ചിതറിയും
കൂടിയും കിടക്കുന്ന നീണ്ടതാടിക്കാർ വേറേ

പ്രാഡ്വിപാകന്മാരിമ്മട്ടൊട്ടുപേർ പൗരോഹിത്യ-
പ്രൗഢിയാർന്നിട്ടും സഭാശാലയിൽ തിങ്ങിത്തങ്ങി

കൗശേയസംവേഷ്ടിതശീർഷന്മാരവർ, വെള്ള-
ക്കുപ്പായം ശരീരത്തോടൊട്ടുമാറിട്ടുകൊണ്ടും

കുരുതിക്കായിട്ടുള്ള ജീവിയേക്കാത്തിരിക്കും
നരയാജകന്മാരെപ്പോലവേ കാണപ്പെട്ടു

കാവൽക്കാർ,പരാർത്ഥാഭിഭാഷകർ,പരാതിക്കാർ
കൊട്ടാരഃവേലക്കാരീവിധത്തിൽ പലകൂട്ടർ

തടിച്ചുകൂടീ സഭാമണ്ഡപംതന്നിലോരോ
പൊടിക്കൈകണ്ടു പാരം രസിച്ചു തുള്ളിച്ചാടാൻ

മുന്നമേ പുണ്യവാനേ വിസ്തരിച്ചാശാഭംഗം
വന്നൊരന്നാസു തെല്ലും മറക്കാതാരംഗത്തിൽ

കള്ളന്മാരായ ചിലകിങ്കരന്മാരെസ്സാക്ഷ്യം
ചൊല്ലുവാൻ പാർപ്പിച്ചിരുന്നങ്ങൊരുഭാഗത്തായ്!

നീതിപാലക മുഖ്യൻ സാക്ഷികളായിവന്ന
മർത്ത്യരെപ്പേരുചൊല്ലിവിളിച്ചു മുന്നിൽനിർത്തി

"മാനുഷഹസ്തങ്ങളാൽ നിർമ്മിതമാമിദ്ദേവ-
മന്ദിരം നശിപ്പിച്ചു മൂന്നുനാളുകൾക്കുള്ളിൽ

മാനുഷഹസ്തംതെല്ലും തൊട്ടതീണ്ടാത്തതായ
മറ്റൊന്നുതീർക്കുമെന്നു നസ്രായനരുൾചെയ്തു

കേട്ടതായ് ചിലരെല്ലാമങ്ങുനിന്നുൽഘോഷിച്ചു
ദുഷ്ടരാം മൂപ്പന്മാരാ സാക്ഷ്യത്തിലാഹ്ലാദിച്ചു

കല്ലിന്മേൽ കല്ലുശേഷിക്കാതൊരുകാലംവരും
കില്ലില്ലെന്നീശൻ ദൃഢം ചൊല്ലിയിട്ടുണ്ടുമുന്നം

എങ്കിലും പ്രാഡ്വിപാകനക്കാര്യം ചോദിക്കവേ
മംഗളമൂർത്തി മൗനംഭജിച്ചു തത്രവാണു.

പെട്ടെന്നു പുരോഹിത.നായകനിരിപ്പിടം
വിട്ടെഴുന്നേറ്റു കോപിച്ചീവിധമരുളിനാൻ

"നീയെന്തു ശബ്ദിക്കാതെ കുറ്റിപോലിങ്ങു നിൽപ്പൂ
നീ കേട്ടതില്ലേ സത്യസാക്ഷികളുടേ മൊഴി?"

നാഥനീച്ചോദ്യംകൊണ്ടും ഭഞ്ജിച്ചതില്ലാമൗനം
നീതിപീഠസ്ഥന്മാർക്കു പിന്നെയും കോപംകൂടി

പേത്രുമാക്കയ്യാഫസ്സു ചോദിച്ചു "ഭവാൻ ക്രിസ്തു.
നാഥനോ കഥിച്ചാലും സർവ്വേശതനുജനോ?"

സന്ദർഭംതെളിഞ്ഞോരുമുത്തരം നൽകാനെന്നു
സർവ്വജ്ഞനറിഞ്ഞേവമോതിനാൻ വിനീതനായ്

"വിശ്വസിക്കില്ലാ നിങ്ങൾ ഞാനെന്തു പറഞ്ഞാലും
"വിശ്വാസഹീനരോടു പറഞ്ഞാൽഫലമില്ലാ"

സത്വരംജനക്കൂട്ടമാർപ്പിട്ടു "ഭവാൻക്രിസ്തു
നാഥനോ പാരിൽവന്ന സർവ്വേശതനുജനോ?"

"ഞാനാരെന്നിതാ നിങ്ങൾ പറഞ്ഞുകഴിഞ്ഞല്ലോ
ഞാനിനിമേലിലെന്തു നിങ്ങളോടരുളേണം

മാനവസുതൻ ദൈവശക്തിതൻ വലത്തായി
വാഴ്‌വതും കാറിലിങ്ങെത്തുന്നതും നിങ്ങൾകാണും"

കന്യകാസുതനേവമോതവേ തൻകുപ്പായം
കേപ്പാസുകീറിക്കൊണ്ടു കഥിച്ചാനത്യുച്ചത്തിൽ

"സാക്ഷികളെന്തിന്നിനിമേൽ നമുക്കിവൻ ദൈവ-
ദൂഷണമുരച്ചതു കേട്ടല്ലോ നിങ്ങളെല്ലാം

നിങ്ങളീക്കുററത്തിന്നു തക്കശിക്ഷയെന്തെന്നു
നല്ലപോലാലോചിച്ചു വിധിപ്പിൻ, ജനങ്ങളേ"

"മരണം, മററൊന്നല്ലാ, മരണം, തർക്കംവേണ്ടാ
മരണംതന്നേശിക്ഷ" ജനങ്ങളാക്രോശിച്ചു.

പാരിഹാസികമാകും രണ്ടു വിസ്താരംതീർന്നു
പ്രാഡ്വിപാകന്മാരുടെ ചിത്തഭാരവുംനീങ്ങി

കേപ്പാസുതന്റെ നീണ്ട പട്ടുകുപ്പായത്തിന്റെ
കീറിമാറിയതൊത്തലന്നത്തെ വിഭാതത്തിൽ

ഘോരസംഗരജയക്കൊടിതൻകൂറപോലെ
പാറിപ്പറന്ന കാകോളോഗ്രമാം പാപക്കാററിൽ

## മർദ്ദനം

അന്നത്തെ സൂര്യൻ വിണ്ണിൻമദ്ധ്യത്തിലെത്തുംമുമ്പേ
മന്നവകുമാരനേ വധിപ്പാനുള്ളമാർഗ്ഗം

സന്നദ്രീംസംഘാംഗങ്ങൾ ബുദ്ധിചുട്ടന്വേഷിപ്പാ-
നൊന്നിച്ചിരുന്നും വേറേമാറിയുമാലോചിച്ചു.

ഹിംസ്രജന്തുക്കളായി യൂദന്മാർ, ദന്തപംക്തി
ദംഷ്ട്രകളായിപ്പച്ചമാംസം രുചിക്കാൻ വെമ്പി

രക്തദാഹംമുഴുത്തു, തക്കത്തിൽക്കയ്യിൽക്കിട്ടി
ബന്ധിതനാകും പുണ്യഭോജന ശാബകത്തെ

മരണാസ്യത്തിലേക്കങ്ങെറിയപ്പെട്ട ജീവി,
കരയാൻ, കഥിക്കുവാനൊ,ന്നിനും തുനിയാത്തോൻ

കുരിശിൽത്തറയ്ക്കുവാനേവരുമുഴിഞ്ഞിട്ട
പരമാർദ്രാത്മാവാകും ശ്രീയേശുനാഥൻതദാ

വ്യാധിബാധിച്ചുവീണപുത്രനെപ്പിതാവുപോൽ
ഭ്രാന്തനെസ്വപിത്രംപോൽ നോക്കിനാൻ ശത്രുക്കളെ

വാരുണിപ്രമത്തരാം വൈരികൾ മഹേശ്വര-
വക്ത്രമണ്ഡലംതന്നിൽ തുപ്പുവാനാരംഭിച്ചു

സൂര്യകോടിപ്രകാശംചൊരുത്തും വദനത്തിൽ
സോമശീതളാമൃതം നിറഞ്ഞ ചഷകത്തിൽ

ധൂർത്തരാം യഹൂദന്മാർ വർഷിച്ച ലാലാജലം
സ്വേദബിന്ദുക്കളോടൊത്തൊഴുകീ ശരീരത്തിൽ

ചാരത്തുനിന്നിരുന്ന കാവൽക്കാർ കൈചുരുട്ടി-
ക്രൂരരായ്ക്കപോലത്താരിതളിൽ പ്രഹരിച്ചു

താഡനങ്ങളേക്കാളും കാഠിന്യംചേർന്നവാക്കാം
തിഗ്മശല്യൗഘങ്ങളാലന്യന്മാർ പീഡിപ്പിച്ചു

സരസീരുഹംപോലെ പേശലതരസ്മേര-
കിരണം വിഹരിച്ച തന്തിരുമുഖമയ്യോ.

വികൃതാകൃതിപൂണ്ടുമർത്ത്യശാർദ്ദൂലഹസ്ത-
വികൃതിത്തരങ്ങളാൽ ശിലയും കേഴുംമട്ടിൽ.

മുന്തിരിത്തളിർക്കൊടിപോലവേ മൃദുലമാം
തന്തിരുമേനി ഹന്തവാടിയാടിത്തുടങ്ങി

നാലുഭാഗത്തുംനിന്നു നേരിട്ടും മർദ്ദനത്താൽ
ചേലാർന്ന കളേബരം തളർന്നു വീഴാറായി

നിർദ്ദയനൊരു യൂദനപ്പൊഴുതൊരു തുണ്ടു-
വസ്ത്രത്താൽ മന്ദവേലവദനംമൂടിക്കെട്ടി

മുഷ്ടികൊണ്ടാഞ്ഞിടിച്ചിട്ടോതിനാനതിക്രൂരം
പൊട്ടിച്ചിരിച്ചുകൊണ്ടു ജനങ്ങളെല്ലാം കേൾക്കെ

"പ്രവചിച്ചാലും നിന്നെ മർദ്ദിച്ചതാരാണിപ്പോൾ
പ്രതിവാക്കോതീടാതെ നീയെന്തീവിധം നിൽപ്പൂ

ദേവമന്ദിരത്തിന്റെ പൂർണ്ണമാം വിനാശനം
ഭൂകമ്പം, മഹായുദ്ധം, മർത്ത്യനന്ദനാഗമം

ഇമ്മട്ടു പലകാര്യം വീര്യമോടരുളിക്കൊ-
ണ്ടിമ്മന്നിലെല്ലാം ചുററിസഞ്ചരിച്ചോനല്ലേ, നീ

ഗലീലാനാട്ടിലുള്ള നിർദ്ധനന്മാരെയെല്ലാം
കളിപ്പിക്കുവാനെത്ര വീരനായിരുന്നു നീ

നാടതല്ലിതു, സാക്ഷാൽ ജെറുശലേം, ജനങ്ങളെ
നാടകംകാട്ടിബ്ഭ്രമിപ്പിക്കുവാനിങ്ങാവില്ലാ

പട്ടണമിതുകണ്ടിട്ടുണ്ടേറെ പ്രവാചക-
സംഘത്തെ, മടിച്ചിട്ടില്ലവരേക്കൊലചെയ്‌വാൻ"

ധിക്കാരമോടിമ്മട്ടിലാക്കൊട്ടംപാപിചൊല്ലി
നിഷ്കളങ്കനാം ദൈവപുത്രനെ നിന്ദിച്ചേററം

കയ്യാപ്പാസനന്തരം പീലാത്തോസിൻെറ മുമ്പിൽ
ക്രിസ്തുദേവനെക്കൊണ്ടുപോകുവാൻ വട്ടംകൂട്ടി

കയറിൻതുമ്പിൽക്കെട്ടിവലിച്ചും കൂവിയാർത്തും
കഠിനാഘാതംതൻെറ മേനിയിൽപ്പതിപ്പിച്ചും

പീലാത്തോസിൻെറമുമ്പിൽ കൊണ്ടുപോയ് ജഗത്തിൻെറ
പാപഭാരത്തെത്താങ്ങാൻ താണവതരിച്ചോനെ.

## പീലാത്തോസിന്റെ മുമ്പിൽ

നിഗ്രഹവിധിക്കുള്ള പൂർണ്ണമാമധികാര-
മക്കാലം റോമാചക്രവർത്തിയിൽ സ്ഥിതിചെയ്തു

തൽപ്രതിനിധിയായ പീലാതൻ വിലയേറും
കാപ്പയുംധരിച്ചേററമുന്മേഷഭരിതനായ്

ഹേരോദിൻ മഹാസൗധംതന്നിലാ,ക്കലഹത്തിൻ
കാരണക്കാരേനോക്കിപ്പാർക്കുകയായിരുന്നു.

ഭൃത്യന്മാരറിയിച്ചു,ജനസഞ്ചയം മററ-
ത്തെത്തിയവൃത്താന്തത്തെബ്ഭീതരായ് വിനീതരായ്

ഭരണാധിപൻവന്നുനിന്നു നിഷ്ഠാശത്തിന്മേൽ
പരിശുദ്ധനെക്കൂട്ടിക്കൊണ്ടുചെന്നോരെക്കാണ്മാൻ

പീലാതൻ ജനങ്ങളോടുച്ചത്തിലാജ്ഞാപിച്ചു
"ചൊല്ലുവിനിവൻചെയ്തകുററങ്ങളെന്തെന്നിപ്പോൾ

"കുററമററവനാണെന്നാകിലീ മനുഷ്യനെ-
ക്കൊണ്ടിങ്ങുവന്നിടുമോ ഞങ്ങളെ"ന്നവരോതി.

"നിങ്ങളീമനുഷ്യനേക്കൊണ്ടുപോകുവിൻവേഗം
നിങ്ങൾതൻനിയമംപോൽ ശിക്ഷയും നൽകീടുവിൻ"

"പീലാതനേവം ചൊൽകേ ദുർമ്മദാന്ധന്മാരോതി
ഞങ്ങൾക്കു വധശിക്ഷ നൽകുവാൻചട്ടമില്ലാ

കൈസർക്കു കരമാരും കൊടുത്തീടരുതെന്നു
കൂസലെന്നിയേ നീളെപ്പറഞ്ഞു സഞ്ചരിച്ചോൻ,

താനത്രേ സാക്ഷാൽ ക്രിസ്തു, താനത്രേ നരപതി
താനല്ലാതധികാരിവേറില്ലെന്നുൽഘോഷിച്ചോൻ

ഞങ്ങളീ മഹാരാജദ്രോഹിയെ ശിക്ഷിക്കവ-
തെങ്ങനെ ഭവാനിന്നീ നാടുവാഴുന്നകാലം"

വഞ്ചനവിതച്ചതു വളർത്തിക്കൊയ്തുകൂട്ടും
സഞ്ചിതകളങ്കരാമാ യഹൂദന്മാരേവം

സങ്കടം ബോധിപ്പിക്കെപ്പീലാതനാലോചിച്ചു
നിഷ്കളങ്കനാം മർത്ത്യപുത്രനേപ്പരീക്ഷിപ്പാൻ

ക്രിസ്തുദേവനെത്തൻെറ സന്നിധാനത്തിൽനിർത്തി-
ച്ചോദിച്ചാൻ "ഭവാൻ യൂദന്മാരുടെരാജാവാണോ?"

സർവ്വശക്തനെത്തെല്ലുമറിയാതഹങ്കാര-
ഭാവത്തപരാങ്ങൾപൂണ്ടുവാഴും രോമ്യനോടെന്നു

കഥിക്കും ജഗദീശനാകയാൽ മൗനമാർന്നു
കഥതെല്ലറിയാതെ പീലാതൻ വിഷമിച്ചു

ചോദിച്ചാനയാൾ വീണ്ടും "നിനക്കിന്നെതിരായി
സാക്ഷികളെത്രയോപേരെന്തെല്ലാം പറയുന്നു

'നീ യൂദവംശത്തിന്റെ നാഥനോ?' പറഞ്ഞാലും
നീ മൗനമാർന്നുനിന്നാൽ ഞാനെന്തുകഥിച്ചിടും"

ഉത്തരം നൽകീനാഥൻ 'ജനങ്ങളെന്നോടിതു
ചോദിക്കാൻ നിർദ്ദേശിച്ചോ? നീ സ്വയംചോദിക്കയോ

പീലാതനിതു കേൾക്കെത്തെല്ലൊന്നു കുഴഞ്ഞുപോയ്
പാവനശീലനോടു കഥിച്ചാനിതേവിധം

"ഞാൻ യഹൂദനോ! ജനക്കൂട്ടവും മഹാചാര്യ-
സംഘവും ശാസ്ത്രിമാരുമെന്നെയേൽപ്പിച്ചുനിന്നെ.

നീയെന്തുകുറ്റം ചെയ്തു? നീ യൂദപതിതാനോ
നീസമ്മതിച്ചാൽഃപാതുംനിന്നെഞാൻമോചിപ്പിക്കാം"

വാനവാധിപസുതനോതിനാൻ സുധീരനായ്
"മാനവപ്രപഞ്ചമല്ലെന്നുടെ മഹാരാജ്യം

ഭൗമികമാണെൻരാജ്യമെങ്കിലോ യൂദരോടു
മാമകഭൃത്യവർഗ്ഗം പോരാടുമായിരുന്നു."

ധീരമാംമൊഴികേട്ടു ചോദിച്ചു പീലാത്തോസു-
നീ യഹൂദന്മാരുടെ രാജാവോ? കഥിച്ചാലും

"ഞാനൊരു രാജാവെന്നു നീതന്നെ പറയുന്നു
ഞാനിങ്ങുജാതനായി വന്നതുമിതിന്നു താൻ.

സത്യത്തിന്നുള്ള സാക്ഷിയാകണം ഞാനശങ്കം
സത്യസന്ധതയുള്ളോർ കേൾക്കുന്നു മമവാക്യം."

യേശുനാഥനോടപ്പോൾ ചോദിച്ചു "നിൻെറ ജന്മ-
ദേശമേതെ"ന്നു പീലാത്തോസതി വിഷണ്ണനായ്

കന്യകാസുതൻ നിന്നു യാതൊന്നുമോതിടാതെ
പിന്നെയും ഭരണാധികാരി ചോദിച്ചാനേവം

"നിൽക്കുന്നതെന്തേ മൗനംപൂണ്ടു നീ, കുരിശിന്മേൽ
നിന്നെയിന്നേററാനെനിക്കുണ്ടധികാരമോർക്ക"

തെല്ലൊരുഭാവം മാററിക്കൽപ്പിച്ചാൻ ഗുരുനാഥ-
"നില്ലധികാരം നിനക്കെന്നിലിന്നൽപ്പംപോലും

മന്നിടത്തിലേക്കെന്നേ,ക്കൽപ്പിച്ചു നിയോഗിച്ചു-
തെന്നുടെ ജഗന്നിയന്താവായ പിതാവത്രേ.

എങ്കിലും നിൻെറ കയ്യിലേക്കെന്നേയേൽപ്പിച്ചോനു
പങ്കുണ്ടു മഹാപാപ പങ്കത്തിലെന്നോർക്കേണം"

സർവ്വജ്ഞനരുളിയവാക്യംകേട്ടധികാരി
സംഭ്രമിച്ചനന്തരകർത്തവ്യം വിസ്മരിച്ചു.

മര്യാദവിട്ടു വായിൽതോന്നിയതെല്ലാമോതി
മുററത്തു കയ്യുംകാലുംകുടഞ്ഞുവട്ടം ചുററം

നീചരാം യഹൂദരോടുത്തരമരുളുവാൻ
നീതിപീഠത്തിൽ വാണ പീലാതനൊരുങ്ങവേ,

തൽക്കാന്ത നിയോഗിച്ച വിശ്വസ്തഭൃത്യൻവന്നു
തഞ്ചമോടറിയിച്ചു സന്ദേശമൊന്നിങ്ങനെ

"കാര്യമില്ലങ്ങേക്കിന്നാ നീതിമാനോടു തെല്ലും,
കണ്ടു ഞാനവൻമൂലം ദുസ്സ്വപ്നം ഭയങ്കരം"

റോമിലെ പ്രസിദ്ധമാം കുലത്തിൽ ജനിച്ചോളാ-
ണാമനോജ്ഞാംഗി, ദേശാദ്ധ്യക്ഷൻെറ ധർമ്മപത്നി.

ലോലായതാക്ഷിയാമാത്തരുണീമണിമൂലം
പീലാതൻ സമ്പാദിച്ചു മേൽക്കുമേൽ സമുന്നതി

കാമിനി യവളന്നാളാ,ളയച്ചറിയിച്ചു
കാൎയ്യത്തി,ലതുകൊണ്ടാക്കണവൻ വിഷമിച്ചു

ശിക്ഷാധികാരത്തിൽനിന്നൊഴിഞ്ഞുമാറാനുള്ള
മാൎഗ്ഗമെന്താണെന്നപ്പോൾ ബുദ്ധിവെന്തന്വേഷിച്ചു

പെട്ടെന്നുവഴികണ്ടു, നസ്രേയൻ ഗലീലയിൽ—
പ്പെട്ടവനാണെന്നുള്ള സത്യമോൎമ്മയിൽവന്നു.

പെരിയാ, ഗലീലയെന്നിങ്ങനെ രണ്ടു ജില്ല
ഭരിച്ചുവന്നു ഹേരോദന്തിപ്പാസക്കാലത്തിൽ

ജെൎസ്സലേംപുരംതന്നിലന്നു ഭാഗ്യത്താൽവന്നു
പാൎക്കുകയായിരുന്നു ദുഷ്ടനാമന്നൃപാലൻ

തൽസമക്ഷത്തിലേക്കു പീലാതൻ നിയോഗിച്ചു
തൽക്ഷണം നരാത്മജനാകിയ മിശിഹായേ.

## ശുഭ്രവസ്ത്രം

ക്രിസ്തുനാഥനേക്കാണാനേറെനാൾക്കൊതിപൂണ്ട
പാൎത്ഥിവൻ ഹേരോദാവന്നധികം സന്തോഷിച്ചു.

കണ്ടിടാമതിശയം വല്ലതുമെന്നുഹൃത്തിൽ
കുപ്രസിദ്ധനാം ധാത്രീപതിക്കാശയുമുണ്ടായ്

വളരെച്ചോദ്യങ്ങളും ചോദിച്ചാനവൻ, മുന്നിൽ
തളൎന്നുനിൽക്കും മൎത്ത്യപുത്രനോടവിശ്രമം

ഒന്നിനും മറുപടിപറയാൻ മുതിരാതെ
നിന്നു നിൎമ്മലൻ സൎവ്വാധാരനാരംഗംതന്നിൽ

മുഖ്യയാജകന്മാരും ശാസ്ത്രാദ്ധ്യാപകന്മാരും
മുഷ്ക്കെഴും പരീശരും മറവുള്ള ശത്രുക്കളും

കരളിൽക്കരുതിനാർ ഹേരോദാവൊരുപക്ഷേ
കുരുതിക്കായി കൈയ്യിൽകിട്ടിയ പറവയെ

സ്വച്ഛന്ദം പറക്കുവാൻ തുറന്നുവിട്ടെങ്കിലോ
നിശ്ചയം കാര്യമെല്ലാം കുഴഞ്ഞുപോകാമെന്നു;

തൽക്കാരണത്താലവരുച്ചത്തിലാക്രോശിച്ചു
"ക്രൂശിക്ക മിശിഹായെ ക്രൂശിക്ക മടിക്കാതെ"

ക്രൂരരാം പട്ടാളക്കാരൊത്തു ഹേരോദാക്ഷേപ-
ക്കൂരമ്പു നിരന്തരം ക്രിസ്തുവിൻനേർക്കയച്ചു.

നിന്ദിച്ചു ശുഭ്രവസ്ത്രംധരിപ്പിച്ചനന്തരം
നിർമ്മലഗുണാലയനായൊരാനശ്രേയനെ

താമസംവിനാ തിരിച്ചയച്ചു പീലാതന്റെ
സന്നിധാനത്തിലേക്കാ തന്ത്രജ്ഞൻ ഹേരോദാവും

## വിട്ടയക്കരുത്

തന്നുടെ ഭാരം നീങ്ങിയെന്നോർത്തു പീലാതൻ, തൻ-
മന്ദിരംതന്നിൽപ്പാരം ശാന്തനായ് വസിക്കവേ

സർവ്വഗൻ ദേവൻ ശുഭ്രപ്രാവാരധൃതനായി
സാഘോഷമാനീതനായ് തന്നുടെ സമക്ഷത്തിൽ

സത്യസുന്ദരരാജനാരസത്തിന്റെ കണ്ഠം
നിർദ്ദയം പിരിച്ചൊടിച്ചീടുവാൻ കൊതിക്കുന്ന

ദുഷ്ടർതൻ കൊലവിളി, കാന്തതന്നനുകമ്പ,
നിഷ്ഠുരമനസ്കനാമന്തിപ്പാസിന്റെമൗനം

സ്വന്തമാം സ്ഥാനം, രോമ്യചക്രവൎത്തിതൻശക്തി,
സന്നിധാനത്തിൽവന്ന സത്തമൻ തൻ സൗശീല്യം;

കാൎയ്യങ്ങൾ പലതിമ്മട്ടാലോചിച്ചസ്വസ്ഥനായ്
കിം കരണീയമെന്നു പീലാതൻ വിഷമിച്ചു

രോമ്യസാമ്രാജ്യത്തിന്റെ മഹത്വം സമ്മതിച്ചു
രോമ്യചക്രവൎത്തിക്കു നൽകണം കരമെന്നു

ധീരനായ് ജനങ്ങളോടോതിയ മഹാത്മരു
നേരോൎത്താലപരാധിയാവതെങ്ങനെന്നോൎത്തു

"നിങ്ങളീമനുഷ്യനെക്കൊണ്ടിങ്ങുവന്നു, ഞാനോ
നിങ്ങൾക്കു കേൾക്കാംവണ്ണമിവനേ വിസ്തരിച്ചു

ഞാനൊരുദോഷംപോലുമിവനിൽ കാണുന്നീല,
മന്നവൻ ഹേരോദാവും കണ്ടില്ലൊരപരാധം

ശാസിച്ചു വിട്ടയയ്ക്കു-മാകയാലി-വനേ ഞാ-
നാശിച്ചിടാമോ നീതി നിഗ്രഹത്തിനു നിങ്ങൾ"

തൽക്ഷണം തത്ര വട്ടംകൂടിനിന്നവരെല്ലാം
പ്രക്ഷുബ്ധരായിപ്പാരമുച്ചത്തിലുച്ചരിച്ചു

"ചക്രവൎത്തിതൻ ശത്രുവാണതെന്നറിയിക്കും
ഞങ്ങളാറോമിൽ ഭവാനിവനേ വിട്ടയച്ചാൽ"

"പ്രാണദണ്ഡന ശിക്ഷാവിധിക്കുപാത്രമായ
പാപങ്ങളൊന്നും ചെയ്തിട്ടില്ല നിൎമ്മലനിവൻ"

സാമ്രാജ്യപ്രതിനിധി സാദരമേവംചൊൽകേ
സാരമേയങ്ങളേപ്പോൽ കുരച്ചു യഹൂദന്മാർ

മുക്തിനൽകയോ? കൊള്ളാമെന്നായി കയ്യപ്പാസു-
മന്നാസും തത്രതിങ്ങിക്കൂടിയ പരീശരും

വണ്ടിക്കാർ, ചുമട്ടുകാർ, നാണയംവിൽക്കുംകൂട്ടർ
കന്നുകാലിക്കാർ, കൂലിവേലക്കാരെന്നിങ്ങനെ

തത്രവന്നടിഞ്ഞവരൊന്നുപോലാക്രോശിച്ചു
"മുക്തിനൽകയോ മേരീപുത്രനു, കൊള്ളാം കൊള്ളാം"

സാദ്ദുക്യർപുറംകാപ്പുമേനിയോടീറക്കിയും
സത്രസംരക്ഷകന്മാരുടുപ്പിൻ കൈ തെറുത്തും

ലേവ്യക്കാർ, പുരോഹിതഭൃത്യന്മാർ, ദേവാലയ-
സേവകപ്പരിഷകൾ, മാർഗ്ഗസമ്മാർജ്ജകന്മാർ

ഭിക്ഷുകളെന്നല്ലങ്ങു കാഴ്ചകാണുവാൻവന്ന
ദൂഷന്മാർ കണ്ഠംപൊട്ടിത്തകരുംവിധം തദാ

"വിട്ടയക്കരുതെ"ന്നു കൂട്ടത്തോടലറിയാ-
പ്പട്ടണംവിറയ്ക്കുംമട്ടാ,ത്തനായ്പ്പീലാത്തോസും

ശ്രീയേശുവിനെ മോചിപ്പിക്കുവാനുദ്ദേശിച്ചു
ഭൂയോപി ദേശാദ്ധ്യക്ഷൻ ചോദിച്ചാനത്യുച്ചത്തിൽ

"ക്രിസ്തുവെന്നഖിലരുംവിളിക്കും മിശിഹായെ
ഞാനെന്തുചെയ്തീടണം നിങ്ങളോത്തുരയ്ക്കുവിൻ"

"ക്രൂശിൽ കയററിടേണം ക്രൂശിൽ കയററിടേണം
ക്രൂശിൽ കയററിടേണമെന്നാർത്താരെല്ലാവരും

"കുററമെന്തിവൻചെയ്തു" പീലാതൻ കൂടിനിന്നു
കൂത്താട്ടുംജനത്തോടു ചോദിച്ചു മൂന്നമതും

"പ്രാണദണ്ഡന ശിക്ഷാവിധിയ്ക്കു പാത്രമായ
പാപങ്ങളൊന്നുംചെയ്തിട്ടില്ല നിർമ്മലനിവൻ

ശാസിച്ചു വിട്ടയയ്ക്കുമാകയാലിവനെ ഞാൻ,
ശാന്തരായ് നിങ്ങളെല്ലാം തിരിച്ചുപൊയ്ക്കൊള്ളുവിൻ"

വാക്യങ്ങളിവകേട്ട പിന്നെയും ജനക്കൂട്ടം
വന്യജന്തുക്കളേപ്പോലലറിത്തുള്ളിച്ചാടി

"കുരിശിക്കണംവേഗം കുരിശിക്കണംവേഗം
കുരിശിക്കണം മററമാർഗ്ഗങ്ങളാരായേണ്ടാ"

"ഞാൻ ക്രൂശിലേററണമോ താവകനൃപാലനെ,
നിങ്ങളെന്താണീച്ചൊൽവതെ"ന്ന പീലാതനോതി

"സാർവ്വഭൗമനാം കൈസറെന്നിയേ ഞങ്ങൾക്കന്യ-
സർവ്വംസഹേശനില്ലെന്നെല്ലാരുമുൽഘോഷിച്ചു

വാടിയ മുഖമാന്റ, പരിഹാസത്തിൻ ശ്വേത-
വസ്ത്രം ധരിച്ചോനായി, ദീനനായ് ജഗന്നാഥൻ

സദയം കണ്ണോടിച്ചു തടിച്ചുനിൽക്കും ജന-
സഹസ്രങ്ങളിൽ,ത്തന്നേ ക്രൂശിപ്പാൻ കൊതിപ്പോരിൽ

തന്മരണത്താൽ മർത്ത്യവൃന്ദത്തിൻമരണത്തെ
നീക്കുവാൻ ജനിച്ചോനെ ക്രൂശിക്കെ"ന്നവർ ചൊൽവൂ

ശിഷ്യന്മാരൊളിച്ചുപോയ്. തൻകരസ്പർശത്തിനാൽ
ക്ലേശങ്ങളെല്ലാമററമർത്ത്യരേക്കാണാനില്ല

ജന്മദേശക്കാർ, സ്വന്തം വർഗ്ഗക്കാർ, പലതരം
നന്മകൾ തന്നിൽനിന്നും നേടിയ ജനതതി

യാതൊരുദോഷംപോലുംചെയ്യാത്ത തന്നേ ക്രൂശിൽ
നിർദ്ദയംതറയ്ക്കുവാനത്യന്തം വെമ്പൽകൊൾവൂ.

പരദേശീയൻ, പരാശക്തിയേക്കരുതാത്തോൻ
പരമാധികാരങ്ങൾ പലതും വഹിക്കുവോൻ

തനിക്കു വിമോചനം നൽകുവാൻ ശ്രമിക്കുന്നു
തനിക്കുവേണ്ടോർ തന്നെക്കൊല്ലുവാനൊരുങ്ങുന്നു

പലചിന്തകളേവം ക്രിസ്തുനാഥൻെറ ചിത്ത-
ഫലകംതന്നിലൂടെ നിഴൽപോൽകടന്നുപോയ്

## ഈ മനുഷ്യനിൽ കുററമില്ല

പീലാത്തൊന്നുകൂടി ശ്രമിക്കാമെന്നുറച്ചു
പാരാതെ കൂട്ടത്തോടുപറഞ്ഞാനിതേവിധം

"ഈമനുഷ്യനിൽക്കുററമൊന്നുമില്ലെന്നുതന്നെ
മാമകാത്മാവു വീണ്ടും വിളിച്ചുപറയുന്നു

നിങ്ങൾക്കൊരാളെവേണം കുരിശിൽത്തറയ്ക്കുവാ-
നിങ്ങൊരാളതിനേററമർഹനായ് വസിക്കുന്നു

നിങ്ങളുത്സവകാലത്താഹ്ളാദംപെരുകുമ്പോൾ
മുക്തനാക്കാറുണ്ടല്ലോ കൊലയാളിയേപ്പോലും,

ഞാനിന്നു കുററമേതും ചെയ്യാത്തനസ്രേയനു
മോചനംനൽകിബ്ബറബ്ബാസിനേനിങ്ങൾക്കേകാം

കൂട്ടത്തോടെല്ലാവരുമലറി, "വേണ്ടാവേണ്ടാ
ക്രിസ്തുവാം നസ്രേയനെ ഞങ്ങൾക്കു മതി മതി

ബറബ്ബാസിനെ മോചിപ്പിക്കുക ഭവാൻ വേഗം
കുരിശിൽക്കയററുക നൂതനസന്യാസിയെ"

പീലാത്തനുടെ ചിത്തശക്തിയെല്ലാം നശിച്ചു
വിപ്ലവം തടയുവാൻ വേണ്ടവീര്യവുംപോയി.

നീതിക്കുനാശംവന്നുചേരുകിൽചേർന്നിടട്ടേ
നിർമ്മൂലമായിടട്ടെ സത്യധർമ്മങ്ങളെല്ലാം

തന്നുടെമഹൽസ്ഥാനംപോകാതെ കഴിക്കണം
തന്നുടെസിംഹാസനമിളകാതിരിക്കേണം"

റോമ്യനാം ദേശാദ്ധ്യക്ഷനിമ്മട്ട ചിന്തിച്ചേത്തും
താമസംവിനാ സർവ്വമർത്ത്യരും നേരിൽക്കാൺകേ,

പാണികൾ കഴുകിക്കൊണ്ടോതിനാ"നെനിക്കിന്നീ-
പ്പാവനചരിതന്റെ രക്തത്തിൽ പങ്കില്ലേതും"

സത്വരംകൊടുങ്കാററിലിളകുംവനംപോലെ
തത്രനിന്നവരെല്ലാമട്ടഹാസംമുഴക്കി.

"പതിച്ചീടട്ടേ തസ്യശോണിതമസ്മദീയ
സുതന്മാരുടെമേലും ഞങ്ങൾതൻ ശിരസ്സിലും"

പീലാതൻ പരാജയക്കുണ്ടിലാണ്ടുപോയ് വൃക-
ജാലത്തിൻ മുമ്പിലേക്കജശാബകത്തെപ്പോൽ

ക്രിസ്തുനാഥനെ ക്രൂരം പ്രഹരിപ്പിച്ചശ്ശേഷം
യൂദർക്കേകിനാൻ ക്രൂശിൽക്കയററിക്കൊലചെയ്‌വാൻ

ഘാതകാഗ്രണിയായ ബറബ്ബാസിനെജ്ജന-
പ്രീതിസമ്പാദിക്കുവാനപ്പോഴേമോചിപ്പിച്ചു

## മുൾക്കിരീടം

ജനസംഘാഭിലാഷംഫലിച്ചൂ വിശുദ്ധനാം
മന്നവേലനെക്കൊട്ടുംകരുതിക്കായ് ലഭിച്ചു.

ഹേരോദാവണിയിച്ചു പാണ്ഡുരാംബരം നീതി
സൂര്യന്റെ ദേഹത്തിൽനിന്നൊടുത്തു നരാധമർ

ദുരന്തരായികീറിപ്പങ്കിട്ടാരനന്തരം
നിത്യനേ നെടുംതൂണിലർദ്ധനഗ്നനായ്ക്കെട്ടി.

കരങ്ങൾ ക്ഷീണിച്ചീടുംവരെയ്ക്കുമോരോരുത്തർ
പരുത്തചമ്മട്ടിയാൽ താഡനമാരംഭിച്ചു.

സരസീരുഹമൃദുമേനിയിൽനിന്നും രക്തം
തെറിച്ചുനാലുപാടും ചിതറിക്കൊണ്ടിരിക്കേ

വൈരാഗ്യമുള്ളിൽ തെല്ലുതോന്നാതെ കൃപാനിധി
താതനോടഭ്യർത്ഥിച്ചു നന്മവൈരികൾക്കേകാൻ

ലോകരക്ഷയ്ക്കായ് നാഥനന്നത്രേ ചുടുനിണം
തൂകി യതമലമാം തിരുമേനിയിൽനിന്നും

തദ്രക്തമാദ്യം തിരുവത്താഴമേശയ്ക്കുമേൽ
മുന്തിരിച്ചാറായിട്ടുവർത്തിച്ചു ചഷകത്തിൽ

രാത്രിയിൽ ഗത്സമേൻ തോട്ടത്തിലാച്ചെഞ്ചോര
സ്വേദബിന്ദുക്കളായിത്തറയിൽ നിപതിച്ചു

പനിനീരലരിൻെറ മഞ്ജുളദളംപോലെ
പരിശോഭിച്ചു ദിവ്യമോഹനകളേബരം

കർഷകൻ കലപ്പയാലുഴതനിലംപോലെ
കടന്നുമാറായി ചർമ്മദണ്ഡദണ്ഡനങ്ങളാൽ

പാവനനിണം പരിക്ഷതച്ചാലുകൾവഴി
പീലാത്തൻെറ മുററം വിശുദ്ധീകൃതമാക്കി

വേറെന്തുചെയ്യും തൻെറ രക്തത്താലന്യർക്കായി
വൈരിയെ സ്നേഹിക്കേണമെന്നു കല്പിച്ച നാഥൻ

ലോകദുശ്ചരിത്രന്മാരാക്ഷേപവർഷം തൂകി
ലോഹിതപ്രാവാരമൊന്നീശഗാത്രത്തിൽച്ചാർത്തി.

തന്നുത്തമാംഗം തന്നിലർപ്പിച്ചു മുൾക്കിരീടം
തങ്കരംതന്നിൽച്ചേർത്തു ഞാങ്ങണപ്പുതുച്ചെങ്കോൽ

മുററത്തെപ്പാറപ്പുറത്തിരുത്തി മിശിഹയെ
ദുഷ്ടരാം യൂദർ സിംഹാസനത്തിലെന്നപോലെ

ജയിക്ക, യൂദരാജനെന്നോതി മുമ്പിലൂടേ
ജനങ്ങളോരോരുത്തർകളിയായ്ക്കടന്നുപോയ്

രക്തദാഹത്താൽ ബോധംമറഞ്ഞോർക്കുണ്ടായില്ല.
ന്നിത്രമേൽക്കഷ്ടംകൈകൾചെയ്തിട്ടുമലംഭാവം

കയ്യാപ്പാസിന്റെ വേലക്കാരുടെ കരാളമാം
കൈവിരൽപ്പാടുമാഞ്ഞിട്ടില്ലാത്ത കപോലത്തിൽ

പിന്നെയും പ്രഹരിച്ചു നിഷ്ഠുരന്മാരാം ചിലർ
പൊന്നിളം മുഖാബ്ജത്തിൽ തുപ്പിനാർ വേറേചിലർ

ഒരുവൻ തൃക്കൈയ്യിലേ ഞാങ്ങണ കൈക്കലാക്കി
ശിരസ്സിൽത്താഡിച്ചയ്യോ വർദ്ധിച്ച കയ്യൂക്കോടെ

രത്നസഞ്ചയങ്ങൾക്കുപകരം കിരീടത്തിൽ
നിന്നമുള്ളുകളെല്ലാം കയറി തലയ്ക്കുള്ളിൽ

ചെന്നിണത്തടിനികളായിരം ചാലിൽക്കൂടി
ത്തന്നംഗങ്ങളിലേക്കു പായുവാനാരംഭിച്ചു.

ആ യൂദവൃകങ്ങൾക്കു മതിയായില്ലാ, ദൈവ-
പുത്രന്റെ പുതുരക്തപ്പുഴകൾ കണ്ടിട്ടേതും

ആപ്പിശാചുക്കൾക്കപ്പോളാപ്പാപമററ രക്ത-
സാഗരം മുഴുവനും കുടിച്ചു മദിക്കേണം.

## പരികല്പകദിനം

നഗ്നമാം ഗ്രീഷ്മാകാശമാർഗ്ഗേണ ദിവാകര-
നഗ്നികന്ദുകമെന്നകണക്കുദ്ഗതനായി

വിണ്ടലമൂർദ്ധാവാർന്നഗ്ഗോളമീപ്രപഞ്ചത്തിൽ
വർഷിച്ചു നിശിതോൽക്കാവിശിഖസഹസ്രങ്ങൾ.

പൂർവ്വാഹ്നംമുഴുവനും പാവനചരിതനിൽ-
പ്പാതകംചാർത്താനുള്ള വാദത്താൽപ്പാഴിൽപ്പോയി.

ത്വരിതപ്പെടുത്തിനാരാകയാൽ നിഗ്രഹത്തിൻ
പരിപാടികളെല്ലാമാ യൂദപ്പരിഷകൾ

വധിക്കപ്പെട്ടും കുററക്കാരൻെറ മൃതദേഹം
വിവസ്വാനസ്തമിക്കും വേളയ്ക്കുമുമ്പേതന്നേ

വധരംഗത്തിൽനിന്നും നീക്കണമെന്നു മോശ
വിശദം ന്യായപ്രമാണങ്ങളിൽ ചേർത്തിരുന്നു.

ഹ്രസ്വങ്ങളായിരുന്നു ദിനങ്ങളക്കാലത്തി-
ലസ്വസ്ഥരായിരുന്നു വൈരികളതുമൂലം

"വേഗമാകട്ടെവേഗമാകട്ടെ നേരംപോയി
വേഗമീക്കൊലപ്പുള്ളി തൻകൊലനടത്തേണം"

നിഗ്രഹലീലാലോലരാകിയ നേതാക്കന്മാർ
നിശ്ശങ്കമോതി, കേട്ടുകൂലിക്കാർവെമ്പൽക്കൂട്ടി-

സത്വരമാം കുഞ്ഞാടിൻെറ കണ്ഠംവെട്ടുവാൻതീർത്ത
കത്തിയുംവാളും പട്ടുകുപ്പായംകൊണ്ടുമൂടി

ദൈവത്തിൻ ജനങ്ങളെബ്ഭരിച്ചു വിജയിക്കും
ദിവ്യരാം പുരോഹിതന്മാരുടെ മഹാദ്ധ്യക്ഷൻ

കേപ്പാസിനപ്പോൾതന്നേ കേൾക്കണം മിശിഹയെ
ക്രൂശിച്ചുകഴിഞ്ഞുവെന്നുള്ള സന്തോഷവാർത്ത

കണ്ടതാണയാൾതത്തക്ഷകാത്മജൻ കുരുത്തോല-
ക്കാറേററവ സാഡംബരം രാസഭാരൂഢനായി

മാനവസമുദായ സംസ്തുതചരിതനായ്
മാനവാധീശവർഗ്ഗപാലക പ്രൗഢിപൂണ്ടു.

ജെർസ്സലേം പട്ടണത്തിൻ പുണ്യവീഥിയിലൂടെ
ജാതാധികാരം ഘോഷയാത്രചെയ്യുന്നകാഴ്ച

പള്ളിയും നഗരവും നഷ്ടമായ്ത്തീരുന്നോക്കാമെ—
ന്നുള്ളിലാ മഹാചാര്യനനന്തരം ഭയപ്പെട്ടു.

അന്നത്തെ ജൈത്രയാത്രയ്ക്കുവന്നേപ്പിന്നുടന്ന്
മാനവകുലമൊന്നായ്ച്ചേർന്നു വന്നേക്കാമിന്നും

ക്രൂശിക്കാൻ കയ്യിൽവന്നുചേർന്ന വൈരിയേത്തട്ടി—
ക്കൊണ്ടുപോയേക്കാമവരെന്നുമാചാര്യനോർത്തു

അതിനാലൊട്ടുംതന്നെ താമസംവരുത്താതാ—
പ്രതിയെ ക്രൂശിക്കേണമെന്നയാളാജ്ഞാപിച്ചു

സത്വരമഖിലരും സാഘോഷം പുറപ്പെട്ടു
ക്രിസ്തുദേവനെ ക്രൂശിൽ നിർദ്ദയം തറയ്ക്കുവാൻ

മുമ്പിലായ് ശതാധിപന,വന്റെ പിമ്പിലായി
വമ്പെഴും യോദ്ധാക്കളാലാവൃതൻ മിശിഹായും

പടമോരോന്നുവയ്ക്കുംതോറുമാളുകൾകൂടി
പൊടിമേദിനിതന്നിൽനിന്നു മേലോട്ടുയർന്നു

പുത്രനോടബ്ഭ്രാതാക്കൾ കാട്ടുന്ന കഷ്ടംകൈകൾ
താതന്റെകണ്ണിൽനിന്നും മറയ്ക്കാനെന്നപോലെ

പരികൽപ്പകദിനം തദ്ദിന,മജലോമം
പുരമേലുണക്കുവാനെമ്പാടുമിട്ടിരുന്നു

ധൂമതന്തുക്കൾ സർവ്വമന്ദിരങ്ങളിൽനിന്നും
വ്യോമമണ്ഡലംപൂകിപ്പൂവുപോൽവികസിച്ചു

വികൃതാകൃതിപൂണ്ട വൃദ്ധകൾ മറിവിട്ടു
വെളിയിൽ പ്രാഞ്ചിക്കിതച്ചെത്തി ശാപങ്ങൾതൂകി.

വൃത്തിഹീനരാം കൊച്ചുപൈതങ്ങൾ കയ്യിലോരോ
ഭക്ഷണപ്പൊതിയുമായ് നടന്നു തുള്ളിച്ചാടി

താടിമീശക്കാർ ദ്രാക്ഷാഭാജനം തോളിലേന്തി
വീട്ടിലേക്കോടിപ്പോയീ വിരുന്നു ഘോഷിക്കുവാൻ

മടിച്ചുനടക്കുന്ന ഗർദ്ദഭങ്ങളെത്തല്ലി
വലിച്ചുകൊണ്ടുപോയീ തൽക്കുലപ്രണോദകർ.

പരിശുദ്ധമാം നാളിലാരവം കൂട്ടുന്നോരേ–
ത്തുറിച്ചു നോക്കിക്കൊണ്ടുനിന്നു കന്യകാവൃന്ദം

ഭവനങ്ങളിൽ സ്ത്രീകളടുത്തനാളേക്കുള്ള
വിഭവം സമസ്തവുമൊരുക്കിക്കൊണ്ടിരുന്നു

മണിക്കൂറിരുപത്തിനാലുപോവുകിലാദം
നിമിത്തം വന്ന ശാപം തീർന്നിടുമെല്ലാവർക്കും

പാചകംചെയ്യാനുള്ള മാംസഖണ്ഡങ്ങളെല്ലാം
പാത്രങ്ങൾക്കുള്ളിൽത്തിങ്ങിത്തീപ്പുറത്തേറാറായി

സർവ്വത്ര സമാഹ്ളാദം, ശബ്ദായമാനംമാനം
സത്രത്തിലുള്ളോരെല്ലാമൊന്നിച്ചു സർവേശനെ.

സാദരം സ്തുതിച്ചുകൊണ്ടുത്സവമാടേണ്ടുന്ന
സദ്ദിനമന്നേവരും സമന്മാർ, ഭ്രാതാക്കന്മാർ

പോകയാണന്നു ചുട്ടവെയിലിൽ ക്രൂശുംതാങ്ങി
ലോകാഭിരാമൻ സ്നേഹരൂപനാം ക്രിസ്തുദേവൻ

നികടസ്ഥന്മാരെല്ലാം ജീവിക്കാനൊരുങ്ങുന്ന
നിഖിലേശപരനിതാ പോകുന്നു മൃതിക്കായി

സർവ്വ മർത്ത്യരും സമാസന്നമാം സായാഹ്നത്തെ
സ്വാഗതം ചെയ്യാൻ കൈയുംനീട്ടി വാണിടുംനേരം

മധുപാനത്താൽ മദോന്മത്തരാകുവാൻ, മാംസം
മതിയാവോളം ഭുജിച്ചുദരം നിറയ്ക്കുവാൻ

കരവും കാലും നീട്ടിത്തുക്കമഞ്ചത്തിൽപ്പോയി-
ക്കിടന്നു പലകൂട്ടർ വിശ്രമംകൊള്ളുന്നേരം

പരിവാപിതസർവ സൗഹൃദബന്ധനായി
പരമവിഷാദോഗ്രതിക്താംബു പാനംചെയ്തു

നാട്ടിയ മരത്തൂന്നിൽപ്പാണികൾ വിരിച്ചയ്യോ
നിൽക്കുവാനിഴഞ്ഞീശനന്ദനൻ ഗമിക്കുന്നു

മേരിതൻ കുമാരകനോരോരോപദംവയ്ക്കും
തോറും ക്ഷീണിച്ചുതാഴെപ്പതിക്കയായിരുന്നു

നിദ്രാരാഹിത്യം, നാലുപേരുടെ സമക്ഷത്തിൽ
വിസ്താര,മധിക്ഷേപവാക്ശരസംഘാഘാതം

മുഷ്ടികൊണ്ടുള്ള ഘോരമർദ്ദനം, പരുഷമാം
ചാട്ടവാറിനാലുള്ള താഡന പരമ്പര

ഇമ്മട്ടിൽ പലവിധ യാതനാപരീതനായ്
ഭൂമിപാലക പരിപാലനാം ക്രിസ്തുദേവൻ

വിയർപ്പും രുധിരവുംകൊണ്ടു പൂരിതമായ
തനുവാന്നതിരററു വലഞ്ഞിടുകയത്രേ.

കണ്ണുകൾ കുഴിഞ്ഞുപോയ്, സ്വേദസംസിക്തമായ
കഞ്ചുകമങ്ങിങ്ങായിക്കീറിമാറിത്തുടങ്ങി.

പനിനീർപ്പുതുപുഷ്പദളമഞ്ജുളമായ
തനുവിൽക്കാണായ്‌വന്നു കുഴിയും കുന്നും നീളെ.

ശിഷ്യനാം യൂദാസിൻെറ ചുംബന ഖഡ്ഗക്ഷതം
സ്നേഹിതന്മാരായ് വാണമർത്ത്യർ തൻ തിരോധാനം

വിസ്താരം, കരയുഗബന്ധനം, ഭടരുടെ
നിർദ്ദയ പ്രവത്തനം, ഭീഷണജനാരവം

പീലാത്തനുടേ ധമ്മവീയ്യരാഹിത്യം, ഭൃത്യ–
കോലാഹലങ്ങൾ, ക്രൂശിൻ ഭാരമീവകയൊക്കെ

മരണരഹിതന്റെ മാനസംതന്നിൽ മഹാ
മരണവ്യഥയേകി മാർഗ്ഗത്തിൽ നിരന്തരം

വളരെക്കുറച്ചുപേരുൾത്തടം തകന്നോറം
വിലപിച്ചങ്ങിങ്ങായി മറഞ്ഞു നിന്നിരുന്നു.

തരുണീമണിമാരിൽച്ചിലരാഗ്ഗുരുവിന്റെ
പുരകോപുരം ദൂരത്തകന്നു നടന്നുപോയ്

കരഞ്ഞോരവരെന്നാൽ കണ്ണുനീർ കാണിച്ചില്ല
പുറത്താരാനും കണ്ടാൽ ഹിംസിക്കുമെന്നോക്കയാൽ

നിശ്ചിതസ്ഥലത്തോട്ട ജനങ്ങൾ സമീപിച്ചു
നിമ്മലമൂത്തിക്കെഴമെല്ലെല്ലാം തളങ്ങിപ്പോയ്

തളർന്നു നിപതിച്ചു ജഗദാധാരൻ കട്ടി–
ത്തറമേൽ കുരിശിന്റെ ദുർവഹഭാരംമൂലം

ദുഷ്ടന്മാർ കൈചുരുട്ടിക്കാണിച്ചാരെഴുന്നേൽക്കാൻ
കേട്ടുകൂടാത്തതായ ചീത്തവാക്കുകളോതി

ശതസൈനികാധിപനെങ്കിലും കണ്ടാൻ കന്യാ–
സുതനത്യന്തം ക്ഷീണഗാത്രനാണെന്നന്നേരം

ക്രൂശിന്റെകോണൊന്നൽപ്പം താങ്ങുവാനൊരുത്തനെ
ക്കിട്ടിയാൽക്കൊള്ളാമെന്നൊന്നീക്ഷിച്ചാൻ പരിസരം

തൽക്ഷണം കുറേനീയനായ ശീമോനേക്കണ്ടു
കല്പിച്ചാനവനോടാ ക്രൂശേന്തി നടക്കുവാൻ

രോമ്യയോദ്ധാക്കൾ പിടിച്ചെഴുന്നേൽപ്പിച്ചാർക്രിസ്തു-
നാഥനേ,ക്കുരിശിൻെറമേൽഭാഗം തോളിൽവച്ചു

ശീമോനാക്കുരിശിൻെറ മറെറാരുഭാഗംതാങ്ങി;
സാമോദമരാതികൾ തുടർന്നു വധയാത്ര.

## പച്ചമരം

മർത്ത്യപുത്രൻെറ ജീവനാണിയാംനഗരത്തിൽ
കോർത്തെടുക്കുവാനോർത്ത യൂദരാം കരടികൾ

കാൽവറിമലനോക്കി നടന്നു, ഹിംസാരംഗ-
മാവെറുംമൊട്ടക്കുന്നിൻ ശീർഷകമായിരുന്നു.

നാഥനെപ്പിൻതുടന്നു നിർമ്മലവനിതകൾ
സാദരമപ്പോഴേക്കും കുരിശിൻ ചാരത്തെത്തി.

കദനത്തീയിൽച്ചിത്തമുരുകിക്കണ്ണീരായി-
പ്പുതുക്കെപ്പുറത്തേക്കു കവിയാനാരംഭിച്ചു

"കരുണാലയൻ തദാ തിരിഞ്ഞുനോക്കിയേവം
കഥിച്ചാൻ കരയുന്ന മാനിനിമാരോടായി.

ജർശലേംപുത്രിമാരേ, നിങ്ങളിന്നെന്നേച്ചൊല്ലി
ത്തെല്ലുമേ കരയേണ്ടാ കണ്ണുനീർപൊഴിക്കേണ്ടാ

നിങ്ങളേക്കരുതിയും നിങ്ങൾതൻ പ്രിയപ്പെട്ട
മക്കളേക്കരുതിയും കേണുകൊള്ളുവിൻ നിങ്ങൾ

ഗർഭമുദ്വഹിക്കാത്തോരാഗർഭപാത്രങ്ങളു-
മർഭകർകുടിക്കാത്തോരാപ്പയോധരങ്ങളും

തഞ്ചിട്ടുവോരും പാരിൽ വന്ധ്യാത്വമേലുന്നോരും
ധന്യകളാണെന്നവരോതിടും കാലംവരും

ഞങ്ങൾതൻമീതേവേഗം നിപതിച്ചാലുമെന്നു
ത്തുംഗഭൂധരങ്ങളോടന്നവരഭ്യർത്ഥിക്കും

വന്നു ഞങ്ങളേമുററം മറച്ചീടുകയെന്നു
കുന്നുകളോടും യാചിച്ചീടുമക്കാലംനൂനം

പച്ചയാംമരത്തോടിത്തരത്തിലിവർ ചെയ്താൽ
നിർജ്ജലപരിശുഷ്കദ്രുമത്തിൻ ഗതിയെന്തോ?"

യേശുവിൻഞരമ്പുകളോരോന്നും കഠിനമാം
ക്ലേശത്താൽ പ്രകമ്പനംകൊണ്ടിരുന്നവിരാമം.

തൻതിരുവടിയുടെ കൂടെവെ സഞ്ചരിച്ചു
രണ്ടുപേർ ക്രൂശാരോപവിധിക്കു വിധേയന്മാർ.

കൊള്ളക്കാരവർ, കൊലപ്പുള്ളികളവർ, ക്ലേശം-
കൊള്ളാതെ പോകയത്രേ കുരിശുംതാങ്ങിമന്ദം

നീതിമാനനന്തമാം ബന്ധനങ്ങളുമേററു
നീങ്ങുന്നു കാലൊടിഞ്ഞമേഷശാബത്തെപ്പോലെ

## കാൽവറി

കാൽവറിമല,കപാലാകൃതിപൂണ്ടുവെള്ള-
ക്കല്ലുകൾകൊണ്ടുമൂടിനില്ക്കുന്നു തെല്ലു ദൂരെ

പാതകളനേകമാപ്പാഷാണശൈലത്തിൻെറ
പാദത്തിൽസ്പർശിച്ചോരോ ദിക്കിലേക്കിഴയുന്നു

തീർത്ഥയാത്രക്കാരുദ്യോഗസ്ഥന്മാരോരോതരം
വസ്തുക്കൾ വില്ക്കാൻ ചുററിനടക്കും വ്യാപാരികൾ

വിനോദയാത്രക്കാരീ,വിധത്തിലെല്ലാവരും
വരുന്നതീവഴിക്കാണെങ്ങോട്ടുപോയിടാനും.

മദ്ധ്യാഹ്ന ദിവാകര കരപാളികൾ തട്ടി
മൂറവമാമഹീധരം മൃഗതൃഷ്ണപോൽമിന്നി

പ്രാന്തസ്ഥോദ്യാനങ്ങളിൽ വസന്തമലർക്കുലം
ബന്ധുരമായ് വിരിഞ്ഞു മലർന്നു നിലകൊണ്ടു

തൈമരങ്ങളിൽപ്പററിപ്പിടിച്ച പതത്രികൾ
വ്യോമമണ്ഡലം കളകൂജിതത്താൽ കുലുക്കി

പ്രാവുകളിണചേർന്നു വട്ടംകറങ്ങിവാനിൽ,
പാത്തലം പരിമളമുഛ്വസിച്ചുല്ലസിച്ചു

എങ്കിലോ ജഗത്തെല്ലാം സൃഷ്ടിച്ച കത്താവിതാ
സങ്കടക്കടൽ നീന്തിക്കടക്കാനുഴലുന്നു

മരണക്കിടക്കയൊപ്പടയാളികളിതാ
മരണരഹിതന്നു സാഘോഷമൊരുക്കുന്നു

മേരിതൻ കുമാരകനേകാകിയായിനില്പൂ
ക്രൂരവുമേകാന്തവുമായ രാത്രിയേപ്പോലെ

തന്തിരുമുഖാംബുജം വിയത്തു തണുത്തുപോയ്
കൂത്തകുന്തത്തിൻ മുനകൊണ്ടു ശീർഷകംപൊട്ടി

"തൻപിതാവിന്റെ സൃഷ്ടിയായൊരാതേജോഗോളം
തന്തിരുവടിപാരംസ്നേഹിച്ച ജഗൽസാക്ഷി

തന്തിരുനേത്രങ്ങളേ ചുട്ടെരിക്കുന്നു പാരം
ധ്വാന്തദുർഭൂതങ്ങളേച്ചുററിലും നിരത്തുന്നു

തന്തിരുവടിയുടെ സിരകളോരോന്നും ഹാ,
സന്താപംകൊണ്ടു നീറിപ്പുകഞ്ഞുതുടങ്ങുന്നു

തളർച്ചവർദ്ധിക്കുന്നു പേശലാംഗങ്ങൾക്കെല്ലാം
തലയും ശക്തിയററു താഴുന്നു മന്ദം മന്ദം.

## ക്രൂശാരോപണം

കുരിശുംതാങ്ങിക്കൊണ്ടു ഗോൽഗോഥാ ശൈലത്തിന്റെ
പരുത്തശിഖരത്തിൽക്കയറീ ജഗല്പതി

വന്നെത്തി പുരോഹിതവൃന്ദവും പരീശരും
വമ്പരാം ശാസ്ത്രിമാരും യൂദനേതാക്കന്മാരും.

കർത്തൃദേഹത്തിൽനിന്നും നിർദ്ദയമൂരീ തന്റെ
കഞ്ചുകം ശതാധീശൻ തന്നുടെ നിർദ്ദേശത്താൽ
തൽകൃത്യനിർവാഹകരദ്ദിവ്യ പരിധാന-
മേകന്നു ലഭിക്കുവാനപ്പോഴേ കുറിയിട്ടു

മരിക്കും മനുഷ്യർക്കു ജീവനേകുവാൻ വന്ന
പരമേശ്വരപ്രിയസുതനേകൃപാഹീനം
കുരിശിൽക്കയററി നാരായതകീലകത്തെ
കരതാരിലും പാദങ്ങളിലുമടിച്ചേററി

പരന്ന കുടയേലുമാണികൾ മൃദുമാംസം
തുരന്നുതടിയ്ക്കുള്ളിൽ കടന്നുമുറുകവേ

പ്രാർത്ഥിച്ചാനനാമയനിവിധമഖിലാണ്ഡ-
നാഥനോടുള്ളംതന്നിൽ കാരുണ്യംതുടിക്കയാൽ

"പൊറുത്തീടണം താതനിവരോടിവരിങ്ങു
നടത്തും കൃതിയെന്തെന്നിവരിന്നറിവീലാ"

മൂന്നുഭാഷയിൽ "യൂദവംശപാലനാം യേശു"
വെന്നെഴുതിച്ച കൊച്ചുപലകക്കഷണവും

ക്രൂശിന്റെമേലേവച്ചു തറച്ചു പട്ടാളക്കാർ
വാശിയാ വൈരികൾക്കു വർദ്ധിക്കാനെന്നവണ്ണം

പീലാതന്നാവാക്യം ലേഖനംചെയ്യിച്ചപ്പോൾ
വല്ലാതെ യൂദന്മാർക്കു കോപമുണ്ടായിപോലും

"യൂദരാജാവെന്നെണ്ടും പറഞ്ഞുനടന്നവ-
നെന്നെഴുതേണ്ണ"മേവം ശഠിച്ചു നേതാക്കന്മാർ

"ഞാനിപ്പോഴെഴുതിയതെന്നേക്കുമെഴുതിയ-
തെ"ന്നു പീലാതൻ ദൃഢസ്വരത്തിലരുളിനാൻ

ഇരുകുററക്കാരെയും വലത്തുമിടത്തുമായ്
കുരിശിൽത്തറച്ചു പിന്മാറി യോദ്ധാക്കൾ മന്ദം

നെററിയിൽനിന്നും, പാദപത്മയുഗ്മത്തിൽനിന്നും
നീണ്ടപാണിയിൽനിന്നും നിരന്തം നിർഗ്ഗളിച്ച

രക്തധാരയാൽ "തലയോടിടം" സന്ധ്യാകാല-
പശ്ചിമാംബരംപോലെ ശോണവർണ്ണമായ്ത്തീർന്നു

സന്തുഷ്ടിപൂണ്ടു യൂദവംശജരഖിലരും
തത്രനിന്നത്യുച്ചത്തിലട്ടഹാസംമുഴക്കി

"മാനവലക്ഷങ്ങളെപ്പാരമത്ഭുതംകാട്ടി
വഞ്ചിച്ചനിൻകരങ്ങൾപൊങ്ങുകില്ലിനിമേലിൽ

ദേവഗേഹംപൊളിച്ചുമൂന്നുനാളുകൾക്കുള്ളിൽ
നവ്യമാം മറെറാന്നിങ്ങു തീർക്കുമെന്നുൽഘോഷിച്ച

നീ നിന്നെത്തന്നെയിന്നു രക്ഷിക്കസാധ്യമെങ്കിൽ
നീ വേഗം കുരിശിൽനിന്നിറങ്ങിവന്നീടുക"

കർത്താവിനോടൊന്നിച്ചു കുരിശിൽ തൂക്കപ്പെട്ട
തസ്കരന്മാരിലേകനോതിനാൻ നിന്ദാപൂർവ്വം

"ക്രിസ്തുവല്ലയോ നീ? നീ, നിന്നെയും ഞങ്ങളേയും
സത്വരം സംരക്ഷിച്ചീ, ക്രൂശിൽനിന്നിറങ്ങുക"

സമശിക്ഷാവിധിക്കു പാത്രമാമന്യനപ്പോൾ
മടിക്കാതവനോടു കഥിച്ചു മറുപടി

"ദൈവത്തെബ്ഭയമില്ലേ നിനക്കു, നീയും ക്രൂശിൽ
വാഴുകയല്ലേ ശിക്ഷാവിധിക്കു വിധേയനായ്

തിന്മചെയ്കഹോരാത്രം ജീവിച്ചനാമിന്നേത്തും
മുക്തിക്കു യോഗ്യരല്ലാ; ശിക്ഷയും ന്യായമത്രേ

നാം ചെയ്ക കർമ്മങ്ങൾക്കു തക്കശിക്ഷ നാമേല്പൂ
നീതിമാനിവൻ നീലവാനംപോൽ പരിശുദ്ധൻ"

സഹവർത്തിയാം കള്ളനോടേവം പറഞ്ഞിട്ടു
സഹസാ ജനമനോഗതനോടവനോതി

"യേശുവേ, നീ രാജത്വം പ്രാപിച്ചുവരുമ്പോഴീ
ക്ലേശദഗ്ദ്ധനാമെന്നേക്കൂടിയോർത്തിടേണമേ"

വന്ദിതനതുകേട്ടു തന്തിരുമുഖമൊന്നു
മന്ദമായ്ത്തിരിച്ചഥ കഥിച്ചാൻ ദയാപൂർവ്വം

"സത്യമായ് ഞാൻ നിന്നോടു സുവ്യക്തമരുളുന്നു.
സ്വർഗ്ഗരാജ്യത്തിൽ നീയിന്നെന്നൊടൊത്തിരുന്നീടും"

നിന്നിരുന്നപ്പോൾ ക്രൂശിൻ ചാരത്തു സനാതനൻ
തന്നുടെ ജനനിയും ജനനീഭഗിനിയും

ക്ലേയോപ്പാവിൻെറ ധർമ്മപത്നിയാം മറിയവും
മഗ്ദലമറിയവും ശിഷ്യനാം യോഹന്നാനും.

ദേവേശൻ യോഹന്നാനേ നോക്കിയമ്മയോടോതി
"താവകസുതനിതാ നിൽക്കുന്നു നികടത്തിൽ."

"നിന്നമ്മയിതാ നിൽപ്പൂ നിന്നുടെ സമീപത്തി-
ലെന്നു യോഹന്നാനോടും സാദരമരുളിനാൻ.

## അന്ധകാരം

വിശ്വനായകശ്വാസപ്രശ്വാസവൈഷമ്യംത-
ദ്വക്ഷസ്സിലനമാത്രം പ്രത്യക്ഷമായിക്കണ്ടു

വിറച്ചു കപോലങ്ങൾ, ഞരമ്പിൽരക്ത മഗ്നി-
പ്പുഴകളെന്നമട്ടിൽ പായുവാനരംഭിച്ചു.

സഹിച്ചു തിരുമേനി നിശ്ചല,മിപ്രപഞ്ചം
വഹിക്കും പരിതാപഭേദങ്ങളഖിലവും

ക്രൂരമാം കീലകത്തിൻ കടമേൽ ക്ഷതത്തിൻെറ
ചോര കട്ടയായ്പ്പൊങ്ങിനില്പതു കാണപ്പെട്ടു

നിമിഷംതോറം പുത്തൻചെഞ്ചോരപ്രവാഹങ്ങൾ
വിമലാംഗത്തിൽനിന്നുമൊഴുകിക്കൊണ്ടിരുന്നു.

വേദനിക്കുന്ന കണ്ഠനാളത്തിൽ ശിരസ്സുയ്യോ
വേർപെടാതാനമ്രമായ് ക്കിടന്നുദയനീയം

മരണക്ലേശംകൊണ്ടു കണ്ണുകണാതായ്, ചുണ്ടു
വരണ്ടുരക്തഛവിമാഞ്ഞുവൈവർണ്യംപൂണ്ടു.

ജ്വരബാധിതന്മാർ തൻ ജ്വരത്തെശ്ശമിപ്പിച്ചു
മരിച്ചോർക്കുയിർനൽകി, ദാഹാർക്കു ജലമേകി

അളർവാതംപിടിച്ച മർത്ത്യനെ നടത്തിച്ചു
തരത്തിൽ ഭൂതങ്ങളെസ്സത്വരം പുറത്താക്കി

തദ്വിധം സർവ്വശക്തിക്കാധാരമായ ദേവൻ
മൃത്യുദേവതയ്ക്കിതാകീഴ്പ്പെടാൻ തുടങ്ങുന്നു

പരർതൻ പരിക്ഷതം സൗഖ്യമാക്കിയോനിതാ
മറിവേററതിരററ വേദന സഹിക്കുന്നു.

പാപികളോടു പാരം കാരുണ്യം കാണിച്ചവൻ
പാപികളുടെ മദ്ധ്യേ കുരിശിൽക്കിടക്കുന്നു.

വൈരിവൎഗ്ഗത്തെപ്പാരം സ്നേഹിച്ച ദയാനിധി
വൈരിവൎഗ്ഗത്താലാണിതറയ്ക്കപ്പെട്ടു വാഴ്വൂ.

നീതിതന്നവതാരമൂൎത്തിയോടനീതിയാം
നീചസാത്താനെതിൎത്തു വിജയം വരിക്കുന്നു

തിന്മപെട്ടോരേ ശുദ്ധീകരിച്ച പരിശുദ്ധൻ
തിന്മപെട്ടോർ തൻ കയ്യിലകപ്പെട്ടിതാനില്ലു

ജീവനേവൎക്കും വിലവാങ്ങാതെ നൽകിയോന്റെ
ജീവനേനിന്ദ്യമായിട്ടാക്രമിച്ചുടക്കുന്നു.

മന്നിടംതന്നിൽവാഴും മാനവവൎഗ്ഗത്തിന്റെ
കണ്ണുനീരെല്ലാംകൂടിയൊന്നിച്ചു ചേൎന്നെന്നാലും

ക്രിസ്തുവിൻ ക്രൂശിൽനിന്നും പതിച്ച രക്തത്തിന്റെ
ബിന്ദുവിലൊന്നിനുള്ള വിലയായ്ത്തീരുകില്ല

അത്യന്തം പവിത്രമാം രുധിരത്തിന്റെ നേൎക്കു
നേത്രങ്ങൾ തുറന്നിതാ പൊട്ടിച്ചിരിപ്പൂ മൎത്ത്യർ

മത്സ്യവേധനീവക്രപ്രാകൃതനാസന്മാരും
കുത്സിതകണ്ണന്മാരും ലുബ്ധലോചനന്മാരും

ഭോജ്യങ്ങളെല്ലാമിട്ടു നിറച്ച ജഠരവും
ഭീമകൎണ്ണവും കട്ടിത്തോലൊത്ത ഹൃദയവും

സ്ഥൂലാധരോഷ്ഠങ്ങളും സഭ്യമല്ലാത്തവാക്കിൻ
ദുൎഗ്ഗന്ധം വമിക്കുന്ന വക്ത്രഗഹ്വരങ്ങളും

സമ്മേളിച്ചവനിയിൽ മൎത്ത്യരൂപം ധരിച്ചു
സഞ്ചരിച്ചീടും ശസ്ത്രസഞ്ചയജീവന്മാരും

ബീഭത്സജനകമാം പീതലമുഖംപൂണ്ട
ദുർമ്മദോദ്ധതരായ ശാസ്ത്രശിക്ഷകന്മാരും

ക്ഷാ.ത്തെഴും ജനങ്ങൾക്കു ഭക്ഷ്യസാധനം വിററു
വിത്തവാന്മാരായ്ത്തീർന്നോരുദരംഭരികളും

നിസ്വർതൻക്ഷമയേയും താരുണ്യം തുളുമ്പുന്ന
നാരിമാരുടെ നവ്യശ്രീലസൗന്ദര്യത്തെയും

പരിചാരകവർഗ്ഗമൊഴുക്കും സ്വേദത്തേയും
പണമായ് വാറ്റിയെടുക്കും ലോകകണ്ടകന്മാരും

നാണയം കടംകൊടുത്തത്രയും പരുഷമാം
വാണികളുപയോഗിച്ചിരട്ടിത്തുകവാങ്ങി

കുട്ടിനീമൗലിമാർ തൻ മന്ദിരം തേടിത്തേടി
പട്ടണംതോറും നടന്നീടുന്ന വിടന്മാരും

വഞ്ചകന്മാരും ക്രൗര്യംപൂണ്ട തസ്കരന്മാരും
വീടില്ലാതങ്ങുമിങ്ങും ചുററുന്ന നീചന്മാരും

തത്രക്കൂടിയിട്ടുണ്ടു നിഗ്രഹോൽസവംകാണാൻ
പൂതമാം രക്തത്തിന്റെ ചോലകണ്ടാനന്ദിക്കാൻ

ശുദ്ധിയുമശുദ്ധിയും ധർമ്മവുമധർമ്മവും
കാന്തിയും തിമിരവും സത്യവുമസത്യവും

തമ്മിലിങ്ങിതാ ഘോരസംഗരം നടക്കുന്നു
ധാത്രിയീവൈരുദ്ധ്യംകണ്ടുൾക്കമ്പംകലരുന്നു.

പെട്ടെന്നു സമീപസ്ഥശൈലപംക്തികളുടെ
പിന്നിലായ്പ്പലതരം കീടജാതിയേപ്പോററി

പരന്നുകിടന്നൊരുകൃഷിഭൂക്കളാം ഘോര–
നരകങ്ങളിൽനിന്നും നെയ്യട്ടത്തേതുഃപോലെ

പീവരതരമൊരു ധൂമികാസമാഹാരം
ദ്യോവിനും ധരിത്രിക്കും മദ്ധ്യത്തിൽ വികീർണ്ണമായ്

കുററമേശാത്ത ലോകനാഥന്റെ രക്തംചിന്തും
കൈകൾക്കു ചൂടും കർമ്മശക്തിയുമരുളിയ

വാസരേശനെ ശ്യാമശക്രവാഹനജാലം
വൈരാഗ്യപൂർവ്വം വന്നു വളഞ്ഞു നിരന്തരം

പാരിടമഖിലവുമൊൻപതാം മണിവരെ-
ക്കൂരിരുളിന്റെ ജന്മമന്ദിരമായ്ച്ചമഞ്ഞു

ക്ഷിപ്രമോടിനാർ ഗോൽഗോഥായിൽനിന്നനേകരു-
മപ്രതീക്ഷിതധ്വാന്താഗമദർശനംമൂലം

ശാന്തമായ് വാനം, വൃഷ്ടിവീണില്ല, ശേഷിച്ചുള്ളു
നിന്നവരന്ത്യത്തോളം കുരിശിൻചോട്ടിൽവാണു

രക്തത്താലെഴുതിയ നാടകംതീർന്നിടാതെ
രംഗത്തിൽനിന്നും പോവതെന്തിനെന്നവരോർത്തു

## മരണം

നിമിഷംതോറും കഷ്ടപ്പാടുകൾ പ്രവൃദ്ധമായ്
വിമലകളേബരം ശക്തിഹീനമായ്ത്തീർന്നു

ബുദ്ധിയും ഹൃദയവും നീറുന്നതായിത്തോന്നി
സിദ്ധാത്മശരീരങ്ങൾ ദഹിച്ചു ശോകത്തീയിൽ

മനുഷ്യസമുദായം,തന്നെ വിസ്മരിച്ചെന്നു
മനുഷ്യജന്മംപൂണ്ട ദൈവപുത്രനു തോന്നി

സന്തോഷകാലത്തിൽത്തൻ ഛായയിൽ വസിച്ചവർ
സന്തതം ഭക്തിപൂർവ്വം തൻപദം നമിച്ചവർ

തന്നുടെ ശിഷ്യവൃന്ദമെന്നല്ല സകലരും
തന്നെയന്നുപേക്ഷിച്ചുപോയെന്നു നാഥൻ കണ്ടു

തന്മൃതി കാണാനുള്ള ഹിംസ്രജന്തുക്കൾമാത്രം
തൽശൈലപീഠംതന്നിലക്ഷമം കാത്തുനിന്നു

ദീനമാമൊരുനാദമീവിധം കേൾക്കായ്, മമ
"ദൈവമേ, ദൈവമേ നീ കൈവിട്ടതെന്തിയെന്നേ"

നിശ്ശബ്ദഭാവത്തിന്റെ നെഞ്ചകം ചലിപ്പിച്ച
നിർബ്ബലതരമാമാനാദം കേട്ടൊരു നീചൻ

നിർദ്ദയം ജല്പിച്ചേവം "നസ്രേയൻ വിളിക്കുന്നു
നിശ്ശങ്കമേലിയാവേ മോചനലബ്ധിക്കായി

നമുക്കു നോക്കാമിപ്പോളേലിയാവണഞ്ഞത്ര
വിമുക്തി നൽകീടുമോ വഞ്ചകനിവനെന്നു"

വീണു തദ്രംഗംതന്നിൽ കർത്തൃവക്ത്രത്തിൽനിന്നും
പിന്നെയുമേവംവാക്യം "എനിക്കു ദാഹിക്കുന്നു"

പുളിച്ചവീഞ്ഞെടുത്തുകൊടുത്താനൊരാളുടൻ;
കുടിച്ചാൻ തിരുവടി വേഗമാ ദ്രാക്ഷാരസം.

"സർവ്വവും നിവൃത്തിയായ് മാമകാത്മാവിനേ ഞാൻ
സാദരം ത്വൽക്കരത്തിൽ സമർപ്പിച്ചീടുന്നിതാ"

ലോകാധിനാഥനേവമുച്ചത്തിലുച്ചരിച്ചു
ലോകർക്കായ് മഹിതമാം തന്തിരുജീവൻവിട്ടു

ഭൂകമ്പമുണ്ടായ്, രണ്ടായ്ക്കീറി മേൽക്കീഴായ് ദിവ്യ
പൂജാനികേതത്തിലെപ്പൂവണിത്തിരശ്ശീല

ശവഗേഹങ്ങളെല്ലാം തുറന്നു ശിലാശൈല
നിവഹം നുറുങ്ങായ് പൊട്ടിത്തകർന്നുപോയി.

നിദ്രയിൽ നെടുനാളായ് വിശ്രമംപൂണ്ടിരുന്ന
ശുദ്ധിമാന്മാരെല്ലാരുമുണർന്നാരെഴുന്നേററാർ

## രക്തവും വെള്ളവും

മൃതനായ് മൃതിഹീനൻ, ജനനായകരെല്ലാം
മതിയിൽ പരിതൃപ്തിപൂണ്ടുതദ്രംഗംവിട്ടു

കാവലിന്നായിത്തത്രനിന്നൊരാ ശതാധീശൻ
സംഭൂതസംഭവങ്ങൾകണ്ടു സംഭ്രമമാർന്നു

"നീതിമാനിവൻ തന്നെ"മെന്നൊരു മഹദ്വാക്യം
സത്വരം തദ്വക്ത്രത്തിൽനിന്നുമങ്ങുത്ഭവിച്ചു

സായാഹ്നം സമീപിച്ചു യൂദന്മാരമ്പരന്നു
ശാബത സമാരംഭിക്കാനുള്ള നേരമായി

കുരിശിൽക്കിടന്നിട്ടും മാനവരുടെപാദം
മരിക്കുംമുമ്പേതന്നെ വെട്ടിനീക്കണംപോലും

ദുഷ്ടന്മാർ രണ്ടുകള്ളന്മാരുടെ തുടകളും
മുട്ടിനുതാഴെയുള്ള ഭാഗവും വേറെയാക്കി

പക്ഷിപോയൊരു പൊന്നുംക്കൂടുപോൽ പ്രലംബമായ്
പ്രാണഹീനനായ് ക്രിസ്തുദേവനേക്കാൺകമൂലം

കുത്തിവച്ചില്ലാ മർത്ത്യക്കശാപ്പുകടക്കാരാം
യോദ്ധാക്കൾ കൽപ്പവല്ലീലോലമാം പദങ്ങളിൽ

എങ്കിലും മൃതനായോ തന്തിരുവടിയെന്നു
നോക്കുവാൻ സമീപത്തിൽനിന്നൊരു ഭടാധമൻ

ക്രൂരകുന്തത്താൽ സ്നേഹമുറഞ്ഞുകിടക്കുന്ന—
മാർത്തടംതന്നിൽ ഹന്ത! കുത്തിനാൻ ദയാഹീനം

രക്തവുമതോടൊത്തു വെള്ളവും വിശുദ്ധമാം
വക്ഷസ്സിൽ നിന്നംഹന്ത സത്വരംപുറപ്പെട്ടു

## സംസ്കാരം

നേരമന്തിയായ് ലോകനാഥന്റെ മൃതികണ്ടു
വൈരികളെല്ലാംഗോൽഗോഥായിൽനിന്നകന്നുപോയ്"

കരുണാലയൻതന്റെ ദുരിതമറിഞ്ഞോരാം
കരഞ്ഞുപകലെല്ലാം സ്വഗൃഹംതന്നിൽവാണു

ജോസഫെന്നൊരാളരിമത്ത്യദേശീയൻ ചെന്നു
കൈസർതൻ പ്രതിനിധിയോടനുവാദംവാങ്ങി

പേശലതരമായ പട്ടുവസ്ത്രവുംകൊണ്ടു
പേടികൂടാതെചെന്നു തലയോടിടംതന്നിൽ

തൽക്ഷണം നിക്കോദീമോസെന്ന പൗരനുംചെന്നു
ത്വരാത്തൽ സഗന്ധദ്രവ്യവും കയ്യിലേന്തി

ദീനബന്ധുവാം യേശുനാഥന്റെ കരപാദ
ലീനകീലകം നാലുമൂരി ദൂരത്തുതള്ളി

തമ്പുരാൻതന്റെ പൊന്നുംമേനിയാ ക്രൂശിൽനിന്നും
താഴത്തേക്കതോ പുണ്യനിധിപോലിറക്കിനാർ

ബാഷ്പവാഹിനികൊണ്ടാപ്പൂവ്വം നനച്ചങ്ങു
ഭവ്യരൂപിണിയാകും മറിയം നിന്നിരുന്നു

മകന്റെ മൃതദേഹമാ വന്ദ്യമാതാവിന്റെ
മടിയിൽ നിക്ഷേപിച്ചാരമ്മയ്ക്കുമോക്ഷം കിട്ടാൻ

മഗ്ദലേനയും കൊച്ചുയാക്കോബിൻ മാതാവായ
മേരിയും മററും വിങ്ങിക്കേണൊണ്ടു നിന്നിരുന്നു

നിഷ്കളങ്കനാം വിശ്വതാതൻെറ ശിരസ്സിലെ
മുൾക്കിരീടം പതുക്കെ നീക്കിനാരവർ തദാ

പാതിയും മുഴവനും മുക്കാലുമായ് ശിരസ്സിൽ
പാഞ്ഞമുള്ളുകളെല്ലാം നീക്കിനാരവർമന്ദം

കാറണിക്കേശം ചീകിയൊതുക്കി, വായും കണ്ണും
കാരുണ്യപൂർവ്വംതൊട്ടുതഴുകിയടപ്പിച്ചു

ശുദ്ധീകരിച്ചു ദേഹം സുഗന്ധദ്രവ്യം പൂശി
സൗരഭ്യംവീശും പട്ടുവസ്ത്രത്താൽ പുതപ്പിച്ചു

തൻതിരുമേനിതന്നിലമ്മയും മററുള്ളോരു-
മന്ത്യചുംബനം ശോകമൂർഛയിൽ സമർപ്പിച്ചു

പുതുതായ്ക്കല്ലിൽ വെട്ടിത്തത്രതോട്ടത്തിൽത്തീർത്ത
ശവമണ്ഡപംതന്നിലടക്കി കർത്താവിനെ

കല്ലറയുടെ വാതിലടച്ചു ഭാരംകൂടും
കല്ലിനാലഥ രംഗംവിട്ടു സർവ്വരും നീങ്ങി

## അവൻ ഇവിടെ ഇല്ല

പരന്നില്ലവനിയിലാദിത്യകരാങ്കുരം
പറന്നുതുടങ്ങിയില്ലണ്ഡജങ്ങളിലൊന്നും

മഗ്നലേനയും ബഥന്യായിലെ മറിയയും
മാന്യയാം യോഹന്നയും ശ്രീലയാം ശലോമിയും

ക്രിസ്തുനാഥൻെറ പുണ്യശരീരം വിശ്രമിക്കും
കല്ലറയുടെ ചാരത്തണഞ്ഞു നിശ്ശബ്ദമായ്

നിർമ്മലശവകുടീരത്തിൻെറ കവാടത്തിൽ
നിക്ഷേപിച്ചിരുന്നൊരു ഭീമമാം ശിലാഖണ്ഡം

തെല്ലുകലത്തായ്ക്കണ്ടു കമ്പിതാംഗരായ്ത്തീൻ
കല്യാണഗാത്രം ഹൃതമെന്നോൎത്തു വിഷമിച്ചു

പരിഭ്രാന്തരായ്ച്ചുററം നോക്കവേ വെള്ളവസ്ത്രം
ധരിച്ചുനിൽക്കുമൊരു ദിവ്യനേക്കണ്ടാരവർ.

ഞെട്ടിപ്പോയ് നിൎമ്മലാംഗിമാരവർ ഭയംകൊണ്ടു
"പെട്ടെന്നാ ഹിമപ്രഭനവരോടേവമോതി

പേടിച്ചിടേണ്ടാമാന്യമാനിനിമാരേ, നിങ്ങൾ
തേടിടും മഹാത്മാവീരംഗത്തിലെങ്ങുമില്ല

മംഗളസാമ്രാജ്യത്തിലേക്കവനുയർന്നുപോയ്
അംഗിയോ മൃതന്മാരിൽ തേടുന്നതമരനെ.

മനുഷ്യപുത്രൻ മഹാപാപികൾക്കധീനനായ്
മരക്കുരിശിന്മേൽതറയ്ക്കപ്പെട്ടും ദയാഹീനം

മൂന്നാംനാളുയിൎത്തെഴുന്നേൽക്കുമെന്നമരേശൻ
മുന്നമോതിയവാക്യം വിസ്മരിച്ചുവോ നിങ്ങൾ

വേഗംപോയ് പറയുക തൽ സഹോദരരോടു
വേദാന്തസ്വരൂപൻതൻ സ്വർഗ്ഗാരോഹണവാൎത്ത"

പെട്ടെന്നു നാലുപേരും പട്ടണത്തിലേക്കോടി
കേട്ട സദ്വാൎത്ത ശിഷ്യന്മാരോടു പറയുവാൻ

മഞ്ജുളാരാമസീമകടന്നുപോകുംമുമ്പേ
മഗ്ദലേനയാം മേരി പിന്തിരിഞ്ഞൊന്നുനിന്നു

പൂവനംവെടിയുവാൻ മടിച്ചാ മധുമൊഴി
ഹാ,വിലപിച്ചാൾ കണ്ണുനീർമഴ തൂകി

കല്ലറയ്ക്കരികിലായ്ക്കണ്ടൊരാത്തേജഃപുഞ്ജം
തെല്ലടുത്തെത്തിയേവം ചോദിച്ചാൻ കനിവോടെ

"നീ കരയുന്നതെന്തേ, നീയാരേത്തിരയുന്നു
നീയെന്തേ, കൂട്ടരൊത്തുപോയിടാതിങ്ങുനിൽപ്പൂ"

ഓതിനാളവരെന്റെ നാഥനെക്കൊണ്ടുപോയി
ഹന്ത, ഞാനേതുദിക്കിലവനേത്തിരക്കേണം

നീയാണതട്ടിക്കൊണ്ടുപോയതെങ്കിലോ ചൊൽക
നിക്ഷേപിച്ചതെങ്ങാണാപ്പൊന്നുതമ്പുരാനെ നീ

സദയംപറഞ്ഞാലും ഞാൻചെന്നാപ്പുണ്യദേഹം
സമയംകളഞ്ഞിടാതെടുത്തുകൊണ്ടുപോകാം"

മേരിതൻ ഭക്തികണ്ടിട്ടുദ്ദേഹമവളുടെ
പേരുച്ചരിച്ചാനേററം വാത്സല്യമധുരമായ്

നിദ്രയിൽനിന്നുണർന്നമട്ടിലാ നിർമ്മലാംഗി
നീതിസൂര്യനാം തന്റെ നാഥനേക്കണ്ടറിഞ്ഞു

മാമക ഗുരുദേവനെന്നുരച്ചവളപ്പോൾ
ഹേമയഷ്ടിപോലാർദ്രതരമാം പുല്ലിൽ വീണാൾ

ശോണമാമാണിപ്പാടുമായാത്ത തൃപ്പാദത്തിൽ
സ്പർശിപ്പാൻ നിജഭുജവല്ലികളവൾനീട്ടി

"നീയെന്നേത്തൊട്ടിടൊലാ മൽപ്പിതൃസവിധത്തിൽ
പോയിട്ടില്ലിനിയും ഞാനെന്നു നീ ധരിക്കേണം

നീ, ചെന്നുപറഞ്ഞാലും സോദരന്മാരോടുടൻ
"നിർണ്ണയം ഞാനെൻ താതസന്നിധിപൂകുമെന്നും

മൽപ്പിതാവിനോടൊത്തു വാഴുവാൻ പോകുംമുമ്പേ
മൽ പ്രിയ സഹജരേക്കാണും ഞാനെന്നുംചൊൽക"

പുണ്യവാനേവമോതിമറഞ്ഞാനിനൻപൊന്നു
പൂശിയ പാദപ ശ്രീശാഖകളുടെമദ്ധ്യേ

പരമാനന്ദാസവപാനത്താലന്ധയായി
ഹരിതപരിക്ലിന്നതൃണശയ്യയിൽനിന്നും

പെട്ടെന്നെണീററു മേരി പാഞ്ഞു തൻ സുഹൃത്തുക്കൾ
പാർത്തമന്ദിരത്തിലേക്കന്വേഷഭരിതയായ്

മൂളിയും മൂക്കിയും താൻ കണ്ടതും ശ്രവിച്ചതും
മുമ്പുപിമ്പെന്നുള്ളതു നോക്കാതങ്ങറിയിച്ചു

മുന്നമങ്ങെത്തിച്ചേർന്ന നാരിമാരുടെ വാക്കിൽ
സന്ദേഹം തോന്നിപ്പാരം സംഭ്രമിച്ചവർ വാണു

മഗ്ദലേനതൻ മൊഴികേട്ടു സൈമനും ജോണും
മന്ദതകൈവെടിഞ്ഞു മണ്ടിനാർ തോട്ടംനോക്കി

കല്ലറക്കൂട്ടത്തെത്തി നോക്കിനാരുള്ളിലേക്കു
കല്യാണഗാത്രം മൂറാംപൊതിഞ്ഞ തുണികണ്ടു

സത്വരംതിരിഞ്ഞോടി സംവൃത്തവൃത്തംമററു
ശിഷ്യരോടറിയിച്ചു കർത്തൃദർശനംകാത്തു

## എമ്മവൂസ്

പോവുകയായിരുന്നു രണ്ടുപേർ യറൂശലേം
പട്ടണംതന്നിൽനിന്നുമെമ്മവൂസ് ഗ്രാമംനോക്കി

പലതും പരസ്പരം പറഞ്ഞും വിവാദിച്ചും
പതുക്കെ നടന്നവർ മുന്നോട്ടുനീങ്ങുംനേരം

മൂന്നാമതൊരാളവരോടൊത്തുവന്നുചേർന്നു
മൗനമായ് സംഭാഷണം ശ്രവിച്ചു സഞ്ചരിച്ചു

"നിങ്ങളീത്തർക്കിക്കുവതെന്തിനെക്കുറിച്ചാണു
നവ്യമാം സംഭവങ്ങൾ വല്ലതുംനടന്നുവോ"

സർവ്വേശതനൂജനാം ക്രിസ്തുവാണെടുത്തണ-
ഞ്ഞാവിധം ചോദിച്ചതെന്നറിഞ്ഞില്ലവരപ്പോൾ.

മായയാലവരുടെ നേത്രങ്ങളാഛാദിത-
മായിരുന്നന്നാ യാത്രയ്ക്കിടയിൽ തെല്ലുനേരം

സാദരം പഥികരിലേകനാം ക്ലയോപാഖ്യ-
നത്തരമരുളിനാൻ പൃഛകൻ തന്നോടേവം

"വിശ്വവിഖ്യാതമാമീപ്പുരത്തിൽ നിവസിക്കും
വൈദേശികന്മാരിൽ നീ മാത്രമായിരുന്നേക്കാം

കഴിഞ്ഞവാരത്തിലിങ്ങുണ്ടായ സംഭവങ്ങ-
ളറിയാത്തവനെന്നു ഞങ്ങളിന്നൂഹിക്കുന്നു.

നിർമ്മലൻ നിരുപമൻ നീതിപാലകൻ, ക്രിസ്തു-
നാഥനെക്കുറിച്ചത്രേ ഞങ്ങളോതിയതെല്ലാം

വാക്കിലും ക്രിയയിലും പ്രാഭവം പരമാന്ന
ഭാവി ദർശക വര്യനായിരുന്നാ മഹാത്മാ

ഞങ്ങൾ തൻ പുരോഹിതമുഖ്യരും പ്രഭുക്കളും
തിങ്ങിന കോപംപൂണ്ടാദ്ദിവ്യനേക്കുരിശിച്ചു

സംസ്കാരം കഴിഞ്ഞിട്ടു നാളുകളിന്നു മൂന്നായ്
സംസ്കരിച്ചതോ പാറക്കെട്ടിലേക്കുടീരത്തിൽ

നിർമ്മലചിത്തരാകും നാരിമാർ ചിലരിതാ
നിശ്ശങ്കമിവിടെല്ലാം പറഞ്ഞു പരത്തുന്നു

കല്ലറയ്ക്കുള്ളിൽ ദേഹം കണ്ടതില്ലെന്നും, ദിവ്യ
കാന്തിപൂണ്ടങ്ങു നാകദൂതന്മാരണഞ്ഞെന്നും

ജീവനോടിരിക്കുന്നു മൃതനാം ക്രിസ്തുവെന്നു
ഭവ്യരൂപരാം വാനദൂതന്മാരോതിയെന്നും

സ്ത്രീകൾതൻ വാക്കുകേട്ട പൂരുഷന്മാരിൽ ചിലർ
വേഗത്തിലോടിപ്പോയി കല്ലറയ്ക്കകം കാണാൻ

കേട്ടതൊക്കെയും സത്യമെന്നവർക്കുണ്ടായ് ബോധം
കല്ലറയ്ക്കകം ശൂന്യമെന്നവർ കണ്ടറിഞ്ഞു"

വൃത്താന്തമിതുകേട്ട സൂരീന്ദ്രസമുദായ-
സന്തതാർച്ചിതപദനീവിധമരുളിനാൻ

"ബുദ്ധിഹീനരേ നിങ്ങൾ പൂർണ്ണമായ് പ്രവാചക-
വക്ത്രോദിതമതെല്ലാം വിശ്വസിക്കാത്തോരല്ലീ

പീഡകളനുഭവിച്ചിട്ടു തൻ മഹത്വത്തിൽ
പൂകിടേണ്ടവനല്ലേ മർത്ത്യപുത്രനാം ക്രിസ്തു"

സംവാദവിലോലരായ് നടന്നാർ മൂന്നുപേരും
സൂര്യനുമസ്തമിച്ചു; പാർക്കേണ്ട വീടുംകണ്ടു

"ഞങ്ങളോടൊരുമിച്ചു പാർക്കുക, നേരം വൈകി
ഭംഗമെന്നിയേ ഭക്ഷിച്ചിവിടിന്നുറങ്ങിടാം"

സാദരമജ്ഞാതനാം യേശുനാഥനോടോതി
പാന്ഥരാം രണ്ടുപേരും ജാതസൗഹൃദം തദാ

തൽക്ഷണം സമീപത്തിൽക്കണ്ട മന്ദിരംപൂകി
ഭക്ഷണം കഴിക്കുവാനിരുന്നു മൂന്നുപേരും

വാഴ്ത്തിനാൻ മനുവേലൻ പൂപം തൻ കയ്യിലേന്തി
സാദരം നുറുക്കിയങ്ങാതിഥേയർക്കു നൽകി

തൽക്രിയ കണ്ടു രണ്ടുപേർക്കുമുൾക്കളം ഞെട്ടി
കൈകളാലിലപോലെ വിറയ്ക്കാനാരംഭിച്ചു

ലോചനാവരണമായ് വർത്തിച്ച മായനീങ്ങി
ലോകരക്ഷകാനന സോമബിംബം തെളിഞ്ഞു

കർത്തവ്യം മറന്നുപോയ്, വാക്കുകളുദിക്കാതായ്
വാർത്തവിഗ്രഹങ്ങൾപോൽ നിന്നുപോയ് രണ്ടുപേരും

സത്വരം തിരോഭൂതനായി ചിന്മയൻ, വീണ്ടും
ബോധവാന്മാരായ്ത്തീർന്നു തത്രനിന്നവർ രണ്ടും

തടുത്താലടങ്ങാത്ത മോദവായ്പിനാലുള്ളം
കൊടുങ്കാററിലെക്കപ്പലെന്നപോൽത്തുള്ളിച്ചാടി

വായുവേഗത്തിൽ രണ്ടുപേരുമാ വീടുവിട്ടു
ശ്രീയെഴും ജെറുസ്സലേമിലേക്കുടൻ പാഞ്ഞുപോയി

## നിങ്ങൾക്കു സമാധാനം

ശിഷ്യന്മാരാ രാത്രിയിലഞ്ഞൊരിടത്തിരുന്നു
സംഭവിച്ചവയെല്ലാമാവർത്തിച്ചുരയ്ക്കുമ്പോൾ

മംഗളമൂർത്തി വന്നു നിന്നാനങ്ങവരുടെ
മദ്ധ്യത്തിൽ "സമാധാനം നിങ്ങൾക്കെ"ന്നരുളിനാൻ

ഭീതിയാലവരേററം ഞെട്ടിപ്പോയ്, കാണ്മതൊരു
ഭൂതമാണെന്നവർക്കു പെട്ടെന്നു തോന്നിപ്പോയി

"നിങ്ങളെന്തേവമുള്ളം കലങ്ങിവസിക്കുന്നു
പൊങ്ങുന്നതെന്താണുള്ളിലീമട്ടു സംശയങ്ങൾ

നിങ്ങൾ തൻ നടുക്കിന്നു നില്പതു ഞാൻതന്നല്ലേ
നിങ്ങളെൻ കയ്യുംകാലും വക്ഷസ്സും നോക്കിക്കൊൾവിൻ

നിങ്ങളിന്നെന്നെത്തൊട്ടുനോക്കുവിൻ, മാംസാസ്ഥിക-
ളെങ്ങനെ ഭൂതങ്ങൾക്കു ലഭിക്കു"മെന്നോതിനാൻ

സർവ്വവും വിശ്വസിച്ചാർ തത്ര നിൽപ്പതു സാക്ഷാൽ
സർവ്വേശകുമാരനാം ക്രിസ്തുവെന്നറിഞ്ഞവർ

സാശ്ചര്യം സസന്തോഷം ശിഷ്യന്മാർ നോക്കിനിൽക്കേ
സൽഭാവയുക്തനേവം ചോദിച്ചാനവരോട്

"മംഗളശീലന്മാരാം മാമകശിഷ്യന്മാരേ,
നിങ്ങൾക്കു നൽകാനുണ്ടോ തിന്നുവാനെന്തെങ്കിലും"

"വറുത്ത മത്സ്യഖണ്ഡമൊന്നുണ്ടു, തേൻ കട്ടയും
കുറച്ചുകാണു"മെന്നു കഥിച്ചു ശിഷ്യനേകൻ

മാനവ രക്ഷാകരൻ മർത്ത്യനേപ്പോലെ തേനും
മത്സ്യവുമപ്പോൾ വാങ്ങി ഭക്ഷിച്ചു സംതൃപ്തനായ്

## സംശയഗ്രസ്തൻ.

തോമസ്സാഖ്യനാം ശിഷ്യനാസുമംഗല ശ്രീല
കർമ്മം കണ്ടാനന്ദിക്കാനന്നുണ്ടായിരുന്നില്ലാ.

പിറേറന്നു മററുള്ളവരാസുഹൃത്തിനെക്കണ്ടു
തെററുകൂടാതെ കാര്യമോതുവാൻ പുറപ്പെട്ടു.

വിളംബം വിനാ കണ്ടു സംശയം കൊണ്ടു ചിത്തം
കലങ്ങി വിഷമിച്ചു മരുവും സതീർത്ഥ്യനെ

"കണ്ടല്ലോ ഞങ്ങൾ മൃത്യുഞ്ജയനാം പ്രഭുവിനെ
കണ്ടല്ലോ ഞങ്ങൾ സ്നേഹരൂപനാം ഗുരുവിനെ

ഞങ്ങളോടൊരുമിച്ചു ഭക്ഷിച്ചു സസന്തോഷം
ഞങ്ങളെ ധന്യരാക്കി രമ്യമാം മൊഴികളാൽ"

കൂട്ടുകാരേവമെല്ലാമോതിയെങ്കിലുമവ
പെട്ടെന്നു സമ്മതിക്കാൻ "തോമസ്സു" ബുദ്ധിമുട്ടി

"കൈകളിലാണിപ്പാടു കാണണമതിലെൻറ
കൈവിരലർപ്പിക്കേണമെന്നല്ല തദ്വക്ഷസ്സിൽ

സ്പർശിച്ചിടേണമല്ലാതാവില്ലെനിക്കീവാർത്ത
വിശ്വസിക്കുവാനെ”ന്നാ സന്ദേഹശീലർ ചൊന്നാൻ

നാളുകളെട്ടുപോയീ വീണ്ടുമൂൽക്കണ്ഠോൽക്കലെ-
ലോലചിത്തരാം ശിഷ്യന്മാരൊരുമിച്ചു ചേർന്നു

തോമസ്സുമവരോടൊത്തന്നത്തെ സായംകാല-
ത്താമന്ദിരത്തിൽച്ചെന്നുകൂടിനാനസ്വസ്ഥനായ്

സ്വാന്തത്തിലേതോ ഭീതിപിടിപെട്ടതുമൂലം
സത്വരം കവാടങ്ങളടച്ചു ഭദ്രമാക്കി.

ദിവ്യമാം സാന്നിദ്ധ്യംകൊണ്ടാഗ്രഹമപ്പോളേററം
ദീപ്തമാക്കിനാൻ ഭവ്യമൂർത്തിയാം ക്രിസ്തുനാഥൻ

“നിങ്ങൾക്കു സമാധാന”മെന്നു കല്പിച്ചാൻ വീണ്ടും
നിർഭരാത്ഭുത വിവശീകൃതരായി ശിഷ്യർ

പരമോന്നതഗുണംതികഞ്ഞ ഗുരുദേവൻ
തിരിച്ചു തോമസ്സിന്റെ നേർക്കു തന്മുഖം തദാ,

“തവകാംഗുലി നിക്ഷേപിക്കുക. മമപാണി-
തന്നിലെ ക്ഷതങ്ങളിൽ, സംശയം ശമിക്കുവാൻ

മാമക വിലാവിൽ നീ പാണിത്തുമ്പണയ്ക്കുക
മായവിട്ടകന്നു നീ വിശ്വസിക്കുക സത്യം”

കർത്തൃകല്പന തോമസ്സൊക്കെയുമനുഷ്ഠിച്ചു
കമ്പിതാംഗനായ് തത്രനിന്നുപോയ് തെല്ലുനേരം

ഘോരമാം കൂരിരുട്ടിൽനിന്നുമുക്തനായ്, ബാല
സൂരന്റെ മണിമുററത്തെത്തിയോനെന്നപോലെ

“പരമേശനും മമ നാഥനുമങ്ങാ”ണെന്നു
സരളാത്മാവാം ശിഷ്യൻ സാനന്ദമുൽക്രോശിച്ചു

കരുണാകരനപ്പോൾ കല്പ്പിച്ചു "നീയിന്നെന്നെ
പ്രദർശിച്ചുമൂലം നിശ്ശങ്കം വിശ്വസിച്ചു

മദ്രൂപംകാണാതെന്നെ സുദൃഢം വിശ്വസിച്ച
മാനവരനന്താനുഗ്രഹപാത്രങ്ങളത്രെ"

മറഞ്ഞാനനന്തരം സച്ചിദാനന്ദനെ,ന്തൊ
മറവിനേരിട്ടപോൽ ശിഷ്യന്മാർ നിലകൊണ്ടു.

## വീണ്ടും കടൽക്കരയിൽ

ഒരുനാളാ ശിഷ്യന്മാർ കടലിൽ വലയിടാ-
നരുണൻ തിരോഹിതനായപ്പോൾ പുറപ്പെട്ടു

ലേശവുമുറങ്ങാതെ വഞ്ചിയിൽ സഞ്ചരിച്ചു
വീശിനാൻ വല രാത്രിമുഴുവനാഴംതോറും

പെരുമീനടിച്ചിട്ടും യാതൊന്നും ലഭിച്ചില്ലാ
പെരുകീ തരംഗംപോലുൾത്തട്ടിൽ നൈരാശ്യവും

കരയിലപ്പോളാരോ വന്നുനിൽപ്പതു കണ്ടാ-
രറിഞ്ഞില്ലാളാരെന്നു ശിഷ്യന്മാർ ദൂരംമൂലം

"വല്ല മത്സ്യവുമുണ്ടോ സ്നേഹിതന്മാരേ നൗക-
യ്ക്കുള്ളിലെന്ന"രാഞ്ഞുതെ കരയിൽ നിന്നദിവ്യൻ

തോണിയിൽ മരുവിയ മീൻപിടിത്തക്കാരേററം
ക്ഷീണമാനസന്മാരായ് കഥിച്ചാ"രില്ലെ"ന്നപ്പോൾ

"വഞ്ചിക്കു വലത്തായി വിരിക്ക വലയെന്നു
സഞ്ചിതാഭനാമഭ്യാഗതനേകിനാനാജ്ഞ

ത്വരിതം പാശബന്ധമാഴിയിലവരിട്ടു
നിറഞ്ഞു മത്സ്യംകൊണ്ടു നീണ്ട പഞ്ജരാഖേടം

"കരയിൽ കൎത്താവാണു നില്പതെ"ന്നപ്പോളേക-
ന്നരച്ചാൻ പത്രോസിനോടുന്മേഷസമന്വിതം

സത്വരം കടലിലേക്കെടുത്തുചാടി പത്രോ-
സെത്തിനാൻ ഗുരുദേവൻ തന്നുടെ സവിധത്തിൽ

മററുള്ള ശിഷ്യന്മാരുമാ സമയത്തിനുള്ളിൽ
മുററുമാഹ്ലാദപൂൎവ്വം തോണിയിൽ തീരംപൂകി

വഹ്നിയിൽ ചുട്ടെടുത്ത മത്സ്യവും കൂട്ടിപ്പിന്നെ
വത്സലന്മാരോടൊത്തു പൂപം ഭക്ഷിച്ചാൻ നാഥൻ.

ഭക്ഷണത്തിനുശേഷം പത്രോസിനേ വിളിച്ചു
ഭക്തമാനസഗതനീവിധമരുളിനാൻ

"മേയിക്ക, യോഹന്നാന്റെ പുത്രനാം ശിമോനേ നീ
മാമക മേഷശാബകങ്ങളെ കൃപാപൂൎവം"

മൂന്നുവട്ടം ശിമോനോടീവിധം കല്പിച്ചിട്ടു
വന്ദിതനവരുടെ നേത്രങ്ങൾക്കദൃശ്യനായ്

കൎത്തൃശിഷ്യന്മാരപ്പോൾ വഞ്ചിയും വലകളും
കൈവിട്ടുചെന്നുചേൎന്നു ജൎശലേം പട്ടണത്തിൽ.

## സ്വൎഗ്ഗാരോഹണം

സൎവ്വജ്ഞനനന്തരം ശിഷ്യരുമൊത്തൊലീവു
പൎവ്വതപീഠത്തിലേക്കെഴുന്നള്ളിനാൻ മന്ദം

വേദാന്തവേദ്യൻ, വിശ്വകാരണൻ, സച്ചിന്മയ-
നദ്വയൻ സ്നേഹപൂൎവ്വമവരോടരുളിനാൻ

"ഞാനിതാ മമ താത വാത്സല്യസുരഭില
പുണ്യമാമുത്സംഗത്തിൽ ചേരുവാൻ ഗമിക്കുന്നു

മൽപ്പിതൃ പ്രതിജ്ഞപോലാശ്വാസപ്രദനായ
മംഗളാത്മാവിനെ ഞാനയക്കും നിങ്ങൾക്കായി

ഭൂലോകമെങ്ങും നിങ്ങൾ പോകുവിൻ സുവിശേഷം
ഭൂരി വീര്യംവരിച്ചു ഘോഷിപ്പിനെല്ലാരോടും

ലോകാവസാനത്തോളം നിങ്ങളോടൊരുമിച്ചു
പാർക്കും ഞാനനുദിനം മൽപ്രിയ ശിഷ്യന്മാരേ"

സന്തതം സ്മരണീയമാകുമീ മഹദ്വാക്യ-
ബന്ധുരാമൃതസാരം തൂകിയോരനന്തരം

പാണികളുയർത്തിയാത്തമ്പുരാനനുഗ്രഹ
പുഷ്പവൃഷ്ടിയാലേററമവരെ ധന്യരാക്കി

പൃഥ്വിയിൽനിന്നും നാഥൻ മന്ദമുൽഗതനായി
നിത്യലോകത്തിലെത്തിത്താതനോടൊത്തുവാഴാൻ.

സഹസ്രകരൻ തദാ ശാരദശശിപോലെ
സുശീത സുധാരസം വർഷിച്ചു വിധാതാവിൽ

സൂര്യകാലത്തിൽപ്പാരിൽ സംഭവിക്കുമീക്കാഴ്ച
സാദരം കാണാൻ പ്രാലേയാംശു വന്നുദിക്കയായ്,

വിശ്വനായകൻ ക്രൂശിൽക്കിടന്ന സായാഹ്നത്തിൽ
വേദനപ്പെട്ടു വാനംവിട്ട താരകജാലം

പകലിൻപ്രകാശത്തെത്തെല്ലുമേവകവയ്ക്കാ-
തകന്നുമട്ടത്തും വന്നത്ഭുതപ്പെട്ടുനിന്നു

വാരിരാശിയും മരുഭൂമിയും മലകളും
വാഹിനീകുലങ്ങളും വയലും മൈതാനവും,

പൂവനങ്ങളും ശിലാ ശൈലകൂടവും തുംഗ-
പാദപനിരകളും പതംഗകുലങ്ങളും

കാനനജന്തുക്കളും ഗാർഹക മൃഗങ്ങളും
മീനങ്ങളാദിജീവി വർഗ്ഗവുമെന്നല്ലന്നീ

പ്രപഞ്ചം മുഴുവനും സൃഷ്ടികർത്താവിൻയാത്ര
പ്രഹൃഷ്ടരായിക്കാണാനൂർദ്ധ്വനേത്രരായ്ത്തീർന്നു

സർവഗന്ധയന്ന്യന്നങ്ങനെ ചരിക്കുമ്പോൾ
ശുഭ്രമാമൊരു മേഘവാഹനം താണുവന്നു

നിർമ്മലപ്രഭാപൂരം വീശുമാവെള്ളിത്തേരിൽ
നിർവ്വാണപ്രദനേറിപ്പോവതു കണ്ടുനിന്ന

ശിഷ്യന്മാരഖിലേശ ലോകജീവിതത്തില-
സച്ചരിത്രം പുകഴ്ത്തിപ്പാടിനാർ പവിത്രരായ്

"സുരഭീകുലനിലയോത്ഭവ,
പശുപാലക വിനുത,
സുരനായക വചനാമൃത
ഹരശംസിത ചരിത,
വരനൂതന തരതാരക-
പരിസൂചിത ജനന,
നരപാലക നിഹിതോപദ
നൃപവംശജ, ശരണം

പരമേശ്വര മഹിതാസന-
രുചിരാലയഗതനായ്
പരമോന്നത മതപണ്ഡിത-
തതിയോടതി ചതുരം
പരിപാവന ഗഹനോത്തര
നിശമായുധസഹിതം
പൊരുതാത്മിക ജയമാർന്നൊരു
ബുധവന്ദിത, ശരണം

മരുഭൂമിയിലൊരു നാല്പതു
പകലും നെടുനിശയും
പരിവർജ്ജിത വിഫലസംപിതൃ-
പദ വാരിജയുഗളം
കരളിൽപ്പരിചൊടു ചേർത്തഥ
നരകാധിപനിയലും
ദൂരഹംകൃതി നിഹനിച്ചൊരു
നിയതേന്ദ്രിയ, ശരണം

തരുണാരുണ ശതകായുത-
ദശകദ്യുതിസദന,
ശരണാഗത ജനസഞ്ചയ
പരിരക്ഷണ നിരത,
കരുണാമൃത വരുണാലയ,
മുകുരോപമ സലിലം
നറുമുന്തിരി രസമാക്കിയ
ദുരിതാപഹ, ശരണം

കലിബാധയുമതിവേദന
കലരും കടുഗദവും
കലിതാധിക കരുണം പരി-
ഹൃതമാക്കിയ വരദ,
മൃതരാകിയ നരരെപ്പ്രതി-
നവജീവിതമരുളി-
ക്ഷിതിയിൽക്കൃപയൊടു കാത്തൊരു
ജഗദാത്മക, ശരണം

ശമിതോദ്ധത മകരാകര
ജിത ശീകര പവന,
ചരണാരുണ സരസീരുഹ
സുമമുദ്രിത സലില,

DHARMARAM COLLEGE LIBRARY
19707
BANGALORE

സകലേശ്വര വചനം തന്ന
വടിവാണ്ടൊരു ശുഭദ,
വിഗതാഖില ധനമാനവ
കുലബാന്ധവ, ശരണം

സുരസഞ്ചയ പരിസേവിത-
ചരണാംബുജ, ശരണം
സുഖദായക, സുമനോവര,
സുഗുണാലയ, ശരണം 2450
സുകൃതാമല വരസുന്ദര
മണിമന്ദിര, ശരണം
സുജനാന്വയ പരികീർത്തിത
സുചരിത്രക, ശരണം. 2452

## വിശ്വദീപം—മഹാകാവ്യം

### ത്യാഗകാണ്ഡം

സമാപ്തം.

## പാഠഭേദങ്ങൾ.

സൽഗുണസമ്പത്താൻ ശോഭിച്ച "ശ്രുത്താ"ഖ്യയാം
പുറം 19 പാദം 23

കഞ്ചുകം, ശതാധീശൻ നൽകിയ നിർദ്ദേശത്താൽ
പുറം 535 പാദം 6

കുരിശിൽക്കയററി നാരായത കീലകങ്ങൾ
പുറം 535 പാദം 11

മർത്ത്യരിലൊരു ദുഷ്ടനോതീനാൻ നിന്ദാപൂർവ്വം
പുറം 536 പാദം 22

മേവുകയല്ലേ ശിക്ഷാവിധിക്ക വിധേയനായ്
പുറം 537 പാദം 4

നിത്യവും പാപംചെയ്തു ജീവിച്ചനാമിന്നേതും
പുറം 537 പാദം 5

വാസരേശനെശ്യാമ വിണ്ടല ധൂമജാലം
പുറം 541 പാദം 5

യോദ്ധാക്കൾ കൽപ്പവല്ലീ പല്ലവ പാദങ്ങളിൽ
പുറം 543 പാദം 18

മടിയിൽ നിക്ഷേപിച്ചാരമ്മതൻ മോക്ഷത്തിനായ്
പുറം 544 പാദം 20

നവമായ്ക്കല്ലിൽ വെട്ടിത്തത്ര തോട്ടത്തിൽത്തീർത്ത
പുറം 545 പാദം 11

ധരിച്ചുനിൽക്കും രണ്ടു മാലാഖമാരേക്കണ്ടോർ
പുറം 546 പാദം 4

മംഗളാത്മകനുയിർത്തെഴുന്നേററിരിക്കുന്നു
പുറം 546 പാദം 9

വേദാന്തസ്വരൂപൻ തൻ വിസ്മയോത്ഥാനവാർത്ത
പുറം 546 പാദം 16

തൽക്ഷണമൊരു തേജഃപുഞ്ജമങ്ങുത്ഭവിച്ചു
പുറം 546 പാദം 23

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
|---|---|---|

DC Library
*00019707*
T61 T33

# വിശ്വദീപം

മഹാകാവ്യം

പുത്തൻകാവു മാത്തൻ തരകൻ.

Indic Digital Archive Foundation
gpura.org